# മലയാളപ്പച്ച

## റിസേർച്ച് ജേണൽ: ഭാഷ, സാഹിത്യം, സംസ്കാരം

13-ാം ലക്കം



# ഗവേഷണം

## സംവാദങ്ങൾ, സമീപനങ്ങൾ


പ്രസാധനം

**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

2021

# ഗവേഷണം

## സംവാദങ്ങൾ, സമീപനങ്ങൾ

**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

2021

malayala pachcha

Research Journal of language literature and culture

Published in India By
The Head of the Post Graduate Department of Malayalam,

KKTM Govt. College,

Pullut P.O., Thrissur District, Kerala, India. PIN 680663

email: kktmgovtcollegemalayalamdept@gmail.com

Published in February, 2022

ISSN: 2454-292X

Typeset using Unicode Malayalam Fonts

Cover & book design: Ashokkumar P K

Cover Painting: The death of italian research.jpg

Time-termed researchers of italian National Council of Research (CNR) manifest against the research italian policies. Low financements and undignified work conditions will result into the death of italian research.

https://commons.wikimedia.org/wiki/File:The_death_of_italian_research.jpg

Price: ₹300/-

You are free to:
Share — copy and redistribute the material in any medium or format
Adapt — remix, transform, and build upon the material
for any purpose, even commercially.

The licensor cannot revoke these freedoms as long as you follow the license terms.

Under the following terms:

Attribution — You must give appropriate credit, provide a link to the license, and indicate if changes were made. You may do so in any reasonable manner, but not in any way that suggests the licensor endorses you or your use.

No additional restrictions — You may not apply legal terms or technological measures that legally restrict others from doing anything the license permits.

Notices:
You do not have to comply with the license for elements of the material in the public domain or where your use is permitted by an applicable exception or limitation.

No warranties are given. The license may not give you all of the permissions necessary for your intended use. For example, other rights such as publicity, privacy, or moral rights may limit how you use the material.

*Advisory Board*

Dr. P. Pavithran
Professor,
Sree Sankaracharya Sanskrit University, Tirur Centre.

Dr. Sunil P. Elayidam
Associate Professor,
Sree Sankaracharya Sanskrit University, Kaladi.

Dr. P.K. Rajasekharan
Writer,Thiruvananthapuram.

Dr.Kavitha Balakrishnan
Govt.College of Fine Arts, Thrissur

*Managing Editor:*

H.O.D., Department of Malayalam.

*Chief Editor:*

Dr. Muhamed Basheer K.K.,
Asst. Professor, Dept. of Malayalam.

*Editorial Board:*

Dr. G.Ushakumari, H.O.D
Dr. M.Ramachandran Pillai

Dr. Sangeetha K

Dr. Yacob Thomas

Dr. Fousiya P.A.

Halleelu Rehuman V.M.

Dhanya P.D.

*External Review*

Dr. Dileepkumar K.V., Retired Professor, SSUS, Kalady
Dr.C.R.Prasad, Professor and Head, Dept. of Kerala Studies
University of Kerala
Dr.Sanil M.N., Independent Researcher, Newdelhi.

# മലയാളപ്പച്ച

## റിസേർച്ച് ജേർണൽ

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ് മലയാളവിഭാഗം
2015 ഓഗസ്റ്റ് മുതൽ പ്രസിദ്ധീകരിക്കുന്ന
അർദ്ധവാർഷിക റിസേർച്ച് ജേർണലാണ് മലയാളപ്പച്ച. പകർപ്പവകാശം സ്വതന്ത്രമാക്കിയ മലയാളത്തിലെ ആദ്യത്തെ റിസേർച്ച് ജേർണൽ എന്ന ബഹുമതി ഇതിനുണ്ട്. 2021 ഏപ്രിൽ മുതൽ യുജിസി കെയർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

തനതുമലയാളലിപിയിൽ, യൂനികോഡ് സങ്കേതത്തിൽ, പൂർണ്ണമായി അച്ചടിക്കുന്നതും ഓഗസ്റ്റ്-ഫെബ്രുവരി മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതുമായ ഈ ജേർണലിന്റെ ഉള്ളടക്കം ഭാഷ, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിലെ പുതിയ അന്വേഷണങ്ങളാണ്.

മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്ന പ്രബന്ധങ്ങൾ malayalapachcha@gmail.com എന്ന വിലാസത്തിലേയ്ക്ക് word format-ൽ ഇരുപതു പുറത്തിൽ കവിയാതെ തയ്യാറാക്കി അയക്കുക. റഫറൻസുകൾക്കും പിൻകുറിപ്പുകൾക്കും
MLA സ്റ്റൈൽ സ്വീകരിക്കേണ്ടതാണ്.

# ആമുഖം

മലയാളപ്പച്ചയുടെ ഈ ലക്കം ജ്ഞാനോല്പാദന മേഖലയിൽ നിലനിൽക്കുന്ന സന്ദേഹങ്ങളെ അഭിമുഖീകരിക്കാനും അനുഭവങ്ങൾ നൽകുന്ന ഉൾക്കാഴ്ചകൾ വഴി ദിശാബോധം നൽകാനുമാണ് ശ്രമിക്കുന്നത്. ദേശചരിത്രം, കലാപഠനം, ഭാഷാപഠനം, സ്ത്രീവാദം, ഫോക്‌ലോർ, പ്രബന്ധമൂല്യനിർണയം, അന്തർവൈജ്ഞാനികത, വ്യാഖ്യാനശാസ്ത്രം, സംസ്കാരപഠനം, സംസ്കൃതപഠനം എന്നിങ്ങനെ വിവിധ വിഷയമേഖലകളെ ഈ ലക്കത്തിൽ സവിശേഷമായി പഠിക്കുന്നു.

വിഷയസ്വീകരണം, പ്രബന്ധരചന തുടങ്ങി പ്രബന്ധത്തിന്റെ മൂല്യനിർണയം വരേയുള്ള പ്രക്രിയകളെ ശാസ്ത്രീയമായി പ്രതിപാദിക്കുന്ന പ്രബന്ധങ്ങൾ മുതൽ സർഗാത്മകവും ജൈവികവുമായ അന്വേഷണങ്ങൾക്ക് തടസ്സംനിൽക്കുന്ന അനുശീലനങ്ങളെ വിമർശനവിധേയമാക്കുന്ന പഠനങ്ങൾവരെ ഈ ലക്കത്തെ സമ്പന്നമാക്കുന്നു. പ്രബന്ധങ്ങൾ പിയർറിവ്യൂ ചെയ്ത ഡോ.സി.ആർ. പ്രസാദ്, ഡോ.കെ.വി. ദിലീപ്കുമാർ, ഡോ. സനിൽ എം.എൻ. എന്നിവരോടുള്ള ഹൃദയം നിറഞ്ഞ നന്ദിയും അറിയിക്കുന്നു.

*ചീഫ് എഡിറ്റർ*

മുഹമ്മദ് ബഷീർ കെ.കെ.

# ഉള്ളടക്കം


ആമുഖം 7

ഭാഗം 1

സംഭാഷണം

പ്രൊഫ. ജെ. ദേവിക 13

പ്രൊഫ. ടി.വി. മധു 20

ഭാഗം 2

പ്രബന്ധങ്ങൾ

പ്രാദേശികചരിത്രരചനയുടെ രാഷ്ട്രീയം

എം.ആർ. രാഘവവാരിയർ 29

ഗവേഷണവും പ്രബന്ധരചനയും

എൻ. അജയകുമാർ 43

യൂറോസെൻട്രിസത്തിനു കീഴിലെ ഗവേഷണം:
രീതിശാസ്ത്രം തടവറയാകുമ്പോൾ

ദിലീപ് ആർ. 61

Framing Feminist Research: Critical Impasse and Paradoxes

Dr. Sherin B.S. 78

വൈഷണികഭാഷാശാസ്ത്രം: ഗവേഷണരീതിയും രീതിശാസ്ത്രവും

പി.എം.ഗിരീഷ് 90

Looking for a Common Horizon:
A Study of the Nexus between Hermeneutics and Research

Dr. Sony Augustine, Dr. K.K. Kunhammad 108

കലാചരിത്രജ്ഞാനത്തിന്റെ അതിരുകളിൽ കാണപ്പെടുന്നചിന്തയുടെ
ചെറുരൂപങ്ങൾ: ഒരു ക്ലാസ് റൂം പരീക്ഷണത്തിന്റെ നോട്ടുകൾ
ഡോ. കവിത ബാലകൃഷ്ണൻ 120

ഫോക്‌ലോർഗവേഷണത്തിലെ പ്രതിസന്ധികൾ
കെ.എം.ഭരതൻ 142

അന്തർവൈജ്ഞാനികത
ഡോ.ടി.എം. സോമലാൽ 157

ഗവേഷണപ്രബന്ധങ്ങളുടെ മൂല്യനിർണയം
രവിശങ്കർ എസ്. നായർ 175

ഗവേഷണം: ഫോക്‌ലോർപഠനം, സംസ്കാരപഠനം
അജു കെ. നാരായണൻ 192

മൂലപാഠത്തിന്റെ പഠനം: സംസ്കൃതഗവേഷണത്തിലെ സാധ്യതകൾ
ഡോ. കെ .മുത്തുലക്ഷ്മി 211

അപരവൽക്കരണത്തിന്റെ വംശാവലികൾ:
ഭാഷയിലും വിദ്യാഭ്യാസരംഗത്തും പെരുകുന്ന അധീശത്വത്തിന്റെ
വിമർശവിശകലനം
ഡോ. അജയ് എസ്. ശേഖർ 219

*മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങളുടെ*
*പൂർണ ഉത്തരവാദിത്തം അതതു ലേഖകരിൽമാത്രം നിക്ഷിപ്തമാണ്*

ഭാഗം 1

# സംഭാഷണങ്ങൾ

# സംഭാഷണം 1

പ്രൊഫ. ജെ. ദേവിക
സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം

1. കേരളപഠനത്തിന്റെ ജ്ഞാനനിർമ്മിതിയ്ക്കായി പാശ്ചാത്യമായ ജ്ഞാന സിദ്ധാന്തങ്ങൾ ഉപയോഗിക്കുന്നതിനെ എങ്ങനെ നോക്കിക്കാണുന്നു?

ജ്ഞാനനിർമ്മാണത്തിന്റെ രാഷ്ട്രീയത്തെയും അതിലെ അധികാരബന്ധങ്ങളെയും അംഗീകരിച്ചുകൊണ്ടുതന്നെ പറയാം, സിദ്ധാന്തങ്ങളുടെ ഭൂമിശാസ്ത്രപരമായ ഉറവിടത്തെ മാത്രം കണ്ടുകൊണ്ട് അവയെ കൊള്ളാനോ തള്ളാനോ ആവില്ല. ദക്ഷിണലോകത്തു നിന്നുള്ള അറിവുകൾക്ക് ഇന്ന് സാമൂഹ്യശാസ്ത്രങ്ങളിലും മാനവവാദവിഷയങ്ങളിലും വേണ്ടത്ര അംഗീകാരമില്ല എന്നത് വാസ്തവം തന്നെ. മൂർത്തമായ ഗവേഷണപ്രക്രിയയിൽ പലപ്പോഴും എഴുത്തധികാരം ഉത്തരലോകത്തിലെ പണ്ഡിതർ കൈയാളുകയും ദക്ഷിണലോകത്തെ അക്കാദമികർ പലപ്പോഴും ഗവേഷണകാലാളായി പ്രവർത്തിക്കുകയും ചെയ്യാറുമുണ്ട്. പക്ഷേ ഈ അസമത്വങ്ങൾക്കുള്ള പരിഹാരം 'പാശ്ചാത്യ'മെന്ന് നാം വിശേഷിപ്പിക്കുന്ന അറിവിനെ പരിത്യജിച്ചുകൊണ്ടല്ല. കേരളീയജീവിതത്തെ പാശ്ചാത്യലോകത്തിൽ വേരുകളുള്ള പലതരം പ്രക്രിയകളും സ്ഥാപനങ്ങളും ആശയങ്ങളും രൂപപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു, നൂറ്റാണ്ടുകളായി. 'തനതെ'ന്ന് നാം കരുതുന്ന പലതും അന്യനാടുകളിൽ നിന്നു വന്നതാണ്.

പക്ഷേ സിദ്ധാന്തങ്ങളുടെ കാര്യത്തിൽ തുറന്ന മനസ്സ് നിലനിർത്തേണ്ടത് ആവശ്യമാണെങ്കിലും നമ്മുടെ ഗവേഷണചോദ്യങ്ങൾ എവിടെ നിന്ന് ഉടലെടുക്കുന്നു എന്നതിനെപ്പറ്റി കൂടുതൽ സൂക്ഷ്മവും സ്വയംവിമർശനപരവുമായ ആലോചന

വേണ്ടതുതന്നെയാണ്. പാശ്ചാത്യസിദ്ധാന്തമല്ല, ഒന്നാംലോക അക്കാദിക മെട്രോ പോളിസുകളുടെ അധികസ്വാധീനമാണ് പ്രശ്നം. അവിടെ ഉടലെടുക്കുന്ന ഗവേഷണ ചോദ്യങ്ങൾ, ചർചകൾ, വിഷയങ്ങൾ, താത്പര്യങ്ങൾ എന്നിവ ഇന്ത്യയിലെ അക്കാദമിക മെട്രോപോളിസുകൾ വഴി നമ്മുടേതു പോലുള്ള അക്കാദമിക ലോക പെരിഫെറികളിൽ എത്തിച്ചേരുന്ന പതിവ് മാറേണ്ടതുണ്ട്. ഈ അർത്ഥത്തിൽ പോസ്റ്റ്കൊളോണിയൽ സിദ്ധാന്തത്തിന്റെയും വേരുകൾ ഒന്നാംലോക അക്കാദമിക മെട്രോപോളിസുകളിലാണ്.

കേരളത്തിലെ സജീവമായ ജീവിതപരിസരങ്ങളിൽനിന്ന് ഗവേഷണപ്രശ്ന ങ്ങളെ സൃഷ്ടിക്കാൻ നമുക്കു കഴിയണം. അവയെ സൂക്ഷ്മമായി പഠിക്കാൻ ആവശ്യമായ സൈദ്ധാന്തികവിഭവങ്ങളെ, അവയുടെ ഭൂമിശാസ്ത്രപരമായ വേരുകൾ എവിടെയായാ ലും, തെരെഞ്ഞുപിടിക്കാനും, അവയെ ഫലപ്രദമായി, ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിക്കാനും നാം പ്രാപ്തരാകേണ്ടിയിരിക്കുന്നു.

2. സാമൂഹികശാസ്ത്ര ഗവേഷണത്തിൽ പരികല്പനകൾ മുന്നോട്ടുവെച്ചുള്ള രീതിയാണോ അതോ പഠനത്തിന്റെ അവസാനം സിദ്ധാന്തം മുന്നോട്ടു വെക്കുന്ന രീതിയാണോ അഭികാമ്യം?

ഗവേഷണപ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലും സിദ്ധാന്തത്തിനും സിദ്ധാന്ത വത്കരണത്തിനും പ്രസക്തിയുണ്ട്. ഗവേഷണപ്രശ്നത്തിന് മൂർത്തരൂപം നൽകുന്ന പ്രക്രിയയിൽ തീർച്ചയായും ലിറ്ററേച്ചർ റിവ്യൂ പ്രധാനമാണ്. പഠി ക്കാനുദ്ദേശിക്കുന്ന വിഷയത്തെപ്പറ്റി നിലവിലുള്ള വസ്തുതാപരമായ പഠന ങ്ങൾ മാത്രമല്ല, ആ വിഷയത്തെ പഠിക്കാൻ അതുവരെയുള്ള ഗവേഷകർ ഉപയോഗിച്ച സൈദ്ധാന്തിക ചട്ടക്കൂടുകളെയും ലിറ്ററേച്ചർ റിവ്യൂ ഘട്ടത്തിൽ പരിശോധിക്കണം. ആ അർത്ഥത്തിൽ മിക്ക ഗവേഷണപരിശ്രമങ്ങളുടെയും തുടക്കത്തിൽ സിദ്ധാന്തപരിചയവും സൈദ്ധാന്തിക ചട്ടക്കൂടിന്റെ നിർമ്മിതിയും അനിവാര്യമാണ്.

എന്നാൽ ഈ ചട്ടക്കൂട് മിക്കപ്പോഴും ദത്തശേഖരണപ്രക്രിയയ്ക്കിടയിൽ ഏറിയോ കുറഞ്ഞോ മാറിക്കൊണ്ടേയിരിക്കും. ഗുണപരമായ ഫീൽഡ് ഗവേഷണത്തിൽ ദത്തശേഖരണപ്രക്രിയയിലൂടെ ഉരുത്തിരിഞ്ഞു വരുന്ന ഗ്രൌണ്ടഡ് തിയറിയുടെ (Grounded Theory) വകഭേദങ്ങൾ വ്യാപകമായി പ്രയോഗിക്കപ്പെടുന്നു. ഇത്തരം ഗവേഷണം മുകളിലെ ചോദ്യം സൂചിപ്പിക്കുന്ന രീതിശാസ്ത്രഭേദത്തെ അംഗീകരിക്കു ന്നില്ല. പരികല്പനകളെ മുന്നോട്ടു വച്ച് നീങ്ങവേതന്നെ ഫീൽഡിൽ നിന്നു ലഭിക്കുന്ന ദത്തങ്ങളനുസരിച്ച് ആ സങ്കല്പനങ്ങളെയുംപരികല്പനകളെയും അവയാൽ നിർമ്മിക്ക പ്പെടുന്ന ചട്ടക്കൂടിനെയും തിരുത്തിയെഴുതുന്ന രീതിയാണ് ഗ്രൌണ്ടഡ് തിയറിയുടേത്.

ഗവേഷണത്തിന്റെ അവസാനം സൈദ്ധാന്തിക ഉൾക്കാഴ്ചകൾ ഉത്പാദിപ്പിക്കുന്നത് ഗവേഷണലക്ഷ്യം തന്നെയാണ്. എന്നാൽ തിയറിയെ നാം മനസ്സിലാക്കുന്ന രീതി മാറിയിരിക്കുന്നു. എല്ലാ കാലത്തും എല്ലായിടത്തും പ്രസക്തമായ കാര്യകാരണബന്ധങ്ങളെയോ വിശദീകരണങ്ങളെയോ അല്ല ഇന്ന് സിദ്ധാന്തവത്കരണം ഉന്നംവയ്ക്കുന്നത്. പലപ്പോഴും സാമൂഹ്യപ്രതിഭാസങ്ങളുടെ വ്യവസ്ഥാപൂർണമായ, മതിയായ വിശദീകരണം നൽകുന്നതായ, ചിത്രീകരണത്തെയും സാമൂഹ്യശാസ്ത്രം സിദ്ധാന്തവത്കരണമായി തിരിച്ചറിയുന്നുണ്ട്.

3. ആധികാരികത, കൃത്യത, ശാസ്ത്രീയത തുടങ്ങിയ സവിശേഷതകൾ സാമൂഹികശാസ്ത്ര ഗവേഷണങ്ങളെ സംബന്ധിച്ച് എത്രമാത്രം പ്രസക്തമാണ്?

സാമൂഹ്യശാസ്ത്രങ്ങളിലും ഇപ്പറഞ്ഞ ജ്ഞാനമാനദണ്ഡങ്ങളെല്ലാം പ്രസക്തമാണെങ്കിലും ഭൗതികശാസ്ത്രത്തിൽനിന്ന് വ്യത്യസ്തമായ രീതിയിലാണ് സാമൂഹ്യശാസ്ത്രങ്ങൾ ഇവയെ മനസ്സിലാക്കുന്നത്. കാരണം, സമൂഹം എന്ന ഗവേഷണവസ്തു അടഞ്ഞ വ്യവസ്ഥയല്ല, തുറന്ന വ്യവസ്ഥയാണ്. ഏതെങ്കിലുമൊരു പ്രത്യേക നിമിഷത്തിൽ ആ വ്യവസ്ഥയിൽ പ്രാവർത്തികമാകുന്ന എല്ലാ ഘടകങ്ങളെയും കൃത്യമായി എണ്ണാനോ അവരുടെ താരതമ്യശക്തി കൃത്യമായി അളക്കാനോ സാദ്ധ്യമല്ല. അവയെ കൃത്യമായി മുൻകൂട്ടി പ്രവചിക്കാനും കഴിയില്ല. മാത്രമല്ല, സമൂഹം എന്ന ഗവേഷണവസ്തുവിന് പുറത്തല്ല ഗവേഷകർ —മറിച്ച് ഗവേഷകർ എല്ലായ്പ്പോഴും സാമൂഹ്യവത്കരണപ്രക്രിയയിലൂടെ കടന്നുവന്നവരാണ്. അതുകൊണ്ടുതന്നെ ഭൗതികവസ്തുക്കളോട് ശാസ്ത്രജ്ഞർ പാലിക്കുന്ന അകലം സാമൂഹ്യപ്രതിഭാസങ്ങളോട് സാമൂഹ്യശാസ്ത്രജ്ഞർക്ക് പാലിക്കാൻ പ്രയാസമാണ്. (പക്ഷേ ശാസ്ത്രത്തിന്റെ പല ശാഖകളും ഇന്ന് ശാസ്ത്രജ്ഞർക്ക് പ്രകൃതിയോടുണ്ടെന്നു പറയപ്പെടുന്ന വസ്തുനിഷ്ഠ അകലത്തെ ചോദ്യംചെയ്യുന്നുണ്ട്).

സാമൂഹ്യശാസ്ത്രത്തിലെ പ്രബലമായ ഒരു ധാര; പലപ്പോഴും സാംപത്തികശാസ്ത്രത്തെ കേന്ദ്രീകരിക്കുന്നതും പൊതുവെ സംഖ്യാപരമായ രീതിശാസ്ത്രത്തെ ഊന്നുന്നതുമായ ഒന്ന് ഇപ്പോഴും ഭൗതികശാസ്ത്രത്തിന്റെ മാനദണ്ഡങ്ങൾ ഏറിയോ കുറഞ്ഞോ സാമൂഹ്യശാസ്ത്രത്തിലും പ്രസക്തമാണെന്നു പറയുന്നു. പക്ഷേ അത്ര തന്നെ പ്രബലമായ നാച്യുറലിസ്റ്റ് വിരുദ്ധ ധാര മറ്റു ജ്ഞാനമാനദണ്ഡങ്ങൾ ആവശ്യപ്പെടുന്നു. സമൂഹത്തിന്റെ ഭാഗമായ ഗവേഷകർ സമൂഹത്തെ പഠിക്കുന്നതിനായി സ്വീകരിക്കേണ്ട നില വസ്തുനിഷ്ഠതയുടേതല്ല, ആത്മപ്രതിഫലനത്തിന്റേതാണെന്ന് (self reflectivity ശ്ലേ) അവർ വാദിക്കുന്നു. അതായത്, സാദ്ധ്യമല്ലാത്ത വസ്തുനിഷ്ഠത അവകാശപ്പെടുന്നതിലൂടെയല്ല സാമൂഹ്യശാസ്ത്രങ്ങളിൽ ആധികാരികത സൃഷ്ടിക്കപ്പെടുന്നത് മറിച്ച്,

സൂക്ഷ്മമായ ആത്മപ്രതിഫലനപരിശ്രമത്തിലൂടെ ഗവേഷകർ തങ്ങളുടെ ചിന്തയുടെ അതിരുകളെ വെളിപ്പെടുത്തുകയും അവയെ മറികടക്കാനുള്ള പരിശ്രമത്തെ പ്രത്യ ക്ഷത്തിൽത്തന്നെ ചർച്ചചെയ്യുകയും ചെയ്യുന്നിടത്താണ് സാമൂഹ്യശാസ്ത്രങ്ങളിൽ ആധികാരികത ജനിക്കുന്നത്. കൃത്യത അല്ല, വ്യവസ്ഥാപൂർണമായ വിവരണങ്ങളാണ് സാമൂഹ്യശാസ്ത്രങ്ങളിലെ ശാസ്ത്രീയതയുടെ അടിത്തറ എന്ന് അവർ ചൂണ്ടിക്കാട്ടുന്നു.

4. ഗവേഷണത്തിൽ ഗവേഷകന്റെ പക്ഷം എവിടെയായിരിക്കണം?

**പൊതുവെ പക്ഷം പിടിക്കരുതെന്ന ഉപദേശമാണ് യാഥാസ്ഥിതിക സാമൂ ഹ്യശാസ്ത്രപഠനം നമ്മോടാവശ്യപ്പെടുന്നത്. പക്ഷേ, മുമ്പ് പറഞ്ഞതു പോലെ, സാമൂഹ്യശാസ്ത്രത്തിൽ അത് വളരെ പ്രയാസമുള്ള കാര്യമാണ്. താൻ പഠി ക്കുന്ന പാറയോടോ നക്ഷത്രങ്ങളോടോ മറ്റ് പ്രകൃതി പ്രതിഭാസങ്ങളോടോ നിഷ്പക്ഷനില കൈക്കൊള്ളാൻ ശാസ്ത്രജ്ഞർക്കു കഴിയും പക്ഷേ ജാതിവ്യ വസ്ഥയോടോ ചേരിപ്രദേശങ്ങളോടോ നിഷ്പക്ഷനില കൈക്കൊള്ളാൻ ബുദ്ധിമുട്ടായിരിക്കും. അഥവാ അങ്ങനെയൊരു നില കൈക്കൊള്ളുന്നു എന്ന അവകാശവാദം മിക്കപ്പോഴും സംശയാസ്പദമാണ്. സാമൂഹ്യപ്രതിഭാസങ്ങളിൽ നിഷ്പക്ഷനില പലപ്പോഴും അധികാരികളെയാണ് സഹായിക്കുന്നതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.**

ഗവേഷകരുടെ സാമൂഹ്യനില അവരുടെ ജ്ഞാനനിർമ്മാണപ്രവർത്തനങ്ങളെ കാര്യമായി രൂപപ്പെടുത്തുക തന്നെ ചെയ്യും. ആ അർത്ഥത്തിൽ വസ്തുനിഷ്ഠതയ്ക്കു വേണ്ടി എത്രതന്നെ ശ്രമിച്ചാലും ഗവേഷകർ ഉത്പാദിപ്പിക്കുന്ന ജ്ഞാനം ഭാഗികം തന്നെ യായിരിക്കും. എന്നാൽ ഇത് ജ്ഞാനനിർമ്മാണത്തെ അസാധുവോ അസാദ്ധ്യമോ ആക്കുന്നില്ല. മറിച്ച്, ഗവേഷകർ തങ്ങളുടെ പരിമിതികളെപ്പറ്റിയുള്ള അവബോധത്തെ ശക്തമാക്കുകയും മറ്റു വീക്ഷണസ്ഥലങ്ങളിൽനിന്ന് സ്വയം പഠിക്കുകയും ചെയ്യുന്ന പ്രക്രിയയിലൂടെയാണ് സമൂഹമെന്ന ഗവേഷണവസ്തുവിനെപ്പറ്റിയുള്ള അറിവ് വിപു ലമാകുന്നത്. സമൂഹത്തെപ്പറ്റിയുള്ള വിജ്ഞാനം സദാ മാറിക്കൊണ്ടിരിക്കുന്നത് വെറുതേയല്ല. അതു പരോക്ഷമായ അർത്ഥത്തിലെങ്കിലും കൂട്ടായ പ്രവർത്തനമാണ്. ജനാധിപത്യത്തിന്റെ വികാസം കൂടുതൽക്കൂടുതൽ ശബ്ദങ്ങളും തന്മകളും വികസിക്കുന്ന, അവയ്ക്ക് ശ്രാവ്യതയും ദൃശ്യതയും കൈവരുന്ന പ്രക്രിയ സമൂഹത്തെപ്പറ്റിയുള്ള നമ്മുടെ അറിവിനെയും വിപുലമാക്കുന്നു. മറിച്ച്, ശ്രാവ്യതയോ ദൃശ്യതയോ നിഷേധിക്കപ്പെട്ട വിഭാഗങ്ങളെപ്പറ്റിയുള്ള ഗവേഷണം ജനാധിപത്യത്തെ വിപുലീകരിക്കുന്നു.

അതേസമയം, പക്ഷം ചേരുക എന്നാൽ രീതിശാസ്ത്രപരമായ ഗൗരവത്തെ കളയുക എന്നല്ല അർത്ഥം. ജ്ഞാനനിർമ്മണനിയമങ്ങളെ ചോദ്യവിധേയമാക്കുക

എന്നാൽ അവയെ പാടെ ഉപേക്ഷിക്കുക എന്നല്ല അർത്ഥം. മറിച്ച് അതുവരെ ദൃശ്യമല്ലായിരുന്ന, ശ്രാവ്യമല്ലായിരുന്ന സാമൂഹ്യാംശങ്ങളെ വെളിവാക്കാനും അതുവരെ നാം അംഗീകരിച്ചിരുന്ന സാമൂഹ്യനിരീക്ഷണങ്ങളെയും സിദ്ധാന്തങ്ങളെയും അവ എങ്ങനെ മാറ്റിത്തീർക്കുന്നു, ആ മാറ്റിത്തീർക്കലിന്റെ ജ്ഞാനപരവും രാഷ്ട്രീയവുമായ പ്രത്യാഘാതങ്ങൾ എന്തൊക്കെ, മുതലായ ചോദ്യങ്ങൾ ചോദിക്കാനുമാണ് പക്ഷം ചേരൽ സഹായിക്കുന്നത്.

(നിഷ്പക്ഷത പ്രശ്നകരമാകാമെന്നു പറഞ്ഞതിനു തെളിവ് ഈ ചോദ്യത്തിൽ തന്നെയുണ്ട്. ഗവേഷണരംഗത്തേയ്ക്ക് സ്ത്രീകൾ കേരളത്തിൽ കാര്യമായി കടന്നുവന്ന കഴിഞ്ഞ കാലത്തും ചോദ്യത്തിൽ 'ഗവേഷകൻ' ആണുള്ളത് സ്ത്രീകളെ ബോധപൂർവം ഒഴിവാക്കാമെന്ന ഉദ്ദേശ്യം ഒരുപക്ഷേ ചോദ്യകർത്താവിനുണ്ടായിരുന്നിരിക്കില്ല. പക്ഷേ ആ ചോദ്യത്തിലേക്ക് പിതൃമേധാവിത്വസമൂഹം കടന്നുവന്നുവെന്നത് ശ്രദ്ധേയമാണ്.)

5. മാനവികവിഷയങ്ങളിൽ ഗവേഷണം നടത്തുന്നയാൾ തന്റെ മുന്നിലുള്ള ഗുണപരവും അളവുപരവും ആയ ദത്തങ്ങളെ എങ്ങനെയാണ് സമീപിക്കേണ്ടത്?

മാനവികവിഷയങ്ങളിൽ ഇന്ന് മിശ്രരീതിശാസ്ത്രഗവേഷണം (Mixed Research Method) അത്ര അപരിചിതമല്ല. പ്രത്യേകിച്ചും ഡിജിറ്റൽ മാനവവാദവിഷയങ്ങളുടെ (Digital Humanities) വരവോടെ. അതിനു മുൻപുതന്നെ സാംസ്കാരികപഠനങ്ങൾ, സിനിമാപഠനങ്ങൾ മുതലായ ഡിസിപ്ളിനുകൾ മാനവവാദവിഷയങ്ങളിൽ കാര്യമായി ഇടംപിടിച്ചതോടെ മിശ്രരീതിശാസ്ത്രഗവേഷണം കൂടുതൽ പരിചിതമായിത്തുടങ്ങിക്കഴിഞ്ഞിരുന്നു നരവംശശാസ്ത്രത്തിലും സമൂഹശാസ്ത്രത്തിലും കൂടുതലായി ഉപയോഗിക്കപ്പെട്ടിരുന്ന എത്നോഗ്രഫി, പങ്കാളിനിരീക്ഷണം (Participant Observationl) മുതലായ രീതികൾ ഇന്ന് സാംസ്കാരികപഠനങ്ങളും സിനിമാപഠനങ്ങളും മറ്റും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ മുൻകാലങ്ങളിലെപ്പോലെ പാഠവ്യാഖ്യാനകേന്ദ്രിതമായ രീതിശാസ്ത്രങ്ങൾ മാത്രമല്ല മാനവവാദവിഷയങ്ങളുടെ ഗവേഷണത്തിൽ. മറിച്ച് പാഠവ്യാഖ്യാന രീതിശാസ്ത്രത്തിന്റെ മൂല്യം ഇന്ന് സാമൂഹ്യശാസ്ത്രങ്ങൾ കാര്യമായിത്തന്നെ തിരിച്ചറിയുന്നുമുണ്ട്.

6. ഇന്നു നടക്കുന്ന മാനവിക വിഷയങ്ങളുടെ ഗവേഷണത്തിൽ കാണുന്ന പ്രധാന പരിമിതികളും അവയെ മറികടക്കാനുള്ള നിർദേശങ്ങളും വ്യക്തമാക്കാമോ?

എളുപ്പപ്പണിയും ചർവിതചർവണവും കഴിഞ്ഞാൽപിന്നെ പൊതുവെ സാമൂഹ്യാനുഭവങ്ങളിൽ വേരുള്ള ഗവേഷണവിഷയങ്ങൾ കണ്ടെത്താൻ നമുക്കുള്ള കഴിവുകേടിനെയാണ് ഇന്നത്തെ ഏറ്റവും വലിയ ഭീഷണിയായി ഞാൻ കണക്കാക്കുന്നത്. അതുപോലെ, നേരത്തെ സൂചിപ്പിച്ച കാര്യവും പ്രധാനമാണ്. ഒന്നാംലോക അക്കാദമിക മെട്രോപോളിസുകളാണ് ഇന്നും നമ്മുടെ ഗവേഷണമുൻഗണനകളെ വലിയൊരളവുവരെ നിർണയിക്കുന്നത്. അത് ഒരുപക്ഷേ അനിവാര്യമാണെങ്കിൽപോലും തദ്ദേശീയതലത്തിൽ നിന്നു കൊണ്ട് ആ ചോദ്യങ്ങളെ മാറ്റിയെഴുതാനും പരികല്പനകളെ സൃഷ്ടിക്കാനും സങ്കല്പനങ്ങളെ നമ്മുടെ ആവശ്യാനുസരണം പുതുക്കിപ്പണിയാനും നമുക്കാവുന്നില്ല. ഒന്നുകിൽ സിദ്ധാന്തപ്പേടി, അല്ലെങ്കിൽ സിദ്ധാന്തഭക്തി എന്ന നിലയിൽ നിന്ന് വിമുക്തി നേടാൻ നമുക്കു കഴിയുന്നില്ല. മലയാളപഠനങ്ങളെ ബാധിക്കുന്ന സവിശേഷപ്രശ്നങ്ങൾ വേറെയുമുണ്ട്. വളരെ ചെറിയ വൃത്തത്തിനുള്ളിൽ, തദ്ദേശീയ സ്ഥാപിതതാത്പര്യങ്ങളുടെ സ്വാധീനവലയങ്ങൾക്കുള്ളിൽ, ആണ് ഇപ്പോഴും ഇവിടുത്തെ സർവകലാശാലകളിലെ മലയാളസാഹിത്യ ഗവേഷണം നടന്നുവരുന്നത്. മലയാളികളല്ലാത്തവരുടെ ഗവേഷണപരിശോധനയും മറ്റു വിഷയങ്ങളിൽ ലഭ്യമാണ്, ഒരളവു വരെ അതിന്റെ മെച്ചങ്ങൾ കാണാനുമുണ്ട്. മലയാളസാഹിത്യഗവേഷണത്തിൽ അത് എത്രത്തോളം സാദ്ധ്യമാണെന്ന് വ്യക്തമല്ല.

എന്നാൽ ഇന്ന് കേരളത്തിലെ അക്കാദമിക സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന യുവ അദ്ധ്യാപകരിൽ പലരും കാര്യമായ മാറ്റം ഈ വിഷയത്തിലുണ്ടാക്കാൻ പ്രാപ്തിയുള്ളവരാണ്. കേരളത്തിനു പുറത്തും ഇന്ത്യയ്ക്കു പുറത്തുമുള്ള അക്കാദമികചർച്ചകളിൽ പങ്കാളികളാണ് അവരിൽ പലരും. പക്ഷേ നമ്മുടെ സർവകലാശാലകളിൽ അടിമുടി പടർന്നുവളർന്നു കിടക്കുന്ന സ്വജനപക്ഷപാതവും രാഷ്ട്രീയ ഇടപെടലും മറ്റും ഗൗരവത്തോടെ ജ്ഞാനനിർമ്മാണത്തെ സമീപിക്കുന്ന ഗവേഷകരെ ഇപ്പോഴും അകറ്റിനിർത്തുന്നു.

പൊതുവെ സർവകലാശാലകളിലെ സ്ഥാപനപരമായ അന്തരീക്ഷവും ഗുണമേറിയ ഗവേഷണത്തിന് അനുകൂലമല്ല. അക്കാദമിക ജോലിയിൽ കയറ്റത്തിന് ഗവേഷണപ്രബന്ധങ്ങളും മറ്റും അനിവാര്യമായതോടെ ആശയമോഷണം സാധാരണമായിരിക്കുന്നുവെന്നുതന്നെയല്ല, അത് മാന്യമായി മാറിയിരിക്കുന്നു.

ഇവയെ മറികടക്കാൻ എളുപ്പവഴികളൊന്നുംതന്നെയില്ല. സജീവമായ സാമൂഹ്യവേരുകളുള്ള വിഷയങ്ങൾ കണ്ടെത്താനും അവയെപ്പറ്റി ആഴത്തിൽ അന്വേഷിക്കാനുള്ള രീതിശാസ്ത്രപരിചയം നേടിയെടുക്കാനുമുള്ള വാശി വിദ്യാർത്ഥികൾക്കിടയിൽ

ഉണ്ടാകേണ്ടിയിരിക്കുന്നു. ജോലി നേടാനുള്ള യോഗ്യതയാണ് മുഖ്യമായും ഡോക്ടറൽ ബിരുദം എന്ന ധാരണയോടെ ഗവേഷണപഠനരംഗത്തേയ്ക്ക് പ്രവേശിക്കുന്നവരിൽ കാര്യമായ മനംമാറ്റമുണ്ടാക്കാൻ ഗവേഷണ അദ്ധ്യാപകർക്ക് കഴിയുകയും വേണം.

ഗവേഷണമൂല്യങ്ങൾ കൃത്യമായും പാലിക്കപ്പെടണം. ആശയമോഷണം മാന്യമാക്കുന്നതുകൊണ്ടുള്ള ദോഷത്തെ കുറച്ചുകാണരുത്. സാംസ്കാരികനായ കർക്കാവാമെങ്കിൽ വിദ്യാർത്ഥികൾക്ക് എന്തുകൊണ്ടു പാടില്ല എന്ന ചോദ്യം ന്യായമായി തോന്നിയേക്കാം, പക്ഷേ ആ മനഃസ്ഥിതിയുടെ ദീർഘകാലപ്രത്യാഘാതം കേരളത്തിന്റെ സാംസ്കാരികമണ്ഡലത്തെയും അവസാനവിശകലനത്തിൽ ജനാധിപത്യത്തെത്തന്നെയും ആകെ ക്ഷീണിപ്പിക്കും.

സ്വജനപക്ഷപാതത്തിന്റെയും രാഷ്ട്രീയസ്വാധീനത്തിന്റെയും മറ്റും വേരുകൾക്ക് കേരളത്തിൽ ഒരുപാട് ആഴമുണ്ട്. അവയെ നിരന്തരം വെളിവാക്കിക്കൊണ്ടും പരസ്യമായി വെല്ലുവിളിച്ചുകൊണ്ടും നിയമപരമായി നേരിട്ടുകൊണ്ടുമല്ലാതെ മാറ്റം സാദ്ധ്യമല്ല. പക്ഷേ ആ പോരാട്ടം നടക്കുന്നതിനൊപ്പം മേൽപ്പറഞ്ഞ കാര്യങ്ങളും അടിയന്തരമായി ഉണ്ടാകേണ്ടതുണ്ട്.

(ഗവേഷകർ ഉന്നയിച്ച ചോദ്യങ്ങളും അവയ്ക്കുള്ള മറുപടികളും)

# സംഭാഷണം 2

പ്രൊഫസർ ടി.വി.മധു
ഫിലോസഫി വിഭാഗം, കോഴിക്കോട് സർവ്വകലാശാല

1. ഇതുവരെ നടന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ ഗവേഷണത്തിന്റെ പ്രശ്നങ്ങളിൽനിന്നും പരിമിതികളിൽനിന്നും ഭാവി ഗവേഷണത്തിന്റെ ദിശാസൂചികകൾ എങ്ങിനെയായിരിക്കണമെന്നാണ് കരുതുന്നത്?

അറിവുണ്ടാക്കലാണല്ലോ ഗവേഷണം. സമൂഹത്തെക്കുറിച്ചോ വസ്തുക്കളെക്കുറിച്ചോ മനുഷ്യരെക്കുറിച്ചോ നിലവിലുള്ള അറിവുകളിൽ ചിലത് കൂട്ടിച്ചേർക്കുകയോ ഒഴിവാക്കുകയോ അഴിച്ചുപണികൾ നടത്തുകയോ ചെയ്യാനാണ് ഗവേഷകർ ശ്രമിക്കുന്നത്. വിശാലമായ അർത്ഥത്തിൽ ഇവയെല്ലാം അറിവുൽപാദനമാണ്. എന്താണ് അറിവ് എന്ന ചോദ്യം ഇവിടെ പ്രധാനമായി വരുന്നു. സ്വകീയമായ മൂല്യമുള്ള ഒന്നല്ല അറിവ് എന്നത്. അറിവുൽപാദനവും അങ്ങിനെത്തന്നെ. എന്തിനാണ് അറിവുണ്ടാക്കുന്നത്? സൂക്ഷ്മമായി നോക്കിയാൽ, അറിയലും അറിവുണ്ടാക്കലും ഒന്നല്ല. അറിയുക എന്നാൽ അറിവുണ്ടാക്കൽ ആവണമെന്നില്ല. സ്വയം അറിയുന്നതും ചുറ്റുപാടുകളെ അറിയുന്നതുമൊന്നും അറിവുൽപാദനമാവണമെന്നില്ല. മനുഷ്യജീവി അറിയുന്ന ജീവിയായിരിക്കും. ഇതിനർത്ഥം അത് അറിവുണ്ടാക്കുന്ന ജീവിയാണ് എന്നല്ല. അറിയൽ ഒരു ക്രിയയാണ്. അറിവുൽപാദനം എന്ന പ്രവൃത്തിയിൽ അറിവ് ഉൽപന്നമാണ്. ഒരു ജീവിയെ സംബന്ധിച്ചിടത്തോളം അറിയൽ അതിന്റെ ആയിരിക്കലിന്റെ സ്വഭാവം തന്നെയാവാം. മനുഷ്യജീവിയെ സംബന്ധിച്ചിടത്തോളം അതിന് സ്വയം അറിയുന്നതിന്റെ മറ്റൊരു മാനവും ഉണ്ടെന്ന് വരാം. അറിവും അനുഭവവും തമ്മിൽ ഇവിടെ വേർതിരിവില്ല. ഭവിക്കുന്നതിനോട് ചേർന്നുള്ള ആയിരിക്കലിന്റെ സ്വഭാവം തന്നെയാണത്. എന്നാൽ, അറിവ് ഉൽപന്നമാവുന്നത്, അറിവുൽപാദനം എന്ന ആശയം രൂപമെടുക്കുന്നത് മനുഷ്യർക്ക് തമ്മിൽത്തമ്മിലും ലോകത്തോടുമുള്ള ബന്ധം സങ്കീർണമാകുമ്പോഴാണ്. ചുറ്റുമുള്ള ലോകത്തെ നിയന്ത്രിക്കണം. പ്രകൃതിയെ വരുതിയിലാക്കണം. തമ്മിൽത്തമ്മിലുള്ള ബന്ധങ്ങളെ ക്രമപ്പെടുത്തണം. ഈ താൽപര്യങ്ങളുടെ യുക്തിയിന്മേലാണ് അറിവുൽപാദനം എന്ന ആശയം നിൽക്കുന്നത്. ഗവേഷണം എന്ന ആശയവും അങ്ങിനെത്തന്നെ. മനുഷ്യരുടെ അനാദിയായ സത്യാന്വേഷണത്തിന്റെ ഭാഗമായോ അതിന്റെ തുടർച്ചയായോ

ഗവേഷണത്തെ കണ്ടുകൂടാ. അത് തികച്ചും ആധുനികമായ ഒരു ഏർപ്പാടാണ്. അതിലെ സത്യാന്വേഷണം ആധുനികം എന്ന് വേണമെങ്കിൽ വിശേഷിപ്പിക്കാവുന്ന ജ്ഞാനസങ്കൽപനത്തിന്റെ ഭാഗമാണ്. ചരിത്രപരമായ മുൻവിധികളില്ലാത്ത ഒരു ജ്ഞാനവുമില്ല. മുൻവിധികളില്ലാത്ത അറിവ് എന്നതുതന്നെ ആധുനികതയുടെ, ജ്ഞാനോദയത്തിന്റെ ഒരു മുൻവിധിയാണ് എന്ന് ഗാദമർ (H.G. Gadamer) പറഞ്ഞത് ഓർമ്മവരുന്നു. നമ്മുടെ സർവകലാശാലകളിൽ നടന്നുവരുന്ന ഗവേഷണങ്ങളുടെ അടിസ്ഥാനപരമായ ദൗർബല്യങ്ങളിലൊന്ന് അവയുടെ സാധാരണത്വമാണ്. അറിയലും അറിവിന്റെ വിഷയവും വിഷയിയുമൊക്കെ സ്വാഭാവികമായും അവിടെയുണ്ട് എന്ന മട്ടിൽ അത് മുന്നേറുന്നുണ്ട് എന്നാൽ എന്ത് എന്ന് ചോദ്യമില്ല. ഉദാഹരണത്തിന്, സാമൂഹ്യശാസ്ത്രഗവേഷണത്തിൽ ഏർപ്പെടുന്ന ഒരാൾ ഒരു സാമൂഹികപ്രതിഭാസത്തെപ്പറ്റി പഠിക്കുന്നു. സാമൂഹികമാവുക എന്നാലെന്ത് എന്ന ചോദ്യം അതിലില്ല. ഇത് ഗവേഷകരുടെ പ്രശ്നമല്ല. ഗവേഷണം തന്നെ അങ്ങനെയാണ്. ഇന്ന്, ഗവേഷണം ശുദ്ധിയെക്കുറിച്ചുള്ള അതിന്റെ കപടമായ അവകാശവാദങ്ങളെ കയ്യൊഴിഞ്ഞിട്ടുണ്ട്. ശുദ്ധമായ സത്യാന്വേഷണം എന്ന നുണ നമ്മൾ കേൾക്കുന്നില്ല. മുമ്പ് പറഞ്ഞ സാമൂഹ്യനിയന്ത്രണത്തിന്റെ യുക്തി ഒളിച്ചുവെക്കപ്പെടുന്നില്ല. അത് പരസ്യമായിട്ടുണ്ട്. കമ്പോളവും സ്റ്റേറ്റും ഒക്കെയാണ് ഗവേഷണത്തിന്റെ പരസ്യമായ സംഘാടകർ. ഇത് ഗവേഷണത്തിന്റെ അപചയമായല്ല കാണേണ്ടത്. അതിന്റെ സ്വാഭാവികയുക്തിയുടെ പ്രകാശനമായാണ്.

2. ശാസ്ത്ര, മാനവിക വിഷയങ്ങളുടെ ഗവേഷണത്തിൽനിന്ന് സാഹിത്യഗവേഷണത്തിലെ സവിശേഷമായ ജ്ഞാനനിർമിതിയെ വ്യതിരിക്തമായി കാണേണ്ടതുണ്ടോ? ഗവേഷണത്തിന് സാർവലൗകികമായ ദാർശനിക അടിത്തറ ഉണ്ടോ?

സത്യാന്വേഷണമാണ് ഗവേഷണം എന്നൊക്കെ പറയുന്ന പതിവുണ്ടല്ലോ. ഈയൊരു കാഴ്ചപ്പാട് മാറ്റിവെച്ചാൽ ഗവേഷണത്തിന്റെ ദാർശനിക അടിത്തറയെക്കുറിച്ച് വേവലാതിപ്പെടേണ്ടിവരില്ല. എന്താണ് സത്യം എന്നത്? മനുഷ്യർ പറഞ്ഞ ഏറ്റവും ദൈർഘ്യമുള്ള നുണയാണ് സത്യം എന്നു പറഞ്ഞത് നീത്ഷേ ആണ്. ഒരു പ്രസ്താവം പുറത്തുള്ള ലോകത്തിലെ വസ്തുതകളുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിൽ അത് സത്യമാണ് എന്നതാണ് ഒരു സങ്കൽപം. വസ്തുതകൾ പുറത്ത് നിലനിൽക്കുന്നു എന്നതാണ് അതിന്റെ മുൻധാരണ. വസ്തുതകൾ വസ്തുക്കളല്ല. അവ പുറത്തുള്ള ലോകത്തല്ല നിലനിൽക്കുന്നതെങ്കിലോ?

പരികൽപനകളിലൂടെയാണ് അവ സംഗതമാവുന്നത് എങ്കിൽ പ്രസ്താവങ്ങളുടെ നിജസ്ഥിതി കണ്ടെത്തുക എന്ന ആശയം തന്നെ പ്രശ്നവത്തായി മാറും. ലോകം എന്നതുതന്നെ മേൽപ്പറഞ്ഞ മട്ടിൽ സംഗതമാവുന്ന വസ്തുതകളുടെ കൂട്ടമാണെങ്കിൽ സത്യത്തിന് നിൽക്കക്കളിയില്ലാതാവും. ഒരു പ്രസ്താവത്തിന്റെ അവകാശവാദമായി സത്യത്തെ കാണുന്നവരുണ്ട്. ഏത് പ്രസ്താവവും അതിന്റെ തന്നെ സാധുതയെക്കുറിച്ച് വെച്ചുപുലർത്തുന്ന അവകാശവാദം എന്ന നിലയിൽ സത്യത്തെ കാണാം. എന്തായാലും സത്യം എന്ന സാമ്പ്രദായികമായ സങ്കൽപനത്തെ മുൻനിർത്തി ഏത് ഗവേഷണത്തെയും ശാസ്ത്രത്തിലെ ഗവേഷണവുമായി തട്ടിച്ചുനോക്കുന്ന രീതി ഇന്ന് ഏറെക്കുറെ ഉപേക്ഷിക്കപ്പെട്ടിട്ടുണ്ട്. പ്രകൃതിശാസ്ത്രത്തിലെ ജ്ഞാനത്തെ മാതൃകയായി കാണുന്ന പതിവും ഉപേക്ഷിക്കപ്പെട്ടിട്ടുണ്ട്. ശാസ്ത്രത്തിന്റെ ജ്ഞാനസങ്കൽപനത്തെയും അതിനെ അടിസ്ഥാനമാക്കുന്ന രീതിവിദ്യയേയും പിന്തുടരുമ്പോഴാണ് സാമൂഹികമായ വിഷയങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ അഭികാമ്യമാവുന്നത് എന്ന് ഇന്നാരും കരുതുന്നില്ല. ശാസ്ത്രത്തിലെ ജ്ഞാനോൽപാദനം അതിന്റെ തന്നെ ലബ്ധപ്രതിഷ്ഠമായ മാനദണ്ഡം അനുസരിച്ചുപോലും ശാസ്ത്രീയമാകുന്നില്ലെങ്കിൽ സാമൂഹികവിഷയങ്ങളിലെ പഠനങ്ങൾക്ക് ശാസ്ത്രമായി ചമയേണ്ട ബാധ്യതയില്ല. ഈ അർത്ഥത്തിൽ, സാമൂഹികശാസ്ത്രത്തിലെ ജ്ഞാനോൽപാദനം ഇന്നു കൂടുതൽ സ്വതന്ത്രവും സർഗാത്മകവുമാണ്. പ്രകൃതിയും സമൂഹവും സംസ്കാരവും ആണല്ലോ ഗവേഷണത്തിന്റെ മൂന്ന് മണ്ഡലങ്ങൾ. മാനവികവിഷയങ്ങൾ എന്ന് പരമ്പരാഗതമായി വിശേഷിപ്പിച്ചു പോരുന്ന അനുശീലനപദ്ധതികൾ മൂന്നാമത്തെ മണ്ഡലത്തിലാണ് ശ്രദ്ധയൂന്നുന്നത്. ഈ മണ്ഡലത്തിൽ ഗവേഷണം എന്ന ആശയത്തിന്റെ അർത്ഥംതന്നെ വേറെയാണ്. സാമ്പ്രദായികമായ അർത്ഥത്തിലുള്ള അറിവുൽപാദനമല്ല അവിടെ ഗവേഷണം. അറിവ് എന്ന ആശയംതന്നെ ഇവിടെ പ്രശ്നവത്താവുന്നു. അനുഭവങ്ങളുടെ മണ്ഡലമാണ് അതെന്നു പറയാം. ഒരർത്ഥത്തിൽ, അറിവു തന്നെ ആനുഭവികമായി നിൽക്കുന്ന ഇടമാണത്. അർത്ഥങ്ങളും മൂല്യങ്ങളും അനുഭൂതികളും ഒക്കെയാണ് ഇവിടെയുള്ളത്. മനുഷ്യജീവികൾ അവരവരെത്തന്നെ രൂപപ്പെടുത്തുകയും അഴിച്ചുപണിയുകയുമൊക്കെ ചെയ്യുന്ന ഇടത്തെയാണ് സാംസ്കാരികം എന്നു വിശേഷിപ്പിക്കാവുന്നത്. അറിവിന്റെ വിഷയം എന്നനിലയിൽ ഒരു ഘടനയോ വ്യവസ്ഥയോ ഒന്നും അവിടെയില്ല. ആയിരിക്കുന്നതിന്റെയല്ല, ആയിത്തീരലിന്റെ ഇടം ആണത്. ഇവിടെ ഗവേഷണം അത്യന്തം സർഗാത്മകമായ ഇടപെടലായി മാറാതെ

തരമില്ല. ഇതിലെ സർഗാത്മകത, ജ്ഞാനോൽപാദനം എന്ന പരമ്പരാഗത സങ്കൽപനത്തിന്റെ അളവനുസരിച്ചുള്ളതാവണമെന്നില്ല. ഇവിടെ ഗവേഷകർ തൊടുന്നത് വസ്തുതകളെയല്ല. അർത്ഥങ്ങളേയും മൂല്യങ്ങളേയും വികാരങ്ങളേയും അഭിരുചികളേയും ഒക്കെയാണ്. അത്യന്തം സ്നിഗ്ധമാണ് അവിടുത്തെ സ്ഥിതിവിശേഷങ്ങൾ സൂക്ഷ്മമായ സംവേദനക്ഷമതയും ജാഗ്രതയും വേണം, ഗവേഷണത്തിന്. അറിവ് ഇവിടെ തൊട്ടറിയലാണ്. ഈ തൊട്ടറിവിന്റെ ജാഗ്രത ഇന്ന് സർവകലാശാലകളിൽ നടക്കുന്ന സാഹിത്യ-കലാ ഗവേഷണങ്ങളിലും മറ്റും കാണുന്നുണ്ടോ എന്ന് സംശയമുണ്ട്.

3. ഗവേഷണത്തിലേർപ്പെടുന്ന വ്യക്തിയുടെ ആത്മനിഷ്ഠമായ നിലപാട്, അല്ലെങ്കിൽ ഗവേഷകരുടെ രാഷ്ട്രീയപക്ഷം ഏതൊക്കെ നിലയ്ക്ക് പരിഗണിക്കേണ്ടതുണ്ട്? എന്തുകൊണ്ട്?

എന്താണ് രാഷ്ട്രീയം, ഗവേഷണത്തിന്റെ രാഷ്ട്രീയം എന്താണ് എന്നീ ചോദ്യങ്ങളിലേക്ക് കടക്കുമ്പോൾ ഒരുപാട് കാര്യങ്ങൾ ചർച്ചചെയ്യേണ്ടി വരും. അതിന് മുതിരുന്നില്ല. ഒരു കാര്യം ഉറപ്പിച്ചു പറയാമെന്ന് തോന്നുന്നു. ജ്ഞാനം എന്നത് ഒരാളുടെ തലയിൽ പൊടുന്നനെ മിന്നുന്ന വെളിച്ചമല്ല. ഒരു പ്രസ്താവമോ ആശയമോ ജ്ഞാനമെന്ന് വിളിക്കാനുള്ള യോഗ്യത നേടുന്നത് ചില വ്യവസ്ഥകൾക്കകത്താണ്, ചില ശക്തിബന്ധങ്ങൾക്കകത്താണ്. ബന്ധങ്ങളുടെ ക്രമീകരണവും അതിനു പിന്നിലെ അധികാരത്തിന്റെ യുക്തിയുമൊക്കെ അറിവുൽപാദനവുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. ഗവേഷണത്തിന്റെ ഇടത്തെ ഇവയിൽ നിന്നും മുറിഞ്ഞുമാറി നിൽക്കുന്ന ഇടമായി കാണാൻ ആവില്ല. ശാസ്ത്ര ഗവേഷണങ്ങൾ നടക്കുന്ന ലാബുകളെ പോലും അങ്ങിനെ കാണാനാവില്ല. ഡാർവിന്റെ പരിണാമസിദ്ധാന്തത്തെ അത്യധികം ആദരവോടെ കണ്ടപ്പോഴും അതിനെക്കുറിച്ച് മാർക്സ് ഒരു പരാമർശം നടത്തിയതായി കേട്ടിട്ടുണ്ട്. മൂലധനവ്യവസ്ഥയുടെ മൽസരയുക്തിയെ പ്രകൃതിയിലേക്ക് പ്രക്ഷേപിക്കുകയല്ലേ ഡാർവിൻ ചെയ്തത് എന്ന മട്ടിൽ. ഇതിലെ ശരിതെറ്റുകൾ അവിടെ നിൽക്കട്ടെ. ഈയൊരു നോട്ടം പ്രധാനമാണ്. ജീവികളുടെ പരിണാമത്തെപ്പറ്റി പഠിക്കുമ്പോൾ തിരഞ്ഞെടുക്കുന്ന വസ്തുതകളിൽപ്പോലും സമൂഹം പറ്റിപ്പിടിച്ചിട്ടുണ്ട്. ശുദ്ധമായ ഒരു വസ്തുതയും ഇല്ല. ജ്ഞാനോൽപാദനം സ്വാഭാവികമായിത്തന്നെ രാഷ്ട്രീയ പ്രവർത്തനമാണ്.ഒരു സ്ഥിതിവിശേഷത്തെ മാറ്റാനുള്ള പ്രവർത്തനമായി രാഷ്ട്രീയപ്രവർത്തനത്തെ കാണുന്നുവെന്നിരിക്കട്ടെ മനസ്സിലാക്കലല്ല, മാറ്റലാണ് വേണ്ടത് എന്ന മാർക്സിന്റെ പ്രസ്താവം പ്രസിദ്ധമാണല്ലോ. എന്നാൽ,

ആഴത്തിലുള്ള മനസ്സിലാക്കൽ ഒരു സംവിധാനത്തെ മാറ്റുന്നുണ്ട്. മനസ്സിലാക്കുമ്പോൾ, ചിന്തിക്കുമ്പോൾ ലോകം മാറുന്നുണ്ട്.

4. ഗവേഷണപ്രബന്ധങ്ങളുടെ ഘടനയെക്കുറിച്ചും സിദ്ധാന്തസമീപനങ്ങളെക്കുറിച്ചും ഭിന്നാഭിപ്രായങ്ങൾ ഉണ്ടല്ലോ. മലയാളഗവേഷണ മേഖലയിൽ പുറംനാട്ടിൽനിന്നുള്ള സിദ്ധാന്തങ്ങൾ ഉപയോഗിക്കുന്നത് പലപ്പോഴും എതിർക്കപ്പെടുന്നു. ഇതിനെ എങ്ങനെ കാണുന്നു?

സിദ്ധാന്തത്തെ എങ്ങനെ കാണണം എന്നത് പ്രധാനമാണ്. അയഞ്ഞ മട്ടിൽ എടുത്താൽ, സിദ്ധാന്തം എന്നത് ഒരു പ്രതിഭാസത്തെ മനസ്സിലാക്കാനോ വിശദീകരിക്കാനോ, ചില കുരുക്കുകൾ അഴിക്കാനോ ഉള്ള ഉപകരണങ്ങളാണ്. ചില സങ്കൽപനസാമഗ്രികളെ ആണ് സിദ്ധാന്തങ്ങൾ നൽകുന്നത്. എല്ലാ കുരുക്കുകളും അഴിക്കാനുള്ള താക്കോൽ സിദ്ധാന്തത്തിൽനിന്നും കിട്ടുമെന്ന് കരുതരുത്. 'ഇതാണ് സത്യം, ഇവിടെ മുട്ടുകുത്തുവിൻ' എന്നു പറയുന്ന സിദ്ധാന്തങ്ങളുടെ കാലംകഴിഞ്ഞു. ഒരു പ്രത്യേക കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ചില തെളിച്ചങ്ങൾ കിട്ടും. അതിനർത്ഥം ഈ കാഴ്ചപ്പാട് സകലതിനേയും വിശകലനം ചെയ്യാൻ പ്രാപ്തമാണ് എന്നല്ല. ഒരു സിദ്ധാന്തവും ശരിയോ തെറ്റോ ആവുന്നില്ല എന്ന ഒരു വാദമുണ്ട്. ഒരു സ്പാനർ ശരിയോ തെറ്റോ ആവുന്നില്ല എന്ന് പറയുന്നതുപോലെ. യാഥാർത്ഥ്യത്തെക്കുറിച്ച് സ്പാനർ ഒന്നും പറയുന്നില്ല. പക്ഷേ, നിങ്ങൾക്കത് ചില കുരുക്കുകൾ അഴിക്കാൻ ഉപയോഗിക്കാം. സിദ്ധാന്തത്തെ ഇങ്ങനെ കാണുമ്പോൾ മാറ്റേണ്ടത് അതിനോടുള്ള ഫെറ്റിഷിസ്റ്റിക് (Fetishistic) ആയ സമീപനമാണ്. സാഹിത്യഗവേഷണത്തിന്റെ നടപ്പുരീതികളെ കുറിച്ച് ആധികാരികമായി എന്തെങ്കിലും പറയാൻ ഞാൻ ആളല്ല. എങ്കിലും ചില കാര്യങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. 'ഇതാണ് എന്റെ ഗവേഷണ പ്രശ്നം, പറ്റിയ ഒരു സിദ്ധാന്തം വേണം' എന്ന മട്ടിൽ ചിലർ സമീപിക്കാറുണ്ട്. സിദ്ധാന്തത്തിന്റെ പിന്തുണയില്ലാതെ ഒന്നും പറയാൻ പറ്റാത്ത അവസ്ഥ. വാസ്തവത്തിൽ ഗവേഷണത്തിന്റെ പ്രശ്നം രൂപപ്പെടുത്തുന്നതിൽത്തന്നെ സൈദ്ധാന്തികമായ മനനം വേണം. ഈ മനനത്തിൽനിന്നാണ് പരികൽപനകൾ രൂപപ്പെടുക. സിദ്ധാന്തം പറയുന്നതും സൈദ്ധാന്തികമായ മനനവും രണ്ടാണ്. ഒരു സങ്കൽപനസാമഗ്രി വിദഗ്ധമായി ഉപയോഗിക്കാനുള്ള പരിശീലനമാണ് സൈദ്ധാന്തികമായ മനനത്തിൽ ഉള്ളത്. സങ്കൽപനസാമഗ്രികളുടെ അവിദഗ്ധമായ ഉപയോഗമാണ് ഇന്നു വ്യാപകമായി കാണുന്നത്.

(ഗവേഷകർ ഉന്നയിച്ച ചോദ്യങ്ങളും അവയ്ക്കുള്ള മറുപടികളും)

ഭാഗം 2

# പ്രബന്ധങ്ങൾ

# പ്രാദേശികചരിത്രരചനയുടെ രാഷ്ട്രീയം

എം.ആർ. രാഘവവാരിയർ
ചരിത്രകാരൻ & റിട്ട. പ്രൊഫസർ, കോഴിക്കോട് സർവകലാശാല

സംഗ്രഹം

പ്രദേശിക ചരിത്രാവബോധത്തിന്റെ ഉദ്ഭവത്തെയും വികാസത്തെയും വിശകലനം ചെയ്യുകയും ഓരോ കാലത്തും അവ നിറവേറ്റിയ രാഷ്ട്രീയധർമ്മത്തെ തുറന്നു കാണിക്കുകയും ചെയ്യുന്നു. പ്രാദേശിക ചരിത്ര രചനയുടെ വർത്തമാനകാലത്ത് ചരിത്രകാരൻ സ്വീകരിക്കേണ്ട രാഷ്ട്രീയനിലപാടിനെ മുന്നോട്ടുവെക്കാനും ഈ പഠനത്തിൽ ശ്രമിക്കുന്നു.

**താക്കോൽവാക്കുകൾ:** ചരിത്രാഖ്യാന വ്യവഹാരരൂപങ്ങൾ, ചരിത്രാവബോധം, ജ്ഞാനോദയ ആധുനികത, പൗരസ്ത്യസ്വേച്ഛാധിപത്യം, ദേശമാത്ര, റയട്ട്വാരി, പ്രാദേശികസ്വയംഭരണം, ഗ്രാമസ്വരാജ്, തൊഴിൽഘടന, ആപേക്ഷികസ്ഥാനം, നിരപേക്ഷിതസ്ഥാനം, ജനകീയാസൂത്രണം, ദേശരാഷ്ട്രം

## 1. പ്രാദേശിക ചരിത്രാവബോധം

പ്രാദേശിക ചരിത്രാവബോധത്തിന്റെ നിദർശനങ്ങളെന്ന നിലയിൽ നമ്മുടെ വ്യവഹാരമണ്ഡലത്തിൽ രണ്ടുതരം ആഖ്യാനരൂപങ്ങളെ തിരിച്ചറിയാനാകും. മഹാഖ്യാനങ്ങളുടെയും ലഘുവാഖ്യാനങ്ങളുടെയും രണ്ടുതരം ധാരകളായാണ് അവയുടെ നിലനിൽപ്പ്. പ്രപഞ്ചാരംഭം മുതൽ ഒരു പ്രത്യേകചരിത്രദശയോ സംഭവമോവരെയുള്ള ചരിത്രകഥനം നിർവ്വഹിക്കുന്ന ഇതിഹാസ-പുരാണ മാതൃകയുടേതാണ് മഹാഖ്യാന ധാര. ലഘുവാഖ്യാനങ്ങളുടെ രണ്ടാമത്തെ ധാരയിൽ ഐതിഹ്യങ്ങളും നാടോടിപ്പാട്ടുകളും തറവാട്ടുരേഖകളും കോവിലകം ഗ്രന്ഥവരികളുമാണ് ഉൾപ്പെടുന്നത്. ഒരു ചെറിയ തട്ടകത്തിലൊതുങ്ങിയ കാര്യങ്ങളെക്കുറിച്ചു പറയുന്നവ എന്ന അർത്ഥത്തിലാണ് ഇതിനെ ലഘു

എന്ന് വിശേഷിപ്പിക്കുന്നത്. പ്രാദേശികസംഭവങ്ങളാണ് അവയിലെ വിഷയം. ഈ രണ്ടു രൂപങ്ങളും പ്രാദേശികങ്ങളായ സംഭവങ്ങൾക്കും വ്യക്തികൾക്കും കൂട്ടായ്മകൾക്കും സാധൂകരണം തേടിക്കൊടുക്കുക എന്ന ധർമ്മമാണ് നിർവഹിക്കുന്നത്. സാമൂഹികമായ അവയുടെ നിലനിൽപ്പിന്റെ പ്രസക്തിയും അതുതന്നെ. ഉദാഹരണമായി മൂഷകവംശം എന്ന ചരിത്രകാവ്യം നിറവേറ്റിയ രാഷ്ട്രീയധർമ്മമെന്തെന്ന് പരിശോധിക്കാം.കോലത്തുനാട്ടിൽ ആദ്യമായി ഒരു ഭരണവംശം ഏർപ്പെട്ടപ്പോൾ, ഇതിഹാസപ്രസിദ്ധനായ ക്ഷത്രിയഹന്താവ് പരശുരാമനുമായി ചേർത്തുകൊണ്ട് ആ രാജവംശത്തെ പ്രകീർത്തിക്കുന്ന ഒരു കാവ്യമുണ്ടായി—മൂഷകവംശം. ക്ഷത്രിയഹന്താവിനെക്കൊണ്ടുതന്നെ വംശപ്രതിഷ്ഠാപനം നടത്തിയത് വംശത്തിന്റെ എതിരില്ലായ്മയേയും അജയ്യതയേയും കുറിക്കാൻതന്നെയാവാം[1]. പിൽക്കാലത്തു കേരളത്തിലെ ഭരണസ്വരൂപങ്ങളെല്ലാം ആദ്യം പരശുരാമകഥയും പിന്നെ ചേരമാൻപെരുമാൾ കഥയും ഉപയോഗിച്ചുകൊണ്ടാണ് തങ്ങളുടെ ഭരണാധികാരത്തിന് സാധുത്വം സ്ഥാപിച്ചെടുക്കുന്നത്.[2] രാജകുടുംബങ്ങൾ മാത്രമല്ല സാധാരണക്കാരും താന്താങ്ങളുടെ തൊഴിൽത്തഴക്കങ്ങളും സാമൂഹ്യപദവിയും നീതീകരിക്കാൻ ഇതേവിധം പരശുരാമകഥയും അതുപോലുള്ള മറ്റു ഐതിഹ്യകഥകളും ഉപയോഗിക്കുന്നു.

ഇതുപോലെ വടക്കൻപാട്ടുകൾ പരിശോധിച്ചാലും അവ നിറവേറ്റിയിരുന്ന രാഷ്ട്രീയധർമ്മം തിരിച്ചറിയാനാകും. തർക്കപരിഹാരത്തിനും മറ്റും തമ്മിൽത്തല്ലി തലകീറാനുള്ള സംഘങ്ങളായിരുന്ന ചേകോന്മാരുടെ കാര്യം ഉദാഹരിക്കാം തങ്ങളെ ചേരമാൻപെരുമാൾ ഓലയെഴുതി അയച്ച് ഈഴത്തുനാട്ടിൽ നിന്നു കൊണ്ടുവന്നു കുടിയിരുത്തിയതാണെന്നാണ് അവരുടെ അവകാശവാദം[3].ചില വൈദ്യകുടുംബങ്ങളെ നാട്ടാവശ്യാർത്ഥം പരശുരാമൻ കൊണ്ടുവന്നു കുടിയിരുത്തിയതായി പറയുന്ന കഥകളുണ്ട്. ഓരോ സമുദായത്തിനുമുണ്ട് ഇത്തരം കഥകൾ. ചിലപ്പോൾ നായകസ്ഥാനത്ത് കേരളബ്രാഹ്മണരുടെ മുഴുവൻ നേതൃപദവിയുള്ള ആഴ്വാഞ്ചേരി തമ്പ്രാക്കളാവാം. വാരിയർസമുദായം അവകാശപ്പെടുന്നത് തമ്പ്രാക്കളുടെ മനയ്ക്കലെ ദാസ്യമാണ്. കേരളോൽപ്പത്തിവഴക്കങ്ങളാണ് ഒട്ടുമിക്ക സന്ദർഭങ്ങളിലും സാമൂഹ്യപദവിയുടെ നീതീകരണം സാധിക്കാൻ സഹായകമായിത്തീരുന്നത്. പത്തൊമ്പതാംശതകത്തിൽ കോളനിമേധാവികൾ നാട്ടുരാജാക്കന്മാരോട് നഷ്ടപരിഹാരമായി മാലിഖാൻ അവകാശപ്പെടുന്നതിനായി താന്താങ്ങളുടെ പരമ്പരാഗതചരിത്രം അവതരിപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ എല്ലാവരും കേരളോൽപ്പത്തി ഗ്രന്ഥവരികളുടെ നാട്ടുവഴക്കങ്ങളാണ് അവതരിപ്പിച്ചതെന്ന

വസ്തുത ഈ സമ്പ്രദായത്തിന്റെ ആധുനികകാലംവരെയുള്ള തുടർച്ചയെക്കൂടി സൂചിപ്പിക്കുന്നു.[4]

1.1. പ്രാദേശിക ചരിത്രാഖ്യാനത്തിന്റെ വ്യവഹാരരൂപങ്ങൾ

പലകാലങ്ങളിലെ ചരിത്രാഖ്യാനരൂപങ്ങളെ പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന വസ്തുത എന്തെന്നാൽ ചരിത്രാഖ്യാനത്തിന് അന്നന്ന് പ്രചാരത്തിലുള്ള സാഹിത്യരൂപങ്ങളുടെ ആഖ്യാനരീതി മൂശയായിത്തീരുന്നു എന്നതത്രെ[6]. വടക്കൻപാട്ടുപോലുള്ള പരമ്പരാഗത വാമൊഴിവഴക്കങ്ങൾക്കു പുറമെ ആഖ്യാനകാവ്യങ്ങളുടെ വടിവിലുള്ള ചില രചനകളും ആവശ്യമുള്ള സംഭവങ്ങളെ രേഖപ്പെടുത്താൻ ഉപയോഗിച്ചുപോന്നു. ഇവയിൽ കിളിപ്പാട്ടുരൂപത്തിലുള്ള കൃതികളാണ് മുഖ്യം[5]. ഭക്തിവർദ്ധകങ്ങളായ പുരാണപുനരാഖ്യാനങ്ങളുടെ കാവ്യരൂപം എന്ന നിലക്കാണ് കിളിപ്പാട്ടുകൾ പ്രചാരംനേടുന്നത്. എന്നാൽ താന്താങ്ങളുടെ ഉദ്ദേശ്യത്തിനും താല്പര്യത്തിനും ഒത്തവിധം പലരും ഈ കാവ്യരൂപം ഉപയോഗപ്പെടുത്തിപ്പോന്നതായി കാണുന്നു. കിളിപ്പാട്ടുകൾ സാഹിത്യകൃതികളല്ലേ അവയെ ചരിത്രമായി കണക്കാക്കാമോ എന്ന് ഇനിയും സംശയിക്കുന്നവർക്കുവേണ്ടി പറയാം. ഭൂതകാലസംഭവങ്ങളെ ആഖ്യാനംചെയ്യുന്നു എന്നതുകൊണ്ടു മാത്രമല്ല ഇവയെ ചരിത്രമായി നാം കണക്കാക്കുന്നത്. സാഹിത്യകൃതികളിൽനിന്ന് ഭിന്നവും ചരിത്രാഖ്യാനങ്ങളുടെ സ്വഭാവത്തിൽ പെടുന്നതുമായ ചില രീതികൾകൂടി അവ കാണിക്കുന്നു. ഒന്നാമതായി വർണ്ണനമട്ടിലല്ല, വസ്തുസ്ഥിതികഥനം എന്ന രീതിയിലാണവ രചിക്കപ്പെട്ടിട്ടുള്ളത്. രണ്ടാമത് കാവ്യങ്ങളിലെപ്പോലെ വികാരോത്തേജനമല്ല, സംഭവകഥനമാണ് ആഖ്യാനത്തിന്റെ ലക്ഷ്യമെന്നു വ്യക്തം. മൂന്നാമതായി ചരിത്രസംഭവങ്ങൾക്ക് കാലത്തുടർച്ചയും ക്രമീകരണവുമുണ്ട്. എല്ലാറ്റിനുമുപരി, ആഖ്യാനത്തിലെ ശബ്ദാവലിതന്നേയും സാഹിത്യഗുണത്തേക്കാൾ സംഭവാഖ്യാനത്തിനു മേൽക്കൈ കല്പിക്കുന്നവയാണ്. ഇത്തരം അനേകം ചരിത്രാഖ്യാനങ്ങളെ പരിശോധിച്ചുണ്ടായ ഒരു നിരീക്ഷണം സംഭവങ്ങളുടെ തിരഞ്ഞെടുപ്പ്, ക്രമീകരണം, പദാവലി ആഖ്യാനശൈലി, എന്നിവ മേല്പറഞ്ഞ കിളിപ്പാട്ടുകളെ ചരിത്രകോടിയിൽ ഗണിക്കപ്പെടാൻ ആവശ്യപ്പെടുന്നു[7]. ഉത്തരകേരളത്തിൽ കെട്ടിയാടിപ്പോരുന്ന തെയ്യങ്ങളുടെ തോറ്റംപാട്ടുകളിൽ പലതിലും പ്രാദേശികചരിത്രസംഭവങ്ങളുടെ നീട്ടിയും കുറുക്കിയുമുള്ള ആഖ്യാനങ്ങളുണ്ട്. അവയിൽ കാരിക്കുരുക്കളുടെ തോറ്റം അഥവാ പുലിമറഞ്ഞ തൊണ്ടച്ചന്റെ തോറ്റം നാടുവാഴിസ്വരൂപത്തിലെ അവകാശത്തർക്കം തീർക്കാൻ പോകേണ്ടിവന്ന

ഒരു അടിയാളസമുദായാംഗത്തിന്റെ വീരോചിതമായ ജീവത്യാഗമാണ്.[8] ആരോമൽചേകവരുടെ പാട്ടുകഥകളിൽ തർക്കപരിഹാരത്തിനുള്ള മാർഗ്ഗമെന്ന നിലയിൽ അങ്കംവെട്ടിമരിച്ച ഒരു ചേകോന്റെ കഥയും.[9] വെള്ളപ്പട്ടാളത്തിനെതിരെ പൊരുതി വീരചരമം പ്രാപിച്ച പഴശ്ശിയെപ്പറ്റിയുമുണ്ട് പാട്ടുകൾ.[10] ഇത്തരം നാനാരചനകൾ സൂചിപ്പിക്കുന്നത് ഈ പാട്ടുവഴക്കങ്ങൾ നിലനിർത്തിപ്പോന്ന കൂട്ടായ്മകളുടെ ചരിത്രതാൽപര്യംതന്നെയാകുന്നു.

## 2. കോളനി മേധാവികളുടെ ചരിത്രാവബോധം

പത്തൊമ്പതാം ശതകത്തോടെ വേറൊരു ചരിത്രസങ്കൽപ്പവുമായി ഇങ്ങോട്ടെത്തിയ പടിഞ്ഞാറൻ കോളനിമേധാവികൾക്ക് ഈ ആഖ്യാനരൂപങ്ങളോന്നും ചരിത്രമായി എണ്ണാൻകഴിയാത്തത് സ്വാഭാവികം മാത്രം. ജ്ഞാനോദയാധുനികതയുടെ ആശയങ്ങളും ആദർശങ്ങളും ആയിരുന്നു അവരുടെ പക്കലുണ്ടായിരുന്ന അളവുകോൽ. പാശ്ചാത്യർ നൂറ്റാണ്ടുകളായി ഉപയോഗിച്ചുപോരുന്ന ചില പരികല്പനകളുണ്ട്. പൗരസ്ത്യപരിഷ്കൃതികളെ വിവരിക്കാൻ തുടക്കത്തിൽ അവയാണ് പാശ്ചാത്യർ ഉപയോഗിച്ചത്. അവയിൽ ഒരുപക്ഷെ ഏറ്റവും മുഖ്യമായത് 'പൗരസ്ത്യസ്വേച്ഛാധിപത്യം'(oriental despotism) തന്നെ. അരിസ്റ്റോട്ടിലിന്റെ കാലംമുതൽക്കുതന്നെ പാശ്ചാത്യർ നാണിയപ്പെടുത്തിയ ഒരു 'പുതവാക്ക്' (blanket term) ആണത്. പാശ്ചാത്യരുടെ പരിഷ്കൃതിയെ പൗരസ്ത്യരുടെ അപരിഷ്കൃതത്വത്തെ കുറിക്കാനും പൗരസ്ത്യമായ ഒരു അന്യത്തിൽനിന്നു പാശ്ചാത്യസ്വത്വത്തെ സ്വരൂപിക്കാനും ഈ പുതവാക്കാണ് വ്യാപകമായി ഉപയോഗിക്കുന്നത്[11]. അലക്സാണ്ടർ ഡൗ തുടങ്ങിയ ഉദ്യോഗസ്ഥ ചരിത്രകാരന്മാർക്കും, കോളനിജനതയെ ഉദ്ധരിക്കുകയാണ് വെള്ളക്കാരുടെ ധർമ്മം എന്നു വാദിക്കാൻ സഹായകമായത് ഈ പരികല്പനതന്നെ.[12] ഡൗ എഴുതി 'ഇന്ത്യ, സാമ്രാജ്യങ്ങളുടെ സ്ഥാനമായിരുന്നു, ഏറ്റവും നീചരായ അടിമകളുടെ പോറ്റമ്മയും' ഈ പരികല്പനയിൽ പൗരസ്ത്യഗ്രാമങ്ങൾക്ക് ചില സ്ഥിരസ്വഭാവങ്ങളുണ്ട്. അവ അതിപ്രാചീനങ്ങളാണ്; സ്വയം പര്യാപ്തങ്ങളാണ്; പരിവർത്തനരഹിതങ്ങളാണ്; കൃഷിയും കൈത്തൊഴിലും ചേർന്ന ഒരുതരം ഉല്പാദനസമ്പ്രദായത്തിലുള്ളതും ആണ്. അനാദികാലംതൊട്ടേ ഇവയിലെ ഉല്പന്നങ്ങളുടെ ഒരംശം രാജഭണ്ഡാരത്തിലേക്കെത്തി. സ്വഭാവപരമായ ഈ ലാളിത്യമാണ് ഗ്രാമങ്ങളുടെ നിശ്ചലതക്ക് കാരണം. ഇന്ത്യയെ സംബന്ധിച്ചും അവിടുത്തെ ഗ്രാമങ്ങളെ സംബന്ധിച്ചും എഴുതിയ മിക്ക ചരിത്രകാരന്മാരും പണ്ഡിതരും ഭരണകർത്താക്കളും പങ്കുവെക്കുന്ന ഒന്നായിരുന്നു ഈ ആശയം.

## 2.1. കോളനിവാഴ്ചയും പ്രാദേശികരേഖകളും

കോളനിവാഴ്ചയുടെ ഭരണതന്ത്രങ്ങളിൽ മുഖ്യമായ ഒന്ന് സർവ്വെ ആയിരുന്നു. അളന്നും ക്രമപ്പെടുത്തിയും വിവരിച്ചും വിലമതിച്ചും കൈയിൽ കിട്ടിയ നാടിനെക്കുറിച്ച് പുതിയൊരു അറിവിന്റെ രൂപം അവർ സൃഷ്ടിച്ചു. പ്രാദേശികമായ ഒരു ഭൂവിഭാഗമെന്ന നിലയിൽ ദേശം, കര, എന്നിവ ശ്രദ്ധാകേന്ദ്രമാവുന്നത് കോളനിവാഴ്ചാരംഭത്തിലെ സർവ്വേകളുടെ ഫലമായിട്ടാണ്. അതോടൊപ്പം ദേശങ്ങൾ അഥവാ വില്ലേജ് ചർച്ചാവിഷയമായി മാറുകയുണ്ടായി. ഓരോ ദേശത്തിനും സെറ്റിൽമെന്റ് രജിസ്റ്ററുകളുണ്ടായി ഒപ്പം അതിന്റെ ഒരിഞ്ച് ഭൂപടവും (One inch map)[13]. ഓരോ പ്രദേശത്തുനിന്നും നികുതിപിരിവിനു കേന്ദ്രീകരിക്കാവുന്ന വ്യക്തിയേത് അഥവാ കുടുംബമേത് എന്ന തിരച്ചിലായിരുന്നു യഥാർത്ഥത്തിൽ വ്യാപകമായ ഈ പ്രവർത്തനത്തിന്റെ അടിയിലുള്ള സാമ്പത്തികപ്രേരണ. കൂട്ടുടമസ്ഥത, സ്വകാര്യഉടമസ്ഥത, ഇത്യാദി അഭിപ്രായഭേദങ്ങൾ ഈ പ്രശ്നത്തെച്ചൊല്ലി ഉടലെടുക്കുകയും ഉണ്ടായി. കൂട്ടുടമയിലാണ് ഗ്രാമങ്ങളുടെ ഭൂമി മുഴുവനുമെന്ന് മൺറോ സായിപ്പിനെപ്പോലെ ചിലർ വാദിച്ചു. ബേഡൻ പവലിനെപ്പോലെ ചിലരാകട്ടെ, ഭൂവുടമസ്ഥത ബഹുരൂപിയാണെന്ന താരതമ്യേന സ്വീകാര്യമായ ഒരിടനിലയേറ്റു. ഇതിന്റെയൊക്കെ ഫലമായി പ്രദേശം, പ്രാദേശികത എന്നീ ആശയങ്ങളും അവയുടെ മൂർത്തരൂപങ്ങളായ ദേശമാത്രകളും ശ്രദ്ധയുടെ കേന്ദ്രത്തിൽ പ്രതിഷ്ഠാപിതമാവുകയും ചെയ്തു. സമീപനത്തിൽ താഴെനിന്നുള്ള സർവ്വെയും മതിപ്പും ആയിരുന്നു അടിസ്ഥാനമെങ്കിൽപ്പോലും കാര്യവിഷയത്തിൽ ഗ്രാമങ്ങൾ രാജ്യത്തിന്റെ ഏറ്റവും ചെറിയ നികുതിവരുമാനത്തുറ എന്ന നിലയിൽത്തന്നെ തുടർന്നു. എങ്കിലും, 'പ്രദേശം'പരിഗണന നേടുകതന്നെചെയ്തു. കോളനിസർവ്വെയുടെ രേഖകളായ സെറ്റിൽമെൻന്റ രജിസ്റ്ററിലെ വിവരങ്ങൾ ശേഖരിച്ച് അവയെ ഉൾക്കാഴ്ചയോടെ ഉപയോഗിച്ച് പ്രാദേശികജീവിതത്തിന്റെ ജീവത്തായ ചിത്രങ്ങൾ രചിക്കാൻ കെ.പി. പത്മനാഭമേനോനെപ്പോലുള്ളവർക്കു സാധിച്ചത് ശാസ്ത്രീയമായ രീതിയിലുള്ള സർവ്വേമൂലമാണെന്ന കാര്യം സമ്മതിക്കുകതന്നെവേണം[14]. എന്നാൽ അദ്ദേഹത്തിനുശേഷം അടുത്തകാലംവരേയും ഈ രീതി പട്ടുകിടന്നുപോയി. ദേശരാഷ്ട്രം എന്ന പരികല്പനയിൻകീഴിലുള്ള ചരിത്രരചനയുടെ ആധിപത്യംതന്നെ കാരണം.

## 2.2. കോളനിക്കാലത്തെ പ്രാദേശികചരിത്ര രചന

തോമസ് മൺറോയും മാർക്ക് വിൽക്സും 'ഇന്ത്യൻ വില്ലേജു'കളെപ്പറ്റി എഴുതിയതോടെയാണ് ഗ്രാമ സമ്പ്രദായം വ്യാപകമായ ചർച്ചക്ക് വിധേയമാവാൻ

തുടങ്ങിയത്[15]. മൺറോവിന്റെ പഠനത്തിനാസ്പദം മദിരാശി പ്രവിശ്യയിലെ അന്വേഷണമായിരുന്നുവെങ്കിൽ വിൽക്സിന്റെ ശ്രദ്ധാകേന്ദ്രം മൈസൂർ ആയിരുന്നു. ഈ രണ്ടുപേരുമാണ് പിൽക്കാലത്ത് ഗ്രാമപഠനങ്ങളിൽ വ്യപകമായി തിരിച്ചും മറിച്ചും ഉപയോഗിക്കപ്പെട്ട വാർപ്പുമാതൃകയിലുള്ള ചില പരികല്പനകൾക്കു രൂപം നൽകിയത്. നിശ്ചലത,പരിവർത്തനരാഹിത്യം, പൗരാണികത്വം, സ്വയംപര്യാപ്തത ഇത്യാദി ആശയങ്ങളെല്ലാം ഇവരുടെ വകയാണ്.[16] ബ്രിട്ടീഷ് ഉദ്യോഗസ്ഥരായ എഴുത്തുകാരെല്ലാം പിന്നീട് ചില്ലറ ഭേദത്തോടെ പകർത്തിയെടുത്തത് ഈ രണ്ടുപേരുടെ വാക്യങ്ങളും പ്രകരണങ്ങളുംതന്നെ. ഈ ഉദ്യോഗസ്ഥന്മാർ, സ്വമതം സ്ഥാപിക്കാനോ മൗലികത ദീക്ഷിക്കാനോ വേണ്ടിയല്ല ഗ്രാമങ്ങളെപ്പറ്റി എഴുതിയത്. ലഭ്യമായ വിവരങ്ങൾ പരമാവധി രേഖപ്പെടുത്തി സൂക്ഷിക്കുകയായിരുന്നു അവരുടെ ഉന്നം. പകർപ്പെടുപ്പിന്റെ കാരണവും മറ്റൊന്നല്ല. വിവരണരീതി ഒന്നാണെങ്കിലും വിവരണങ്ങളുടെ പിന്നിലുള്ള പ്രപഞ്ചബോധം, ലോകവീക്ഷണം, വിവിധങ്ങളായിരുന്നു എന്നു കാണാതിരിക്കരുത്. ഗ്രാമങ്ങളെപ്പറ്റി മൺറോ എഴുതുന്നത് അദ്ദേഹത്തിന്റെ കാൽപനികലോകബോധം വെച്ചുകൊണ്ടാണെന്ന് ഉപദർശിക്കപ്പെട്ടിട്ടുണ്ട്. കോൺവാലിസ് സമ്പ്രദായത്തിൽനിന്നു ഭിന്നമായി സജീവഭരണത്തിലും ജില്ലാകലക്ടറുടെ അധികാരത്തിലും കവിഞ്ഞ ഊന്നൽ നൽകി. ഇത് കോൺവാലീസിന്റെ വ്യക്തിനിയമത്തിൽനിന്നും 'ഏറ്റവും കുറഞ്ഞ ഭരണ'ത്തിൽനിന്നും വ്യത്യസ്തമായിരുന്നു. ജഡ്ജിയായിരുന്ന കോൺവാലിസിന്റെ ഭരണസാരഥി. ഗ്രാമം എങ്ങനെ പ്രാദേശികത്തിൽനിന്നു മാറിമാറി സാമ്രാജ്യത്തിന്റെ ഭാഗമെന്ന നില വരിച്ചുവെന്നു കാണിക്കാനാണ് ഇക്കാര്യം എടുത്തെടുത്ത് കാണിക്കുന്നത്. മദിരാശിയിലെ ഏതാനും ഗ്രാമങ്ങൾ നിരീക്ഷിച്ചു മൺറോ സ്വരൂപിച്ച 'റയട്ട്വാരി' സമ്പ്രദായം എന്ന ആശയത്തിന്റെ തളപ്പുകൊണ്ട് എല്ലാ ഗ്രാമരീതികളിലും കയറിപ്പോകാൻ ശ്രമിച്ചു. ഗ്രാമങ്ങളൊക്കെ അതിനു പാകത്തിൽ വർത്തിച്ചുകൊള്ളണമെന്ന നിലയായിരുന്നു അദ്ദേഹത്തിന്റെ പഠനങ്ങളിൽ.

മെറ്റ്കാഫിന്റെ രീതി ഭിന്നമായിരുന്നു. അത് ഇന്ത്യൻ സംസ്കൃതപണ്ഡിതരീതിയാണെന്നു കരുതുന്നവരില്ലാതില്ല[17]. യഥാർത്ഥത്തിൽ അതു പഴയ 'പൗരസ്ത്യസ്വേച്ഛാധിപത്യം' എന്നതിന്റെ വകഭേദംതന്നെ. ഈ പരികല്പനകളുടെ പൊള്ളത്തരം, പരക്കെ അറിയുന്ന വസ്തുതകളെ മുൻനിർത്തി ചരിത്രകാരനായ കൊസാംബി വെളിവാക്കിയിട്ടുള്ളതാണ്[18]. മെറ്റ്കാഫിനുശേഷം ഹെന്റി മെയ്ൻ ഇന്ത്യൻ ഗ്രാമസമ്പ്രദായത്തെ പരിണാമവാദിയും സാമൂഹ്യവുമായ

കാഴ്ചപ്പാടിൽ മനസ്സിലാക്കാൻ ശ്രമിച്ചു. അതനുസരിച്ച്, ഇന്ത്യയുടെ പ്രാക്തനസ്ഥാപനങ്ങൾ, പൊതുവായി ആര്യൻ ഉല്പത്തിമൂലം യൂറോപ്യൻ സ്ഥാപനങ്ങളോട് ബന്ധപ്പെട്ടതാണ്. അവയിൽനിന്നാണ് ആധുനികയൂറോപ്പിന്റെ സ്ഥാപനങ്ങൾ മുളപൊട്ടിയത്[19]. ഇതുപോലുള്ള പ്രസ്താവനകളിൽനിന്ന്, മെയ്നിന്റെ താത്പര്യം, അഥവാ ശ്രദ്ധ, ഇന്ത്യയല്ല യൂറോപ്പിന്റെ പാരമ്പര്യങ്ങളാണെന്ന് വ്യക്തം.

ഇന്ത്യൻ ഗ്രാമങ്ങളെപ്പറ്റിയുള്ള വിശദവും വിദഗ്ധവുമായ ഒരു പഠനം നിർവ്വഹിച്ചത് ബേഡൻ പവൽ ആണ്. 1899 ലാണ് അത് പുറത്തിറങ്ങിയത്. തുക്കമൊപ്പിച്ചുള്ള അഭിപ്രായങ്ങളും പ്രസ്താവനകളുമാണ് പവൽ അവതരിപ്പിക്കുന്നത്. ആ പഠനങ്ങളുടെ വ്യത്യാസമറിയാൻ മുഖവുരയിലെ ഈ വാക്യങ്ങൾ ശ്രദ്ധിച്ചാൽ മതി. പലപ്പോഴും ചരിത്രഗ്രന്ഥങ്ങളിലും അങ്ങനെ അല്ലാത്തവയിലും ഗ്രാമം എന്ന സിദ്ധാന്തസൃഷ്ടിയിലാണ് - വായുവിൽ പാറികിടക്കുന്ന ഒരു വസ്തുപോലെ - വർണ്ണിച്ചുകാണുക, അല്ലാതെ ചരിത്രവസ്തുതകളാലും സ്ഥലകാലങ്ങളാലും അറിയപ്പെടുന്ന കുടുംബങ്ങളാലും ഗോത്രങ്ങളാലും വർഗ്ഗങ്ങളാലും മനസ്സിലാക്കാൻ കഴിയുന്ന പ്രദേശമായിട്ടല്ല[20].

എല്ലാ ഗ്രാമങ്ങളും ഒരേമാതിരി ഉണ്ടായവയായി കാണുന്നതിലും അവയെ എല്ലാം ആര്യനെന്ന് വിവരിക്കുന്നതിലും അപാകതയുണ്ടെന്നദ്ദേഹം പ്രസ്താവിക്കുന്നു. ഗ്രാമീണസമൂഹമെന്നത് ഭൂമിയുടെ ഒരു കൂട്ടവകാശത്തിന്റെ കാര്യമാവുന്നു. സ്വകാര്യസ്വത്തവകാശത്തിന്റെ മുമ്പുള്ള ഒരേർപ്പാടായിട്ടാണ് അതിന്റെ വിവരണങ്ങൾ. ഗ്രാമങ്ങൾ പലവിധമുണ്ടെന്നും അവയിലെ സമൂഹങ്ങളും വിവിധ സമ്പ്രദായങ്ങളിലുള്ളവയാണെന്നും കാണിച്ചുകൊണ്ട് ബേഡൻ പവൽ കൂട്ടവകാശികളും സ്വകാര്യാവകാശികളുമായ ഗ്രാമങ്ങൾ തമ്മിലുള്ള വ്യത്യാസം ഒരു പട്ടികയിൽ നിബന്ധിച്ചു കാണിച്ചുതരുന്നുമുണ്ട്. ബ്രിട്ടീഷ് ഭരണാധികാരികളുടെ ഔദ്യോഗികകാഴ്ചപ്പാട് നികുതിപിരിവിനുള്ള വ്യക്തിയെ കണ്ടെത്തുന്നതിലാണ് താല്പര്യം കാണിച്ചത്. റയട്ട് വാരി, മിറാസി മുതലായ പ്രശ്നങ്ങൾ കടന്നുവരുന്നത് അങ്ങനെയാണ്. അപ്പോൾ, പ്രദേശം, ഗ്രാമം, ദേശം ഇവ തനിത്തനിയായുള്ള പ്രദേശങ്ങളോ അധിവാസമാത്രകളോ ആയിട്ടല്ല, കാഴ്ചപ്പാടിൽ വരുന്നത്.

### 3. ദേശീയവാദികളുടെ പ്രാദേശിക ചരിത്രരചന

പ്രാദേശികസമൂഹങ്ങളുടെ ചരിത്രവും മനുഷ്യചരിത്രവും പരിഗണനയിൽവരുന്ന ഘട്ടം ദേശീയവാദികളായ ചരിത്രകാരന്മാരുടെ രചനകളിലാണ് കാണുക. ഭൂതകാലത്തെന്നോ നിലവിലുണ്ടായിരുന്ന ഒരു സുവർണ്ണയുഗത്തിന്റെ

വർഗ്ഗസ്മൃതി അവയിലുണ്ട്. ജനാധിപത്യമാണ് ജ്ഞാനോദയാധുനികതയുടെ അധികാരസ്വരൂപം. അതിനാൽ, ആധുനികതയിലേക്ക് നയിക്കപ്പെടുന്ന ഇന്ത്യയിലും ജനാധിപത്യപാരമ്പര്യം തേടിക്കൊണ്ടുള്ള പഠനങ്ങളുണ്ടായി. പ്രാദേശികസ്വയംഭരണം പ്രാചീന ഇന്ത്യയിൽ, പ്രാചീന ഗ്രാമീണസമൂഹം ഭാരത്തിൽ, പുരാതന ഇന്ത്യയിലെ സംഘജീവിതം, തുടങ്ങിയ വിഷയങ്ങളിൽ പലകൃതികൾ ഇക്കാലത്ത് പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കപ്പെട്ടു. സഭ, സമിതി എന്നിവയുടെ ജനായത്ത സ്വഭാവത്തെ കുറിച്ചുമുണ്ടായി പഠനങ്ങൾ. പ്രാദേശികങ്ങളായ എന്തിനോടും താത്പര്യം ഉണരുന്ന ഇക്കാലത്തുതന്നെ യാണ് മധ്യയുഗങ്ങളിലെ ഇന്ത്യൻ ഗ്രാമീണജനാധിപത്യ സമ്പ്രദായങ്ങളെപ്പ റ്റിയും ഗ്രാമീണഭരണസമിതികളിലേക്കുള്ള തെരഞ്ഞെടുപ്പിനെപ്പറ്റിപ്പോലും വിസ്തരിച്ച് വിവരംനൽകുന്ന ഉത്തരമേരൂർ ലിഖിതവും മറ്റും കണ്ടെത്തി പ്രസിദ്ധംചെയ്യുന്നത്. സ്ഥാനാർത്ഥികളുടെ വ്യക്തിസ്വഭാവപരവും വിദ്യാഭ്യാ സപരവും സാമ്പത്തികവുമായ യോഗ്യതാനിർദ്ദേശം, സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്ന വിധം എന്നിവയെല്ലാം വിവരിക്കുന്ന ഉത്തരമേരൂർ ലിഖിതം ഗ്രാമീണതലത്തിലുള്ള ജനാധിപത്യത്തിന്റെ ഭാരതീയപാരമ്പര്യത്തിലേക്ക് അന്വേഷണം വ്യാപിക്കാനുതകുന്ന മികച്ച തെളിവുസാമഗ്രിയായി. ദേശീയ പ്രസ്ഥാനത്തിന്റെ ആദർശമായി ഗാന്ധിയൻ സാമൂഹ്യ-രാഷ്ട്രീയതത്ത്വദർ ശനങ്ങൾ ഇക്കാലത്തേക്ക് പ്രചാരം നേടിക്കഴിഞ്ഞിരുന്നു. ഗ്രാമസ്വരാജ്, ഹിന്ദ്സ്വരാജ് മുതലായ സങ്കൽപ്പനങ്ങൾ പ്രാദേശികചരിത്രത്തിന്റെ അന്വേ ഷണത്തിന് ആക്കം കൂട്ടുന്നവയായി. പൊതുവെ ദേശിയപ്രസ്ഥാനത്തിന്റെ വ്യാപനത്തോടെ പഴയ കോളനിമട്ടിലുള്ള ഗ്രാമപഠനം, പുതിയ ഗ്രാമസ്വരാജ് മട്ടിലുള്ള അന്വേഷണങ്ങൾക്കു വഴിമാറിക്കൊടുത്തു. സ്വയംപര്യാപ്തഗ്രാമങ്ങ ളെക്കുറിച്ചും തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തെക്കുറിച്ചും മറ്റുമുള്ള അന്വേഷ ണങ്ങളും ഇത്തരത്തിലുള്ള പ്രാദേശികപഠനങ്ങളുടെ ആക്കം കൂട്ടുന്നവയായി എന്നു പറയാം. അപ്പോഴും ചരിത്രത്തിന്റെ ആദർശം ദേശരാഷ്ട്രമായി – Nation State—തുടർന്നു.

### 4. സ്വാതന്ത്ര്യകാലത്തെ പ്രാദേശിക ചരിത്രരചന

സ്വാതന്ത്ര്യപ്രാപ്തിയോടെ ദേശിയോദ്ഗ്രഥനം, നാനാത്വത്തിൽ ഏകത്വം മുതലായ ആശയങ്ങൾക്കു സിദ്ധിച്ച അമിതാംഗീകാരത്തോടെ പ്രാദേശികസ മൂഹങ്ങളെന്ന തത്ത്വം തീരെ മറയത്തായി. ഗാന്ധിയൻ ആദർശങ്ങളെ രാഷ്ട്രീ യത്തിൽനിന്നും സാമൂഹ്യചിന്തയിൽനിന്നും വ്രതനിഷ്ഠയോടെ തുടച്ചുമാറ്റാനുള്ള തിടുക്കം സർവ്വത്ര പ്രകടമായിരുന്നു. പ്രാദേശികത, അങ്ങനെ എടുക്കാത്ത

നാണയമായി പ്രചാരം നിലച്ച് അപ്രത്യക്ഷമായി.

പ്രാദേശികപഠനത്തിന്റെ ഭാഗമായി ഗ്രാമം വീണ്ടും പഠനവിഷയമാകുന്നത് ഒരുകൂട്ടം സാമൂഹ്യശാസ്ത്രജ്ഞരുടേയും ഭൂമിശാസ്ത്രവിദഗ്ധരുടേയും ചർച്ചകളിലാണ്, അപ്പോഴേക്കത് പ്രായോഗിക ജ്ഞാനമെന്നും ഭൂതകാലമാഹാത്മ്യമെന്നും മറ്റുമുള്ള രീതികളിൽനിന്നു വിട്ട് അക്കാദമിക്ക് ചർച്ചകളുള്ള ഒരു പണ്ഡിതോചിതവിഷയമായിത്തീരുകയും ചെയ്തു. പഴയ കോളനിപഠനങ്ങളിൽനിന്നുമാറി സമൂഹഘടനയും സാമൂഹ്യധർമ്മങ്ങളുമൊക്കെ ചർച്ചാവിഷയമാവുകയും ഉണ്ടായി. ഉടമാവകാശ അന്വേഷണങ്ങളേക്കാൾ ഘടകാന്വേഷണങ്ങൾക്ക് പ്രാധാന്യം കൈവന്നു. ഘടകങ്ങളെക്കുറിച്ചുള്ള അന്വേഷണം അവയുടെ വിതരണമാതൃകയെക്കുറിച്ചും നിരീക്ഷണങ്ങൾ ഉളവാകാൻ ഇടയാക്കി.

ഇന്ത്യൻ ഗ്രാമങ്ങളെക്കുറിച്ചുള്ള വിസ്തരിച്ച ഒരു പഠനസമാഹാരം ഈ പുതിയ അന്വേഷണങ്ങൾക്ക് പ്രാതിനിധ്യം വഹിക്കുന്നു[21]. ചരിത്രമാനങ്ങൾക്ക് തീരെ പരിഗണന സിദ്ധിക്കുന്നില്ലെങ്കിൽപോലും ഈ സമാഹാരം ഇന്ത്യൻ ഗ്രാമങ്ങളുടെ വൈവിധ്യങ്ങളിലേക്ക് ആഴത്തിലും പരപ്പിലും ഇറങ്ങിച്ചെല്ലാനുള്ള സന്നദ്ധത കൊടുക്കുന്നുണ്ട്. ഉത്തരകേരളത്തിലെ ഗ്രാമീണസമൂഹഘടനയെക്കുറിച്ചുള്ള എറിക്ക് മില്ലറുടെ പഠനം കേരളീയവിദ്യാർത്ഥികളെ ആകർഷിക്കാൻ തികച്ചും പര്യാപ്തമാണ്. കേരളത്തിലെ അധിവാസമാതൃയുടെ സവിശേഷതകളെക്കുറിച്ചുപന്യസിക്കുന്ന മില്ലറുടെ പ്രബന്ധം കേരളഗ്രാമങ്ങളിൽ കാണുന്ന വിവിധ തൊഴിൽക്കൂട്ടായ്മകളെ സാമൂഹ്യനരവംശശാസ്ത്രത്തിന്റെ വീക്ഷണത്തിൽ അപഗ്രഥിക്കുകയും ഓരോ ഗ്രാമീണസമൂഹത്തിന്റേയും ഘടനയിൽ മാറ്റം വരാനുള്ള അടിസ്ഥാനകാരണമായി കാർഷിക-കൈത്തൊഴിൽരംഗത്തെ എടുത്തുകാണിക്കുകയും ചെയ്യുന്നു. പുതുയൊരു ഗ്രാമം ഉണ്ടാവേണ്ടി വരുമ്പോൾ പഴയ പരമ്പരാഗതരീതി തുടരുന്നതിന്റേയും മറ്റും ചരിത്രപരമായ കാര്യങ്ങളിലേക്കുകൂടി കടന്നിരുന്നെങ്കിൽ ഇന്നുള്ളതിനേക്കാൾ വസ്തുതാസമ്പന്നമാവാൻ മില്ലറുടെ പഠനത്തിനു കഴിയുമായിരുന്നു. കൃത്യതയോടെയുള്ള ശാസ്ത്രീയാപഗ്രഥനവും നിരീക്ഷണങ്ങളുംകൊണ്ട് ഈ പഠനം, ഉപരിപഠനക്കാർക്ക് ധാരാളം സാധ്യതകൾ തുറന്നിടുന്നുമുണ്ട്. പ്രാദേശികചരിത്രത്തിന്റെ പഠനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ചോദ്യം പ്രാദേശികസമൂഹഘടനയെകുറിച്ചുള്ളതാണ് ആ വിഷയത്തിൽ ഒരടിസ്ഥാനരേഖയാവാൻ മില്ലറുടെ പ്രബന്ധത്തിന് കഴിയും. ഈ പഠനത്തെ തുടർന്നാണ് ഇന്ത്യൻ ഗ്രാമങ്ങളുടെ തൊഴിൽ ഘടനയെക്കുറിച്ചും മറ്റും പല പഠനങ്ങളും മുന്നോട്ടുവന്നത്.[22]

ഇതിനേക്കാൾ മുഖ്യമായ ഒരുപാത തുറന്നുകിട്ടുന്നത് ഭൂമിശാസ്ത്രസംബന്ധിയായ ചില പഠനങ്ങളിൽനിന്നാണ്. പുതിയചോദ്യങ്ങളും അവയ്ക്ക് ഉത്തരം കാണാനുള്ള പുതിയ ചില പദ്ധതികളും പരികല്പനകളുമായി വന്ന ഭൂമിശാസ്ത്ര പണ്ഡിതന്മാർ ഗ്രാമപഠനത്തിന്റേയും അതുവഴി പ്രാദേശികപഠനത്തിന്റേയും ഉള്ളടക്കംതന്നെ മാറ്റിത്തീർത്തു. ഇക്കൂട്ടത്തിൽ, ഭൂവിഭാഗത്തേയും അവിടത്തെ സമൂഹവിഭാഗങ്ങളേയും ആധാരമാക്കി കേരളീയജനസംഖ്യയും സംസ്കാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചില നിരീക്ഷണങ്ങൾ ജോർജ്ജ് കുര്യൻ നിർവ്വഹിച്ചിരുന്നു.[23] ബ്രിയാൻ മർട്ടൻ കൂടുതൽ മൂർത്തമായ ചില ചോദ്യങ്ങൾ ചോദിച്ച്, അവയ്ക്കുത്തരം കാണാൻ ഗ്രാമീണസമൂഹഘടനയുടെ അടിയിലേക്ക് ഇറങ്ങുന്നു. ചോദ്യങ്ങൾ സാമൂഹ്യമെന്നതിനേക്കാൾ ഭൂമിശാസ്ത്രപരമാണ്. ഒരു പ്രദേശത്തെ അധിവസിക്കുന്ന കൂട്ടായ്മകളുടെ വിതരണസമ്പ്രദായം എങ്ങനെ, എന്തുകൊണ്ട് കാണപ്പെടുന്ന പ്രത്യേകതരത്തിലായി? മനുഷ്യന്റെ തിരഞ്ഞെടുപ്പ് ഇവിടെ അത്യന്തം പ്രധാനമാകുന്നു. വിതരണമെന്നത് ഒരു പ്രത്യേകരീതിയിൽ ഒരു പ്രദേശത്തു കാണപ്പെടുന്ന സാന്നിദ്ധ്യമാണ്. എങ്കിൽ ഗ്രാമീണസമൂഹം എന്തുകൊണ്ടാണ് അതാതു രൂപം എടുക്കുന്നത്? ഇത്യാദി ചോദ്യങ്ങൾ ചോദിച്ച് മണ്ണും മനുഷ്യനും തമ്മിലുള്ള അടുപ്പം ഏറെയേറെ വെളിവാക്കുകയാണ് ഭൂമിശാസ്ത്രപഠനങ്ങൾ. കാര്യക്ഷമതയോടെ ശ്രദ്ധാപൂർവ്വം ഉപയോഗിച്ചാൽ വമ്പിച്ച ഗവേഷണസാധ്യതയുള്ള ഒരു രംഗമാണ് ഭൂമിശാസ്ത്രാപഗ്രഥനം വഴി പ്രാദേശികപഠനങ്ങൾക്കു തുറന്നുകിട്ടുന്നത്. 'ആപേക്ഷികസ്ഥാനം', 'നിരപേക്ഷിതസ്ഥാനം'എന്നീ പരികല്പനകൾ പ്രാദേശികപഠനങ്ങളിൽ അത്യന്തം പ്രയോജനകരമാണ്. ആപേക്ഷികസ്ഥാനം എന്നത് സ്ഥലങ്ങൾ തമ്മിൽ, അവിടത്തെ കുടികിടപ്പുകാർ മുഖേന ഏർപ്പെടുന്ന ബന്ധങ്ങളെക്കുറിച്ചാണ് പറയുന്നത്. നിരപേക്ഷിതസ്ഥാനമാവട്ടെ, ഓരോ സ്ഥാനത്തിന്റേയും തനിത്തനിയായ കാര്യങ്ങൾ മാത്രം അന്വേഷിക്കുന്നു. ഭൂമിശാസ്ത്രപരമായ ഈ പരികല്പനകൾ ഓരോ പ്രദേശത്തിന്റേയും കാലത്തുടർച്ചയിലൂടെയുള്ള പരിണാമക്രിയയിലേക്ക് പ്രവേശിക്കാൻ പറ്റിയ കവാടങ്ങളും കൂടിയാകുന്നു. ഒരുൽപാദനമാത്ര എന്ന നിലയിൽ പ്രാദേശികസമൂഹങ്ങളെ കാണുകയാണെങ്കിൽ ഈ പരികല്പനകൾക്ക് വമ്പിച്ച സാദ്ധ്യതകളുണ്ട്. ഈ ഉല്പാദനമാത്രകൾ കേവലം യാദൃച്ഛികമായി ഒന്നിച്ചുകൂടിയ ഘടകങ്ങളുടെ പടുകൂട്ടങ്ങളല്ല. അവ ആവശ്യാധിഷ്ഠിതങ്ങളായ ഘടനകളാണ് എന്ന് തിരിച്ചറിയാൻ കഴിയും. ആ ഘടനകളോരോന്നും മേൽഘടനകളുടെ അപേക്ഷയോ നിർദ്ദേശമോ കൂടാതെ ഉണ്ടാകുന്നവയാണ്. പുതിയൊരു അധിവാസമാത്ര

കരുപ്പിടിക്കുമ്പോൾ പരമ്പരാഗതരീതിയിലുള്ള ഒരു ഘടനയുടെ രൂപം കൈക്കൊള്ളുന്നു എന്നതാണിതിന്റെ പ്രത്യേകത[24] .

ആപേക്ഷികസ്ഥാനത്തിന്റെ രീതിയിൽ നോക്കുമ്പോൾ പ്രാദേശികസമൂഹങ്ങൾ ഒന്നും സാമ്പത്തികമായോ സാമൂഹ്യമായോ സാംസ്കാരികമായോ സ്വതന്ത്രങ്ങളോ സ്വയംസമ്പൂർണ്ണമോ അല്ല എന്നു കാണാം. അവ പലപല കാര്യങ്ങൾക്ക് മറ്റിടങ്ങളുമായി പലതരം ബന്ധങ്ങളിലേർപ്പെടുന്നു. അങ്ങനെ ഏർപ്പെടുന്ന ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ 'ദേശം'എന്ന പ്രാദേശികക്കൂട്ടായ്മകൾ പലതും ചേർന്നു രൂപപ്പെടുന്ന തറയും, അത്തരം തറകൾ തമ്മിൽത്തമ്മിൽ ബന്ധപ്പെട്ട് ഏർപ്പെടുന്ന നാട് എന്ന വിഭാഗവും ശ്രദ്ധാവിഷയമാവും. പരമ്പരാഗതമായ ഈ നാടുകളിലാണ് നാടുവാഴിസ്വരൂപങ്ങൾ അവയുടെ തട്ടകങ്ങൾ സ്ഥാപിച്ചത്. ഒട്ടുമുക്കാലും ഇത്തരം തട്ടകങ്ങളാണ് പിൽക്കാലത്ത് ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ താലൂക്കുകളായത്. ചിറക്കൽ, കോട്ടയം, കുറുമ്പ്രനാട്, വയനാട്, കോഴിക്കോട്, ഏറനാട്, പൊന്നാനി, വള്ളുവനാട്, പാലക്കാട് എന്നീ മലബാർ താലൂക്കുകൾതന്നെയാണ് കോലത്തിരി, പുറകീഴാർ, കുറുമ്പിയാതിരി, നെടിയിരുപ്പ്, പെരുമ്പടപ്പ്, വെള്ളാട്ടിരി എന്നീ സ്വരൂപങ്ങളുടെ തട്ടകങ്ങൾ. പലപ്പോഴും സ്വരൂപങ്ങൾതമ്മിലുള്ള വടംവലികളും ശക്തിപരീക്ഷണവും കാരണം തട്ടകങ്ങൾ മാറിമാറിവരാം. തട്ടകങ്ങൾ അഥവാ താലൂക്കുകൾതന്നെ ഭാഷാഭേദങ്ങളുടേയും നാടോടിവഴക്കങ്ങളുടേയും, ആചാരാനുഷ്ഠാനങ്ങളുടേയുമെല്ലാം തട്ടകം എന്നകാര്യം പ്രത്യേകം ശ്രദ്ധേയമാവുന്നു.

## 5. ജനകീയാസൂത്രണപ്രസ്ഥാനവും പ്രാദേശിക ചരിത്രരചനയും

പ്രാദേശികചരിത്രപഠനത്തിന് പുതിയ രൂപവും ഭാവവും ആവശ്യവും ഏർപ്പെട്ടത് ഒമ്പതാംപദ്ധതിക്കാലത്തെ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ വരവോടെയാണ്. ഉപജീവനമാത്രകളെന്ന നിലയിൽ വികസനത്തിന്റെ പ്രാദേശികമാത്രകളായി പ്രദേശങ്ങൾ പഠനവിഷയമായി. ഉൽപാദനമാത്രകൾ എന്ന നിലയിലല്ല, മുകളിൽനിന്ന് തിരിച്ച ഭരണവിഭാഗങ്ങളെന്ന നിലയിലാണ് പ്രദേശങ്ങൾ കാണപ്പെട്ടത്. ഇത് പ്രദേശങ്ങളുടെ വിഭവസാദ്ധ്യതകൾ പലതും കാണാതെപോകുന്നതിനും കണ്ടാൽത്തന്നെ ഉപയോഗപ്പെടുത്താൻ കഴിയാതെപോകുന്നതിനും ഇടയാക്കി. ഭൂവിനിയോഗം, സാങ്കേതികമായ തൊഴിൽത്തഴക്കവും അറിവും എന്നിവയെ വേണ്ടവണ്ണം പ്രയോജനപ്പെടുത്താൻ മാറിവന്ന ഗ്രാമീണസാഹചര്യങ്ങൾ നിമിത്തമായിട്ടുണ്ട്. എല്ലാം മുകളിൽനിന്നു കിട്ടിയിട്ടുവേണമെന്ന കാഴ്ചപ്പാടും പ്രാദേശികപഠനവും ഒന്നിച്ചുപോവുകയില്ല.

### 6. പ്രാദേശികചരിത്രവും ദേശരാഷ്ട്രചരിത്രവും

ദേശചരിത്രത്തിന്റെ നോട്ടം മുകളിൽനിന്ന് അടിയിലേക്കാണെങ്കിൽ പ്രാദേശിക ചരിത്രത്തിന്റേത് അടിയിൽ നിന്ന് മുകളിലേക്കാക്ക്ണെന്ന് പറയാം. അതുകൊണ്ടുതന്നെ ദേശചരിത്രം വിശേഷങ്ങളിൽനിന്ന് സാമാന്യങ്ങളെ കണ്ടെത്താൻ ശ്രമിക്കുമ്പോൾ പ്രാദേശികചരിത്രം സാമാന്യത്തിൽനിന്നുള്ള വ്യതിരിക്തതകൾ കണ്ടെത്താൻ ശ്രമിക്കുന്നു. കാരണം വൈവിധ്യമാണ് അതിന്റെ സ്വഭാവം. മാത്രമല്ല ദേശചരിത്രത്തെ സംബന്ധിച്ചിടത്തോളം പ്രദേശമെന്നത് കീഴ്ഘടകവും ആശ്രിതവുമായ ഒന്നാണ് എന്നാൽ പ്രാദേശികചരിത്രം പ്രദേശത്തെ ഒരുല്പാദനമാത്രയായി, അധിവാസസ്ഥാനമായി, സ്വതപ്രാമാണ്യമുള്ളതും മറ്റൊന്നിന്റെ ഭരണവിഭാഗം അല്ലാത്തതുമായ സ്ഥാനമായി കാണുന്നു. പ്രദേശത്തിന്റെ ഭൂമിശാസ്ത്രം പ്രാദേശിക പഠനത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുമ്പോൾ ദേശചരിത്രത്തിന്റെ ഊന്നൽ ചരിത്രസംഭവങ്ങളിലാണ്. ഇവിടെ ഭൂമിശാസ്ത്രം കേവലമായ ഒരു പശ്ചാത്തലം മാത്രമായാണ് പ്രവർത്തിക്കുന്നത്. പ്രാദേശിക ചരിത്രത്തെ സംബന്ധിച്ചിടത്തോളം ഭൂമിശാസ്ത്രം ആണ് ഏറ്റവും പ്രധാനപ്പെട്ടത്. പ്രമാണങ്ങൾ, സ്ഥലപ്പേരുകൾ, വികരണമാതൃകകൾ എന്നിവയൊക്കെ ദത്തശേഖരത്തിലുള്ള സ്രോതസ്സുകളായി നിലകൊള്ളും. ദേശചരിത്രം ആശ്രയിക്കുന്നത് രേഖപ്പെട്ട ഗ്രന്ഥങ്ങൾ തുടങ്ങിയവകളെ കുറിക്കുന്ന ഗവൺമെന്റ് രേഖകളെയും മറ്റുമാണ്.

### 7 പ്രാദേശിക ചരിത്രരചനയുടെ രാഷ്ട്രീയം

പ്രാദേശികചരിത്രപഠനത്തെ കേവലം ഒരു ധൈഷണികപ്രവൃത്തിയായല്ല പരിഗണിക്കേണ്ടത്. പഠനം ജീവിതപ്രശ്നങ്ങളുമായിടപെടുന്ന, നിർദ്ദേശങ്ങൾ നൽകാൻ കഴിയുന്ന, പ്രവർത്തിയാവണം. അപ്പോഴേ പ്രാദേശികചരിത്രം ഫലപ്രദമായിത്തീരുന്നുള്ളൂ. പ്രാദേശികചരിത്രത്തിന് പുതിയൊരു വികസനാദർശം മുമ്പോട്ടുവെക്കാനും പ്രാവർത്തികമാക്കാനും വേണ്ട ആശയനിർമ്മിതി സാധിക്കണം. അത് വികേന്ദ്രിതവും വൈവിധ്യപൂർണ്ണവുമായ പ്രാദേശികവികസനത്തെ ഉന്നംവെയ്ക്കുന്നതാവണം. നിലവിലുള്ള മഹാവികസനത്തിനെതിരെ ഫലപ്രദമായ വ്യവഹാരവും പ്രയോഗപദ്ധതിയും പ്രചാരപ്പെടുത്തുക എന്ന രാഷ്ട്രീയാദർശമാണ് പ്രാദേശികചരിത്രപഠനത്തിന് ഏറ്റെടുത്തു നടപ്പാക്കാനുള്ളത്.

## കുറിപ്പുകൾ

1. അതുലന്റെ മൂഷികവംശം.
2. കേരളോൽപ്പത്തിയുടെ വിവിധവഴക്കങ്ങൾ പ്രചാരത്തിലുണ്ട്. കാണുക, രാഘവവാരിയർ, കേരളോല്പത്തി, കോലത്തുനാട്ടുവഴക്കങ്ങൾ, കോഴിക്കോട് സർവ്വകലാശാല ചരിത്രവിഭാഗം. 1989
3. ഇരുപത്തിനാലു വടക്കൻ പാട്ടുകൾ, ആരോമൽ ചേകവരുടെ പാട്ടുകഥ.
4. കോഴിക്കോടൻ ഗ്രന്ഥവരി.
5. കാടഞ്ചേരി നമ്പൂതിരിയുടെ മാമാങ്കം കിളിപ്പാട്ടാണ് കൂട്ടത്തിൽ പ്രധാനം. കൊച്ചി രാജകുടുംബത്തിലെ ഒരു അന്തച്ഛിദ്രകഥ വിവരിക്കുന്ന പടപ്പാട്ട് പ്രസിദ്ധമാണ്. മാമാങ്കത്തിൽ ചാവേറായിച്ചെന്നു മരിച്ച ചെങ്ങഴി നമ്പ്യാർ,വട്ടോളി കണ്ടൻ മേനോൻ എന്നിവരെക്കുറിച്ചുള്ള പാട്ടുകളും കിളിപ്പാട്ടിന്റെ രൂപം സ്വീകരിക്കുന്നു. കെ.വി. കൃഷ്ണയ്യർ, രണ്ടു ചാവേർ പാട്ടുകൾ, കോഴിക്കോട്.
6. V. Narayana Rao, D. Schulman and Sanjay Subramaniam, Textures of Time, Permenant Black: Delhi, 2001, p.4
7. ഈ പ്രശ്നത്തിന്റെ വിസ്തരിച്ച ചർച്ചക്കും നിരീക്ഷണങ്ങൾക്കും കാണുക: എം. ആർ. രാഘവവാരിയർ, മലയാളിയുടെ ചരിത്രബോധം കോളനിവാഴ്ചക്കുമുമ്പ്,
8. ചിറക്കൽ, ടി. ബാലകൃഷ്ണൻ നായർ, കേരളഭാഷാഗാനങ്ങൾ, 1 ാം ഭാഗം തൃശ്ശൂർ, കേരളസാഹിത്യസമിതി. 1979.
9. ഇരുപത്തിനാലു വടക്കൻപാട്ടുകൾ.
10. കൃഷ്ണൻ, പയേരി.
11. Thomas R Metcalf, Idioligies of the Raj, Cambridge University Press,1998,p.5
12. Ibid. see also, Alexander Dow, History of Hindustan (3 volis) vol.3 London 1770.
13. ദേശത്തെ ഭൂമിയുടെ സ്വഭാവം, വിളകൾ, ഉടമസ്ഥത, സമുദായവിവരം എന്നുവേണ്ട, പ്രദേശത്തെക്കുറിച്ചുള്ള സകല വിവരങ്ങളും ഇവയിൽ രേഖപ്പെട്ടു കിടക്കുന്നു.
14. കെ.പി. പത്മനാഭമേനോൻ, കൊച്ചിരാജ്യചരിത്രം (ഭാരതവിലാസം തൃശ്ശൂർ 1912), (മാതൃഭൂമി പതിപ്പ് 1989).
15. Manroe's Report Dated 15 th May 1806.Mark Wilks, Historical Sketches of the South India in an attempt to study the History of Mysore. 1810 Murray Hurmick Mysore, 1930.vol 1.p.139.
16. Luis Dumont, Viilage Community from Munro to Maine : Religion , Politics and History in India, Paris,1970.
17. Thomas R. Metcalf, Ideologies of the Raj. p.26
18. D.D. Kosambi, Culture and civilisation of Anciant india in Historical Outline, Delhi, p.17
19. Hentry S. Maine, Villege Communitis in the east and the west,1871.

20. Baden Powel, The Origin and Growth of the Village Communities in India, London 1899. Johnson Reprint corporation,1970 The auther gives an idia about this intention in studying the subject afresh.p. 2.

21. M.N.Srinivas, India's Villages, (Second edn.) 1960 Bombay, 1963 (first pub.1955).

22. A.R.Kulkarni, The Indian Villages with spl. Ref to Medeival Deccan, Genaral President's Address, 52 th session,IHC, Delhi,1992.

23. George Kurian, 'Population and its Distribution in Kerala', Journal of Madras Geographic Association, No 13 x 14(1938-39)

24. രാഘവവാരിയർ, ഗ്രാമീണസമൂഹരൂപീകരണം, കേരളീയത ചരിത്രമാനങ്ങൾ, ശുകപുരം,1990. see also, Village Communities in Pre-colonial Kerala, PNSI, Mysore/Delhi, 1994.

*mrvarier@gmail.com*

# ഗവേഷണവും പ്രബന്ധരചനയും

**എൻ. അജയകുമാർ**
റിട്ട.. പ്രൊഫസർ, കാലടി സർവകലാശാല

### സംഗ്രഹം

മലയാള ഭാഷാസാഹിത്യ ഗവേഷണചരിത്രത്തെ സൂചിപ്പിച്ചുകൊണ്ട് വിഷയ സ്വീകരണം മുതൽ പ്രബന്ധരചനവരെയുള്ള ഗവേഷണ പ്രക്രിയയുടെ പിന്നിലെ യുക്തിയും സമീപനവും നിലപാടും വിശകലനം ചെയ്യുന്നു.

**താക്കോൽവാക്കുകൾ:** ആശയവ്യവസ്ഥ- സിദ്ധാന്താഭിമുഖ്യം - ബന്ധ കല്പനകൾ - നിഷേധത്തെളിവുകൾ - ജ്ഞാനോല്പാദനം - വിമർശനാത്മകജ്ഞാനം - സൈദ്ധാന്തികസമീക്ഷ - വീക്ഷണപദ്ധതി - സങ്കല്പന പരചോദ്യങ്ങൾ

സർവകലാശാലകളും കലാലയങ്ങളിലെ ഗവേഷണകേന്ദ്രങ്ങളും നല്കുന്ന സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള മലയാളഗവേഷണം ഇപ്പോൾ മുമ്പെങ്ങുമില്ലാത്ത വളർച്ച കൈവരിച്ചിട്ടുണ്ട്. സർവകലാശാലകളുടെ എണ്ണം കൂടി. ഗവേഷണകേന്ദ്രങ്ങളുള്ള കലാലയങ്ങളുടെ എണ്ണവും വർദ്ധിച്ചു. പരപ്പുകൂടിയപ്പോൾ സ്വാഭാവികമായി ഗുണനിലവാരത്തിൽ കുറവുസംഭവിക്കുന്നുണ്ടാവും. അതു തിരിച്ചറിഞ്ഞ് പരിഹരിക്കാൻ ശ്രമിക്കേണ്ടത് ഗവേഷണമേഖലയിൽ പ്രവർത്തിക്കുന്നവരുടെ ചുമതലയാണ്. ഗവേഷണസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവരിൽ ആ ഉത്തരവാദിത്വബോധം വളർന്നുവരുന്നതിന്റെ ഒരു സൂചനയാണ് ഗവേഷണരീതിശാസ്ത്ര (research methodology) ത്തെക്കുറിച്ച് അടുത്തകാലത്ത് പരിഗണനീയമായ തോതിൽ കണ്ടുവരുന്ന താത്പര്യമെന്നു തോന്നുന്നു. പ്രബന്ധരചനയിൽ ശ്രദ്ധിക്കേണ്ടതെന്നു തോന്നിയ ചില കാര്യങ്ങളെക്കുറിച്ചു പറയുന്നത് ഈ രീതിശാസ്ത്രതാത്പര്യത്തിന്റെ

വെളിച്ചത്തിലാകുന്നത് നന്നായേക്കും.

മലയാളത്തിൽ ഗവേഷണത്തിനു സൗകര്യമുള്ള സ്ഥാപനങ്ങളിലെല്ലാം തന്നെ ഇപ്പോൾ രീതിശാസ്ത്രത്തെക്കുറിച്ചുള്ള സെമിനാറുകളും ശില്പശാലകളും നടക്കുന്നുണ്ട്. ഗവേഷണത്തിൽ രീതിശാസ്ത്രത്തിന്റെ പ്രസക്തിയെക്കുറിച്ചുള്ള ആലോചനകൾ മുമ്പെങ്ങും ഈ അളവിൽ ഉണ്ടായിരുന്നില്ല. സ്വച്ഛന്ദതയെ തടയുന്ന നിയന്ത്രണമായി അതിനെ കണ്ടിരുന്നവരും കുറവായിരുന്നില്ല. 1961-ലാണ് കേരളസർവകലാശാലയിൽ നിന്ന് മലയാളവിഷയത്തിൽ ഇംഗ്ലീഷിൽ രചിച്ച ആദ്യത്തെ ഗവേഷണപ്രബന്ധം വരുന്നത്. വി.ആർ. പ്രബോധചന്ദ്രൻ നായരുടെ 'കൃഷ്ണഗാഥയിലെ ഭാഷയെക്കുറിച്ചുള്ള പഠനം'. അതിന് പത്തുവർഷം മുമ്പ് മദ്രാസ് സർവകലാശാലയിൽ നിന്ന് കേരളത്തിലെ നാടോടിനാടകങ്ങളെപ്പറ്റിയുള്ള എസ്.കെ. നായരുടെ പ്രബന്ധം വന്നു. കെ.എം. ജോർജിന്റെ രാമചരിതവും പ്രാചീനമലയാളവും എന്ന പ്രബന്ധവും. മലയാളത്തിൽ കാര്യമായ തോതിൽ ഔപചാരിക ഗവേഷണം തുടങ്ങിയിട്ട് അറുപതുവർഷമേ ആയുള്ളുവെന്നർത്ഥം. രീതിശാസ്ത്രത്തെപ്പറ്റി മലയാളത്തിൽ ആദ്യത്തെ പുസ്തകം പുറത്തുവന്നത് 1976-ലാണ്. കെ. രാമചന്ദ്രൻ നായരും പി.വി. വേലായുധൻ പിള്ളയും സമാഹരിച്ച് കേരളസർവകലാശാല പ്രസിദ്ധീകരിച്ച 'ഗവേഷണത്തിന്റെ പ്രശ്നങ്ങൾ' എന്ന പ്രബന്ധസമാഹാരമാണത്. ഗവേഷണവും വിമർശനവും തമ്മിലുള്ള അതിർവരമ്പിനെക്കുറിച്ചുള്ള ആലോചനകളും ഗവേഷണം കൂടുതൽ ധൈഷണികമായ പ്രവർത്തനമാണെന്ന വീക്ഷണവും അതിലെ ചില പ്രബന്ധങ്ങളിൽ കാണാനാവും. അക്കാദമിക് എന്നു വിശേഷിപ്പിക്കാവുന്ന സാഹിത്യവിമർശനസമ്പ്രദായം മലയാളത്തിൽ സാന്നിധ്യമുറപ്പിച്ചുകഴിഞ്ഞ കാലവുമാണത്. എന്നാൽ അന്ന് കൂടുതൽ ശ്രദ്ധയാകർഷിച്ചിരുന്നത് ആധുനികതാവാദനിരൂപണമാണ്. ഈ സാഹചര്യത്തിലാണ് ഗവേഷണം സ്വന്തം മാർഗങ്ങളെക്കുറിച്ച് കാര്യമായി ചിന്തിക്കാൻ തുടങ്ങിയത്. പക്ഷേ അന്നതിന് വലിയ സ്വീകാര്യതയൊന്നും കിട്ടിയിരുന്നതായി തോന്നുന്നില്ല.

ഈ പുസ്തകത്തെ തുടർന്ന് 1981-ൽ ചാത്തനാത്ത് അച്യുതനുണ്ണിയുടെ സാഹിത്യഗവേഷണം പ്രബന്ധരചനയുടെ തത്ത്വങ്ങൾ എന്ന പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടു. ശീർഷകം, അധ്യായവിഭജനം, കുറിപ്പുകൾ, ഗ്രന്ഥസൂചി മുതലായ രചനാപരമായ വിഷയങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന ഗ്രന്ഥമാണത്. മലയാളഗവേഷകരുടെയിടയിൽ വലിയ പ്രചാരം ലഭിച്ച പുസ്തകമാണത്. അതിന്റെ പരിഷ്കരിച്ച വിപുലീകരിച്ച

പതിപ്പ് പിന്നീട് പ്രസിദ്ധീകരിച്ചു. 1982-ൽ പ്രസിദ്ധീകരിച്ച കെ.എം. പ്രഭാകരവാരിയരുടെ ഗവേഷണപദ്ധതിയാണ് ഈ വിഷയത്തിലെ മൂന്നാമത്തെ ഗ്രന്ഥം. ആധുനികസ്വഭാവത്തോടുകൂടിയ വൈജ്ഞാനിക പ്രവൃത്തി എന്ന നിലയിൽ ഗവേഷണത്തെ നോക്കിക്കാണുന്ന ഗ്രന്ഥമാണത്. ശാസ്ത്രീയവീക്ഷണം, യുക്തിചിന്ത, താർക്കികത മുതലായവ ഗവേഷണത്തിൽ പ്രധാനമാണെന്ന വീക്ഷണം അതിലുണ്ട്. ഭാരതീയവും പാശ്ചാത്യവുമായ തർക്കശാസ്ത്രനിയമങ്ങൾ പരിചയപ്പെടുത്തുന്നത് ആധുനികഗവേഷണത്തിൽ അവ പ്രസക്തമാണെന്ന അടിസ്ഥാനത്തിലാണ്.

ഏതാണ്ട് ഈ കാലയളവിലാണ് മലയാളത്തിൽ എം.ഫിൽ കോഴ്സ് തുടങ്ങുന്നതെന്നതും ശ്രദ്ധേയമാണ്. മദ്രാസ് സർവകലാശാലയിലും കേരളസർവകലാശാലയിലും 1976-ലും കോഴിക്കോട് സർവകലാശാലയിൽ 1977-ലും എം.ഫിൽ തുടങ്ങി. ഇപ്പോൾ എം.ഫിൽ കോഴ്സ് നിർത്തലാക്കാൻ കേന്ദ്രഗവൺമെന്റിന്റെ വിദ്യാഭ്യാസ നയരൂപീകരണകേന്ദ്രങ്ങൾ തീരുമാനിച്ചിരിക്കുകയാണല്ലോ. അങ്ങനെ നോക്കുമ്പോൾ കഷ്ടിച്ച് അരനൂറ്റാണ്ടിന്റെ ചരിത്രമാണ് മലയാളത്തിൽ എം.ഫിലിന് ഉള്ളതെന്നു പറയാം. പിഎച്ച്.ഡി.-ക്ക് രീതിശാസ്ത്രം ക്ലാസ്സിൽ പഠിപ്പിക്കാറില്ലെങ്കിലും എം.ഫിലിന് അതൊരു പാഠ്യവിഷയമാണ്. മേല്പറഞ്ഞ പുസ്തകങ്ങൾ അതിന് ഉപയോഗിച്ചുവന്നിട്ടുമുണ്ട്. എം.ഫിൽ. എടുത്തവരെല്ലാം തുടർന്ന് ഗവേഷണം ചെയ്യണമെന്നില്ലെങ്കിലും രീതിശാസ്ത്രത്തെപ്പറ്റിയുള്ള ധാരണ ഗവേഷണത്തിൽ പ്രധാനമാണെന്ന ബോധം എം.ഫിൽ പഠനം ഉറപ്പിച്ചുവെന്നു പറയാം.

പക്ഷേ, ആ കാലത്തൊന്നും—കഴിഞ്ഞ നൂറ്റാണ്ടിന്റെ ആറും ഏഴും എട്ടും ദശകങ്ങളിൽ—രീതിശാസ്ത്രചിന്തയ്ക്കോ ഗവേഷണത്തിനുതന്നെയോ പൊതുസമൂഹം വലിയ വിലയൊന്നും കല്പിച്ചിരുന്നില്ലെന്നതും ശരിയാണ്. അവയെ പരിഹാസത്തോടെ കണ്ടിരുന്നവരും കുറവായിരുന്നില്ല. എഴുത്തച്ഛന്റെ കൃതികളിൽ എത്ര 'ക'ഉണ്ടെന്നു കണ്ടുപിടിക്കുന്നതാണു മലയാളത്തിലെ ഗവേഷണമെന്ന് നമ്മുടെ ഒരു പ്രസിദ്ധ സാഹിത്യകാരൻ മദ്രാസിലെ ഒരു പൊതുവേദിയിൽ വെച്ചു പരിഹസിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ പരിഹാസത്തെ പരിഹസിക്കാൻ വേണ്ടിയല്ല ഇക്കാര്യം സൂചിപ്പിച്ചത്. നേരെ മറിച്ച്, മലയാളഗവേഷണത്തെക്കുറിച്ച് സമീപകാലത്തുതന്നെ ഉണ്ടായിരുന്ന സാമാന്യധാരണ ഓർമിപ്പിക്കാൻ വേണ്ടിയാണ്. ഇന്നാരും ഈ രീതിയിൽ മലയാളത്തിലെ ഗവേഷണങ്ങളെ പരിഹസിക്കുമെന്നു തോന്നുന്നില്ല.

പക്ഷേ, അന്നങ്ങനെയൊരു സാമാന്യധാരണ

പ്രബലമായിരുന്നതുകൊണ്ടാവാം, പിന്നീട് ഏതാണ്ട രണ്ടു ദശകത്തോളം രീതിശാസ്ത്രത്തെക്കുറിച്ച് മലയാളത്തിൽ പുസ്തകങ്ങളൊന്നുമുണ്ടായില്ല. നാം പരാമർശിച്ച ഗ്രന്ഥങ്ങൾ തന്നെ എം.ഫിൽ. പാഠപുസ്തകങ്ങളെന്ന നിലയിലാണ് പ്രധാനമായും ഉപയോഗിക്കപ്പെട്ടതെന്നു തോന്നുന്നു. എന്നാൽ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈ വിഷയത്തിൽ മലയാളത്തിൽ രണ്ടുമൂന്നു പുസ്തകങ്ങൾ ഉണ്ടായി. എം.വി. വിഷ്ണുനമ്പൂതിരിയുടെ ഗവേഷണപ്രവേശിക (2001), നടുവട്ടം ഗോപാലകൃഷ്ണന്റെ ഗവേഷണരീതിശാസ്ത്രം (2002), ഡി. ബഞ്ചമിന്റെ സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം (2009) എന്നിവ. പിന്നീട് ഈ നൂറ്റാണ്ടിന്റെ രണ്ടാം ദശകാവസാനത്തോടെ ചില രീതിശാസ്ത്രപുസ്തകങ്ങൾ പുറത്തുവന്നു. തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല പുറത്തിറക്കിയ രണ്ടു ഗ്രന്ഥങ്ങൾ ശ്രദ്ധേയമാണ്. 'ഗവേഷണപഠനവും രീതിശാസ്ത്രവും അറിവുത്പാദനത്തിന്റെ പുതുവഴികൾ' (എഡി.: ടി. അനിതകുമാരി, രാധാകൃഷ്ണൻ ഇളയിടത്ത്, 2017), മലയാളഗവേഷണം ചരിത്രവും വർത്തമാനവും (എഡി: ടി. അനിതകുമാരി, അശോക് ഡിക്രൂസ്, 2019) എന്നിവ. തുടർന്ന് അശോക് ഡിക്രൂസിന്റെ മലയാളഗവേഷണം റഫറൻസിന്റെ രസതന്ത്രം, ഗവേഷണത്തിന്റെ രീതിയും നീതിയും തുടങ്ങിയ പുസ്തകങ്ങൾ പുറത്തുവന്നു. അടുത്തകാലത്ത് രവിശങ്കർ എസ്. നായരുടെ 'സാഹിത്യഗവേഷണം സിദ്ധാന്തവും പ്രയോഗവും' പുറത്തിറങ്ങി. സാമാന്യമായി പറഞ്ഞാൽ ഗവേഷണത്തിന്റെ പ്രായോഗികവശങ്ങളെപ്പറ്റിയും പ്രബന്ധരചനയുടെ ഔപചാരികതകളെപ്പറ്റിയുമാണ് ഇവയും പ്രതിപാദിക്കുന്നത്. പക്ഷേ, ഗവേഷണം, രീതിശാസ്ത്രം എന്നിവയെക്കുറിച്ചുള്ള പരിഹാസം ഈ കാലയളവോടെ ഒട്ടൊക്കെ കുറഞ്ഞുവെന്നതു ശ്രദ്ധേയമാണ്.

ഈ കാലയളവിൽ മലയാളപഠനമേഖലയിൽ സംഭവിച്ച ഒരു പ്രധാനകാര്യം 'തിയറി'യുടെ പ്രവേശമാണ്. സിദ്ധാന്തങ്ങൾ മുമ്പും മലയാളപഠനത്തിൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ടെങ്കിലും തിയറി എന്നു പൊതുവേ വ്യവഹരിക്കപ്പെടുന്നത് ഘടനാവാദ-അനന്തരചിന്തകളാണ്. ഇക്കാലത്താണ് മലയാളം പ്രധാനമായും ഈ ചിന്താപദ്ധതികളെ പരിചയപ്പെടുന്നത്. മലയാളത്തിൽ ചിന്തയുടെ ആവിഷ്കാരം ഏറിയകൂറും സാഹിത്യത്തിലൂടെ ആയിരുന്നതുകൊണ്ടാവാം, ഈ സിദ്ധാന്തങ്ങളെല്ലാം സാഹിത്യം മനസ്സിലാക്കുന്നതിനുള്ള ഉപാധികളായാണ് ഒരു പരിധിവരെ സ്വീകരിക്കപ്പെട്ടത്. അതോടെ പഴയമട്ടിലുള്ള സാഹിത്യവിമർശനം മെല്ലെ പിൻവലിഞ്ഞുതുടങ്ങി. തൽസ്ഥാനത്ത് സൈദ്ധാന്തികവിശകലനങ്ങൾക്ക് പ്രാമുഖ്യമേറി. ഇത് ധാരാളം വിമർശിക്കപ്പെട്ടിട്ടുണ്ടെങ്കിലും സാഹിത്യവിമർശനത്തിൽ ചില അഴിച്ചുപണികൾ

ആവശ്യമാണെന്ന ചിന്ത പ്രധാനമായി. മലയാളഗവേഷണമേഖലയെ നവീകരിക്കുന്നതിനും - അതിന്റെ സ്വഭാവം വിമർശിക്കപ്പെട്ടിട്ടുണ്ടെങ്കിലും - ഈ സിദ്ധാന്താഭിമുഖ്യം കാരണമായി. ഗവേഷണത്തിൽ സിദ്ധാന്തത്തിനും സിദ്ധാന്തീകരണത്തിനുമുള്ള സ്ഥാനം തിരിച്ചറിയപ്പെട്ടു. മുമ്പ് ഗവേഷണത്തിനുണ്ടായിരുന്ന ദുഷ്പേരിന് ഒരു കനക്കുറവുവന്നു. ഗവേഷണത്തിൽ സിദ്ധാന്തത്തിനുള്ള സ്ഥാനത്തെപ്പറ്റിയും സജീവമായ ചിന്തയുണ്ടായി. സിദ്ധാന്തത്തെ ആത്യന്തികതത്ത്വമെന്ന നിലയിൽ മനസ്സിലാക്കുന്നതിനു പകരം വിഷയത്തിൽ പ്രവർത്തിക്കുന്നതിനുള്ള ഉപാധിയായി കാണാൻ തുടങ്ങി. ഒരു കാര്യത്തെ വിശദീകരിക്കാൻ പ്രാപ്തമായതും വിശദീകരിക്കേണ്ട വസ്തുതയിൽ നിന്ന് സ്വതന്ത്രമായതും പൊതുതത്ത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതുമായ ആശയവ്യവസ്ഥയാണ് സിദ്ധാന്തം എന്ന് സ്കറിയാ സക്കറിയ സിദ്ധാന്തത്തെ വിവരിക്കുന്നത് ഈ സന്ദർഭത്തിൽ പ്രസക്തമാണ് (2017: 48).

ഏതെങ്കിലും വിഷയമേഖലയിൽ അഗാധജ്ഞാനമുള്ളവർ ചില വാദഗതികൾ സമർത്ഥിക്കുന്നതിനുവേണ്ടി വളരെക്കാലമെടുത്തു ചെയ്യുന്ന തരം ഗവേഷണങ്ങളല്ല ഇന്ന് മലയാളത്തിൽ സാമാന്യമായി നടക്കുന്നത്. അങ്ങനെയുള്ളവ തീരെയില്ലെന്നല്ല പറയുന്നത്. പക്ഷേ, സർവകലാശാലകളിലെയോ കലാലയങ്ങളിലെയോ ഗവേഷണകേന്ദ്രങ്ങളിൽ സമയബന്ധിതമായി നടക്കുന്നവയാണ് അധികം. നാലോ അഞ്ചോ ചിലപ്പോൾ ആറോ കൊല്ലമാണ് ഇതിന് അനുവദിച്ചിട്ടുള്ളത്. പല ഗവേഷണങ്ങളും ആ കാലയളവിൽ തീരാറില്ലെങ്കിലും ഈ സമയപരിധി പ്രധാനമാണ്. എം.എ., എം.ഫിൽ എന്നിവയ്ക്കുശേഷം ചെയ്യുന്ന ഒരു കോഴ്സാണിത്. വിഷയമേഖലയിൽ അഗാധജ്ഞാനം ആർജിക്കുക, അതിൽ നിന്ന് ഗവേഷണപ്രശ്നം ഉന്നയിക്കുക, വേണ്ടത്ര സന്നാഹങ്ങളോടെ അത് പരിഹരിക്കുക എന്നതെല്ലാം ചുരുങ്ങിയ ഈ കാലത്തിനുള്ളിൽ വേണം. തീവ്രമായ പരിശീലനമില്ലാതെ അതു സാധ്യമല്ല. ഇതിന് സ്ഥാപനങ്ങളുടെ പിന്തുണ ആവശ്യമാണ്. ഗവേഷണം ചെയ്ത് കണ്ടെത്തിയ വസ്തുതകൾ പ്രബന്ധരൂപത്തിൽ എഴുതുന്നതിനും പരിശീലനം വേണം. പിഎച്ച്.ഡി.ക്ക് കോഴ്സ് വർക്ക് നിർബന്ധമാക്കുന്നതിന്റെ ഒരു കാരണം ഇതാണ്. വിദേശത്തെ പല സർവകലാശാലകളിലും ഇത് മൂന്നുവർഷം നീണ്ടുനില്ക്കുന്ന തീവ്രമായ പഠനമാണെന്ന് പ്രബന്ധരചനയെക്കുറിച്ചുള്ള ചില പുസ്തകങ്ങളിൽ കണ്ടിട്ടുണ്ട്. നമുക്ക് അത്രയൊന്നുമില്ലെങ്കിലും, പലപ്പോഴും അത് ചടങ്ങായി ചുരുങ്ങാറുണ്ടെങ്കിലും, കോഴ്സ് വർക്ക് നിർബന്ധമാണെന്നു വന്നത് നല്ല ലക്ഷണം തന്നെയാണ്.

മലയാളത്തിലെ രീതിശാസ്ത്രഗ്രന്ഥങ്ങളിൽ ശ്രദ്ധേയമാണല്ലോ കെ.എം. പ്രഭാകരവാരിയരുടെ ഗവേഷണപദ്ധതി. വിജ്ഞാനത്തെപ്പറ്റി പറഞ്ഞുകൊണ്ടു തുടങ്ങുന്ന അത് ഗവേഷണത്തെ വൈജ്ഞാനികപ്രവർത്തനമായി കാണുന്നു. ആ ഗ്രന്ഥത്തിലെ സമീപനം ആധുനിക ലോകവീക്ഷണത്തിന്റേതാണെന്നതുകൊണ്ട് അതങ്ങനെതന്നെ ഇപ്പോൾ സ്വീകരിക്കാൻ കഴിയുമോ എന്നു സംശയമാണെങ്കിലും അതിലെ പല വിശദീകരണങ്ങളും നിരീക്ഷണങ്ങളും പ്രസക്തങ്ങളാണ്. അച്ചടക്കത്തോടെയും യുക്തിബോധത്തോടെയുമുള്ള ചിന്തയ്ക്ക് അദ്ദേഹം വലിയ പ്രാധാന്യം നല്കുന്നു. അത് സ്വാഭാവികമായി വരുന്നതല്ല. പരിശീലിക്കാവുന്നതും പരിശീലിക്കേണ്ടതുമാണ്. ഇന്ത്യൻ തർക്കശാസ്ത്രതത്ത്വങ്ങളും പാശ്ചാത്യതർക്കശാസ്ത്രതത്ത്വങ്ങളും പ്രാധാന്യത്തോടെ വിവരിക്കുന്നുണ്ട്. ഗവേഷണത്തിൽ തർക്കശാസ്ത്രപ്രമാണങ്ങൾക്കു നല്ല സ്ഥാനമുണ്ടെന്നാണാ ഗ്രന്ഥത്തിന്റെ നിലപാട്. അവ അതേ നിലയിൽ ഗവേഷണവിദ്യാർത്ഥികളെ പരിശീലിപ്പിക്കാനാവുമോ എന്നു സംശയം തോന്നാമെങ്കിലും അവയെക്കുറിച്ചുള്ള അറിവ് ചിന്തയുടെ സൂക്ഷ്മതയ്ക്ക് പ്രയോജനപ്പെടും. ഗവേഷണത്തിൽ പരികല്പന (hypothesis) യുടെ പ്രാധാന്യത്തെപ്പറ്റി പറയുന്നതും പ്രസക്തമാണ്. വിഷയത്തെക്കുറിച്ചുള്ള പൂർവധാരണയിൽ നിന്നാണ് പരികല്പനകൾ രൂപവത്കരിക്കുന്നത്. ഒരുവിഷയത്തിലേക്കുള്ള ആദ്യനോട്ടമല്ല, പൂർവധാരണകൾ ആർജിച്ചിട്ടുള്ള വിഷയമേഖലയിൽ പുതിയ വാദഗതികൾ അവതരിപ്പിക്കലാണ് ഗവേഷണത്തിൽ വേണ്ടതെന്നർത്ഥം. മുൻ കാലപരിചയത്തിൽ നിന്നു ലഭിച്ച അറിവുകൾക്കു നിരക്കുന്നതാകണം പരികല്പനയെന്നും അത് അവ്യക്തമായിരിക്കരുതെന്നും നിഗമനങ്ങൾ സാധ്യമാകുന്ന തരത്തിലുള്ളതാവണമെന്നുമെല്ലാം വിശദീകരിക്കുന്നതും ശ്രദ്ധേയമാണ്. ഈ പുസ്തകത്തിലെ ഒരധ്യായം നിർവചനം എന്നതാണ്. അറിയാത്ത ഒരു പദം മറ്റൊരാൾക്കു പറഞ്ഞുകൊടുക്കുന്ന ഒരു രീതി എന്നു ലളിതമായി പറഞ്ഞുതുടങ്ങുന്നു (മറ്റൊരു രീതി വിവരണം). തുടർന്ന് നിർവചനനിയമങ്ങൾ, നിർവചനഭേദങ്ങൾ, നിർവചനാതീതമായ പ്രതിഭാസങ്ങൾ എന്നിവയെക്കുറിച്ച് വിവരിക്കുന്നു. നിർവചിക്കപ്പെടുന്ന വസ്തുവിന്റെ അവശ്യഗുണങ്ങളേ നിർവചനത്തിൽ ഉണ്ടാകാവൂ, നിർവചനത്തിൽ അവ്യാപ്തി-അതിവ്യാപ്തിദോഷങ്ങൾ പാടില്ല, ഭാഷ എളുപ്പത്തിൽ അർത്ഥബോധം ജനിപ്പിക്കണം എന്നെല്ലാം നിർവചനനിയമങ്ങൾ സംഗ്രഹിക്കുന്നു. ഗവേഷണത്തിൽ ഇതെങ്ങനെ പ്രസക്തമാകുന്നു? ഗവേഷണപ്രബന്ധത്തിൽ ഉപയോഗിക്കുന്ന സങ്കല്പനങ്ങൾ വിശദീകരിക്കുകയും പദപ്രയോഗങ്ങൾ നിർവചിക്കുകയും വേണം.

അങ്ങനെയല്ലാതെ പദങ്ങൾ പ്രയോഗിക്കുന്നതുകൊണ്ടുള്ള സൂക്ഷ്മതക്കുറവ് പല പ്രബന്ധങ്ങളിലും കാണാറുണ്ട്. അതുപോലെ പ്രബന്ധരചനയെ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യം തന്നെയാണ് അനുബന്ധചതുഷ്ടയം. ഒരു ശാസ്ത്രം, ഇവിടെ വിജ്ഞാനം അവതരിപ്പിക്കുമ്പോൾ ആദ്യം തന്നെ അതിനെക്കുറിച്ചുള്ള നാലു കാര്യങ്ങൾ വ്യക്തമാക്കണം. വിഷയം, പ്രയോജനം, സംബന്ധം, അധികാരം എന്നിവയാണവ. അവതരിപ്പിക്കുന്ന വിഷയത്തിന്റെ സ്വഭാവവും പരിധിയും വിശദീകരിക്കുന്നതാണ് ആദ്യത്തേത്. വിഷയം ഏതുതരത്തിൽ പ്രയോജനപ്പെടുമെന്നു വിവരിക്കുന്നത് രണ്ടാമത്തേത്. പരോക്ഷപ്രയോജനവുമാകാം. പ്രതിപാദ്യപ്രതിപാദകഭാവബന്ധമാണ് സംബന്ധം. പല സമീപനമാർഗങ്ങളിൽ ഏതു സ്വീകരിക്കുന്നുവെന്നു വ്യക്തമാക്കണമെന്നർത്ഥം. ആർക്കുവേണ്ടിയാണു രചന എന്നു വ്യക്തമാക്കുന്നതാണ് അധികാരം. ഈ നാലു കാര്യങ്ങളെക്കുറിച്ചും വ്യക്തമായ ധാരണയോടെ രചിക്കുന്ന പ്രബന്ധം അങ്ങനെയല്ലാത്തവയെ അപേക്ഷിച്ച് മേന്മയുള്ളതായിരിക്കും.

ശേഖരിച്ച വസ്തുതകളെ വർഗീകരിക്കുകയും വ്യവസ്ഥീകരിക്കുകയും ചെയ്യുന്നത് ഗവേഷണത്തിന്റെ ആദ്യപടിയാണ്. വ്യവസ്ഥീകരിക്കപ്പെട്ട വസ്തുതകളെ അവയുടെ പരസ്പരബന്ധം മുൻനിർത്തി വിശകലനം ചെയ്യുന്നു. ഈ വിശകലനത്തിലും അടുത്തപടിയായ വ്യാഖ്യാനത്തിലും സിദ്ധാന്തങ്ങളുടെ പിന്തുണ ആവശ്യമായിവരും. വ്യാഖ്യാനത്തിനു നമ്മെ തുണയ്ക്കുന്ന ആശയവ്യവസ്ഥയാണു സിദ്ധാന്തം. ചിന്തിക്കുന്നതിനുള്ള മാതൃകകൾ എന്ന നിലയിലുമാണവ പ്രവർത്തിക്കുന്നത്. പോസിറ്റിവിസം, പോസിറ്റിവിസാനന്തരചിന്തകൾ, ഇന്റർപ്രെറ്റീവിസം, കൺസ്ട്രക്ടിവിസം, വ്യാഖ്യാനശാസ്ത്രം, സ്ത്രീവാദങ്ങൾ, വംശീയതയെയും വർണവിവേചനത്തെയും പറ്റിയുള്ള വ്യവഹാരങ്ങൾ, വിമർശനാത്മകസിദ്ധാന്തം, മാർക്സിസ്റ്റ് ചിന്താമാതൃകകൾ, ക്വീർ തിയറി എന്നിങ്ങനെയുള്ള വിചാരമാതൃകകൾ സിദ്ധാന്തത്തെ രീതിശാസ്ത്രവുമായി കൂട്ടിയിണക്കുന്നു (Given, 2008: 870). ഇവയിൽ പലതും വസ്തുതകളുടെ വിശദീകരണത്തിന് നമുക്കും ആശ്രയിക്കാവുന്നതാണ്. ജാതിപോലുള്ള സംവർഗങ്ങൾ നമുക്ക് ഇവയോടു കൂട്ടിച്ചേർക്കാവുന്നതുമാണ്. ഒരു വിഷയത്തെ സമകാലികമായി വ്യാഖ്യാനിക്കുന്നതിന് ഇത്തരം ആശയവ്യവസ്ഥകളുടെ സഹായം ആവശ്യമായി വരും. ഗവേഷണത്തിൽ സിദ്ധാന്തം പ്രസക്തമാണെന്നു പറയുമ്പോൾ അതേ അർത്ഥമാക്കുന്നുള്ളൂ; അഥവാ അത് അർത്ഥമാക്കുന്നുണ്ട്.

സർവകലാശാലാഗവേഷണം ലക്ഷ്യം വയ്ക്കുന്നത് വിജ്ഞാനോത്പാദനമാണല്ലോ. അത് വിമർശനാത്മകവിജ്ഞാനമാകേണ്ടതും ആവശ്യമാണ്.

അതിന് ആശയവ്യവസ്ഥകൾ തരുന്ന ദിശാസൂചനകൾ ഉപയോഗിക്കാവു ന്നതാണന്നർത്ഥം.

അറിവിനെക്കുറിച്ചുള്ള ആധുനികവീക്ഷണത്തിൽ വസ്തുനിഷ്ഠതയും യുക്തിഭദ്രതയും അടിസ്ഥാനപ്രമാണങ്ങളായി. കണ്ടെത്തിയ അറിവ് അവതരിപ്പിക്കുന്നതിന് കഴിയുന്നത്ര അലങ്കാരരഹിതമായ ഭാഷ ആവശ്യ മാണെന്നും കരുതി. ഇവയൊക്കെ വിലപ്പെട്ട ആശയങ്ങൾ തന്നെയാണ്. പക്ഷേ, വസ്തുനിഷ്ഠം-ആത്മനിഷ്ഠം, യുക്തി-ഭാവന എന്നീ ദ്വന്ദ്വങ്ങളെ തീർത്തും വിരുദ്ധങ്ങളായി കാണാനാവുമോ? ആധുനികതയുടെ വീക്ഷണപദ്ധതികൾ ചോദ്യം ചെയ്യപ്പെടുന്ന അനന്തരകാലത്ത് അവയെക്കുറിച്ച് വീണ്ടുവിചാരങ്ങൾ നടക്കുന്നില്ലേ? അവകൂടി ഉൾക്കൊണ്ട് ഗവേഷണത്തെ സങ്കല്പനപരമായി നവീകരിക്കേണ്ടതില്ലേ? എങ്കിലല്ലേ ഗവേഷണം കൂടുതൽ ഫലപ്രദമാകൂ?

മലയാളപഠനത്തിന്റെ മേഖലകൾ ഇന്ന് മുമ്പെന്നതിനെക്കാൾ വിപുലമാ യിട്ടുണ്ട്. ഗവേഷണപദ്ധതിയിൽ ഭാഷ, സാഹിത്യം എന്ന രണ്ടു മേഖലകളാണ് വിവരിച്ചിരുന്നത്. അതെഴുതിയ കാലത്തുതന്നെ ഫോക്‌ലോർ പ്രധാനപ്പെട്ട ഗവേഷണമേഖലയായിക്കഴിഞ്ഞിരുന്നു. പിന്നീടിങ്ങോട്ട് ആ വിഷയത്തിൽ കൂടുതൽ ഗവേഷണങ്ങൾ നടന്നുവരികയും ചെയ്തു. പലതും സമാഹരണ ങ്ങളിൽ ഒതുങ്ങുന്നുവെങ്കിലും പുതിയ മേഖലകൾ പഠനമണ്ഡലത്തിലേക്കു വന്നുവെന്നതു ശ്രദ്ധാർഹമാണ്. തുടർന്ന് മാധ്യമങ്ങൾ, പരസ്യങ്ങൾ, തിരക്കഥ, സിനിമ മുതലായി പല പുതിയ പഠനമേഖലകളും മലയാളഗവേഷണത്തിൽ സ്വീകരിക്കപ്പെട്ടു. ഇവയിൽ നിന്നു കണ്ടെത്തേണ്ട അറിവിനെ സംബന്ധിച്ച് വ്യ ക്തമായ ധാരണയുണ്ടാവണം. അതിനനുസൃതമായ അന്വേഷണമാർഗങ്ങൾ രൂപപ്പെടുത്തുകയും വേണം. ഇവയെക്കുറിച്ചുള്ള ധാരണാരൂപവത്കരണ ത്തിന് വ്യക്തിപരമെന്നതുപോലെ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള ശ്രമങ്ങളും ആവശ്യമാണ്.

സാഹിത്യഗവേഷണത്തെപ്പറ്റി പറയുമ്പോൾ കെ.എം. പ്രഭാകരവാ രിയർ സാഹിത്യത്തിലെ വസ്തുതകൾ സാക്ഷാദ് വസ്തുതകളല്ലെന്ന് എടു ത്തുപറയുന്നുണ്ട്. അവയിൽ വസ്തുതകൾ ഉണ്ടായിരിക്കുകയേ ഇല്ലെന്നല്ല, കല്പിതാംശം എപ്പോഴുമുണ്ടാവാമെന്നാണ് അർത്ഥമാക്കുന്നത്. സത്യവും സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്ന ആശയവും അത്രമേൽ അകന്നുനില്ക്കു ന്നുവെന്ന് (1982: 62) അദ്ദേഹം അഭിപ്രായപ്പെടുന്നു. മാധ്യമം മാത്രമേ സാഹിത്യത്തിൽ വസ്തുതയായിട്ടുള്ളുവെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അതുകൊണ്ടായിരിക്കുമോ അദ്ദേഹത്തിന്റെ സാഹിത്യപഠനങ്ങൾ ഏറെയും

ശൈലീനിഷ്ഠപഠനങ്ങളായത്? എന്തായാലും പ്രമേയവിശകലനം, താരതമ്യസമീപനം എന്നിവയാണ് സാഹിത്യത്തിലെ ആഭ്യന്തരഗവേഷണത്തിൽ പ്രധാനമായി അദ്ദേഹം വിവരിക്കുന്നത്.

പക്ഷേ, സാഹിത്യം സത്യം പറയുന്ന രീതി വ്യത്യസ്തമാണെന്ന മനസ്സിലാക്കിയുള്ള ഗവേഷണമാണ് വേണ്ടതെന്ന തോന്നുന്നു. പ്രത്യക്ഷത്തിൽ വരാത്ത ആന്തരികയാഥാർത്ഥ്യങ്ങളെക്കുറിച്ച് അനുഭവങ്ങളിലൂടെ അറിവു നല്കുന്ന കലയുടെ സ്വഭാവം അപ്പോൾ പ്രധാനമാകും. സാഹിത്യത്തിന്റെ ദൃശ്യത കണക്കിലെടുക്കണം. ശബ്ദം, പ്രത്യക്ഷാനുഭവം മുതലായവ ശ്രദ്ധിക്കേണ്ടിവരും. ഇങ്ങനെ ഗവേഷണവിഷയത്തെത്തന്നെ പുതിയ രീതിയിൽ നോക്കിക്കാണുന്നത് പ്രയോജനകരമായേക്കും.

II

ഇനി നമുക്ക് രചനയെസംബന്ധിക്കുന്ന ചില കാര്യങ്ങൾ പരിഗണിക്കാം. ഏതുതരം രചനയ്ക്കും പരിശീലനം ആവശ്യമാണ്. ഏതു പ്രവൃത്തിയും പരിശീലനത്തിലൂടെ കൂടുതൽ മെച്ചപ്പെടുത്താമെന്ന പറയണം. പ്രബന്ധത്തിന്റെ രചനാപരമായ മികവുകൊണ്ടുമാത്രം ഗവേഷണം മികവുറ്റതാണെന്ന് ആരും പറയില്ല. പക്ഷേ രചനയിൽ ശ്രദ്ധവയ്ക്കാത്ത ഒന്ന് വേണ്ടത്ര ഫലപ്രദമാവില്ല. ചിന്തയുടെ വഴി രചനയിൽ കാണണം. മറ്റുള്ളവർക്കു വായിക്കാൻ വേണ്ടിയാണ് എന്ന പരിഗണനയോടെ പ്രബന്ധമെഴുതാൻ ശ്രമിക്കണമെന്നാണ് പ്രാഥമികമായി പറയേണ്ടത്. ലാളിത്യവും വൈശദ്യവും നല്ല ഗദ്യത്തിന്റെ ഗുണങ്ങളാണ്. ആവർത്തനങ്ങൾ ഒഴിവാക്കേണ്ടതുമാണ്. ഇവയൊന്നും ഒറ്റയടിക്കു നേടിയെടുക്കാനാവില്ല. പരിശീലനത്തിലൂടെയേ സാധിക്കു.

പലപ്പോഴും കണ്ടുവരുന്നതുപോലെ എഴുത്ത് അവസാനത്തേക്കു മാറ്റിവയ്ക്കാതിരിക്കുകയാണു നല്ലത്. എഴുതുന്നതിലൂടെ ചിന്ത തെളിഞ്ഞുവരുന്നതായി മനസ്സിലാക്കാൻ കഴിയും. ഒരു വസ്തുതയെപ്പറ്റി സംസാരിക്കുകയാണെന്നിരിക്കട്ടെ. നാം പഠിച്ചുവച്ചതു മാത്രമല്ലല്ലോ പറയുന്നത്. പഠിച്ചവയുടെ അടിസ്ഥാനത്തിൽ പുതിയ ചിന്തകളും വാദങ്ങളും ഉണ്ടാവുന്നത് അസാധാരണമല്ല. അതുപോലെ എഴുത്തിലും എഴുത്തുകൊണ്ട് പുറത്തുവരുന്ന ചിന്തയും യുക്തിയുമുണ്ടാവാം. അവയെല്ലാം സ്വീകരിക്കാൻ കഴിഞ്ഞെന്നുവരില്ല. പക്ഷേ എല്ലാം തള്ളിക്കളയേണ്ടതായും വരില്ല. ചുരുക്കത്തിൽ എഴുത്തും ചിന്തയും ഒന്നിച്ച് മുമ്പോട്ടുകൊണ്ടുപോകാവുന്നതാണ്.

എന്താണു ചിന്ത? (വളരെ പ്രായോഗികമായി പറയുകയാണ്, ഒട്ടും

ദാർശനികമല്ല). ഒരു കാര്യത്തിനു മറ്റുള്ളവയോടുള്ള ബന്ധവും വ്യത്യാസവും കണ്ടെത്തുന്നത്, എന്തായാലും അതിന്റെ ഒരു സ്വഭാവമാണ്. അപ്പോൾ ഒരു കാര്യത്തിന്, വിഷയത്തിന് അതിന്റെ പരിധി കണ്ടെത്തണം. അതൊരിക്കലും കണിശമാവില്ല. എങ്കിലും പ്രായോഗികമായി അതാവ്യമാണ്. അതിനുള്ളിലുള്ളവയിൽ കണ്ടെത്തുന്ന പൊരുത്തങ്ങളാണ് അങ്ങനെയൊരു പരിധി നിർണയിക്കാൻ സഹായിക്കുന്നത്. (അത് ഒരിക്കലും മാറാത്തതെന്നു ധരിക്കില്ലല്ലോ). അപ്പോൾ തീർച്ചയായും അതിനു പുറത്തുള്ളവയുണ്ടാകും. അവയുമായി ബന്ധവും വ്യത്യാസവും കണ്ടെത്താം. വ്യത്യാസങ്ങൾ കണ്ടെത്തൽ തന്നെ ഒരർത്ഥത്തിൽ ബന്ധപ്പെടുത്തലാണ്. അങ്ങനെ ബന്ധവ്യത്യാസങ്ങൾ കണ്ടെത്തുമ്പോൾ നമ്മുടെ വിഷയം കൂടുതൽ തെളിയും. ഇങ്ങനെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള (relational ആയ) ആലോചന ചിന്തയുടെ ഒരു ഭാഗമാണെന്നു തോന്നുന്നു. വർഗീകരണം ഇതിന്റെ ഭാഗമായി നടക്കും.

ഗവേഷണത്തിന്റെ ഓരോ ഘട്ടത്തിലും ആസൂത്രണം പ്രധാനമാണ്. ചെറിയ പ്രാപ്യസ്ഥാനങ്ങൾ (goals) നിർണയിക്കുകയും വലുതായി ചിന്തിക്കുകയും ചെയ്യണമെന്നു പറയാറുണ്ട്. ചോദ്യങ്ങളിലൂടെയാണു ചിന്ത വളരുന്നത്. ഗവേഷണം ചെയ്യുന്നയാൾക്ക് വിഷയത്തെക്കുറിച്ച് ചോദ്യം ചോദിക്കാനുണ്ടാകണം. വിഷയത്തെ ആഴത്തിൽ മനസ്സിലാക്കാൻ കഴിയുന്നത് അപ്പോഴാണ്. ചോദ്യങ്ങളെ രണ്ടായി തിരിക്കാം. ഒന്ന് സങ്കല്പനപരമായ (conceptual) ചോദ്യങ്ങളാണ്. എന്താണു നാം ചിന്തിക്കേണ്ടത്, വിഷയത്തെ സംബന്ധിച്ചുള്ള ധാരണാരൂപവത്കരണം എങ്ങനെ നടത്തണം, അതിന്റെ സ്വഭാവമെന്താവണം എന്നിങ്ങനെ ധാരാളം വിഷയങ്ങൾ അതിൽ വരും. നാം പറഞ്ഞ, ഇതരങ്ങളുമായുള്ള ബന്ധകല്പനകളിൽ തുടങ്ങിയ ആലോചനയിൽ നിന്ന് അപ്പോൾ വളരെയേറെ മുമ്പോട്ടു കടക്കും. സങ്കല്പനപരമായ ഈ ആലോചന ഗവേഷണത്തിൽ സുപ്രധാനമാണ്. രണ്ടാമത്തേത് പ്രായോഗികമായ ചോദ്യങ്ങളെന്നു പറയാം. അതായത് എന്താണു നാം ചെയ്യേണ്ടത് എന്ന ചോദ്യം. പ്രശ്നങ്ങൾ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നത് സങ്കല്പനപരമായ ചോദ്യങ്ങളാണ്.

ഗവേഷണത്തിൽ ഏർപ്പെടുന്നയാൾ ചോദ്യം ചോദിക്കുകയും അതിന് ഉത്തരം കണ്ടെത്തുകയും ചെയ്തുകൊണ്ടുമാത്രം ഗവേഷണം നന്നാവണമെന്നില്ലെന്ന് കെയ്റ്റ് എൽ. തുറാബിയൻ ഗവേഷണത്തെപ്പറ്റിയുള്ള ഒരു പ്രായോഗികഗ്രന്ഥത്തിൽ പറയുന്നു. ഒന്നാമത് ചോദ്യം പ്രധാനമാണെന്നു സ്ഥാപിക്കണം. രണ്ടാമത് അതിന്റെ ഉത്തരം, പ്രശ്നത്തെ കൂടുതൽ വിപുലമായ

തരത്തിൽ മനസ്സിലാക്കുന്നതിലേക്കു നയിക്കണം. ഉത്തരം അതിനുതകുമെന്നു തെളിയിക്കണം (Turabian, 2013: 6). ഗവേഷണത്തിലൂടെ വിഷയം മാത്രമല്ല ഗവേഷണം ചെയ്യുന്നയാളും വളരുന്നുണ്ട്. അല്ലെങ്കിൽ അപ്പോഴേ ഗവേഷണം ഫലപ്രദമാകൂ.

ഇവിടെ, ടുറാബിയനെ അവലംബിച്ചുതന്നെ, ഗവേഷണം കൂടുതൽ ഫലപ്രദമാക്കുന്നതിനെപ്പറ്റി പറയുന്നതു നന്നായിരിക്കും. ഏതെങ്കിലുമൊരു വിഷയത്തെപ്പറ്റി—അത് നിർദ്ദേശിക്കപ്പെടുന്നതുമാകാം—കുറെ വിവരങ്ങൾ സമാഹരിക്കലാണു ഗവേഷണമെന്നു കരുതുന്നവർകുറവല്ല. ഓണത്തെപ്പറ്റി ഗവേഷണം ചെയ്യുകയാണെങ്കിൽ അതിനെപ്പറ്റിയുള്ള ഐതിഹ്യങ്ങളും മറ്റു വിവരങ്ങളും ശേഖരിക്കും. വൈലോപ്പിള്ളിക്കവിതയെപ്പറ്റിയാണെങ്കിൽ കവിതകളും നിരൂപണങ്ങളും വായിച്ച് കുറിപ്പുകളാക്കും. പിന്നെയെന്ത്? അവിടെനിന്ന് എങ്ങനെ മുമ്പോട്ടുപോകണമെന്നറിയാതെ സമാഹരിച്ചവ ചേർത്തുവയ്ക്കലായിത്തീരാം പ്രബന്ധം.

അവിടെനിന്നു മുമ്പോട്ടു പോകണമെങ്കിൽ വിഷയസമീപനത്തിൽത്തന്നെ വ്യത്യാസമുണ്ടാകണം. അതായത് ഒരു ഗവേഷണപ്രശ്നം വേണം. ഓണം എന്തുകൊണ്ടു കേരളത്തിന്റെ ദേശീയോത്സവമായി? അതിന്റെ കാലമേത്, സാഹചര്യങ്ങളേവ? അതിനുള്ളിലെ അധികാരബലാബലങ്ങളെന്തെല്ലാം എന്നിങ്ങനെ ചില ചോദ്യങ്ങളെ മുൻനിർത്തി വിഷയത്തെ സമീപിച്ചാൽ കേവലം വിവരസമാഹരണംകൊണ്ട് അവസാനിപ്പിക്കാൻ കഴിയില്ല. ഇതും ഇതുപോലുള്ളതുമായ ചോദ്യങ്ങൾ വിശദമാക്കാനും പരിഹരിക്കാനും കഴിയുന്ന വിധത്തിൽ ഉപാദാനങ്ങൾ ശേഖരിക്കുകയും ക്രമീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുകയും ചെയ്യുമ്പോൾ അത് നിഗമനങ്ങളിലേക്കു നയിക്കും. വൈലോപ്പിള്ളിക്കവിതയിലെ മനുഷ്യേതരലോകങ്ങളുടെ ധർമമെന്ത് എന്ന ചോദ്യത്തെ കേന്ദ്രീകരിച്ച് അന്വേഷണം മുമ്പോട്ടുകൊണ്ടുപോയാൽ സമാഹരണത്തിനുമപ്പുറത്തേക്ക് വഴിതെളിഞ്ഞേക്കാം. അത് പുതിയ ആലോചനകളിലേക്കു നയിക്കാം. തന്റെ ചോദ്യങ്ങളെ സാധൂകരിക്കുന്ന ഉപാദാനങ്ങൾ മാത്രമല്ല നിഷേധിക്കുന്നവയും തീർച്ചയായും പരിഗണിക്കണം. അപ്പോഴേ ചിന്തയ്ക്ക് മൂർച്ചയുണ്ടാകൂ. അതിന്റെ ഫലമായി വിഷയം മാറ്റുകയോ ഉപേക്ഷിക്കുകതന്നെയോ വേണ്ടിവന്നാലും നിഷേധത്തെളിവുകൾ പരിഗണിക്കാതിരിക്കരുത്.

ഗവേഷണപ്രശ്നം പ്രസക്തമായിരിക്കണമെന്നതാണു മൂന്നാമത്തെ കാര്യം. താൻ കണ്ടെത്തിയ നിഗമനംകൊണ്ടെന്തു കാര്യമെന്ന് വായനക്കാർക്ക്

ചോദിക്കാനിടവരരുത്. എല്ലാ ഗവേഷണങ്ങൾക്കും പ്രത്യക്ഷത്തിൽ പ്രയോജനമുണ്ടായിക്കൊള്ളണമെന്നില്ല. സാഹിത്യാദിവിഷയങ്ങളാകുമ്പോൾ പ്രത്യേകിച്ചും. പക്ഷേ ചിന്തയെ ഉണർത്താനും വിമർശനാത്മകജ്ഞാനം വളർത്താനും കഴിയുകയെന്ന ലക്ഷ്യമെങ്കിലും അതിനുവേണം. ഇതെന്തിന് എന്ന ചോദ്യം ഗവേഷണം ചെയ്യുന്നയാൾ മുൻകൂട്ടി ചോദിച്ചാലേ അതു സാധിക്കൂ. കുറച്ചു വർഷങ്ങൾക്കു മുമ്പ് തൃശ്ശൂർ വടക്കുംനാഥക്ഷേത്രത്തിലെ ഒരു കൂടിയാട്ടത്തിൽ അമ്മന്നൂർ കുട്ടൻ ചാക്യാർ (സുഭദ്രാധനഞ്ജയം 10-ാം ദിവസം, കൂടിയാട്ടം രണ്ടാം ദിവസം, വിദൂഷകൻ) പറഞ്ഞ ഒരു ഫലിതം ഓർമവരുന്നു:

"കാകസ്യ കതി ദന്താസ്യുഃ
മേഷസ്യാണ്ഡം കിയൽ പലം
ഗർദ്ദഭേ കതി രോമാണി
ഏതേ മൂർഖവിചാരണാഃ"

(കാക്കയുടെ പല്ല് എണ്ണുക, ആടിന്റെ അണ്ഡം എത്ര പലമുണ്ടെന്നു നോക്കുക, കഴുതയുടെ രോമം എണ്ണുക—ഈ പണികളൊക്കെ മൂർഖന്മാർചെയ്യുന്നതാണ്). ഒരാവശ്യവുമില്ലാത്ത ഇത്തരം പ്രവൃത്തികളെ അദ്ദേഹം ഇപ്പോഴത്തെ ഗവേഷണത്തോടാണ് ഉപമിച്ചത്. എഴുത്തച്ഛൻ ഉപയോഗിച്ച 'ക' എണ്ണുന്നതിനെപ്പറ്റി പറഞ്ഞപോലെ. അതെന്തായാലും ഗവേഷണത്തിൽ ഉന്നയിക്കുന്ന പ്രശ്നം സാർത്ഥകമായിരിക്കണമെന്നതിൽ സംശയമില്ല.

ചിന്തയ്ക്ക് വൈശദ്യമുണ്ടായാലേ ഇതു സാധിക്കൂ. വിഷയം നന്നായി മനസ്സിലാക്കിയാലേ അതിനെപ്പറ്റിയുള്ള ചിന്തയ്ക്കു വൈശദ്യമുണ്ടാവുകയുള്ളൂ. സ്വന്തം വിഷയത്തെക്കുറിച്ച് വ്യത്യസ്തവും നവീനവുമായി എന്തെങ്കിലും പറയാൻ, കണ്ടെത്താൻ ശ്രമിക്കണം. ഈ ഗുണങ്ങൾ എങ്ങനെ ആർജിക്കാം? അതിന്റെ രണ്ടു ഘടകങ്ങൾ 'Authoring a Ph.D.' എന്ന ഗ്രന്ഥത്തിൽ പാട്രിക് ഡൺലേവി (Patrick Dunleavy) പറയുന്നു (ഈ ഗ്രന്ഥത്തെ പ്രബന്ധത്തിന്റെ ഇനിയുള്ള ഭാഗങ്ങളിൽ ചിലെടത്ത് ഞാൻ ഉപജീവിച്ചിട്ടുണ്ട്).

1. പുതിയ വസ്തുതകൾ കണ്ടെത്തുക
2. സ്വതന്ത്രമായ വിമർശനചിന്ത ഉപയോഗിക്കുക. ഇതുരണ്ടും പ്രയോഗിക്കേണ്ടിവരും (2003: 27).

സ്വതന്ത്രവിമർശനചിന്തയ്ക്ക് നാം മുമ്പ് പരാമർശിച്ച സിദ്ധാന്ത (theory) ങ്ങൾ സഹായിക്കും. എന്തായാലും സ്വന്തമായ ചിന്ത അനിവാര്യമാണ്. അതു പ്രയാസകരമാണുതാനും.

ഇവിടെ സിദ്ധാന്തങ്ങൾ സഹായകമായേക്കാം. ശുദ്ധമായ

സിദ്ധാന്തമെന്നല്ല ഒരു ലോകവീക്ഷണം, ആശയസംഹിത, ചിന്താപദ്ധതി ഇവയോടു ചേർന്നുനിന്ന് വിഷയത്തെക്കുറിച്ച് ആലോചിക്കുകയാണെങ്കിൽ അത് ആ വിഷയത്തിൽ താരതമ്യേന സ്വന്തമെന്നു പറയാവുന്ന ഒരു ചിന്താ മാർഗം തുറന്നുതരാനിടയുണ്ട്. ഇങ്ങനെ ഏതെങ്കിലുമൊരു ചിന്താപദ്ധതി സ്വീകരിക്കുമ്പോൾ അതിനെതിരായി വരാനിടയുള്ള വാദഗതികൾ കൂടി കണക്കിലെടുത്ത് നമ്മുടെ വാദത്തെ മൂർച്ചപ്പെടുത്തണം. എതിർവാദങ്ങൾക്കു മുമ്പിൽ പിടിച്ചുനില്ക്കാനാവുന്നില്ലെങ്കിൽ അതുപേക്ഷിക്കുകതന്നെയാണു നല്ലത്. പക്ഷേ, ഒരു ചിന്താപദ്ധതിയിലൂടെ നോക്കുമ്പോഴേ സവിശേഷമായെന്തെങ്കിലും കാണാൻ കഴിയൂ എന്നതു പ്രധാനമാണ്. ഒന്നിനുവേണ്ടിയുമല്ലാതെ നിലകൊള്ളുന്നയാൾ എല്ലാറ്റിന്റെയും മുമ്പിൽ വഴങ്ങിപ്പോകും എന്ന അലക്സാണ്ടർ ഹാമിൽറ്റണിന്റെ വാക്യം ഡൺലേവി ഉദ്ധരിക്കുന്നുണ്ട് (2003: 37). അതു നമുക്കും സ്വീകാര്യമാണ്. നോട്ടങ്ങളാൽ ബാധിതമാകാതെ വസ്തുതകൾ നിലകൊള്ളുന്നുണ്ടെന്ന സാമാന്യബോധം ചോദ്യം ചെയ്യപ്പെടുന്ന ഈ കാലത്ത് സവിശേഷവീക്ഷണങ്ങൾ ചിന്തയെ മുമ്പോട്ടുനയിക്കുമെന്നുതന്നെ പറയാം. പക്ഷേ, നിലവിലുള്ള ഏതെങ്കിലും സിദ്ധാന്തത്തോട് യാന്ത്രികമെന്നു തോന്നും മട്ടിൽ വിഷയത്തെ ഘടിപ്പിക്കുന്നതാണോ ഗവേഷണം? മലയാളത്തിൽ അങ്ങനെ കണ്ടുവരുന്നുണ്ട്. സ്ത്രീവാദവും ദളിതവാദവും മറ്റും സമകാലിക ചിന്താമണ്ഡലത്തിൽ എത്രയും പ്രസക്തമാണെങ്കിലും, ഒറ്റനോട്ടത്തിൽത്തന്നെ വ്യക്തമാകുന്ന അത്തരം ആശയങ്ങൾ എടുത്തുവയ്ക്കുന്നതിൽ ചിന്ത എത്രകണ്ടു പ്രവർത്തിക്കുന്നുണ്ട്? ഗാഢപാരായണംപോലും ആവശ്യമില്ലാത്ത അത്തരം ആശയസമാഹരണങ്ങൾ ഗവേഷണമെന്ന പേരർഹിക്കുന്നുണ്ടോ? പാഠത്തിന്റെ ഉപരിതലത്തിലൂടെയുള്ള സഞ്ചാരം ആവശ്യമാണെങ്കിലും അതിൽ അവസാനിക്കുന്നതാവരുത് ഗവേഷണം. ഉപരിതലത്തിൽ ത്തന്നെ കണ്ടെത്താവുന്ന ചില വ്യതിരിക്തതകളിൽ നിന്ന് അന്തസ്ഥലങ്ങളിലേക്കു നോക്കാൻ കഴിയുമ്പോഴാണ് വ്യത്യസ്തതകൾ കാണാനാവുന്നത്. അതിനാണ് സൈദ്ധാന്തികസമീക്ഷകൾ ഉപയോഗിക്കേണ്ടതും.

ഗവേഷണപ്രബന്ധം രൂപപ്പെടുത്തേണ്ടത് ബൗദ്ധികമായ ഒരു പ്രശ്നത്തെ മുൻനിർത്തിയാണ്. ഉത്തരം കിട്ടേണ്ട ചില ചോദ്യങ്ങൾക്ക് സാധ്യതയുള്ള വിഷയം വേണം. അല്ലെങ്കിൽ മുമ്പ് വിശദീകരിക്കപ്പെട്ടിട്ടില്ലാത്ത വിധം വിശദീകരിക്കാൻ സാധ്യത അവശേഷിപ്പിക്കുന്ന വിഷയം. സ്വയം വെളിപ്പെട്ടുനില്ക്കുന്ന ചോദ്യങ്ങളാവില്ല ഒരുപക്ഷേ, ഒരു വിഷയത്തിലുണ്ടാവുക. അവ വ്യക്തമായി നിർവചിക്കുകയും ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയും

ഗവേഷണം ചെയ്യുന്നയാളുടെ ചുമതലയാണ്. ഒരു ബൗദ്ധികപ്രശ്നത്തിന് അഞ്ചു ഘടകങ്ങളുണ്ടെന്ന് റോബർട് നോസിക് എന്ന തത്ത്വചിന്തകൻ ചൂണ്ടിക്കാണിക്കുന്നു. ഒന്നാമത്തേത് ലക്ഷ്യം അഥവാ പ്രാപ്യസ്ഥാനമാണ്. ഓരോ കണ്ടെത്തലും അതിലേക്കു നയിക്കുമോ എന്നു പരിശോധിച്ചുകൊണ്ടിരിക്കണം. അടുത്തത് ലക്ഷ്യത്തിലെത്താനുള്ള അന്വേഷണത്തിന്റെ പ്രാഥമികാവസ്ഥയാണ്. അതായത് അന്വേഷണത്തിന്റെ തുടക്കം. ഗവേഷണത്തെ സംബന്ധിച്ചിടത്തോളം പൂർവപഠനങ്ങൾ, വിഷയത്തെക്കുറിച്ചുള്ള അറിവിന്റെ തത്കാലസ്ഥിതി എന്നിവയൊക്കെ മനസ്സിലാക്കുന്ന ഘടകമാണിത്. ഇവയിൽ നിന്നു വ്യത്യസ്തമായി എങ്ങനെ വിഷയത്തെ സമീപിക്കാമെന്ന ചിന്തയാണ് അടുത്ത ഘട്ടം. പുതിയ ഉപാദാനങ്ങൾ കണ്ടെത്താൻ കഴിയുമോ? പുതിയ രീതിയിൽ വിഷയത്തെ സമീപിക്കാനാവുമോ എന്നൊക്കെ ആലോചിക്കേണ്ട അവസരമാണിത്. അതിന്റെ വെല്ലുവിളികളും പരിമിതികളും തിരിച്ചറിയുന്നതാണ് നാലാമത്തെ പടി. നാം പിന്തുടർന്ന ചില സമീപനരീതികൾ ഫലപ്രദമല്ലെന്നു മനസ്സിലാകും. അതനുസരിച്ച് മാറ്റങ്ങൾ വരുത്തി ഫലപ്രാപ്തിയിലെത്തുന്നതാണ് അഞ്ചാമത്തെ ഘട്ടം (Leavy, 2003: 23). ആദ്യത്തേതിൽ നിന്ന് അവസാനത്തേതിലേക്ക് ക്രമാനുഗതമായ പുരോഗതിവേണം.

ഇങ്ങനെ ഫലപ്രാപ്തിയിലെത്തിക്കുന്നതിനാണ് സ്വന്തമായ ചിന്ത ആവശ്യമായിവരുന്നത്. അങ്ങനെ കണ്ടെത്തുന്ന വസ്തുതകളെ ഫലപ്രദമായി സംവിധാനം ചെയ്ത് അവതരിപ്പിക്കാനുള്ള കഴിവും ഗവേഷണം ചെയ്യുന്നയാൾ നേടിയെടുക്കണം. കേന്ദ്രവർത്തിയായ ബൗദ്ധികപ്രശ്നം വിശദമായി തിരിച്ചറിഞ്ഞാലേ അതു സാധിക്കൂ. അതു വ്യക്തമാകുന്ന തരത്തിലായിരിക്കണം പ്രബന്ധത്തിന്റെ സംവിധാനം. പ്രബന്ധത്തിനു വിഷയത്തിലേക്കു നയിക്കുന്ന തുടക്കവും കേന്ദ്രവിഷയത്തിന്റെ അവതരണവും സ്വാഭാവികമായ പരിണാമവും വേണം.

പ്രബന്ധത്തിന്റെ പ്രധാനഭാഗം മധ്യഭാഗംതന്നെയാണ്. മറ്റുള്ളവ നിസ്സാരമാണെന്നല്ല അതിനർത്ഥം. വിവരണം, വിശകലനം, വാദഗതിയുടെ അവതരണം, സമർത്ഥനം എന്നീ ഘടകങ്ങൾ അതിൽ ഉണ്ടാവണം. വിവരണമെന്നത് പുറമേയ്ക്കുതന്നെ കാണാവുന്ന വസ്തുതകളുടെ അവതരണമാണ്. പക്ഷേ കാണാവുന്നതെല്ലാം വിവരിക്കുകയില്ലല്ലോ. തുടർന്നുള്ള വിശകലനത്തെയും വാദത്തെയും മുൻകൂട്ടിക്കണ്ട് അതിന് യോജിച്ച തരത്തിലായിരിക്കും വിവരണം തയാറാക്കുന്നത്. അടുത്തഘട്ടം വിശകലനം അഥവാ വിവരണങ്ങളുടെ അപഗ്രഥനമാണ്. വിവിധതരം വർഗീകരണങ്ങളും അവയുടെ

പരസ്പരബന്ധം കണ്ടെത്തലും ഇവിടെ പ്രധാനമാണ്. കാലഘട്ടത്തിന്റെ അടിസ്ഥാനത്തിൽ വർഗീകരിച്ചു പഠിക്കാം. പഠിക്കുന്ന വിഷയത്തിലെ വ്യവസ്ഥകൾ കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ വിശദീകരണം നല്കാം. കാരണകാര്യബന്ധത്തിലൂന്നി വിശകലനം ചെയ്യാം. ഇങ്ങനെ പല മാർഗങ്ങളും വിശകലനത്തിന് ഉപയോഗിക്കേണ്ടിവരും. വിവരിച്ച വസ്തുതകളുടെ പരസ്പരബന്ധങ്ങളും വ്യത്യാസങ്ങളും വ്യത്യസ്ത ഘടകങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നത് വിശകലനത്തിന്റെ പ്രധാന ഭാഗമാണ്. ഈ വിശകലനത്തെ അടിസ്ഥാനപ്പെടുത്തി വാദഗതികൾ പടുത്തുയർത്തുകയാണ് അടുത്തതായി ചെയ്യുന്നത്. വിശകലനത്തിലൂടെ കണ്ടെത്തിയ വസ്തുതകളെ വ്യാഖ്യാനിക്കേണ്ട ഘട്ടമാണിത്. ഈ വാഖ്യാനത്തിനു നമ്മെ സഹായിക്കുന്നത് സൈദ്ധാന്തിക സമീക്ഷകളും ലോകവീക്ഷണങ്ങളും ആശയസംഹിതകളുമാണ്. അവയാണ് വസ്തുതകളെ പുതിയതായി മനസ്സിലാക്കാനും അതിനനുസൃതമായി അവതരിപ്പിക്കാനും ഗവേഷകരെ പ്രാപ്തരാക്കുന്നത്. വിവരണം മാത്രമായാൽ അത് ഗവേഷണമായി എന്നു പറയാനാവില്ല. വിശകലനം കൂടിയുണ്ടെങ്കിൽ ഗവേഷണസ്വഭാവം പ്രാഥമികതലത്തിലെങ്കിലുമുള്ള പ്രബന്ധമാണെന്നു പറയാം. വ്യാഖ്യാനത്തിന്റെ തലത്തിലേക്കെത്തുമ്പോഴാണ് അത് നിസ്സംശയമായും ഗവേഷണപ്രബന്ധമാകുന്നത്. അതിന് ധൈഷണികമായി താൻ എവിടെ നിലകൊള്ളുന്നുവെന്നത് പ്രധാനമാണ്. ആ നിലയാണ് വ്യാഖ്യാനത്തിന്റെ സ്വഭാവം നിർണയിക്കുന്നത്. സൈദ്ധാന്തികസമീക്ഷയാണിവിടെ നിർണായകമാകുന്നത്. അത് വ്യാഖ്യാനത്തെ വിമർശനാത്മകമാക്കുകയും ചെയ്യുന്നു.

പ്രബന്ധം സമാപിപ്പിക്കുന്ന സന്ദർഭത്തിൽ ഗവേഷണപ്രശ്നത്തിന് ഉചിതമായ ഉത്തരം കണ്ടെത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കണം. ഉപസംഹാരം പ്രധാനമാണ്. അത് പ്രബന്ധത്തിലെ വസ്തുതകളുടെ കേവലാവർത്തനമാവരുത്. വാദങ്ങൾ സംഗ്രഹിച്ച് അവ എങ്ങനെ പ്രധാനപ്പെട്ട വാദത്തെ സാധൂകരിക്കുന്നുവെന്നും സ്വന്തം കണ്ടെത്തലെന്തെന്നും പറയുകയാണു വേണ്ടത്.

ഗവേഷണപ്രബന്ധത്തിന്റെ ഭാഷയിൽ ശ്രദ്ധിക്കണം. ഉദാസീനമായ രചനയാവരുതത്. ഗവേഷണപ്രബന്ധമെന്നല്ല ഒരു രചനയും ഉദാസീനതയോടെ പാടില്ലാത്തതാണ്. അധ്യായങ്ങൾ തമ്മിൽ തമ്മിൽ തുടർബന്ധം വേണം. അധ്യായത്തിനുള്ളിലെ ഖണ്ഡികകൾ തമ്മിൽ തമ്മിലും. ഭാഷ ലളിതവും വിശദവുമാവണം. അലങ്കാരരഹിതമായ ഭാഷയാവണം പ്രബന്ധത്തിലേതെന്നു പറയാറുണ്ട്. ഭാഷയിൽ നിന്ന് അവ തീരെ ഒഴിവാക്കാനാവില്ല.

ചില രൂപകങ്ങളോ വിശേഷണങ്ങളോ വൈശദ്യവും സൂക്ഷ്മതയും കൂട്ടുകയാണു ചെയ്യുന്നത്. അതുകൊണ്ട് അങ്ങനെയുള്ളവ ഒഴിവാക്കണമെന്നൊന്നുമില്ല. പക്ഷേ പ്രദർശനപരത തോന്നത്തക്കതരത്തിൽ അലങ്കാരങ്ങൾ പ്രയോഗിക്കാതിരിക്കുകയാണു നല്ലത്. അത് പ്രബന്ധത്തിന്റെ ഗൗരവം കുറയ്ക്കും. സ്വന്തമായി ഒന്നും പറയാനില്ലാത്തവരാണ് അലങ്കാരം കൊണ്ടു മേളം തകർക്കുന്നതെന്ന് മുണ്ടശ്ശേരി പറഞ്ഞത് ഗവേഷണപ്രബന്ധത്തെ സംബന്ധിച്ചാണ് ശരി.

വാക്യഘടന, വാക്യരചനയിലെ ക്രമങ്ങൾ മുതലായവയിലൊക്കെ ശ്രദ്ധിക്കേണ്ടതാണ്. കുറച്ചൊക്കെ ഗവേഷണപ്രബന്ധങ്ങൾ പരിശോധിക്കാനിടയായിട്ടുള്ളതിന്റെ അനുഭവം വെച്ച്, മലയാളത്തിലെ പല പ്രബന്ധങ്ങളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ലെന്നു പറയേണ്ടിവരും. അടച്ചാക്ഷേപിക്കുകയല്ലെന്നു പറയേണ്ടതില്ലല്ലോ. അപൂർണവാക്യങ്ങൾ, അന്വയിക്കാത്ത വാക്യങ്ങൾ എന്നിവയൊക്കെ ഒരു രചനയിലും വന്നുകൂടാത്തതല്ലേ? വാക്യങ്ങൾ സമുച്ചയിക്കുമ്പോൾ വരുന്ന തെറ്റാണ് സാർവത്രികമായി കാണുന്ന മറ്റൊന്ന്. സമുച്ചയം ശരിയാകണമെന്നില്ല എന്നത് പതുക്കെപ്പതുക്കെ അംഗീകരിക്കപ്പെട്ടുമോ എന്നുപോലും തോന്നുന്നു. ഇവയൊക്കെ ആശയവൈശദ്യം കുറയ്ക്കുമെന്നതിനു സംശയമില്ലല്ലോ. ആശയങ്ങളും വാദഗതികളും മറ്റുള്ളവർക്ക് മനസ്സിലാകുന്നവിധത്തിൽ അവതരിപ്പിക്കുകയാണല്ലോ ഗവേഷണപ്രബന്ധത്തിന്റെ ലക്ഷ്യം. അതിന് ആശയകാലുഷ്യമുണ്ടാക്കുന്ന വാക്യപ്രയോഗങ്ങൾ തടസ്സമാണ്. അത്തരം വാക്യങ്ങൾ വായിക്കുമ്പോൾ ശരിരൂപം എന്തായിരിക്കും, രചയിതാവ് ഉദ്ദേശിച്ചത് എന്തായിരിക്കും എന്നൊക്കെ ആലോചിച്ച് സമയം കളയേണ്ടിവന്നിട്ടുണ്ട്.

കുറിപ്പുകളും ഗ്രന്ഥസൂചിയും തയാറാക്കുന്ന കാര്യമാണു മറ്റൊന്ന്. അവയുടെ സാങ്കേതികരീതികളെപ്പറ്റിയൊന്നുമല്ല ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത്. ഏതു രീതിയെന്നതല്ല, പ്രബന്ധത്തിൽ ഉടനീളം ഒരേരീതി കൈക്കൊള്ളണമെന്നതാണു പ്രധാനം. പ്രബന്ധശരീരത്തിൽ നമ്പർ നല്കിയിട്ട് കുറിപ്പിൽ വിശദീകരിക്കാതിരിക്കുക, ഉദ്ധരണി നല്കിയിട്ടുള്ള ഗ്രന്ഥത്തിന്റെ വിവരങ്ങൾ ഗ്രന്ഥസൂചിയിൽ നല്കാതിരിക്കുക, ഉദ്ധരണികളിൽ കൃത്യത പാലിക്കാതിരിക്കുക എന്നിങ്ങനെ പല വൈകല്യങ്ങളും കണ്ടിട്ടുണ്ട്. പ്രബന്ധരചനയ്ക്ക് ഉപയോഗിച്ച പതിപ്പിന്റെ പ്രസിദ്ധീകരണവർഷം വേണം ഗ്രന്ഥസൂചിയിൽ കൊടുക്കാനെന്ന നിയമം തെറ്റിക്കുന്നവരുമുണ്ട്. കഴിയുന്നിടത്തോളം ഒന്നാം പതിപ്പിന്റെ വർഷം ബ്രാക്കറ്റിൽ കൊടുക്കുകയും വേണം.

ഇതൊക്കെ അത്ര വലിയ കാര്യങ്ങളാണോ എന്നു ചോദിക്കാം. അല്പം ശ്രദ്ധിച്ചാൽ പരിഹരിക്കാവുന്നതേയുള്ളു എന്ന അർത്ഥത്തിൽ വലിയ കാര്യമല്ലെന്നു പറയാം. എന്നാൽ ഗവേഷണപ്രബന്ധരചനയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാര്യം തന്നെയാണ്. എന്നല്ല ഏതുതരം രചനയിലും ഇവയൊക്കെ പ്രധാനമാണ്. കാരണം മറ്റുള്ളവർക്കു വായിക്കാനാണല്ലോ എഴുതുന്നത്. മറ്റുള്ളവരെ പരിഗണിക്കണമെന്നേ ഈ പറഞ്ഞതിനർത്ഥമുള്ളു. അവരുടെ സമയവും വിലപ്പെട്ടതാണ്. സൂചനകൾ കൃത്യമായി ലഭിക്കാനും സുഗ്രഹമായ വാക്യങ്ങളിലൂടെ വിവക്ഷിതം മനസ്സിലാക്കാനും അവർക്ക് അവകാശമുണ്ട്. അതിനർത്ഥം വായിക്കുന്നവരുടെ പക്ഷത്തുനിന്ന് ഒരധ്വാനവും വേണ്ടെന്നല്ല. പക്ഷേ അത് വാക്യഘടന ശരിയാക്കുന്നതുപോലുള്ള കാര്യങ്ങൾക്കു വിനിയോഗിക്കേണ്ടതുണ്ടോ?

ഈ കാര്യങ്ങളൊക്കെ പരിശീലനംകൊണ്ടു നേടിയെടുക്കാവുന്നതേയുള്ളു. അതുകൊണ്ടാണ് എഴുത്തിന് പരിശീലനം ആവശ്യമാണെന്നു പറയുന്നത്. രചനാപരമായ പരിശീലനങ്ങളിലും കൂടി ഗവേഷണസ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ട സാഹചര്യമായിത്തുടങ്ങി എന്നതിന്റെ തെളിവാണ് ഭാഷാപരവും സൂചനകൾ നല്കുന്നതു സംബന്ധിച്ചതുമായ വൈകല്യങ്ങളെന്നു പറയാം. അതുപോലെ എഴുത്ത് ഒരൊഴിവുകാലവേലയല്ല, മറ്റേതൊരു അധ്വാനവും പോലെ ചെയ്യേണ്ട പ്രവൃത്തിയാണെന്ന ആശയവും (Leavy, 2003: 152) ഗവേഷകർ ശ്രദ്ധിക്കേണ്ടതാണ്.

പ്രതിപാദനത്തെയും വായനയെയും സൂക്ഷ്മവും സുഗ്രഹവുമാക്കാൻ സഹായിക്കുന്നവയാണ് പട്ടികകൾ, ചാർട്ടുകൾ, ഡയഗ്രങ്ങൾ മുതലായവ. വിഷയവൈശദ്യത്തിന് അവ ആവശ്യമെങ്കിൽ ഉപയോഗിക്കേണ്ടതാണ്. വാക്കുകളെപ്പോലെ ദൃശ്യങ്ങളും പ്രധാനമാണ്. ചിന്തയെ ഉദ്ദീപിപ്പിക്കതരത്തിലുള്ള ദൃശ്യപ്രതിനിധാനങ്ങൾ ഉപയോഗിക്കാൻ സാങ്കേതികവിദ്യ വികസിച്ച ഈ കാലത്ത് എളുപ്പവുമാണ്.

ഈ പറഞ്ഞ കാര്യങ്ങളൊക്കെ അക്ഷരംപ്രതി പാലിക്കേണ്ടവയാണെന്നോ ഇവയേ പാലിക്കേണ്ടതുള്ളുവെന്നോ ഉള്ള ധാരണയിലല്ല ഇത്രയും എഴുതിയത്. ഗവേഷണസ്ഥാപനങ്ങളും വിദ്യാർത്ഥികളും വർധിക്കുകയും സമയബന്ധിതമായി ചെയ്യേണ്ട ഒരു കോഴ്സ് ആയി ഗവേഷണം മാറിത്തീരുകയും ചെയ്തപ്പോൾ അതു ഫലപ്രദവും പ്രയോജനപ്രദവുമാക്കാൻ സഹായകമാകാവുന്ന ചില കാര്യങ്ങൾ പങ്കുവെച്ചുവെന്നേയുള്ളു. ഉപദേശത്തിന്റെ സ്വരം ഉദ്ദേശിച്ചിട്ടില്ല.

## ആധാരസൂചി

1. പ്രഭാകരവാരിയർ, കെ.എം., 1982: ഗവേഷണപദ്ധതി, ശുകപുരം, വള്ളത്തോൾ വിദ്യാപീഠം.

2. സ്കറിയാ സക്കറിയ, 2017: 'മലയാളഗവേഷണത്തിന്റെ രീതിശാസ്ത്രം', ഗവേഷണ പഠനവും രീതിശാസ്ത്രവും അറിവുല്പാദനത്തിന്റെ പുതുവഴികൾ (എഡി. ടി. അനിത കുമാരി, രാധാകൃഷ്ണൻ ഇളയിടത്ത്), തിരൂർ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർ വകലാശാല.

3. Dunleavy, Patrick, 2003: *Authoring a Ph.D. How to plan, draft, write & finish a doctoral thesis or dissertation*, Hampshire, Palagrave Macmillan.

4. Given, Lisa M (Ed.), 2008: *The Sage Encyclopedia of Qualitative Research Methodology Vol 2*, London, Sage Publications.

5. Turabian, Kate L., 2013: *A Manual for Writers of Research Papers, Theses and Dissertations*, Chicago, The University of Chicago Press.

*thevarathu@gmail.com*

# യൂറോസെൻട്രിസത്തിനു കീഴിലെ ഗവേഷണം: രീതിശാസ്ത്രം തടവറയാകുമ്പോൾ

ദിലീപ് ആർ.
ഗവ. ബ്രണ്ണൻകോളേജ്, തലശ്ശേരി

### സംഗ്രഹം

കൃതികളെയും അനുഭവങ്ങളെയും യൂറോകേന്ദ്രിതമായ സങ്കല്പനങ്ങളുടെ മൂശയിലൂടെ കയറ്റിയിറക്കുന്ന തരത്തിൽ സാമൂഹ്യശാസ്ത്ര - സാഹിത്യ പഠന വിഭാഗങ്ങളിലെ ഗവേഷണം അപകർഷനിലയിൽ തുടരുന്നത് എങ്ങനെ അവസാനിപ്പിക്കാം എന്നതിനെക്കുറിച്ചുള്ള ആലോചനയാണ് ഈ പ്രബന്ധം നടത്തുന്നത്. ഭാഷ, സങ്കല്പനങ്ങൾ, ജീവൽരൂപങ്ങൾ എന്നിവ ഇക്കാര്യത്തിൽ എന്തു പങ്കു വഹിക്കുന്നുവെന്നും സൈദ്ധാന്തികവൽക്കരണത്തിലെ നൈതിക പ്രശ്നങ്ങൾ, പ്രത്യേകിച്ചും പരസ്പര സംസാരങ്ങളുടെ അഭാവം, എങ്ങനെയൊക്കെ ജീവത്തായ അന്വേഷണങ്ങൾക്ക് തടസ്സമാവുന്നുവെന്നും ഇതിൽ വിശകലനം ചെയ്യുന്നു. സാമൂഹ്യശാസ്ത്രത്തെ തന്നെ ഫിനോമിനോളജിക്കൽ ആയി പുനരാവിഷ്കരിക്കുന്ന മൂന്നു സമീപകാല കൃതികൾ സൂചിപ്പിക്കുന്ന വിചാരമാതൃകാമാറ്റത്തെ വിവരിക്കുന്നു. ഒടുവിൽ സ്വാതന്ത്ര്യബോധവും സർഗ്ഗാത്മകതയും നിരന്തരമായ മുന്നൊരുക്കങ്ങളുമല്ലാതെ ഗവേഷണത്തിൽ ഫലപ്രദമായ പഠനങ്ങൾ നടത്തുന്നതിനും സ്വന്തം സ്വരം കണ്ടെത്തുന്നതിനും എന്തെങ്കിലും സുനിശ്ചിതമായ രീതി (method) ഇല്ലെന്ന നിഗമനം അവതരിപ്പിക്കുന്നു.

**താക്കോൽ വാക്കുകൾ:** സ്വാതന്ത്ര്യം, സർഗ്ഗാത്മകത, ജീവൽരൂപം, പദകോശം, സമഭാവന, തിരശ്ചീനം,കേരളം, സംവാദം, ധാർമികത

ഒന്ന്

## പാശ്ചാത്യസിദ്ധാന്തം, തദ്ദേശീയ ഡാറ്റ?
## സമഭാവനയുടെ സാമൂഹ്യശാസ്ത്രത്തിലേക്ക്

രീതിശാസ്ത്രപരമായ പ്രശ്നങ്ങളെക്കുറിച്ചുള്ള ആലോചനകൾ വന്നു മുട്ടാറുള്ള ഒരു വിഷമസന്ധിയാണ്, ഈ രീതിശാസ്ത്രം എന്നത് തന്നെ വേറെവിടോ നിന്ന് നിർണയിക്കപ്പെടുന്നതാണെന്ന ബോധം. മറ്റെവിടെയോ ഉണ്ടായിക്കഴിഞ്ഞ സിദ്ധാന്ത സ്വരൂപങ്ങൾ വേണ്ടും വണ്ണം വശത്താക്കിയാൽ സ്വന്തം അന്വേഷണം സുഗമമായി പൂർത്തിയാക്കാമെന്ന വിശ്വാസമാണ് അസംഖ്യം രീതിശാസ്ത്ര പണിപ്പുരകളിലേക്കും പഠനസഹായികളിലേക്കും സാമൂഹ്യശാസ്ത്ര-സാഹിത്യ ഗവേഷകരെ എത്തിക്കുന്നത്. രീതിശാസ്ത്രപരമായി അഭൂതപൂർവമായ ഒരു സാഹചര്യമാണ് സമകാലലോകത്ത് നിലനിൽക്കുന്നത്. ഇന്റർഡിസിപ്ലിനാരിറ്റി എന്ന സമീപനം മതിയാവാത്ത സ്ഥിതി. എന്തെന്നാൽ ഏതെങ്കിലും നിർദിഷ്ട ഡിസിപ്ലിനുള്ളിൽ ഒതുങ്ങുന്ന തരം ഗവേഷണ പ്രശ്നങ്ങളല്ല സമകാലലോകം ഉയർത്തുന്നത്. പഠനമേഖല തന്നെ ഡിസിപ്ലിനുകളുടെ കർക്കശമായ അതിരുകളെ അതിലംഘിക്കുന്നതാണ്. അതിരു വിടാത്തതും അച്ചടക്കമുള്ളതുമായ ആലോചനകൾ മതിയായെന്നു വരില്ല. രീതിശാസ്ത്രപരമായിത്തന്നെ എങ്ങനെ സ്വയം പുനരാവിഷ്കരിക്കാം എന്നതാണ് എല്ലാ ഡിസിപ്ലിനുകളിലും ഉള്ളവരുടെ മുന്നിലുള്ള പ്രധാന വെല്ലുവിളി. വിഷയക്കെട്ടഴിക്കൽ (de- disciplining) എന്ന് വേണമെങ്കിൽ ഈ സ്വയം പരിവർത്തനത്തിന്റെ രീതിശാസ്ത്രത്തെ പേരിട്ടു വിളിക്കാം. അന്വേഷകയുടെ കർതൃത്വത്തിൽ വരുന്ന ഒരു മാറ്റം കൂടിയാണിത്.

ഈ പശ്ചാത്തലത്തിൽ പ്രായോഗികമായും സൈദ്ധാന്തികമായും ആദ്യ പരിഗണനയർഹിക്കുന്ന ചോദ്യം എന്താണ് ഗവേഷകർക്ക് ചെയ്യാനുള്ളത് എന്നതാണ്. അതിനങ്ങനെ സൈദ്ധാന്തികം, പ്രായോഗികം എന്ന വേർതിരിവില്ല. മുഴുവൻ സാധ്യതകളും വൈഭവങ്ങളും സർഗ്ഗാത്മകമായി തിരിച്ചു വിട്ട് ഒരു വഴിത്തിരിവ് ഉണ്ടാക്കാൻ സാധിക്കുമോ എന്നതാണ് ചോദ്യം.

ഈ ചോദ്യം ഉന്നയിക്കുക എളുപ്പമാണ്. എന്തെങ്കിലും കുറിപ്പടികൾ നിർദ്ദേശിക്കുന്നതും എളുപ്പമാണ്. എന്നാൽ ശരിക്കും ഒരു സർഗ്ഗക്രിയയായി ജ്ഞാനോല്പാദനത്തെ മാറ്റിത്തീർക്കുക എന്നത് വ്യക്തിമാത്രസാധ്യമോ സുഗമമോ ആയ ദൗത്യമല്ല. അതിന് അദൃശ്യവും സമ്പ്രദായജന്യവുമായ വൈതരണികൾ മറികടക്കേണ്ടതുണ്ട്. അടിസ്ഥാന സൗകര്യങ്ങളിലും അന്വേഷണ

സംരംഭങ്ങളിലും സംഘം ചേർന്നുള്ള മുന്നേറ്റങ്ങൾ നടത്തേണ്ടതുണ്ട്. എല്ലാറ്റിനുമുപരിയായി സ്വതന്ത്ര്യബോധം സ്വായത്തമാക്കേണ്ടതുണ്ട്. കേരളത്തിലെ കോളേജുകളിലും യൂണിവേഴ്സിറ്റികളിലും ഇന്ന് നടന്നു വരുന്ന ഗവേഷണത്തിന് എന്താണ് കുഴപ്പമെന്ന ചോദ്യം ധീരമായി ചോദിക്കേണ്ടതുണ്ട്.

ഇംഗ്ലീഷിന്റെ പ്രത്യേകപ്രാധാന്യം ഇല്ലാതാക്കി തിരശ്ചീനമായി എല്ലാ ഭാഷകൾക്കും ആവിഷ്കാരത്തിൽ തുല്യസ്ഥാനം ഉണ്ടാവുക എന്നതാണ് ജ്ഞാനോല്പാദനത്തിനുള്ള ഒരു മുന്നുപാധി. അത് സാധിക്കണമെങ്കിൽ അറിവന്വേഷണങ്ങളുടെ ചക്രവാളം യൂറോപ്യൻ വിചാരമാതൃകയായിരിക്കരുത്. സങ്കല്പനം തന്നെയാണ് ചിന്ത. സങ്കല്പനശേഷി (conceptual capability) വരുന്നത് സ്വന്തം ജീവലോകത്തു നിന്നാണ്.[1] ഭാഷ എന്നാൽ ഒരു ജീവിതരൂപമാണ്. കമ്പോളത്തിലും ശാസ്ത്രത്തിലുമടക്കമുള്ള പ്രയോഗങ്ങളിലൂടെയാണ് പദങ്ങൾ ഉരുത്തിരിയുന്നത്. ഭാഷ സമ്പന്നമാവുന്നത് ജീവൽ പ്രയോഗങ്ങൾ ഉണ്ടാവുമ്പോഴാണ്. അതു കൊണ്ട് ജ്ഞാനോല്പാദനം നടത്തുക, സൈദ്ധാന്തികവൽക്കരണങ്ങൾക്കുമുതിരുക എന്നാൽ ജീവിതം നേരിടുന്ന പുതിയ സാഹചര്യങ്ങളെയും വെല്ലുവിളികളെയും നൂതനമായ രീതിശാസ്ത്രങ്ങൾ രൂപപ്പെടുത്തി അഭിമുഖീകരിക്കുക, ആ പ്രക്രിയയിലൂടെ സ്വയം മാറ്റിത്തീർക്കുക എന്നാണ് അർത്ഥം. അറിവുല്പാദനത്തിന്റെ ഈ രാഷ്ട്രീയം തിരിച്ചറിയുമ്പോൾ അക്കാദമികമായ അധമബോധം മറികടക്കേണ്ടതിന്റെ അനിവാര്യത ഒന്നു കൂടി തെളിയും. കേവലം ഭാഷയുടെയോ രീതിശാസ്ത്രത്തിന്റെയോ മാത്രമായ കാര്യമല്ല ഇത്.

ചിന്തയുടെ അടിസ്ഥാന സൗകര്യം എന്നത് ഭാഷയും ജീവരൂപവും ചേരുന്ന പദ-പ്രപഞ്ചമാണ്. നമ്മുടെ സങ്കല്പന സംഭരണികൾ യൂറോ -അമേരിക്കൻ സങ്കല്പങ്ങൾക്കപ്പുറത്തേക്ക് വിസ്തൃതമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ദിലീപ്.എം.മേനോൻ വാദിക്കുന്നത് ഈ പ്രകരണത്തിൽ ശ്രദ്ധയർഹിക്കുന്നു:

> "..ഇന്ന് പ്രാദേശിക ഭാഷകളിലെ സാഹിത്യം മറ്റേതു സ്ഥലത്തോടും കിടപിടിച്ചു കൊണ്ട് തലയുയർത്തി നിൽക്കുന്നു. എന്നാൽ ധൈഷണിക പാരമ്പര്യങ്ങളെ പുതുക്കിയവതരിപ്പിക്കാനോ ചിന്തയ്ക്കു പുതിയ പദകോശം നിർമ്മിക്കാനോ കഴിയാതെ സാമൂഹ്യശാസ്ത്ര സംഭാവനകൾ അപകർഷമായി തുടരുന്നു. എൻ ഗുഗി വാ തിയാംഗോ 'യൂറോഫോൺ തിയറി' എന്ന് വിളിച്ച തരത്തിലുള്ള ഒരവസ്ഥയാണ് ആ മണ്ഡലത്തിൽ. ആഫ്രിക്കൻ, ഏഷ്യൻ സിദ്ധാന്തങ്ങൾ ഏതെങ്കിലും

> യൂറോപ്യൻ ഭാഷയിലെഴുതപ്പെടുന്നതിനെയും യൂറോപ്യൻ സങ്കല്പനങ്ങളുടെ മൂശയിൽ വാർത്തെടുക്കപ്പെടുന്നതിനെയും കുറിക്കാനാണ് യുറോഫോൺ തിയറി എന്ന പ്രയോഗം അദ്ദേഹം കൊണ്ടു വരുന്നത്. വ്യത്യസ്ത പ്രഭവങ്ങളിൽ നിന്നുള്ള വിഭിന്ന സിദ്ധാന്തസ്വരൂപങ്ങളുടെ ഐക്യദാർഢ്യ ശൃംഖലയ്ക്കു പകരം അങ്ങേയറ്റം മേല്-കീഴ് സ്വഭാവമുള്ള ഒരു ജ്ഞാനമണ്ഡലമാണ് ഇതിൻ ഫലമായുളവാകുകയെന്ന് എൻ ഗുഗി ചൂണ്ടിക്കാണിക്കുന്നു." (ദിലീപ് എം. മേനോൻ 2017: 53-54)

ഈയിടെ സാഹിത്യപഠന വിഭാഗത്തിലെ ഗവേഷകരുമായുള്ള ഒരു സെഷനിൽ അവരുടെ ടോപ്പിക്കുകൾ ചോദിച്ചറിഞ്ഞപ്പോൾ ഇക്കാര്യം എനിക്ക് ഒന്നു കൂടെ ബോധ്യമായി. "ഇന്റർസെക്ഷണൽ ഫെമിനിസം: ച ച്ഛ ജയുടെ നോവലുകളെ മുൻനിർത്തി ഒരു പഠനം", "ആധുനികാനന്തരത: ക ഖ ഗയുടെ ചെറുകഥകളെ മുൻനിർത്തി ഒരു പഠനം" എന്ന പാറ്റേണിലാണ് മഹാ ഭൂരിപക്ഷം വിഷയങ്ങളും.

അപൂർവം അപവാദങ്ങളൊഴിച്ചാൽ, യൂറോസെൻട്രിക് ആയ ഒരു സ്വീകൃത പാരഡൈമിനകത്താണ് ഹ്യൂമാനിറ്റീസ് മലയാളത്തിൽ ഇപ്പോൾ നടന്നുവരുന്നത്. ഒരു ജനതയ്ക്ക് സ്വന്തം മാനവികത സ്വയം നിർവചിക്കാനുള്ള സ്വാതന്ത്ര്യവും സാഹചര്യവുമുണ്ടാവുമ്പോഴേ അന്നാട്ടിലെ ചിന്താപരമായ ആവിഷ്കാരങ്ങൾക്ക് ആർജ്ജവവും ജീവനുമുണ്ടാവുകയുള്ളൂ. അറിവിനും ആവിഷ്കാരങ്ങൾക്കും സാർവജനീനമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചു കഴിഞ്ഞാൽ മാനവിക പഠനങ്ങൾക്ക് ആപേക്ഷിക സ്വാതന്ത്ര്യം നഷ്ടമാവും. വ്യത്യസ്തങ്ങളായ സ്ഥലകാലങ്ങളിൽ വ്യതിരിക്തമായ മാനദണ്ഡങ്ങൾ അറിവുല്പാദനത്തിനു സാധ്യമാണ്. വ്യത്യസ്ത സാർവജനീനതകളും സാധ്യമാണ്. ഉപരിതനവും മേല്-കീഴായതുമായ മാനദണ്ഡങ്ങൾ ഉപേക്ഷിച്ച് ഹ്യൂമാനിറ്റീസിനെ തിരശ്ചീനമാക്കാൻ കഴിയേണ്ടതുണ്ട്. ജ്ഞാനോല്പാദകർക്ക് പരസ്പരം ബഹുമാനിക്കാനും സഹോദര്യത്തോടെ സംവദിക്കാനുമുള്ള സാദ്ധ്യതകൾ ഉണ്ടായി വരുന്നത് അങ്ങനെയാണ്. ആവിഷ്കരണമാധ്യമമായി നേരിട്ടോ പരോക്ഷമായോ ഇംഗ്ലീഷിന്റെ സാന്നിധ്യമുണ്ട് എന്നതാണ് ഉപരിതനമായ അച്ചുതണ്ടിലുള്ള പ്രധാന പ്രശ്നം. ഏതെങ്കിലും തരത്തിലുള്ള 'തദ്ദേശീയ ശുദ്ധി' മുൻവിചാരിക്കാതെ വ്യത്യസ്ത ചിന്താപാരമ്പര്യങ്ങളുമായി വിമർശനാത്മകവും സംവാദാത്മകവുമായ നീക്കുപോക്കുകൾ സാധിക്കണമെങ്കിൽ ഗവേഷകർക്ക് ആത്മവിശ്വാസവും സ്വതന്ത്ര്യബോധവും ഉണ്ടാവണം.

## രണ്ട്

### നടക്കാത്ത സംവാദങ്ങൾ: സിദ്ധാന്തവൽക്കരണത്തിലെ ധാർമികത

തലക്കെട്ടിൽ തന്നെ സംവാദം (dialogue)എന്ന വാക്കുള്ള ഒരു പുസ്തകം 2012-ൽ ഇന്ത്യയിൽ നിന്നും പുറത്തിറങ്ങിയിരുന്നു. ഗോപാൽ ഗുരുവും സുന്ദർ സാരുക്കായിയും ചേർന്നെഴുതിയ "ക്രാക്ക്ഡ് മിറർ: ആൻ ഇന്ത്യൻ ഡിബേറ്റ് ഓൺ എക്സ്പീരിയൻസ് ആൻഡ് തിയറി" എന്ന പുസ്തകം. സിദ്ധാന്തത്തിനു ധാർമ്മികതയുമായി ഉള്ള ഇടപാട് ആലോചിക്കുവാൻ ഈ പുസ്തകം പ്രേരിപ്പിക്കും. രണ്ടുപേർ ചേർന്ന് പുസ്തകമെഴുതാനുണ്ടായ സാഹചര്യം തന്നെ ഇതിന് നിദർശനമാണ്. സംവാദം, സംവാദം എന്ന് പറയുന്നത് എളുപ്പമാണ്. എന്നാൽ ഗവേഷകരോ പണ്ഡിതരോ സംവാദത്തിൽ ശരിക്കും ഏർപ്പെടുക എന്നത് ഇന്ത്യൻ സന്ദർഭത്തിൽ അത്യന്തം ദുർലഭമാണ്.[2] യോജിപ്പുകളും വിയോജിപ്പുകളും വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളിലും ശത്രുതയിലും മാത്രമവസാനിക്കുന്ന ഇന്ത്യയിലെ സൈദ്ധാന്തികരംഗത്ത് വിമർശനാത്മക സംവാദം എത്ര മാത്രം ദുഷ്കരമാണെന്ന് ഈ പുസ്തകത്തിന്റെ മുഖവുരയിൽ ഗുരുവും സാരുക്കായിയും എടുത്തു പറയുന്നുണ്ട്. (2012: 7-8)

സിദ്ധാന്തത്തോടുള്ള പ്രതിഷേധവും അതിനു നേരനുപാതത്തിൽ അനുഭവം എന്ന പദത്തോടുള്ള അനുഭാവവും ഇന്ത്യയിലെ അക്കാദമിക മണ്ഡലത്തിൽ വർധിച്ചു വരുന്നത് എന്ത് കൊണ്ടെന്ന് ഈ പുസ്തകം അന്വേഷിക്കുന്നു. ഐഡന്റിറ്റി പൊളിറ്റിക്സിന് ഇതിലുള്ള പങ്ക് അവർ എടുത്തു കാണിക്കുന്നു. ഐഡന്റിറ്റിയും അനുഭവവും തമ്മിൽ ഗാഢബന്ധമുണ്ട്. അനുഭവ വൈവിധ്യങ്ങൾക്ക് അംഗീകാരം ലഭിക്കണമെങ്കിൽ പരിമിതമായ ഏതാനും സാർവജനീന സംവർഗ്ഗങ്ങളിലൂടെ ഈ വൈവിധ്യങ്ങളെ അടുക്കിപ്പെറുക്കാനുള്ള ശ്രമങ്ങളെ വിമർശന വിധേയമാക്കേണ്ടതുണ്ട്. അതേ സമയം ഇത്തരം ശ്രമങ്ങൾ ചെന്നു ചാടുന്ന ഒരപകടത്തെക്കുറിച്ച് പുസ്തകം മുന്നറിയിപ്പ് നൽകുന്നു. അതായത് അനുഭവം ഇന്നാട്ടിലെയും അനുഭവ - സിദ്ധാന്തങ്ങൾ യൂറോസെൻട്രിക്കും ആയി മാറുന്ന പരിണതി. സാർവജനീനതയെ വിമർശിക്കുന്ന മറ്റൊരു സാർവജനീനസംവർഗ്ഗമായി അനുഭവം പരിണമിക്കുന്ന അപകടം. യൂറോപ്പിതര സമൂഹങ്ങളിലെ സാമൂഹ്യ ശാസ്ത്ര ഗവേഷണത്തെ സംബന്ധിച്ചിടത്തോളം ഈ വിരോധാഭാസം വലിയ പ്രത്യാഘാതങ്ങളുള്ളതാണ് (2012: 4).

ഈ പുസ്തകത്തിന്റെ തുടർച്ചയിൽ രണ്ടാമതൊരു പുസ്തകം കൂടി ഗോപാൽ ഗുരുവും സുന്ദർ സാരുക്കായിയും ചേർന്നെഴുതിയിട്ടുണ്ട്. 2019 ൽ പുറത്തു വന്ന ആ പുസ്തകത്തിന്റെ പേര് 'എക്സ്പീരിയൻസ്, കാസ്റ്റ്,ആൻഡ് ദി എവെരിഡേ സോഷ്യൽ' എന്നാണ്. ആദ്യത്തെ പുസ്തകത്തിൽ പ്രധാനമായി എടുത്ത അനുഭവ വൈവിധ്യത്തെക്കുറിച്ച ധാരണയുണ്ടാക്കാനായി സാമൂഹികതകളുടെ വൈവിധ്യത്തെ സിദ്ധാന്തവൽക്കരിക്കുന്ന പുസ്തകമാണിത്. സാമൂഹികതകളുടെ വൈവിധ്യത്തെ വരവുവെക്കാൻ സാമൂഹിക ശാസ്ത്രം മറ്റൊരു ഭാഷ കണ്ടെത്തേണ്ടതുണ്ടെന്ന് അവർ വാദിക്കുന്നു.

രണ്ടു പുസ്തകങ്ങളും സാമൂഹ്യശാസ്ത്രം എന്നതിന്റെ തന്നെ വിമർശനങ്ങളാണ്. ബ്രൂസ് കാപ്ഫെറർ രണ്ടാമത്തെ പുസ്തകത്തിനെഴുതിയ റിവ്യൂയിൽ (Kapferer 2020: 29-31) എങ്ങനെയാണ് അത് സാമൂഹ്യശാസ്ത്രത്തിലെ രീതിശാസ്ത്രത്തെ അടിമുടി പുനരാവിഷ്കരിക്കുന്നത് എന്ന് വിശദമാക്കുന്നുണ്ട്.

അംബേദ്കറുടെ മൈത്രി, നാരായണഗുരുവിന്റെ അതിഭൗതിക സങ്കല്പനങ്ങൾ തുടങ്ങിയവയെ മുൻനിർത്തി സാമൂഹികതകളുടെ ധാർമികമായ അംശങ്ങളെ ചർച്ചയ്ക്കെടുക്കുന്ന ഈ പുസ്തകം ഇന്ത്യൻ സാഹചര്യങ്ങളിലെ അനുഭവ വൈവിധ്യങ്ങളെ മനസ്സിലാക്കാനുള്ള സവിശേഷമായ മാർഗ്ഗം എന്ന നിലയ്ക്കല്ല, സാമൂഹികശാസ്ത്രത്തിന്റെ തന്നെ പുനരാവിഷ്കരണമെന്ന നിലയ്ക്കാണ് പ്രസക്തമാവുന്നത്. മനുഷ്യർ ഒരു ജീവിവിഭാഗമെന്ന നിലയ്ക്ക് പരിഗണിക്കപ്പെടുന്ന (സാമൂഹികതയെ പ്രാകൃതികതയ്ക്കെതിരെ നിർത്തി നിർവചിക്കുന്ന പതിവ് ഉപേക്ഷിക്കുന്ന) ഒരു സമീപനമാണ് ഇതിൽ കൈക്കൊണ്ടിട്ടുള്ളത്.

ഇതിനെ ഫിനോമിനോളജിക്കൽ ആയ ഒരു തിരിവായി അടയാളപ്പെടുത്താം. ഇതേ സമീപനം സ്വീകരിക്കുന്ന വേറൊരു പുസ്തകവും ഇന്ത്യയിൽ നിന്ന് ഈയടുത്ത് പുറത്തിറങ്ങിയിട്ടുണ്ട്. അനികേത് ജാവരെയുടെ "പ്രാക്ടീസിംഗ് കാസ്റ്റ്: ഓൺ ടച്ചിങ് ആൻഡ് നോൺ ടച്ചിങ്" എന്ന ഈ കൃതിയിലും സമൂഹം എന്നതിനെ സ്വന്തമായി സത്തയില്ലാത്ത സൈദ്ധാന്തികമായി അസ്ഥിരമായ ഒന്നായാണ് എടുക്കുന്നത്. അതിന്റെ ആമുഖത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: "ജാതിയെക്കുറിച്ചുള്ള അസംഖ്യം പഠനങ്ങളുടെ കണ്ടെത്തലുകളിൽ നിന്ന് വ്യത്യസ്തമായ ഒരു ധാരണ അതേക്കുറിച്ച് രൂപപ്പെടുത്തണമെന്നുണ്ടെങ്കിൽ ഒറ്റ മാർഗ്ഗമേയുള്ളൂ. എല്ലാം പുതുതായി ചിന്തിക്കുക. അങ്ങനെ ചെയ്യാനാവട്ടെ നിലവിൽ ലഭ്യമായ പഠനസാമഗ്രികളെ—ആശയങ്ങൾ, കൃതികൾ, വിശകലനങ്ങൾ—ആശ്രയിക്കുന്നത് പൂർണമായും നിർത്തേണ്ടിയും വരും (Aniket 2019: 2). ഇത് പ്രത്യേക തരത്തിലുള്ള ഒരു മറവിയാണ്. മറവിപ്പിശക്

എന്ന് അനികേതിന്റെ ഒരു പുത്തൻ പദപ്രയോഗത്തെ—oblierring—ഉദയകുമാർ തർജ്ജുമ ചെയ്യുന്നുണ്ട് (ഉദയകുമാർ, 2021: 171).

സ്പർശം എന്ന പ്രാഥമികാനുഭവത്തിൽ നിന്ന് തുടങ്ങി ജാതിയെയടക്കം മനസ്സിലാക്കാൻ ശ്രമിക്കുന്ന ഈ മൂന്നു പുസ്തകങ്ങളും സാമൂഹ്യശാസ്ത്രത്തിന്റെ ഫിനോമിനോളജിക്കൽ ആയ വീണ്ടെടുക്കലുകൾ എന്ന നിലയ്ക്ക് അത്യന്തം ശ്രദ്ധയർഹിക്കുന്നവയാണ്. സമകാല സാമൂഹികതകളെ അഭിമുഖീകരിക്കാൻ സാമൂഹ്യ ശാസ്ത്രപരമായ മുന്നറിവുകളോ യൂറോസെൻട്രിക് ആയ സങ്കല്പന സംഭരണിയോ അല്ല അവ പ്രാരംഭബിന്ദുവായി എടുക്കുന്നത്.

## മൂന്ന്

### പദകോശവും ജീവൽരൂപങ്ങളും

വ്യക്തിപരമായി നടത്തിയ ഒരു പദകോശ നിർമ്മാണപരിശ്രമത്തെക്കുറിച്ചുള്ള അനുഭവം ഇവിടെ പങ്കു വെയ്ക്കാം. കേരള സ്റ്റേറ്റ് ഹയർ എജ്യുക്കേഷൻ കൗൺസിലിന്റെ പിന്തുണയോടെ « സിദ്ധാന്തപഠനസഹായി « എന്ന ഒരു ഹാൻഡ് ബുക്ക് ഉണ്ടാക്കാനുള്ള ശ്രമമാണത്. സിദ്ധാന്തപഠനസഹായി ലക്ഷ്യമിട്ടത് ഒന്നും അറിയാത്തവരെയല്ല, മറിച്ച് സമാനമായ പ്രാപ്തികൾ ഉള്ള,അയൽപക്ക ഡിസിപ്ലിനുകളിൽ ഉള്ളവരെയാണ്. ഒരു ദൈർഘ്യമേറിയ ലെക്സിക്കൻ (elongated lexicon) എന്ന നിലയ്ക്ക് ആൾക്കാർക്ക് ഉപയോഗിക്കാൻ സാധിക്കുന്ന കൈപ്പുസ്തകമുണ്ടാക്കാനായിരുന്നു ശ്രമം. അണ്ടർ ഗ്രാജ്വേറ്റ് തലത്തിൽ പഠിപ്പിക്കുന്ന ഒരധ്യാപകൻ എന്ന നിലയ്ക്ക് വിദ്യാർത്ഥികളെ കണ്ടെത്തലുകൾ കാണാതെ പഠിപ്പിക്കുന്നതിനപ്പുറം സ്വന്തം കണ്ടെത്തലുകളിലേക്ക് നയിക്കാൻ എന്തുണ്ട് മാർഗ്ഗം എന്ന ആലോചനയാണ് ഇതിനു പ്രേരണയായത്.

സങ്കല്പനങ്ങൾ ഓരോന്നും നിശ്ചിത സിദ്ധാന്തങ്ങളുടെ പ്രകരണങ്ങളിലാണല്ലോ അർത്ഥം നേടുന്നത്. പല സങ്കല്പനങ്ങൾക്കും വ്യത്യസ്ത സിദ്ധാന്തങ്ങളുടെ സന്ദർഭത്തിൽ വ്യത്യസ്തങ്ങളായ അർത്ഥങ്ങളാണുണ്ടാവുക. ഉദാഹരണത്തിന് പവർ എന്ന വാക്കിന് ശാസ്ത്രത്തിലും സാമൂഹ്യശാസ്ത്രത്തിലുമുള്ള അർത്ഥധ്വനികൾ വ്യത്യസ്തങ്ങളാണ്. സാമൂഹ്യ ശാസ്ത്രത്തിൽ തന്നെ വ്യത്യസ്ത സിദ്ധാന്തങ്ങൾക്കുള്ളിൽ വ്യതിരിക്തമായ അർത്ഥങ്ങളാണ് അതിനുള്ളത്. അതുകൊണ്ട് ഈ പഠനസഹായിയിലെ ഓരോ എൻട്രിയും അതാത് സങ്കല്പനങ്ങളെ വിവിധ സിദ്ധാന്തങ്ങൾ ഏതൊക്കെ സവിശേഷാർത്ഥത്തിൽ

ഉപയോഗിക്കുന്നു എന്നു വേറിട്ട് കാണിക്കാനാണ് ശ്രമിക്കുന്നത്. അല്ലാതെ ഏതെങ്കിലും ഒരു സിദ്ധാന്തത്തിനുള്ളിലെ അർത്ഥത്തെ പ്രാമാണികമായെടുത്ത് ഉറപ്പിക്കാനല്ല. വിവിധ വിഷയങ്ങൾ പഠിക്കുന്നവർക്ക് വ്യത്യസ്ത സിദ്ധാന്തസ്വരൂപങ്ങൾക്കുള്ളിൽ അഭിമുഖീകരിക്കേണ്ടി വരുന്ന സവിശേഷ സങ്കല്പനങ്ങളുടെ നിഷ്കൃഷ്ടാർത്ഥം പെട്ടെന്ന് മനസിലാക്കാൻ സഹായിക്കുക എന്ന പരിമിതമായ ധർമ്മമാണ് ഇതു നിർവഹിക്കുക. ഓരോ വിഷയത്തിലെയും വിദഗ്ധരാണ് മലയാളത്തിലുള്ള ഈ എൻട്രികൾ എഴുതിയത്.

ഹാൻഡ്ബുക്കിൽ 'അബോധം' എന്ന എൻട്രി എഴുതിയ രഞ്ജിനികൃഷ്ണന്റെ "മനോവിശ്ലേഷണം യൂറോപ്പിതര ഫെമിനിസത്തിനു ബാധ്യതയോ സാധ്യതയോ?" എന്ന പ്രഭാഷണവും ചർച്ചയും കാലടി ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിൽ വെച്ച് 2020 ഫെബ്രുവരി 25-ന് അവിടത്തെ റിസർച്ച് ആൻഡ് ഡവലപ്മെന്റ് വിഭാഗത്തിന്റെ സഹകരണത്തോടെ നടത്തിയിരുന്നു. രഞ്ജിനി കൃഷ്ണൻ ഇങ്ങനെ നിരീക്ഷിച്ചു:

> "ഭാഷ മാറുമ്പോൾ ഭാഷണവും വിഷയിയും മാറും. « സിദ്ധാന്ത പഠന സഹായി « ഉണർത്തുന്ന പ്രതീക്ഷ അതാണ്. സ്വന്തം സ്വരത്തെ അവിശ്വസിക്കാതിരിക്കുമ്പോഴാണത് സാധിക്കുക. യൂറോപ്പിന് അടിക്കുറിപ്പുകളെഴുതിക്കൊണ്ടിരിക്കുക എന്നതിൽ നിന്നു മാറി സ്വയം അഴിച്ചു പണിയാൻ പ്രേരിപ്പിക്കുന്ന തരം അസന്തുഷ്ടിയിൽ നിന്നാണതു സാധിക്കുക.
>
> വിയന്നയിലെ പ്രശസ്ത ഡോക്ടറായിരുന്ന ചാർക്കോട്ടിന്റെ കൂടെ പ്രവർത്തിച്ച ബ്രൂവറും ഫ്രോയ്ഡും ചേർന്ന് 1895-ൽ "സ്റ്റഡീസ് ഓൺ ഹിസ്റ്റീരിയ" എഴുതിയത് അന്ന എന്ന ഹിസ്റ്റീരിയ രോഗിയുടെ 'ജല്പന'ങ്ങൾക്ക് ചെവി കൊടുത്തതിന്റെ ഫലമായാണ്. യുക്തിയിൽ അഭിമരിച്ച രണ്ടു പുരുഷന്മാർ ഒരു സ്ത്രീയെ/ഭ്രാന്തിയെ കേൾക്കാൻ തീരുമാനിച്ചത് ശാസ്ത്രം പരാജയപ്പെട്ടപ്പോൾ (അവരുടെ വേദനയെ ശരീരത്തിലേക്കു ചുരുക്കാൻ പറ്റാതെ വന്നപ്പോൾ)ആണ്. ഈ അനലിറ്റിക് ഡയലോഗിൽ ആത്മമോ അപരമോ ഇല്ല. രണ്ടും ഡയലോഗിലൂടെ ഉണ്ടായിവരികയാണ്. അങ്ങനെ ജ്ഞാനവും സ്നേഹവും തമ്മിൽ ബന്ധം സ്ഥാപിക്കപ്പെട്ടു. ഇത് യൂറോപ്പിന്റെ ആന്തരികവിമർശത്തിനും ജ്ഞാനത്തിന്റെ സ്ത്രീവാദവിമർശത്തിനും ഒരേ പോലെ സാധ്യത തുറന്നു.

> ചാർക്കോട്ടിന്റെ ക്ലിനിക്കിൽ എത്രയോ പുരുഷ ഹിസ്റ്റീരിയാ രോഗികളുണ്ടായിരുന്നു. എന്നാലവർ അയുക്തിയെ സ്ത്രീകളുമായി കൂട്ടിക്കെട്ടുകയായിരുന്നു. ഈ പരിശ്രമങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം: "ഞങ്ങളാണ് മാനദണ്ഡം: നിങ്ങളാണ് പ്രശ്നം. നിങ്ങളുടെ അനുഭവം പറയൂ. ഞങ്ങളതു മനസ്സിലാക്കി അർത്ഥം പറയാം."
>
> സൈക്കോ അനാലിസിസിനെ ആഞ്ഞു പുൽകാനോ തള്ളിക്കളയാനോ എളുപ്പമല്ല. പുൽകിയാലത് അനുഭവങ്ങൾക്ക് കൃത്യമായ വിശദീകരണം തന്നു കളയും. ഒരു അധിനിവേശവാഞ്ഛ അതിലുണ്ട്. യൂറോപ്പല്ലാത്ത സ്ഥാനങ്ങളെ, പുരുഷന്റെതല്ലാത്ത സ്ഥാനങ്ങളെ ഗുരുസ്ഥാനത്ത് കാണാൻ കഴിയണമെങ്കിൽ ഇത്തരം സന്ദിഗ്ദ്ധതകൾക്കൊപ്പം സഞ്ചരിക്കാൻ നമുക്കു കഴിയണം."

യൂറോപ്പിനെയും യൂറോപ്പിതര പ്രഭവങ്ങളെയും വിമർശനാത്മകവും വിമോചനാത്മകവുമായ സൈദ്ധാന്തികവൽക്കരണങ്ങളുടെ അടിസ്ഥാനമായി മാറ്റുവാൻ കഴിയണമെങ്കിൽ ഇത്തരം സന്ദിഗ്ദ്ധതകളെ സാധ്യതകളാക്കാനും സമഭാവനയുടെ തിരശ്ചീനപ്രതലത്തിൽ എല്ലായിടങ്ങളിൽ നിന്നുമുള്ള സങ്കല്പനങ്ങളെ വിന്യസിക്കാനും അക്കാദമിക സമൂഹത്തിനു സാധിക്കേണ്ടതുണ്ട്.

മേൽ സൂചിപ്പിച്ച ഹാൻഡ് ബുക്ക് നിർമ്മാണത്തിനിടയിൽ ചില വാക്കുകളെക്കുറിച്ച് വളരെ സജീവമായ ചർച്ചകൾ എഴുത്തുകാർക്കിടയിൽ ഉണ്ടാവുകയുണ്ടായി. ഉദാഹരണത്തിന് vulnerability എന്ന വാക്കിനെക്കുറിച്ച് ഇമെയിൽ മുഖാന്തിരം നടന്ന ഒരു ആശയവിനിമയം താഴെ കൊടുക്കുന്നു:

3/3/2020

Dileep R

> ഇന്നലെയുണ്ടാക്കിയ Writing Sexuality എന്ന വാട്സാപ്പ് ഗ്രൂപ്പിൽ രേഖാരാജ് vulnerability യുടെ മലയാളം ആരാഞ്ഞു. ഞാൻ പേലവം, സി.ജെ.ജോർജ്ജ് അശക്തി, നിസാർ അഹമ്മദ് വശംവദത്വം എന്നിവ നിർദേശിച്ചു. open to manipulation or intervention by power എന്നയർത്ഥം കൊണ്ടു വരാൻ സമർത്ഥമായ വാക്ക് ഉണ്ടാക്കണം എന്ന് ദേവിക അഭിപ്രായപ്പെട്ടു.

വശംവദത്വം എന്നതിൽ get seduced, yield to a passion or weakness എന്ന ധ്വനി വരാമെന്നും vulnerable to social violence എന്നതിന് അത് പോരെന്നും ടി.മുരളീധരൻ അഭിപ്രായപ്പെട്ടു.

നിസാർ അഹമ്മദ് ഇതേത്തുടർന്ന് ഭേദനീയത, വ്രണനീയത, കരുതലറ്റ നില എന്നീ വാക്കുകൾ നിർദേശിച്ചു.

ഇതിൽ വ്രണനീയത എന്ന പദം കേൾവിയിൽ vulnerability യ്ക്ക് സമാനമാണ് എന്ന അഭിപ്രായം ഞാനും ദേവികയും പറഞ്ഞു. ആദ്യം പ്രയോഗിക്കുമ്പോൾ വിശദമാക്കിയാൽ തുടർന്നുള്ള പ്രയോഗങ്ങളിൽ അർഥം കിട്ടിക്കൊള്ളുമെന്നാണ് ദേവികയുടെ മതം.

വേറെന്തെങ്കിലും നിർദേശങ്ങൾ ഉണ്ടോ ?

3/3/2020

T V madhu

« വ്രണനീയത കൊള്ളാം. നിലവിലുള്ള വാക്കുകൾക്ക് പകരം പുതിയ വാക്ക് തന്നെയാണ് നല്ലത് «

4/3/2020

Dileep R

ക്ഷതസാധ്യത എന്നൊരു പദം കൂടി നിസാർ അഹമ്മദ് നിർദേശിച്ചു.

T.Muraleedharan

സന്ദർഭമനുസരിച്ച് ‘എളുപ്പത്തിൽ ഇരയാകാൻ /യാക്കപ്പെടാൻ ഇടയുള്ള ‘ എന്നൊക്കെ എഴുതിക്കൂടെ?

Nisar Ahmed

ഇര എന്നത് അവിടെ ധ്വനിപ്പിക്കപ്പെടുന്നില്ല.

കാറ്റിൽ വേഗം ഉലയുന്ന പുൽക്കൊടി ഇരയല്ല, അത് കരുതൽ ഒന്നും ഇല്ലാതെ കാറ്റിൽ ഒരു നില്പാണ്. കരുതലിന്ന് ഇടയില്ലാതെ മുറിവേല്ക്കപ്പെടാൻ നില്ക്കേണ്ടിവരുന്ന അവസ്ഥയാണ്.

5/3/2020

C.Rajendran

"Dhrishyatha is more or less approximate. We have adhrishyatha, so it should click!"

5/3/2020

C. Padmanabhan

സ്ഥിതികേട് (ഗതികേട് എന്നത് പോലെ). it will take the responsibility away from the individual and assign a part of it to the system (സ്ഥിതി)

5/3/2020

K.J. Gasper

"ചകിതം"

5/3/2020

Nisar Ahmed

Vulnerability എന്നത് ഒരു സ്ഥിതിവിശേഷത്തിൽ ശരീരം പെടുന്നതിനെ സൂചിപ്പിക്കുന്നു. ചകിതം പക്ഷേ ആ ശരീരത്തിന്റെ അനുഭവത്തെ കുറിക്കുന്നു. ചകിതം വിറക്കൽ ആണ്. വൾനറബിൾ ആയ ശരീരം ആഘാതത്തിന് ശേഷം കടന്നു പോകുന്ന അനുഭവമാണ് ചകിതമാകൽ. Vulnerable ആവുന്നത് ചകിതമാകുന്നതിലേയ്ക്ക് നയിക്കണമെന്നില്ല. അപകടപ്പെടാനുള്ള ശരീരത്തിന്റെ സാധ്യതയും അപകടത്തിൽ പെട്ടു കഴിയുമ്പോഴുണ്ടായേക്കാവുന്ന അതിന്റെ വിറയും രണ്ടാണ്

5/3/2020

A.K. Jayasree

"നിലയില്ലായ്മ"

6/3/2020

Ranjini Krishnan

ക്ഷതസാധ്യത ഒരു തരത്തിൽ ഇരയുടെ സ്ഥലത്തു തന്നെയല്ലേ

> subject നെ നിർത്തുന്നത്. Vulnerability യിൽ എവിടെയോ ആ subject ന്റെ ഡിസയറിനു കൂടി സ്ഥലമുള്ളത് പോലെ. ഒരു ബന്ധത്തിൽ നമ്മൾ vulnerable ആകുന്നത് വ്രണിതമാകുക എന്ന സാധ്യതയിലേക്ക് നമ്മളെ തന്നെ തുറന്നിട്ട് കൊടുക്കു മ്പോൾ അല്ലേ. തീരുമാനം എടുക്കാൻ ബുദ്ധിമുട്ടുള്ള സ്ഥലത്തു subject എന്തിന് സ്വയം നിർത്തണം എന്നൊരു ചോദ്യമില്ലേ. Powerlessness അല്ലല്ലോ vulnerability.

പദങ്ങളുടെ തർജ്ജമ സംബന്ധിച്ച് താഴെ പറയുന്ന തീർപ്പിലാണ് എല്ലാവരും എത്തിച്ചേർന്നത്:

ഭാഷാന്തരത്തിൽ ഒരു പദം എന്നതിന്നു പകരം ആ പദം വിവക്ഷിക്കുന്ന ഒരു സങ്കല്പനമാണ് കടന്നു വരുന്നത്. ഒരു പാഠത്തിൽ അല്ലെങ്കിൽ ചില സമാന പാഠങ്ങളിൽ ആ പദം എങ്ങനെയാണ് ഉപയോഗിച്ചിരിക്കുന്നത് എന്നത് പരിഭാഷയെ നിർണ്ണയിക്കാം. ആ വാക്കിന്റെ മറ്റു സന്ദർഭങ്ങളിലുള്ള ഉപയോഗം അപ്പോൾ പരിഗണിച്ചെന്നു വരില്ല. പരിഭാഷയുടെ ഒരു നയം ഭാഷാന്തരത്തിന്ന് തെരഞ്ഞെടുക്കപ്പെട്ട ഒരു വാക്ക് തന്നെ വ്യത്യസ്ത സന്ദർ ഭങ്ങളിൽ അതിന്റെ അർത്ഥസാധ്യതകൾക്കായി തുറന്നു കൊടുത്തുകൊണ്ട് ഉപയോഗിക്കുക എന്നതാണ്.

സാധ്യമായ മറ്റൊരു നയം സന്ദർഭങ്ങൾക്കനുസരിച്ച് വേറെവേറെ വാക്കുകൾ ഉപയോഗിക്കുക എന്നതാണ്. ഒരു സങ്കല്പനത്തിന്റെ ഭിന്നധ്വനി കളെ ദ്യോതിപ്പിക്കാൻ ഒരു ഭാഷയിൽ ഇപ്രകാരം ഭിന്നവാക്കുകൾ കാണാറുണ്ട്. ഭാഷാപരമായ ആവിഷ്കരണങ്ങളിൽ ഏർപ്പെടുന്ന ഒരാൾ ഭാഷകൊണ്ട് നിർമ്മിക്കുന്ന സ്ഥിതിവിശേഷങ്ങളിലൂടെ ഒരു വാക്ക് ധ്വനിപ്പിക്കുന്ന അർത്ഥ ങ്ങളിലുള്ള അതിന്റെ ഗതാനുഗതികതയെ മറികടക്കാം. അപ്പോൾ അയാളുടെ പ്രയോഗം വാക്കിന്റെ ഒരു പുതിയ ഉപയോഗത്തിന്നായുള്ള ശുപാർശയായി മാറും. അയാളുടെ ന്യായം ഭാഷ സംസാരിക്കുന്നവരുടെ ജീവിതം പഴയ അർത്ഥങ്ങളെ അപ്രസക്തമാക്കുന്നു എന്നതാകാം.

വാക്കുകൾക്ക് അവ ധ്വനിപ്പിക്കുന്ന അർത്ഥങ്ങളെ സംബന്ധിച്ചിട ത്തോളം, അവ ഉപയോഗിക്കപ്പെടുന്ന സന്ദർഭങ്ങളെ അപേക്ഷിച്ചിടത്തോളം, പൊതുവെ അവ്യക്തതയും തുറവും ഉണ്ട്. പരിഭാഷ അതുകൊണ്ട് ഒരു ഏകദേശക്രിയയാണ്. അത് ഭാഷാന്തരമായ ഒരു സർഗപ്രവർത്തനമാണ്. സാങ്കേതിക സൈദ്ധാന്തിക പദങ്ങൾക്ക്, അവ വിവാദപരമായാലും, ഈ അവ്യക്തത ഇല്ല. സൈദ്ധാന്തികമായി എങ്ങനെ പ്രയോഗിക്കപ്പെട്ടുവോ

അതുതന്നെയാണതിന്റെ അർത്ഥം. നമ്മൾ അത് ഭാഷാന്തരപ്പെടുത്തിയാലും അതേപടി എടുത്താലും അതിന്റെ അർത്ഥം ഭാഷാന്തരത്തിനു വിഷയമായ പാഠം നിർണ്ണയിച്ചുകൊള്ളും.

ചുരുക്കിപ്പറഞ്ഞാൽ, വൾനറബിലിറ്റി എന്ന് തന്നെ മലയാളത്തിൽ എഴുതിയാലും സങ്കല്പനപരമായി ഒരു സിദ്ധാന്തത്തിന്റെ പ്രകരണത്തിൽ എന്ത് നിഷ്കൃഷ്ടാർത്ഥമാണ് അതിനുള്ളത് എന്നറിയുന്നതാണ് മുഖ്യം.

### കേരളം എന്ന ജ്ഞാനശാസ്ത്ര പ്രദേശം

കേരളത്തിൽ നിന്നു കൊണ്ട് സൈദ്ധാന്തികവൽക്കരണം നടത്തുക എന്നാലെന്താണ് ? ഭൂമിശാസ്ത്രപരമായ പ്രഭവങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശീയമായ ഒരു പുറംതള്ളലിനെയല്ല ഇത് എന്തായാലും സൂചിപ്പിക്കുന്നത്. അങ്ങനെ ശുദ്ധമായ ഒരകം ഒരിക്കലും ഉണ്ടായിരുന്നിട്ടില്ല. ആശയങ്ങളും ആളുകളും എല്ലാക്കാലത്തും അങ്ങോട്ടുമിങ്ങോട്ടും ഒഴുകിക്കൊണ്ടിരുന്നിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രയോഗത്തിൽ നിർണായകമായ വിചാരമാതൃകാ മാറ്റം കൊണ്ടു വന്ന ചിന്തകയാണ് ജെ.ദേവിക. ദേവികയുടെ 'നിരന്തരപ്രതിപക്ഷം' എന്ന പുസ്തകത്തിന് മുഖവുരയെഴുതാൻ സന്ദർഭമുണ്ടായപ്പോൾ ഒരു ഗവേഷകയെന്ന നിലയ്ക്ക് ദേവികയുടെ നില്പി (location) നുള്ള പ്രത്യേകത ഇങ്ങനെയാണ് ഈ ലേഖകൻ വരവു വെച്ചത്:

> "ദേവികയുടെ ലേഖനങ്ങളുടെ തലക്കെട്ടിൽ മാറിയും തിരിഞ്ഞും കേരളത്തെ കാണാം. 'കേരളത്തിലെ ലിംഗാധികാരം', 'മലയാളി സ്ത്രീയുടെ', 'കേരളീയ സ്ത്രീത്വം', 'മലയാളി ലൈംഗികവിപ്ലവം', 'കേരളദേശം', 'മലയാള സാഹിത്യത്തിലെ' എന്നിങ്ങനെ. ശീർഷകത്തിലല്ലെങ്കിൽ പ്രബന്ധശരീരത്തിൽ കാണും. ഇത് ഒരപൂർവതയാണ്. കേരളത്തിലെ സൈദ്ധാന്തികമായ എഴുത്തുകൾ മിക്കവാറും തുടങ്ങുക ഏതെങ്കിലും സങ്കല്പനത്തിൽ നിന്നാവും. അത്തരം സങ്കല്പനങ്ങളുടെ ഉറവിടമാവട്ടെ ഏതെങ്കിലും അന്യദേശവുമായിരിക്കും. എഴുതുന്നവർക്കാണെങ്കിൽ തങ്ങൾ മാർക്സിസവുമായിട്ടൊക്കെ ബന്ധമുക്തി നേടിയോ ഇല്ലയോ എന്ന ശങ്ക ഒരിക്കലും ഒഴിയില്ല. ഇത്തരം അങ്കലാപ്പുകൾ പരിഹരിക്കാനായി സങ്കല്പന പുകമറകൾ സൃഷ്ടിക്കലാണ് അവരുടെ പ്രധാന ശീലം. എന്നാൽ ലോകത്തെക്കുറിച്ച് പറയാനും സാർവ്വജനീനമായ ആലോചനകളി

ലേക്ക് കടക്കാനും കേരളം ഒരു തടസ്സമല്ല, ന്യായയുക്തമായ മാർഗ്ഗമാണ് എന്ന് ക്ഷമാപണമേതുമില്ലാതെ തലയുയർത്തി നിൽക്കുന്ന ഒരു എഴുത്താളിയാണ് ജെ. ദേവിക. ആ പ്രതലത്തിൽ വെച്ച് ലോകത്തിലെ ഏതു ചിന്തകരെയും സങ്കല്പനങ്ങളെയും, വളരെ സ്വാഭാവികമായും തുല്യ നിലയ്ക്കും അഭിമുഖീകരിക്കുന്നതിനു ദേവിക സദാസന്നദ്ധയാണ്. ഒരു മൂന്നാംലോക നില്പാണത്. അതു കൊണ്ട് അതിൽത്തന്നെ യൂറോകേന്ദ്രിത സിദ്ധാന്തങ്ങൾക്കു പൊതുവെയും യൂറോകേന്ദ്രിത ഫെമിനിസത്തിനു സവിശേഷമായും ഉള്ള വിമർശവുമാണ് ഈ എഴുത്തുകൾ. പോസ്റ്റ് കൊളോണിയൽ സിദ്ധാന്തങ്ങൾ പുറത്തു നിന്നും എത്തിച്ചേരാൻ കാത്തു നിൽക്കാതെ സ്വന്തമിടത്തിൽ കാലുറപ്പിച്ച് വിദേശ-സ്വദേശ ഭേദചിന്തയെന്യേ വിമർശ സംവർഗ്ഗങ്ങൾ വഴക്കിയെടുത്ത് സിദ്ധാന്തവത്കരണം നടത്തുന്ന ധീരതയാണ് അതിന്റെ പ്രഭവം.

...ദേവികയെ മലയാളത്തിലെ മറ്റു സാഹിത്യേതര രചയിതാക്കളിൽ നിന്ന് വ്യത്യസ്തയാക്കുന്ന വേറൊരു സവിശേഷത ആനുഭവിക വിവരങ്ങളും സർഗാത്മകമായ സൈദ്ധാന്തികവത്കരണവും തമ്മിലുള്ള മേളനമാണ്. ആനുഭവികം (empirical) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ലോകത്തെക്കുറിച്ച് പഠിക്കുമ്പോൾ അവിടെ നിന്നുള്ള വിവരങ്ങൾ അച്ചടക്കത്തോടെ ശേഖരിക്കുകയും അതിന്റെയടിസ്ഥാനത്തിൽ മനസ്സിലാക്കുകയും ചെയ്യുന്നതിനെയാണ്. അല്ലാതെ ആനുഭവിക വാദപര (empiricist) മാവലല്ല... സാമ്പ്രദായിക ചരിത്രരചനയിലെ ഉപാദാനങ്ങളിൽ ഒതുങ്ങി നിൽക്കാതെ എല്ലായിടത്തും പോയി വലിയ ഒരു വിവരശേഖരം (സാഹിത്യം മുതൽ ഭരണനിർവഹണരേഖകൾ വരെയുള്ളത്) ദേവിക സംഭരിച്ചു. അതിൽ നിന്നുണ്ടായ തീസിസ് നോക്കിയാൽ ഒറ്റ നോട്ടത്തിൽ തന്നെ ഉപാദാനങ്ങളുടെ വൈപുല്യവും വൈവിധ്യവും ശ്രദ്ധയിൽ വരാതിരിക്കില്ല. ഈ വൈപുല്യമാവണം ഹിസ്റ്ററിയിലോ ഫെമിനിസത്തിലോ മറ്റേതെങ്കിലും വിജ്ഞാനശാഖയിലോ ഒതുങ്ങി നിൽക്കാതെ അന്തർവിഷയകമായ ഒരു രീതി സ്വീകരിക്കാനും വ്യവഹാരവിശകലനത്തിലേക്ക് നീങ്ങാനും പ്രേരിപ്പിച്ചിട്ടുണ്ടാവുക. ഇങ്ങനെ

യൊരു അഭ്യൂഹം ഗൗരവത്തിലെടുത്താൽ മറ്റൊരു ട്രേഡ് സീക്രട്ട് കൂടി വെളിപ്പെട്ടു കിട്ടിയേക്കും. അതായത്, പഠനത്തിന്റെ രീതിശാസ്ത്രം അതിൽ നിന്നു തന്നെ ഉരുത്തിരിഞ്ഞു വരുകയാണ്." (ജെ. ദേവിക 2021: 19-20)

ഒരുപക്ഷേ, രീതിശാസ്ത്രത്തെക്കുറിച്ച് പുലർത്തേണ്ട മർമ്മ പ്രധാനമായ തിരിച്ചറിവ് ഇത് തന്നെയാവണം. പഠനമാണ് പ്രധാനം. ഒരു പഠനത്തിനും മുൻ പഠനങ്ങളുടെ രീതി യാന്ത്രികമായി ആവർത്തിക്കാനോ മുൻനിശ്ചിതമായ മാർഗ്ഗത്തിൽ വിജയം കാണാനോ സാധിക്കില്ല. മറ്റൊരു പാഠം ഏതെങ്കിലും പഠനശാഖയുടെ അതിരിനും അച്ചടക്കത്തിനും യാന്ത്രികമായി സ്വയം സമർപ്പിക്കുന്നതിന് പകരം സ്വതന്ത്രവും സർഗ്ഗാത്മകവുമായ ഇറങ്ങിപ്പുറപ്പെടലുകളാണ് മൗലികതയിലേക്കുള്ള മാർഗ്ഗമെന്നതാണ്. ദല്യൂസ് വ്യത്യസ്തമായ ഒരു സന്ദർഭത്തിൽ പറഞ്ഞത് പോലെ (2007: 7), ദീർഘമായ മുന്നൊരുക്കങ്ങളല്ലാതെ പ്രത്യേകിച്ച് എന്തെങ്കിലും രീതി (method) അതിനില്ല.

## കുറിപ്പുകൾ

1. സങ്കല്പനശേഷി എന്ന പ്രയോഗം ഡോ. നിസാർ അഹമ്മദ് സ്വകാര്യ സംഭാഷണത്തിൽ പങ്കു വെച്ചതാണ്. സാമ്പത്തിക മണ്ഡലവുമായി ബന്ധപ്പെട്ട് അമർത്യ സെൻ ഉണ്ടാക്കിയ സങ്കല്പനത്തെ അല്പം നീട്ടിയുണ്ടാക്കിയ ഈ പ്രയോഗം ഒരു കാര്യം ചെയ്യാനും ഭാഷയിൽ ആവിഷ്കരിക്കാനുമുള്ള ശേഷിയെ കുറിക്കുന്നു. ഒരു വർക്ക് ചെയ്യാനുള്ള പ്രാപ്തിയെന്നു പറയാം. പഠനം മലയാളത്തിലാവണമെന്നു പറയുമ്പോൾ വൊക്കാബുലറിയിൽ അമിതമായി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതില്ലെന്നും സിന്റാക്സ് ആണ് ശ്രദ്ധിക്കേണ്ട കാര്യമെന്നുമാണ് നിസാർ അഹമ്മദിന്റെ അഭിപ്രായം. ഉദാഹരണത്തിന് 'ബോയിലിംഗ് പോയിന്റ്' എന്നതിന് "b" എന്നോ "മ" എന്നോ പറഞ്ഞാലും കുഴപ്പമില്ല. അത് എന്താണ് മുൻവിചാരിക്കുന്നത് എന്ന അറിവാണ് പ്രധാനം. അതായത്, കൺസെപ്റ്റ് മനസ്സിലാക്കലാണ്, കൺസെപ്റ്റ് ശബ്ദമാക്കലല്ല കാര്യം.
2. ടി.വി.മധു എഡിറ്റ് ചെയ്ത 'മാർക്സ് വായനകൾ' എന്ന പുസ്തകത്തിൽ "വർഗ്ഗവും വർഗ്ഗസമരവും: നിർവ്വാഹകത്വത്തിന്റെ ചരിത്രമാനങ്ങൾ" എന്നൊരു ലേഖനം സുനിൽ പി.ഇളയിടം എഴുതിയിട്ടുണ്ട് (2015: 125-193). ലേഖനത്തിന്റെ തലക്കെട്ടിനു തന്നെ ഒരു അടിക്കുറിപ്പുണ്ട്. അതിൽ ഇങ്ങനെ പറയുന്നു.

   "പ്രബന്ധത്തിന്റെ ആദ്യ ഭാഗങ്ങളിൽ വർഗ്ഗ സങ്കല്പത്തെയും അതിന്റെ അർത്ഥ പരിണാമങ്ങളെയും ചരിത്രപരവും വിവരണാത്മകവുമായി വിശദീകരിക്കുകയും അവസാനഭാഗത്ത് വർഗ്ഗവിശകലനത്തിന്റെ സമകാലിക സാദ്ധ്യതകൾ പരിശോധിക്കുകയും ചെയ്യുന്നു. ചിന്താപരമായ മൗലികതയോ ആശയപരമായ സ്വകീയതയോ ഇതിനില്ല. അത്തരമൊരു പരിപ്രേക്ഷ്യത്തിലൂടെ വീക്ഷിക്കുമ്പോൾ ഈ പ്രബന്ധവും, എന്റെ മുൻകാല രചനകളെന്ന പോലെ, ഉദ്ധരണികളിലൂടെയുള്ള ചിന്തയായോ, സ്വന്തമായി

ചിന്തിക്കാനുള്ള ശേഷിയില്ലായ്മയായോ, അടിസ്ഥാന വസ്തുതകളെക്കുറിച്ചുള്ള അറിവില്ലായ്മ തന്നെയായോ അനുഭവപ്പെടാവുന്നതാണ് (മധു ടി.വി. 2013: 82 -83). എന്റെ വിഷയ പരിചരണ രീതിയുടെയും ചിന്താശേഷിയുടെയും പരിമിതികൾ അംഗീകരിച്ചു കൊണ്ടും മേല്പറഞ്ഞ വിധത്തിലുള്ള വിമർശനങ്ങളും പരിഹാസവും മുൻകൂറായി പ്രതീക്ഷിച്ചു കൊണ്ടും ഈയൊരു വിശകലനരീതി തന്നെ പിന്തുടരുകയാണ് ഞാൻ ചെയ്തിരിക്കുന്നത്." (2015:181)

ഇതിൽ പരാമർശിക്കുന്നത് ടി.വി.മധുവിന്റെ. 'വീണ്ടെടുത്ത മാർക്സിൽ അവശേഷിക്കുന്നതെന്ത് ?' (2013) എന്ന റിവ്യൂ ആണ്. പ്രസ്തുത റിവ്യൂയിൽ "ഉദ്ധരണികളില്ലാതെ ചിന്തിക്കുക" എന്നത് മധു മാർക്സുമായി ഇടപെടാൻ ഉള്ള ഒരു വഴിയായി നിർദേശിക്കുന്നതാണ്. അതേ റിവ്യൂയിൽ സുനിലിന്റെ രീതിയുടെ ഒരു പരിമിതിയായി മധു കാണുന്നത് വൈവിധ്യപൂർണമായ ചിന്തകൾക്ക് ലേബലൊട്ടിച്ച് പൊരുത്തം കല്പിക്കുന്നു എന്നതാണ്. ചിന്തകളെ നിരുപാധികം പിന്തുടർന്നാൽ വഴി മാർക്സിസത്തിനു പുറത്തേക്കു നീളുമെന്നും അപ്പോൾ തിരിഞ്ഞു നോക്കുമ്പോൾ കനം വെക്കുന്ന മാർക്സിന്റെ ശരീരം ഒരുവേള ഇറക്കി വെക്കേണ്ടതായി വരുമെന്നും 'പുറപ്പേടി' ഉപേക്ഷിക്കേണ്ടി വരുമെന്നും മധു നിരീക്ഷിക്കുന്നു. വീണ്ടെടുപ്പ് എന്ന രൂപകത്തെ മുൻ നിർത്തിയാണ് ഈ പ്രാരംഭചിന്ത.

സുനിലിന്റെ ശ്രമത്തെ അനുഭാവപൂർണമായും സ്നേഹത്തോടെയുമാണ് റിവ്യൂകാരൻ പരിഗണിക്കുന്നത്. മാർക്സിസ്റ്റ് ചിന്തയുടെ വിസ്തൃതമായ ഭൂപ്രദേശത്തെ തികഞ്ഞ മൊഴിവഴക്കത്തോടെ വരച്ചെടുക്കാൻ സുനിലിനു കഴിഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. മധുവിന്റെ വിയോജിപ്പുകൾ ഇങ്ങനെ സംഗ്രഹിക്കാം

1. ഉത്തരാധുനികർ തുടങ്ങിയ ലേബലുകൾ ഒട്ടും സഹായകമല്ല. മാർക്സിസത്തോട് സംവദിക്കുമ്പോൾ മാത്രമല്ല ചിന്ത പ്രസക്തമാവുന്നത്. ഉദാഹരണം, സ്പിനോസയുടെ ചിന്ത. അതിനെ മാർക്സിന്റെ ആദ്യകാല ആശയങ്ങളോട് ബന്ധിപ്പിക്കാനുള്ള സുനിലിന്റെ ശ്രമം സൂക്ഷ്മതക്കുറവുള്ളതാണ്.

2. വീണ്ടെടുപ്പിനായി (മാർക്സിൽ നിന്നും ഏംഗൽസിൽ നിന്നും പരമാവധി ഉദ്ധരണികൾ നിരത്തി വാദത്തിനു പിൻബലം നൽകുക തുടങ്ങിയവ) അഞ്ചു തരം പരിശ്രമങ്ങൾ സുനിൽ നടത്തുന്നുണ്ട്. അവ വീണ്ടെടുപ്പിനു പര്യാപ്തമായ മാർഗ്ഗങ്ങളല്ല. ഇതേ രീതിയിൽ മറുവാദങ്ങൾക്കും ചരിത്രത്തിൽ നിന്ന് പിൻബലം കണ്ടെത്താൻ കഴിയുമെന്നും ആവശ്യമായിട്ടുള്ളത് ചരിത്രം വിട്ടു മാർക്സുമായി വിനിമയത്തിൽ ഏർപ്പെടലും ചിന്തയെ സമകാലികമാക്കലുമാണെന്നും മധു പറയുന്നു. മാർക്സിനെ ഭാരരഹിതമാക്കിക്കൊണ്ട് സ്വന്തം നീക്കങ്ങളുടെ അനായാസകരമായ ആവേഗമാക്കാൻ സാധിക്കുന്നതിനെയാണ് മധു ഉദ്ധരണികളില്ലാത്ത ചിന്തനത്തിന്റെ വഴിയായി എടുത്തു കാട്ടുന്നത്. ചിന്തയെ സംബന്ധിച്ച് അകം, പുറം തുടങ്ങിയ പരിധികൾ അപ്പോൾ അപ്രസക്തമാകും എന്നാണ് സൂചന.

ഇതിൽ തീർച്ചയായും വിമർശനമുണ്ട്. പക്ഷേ, പരിഹാസമില്ല. എഴുതിയ കാര്യങ്ങളുമായാണ് ഇടപെടൽ നടത്തിയിട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ അക്കാദമികമായ ഒരു

പ്രതികരണമാണ് മധു നടത്തിയത്. അതിനോടുള്ള സുനിലിന്റെ പ്രതികരണമാകട്ടെ തീർത്തും വൈയക്തികമായും വൈകാരികമായുമാണ്. അക്കാദമികമായ സംവാദത്തിനു തുടക്കം കുറിക്കാനുള്ള ഒരു സുവർണാവസരമാണ് ഇവിടെ നഷ്ടമായത്.

## ആധാരസൂചി

ജെ. ദേവിക, *നിരന്തര പ്രതിപക്ഷം*, കോട്ടയം: ഡി.സി.ബുക്സ്, 2021.

ഉദയകുമാർ, *'നിരാധാരമായ ചിന്തയുടെ വർത്തമാനകാല സാദ്ധ്യതകൾ'*, അന്യോന്യം, പുസ്തകം 1, ലക്കം 1, ജനുവരി 2021.

ദിലീപ് എം. മേനോൻ 'ലോകം മാറുന്നു! കൂട്ടായ്മകൾ, ഭാവനകൾ, അറിവുകൾ' അയ, ഒക്ടോബർ-നവംബർ, 2017.

ടി.വി. മധു, 'വീണ്ടെടുത്ത മാർക്സിൽ അവശേഷിക്കുന്നതെന്ത്?' മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 91, ലക്കം 39, 2013 ഡിസംബർ 8-14.

ടി.വി. മധു (എഡി.), മാർക്സ് വായനകൾ, കോഴിക്കോട്: റാസ്ബെറി, 2015.

Aniket Jaaware, *Practicing Caste: On Touching and Not Touching*, Hyderabad: Orient Blackswan, 2019

Gilles Deleuze and Claire Parnet, *Dialogues II,* Newyork: Continuum, 2007

Dileep R., Learners' Handbook on Theoretical Terms, Final report submitted to Kerala State Higher Education Council, 2020

Gopal Guru and Sundar Sarukkai, *The Cracked Mirror: An Indian Debate on Experience and Theory,* Delhi: Oxford University Press, 2012

Gopal Guru and Sundar Sarukkai, *Experience, Caste, and the Everyday Social,* Delhi: Oxford University Press, 2019

*dileep.raj09@gmail.com*

# Framing Feminist Research: Critical Impasse and Paradoxes

Dr. Sherin B.S.
Assistant Professor at the English and Foreign Languages University, Hyderabad

## Abstract

While feminism as a political thought is an oppositional logic against androcentric practices of modernity feminist research as a meaning making process is framed along modern paradigms. This inherent contradiction in feminist ideology and research extends a critical impasse while contextualising feminist research. This essay attempts to reframe feminist thinking and methodology incorporating ethics as a primary criterion in designing feminist epistemological practices. It also investigates the complexities involved in intersectional approach and urges a refashioning of feminist methodology devoid of paradoxes.

**Keywords:** Feminist research, Feminist epistemology, Feminist methodology, Third wave feminism, Indian feminist research, intersectional feminism.

Recently, during a discussion on my newly released book, I was asked by a contemporary feminist what kind of feminism did I affiliate with as an academic. It was quite a difficult question, as the book in its introduction critically engages with the category of feminism in India in its inability to incorporate the experience of religious and practising Muslim women into its fold. This question often baffles many of us who work within academic

research frameworks and use the labels of feminism and feminist research to describe our research concerns. While feminist research indicates a meaning making process that involves representation and conceptualisation of women's experiences and the world(s) they/we inhabit, feminist politics also demands one to commit to its ideological and ethical cause for social change and equality. While the former can anchor on strict adherence to parameters of objective research the regimes of hierarchies in academia demand if required, it is almost impossible to maintain objective distance regarding the latter. This brings us to a possible answer that feminism primarily needs to be ethical- the ethical dimension of feminist research is primarily what makes feminism different from other epistemological practices.

## Research Methodology as a Meaning Making Practice

I keep thinking of the following principles while entering a research context:

- Why this research is important and what can I contribute to this field?
- Why my subjectivity is crucial in my engagement with this research topic?
- What is my familiarity with the people, narratives, locations in terms of their heterogeneity?
- How far am I willing to let go of my convictions and political inclinations to ethically engage with my research context?
- Will I be able to reframe my research interest and methods if my theorisations deconstruct the multiple realities of peoples and histories I engage with.

All these concerns point to the fact that what designs the methodology that needs to frame the field of study is primarily determined by the ethical implications of the undertaken research.

## Feminist Ontology, Epistemology and Subjectivity.

Feminism functions as an oppositional epistemology against patriarchy, androcentrism, sexism, oppression, and many other similar formations

in the existing knowledge practices. Feminism is critical of modernist epistemologies for being androcentric and therefore demands a revising of modernist paradigmatic frameworks. Feminist scholars initially started questioning epistemological practices describing that the male experience and male perspective frame the female experience most often. This presentation of female experience through male narratives and frame works invariably depict women's experience as lacking and less than perfect. While discussing feminist research methodology in, "Learning Critical Feminist Research: A Brief Introduction to Feminist Epistemologies and Methodologies," Britta Wigginton and Michelle N Lafrance points out citing many scholars:

> …Feminist scholars across disciplines have shared a joint commitment to the task of re-writing knowledge in explicitly non-androcentric and decolonizing ways. Together, they have worked to understand how 'conventional' approaches to knowledge production, colloquially termed "good science", might "promote or obstruct" the (re)making of democratic societies and gendered relations (Harding & Norberg, 2005, p. 2009). Part of this inquiry has involved a thorough consideration of the way in which science can be viewed as an institution, in much the same way that healthcare and education are institutions (Harding & Norberg, 2005). As an institution, science is complicit in governing, classifying and controlling populations by producing particular 'truths' about certain people/groups (Harding & Norberg, 2005)— truths that are far from being neutral, but are complicit with colonial, capitalist and patriarchal structures, and which ultimately reinforce an unjust status quo ... In response, feminist scholars have made evident the ways in which biases inevitably arise throughout the research process (including which research questions are (not) asked, funded, published, and circulated), to demonstrate the value-laden influence of science, which has historically resulted in the privileging of some knowledges over others… ( Wiggington and Lafrance,

2019)

In a comprehensive understanding of the departure from conventional science by feminist epistemologies Wigginton and LaFrance identify three practices- the feminist empiricism, the feminist standpoint and turn to language movements like postmodernism, post structuralism and social construction to label feminist practices. The feminist empiricist insists on locating the reality or truth which is out somewhere through an objective analysis of the 'facts.' In this mode objectivity of the researcher forms the foundation of a better epistemological practice free of sexism and androcentrism. As opposed to this there is feminist standpoint theory which rules out objectivity and dwells on the social situatedness of knowledge. More recent descriptions of standpoint theory promote plurality and intersections of marginalised identities. The third feminist project is of social constructionism which rules out possibilities of objective truth favouring the relative nature and plurality of truth. Language is looked at as a medium of representation that is controlled by dominant power structures (Wigginton and LaFrance.) The strength of feminist standpoint scholars is the epistemic privilege gained through their social locations. Social constructionism enriches feminist standpoint epistemology by rendering knowledge as contextual to one's experience and identity. Both these categories look at empiricists sceptically because what the empiricists announce as real or essential nature of knowledge, are pointed out as privileges from certain dominant and socially powerful locations.

## Social Justice, State, Feminist Politics

It has to be agreed that feminist reconceptualization of knowledge goes along with social justice movements both inside and outside academia. However, if we assess the welfare state project from the beginning, women have been designed as participants outside the centres of power, relegating them to roles of care givers and marginalised participants. Moreover, the racialisation of nation state disclosing the hierarchies that constitute the entire rights distribution system problematise all discourses on social justice. While the initial feminist activism and therefore the academic projects associated with it focused on demanding equal rights from the state which epitomised the patriarchal centre in many ways, the disintegration of the

essential citizen into multiple identities made it impossible to have a unified discourse on rights. In "Problems for a Contemporary Theory for Gender," Susi Tharu and Thejaswini Niranjana observe:

> Although gender analysis, like class analysis, had pointed to how the humanist subject and the social worlds predicated on it functioned in such a way as to legitimize bourgeois and patriarchal interests, both Marxist and feminist politics continue to operate with the premises of secularism-democracy invoked by the humanist subject. They fail, therefore, to account for inequalities of caste or community implicit in that subject and its worlds or to radicalise the concepts of secularism and democracy to meet political requirements in our times. We shall be arguing in this paper that these problems call for an investigation and critique of the humanist premises that not only underwrite the politics of dominance, but also configure the 'subject of feminism.' (Tharu and Niranjana,1994)

This problematisation of the humanist subject that forms the basis of discourses on rights both by Marxism and Feminism especially after the Mandal/ Masjid years in India demands a revisioning of feminist ideals. Using multiple instances of women's visibility, the authors exposed several problematic concerns for feminism and the conceptual universalisms feminism adhered to in the earlier contexts: Thus produced, this human subject, on whom the whole question of 'rights' is predicated, was imaged as the citizen subject and the political subject. In the Indian context, for example, this imaging (a) articulated gender, caste and community (and initially even class) only in the realm of the social; (b) marked these as incidental attributes of a human self; and (c) rendered invisible the historical and social/cultural structuring of the subject of politics. The shaping of the normative human-Indian subject involved, on the one hand, a dialectical relationship of inequality and opposition with the classical subject of western liberalism, and on the other hand, its coding as upper-caste, middle-class, Hindu and male. The coding was effected by processes of othering/differentiation such as, for example, the definition

of upper-caste/class female respectability in counterpoint to lower-caste licentiousness, or Hindu tolerance to Muslim fanaticism as well as by a gradual and sustained transformation of the institutions that govern everyday life. Elaborated and consolidated through a series of conflicts, this coding became invisible as this citizen-self was redesignated as modern, secular and democratic (Tharu and Niranjana, 1994). Thus, the right bearing citizen, disguised as modern secular and democratic, but carrying the "coding" of "upper-caste/middle class/ Hindu/ male," in the Indian context creates multiple forms of oppressions and relegations. In this situation the discussion of women's rights inside and outside the academic discourse raises concerns in terms of subjects/objects of research. This essay that describes the most important political events that defined the political society of India in the 1990s, prophecies the complex identity concerns raised by Dalits Muslims and Queer identities in the years to come in their apprehensions about feminist activism and research. Like the feminist critique of heterosexual upper caste middle class male who represented the 'human' in human rights, the sections of women excluded from the centre of rights discourse, raised concerns regarding the feminist universalisation of women's rights. In this context it is important to bring back feminist concerns raised by women of colour in the United States, and elsewhere critiquing the patronisation of white feminists. In *Feminism is for Everybody* bell hooks argues that feminist movement had never been neutral and had been divided between reformist and revolutionary thinking:

> From its earliest inception feminist movement was polarized. Reformist thinkers chose to emphasize gender equality. Revolutionary thinkers did not want simply to alter the existing system so that women would have more rights. We wanted to transform that system, to bring an end to patriarchy and sexism. Since patriarchal mass media was not interested in the more revolutionary vision, it never received attention in mainstream press. The vision of "women's liberation" which captured and still holds the public imagination was the one representing women as wanting what men had. And this was the vision that was easier to realize. (Bell hooks,

2000).

Bell hooks is harshly critical about the demand for gender equality without social change. Similar to bell hooks' argument, in the Indian context caste and religious subalternity share a crucial role in decoding feminist concerns. Indian mainstream feminism, often marked by the logic of gender equality highlighted by upper caste Hindu women, is not inclusive and is highly patronising according to many women from Dalit and Muslim backgrounds. Feminists have engaged with this concern during the Nirbhaya protests, showing the enormous disparity in feminist protests on Nirbhaya case and the subsequent issues when Dalit women were sexually assaulted (Kannabiran, 2014). Women in Kashmir finds it difficult to identify with a nation imagined in the form of a Hindu goddess says Mrudu Rai (Mrudu Rai, 2011). Left liberal Politics so evident in mainstream feminist movements alienate women from communities who are in conflict with modern aspirations of feminist politics (Sherin, 2021). Further, the large presence of women in today's right-wing political movements- for instance Brexit in the UK or Kar Sevikas in India or *namajapa* women during Sabarimala issue in Kerala, India, demands us to revise the category of gender equality as the defining factor of feminism. It is in this context that we reconsider the ethics of feminist practices/feminist research practices and the need to reconfigure feminism as a nuanced engagement with the question of rights. Joan Scott distinguishes between emancipation and equality and highlights the drawbacks of focusing on political rights, which come with emancipation but ceases to be granting equality ( Scott,2012). State oriented rights discourses often face this problem and Ambedkarite politics, particularly Dalit feminism is critical of the idea of emancipation in India without derailing the caste system that is so central to the Hindu identity in India. Joan Scott also discusses the sexualisation of rights, equating sexual excess with liberal rights, thus marginalising identities that do not promote the liberal experience of sexual desire. Here, desire designs the individual aspirations to freedom and therefore modern liberal thinking and restraint or reason becomes detrimental to this liberal value. Jasbir Puar's conception of homonationalism also resonates similar arguments, and tries to explain how the liberal espousal of gay rights

connotes islamophobia (Puar,2007).

## Intersectionality and Feminist Research

Kimberle Crenshaw coined the term intersectionality in dealing with the multidimensional nature of marginalised subjects' identity(Crenshaw, 1991). The term has become one of the most useful tools in women's studies as it deconstructs 'women' as the central focus of feminist analysis. It collapses the category of women to embrace multidimensional and intersectional perspectives on women's experience along with third wave feminism. What is challenged here is the grand narrative of feminist hermeneutics to foreground multivocality. The feminist attempts during the second wave to police the boundaries of feminist experience is critiqued in the third wave for a non-judgemental and inclusive politics. Observing the different vectors that constitute identity Crenshaw points out:

> The problem with identity politics is not that it fails to transcend difference, as some critics charge, but rather the opposite-that it frequently conflates or ignores intragroup differences. In the context of violence against women, this elision of difference in identity politics is problematic, fundamentally because the violence that many women experiences is often shaped by other dimensions of their identities, such as race and class. Moreover, ignoring difference within groups contributes to tension among groups, another problem of identity politics that bears on efforts to politicize violence against women. Feminist efforts to politicize experiences of women and antiracist efforts to politicize experiences of people of color have frequently proceeded as though the issues and experiences they each detail occur on mutually exclusive terrains. Although racism and sexism readily intersect in the lives of real people, they seldom do in feminist and antiracist practices. And so, when the practices expound identity as woman or person of color as an either/or proposition, they relegate the identity of women of color to a location that resists telling

(Crenshaw,1991).

Intersectionality, according to Crenshaw would bring together identity politics in feminist and antiracial struggles, as the marginalisation experienced in both these realms are intersectional. The racial and sexist experiences are intersectional with other forces of dominant power structures like class that act upon individuals. In the Indian context this framework has been adopted by feminists to a large extent of late to discuss Dalit feminist position (Sharmila Rege, 1998). Intersectional approach has become a dominant paradigm in feminist analysis because it invites scholars to adopt a vantage point, a unique epistemological position stemming from their marginalisation to fashion the new vision of a just society. However, there are critiques against the intersectionality approach especially because intersectional approach doesn't clarify its method of feminist analysis and further, intersectional approach often treats the black woman as the quintessential intersectional subject (Nash, 2008). The intersectional analysis has not yet developed a paradigm (s) outside modern analytical categories. The wide gap between intersectional conceptual methodology and the actual intersectional investigations limits the scope of this research practice. It cannot be ignored that in spite of the excessive critique intersectional feminism places on modern analytical paradigms it cannot still come out of the categories of gender, class race, etc. delineated in a modern framework.

## Reframing Feminist Analytical Paradigms

If ideas of the essential nature of women and universality of gender are to be deconstructed the basic premises of rights debates as a modern paradigm demands revamping. The field of modern rights discourse has been contaminated by multiple challenges raised by particular investigations that focus on the ostracism faced by groups and communities in a modern paradigmatic framework. Joan Scott's analysis of sexual rights discourse, Sara Farris' femonationalism (2017) and Jasbir Puar's homonationalism (2007) are particularly interesting in this area. They all raise concern about the excessive importance feminist analysis places on modern rights, ignoring the strange alliances they form with ultra nationalist and the right wing sensorium. Saba Mahmood's (2005) critical engagement with

modern conceptualisation of gender in a binary formulation with religion elaborates this entanglement.

## Crisis Before Feminist Analytical Framework in India

Since feminist analysis borrows an oppositional framework with regard to modernity's rights discourse in India, Indian feminism also faces a critical impasse like elsewhere in the world. Over the years in India, the rights discourse with respect to gender has been manipulated by the right wing, especially by Hindutva groups to annihilate minority reservations to personal law. We have seen the extreme manifestation of this in the Triple Talaq debates in India (Sherin, 2016). The liberal rights that underlie feminist analysis is more or less inadequate to deal with the complex realities that frame the everyday experiences of many women in India.

There are two major paradoxes that are inherent in the feminist framework in this context: a) since feminism sees itself as a political concept based on modern rights it constantly appeals to the state for the delivery of these rights. While modern citizenship assures these rights and reforms to the idea of rights, modern nation state is not a just system, as critiqued by many thinkers. The state produces its own marginalities and people deprived of these rights. In the Indian system, there are different minorities and marginalised, upon whom the modern state is not a liberal enterprise. Muslims, Dalits, Lower class/caste Christians, Kashmiri people, people from the north east and many others have undergone harsh and inhuman treatment from the state many times. The right delivering mechanism of the state does not function evenly as feminists espouse and feminism does not have the means or methods to address this unevenness while it keeps appealing to the state. One striking example is that of the constant feminist engagement with rape laws in India. Even after multiple legal reforms feminist activism is not able to address this jarring inequality. Mass rapes and state sponsored violence that women from marginalised sections face are beyond the normative feminist approaches to engage with. While there have been feminist narratives on state violence against women, feminist methodology cannot categorise this violence beyond the normal gender paradigm. b) Since feminism asserts the right to equality of sexes its conceptual framework is unable to detach from the large

participation of women in right wing organisations. The huge presence of upper caste women against Mandal Commission recommendations or the large participation of women in the destruction of Babri Masjid or even the alleged presence of women in the Gujarat pogroms to aid rapes of minority women are intriguing instances for feminism to cope with, through the conceptual terrain of gender equality. While women's participation in political movements is a feminist aspiration the ethical dimensions of these acts cannot be detached from the demand for equality, these are hurdles for feminist politics and therefore feminist research to overcome. Intersectionality helps research to look beyond the universal and the essential notion of women, but furthermore a revamping of the discourse of rights may help feminism to engage with the ethical dimensions of its investigations.

## References

1. Alcoff, Linda Martin. " Feminism: Then and Now" *The Journal of Speculative Philosophy* Vol. 26, No. 2, Special Issue with the Society for Phenomenology and Existential Philosophy (2012), pp. 268-290.

2. Crenshaw, Kimberle. "Mapping the Margins: Intersectionality, Identity Politics, and Violence against Women of Color." *Stanford Law Review* , Vol. 43, No. 6 (Jul., 1991), pp. 1241-1299.

3. Farris, Sara R. *In the Name of Women's Rights: The Rise of Femonationalism.* North Carolina: Duke University Press, 2017.

4. Hooks, Bell. *Feminism is for everybody: passionate politics.* Brooklyn: South End Press, 2000.

5. Jakobsen, Janet. *Working Alliances and the Politics of Difference: Diversity and Feminist Ethics.* Indiana: Indiana University Press, 1998.

6. Kannabiran, Kalpana. "Annihilation by Caste: Lessons from Budaun and Beyond" *The Economic and Political Weekly* 28 June 2014, pp 13-15.

7. Mahmood, Saba. *Politics of Piety: The Islamic Revival and the Feminist Subject.* Princeton: Princeton University Press, 2005.

8. Najmabadi, Afsaneh. "Is Another Language Possible?" *History of the Present*, Vol. 2, No. 2 (Fall 2012), pp. 169-183.

9. Naples, Nancy A. *Feminism and Method: Ethnography, Discourse Analysis and Activist Research.* London: Routledge,2003

10. Nash, Jennifer C. "Re-thinking intersectionality." *Feminist Review* ( 89 )2008 pp. 1-15.

11. Puar, Jasbir K. *Terrorist Assemblages: Homonationalism in Queer Times.* North Carolina: Duke University Press, 2007.

12. Rai, Mrudu. "Making a Part Inalienable: Folding Kashmir into India's Imagination" in *Until My Freedom has Come: The New Intifada in Kashmir.* Chicago: Haymarket, 2011.

13. Rege, Sharmila. "A Dalit Feminist Standpoint," Seminar 471, November 1998, pp. 47-52.

14. Scott, Joan Wallach. "The Vexed Relationship of Emancipation and Equality." *History of the Present ,* Vol. 2, No. 2 (Fall 2012), pp. 148-168

15. Sherin B.S., "Triple Talaq: the Shortcomings in the Present Debate" *Outlook* November 6 , 2016 http://www.outlookindia.com/website/story/shortcomings-in-the-triple-talaq-debate/297366

16. Sherin B.S., *Gendering Minorities : Muslim Women and the Politics of Modernity.* Hyderabad: Orient Blackswan, 2021.

17. Snyder, R. Claire. "What Is Third-Wave Feminism? A New Directions Essay." *Signs* , Vol. 34, No. 1 (Autumn 2008), pp. 175-196.

18. Tharu, Susie and Tejaswini Niranjana. *"Problems for a Contemporary Theory of Gender." Social Scientist ,* Vol. 22, No. 3/4 (Mar. - Apr., 1994), pp. 93-117.

19. Wickramasinghe, Maithree. *Feminist Research Methodology: Making Meanings of Meaning-making.* New Delhi: Zubaan Academic, 2014.

20. Wigginton, Britta and Michelle N Lafrance. "Learning Critical Feminist Research: A Brief Introduction to Feminist Epistemologies and Methodologies." *Feminism & Psychology*, 2019, 1–17.

*sherinbs@gmail.com*

# ധൈഷണികഭാഷാശാസ്ത്രം: ഗവേഷണരീതിയും രീതിശാസ്ത്രവും

പി.എം.ഗിരീഷ്
മലയാളവിഭാഗം അദ്ധ്യക്ഷൻ, മദ്രാസ് സർവ്വകലാശാല

## സംഗ്രഹം

ഭാഷാജ്ഞാനത്തെ പൊതുധൈഷണികവൃത്തി (*General Cognitive Process*) കളുടെ ഭാഗമായി കണ്ടുകൊണ്ട് ഭാഷയെ പഠിക്കുന്ന നൂതന ഭാഷാശാസ്ത്രശാഖയാണ് ധൈഷണികഭാഷാശാസ്ത്രം. മനുഷ്യമനസ്സിന്റെ ജ്ഞാനാർജ്ജനപ്രവർത്തനങ്ങളെയാണ് ധൈഷണികം (cognition) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്ദ്രിയസംവേദനം, സ്മരണ, ചിന്ത, വിവരങ്ങൾ ഉൾക്കൊള്ളുന്ന വിധം, യുക്തിചിന്ത, അപഗ്രഥനാത്മകചിന്ത, ശ്രദ്ധ, പൂർവധാരണ തുടങ്ങിയ മാനസികവൃത്തികളാണവ. അനുഭവങ്ങളെ വിനിമയംചെയ്യാനുള്ള ആശയങ്ങളാക്കി മാറ്റുകയാണ് ധൈഷണികവൃത്തികളുടെ പ്രധാനധർമം. സങ്കല്പനലക്ഷകസിദ്ധാന്തം (Conceptual Metaphor Theory), ജ്ഞാനനാർഥവിചാരം (Frame Semantics), ഉത്തമധൈഷണികമാതൃകാസിദ്ധാന്തം (Prototype Theory), ബഹുമാർഗസിദ്ധാന്തം (Multi- Model Theory), സദൃശസൃഷ്ടിസിദ്ധാന്തം (Anological Theory), നിർമിതിവ്യാകരണസിദ്ധാന്തം (Construction Theory) എന്നിങ്ങനെ വിപുലമായ പഠനപദ്ധതികൾ ഉള്ളടങ്ങിയ ഭാഷാശാസ്ത്രശാഖയാണ് ധൈഷണികഭാഷാശാസ്ത്രം. മലയാളഭാഷാശാസ്ത്രരംഗത്ത് പ്രബലസ്ഥാനം കൈവരിച്ചുകൊണ്ടിരിക്കുകയാണ് ഈ നവീനപഠനവഴി. അതിലെ പ്രധാനപരികല്പനകളിലൊന്നായ സങ്കല്പന ഉപാദാനലക്ഷണ (Metonymy) യുടെ രീതിശാസ്ത്രം മലയാളവ്യാകരണത്തിന്റെ അടിസ്ഥാനത്തിൽ പരിചയപ്പെടുത്തുകയാണ് പ്രബന്ധലക്ഷ്യം. ലോകാനുഭാവത്തെ എങ്ങനെ മനസ്സിലാക്കുന്നുവെന്നും എങ്ങനെ അനുഭവിക്കുന്നുവെന്നും വ്യക്തമാക്കുകയാണ്

വ്യാകരണം. പൊതുധൈഷണികവൃത്തികളുടെ ആവിഷ്കാരമായ വ്യാകരണം, അനുഭവങ്ങളെ സാമാന്യവത്കരിച്ച് അവതരിപ്പിക്കുകയാണ്. അതിനാൽ ധൈഷണികവൃത്തികളിലൊന്നായ ഉപാദാനലക്ഷണയുമായി വ്യാകരണം ബന്ധപ്പെട്ടുകിടക്കുന്നു.

**താക്കോൽ വാക്കുകൾ:** അംശ-സാകല്യവ്യവസ്ഥ, ഉപാദാനലക്ഷണ, ജ്ഞാനതലം, ധൈഷണികഭാഷാശാസ്ത്രം വസ്തു പശ്ചാത്തലബന്ധം, സങ്കല്പനം,

## ഭാഗം-1

### ആമുഖം

ഭാഷയെ ധൈഷണികവിശേഷമായി തിരിച്ചറിയുകയും സിദ്ധാന്തവത്കരിക്കുകയും ചെയ്യുന്ന നൂതന ഭാഷാസമീപനമാണ് ഇംഗ്ലീഷിൽ 'കൊഗ്നിറ്റിവ് ലിംഗ്വിസ്റ്റിക്സ്' എന്നറിയപ്പെടുന്നത്. മലയാളത്തിൽ ഇതിനെ ധൈഷണികഭാഷാശാസ്ത്രം[1] എന്നു വിളിക്കാം. അറിവ് ആർജ്ജിക്കുന്നത് എങ്ങനെ? എങ്ങനെയാണ് അറിവ് സംഭരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നത്? ഇത്തരം ചോദ്യങ്ങളാണ് 'കൊഗ്നിഷൻ' സംബന്ധമായ ആലോചനകളിൽ ആദ്യം കടന്നുവരുന്നത്.

വൈവിധ്യമാർന്ന സൈദ്ധാന്തികസമീപനങ്ങളാണ് ധൈഷണികഭാഷാശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട സവിശേഷത.[2] ധൈഷണികമനശ്ശാസ്ത്രത്തിന് പുറമേ സാമൂഹികഭാഷാശാസ്ത്രം (Socio Linguistics), വിമർശനാത്മകവ്യവഹാരാപഗ്രഥനം (Critical Discourse Analysis) എന്നിങ്ങനെയുള്ള ഇതര വൈജ്ഞാനികമേഖലകളുടെ സിദ്ധാന്തങ്ങളുമായി ബന്ധപ്പെടുത്തി ധൈഷണികഭാഷാശാസ്ത്രം പുതുവഴികൾ തേടുന്നു.

സങ്കല്പനലക്ഷകസിദ്ധാന്തം (Conceptual Metaphor Theory), ജ്ഞാനനാർഥവിചാരം (Frame Semantic Theory), ഉത്തമധൈഷണികമാതൃകാസിദ്ധാന്തം (Prototype Model Theory), ബഹുമാർഗസിദ്ധാന്തം (Multi Model Theory), സദൃശസൃഷ്ടിസിദ്ധാന്തം (Analogical Theory), നിർമിതിവ്യാകരണസിദ്ധാന്തം (Construction Grammar Theory) എന്നിങ്ങനെ വിപുലമായ പഠനപദ്ധതികൾ ഉള്ളടങ്ങിയ ഭാഷാശാസ്ത്രശാഖയാണ് ധൈഷണികഭാഷാശാസ്ത്രം. മലയാളഭാഷാശാസ്ത്രരംഗത്ത് പ്രബലസ്ഥാനം കൈവരിച്ചുകൊണ്ടിരിക്കുകയാണ് ഈ നവീനപഠനവഴി. അതിലെ പ്രധാന പരികല്പനകളിലൊന്നായ സങ്കല്പന ഉപാദാനലക്ഷണ (Metonomy) യുടെ രീതിശാസ്ത്രം മലയാളവ്യാകരണത്തിന്റെ അടിസ്ഥാനത്തിൽ പരിചയപ്പെടുത്തുകയാണ് പ്രബന്ധലക്ഷ്യം.

സിദ്ധാന്തപരിചയം ഉപാദാനലക്ഷണ 'മെറ്റോണമി' എന്നതിന് ഉപാദാനബന്ധം എന്നാണ് പൊതുവെ മലയാളത്തിൽ പ്രയോഗിച്ചുവരുന്നത്. വാച്യാർഥത്തിനുപുറമേ മറ്റൊരു ആശയത്തെക്കൂടി സൂചിപ്പിക്കുന്നതാണ് 'മെറ്റോണമി' എന്ന് സാമാന്യമായി പറയാം. ലക്ഷണയുടെ മറ്റൊരു തലം തന്നെയാണ് ഉപാദാനലക്ഷണ. ഇന്ത്യക്കാർ ജഹല്ലക്ഷണ, അജഹല്ലക്ഷണ, ജഹാജഹല്ലക്ഷണ, ലക്ഷിതലക്ഷണ എന്നിങ്ങനെ നാലായി ലക്ഷണയെ തരംതിരിച്ചിരിക്കുന്നു. അതിൽ അജഹല്ലക്ഷണയാണ് ക്രോഫ്റ്റിന്റെ ആശയം ഉൾക്കൊള്ളുന്നത്. അജഹല്ലക്ഷണയുടെ മറ്റൊരു നാമമാണ് ഉപാദാനലക്ഷണ. സങ്കല്പനവ്യവസ്ഥയെ ശക്തമായി ആവിഷ്കരിക്കുവാൻ ഉപാദാനലക്ഷണയ്ക്കു കഴിയുമെന്നാണ് ഇവിടെ അർഥമാക്കുന്നത്. 'അർത്ഥവ്യാപനത്തിന്റെ അടിസ്ഥാനപ്രക്രിയകളിലൊന്നാണ് ഉപാദാനലക്ഷണ'യെന്നും അഭിപ്രായമുണ്ട് (Taylor, 2002: 124).

**ഉപാദാനലക്ഷണയുടെ പൊതുഗുണങ്ങൾ:**

1. ഉപാദാനലക്ഷണ വാച്യാർഥത്തിൽനിന്ന് പൂർണമായും ലക്ഷ്യാർഥത്തിലേക്ക് മാറുന്നില്ല.
2. ആശയങ്ങൾ ആവിഷ്കരിക്കുവാനുള്ള ധൈഷണികതയുടെ അടിസ്ഥാനവൃത്തിയാണ് ഉപാദാനലക്ഷണ.
3. അർഥവ്യാപനത്തിന് കാരണമാകുന്നു.
4. ഇതിന് ഒരു സങ്കല്പനതല (Conceptual Domain) മേയുള്ളൂ.

ഉപാദാനലക്ഷണയ്ക്ക് ഉദാഹരണം:

1. ചന്തുമേനോനെ വായിച്ചു (ചന്തുമേനോൻ എഴുതിയ കൃതികൾ). (ഇംഗ്ലീഷ് രീതിയിലുള്ള വാക്യമാണെങ്കിലും മലയാളത്തിൽ ധാരാളമായി പ്രയോഗിച്ചുകാണുന്നതിനാൽ ഉദാഹരിക്കുന്നു)
2. പത്രസമ്മേളനത്തിന് മാതൃഭൂമി വന്നില്ല (റിപ്പോട്ടർ). ഈ ഉദാഹരണങ്ങളിൽ ആദ്യത്തെത് 'ചന്തുമേനോന്റെ എഴുത്തി'നെയും രണ്ടാമത്തെത് 'റിപ്പോട്ടറെ'യും കുറിക്കുന്നു.

ഉപാദാനലക്ഷണണയ്ക്ക് സൂചകധർമമാണു കൂടുതലായുമുള്ളത്. എങ്കിലും ഒരു കാര്യം മനസ്സിലാക്കിത്തരുന്ന ധർമവും അതിനുണ്ട്. 'പത്രസമ്മേളനത്തിന് മാതൃഭൂമി വന്നില്ല' എന്ന വാക്യത്തിൽ 'റിപ്പോർട്ടർ' വന്നില്ലെന്ന് മാത്രമല്ല മറിച്ച് ആ പത്രത്തിനുള്ള പ്രാധാന്യത്തെക്കൂടി കാണിക്കുന്നുണ്ട്. മറ്റൊരു ഉദാഹരണം– 'നല്ല തലയുള്ള ആളാണ്'. ഇവിടെ തല എന്ന (അംശം പൂർണത്തിന് പകരമായിനിൽക്കുന്നു. വ്യാജസ്തുതിയല്ലെങ്കിൽ അത് 'ബുദ്ധിയുള്ള

ആൾ' എന്ന അർഥത്തിലാണ് ഉപയോഗിക്കുന്നത്.

മനുഷ്യജീവിതാനുഭവങ്ങളുടെ അവിഭാജ്യഘടകമാണ് ഉപാദാനലക്ഷണ. ഒരാൾ എങ്ങനെ ചിന്തിക്കുന്നുവെന്നും എങ്ങനെ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കാൻ ഉപാദാനലക്ഷണയ്ക്ക് കഴിയുന്നു.

## ഉപാദാനലക്ഷണ: വർഗീകരണം

ജീവിതരീതിയുടെ വ്യത്യസ്ത ആവിഷ്കാരങ്ങളെ ഉപാദാനലക്ഷണ എങ്ങനെ പ്രത്യക്ഷീകരിക്കുന്നുവെന്നിടത്താണ് അത് സംസ്കാരവുമായി ബന്ധപ്പെടുന്നത്. സാമൂഹികചലനാത്മകതയ്ക്കനുസരിച്ച് രൂപപ്പെടുന്ന സങ്കല്പനങ്ങളെ ആവിഷ്കരിക്കാൻ ഉപാദാനലക്ഷണ ശക്തമാണ്. ചുറ്റുപാടുകളും ജീവിതരീതികളും തദനുസൃതമായ വീക്ഷണങ്ങളും ഉപാദാനലക്ഷണയെ സൃഷ്ടിക്കുന്നത് എങ്ങനെയെന്ന് പരിശോധിക്കാം. അംശം, ഉത്പന്നം, ഉപകരണം, ഉത്തരവാദിത്വം, സ്ഥാപനങ്ങൾ, സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുവരുന്ന ഉപാദാനലക്ഷണങ്ങളെ (Lakoff, 2033) വർഗീകരിക്കാം.

സംസ്കാരത്തെ പ്രതിനിധികരിക്കുന്നതും വ്യവസ്ഥയോടുകൂടിയതുമാണ് ഉപാദാനലക്ഷണ.

1. അംശംകൊണ്ട് സാകല്യം സങ്കല്പനവ്യവസ്ഥയിൽ സാകല്യത്തിന് പകരം അംശം എന്ന നിലയിലാണ് സ്ഥലത്തെ മനസ്സിലാക്കിയിരിക്കുന്നത്. അത് മറ്റിടങ്ങളിലും കാണാം. ഉദാഹരണത്തിന് ആൾ എന്ന പൂർണത്തെ 'മുഖം എന്ന അംശംകൊണ്ട് മനസ്സിലാക്കുക എന്ന ഉപാദാനലക്ഷണാബന്ധം. മുഖത്തിന് സംസ്കാരം വളരെയധികം പ്രാധാന്യം നൽകുന്നുണ്ട്. അതിനാൽ മുഖവുമായി ബന്ധപ്പെട്ടുവരുന്ന ഉപാദാനലക്ഷണകൾ ഭാഷയിൽ ഏറെയുണ്ട്.
   i. പുതുമുഖങ്ങളെ ആവശ്യമുണ്ട്
   ii. മുഖം നോക്കാതെ നടപടിയെടുത്തു
   iii. മുഖം രക്ഷിച്ചു
   iv. മുഖമില്ലാത്ത ആൾക്കൂട്ടം

ആൾ' എന്ന പൂർണ്ണത്തിനു പകരമായിട്ടാണ് ഇവിടെ 'മുഖം' എന്ന 'അംശം' നിൽക്കുന്നത്. മുഖം വ്യക്തിയുടെ അടയാളമായി പരിഗണിക്കപ്പെടുന്നു. അപേക്ഷാപത്രത്തിൽ മുഖം മാത്രമുള്ള പാസ്പോർട്ട്/സ്റ്റാമ്പ് സൈസ് ഫോട്ടോ കൊടുക്കുന്നത് അതുകൊണ്ടാണ്. മുഖത്തിനു പകരം ഒരാളുടെ തലയ്ക്ക് താഴെയുള്ള ഭാഗം കൊടുത്താൽ ആളെ തിരിച്ചറിയുവാനാകില്ല. അതായത് ആളുകളുടെ മുഖം എന്ന ഈ ഉപാദാനലക്ഷണാബന്ധം ഭാഷയുടെ മാത്രം

പ്രശ്നമല്ലെന്നർഥം. ഒരു വ്യക്തിയെക്കുറിച്ചുള്ള അടിസ്ഥാനധാരണ രൂപപ്പെടുന്നത് ആ വ്യക്തിയുടെ മുഖത്തിൽനിന്നാണ് എന്നുകൂടി ഇത് കാണിക്കുന്നു. 'അരോഗദൃഢഗാത്രനായ യുവാവിന് വധുവിനെ ആവശ്യമുണ്ട്' എന്നതിന് പകരം 'സുമുഖനായ യുവാവിന് വധുവിനെ ആവശ്യമുണ്ട്' എന്ന മട്ടിലാണ് വിവാഹപരസ്യങ്ങളേറെയും. സൗന്ദര്യമെന്നാൽ മുഖസൗന്ദര്യമാണെന്ന കാഴ്ചപ്പാടിന്റെ പ്രതിഫലനമാണിത് അതിനാൽ അത് മലയാളിയുടെ സാംസ്കാരികമനോഭാവത്തെക്കൂടി കാണിക്കുന്നുണ്ട്.




വ്യക്തിയുടെ അടിസ്ഥാനജ്ഞാനം, വിശ്വാസം, ഊഹം, പ്രതീക്ഷ തുടങ്ങിയ മനശ്ശാസ്ത്രപരമായ ആശയങ്ങൾ ഉപാദാനലക്ഷണ വഴി ലഭിക്കുന്ന അർഥം മനസ്സിലാക്കാൻ അത്യാവശ്യമാണ്. പൂർവ്വാനുഭവങ്ങളിൽനിന്ന് വെളിച്ചമുൾക്കൊണ്ട് പുതിയ കാര്യങ്ങൾ മനസ്സിലാക്കാൻ ഇത് വ്യക്തിയെ സഹായിക്കും.

1. ഉത്പന്നത്തിന് പകരം ഉത്പന്നം: അവൻ മാരുതി വാങ്ങി (ഇത് ചിലപ്പോൾ ഒരു പ്രത്യേക ഉത്പന്നം മറ്റ് ഉത്പന്നങ്ങളെ കുറിക്കുന്ന തരത്തിൽ സ്ഥായിയായി മാറുന്നുമുണ്ട്. ഉദാഹരണം സിഗരറ്റിനെ കുറിക്കാൻ സിസേസ് എന്ന പ്രയോഗമുള്ളത് പോലെ). ഉപകരണം ഉപയോഗിക്കുന്ന ആളിനെ സൂചിപ്പിക്കുക: 'ബസ് പണിമുടക്ക്' എന്നത് ബസ് ജീവനക്കാരുടെ പണിമുടക്കാണല്ലോ. നീലപെൻസിൽ എന്നതു പത്രത്തിലെ എഡിറ്ററെ കുറിക്കുന്നത് മറ്റൊരു ഉദാഹരണം.
2. ജനങ്ങളുടെ ഉത്തരവാദിത്വത്തെ സ്ഥാപനംകൊണ്ട് സൂചിപ്പിക്കുക: ആ

നടപടി സിണ്ടിക്കേറ്റ് അംഗീകരിച്ചു, കോടതി കല്പിച്ചു.

3. സ്ഥാപനങ്ങളെ സ്ഥലംകൊണ്ടു സൂചിപ്പിക്കുക: കോടമ്പാക്കം പ്രതിസന്ധിയിലാണ്. ചെന്നൈയിലെ ഒരു സ്ഥലത്തിന്റെ പേരാണ് കോടമ്പാക്കം. ദക്ഷിണേന്ത്യയിലെ പ്രധാനപ്പെട്ട സിനിമാകേന്ദ്രമാണത്. അതുകൊണ്ട് സിനിമാവ്യവസായത്തെയും അതുമായിബന്ധപ്പെട്ട സ്ഥാപനങ്ങളെയും സൂചിപ്പിക്കുവാൻ കോടമ്പാക്ക ത്തിന് കഴിയുന്നു. അതിനാൽ കോടമ്പാക്കം പ്രതിസന്ധിയിലാണെന്ന് പറഞ്ഞാൽ സിനിമാവ്യവസായം പ്രതിസന്ധിയിലാണെന്നർഥം. നിന്നെ കുതിരവട്ടത്തെക്ക് അയക്കും കോഴിക്കോട്ടുള്ളൊരു സ്ഥലത്തിന്റെ പേരാണ് കുതിരവട്ടം. അവിടെയാണ് മലബാറിലെ പ്രധാനപ്പെട്ട മാനസികാരോഗ്യകേന്ദ്രം സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് നിന്നെ കുതിരവട്ടത്തെക്ക് അയ്ക്കും എന്നു പറഞ്ഞാൽ അർഥം മറ്റൊന്നാകുന്നു. ഇവിടെയും സ്ഥാപനത്തെ സ്ഥലംകൊണ്ട് സൂചിപ്പിക്കുകയാണ്. തിരുവനന്തപുരത്തെ ഊളമ്പാറ'യും ഇതേ അർഥത്തിൽ പ്രയോഗിക്കപ്പെടുന്നുണ്ട്.

4. സംഭവങ്ങളെ സ്ഥലംകൊണ്ട് സൂചിപ്പിക്കുക: 'സൂര്യനെല്ലി' എന്നീ സ്ഥലങ്ങൾ ഇന്ന് മലയാളികളുടെ മനസ്സിൽ പെൺവാണിഭത്തെ കുറിക്കുന്നവയാണ്. അതിക്രൂരമായി ലൈംഗികചൂഷണത്തിന് ഇരയായ പെൺകുട്ടികളുടെ ഇടം എന്നർത്ഥത്തിൽ ഈ സ്ഥലങ്ങൾ കുപ്രസിദ്ധമാണ്. ലക്കോഫ് അവതരിപ്പിച്ചവ കൂടാതെ മറ്റ് ചില കാര്യങ്ങളും ഓരോ സംസ്കാരത്തിനനുസരിച്ച് വരുകയും ഉപാദാനലക്ഷണരൂപത്തിന്റെ വ്യവസ്ഥ നിയന്ത്രിക്കുകയും ചെയ്യും.

5. കച്ചവടസ്ഥാപനം സംഭവത്തെ കാണിക്കുക: മലയാളികളെ സംബന്ധിച്ചിടത്തോളം 'ഐസ്ക്രീം പാർലർ' എന്ന കച്ചവടസ്ഥാപനത്തിന് പെൺവാണിഭകേന്ദ്രമെന്നുകൂടി അർഥമുണ്ട്.

6. സംഭവത്തെ സൂചിപ്പിക്കുവാൻ ഒരാളുടെ നടപടി: 'ചാക്കിരിപാസ്' പഴയ കാലത്തെ വിദ്യാഭ്യാസമന്ത്രി നടപ്പാക്കിയ കൂട്ടത്തോടെയുള്ള ക്ലാസ്സ് കയറ്റമാണിത്.

7. ഒരേ സംഭവംകൊണ്ട് രണ്ടോ അതിലധികമോ സ്ഥലങ്ങളെ കുറിക്കുക: ഉദാഹരണത്തിന്: 'മാറാട് മറ്റൊരു കണ്ണൂർ ആക്കരുത്' മാറാടിനെ അപേക്ഷിച്ച് രാഷ്ട്രീയകൊലപാതകങ്ങൾ ആദ്യം നടന്നത് കണ്ണൂരാണ്. അതിനാൽ കണ്ണൂർ എന്നാൽ രാഷ്ട്രീയകൊലപാതകത്തിന്റെ നാട് എന്നായി അർഥം. അതിനുശേഷമാണ് മാറാടിൽ രാഷ്ട്രീയവുമായി

ബന്ധപ്പെട്ട അനിഷ്ടസംഭവങ്ങൾ ഉണ്ടാകുന്നത്. അത് കണ്ണൂരിൽ കാണുന്നതുപോലെ വളർത്തരുതെന്ന് വിവക്ഷ.

മുകളിൽ കൊടുത്ത ഉദാഹരണങ്ങൾ ഒരു സമൂഹം എങ്ങനെ ചിന്തിക്കുന്നുവെന്നതിന്റെയും പ്രവർത്തിക്കുന്നുവെന്നതിന്റെയും ഉദാഹരണങ്ങളാണ്. കെ.എസ്. ആർ.ടി.സി., ഇ.എം.എസ്. പോലുള്ള ചുരുക്കെഴുത്തുകളും അംശ-സാകല്യബന്ധത്തെ കാണിക്കുമെന്നതിനാൽ ഉപാദാനലക്ഷണകളാകുന്നു. ഒന്നിന് മറ്റൊന്നിനോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ആശയങ്ങൾ ഗ്രഹിക്കാൻ വ്യക്തിയെയും സമൂഹത്തെയും പ്രാപ്തരാക്കുകയാണ് ഉപാദാനലക്ഷണരൂപത്തിന്റെ സവിശേഷത. വ്യക്തിയുടെ അടിസ്ഥാനജ്ഞാനം, വിശ്വാസം, ഊഹം, പ്രതീക്ഷ, തുടങ്ങിയ മനശ്ശാസ്ത്രപരമായ ആശയങ്ങൾ ഉപാദാനലക്ഷണവഴി ലഭിക്കുന്ന അർഥം മനസ്സിലാക്കാൻ അത്യാവശ്യമാണ്. പൂർവ്വാനുഭവങ്ങളിൽനിന്ന് വെളിച്ചമുൾക്കൊണ്ട് പുതിയ കാര്യങ്ങൾ മനസ്സിലാക്കാൻ ഇത് വ്യക്തിയെ സഹായിക്കും. ചുരുക്കിപ്പറഞ്ഞാൽ, അനുഭവങ്ങളുടെ അടിസ്ഥാനത്തിൽനിന്നു തന്നെയാണ് ലക്ഷകത്തെപ്പോലെ ഉപാദാനലക്ഷണയുമുണ്ടാകുന്നത്. എങ്കിലും ലക്ഷകത്തെക്കാൾ വ്യക്തമായിരിക്കും ഉപാദാനലക്ഷണാബന്ധം. കാരണം അത് നേരിട്ടുള്ള കാര്യകാരണബന്ധത്തിലും ഭൗതികസാഹചര്യത്തിലുമാണ് നിലകൊള്ളുന്നത്.

## ലഘുവാക്യങ്ങളുടെ ശ്രേണികഘടന



## ഭാഗം-2

### വ്യാകരണവും ഉപാദാനലക്ഷണയും

ലോകാനുഭാവത്തെ എങ്ങനെ മനസ്സിലാക്കുന്നുവെന്നും എങ്ങനെ അനുഭവിക്കുന്നുവെന്നും വ്യക്തമാക്കുകയാണ് വ്യാകരണം. പൊതുധൈഷണികവൃത്തികളുടെ ആവിഷ്കാരമായ വ്യാകരണം, അനുഭവങ്ങളെ സാമാന്യവത്കരിച്ച് അവതരിപ്പിക്കുകയാണ്. അതിനാൽ ധൈഷണികവൃത്തികളിലൊന്നായ ഉപാദാനലക്ഷണയുമായി വ്യാകരണം ബന്ധപ്പെട്ടുകിടക്കുന്നു.

### രീതിശാസ്ത്രം

ഉപാദാനലക്ഷണയുടെ രീതിശാസ്ത്രം ഉപയോഗിച്ച് മലയാളവാക്യഘടനയെ എപ്രകാരം മനസ്സിലാക്കാമെന്ന് പരിശോധിക്കുകയാണ് തുടർന്നുള്ള ഭാഗത്തുചെയ്യുന്നത്.

അനുദിനം വികസിച്ചുവരുന്ന പഠനമേഖലയാണ് ധൈഷണികഭാഷാശാസ്ത്രം. അതിൽനിന്നൊരു ഗവേഷണപ്രശ്നം കണ്ടെത്തുകയാണ് ആദ്യം ചെയ്യേണ്ടത്. വ്യാകരണകാര്യങ്ങൾമാത്രം വിശകലനംചെയ്യുന്നതിനായി ധൈഷണികവ്യാകരണംതന്നെ ഉണ്ടായിട്ടുണ്ട്. നിലവിലുള്ള പഠനത്തിൽനിന്ന് വ്യത്യസ്തമായി മൗലികവും പ്രയോജനപ്രദവുമായ വിഷയം കണ്ടെത്തുകയാണ് ചെയ്യേണ്ടത്. നിശ്ചിതകാലയളവിനുള്ളിൽ ചെയ്തുതീർക്കാവുന്നതും നവീനവും തുടർ അന്വേഷണങ്ങൾക്ക് പ്രസക്തിയുള്ളതുമായ വിഷയം തെരഞ്ഞെടുക്കുകയാണ് വേണ്ടത്. സിദ്ധാന്തങ്ങളെക്കുറിച്ചുള്ള ധാരണയും അതിന്റെ അടിസ്ഥാനത്തിൽ വിഷയം സമഗ്രമായി പരിശോധിക്കാനുള്ള കഴിവും ഉണ്ടായിരിക്കണം.

### ഗവേഷണപ്രശ്നം

ഗവേഷണരീതി, ഗവേഷണപ്രശ്നവുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു. ഗവേഷണത്തിലെ പ്രധാനകാര്യം. ഗവേഷകരുടെ താത്പര്യമുള്ള മേഖലയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുന്നതും ഗവേഷണത്തിന്റെ ഗതി നിശ്ചയിക്കുന്നതും ഗവേഷണപ്രശ്നമാകുന്നു. പൂർവപഠനങ്ങളുടെ നിരൂപണത്തിൽനിന്നാണ് പൊതുവെ ഗവേഷണപ്രശ്നം രൂപപ്പെടുന്നത്. അതിനാൽ പൂർവപഠനനിരൂപണം വളരെ പ്രധാനപ്പെട്ടതാണ്. അത് വെറും പഠനങ്ങളുടെ പട്ടികപ്പെടുത്തലല്ല. ഇതുവരെ ഉത്തരം കണ്ടുപിടിക്കാത്തതും എന്നാൽ പ്രസക്തിയുള്ളതുമായ ചില പ്രശ്നങ്ങളാണ് ഗവേഷണപ്രശ്നങ്ങളായി മാറുന്നത്.

1. വ്യാകരണം സങ്കല്പനമാണോ?
2. വ്യാകരണം ധൈഷണികവൃത്തികളുടെ അവിഭാജ്യഘടകമാണോ?
3. ഏതേതെല്ലാം ധൈഷണികവൃത്തികളാണ് വ്യാകരണത്തിന്റെ അടിസ്ഥാനമായി നിൽക്കുന്നത്?
4. അംശ-സാകല്യബന്ധത്തെ ആവിഷ്കരിക്കുന്ന ഉപാദാനബന്ധം വ്യാകരണത്തിന്റെ സങ്കല്പനതലത്തെ ഉൾക്കൊള്ളുന്നുവോ?

ഒന്നുമുതൽ മൂന്നുവരെയുള്ള സാമാന്യചോദ്യങ്ങളിലൂടെ നാലാമത്തെ സവിശേഷചോദ്യത്തിലെത്താം. അതിനെ അവലംബമാക്കി പരികല്പന രൂപപ്പെടുത്താം.

## പരികല്പന

ഗവേഷണപ്രശ്നത്തോടുള്ള താത്കാലിക ഉത്തരമാണ് പരികല്പന. ഒരു പഠനത്തിൽ ഒന്നിലധികം പരികല്പനകൾ ഉണ്ടാകാം.

1. വ്യാകരണം സങ്കല്പനമാണ്.
2. വ്യാകരണം ധൈഷണികവൃത്തികളുടെ അവിഭാജ്യഘടകമാണ്.
3. പല ധൈഷണികവൃത്തികളും വ്യാകരണത്തിന്റെ അടിസ്ഥാനതലങ്ങളാണ്.
4. അംശ-സാകല്യബന്ധത്തെ ആവിഷ്കരിക്കുന്ന ഉപാദാനബന്ധം വ്യാകരണത്തിന്റെ സങ്കല്പനതലത്തെ ഉൾക്കൊള്ളുന്നു.

പരികല്പനയുടെ സഹായത്തോടെ ഉചിതമായ പ്രബന്ധശീർഷകം കണ്ടെത്തുക. ഉദാഹരണത്തിന്:

1. മലയാളവാക്യഘടന: ധൈഷണികതയും സങ്കല്പനവും
2. മലയാളവ്യാകരണത്തിലെ ധൈഷണികത: ഉപാദാനബന്ധത്തെ അടിസ്ഥാനമാക്കിയുള്ള പഠനം
3. ഉപാദനാബന്ധം മലയാളവാക്യങ്ങളിൽ (ധൈഷണികഭാഷാശാസ്ത്രത്തെ ആസ്പദമാക്കിയുള്ള പഠനം)

ഒന്നും രണ്ടും സാമാന്യമായ തലക്കെട്ടുകളാണെങ്കിൽ മൂന്നാമത്തേത് സവിശേഷമാണ്. തലക്കെട്ടുകൾ സവിശേഷവും സുതാര്യവുമായിരിക്കുന്നതാണ് ഉത്തമം. തലക്കെട്ട് ഉറപ്പിച്ചാൽ പഠിക്കാൻ ഉദ്ദേശിക്കുന്ന വിഷയത്തിന്റെ ലക്ഷ്യം കൃത്യമായി വ്യക്തമാക്കുക. ലക്ഷ്യം ചിലപ്പോൾ ഒന്നിൽ കൂടുതൽ ആയിരിക്കാം.

### പഠനലക്ഷ്യം

വ്യാകരണം സങ്കല്പനമാണെന്ന് കരുതുന്ന ധൈഷണികഭാഷാശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട സിദ്ധാന്തങ്ങളിലൊന്നായ ഉപാദാനലക്ഷണയുടെ അടിസ്ഥാനത്തിൽ മലയാളത്തിലെ ലഘുവാക്യങ്ങളെ പരിശോധിക്കുകയാണ് പഠനലക്ഷ്യം.

### രൂപരേഖ

പരികല്പനയുടെ സാധുത പരിശോധിക്കുകയും ലക്ഷ്യം നിറവേറ്റുന്നതിനുവേണ്ടിയുള്ള മുന്നൊരുക്കങ്ങളുമാണ് പ്രധാനമായും രൂപരേഖയിൽ ഉൾപ്പെടുത്തുന്നത്. സിദ്ധാന്തങ്ങളുമായി ബന്ധപ്പെട്ട ദത്തശേഖരണാർഥം ഉപയോഗിക്കുന്ന കീലപദങ്ങൾ മനസ്സിലാക്കിവെയ്ക്കുക. ഈ പഠനത്തെ സംബന്ധിച്ചിടത്തോളം; സങ്കല്പനം, ധൈഷണികത, വ്യാകരണം, ഉപാദാനലക്ഷണ എന്നിവ സിദ്ധാന്തതലത്തിലും വാക്യം, വ്യാക്ഷേപകം, വാക്യഖണ്ഡവിലോപം, സമാസം, സംബോധന എന്നിവ വ്യാകരണതലത്തിലും മനസ്സിലാക്കിവെയ്ക്കണം. ഇവ പൂർവപഠനങ്ങളുടെ അടിസ്ഥാനത്തിൽ യുക്തിപൂർവവും വിമർശനാത്മകവുമായി വിലയിരുത്തുകയും വേണം. ദത്തശേഖരണം, ദത്താവതരണം, ദത്താപഗ്രഥനം, നിഗമനങ്ങൾ, അടിക്കുറിപ്പ്, ഗ്രന്ഥസൂചി, അനുബന്ധം, കീലപദസൂചി എന്നിവയെല്ലാം രൂപകല്പനയുടെ ഭാഗങ്ങളാകുന്നു. പ്രബന്ധസംഗ്രഹം തയ്യാറാക്കുന്നതിനും അതിനനുസരിച്ച് പ്രബന്ധം തയ്യാറാക്കുന്നതിനും യുക്തിപൂർവമായൊരു മാതൃകയായി രൂപകല്പന മാറുന്നു. ലളിതവും സുതാര്യവുമായൊരു ഭാഷയിൽ പ്രബന്ധം തയ്യാറാക്കുക. അംഗീകൃത ഗവേഷണശൈലികൾ സ്വീകരിക്കണം.

### ആകരസാമഗ്രികൾ

ഗവേഷണവിഷയത്തിന്റെ അടിസ്ഥാനപ്രമാണമാണ് ആകരസാമഗ്രികൾ. ദത്തശേഖരണത്തിന് സഹായിക്കുന്ന സ്രോതസ്സുകളാണിവ. പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ പ്രാമുഖ്യത്തിന്റെ അടിസ്ഥാനത്തിൽ ഇവയെ തരംതരിക്കാം. ഇവിടെ മലയാളവ്യാകരണത്തിലെ വാക്യഘടനയാണ് പ്രഥമ ആകരസാമഗ്രി. മലയാളവാക്യഘടനയെക്കുറിച്ചുള്ള പഠനങ്ങൾ ദ്വിതീയവും മലയാളവ്യാകരണത്തെക്കുറിച്ചുള്ള സാമാന്യപഠനങ്ങൾ ത്രിതീയവും ആകാം. വിദഗ്ധരുമായുള്ള അഭിമുഖവും അഭിപ്രായങ്ങളും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ഇതെല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ ഗവേഷകരെ സഹായിച്ചേക്കാം.

### ലഘുവാക്യങ്ങളുടെ ധൈഷണികഘടന

വ്യാകരണപരമായി പൂർണതയുള്ള വാക്യത്തെ പൂർണവാക്യങ്ങൾ എന്നും അങ്ങനെയല്ലാത്തവയെ അപൂർണവാക്യങ്ങൾ അഥവാ ലഘുവാക്യങ്ങൾ എന്നും പ്രഭാകരവാരിയർ (2007) വാക്യത്തെ രണ്ടുവിധത്തിൽ പിരിക്കുന്നു. ലഘുവാക്യങ്ങൾ നാല് തരത്തിൽ വരാം. ലുപ്തം, വ്യവഹാരചിഹ്നം, സംബോധന, വ്യാക്ഷേപകം. ഘടനാപരമായി പൂർണതയില്ലാത്തതാണ് ലുപ്തവാക്യം (നീ എങ്ങോട്ട് പോകുന്നു? എന്നതിനുത്തരമായി 'അങ്ങാടിക്ക്' എന്നു പറഞ്ഞാൽ അത് ലുപ്തവാക്യമാണ്. ഭാഷണസന്ദർഭംകൊണ്ട് അതിന്റെ പൂർണരൂപം—ഞാൻ അങ്ങാടിക്ക് പോകുന്നു—എന്നു മനസ്സിലാക്കാം). ഭാഷാവ്യവഹാരത്തിലെ ഏതെങ്കിലും ഉദ്ദേശ്യത്തെ സൂചിപ്പിക്കുന്നത് വ്യവഹാരചിഹ്നം (അല്ലാ, എപ്പഴാ വന്നത്? എന്നതിലെ 'അല്ലാ' വ്യവഹാരചിഹ്നമാണ്). അഭിസംബോധന ചെയ്യാൻ ഉപയോഗിക്കുന്നത് സംബോധന (രാധേ, ഇങ്ങോട്ട് വരൂ- ഇവിടെയും സംബോധനാരൂപം വാക്യാംഗമാവില്ല). ഒരു വാക്യത്തിന്റെ അർഥം മുഴുവൻ ഒന്നോ രണ്ടോ പദത്തിലൊതുക്കുന്നു എന്നതാണ് വ്യാക്ഷേപകത്തിന്റെ പ്രത്യേകത. ഇവയിൽ വ്യാക്ഷേപകത്തിന്റെ ധൈഷണികസ്വഭാവവും അർഥരൂപീകരണവും ആദ്യം പരിശോധിക്കാം.

### വ്യാക്ഷേപകവും ഉപാദാനലക്ഷണയും

മനോവികാരങ്ങളെ ആവിഷ്കരിക്കുന്ന അവ്യയങ്ങളാണ് വ്യാക്ഷേപകങ്ങളെന്ന് പൊതുവെ കരുതിപ്പോരുന്നു. ദ്യോതകങ്ങളെ വ്യാപാരമനുസരിച്ച് ഗതി, ഘടകം എന്നു വിഭജിക്കാമെന്നും തന്നെത്താൻ ഒരു വാക്യാർഥത്തെ സ്മരിപ്പിക്കുന്നത് വ്യാക്ഷേപകം ആണെന്നും കേരളപാണിനി വിലയിരുത്തുന്നു. ദ്യോതകശബ്ദത്തിന്റെ ഉപവിഭാഗമാണെന്ന് പറയുന്നുണ്ടെങ്കിലും വാക്യാർഥത്തെ ധ്വനിപ്പിക്കുകയാണ് വ്യാക്ഷേപകധർമമെന്ന് ഏ.ആർ. രാജരാജവർമ (1992) മനസ്സിലാക്കിയിട്ടുണ്ടെന്ന് കാണാം.

> വാധ്യാർ: രാമാ നീ പാഠം പഠിച്ചോ?
> ഉവ്വ്, ഞാൻ രാത്രി മുഴുവനും വായിക്കയായിരുന്നു.
> ഇവിടെ 'ഉവ്വ്' , എന്ന പദം 'ഞാൻ പാഠം പഠിച്ചു' എന്നുള്ള വാക്യാർഥത്തെ ദ്യോതിപ്പിക്കുന്നു.
> വാധ്യാർ: കള്ളം പറയുന്നോ നിന്നെ ഞാൻ ഇന്നലെ ഉത്സവസ്ഥലത്തു കണ്ടുവല്ലോ?
> രാമൻ: അയ്യോ! ഇന്നലെ രാത്രി ഞാൻ വീട്ടിൽനിന്നിറങ്ങിയിട്ടില്ല.

ഇവിടെ അയ്യോ എന്ന പദം എന്നെ ഇന്നലെ ഉത്സവസ്ഥലത്തു കണ്ടു എന്നു പറയുന്നത് എനിക്ക് വളരെ സങ്കടമാണ് എന്ന വാക്യാർഥത്തെ അഖണ്ഡമായി ദ്യോതിപ്പിക്കുന്നു (1992: 141). ഇൗണം വ്യാക്ഷേപകത്തിന്റെ ധ്വനി മാറ്റുന്നുണ്ട് എന്നതും വ്യാക്ഷേപകം വാക്യമാണെന്ന കാര്യത്തെ ഉറപ്പിക്കുന്നു.

സന്തോഷം, ആശ്ചര്യം, വ്യസനം, നിന്ദ, കോപം മുതലായ മനോവികാരങ്ങളെ ദ്യോതിപ്പിക്കുന്ന അവ്യയങ്ങളെയാണ് ശേഷഗിരിപ്രഭു (1989) വ്യാക്ഷേപകങ്ങളായി പരിഗണിക്കുന്നത്. അവ്യയം എന്ന വർഗത്തിൽനിന്ന് വ്യാക്ഷേപകത്തെ വാക്യവർഗത്തിൽ ഉൾപ്പെടുത്തുകയാണ് കെ. സുകുമാരപിള്ള (1992). വാക്യത്തെ വിശേഷിപ്പിക്കുക എന്ന ധർമമാണ് വ്യാക്ഷേപകത്തിനുള്ളതെന്ന് സുകുമാരപിള്ള അഭിപ്രായപ്പെടുന്നു. പാവം, കഷ്ടം, എന്ത്, തുടങ്ങിയ പദങ്ങളും ഏയ്, ആങ്, ഉം, ഛേ, ഹായ് തുടങ്ങിയ ശബ്ദങ്ങളും വ്യാക്ഷേപകങ്ങളായി പ്രത്യക്ഷപ്പെടുന്നുണ്ട്. ഇതിൽനിന്ന് വ്യത്യസ്തമാണ് കെ. എം. പ്രഭാകരവാരിയരുടെ കാഴ്ചപ്പാട്. 'വ്യാക്ഷേപകങ്ങളെ ലഘുവാക്യത്തിന്റെ വിഭാഗമായിട്ടാണ് പരിഗണിക്കേണ്ടത് ' (പ്രഭാകരവാരിയർ, 2007:114). ഇക്കാര്യത്തിന്റെ പ്രസക്തി പരിശോധിക്കുകയാണ് തുടർന്നു ചെയ്യുന്നത്. താഴെ പറയുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക:

'നീ പുസ്തകം വായിച്ചോ?'

'ഉം'

സമ്മതാർഥത്തിലുള്ള മൂളലാണ് ഇതിലൂടെ പ്രകടിപ്പിക്കുന്നതെങ്കിൽ 'ഞാൻ പുസ്തകം വായിച്ചു' എന്ന പൂർണവാക്യത്തെയാണ് 'ഉം' ഉള്ളടക്കിവെച്ചിട്ടുള്ളത്. 'ഉം' എന്ന അംശം 'ഞാൻ പുസ്തകം വായിച്ചു' എന്ന പൂർണവാക്യമായ സാകല്യത്തെയാണ് കാണിക്കുന്നത്. അതിനാൽ അംശ-സാകല്യബന്ധമെന്ന ധൈഷണികവൃത്തിയായ ഉപാദാനബന്ധമാണ് വ്യാക്ഷേപകത്തിന്റെ പൊരുളെന്ന് പറയാം. അതായത് ഉപാദാനബന്ധത്തിലൂടെ ആവിഷ്കരിക്കപ്പെടുന്ന പൂർണവാക്യമാണ് വാക്യഘടനാപരമായി നോക്കുമ്പോൾ വ്യാക്ഷേപകമെന്നർഥം. രേഖാചിത്രം നോക്കുക:



സങ്കല്പനവ്യവസ്ഥയെ ശക്തമായി ആവിഷ്കരിക്കുവാൻ ധൈഷണികവൃത്തിയായ ഉപാദാനലക്ഷണയ്ക്കു കഴിയും. അർഥവ്യാപനത്തിന്റെ അടിസ്ഥാനപ്രക്രിയകളിലൊന്നാണ് ഉപാദാനലക്ഷണ. ജീവിതാനുഭവങ്ങളുടെ അവിഭാജ്യഘടകമാണത്. ഒരാൾ എങ്ങനെ ചിന്തിക്കുന്നുവെന്നും എങ്ങനെ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കാൻ ഉപാദാനലക്ഷണയ്ക്ക് കഴിയുന്നു. ഇക്കാര്യം വ്യാക്ഷേപകങ്ങളിൽ തെളിഞ്ഞുകാണാം. അതിനാൽ വ്യാക്ഷേപകത്തെ കേരളപാണിനി (1992) അഭിപ്രായപ്പെട്ടതുപോലെ ഭേദകത്തിൽപെടുത്തുന്നതിനോ പ്രഭാകരവാരിയർ (2007) പറയുന്നതുപോലെ ലഘുവാക്യത്തിൽ ഉൾപ്പെടുത്തുന്നതിലോ അർഥമില്ല. ഉപാദാനബന്ധംവഴിയുണ്ടാകുന്ന പൂർണവാക്യംതന്നെയായിട്ടാണ് വ്യാക്ഷേപകങ്ങളെ മനസ്സിലാക്കേണ്ടത്. വ്യാക്ഷേപകം വസ്തു-പശ്ചാത്തലബന്ധമെന്ന്[3] മറ്റൊരു ധൈഷണികവൃത്തിയെയും ആധാരമാക്കുന്നുണ്ട്. ഒരു വസ്തു, അതിനൊരു പശ്ചാത്തലം എന്ന നിലയ്ക്ക് സങ്കല്പനംചെയ്യുക എന്നത് ബുദ്ധിയുടെ ലക്ഷണമാണ്. ‘കടൽ’ എന്ന പശ്ചാത്തലത്തിൽ ‘തിര’ എന്ന വസ്തുവിനെ മനസ്സിലാക്കുന്നതുപോലെ.



വസ്തുപശ്ചാത്തലബന്ധമാണ് ഈ ചിത്രത്തിലെ വീക്ഷണവ്യതിയാനമുണ്ടാക്കുന്നത്. ‘ആൾരൂപം’, ‘പൂപാത്രം’ എന്നിങ്ങനെ.

ഇക്കാര്യം ഭാഷാതലത്തിലും പ്രസക്തമാണ്. വ്യാക്ഷേപകത്തിന് മറ്റൊരു ഘടന കൂടിയുണ്ട്. പൂർവവാക്യം, പരവാക്യം എന്നിവയുടെ ചേരുവയാണത്. വസ്തു-പശ്ചാത്തലബന്ധംവഴിയാണതുണ്ടാകുന്നത്.

പൂർവവാക്യങ്ങളുടെയും പരവാക്യങ്ങളുടെയും അടിസ്ഥാനത്തിലാണ് വ്യാക്ഷേപകശബ്ദം നിലനിൽക്കുന്നത്. മുമ്പ് ഉദാഹരമണായി കൊടുത്ത

വാക്യത്തിലെ 'നീ ആ പുസ്തകം വായിച്ചോ' എന്നത് പൂർവവാക്യവും 'ഉം' എന്ന വ്യാക്ഷേപകശബ്ദത്തിലൂടെ ശ്രോതാവ് ഉത്തരമായി മനസ്സിലാക്കുന്ന വാക്യമാണ് പരവാക്യം. 'നീ ആ പുസ്തകം വായിച്ചോ' എന്ന ചോദ്യത്തിന് ഉത്തരമായി 'ഉം/ഉവ്വ്'എന്ന് ഉത്തരം ലഭിച്ചാൽ 'ഞാൻ ആ പുസ്തകം വായിച്ചുവെന്ന' വാക്യമാണ് ഉത്തരമായി വരുന്നത്. 'ഛേ' എന്നോ മറ്റോ ആണ് ചോദ്യത്തിനുള്ള വ്യാക്ഷേപകരൂപത്തിലുള്ള മറുപടിയെങ്കിൽ ആ പുസ്തകം വായിക്കാൻ കൊള്ളുമോ എന്ന മട്ടിൽ അർഥസൂചനയുള്ള ഉത്തരവാക്യങ്ങൾ വരാം. ഈ ഉത്തരവാക്യങ്ങളെല്ലാംതന്നെ പരവാക്യങ്ങളാണ്. 'ഉം' എന്ന വ്യാക്ഷേപകത്തിന് ആധാരമായി വർത്തിക്കുന്നത് 'നീ പുസ്തകം വായിച്ചോ' എന്ന വാക്യമാണ്. അതിനാൽ അത് 'പശ്ചാത്തലവും' വ്യാക്ഷേപകം 'വസ്തു'വുമാകുന്നു. പശ്ചാത്തലമില്ലാതെ വസ്തുവിന് നിലനിൽപില്ല. അതുപോലെ പൂർവവാക്യമില്ലാതെ വ്യാക്ഷേപകത്തിന് നിലനിൽപ്പില്ല. വ്യാക്ഷേപകം വസ്തുവും പൂർവവാക്യം പശ്ചാത്തലവുമാണ്. അർഥഗ്രഹണം പൂർവവാക്യത്തിന്റെ അടിസ്ഥാനത്തിലേ ലഭിക്കൂ. ഇപ്രകാരം വസ്തു-പശ്ചാത്തലബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് വ്യാക്ഷേപകശബ്ദം ഉപാദാനലക്ഷണയായി മാറുന്നത്.

കെ.എം. പ്രഭാകരവാരിയരു (2007) ടെ മറ്റൊരു കണ്ടുപിടിത്തമായ ലുപ്തവാക്യത്തിന് വസ്തു-പശ്ചാത്തലബന്ധംവഴിയാണ് അർഥം ലഭിക്കുന്നത്.

'നീ എങ്ങോട്ട് പോകുന്നു?'

'അങ്ങാടിക്ക്'

ഇതിൽ 'അങ്ങാടിക്ക്' എന്ന ഉത്തരമാണ് ലുപ്തവാക്യം

ഇവിടെ പശ്ചാത്തലമായി വർത്തിക്കുന്നത് 'നീ എങ്ങോട്ട് പോകുന്നു' എന്ന പൂർവവാക്യമാണ്. വസ്തുവാകട്ടെ 'അങ്ങാടിക്ക്' എന്ന പരവാക്യവും. ഈ പരവാക്യം (അങ്ങാടിക്ക്) അംശ-സാകല്യബന്ധത്തെ ഉറപ്പിക്കുന്നു. 'ഞാൻ അങ്ങാടിക്ക് പോകുന്നു' എന്നതാണ് ഇതിലെ സാകല്യം.

വ്യവഹാരചിഹ്നമെന്ന് വാരിയർ (2007) പറയുന്ന ലഘുവാക്യം പരവാക്യമാണ്, വസ്തുവാണ്. പൂർണവാക്യമാകട്ടെ പൂർവവാക്യവും. 'അല്ലാ എപ്പഴാ വന്നത്' എന്നതിലെ 'അല്ല' എന്നത് വ്യവഹാരചിഹ്നമാണെന്ന് വാരിയർ പറയുന്നു. സംഭാഷണത്തിലേക്കുള്ള ശ്രദ്ധക്ഷണിക്കലാണ് ഇവയുടെ ധർമമെങ്കിലും പൂർണവാക്യമില്ലാതെ വ്യവഹാരചിഹ്നത്തിന് നിലനിൽപില്ല. പൂർവ-അപരക്രമം എന്ന ജ്ഞാനഘടനയുടെ അടിസ്ഥാനത്തിലാണ് ഈ വാക്യങ്ങൾ സങ്കല്പനംചെയ്യപ്പെടുന്നത്. അംശ-സാകല്യബന്ധംവഴിയാണ് അവയ്ക്ക് അർഥമുണ്ടാകുന്നത്.

## സംബോധനാവിഭക്തിയും ദൈഷണികതയും

സംബോധനയും സംബന്ധികയും വിഭക്തികളാണോ? എന്ന ചോദ്യം മലയാള വിഭക്തികളെക്കുറിച്ചുള്ള ചർച്ചയിൽ സജീവ വിഷയമാണ്. പലരും സംസ്കൃതരീതിയനുസരിച്ച് ഒന്നാം വിഭക്തിയുടെ അഥവാ പ്രഥമയുടെ വകഭേദമായാണ് സംബോധനയെ കാണുന്നത്. ജോർജ് മാത്തൻ (2000) സംബോധനയെ വിഭക്തിയായി പരിഗണിക്കുന്നു. സംബോധന വിഭക്തിയല്ലെന്ന അഭിപ്രായമുള്ളവരുമുണ്ട്. സംബോധന വിഭക്തിയല്ലെന്ന് പറയുന്നു. 'ക്രിയയുടെ യാതൊരു പ്രകാരത്തിലുമുള്ള ആകാംക്ഷയെ അത് പൂർത്തീകരിക്കുന്നില്ല. അതുകൊണ്ടുതന്നെ അത് വിഭക്തിയല്ല' (സുകുമാരപിള്ള, 1992: 371). ഇവ വ്യാക്ഷേപകങ്ങൾക്ക് തുല്യമാണെന്നും അർഥപരമായി വാക്യകേന്ദ്രത്തോട് അതിന് യാതൊരു ബന്ധവുമില്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

കെ.എം. പ്രഭാകരവാരിയരും (2007) സംബോധനയെ വിഭക്തിയായി പരിഗണിക്കേണ്ട കാര്യമില്ലെന്ന് വ്യക്തമാക്കുന്നു. സംബോധനയെ വിഭക്തിയായോ വാക്യഘടകമായോ കരുതുന്നത് യുക്തമായിരിക്കില്ല എന്നതിന് അദ്ദേഹം മുന്നോട്ടുവെയ്ക്കുന്ന വാദങ്ങൾ:

(i) കാരകബന്ധം സൂചിപ്പിക്കാത്തതിനാൽ അതിനെ വിഭക്തിയിലുൾപ്പെടുത്താൻ കഴിയില്ല.

(ii) വാക്യബാഹ്യഘടകമായതിനാൽ അതിനെ പദവർഗങ്ങളിലൊന്നായി പരിഗണിക്കാൻ പ്രയാസമാണ്; സാധാരണമായി, സംബോധന വാക്യാരംഭത്തിലോ വാക്യാവസാനത്തിലോ മാത്രമേ വരൂ; വാക്യത്തിന്റെ ആന്തരികഘടകമായി അതിന് പ്രയോഗമില്ല;

(iii) വാക്യങ്ങൾക്കുള്ളതുപോലെ ആഖ്യാതത്വധർമം അതിനില്ല; ശ്രദ്ധയാകർഷിക്കൽ എന്ന ഭാഷണധർമം മാത്രമേയുള്ളൂ. കൂടാതെ സംബോധനയെ വാക്യവിശേഷണമായി കരുതാനും സാധ്യമല്ല;

വാക്യത്തിലെ ആശയത്തെ മുഴുവനായും വിശേഷിപ്പിക്കുന്നതാണ് വാക്യവിശേഷണം. അങ്ങനെയൊരു വിശേഷണധർമം സംബോധന പ്രദർശിപ്പിക്കുന്നില്ല (2007: 115, 116). ഘടനാപരമായും അർഥപരമായും പൂർണതയില്ലെങ്കിലും വാക്യത്തിന് സമാനമായ ധർമമുള്ളതിനാൽ സംബോധനയെ ലഘുവാക്യഭേദമായി കരുതുകയാണ് വാരിയർ. സംബോധനയ്ക്ക് വാക്യധർമമുണ്ടെന്ന കാര്യത്തിൽ വാരിയർക്ക് സംശയമില്ല. സംബോധനയുടെ ദൈഷണികസ്വഭാവം എന്തെന്നും അവ വിഭക്ത്യർഥം ഉണ്ടാക്കുന്നത് എങ്ങനെയെന്നും പരിശോധിക്കാം.

ഉണ്ണീ, വന്ന് ഭക്ഷണം കഴിക്കൂ

വന്ന് ഭക്ഷണം കഴിക്കൂ ഉണ്ണീ

'ഉണ്ണി' എന്ന വ്യക്തിനാമമാണ് അന്ത്യസ്വരം ദീർഘിച്ച് സംബോധനയായി (ഉണ്ണീ) മാറുന്നത്.

വാക്യാരംഭത്തിലോ വാക്യാവസാനത്തിലോ മാത്രമേ സംബോധന വരൂ. ഇതിൽ 'ഉണ്ണീ' എന്ന സംബോധനാരൂപം ഒഴിവാക്കി, 'വന്ന് ഭക്ഷണം കഴിക്കൂ' എന്നുമാത്രം പറഞ്ഞാലും ഈ വാക്യം ആരെയോ അഭിസംബോധനചെയ്യുന്നുണ്ടെന്ന് കാണാം. അതായത് സംബോധനാരൂപം ശൂന്യമാണെങ്കിലും സംബോധനാരൂപത്തിന്റെ പ്രതീതി ഉളവാകുന്നുണ്ട്. സംബോധനയെ ആധാരമാക്കിയാണ് ഈ വാക്യം നിലനിൽക്കുന്നത്. അഭിസംബോധന, ശ്രദ്ധ എന്നീ ധർമങ്ങൾ നിർവഹിക്കുന്നതിനാൽ ഇതിനെ സംബോധനാവാക്യമെന്ന് വിളിക്കാം. 'മധ്യമപുരുഷനെ ഉദ്ദേശിച്ചുള്ളതാണല്ലോ സംബോധന. പക്ഷേ ആ വേഷം കെട്ടുന്നത് എപ്പോഴും പ്രഥമ പുരുഷനിലെ നാമങ്ങളത്രേ' എന്ന് കെ. സുകുമാരപിള്ള പറഞ്ഞ കാര്യവും ഇവിടെ ഓർക്കാം (1992: 371). 'നീ വന്ന് ഭക്ഷണം കഴിക്കൂ'എന്ന മട്ടിലുള്ള പ്രയോഗങ്ങളിൽ മധ്യമപുരുഷൻ സംബോധനയുടെ പ്രതീതിയുളവാക്കുന്നുണ്ട്. മധ്യമപുരുഷന്റെ ഈ ധർമത്തിന്റെ അടിസ്ഥാനത്തിലാണ് മധ്യമപുരുഷനെ സംബോധനചെയ്യാൻ ഉപയോഗിക്കുന്നുണ്ടെന്ന് പറയുന്നത്. സംബോധനാവാക്യത്തിൽ അഭിസംബോധനയെ ആശ്രയിച്ചാണ് വാക്യഭാഗം നിലനിൽക്കുന്നത്.

വസ്തു-പശ്ചാത്തലബന്ധം എന്ന ധൈഷണികധർമമാണ് സംബോധന ഉൾപ്പെടുന്ന വാക്യങ്ങൾക്ക് അർഥം പകരുന്നത്. സംബോധനയാണ് ഇവിടെ പശ്ചാത്തലം. തുടർന്നുവരുന്ന വാക്യഭാഗം വസ്തുവും മറ്റൊരു തരത്തിൽ പറഞ്ഞാൽ സംബോധന ആധാരവും തുടർന്നവരുന്ന വാക്യഭാഗം ആധേയവുമാകുന്നു. വക്താവിന് മുമ്പിൽ മധ്യമപുരുഷൻ (ശ്രോതാവ്) നേരിട്ടുവരുമ്പോൾ മാത്രമേ ഇക്കാര്യം പ്രസക്തമാകുന്നുള്ളൂ. അപ്പോൾ ആർഥികമായി സംബോധന വാക്യഭാഗംതന്നെയാണ്.

അമ്മേ കുട്ടി കരയുന്നു

അമ്മേ കുട്ടിക്ക് പാൽ കൊടുക്കൂ

അമ്മേ കുട്ടിയെ ഉറക്കാമോ

എന്നിങ്ങനെ ക്രിയാഭേദങ്ങളുമായി നേരിട്ടു ബന്ധപ്പെടുന്നുണ്ട് സംബോധന. സംബോധന ശ്രോതാവിന്റെ ശ്രദ്ധയെ ഉണർത്തുന്നുണ്ട്. 4

## ഉപസംഹാരം

ഇന്ദ്രിയജ്ഞാനംവഴിയാണ് അറിവ് ആർജ്ജിക്കുന്നത്. ഇന്ദ്രിയാനുഭവങ്ങളിലൂടെ മനസ്സിലെത്തുന്ന വിവരങ്ങൾ ഓർമയിൽ ശേഖരിച്ചുവെയ്ക്കുന്നു. അവ ആവശ്യമായി വരുന്ന സന്ദർഭത്തിൽ ഉപയോഗിക്കുകയും ചെയ്യുന്നു. ഇതിനെ ധൈഷണികത എന്നു വിളിക്കാം. മനുഷ്യന്റെ എല്ലാ വ്യവഹാരങ്ങളും നടക്കുന്നത് ധൈഷണികതയുടെ അടിസ്ഥാനത്തിലാണ്. അർഥമുള്ള വിവരങ്ങളാണ് മനസ്സ് ശ്രദ്ധിക്കുക. ഐന്ദ്രീയാനുഭവങ്ങളുടെ പുറംലോകവും സങ്കല്പനഘടനയും തമ്മിലുള്ള ബന്ധസ്വഭാവം പരിശോധിക്കലാണ് ധൈഷണികാർഥത്തിന്റെ പൊതുസ്വഭാവം. വ്യാകരണം അർഥമായി മാറുന്നത് അതു ഇപ്രകാരത്തിൽ ധൈഷണികവൃത്തിയുടെ ഭാഗമായതിനാലാണ്. വ്യാകരണസംവർഗങ്ങളിൽ നടക്കുന്ന സാമാന്യവത്കരണം വ്യക്തമാക്കുന്നു. ലഘുവാക്യങ്ങളെന്ന് വിശേഷിപ്പിക്കപ്പെടുന്ന വ്യാകരണസംവർഗങ്ങൾ പൂർണവാക്യങ്ങളായിതന്നെയാണ് നാം മനസ്സിലാക്കുന്നതെന്ന് അവയുടെ ധൈഷണികസ്വഭാവം വ്യക്തമാക്കുന്നു.

## കുറിപ്പുകൾ

1. ഇന്ദ്രിയാനുഭവങ്ങളെ അറിവായി രൂപപ്പെടുത്തുന്നത് ധിഷണയാണ്. അതിനാൽ അറിവ്, ധിഷണയുടെ പര്യായമായി നിൽക്കുന്നു. അതുകൊണ്ട് 'കൊഗ്നിറ്റിവ്' എന്നതിന് 'ധൈഷണികമായ' എന്നർഥം കല്പിച്ച് 'ധൈഷണികഭാഷാശാസ്ത്രം' എന്ന പേർ സ്വീകരിച്ചിരിക്കുകയാണ്. അനുദിനം പുതുപഠനങ്ങൾ വന്നുകൊണ്ടിരിക്കുന്ന മേഖലയാണിത്.

2. ഏകരൂപമായ സിദ്ധാന്തത്തിന് രൂപം കൊടുക്കുകയല്ല ധൈഷണികഭാഷാശാസ്ത്രത്തിന്റെ പ്രമുഖമായ ഉദ്ദേശ്യം മറിച്ച് ഭാഷയും ധൈഷണികതയുമായി, സാമാന്യമായി ബന്ധപ്പെടുന്ന കാര്യങ്ങളെ ആസ്പദമാക്കി പഠനങ്ങൾ നടത്തുക എന്നതാകുന്നു).

3. വസ്തു അതിനൊരു പശ്ചാത്തലം എന്ന നിലയ്ക്ക് കാര്യങ്ങൾ മനസ്സിലാക്കുക എന്നത് ബുദ്ധിയുടെ ലക്ഷണമാണ്. ഏതൊരു കാര്യത്തെയും ഒരു പശ്ചാത്തലത്തിലൂടെയാണ് നാം മനസ്സിലാക്കുന്നത്. വസ്തുവും പശ്ചാത്തലവും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനം ദൃശ്യപരമായ ധാരണയാകുന്നു. ദൃശ്യത്തിന്റെ ചില സവിശേഷതകൾ പശ്ചാത്തലത്തിന് എതിരായി നിൽക്കുകയും ചെയ്യും. സദൃശസൃഷ്ടിയുടെ അടിസ്ഥാനവും വസ്തുപശ്ചാത്തലബന്ധമാകുന്നു. നേരത്തെയുള്ള സങ്കല്പനത്തിന്റെ അടിസ്ഥാനത്തിൽ മറ്റൊന്ന് സങ്കല്പിച്ചെടുക്കുകയാണ് ഇവിടെ.

4. ഉമേ ഇങ്ങോട്ട് വരുന്നോ?

ഉമ ഇങ്ങോട്ട് വരുന്നോ . ഇതിൽ രണ്ടാമത്തെരീതിയിൽ പ്രത്യയം ചേർക്കാതെയുള്ള സംബോധനാരീതിയും നടപ്പിലുണ്ട്. രണ്ടാമത്തെ വാക്യം വേറെയൊരു ശ്രോതാവിനോടു ഉമയുടെ കാര്യം ചോദിക്കുന്നതുപോലെയും വരാം. ദ്വയാർഥം വരുന്നുണ്ടെന്നർഥം. സംബോധന ക്രിയയെ ഭരിക്കുന്നുണ്ടന്നല്ലേ ഇതിൽനിന്ന് മനസ്സിലിക്കേണ്ടത്. പഠനം ആവശ്യമുള്ള വിഷയമാണിത്.

## ആധാരസൂചി


5. ആൻറണി, സി.എൽ. 1973. 'കേരളപാണിനീയഭാഷ്യം'. കോട്ടയം: എൻ ബി എസ്.
6. ജോർജ് മാത്തൻ. 2000. 'മലയാഴ്മയുടെ വ്യാകരണം'. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
7. പ്രഭാകരവാരിയർ, കെ. എം. 2007. 'മലയാളവ്യാകരണസമീക്ഷ'. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.
8. രാജരാജവർമ്മ. ഏ.ആർ. 1992. 'കേരളപാണിനീയം'. കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ.
9. വേണുഗോപാലപ്പണിക്കർ, ടി. ബി. 2006. 'ഭാഷാലോകം'. കോട്ടയം: ഡി. സി. ബുക്ക്സ്.
10. ശേഷഗിരിപ്രഭു.1989. 'വ്യാകരണമിത്രം'. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.
11. സുകുമാരപ്പിള്ള, കെ. 1992. 'കൈരളിശബ്ദാനുശാസനം'. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
12. സുബ്രമണ്യം. വി. ഐ. 1974. ഭാഷയും പഠനവും . കോട്ടയം: ഡി. സി. ബുക്ക്സ്.
13. Langacker, 1987. *Foundations of Cognitive Grammar Vol X.* Stanford: Stanford University Press.
14. Fairclough, Norman. 1989/1993. *Language and Power*. London: Longman.
15. Fauconnier, Gilles. 1895. Mental Spaces. Cambridge: Cambridge University Press.
16. Lakoff, George & Mark Johnson. 2003. *Metaphors We Live By.* Chicago: University of Chicago Press.
17. Langacker, 1990. *Foundations of Cognitive Grammar . Vol.X* .Stanford: Stanford University Press.
18. Talmy, 1983. '*How Language Structures Space*' in Spatial Orientation: Theory, Research and Application. Pick & L Acredolo (Eds). New York:Plenum Press.
19. Taylor, John. R. 2002. *Cognitive Grammar*. Oxford: Oxford University Press.


*drpmgirish@gmail.com*

# Looking for a Common Horizon: A Study of the Nexus between Hermeneutics and Research

1. Dr. Sony Augustine
Assistant Professor, Department of Studies in English, Kannur University

2. Dr. K.K Kunhammad
Assistant Professor, Department of Studies in English, Kannur University

## Abstract

*This article is an investigation into the nature of the relationship between hermeneutics and research in the academic disciplines. Any research involves the act of interpretation and hermeneutics provides all research activities with the requisite tools for the analysis of the data involved. This study is aimed at finding out how hermeneutics and research both explain and enrich each other. This study draws heavily on the analyses of the hermeneutic project proposed by Schleiermacher, Dilthey, Heidegger, the major figures who gave right direction to the field of modern hermeneutics. The authors analyse how the inter/multidisciplinary nature of contemporary research becomes the central point on which the interdependence of research and hermeneutics can be established.*

***Keywords***: *Research, hermeneutics, hermeneutic circle, hermeneutics of suspicion, interpretation, understanding, existential hermeneutics, multidisciplinarity.*

Academic research has attained an undeniable locus in the long history of production and dissemination of knowledge across disciplines irrespective of the differences in space and time. In a general examination, areas of research in the contemporary academic circles vary in their origins and spread as a result of their dialogue with various domains of knowledge. Numerous fields of study like philosophy, psychology, history, anthropology, cultural studies, film studies, and even natural sciences will have to proceed with the spirit of inter/multi disciplinarity in the exchange of ideas as well as methodologies. Apart from the traditional disciplines, the emerging areas of knowledge and ideological standpoints may have to adopt and adapt to diverse ways of knowledge production. Doing research both in the traditional and evolving areas of academic discourses in literature and other theoretical endeavours, therefore, necessitates an approach that takes into consideration the involved multidisciplinarity in them. It is in this context that qualitative and quantitative research has to take recourse to hermeneutics as a viable means of conducting productive engagements with the academic tradition.

The role of hermeneutics in any research activity originates from the very etymological nuances of the term. An etymological enquiry into the meaning and significance of the term hermeneutics takes us to a more explicit understanding with regard to the nature and meaning of the entire hermeneutic process. Hermeneutics is a term whose origin can be traced back to the Greek verb 'hermeneuein'. Lawrence K. Schmidt points to this idea when he states that hermeneutics "is a modified transliteration of the Greek verb "hermeneuein", which means to express aloud, to explain or interpret and to translate" (6). He continues to argue that "The Latin translation of the Greek word is "interpretatio", which, of course, is the root of the English "interpretation". Therefore, in general hermeneutics does mean Interpretation" (6). The central act of any research activity involves interpretation of facts, information, and other material and abstract data. This function of research throws light on the inseparable bond existing between research and hermeneutics.

Hermeneutic tradition takes its origin from Greek mythology and therefore claims a sacred origin. It is derived from the name of Hermes,

the messenger of gods, who was assigned the role of communicating between the gods and human beings. The nature of Hermes' task is clearly explained by Kurt Mueller-Vollmer in his Introduction to *The Hermeneutic Reader: Texts of the German Tradition form the Enlightenment to the Present*: "In order to deliver the messages of gods, Hermes had to be conversant in their idiom as well as in that of the mortals for whom the message was destined. He had to understand and interpret for himself what the gods wanted to convey before he could proceed to translate, articulate, and explicate their intention to mortals" (1). This leads to the recognition of understanding as a pre-requisite for the process of interpretation. It is this dual nature of the hermeneutic process which led to the flowering of hermeneutics in the modern and postmodern periods. Any academic enterprise would necessarily involve these two aspects of understanding and interpreting the available data. This is true of the research activities taking place in various disciplines and this calls for the employment of hermeneutic principles in research.

The nexus between research and hermeneutics becomes clearer with a brief understanding of the development of the various concepts and traditions in the field of hermeneutics. This survey which involves the historical tracing of hermeneutics can be used to highlight the role of the science of interpretation in the pursuit for knowledge carried out through various research activities. As mentioned earlier, the very inception of the concept of hermeneutics was inspired by the urge to find out the meaning/reality of any phenomenon. In the initial days, the object of such an interpretative endeavour happened to be the mysteries of religion manifested through the scriptures. In the western tradition, interpretation of the Bible was the primary objective of any hermeneutic activity. Hence, hermeneutics came to be generally understood to mean exposition of the meaning of texts which, with reference to biblical understanding, is termed exegesis. What is of significance to the present analysis is the fact that most of the research carried out in the humanities, especially in literature, involves exegetical analysis of texts. In literary criticism, as David Stewart has argued, "hermeneutics is the name for a way of dealing with texts" (296).

However, hermeneutics is also conceived in a more comprehensive and broader sense as stated in the entry "hermeneutics" in the *Harper's Bible Dictionary*: "Often it is characterised as being primarily concerned with the theory of theories of interpretation, and in this respect it can be distinguished from exegesis, which may be thought of as the practical application of hermeneutical principles. As compared with exegesis, hermeneutics is more comprehensive in its scope as well as more theoretical in its orientation" (Holladay 384). Hermeneutics has emerged more as a philosophical system concerned with principles of interpretation than as specific ways and methods of reading particular texts. This view is acknowledged by Paul Ricoeur in *The Task of Hermeneutics* where he defines that "hermeneutics is the theory of the operation of understanding of texts" (1). It is in this sense that the distinction between exegesis and hermeneutics can be validated. Daniel Patte clarifies that "exegesis aims at understanding the text in itself, while hermeneutics attempts to elucidate what the text means for the modern interpreter and the people of his culture. Exegesis and hermeneutics must be distinguished from each other despite the fact that the very foundation of exegesis is to lead to hermeneutics" (3). Patte is referring to another sense of difference where one is text-directed while the other is receiver-directed. It is this evolved meaning which makes hermeneutics more tenable as far as academic research is concerned. For, it is the emancipation of hermeneutics from mere analysis of specific texts to the very possibility of interpreting the process of interpretation itself that provides room for all research activities to be related to hermeneutics.

Richard Palmer attempts to capture the multiple shades of the semantic potential of the word 'hermeneutics' (*Hermeneutics* 12). According to Palmer, hermeneutics has three functions: (1) saying, (2) explaining, and (3) translating. In this approach, 'saying' refers to a certain mode of interpretation which involves asserting, expressing, or speaking. In his view, even though all the three functions overlap to a great extent, 'explaining' refers to a mode of interpretation that involves a movement from the surface meaning to its inner layers of meaning. Explaining aims to avoid any kind of ambiguity and to establish a sense of interpretative consistency.

The third articulation of the word 'hermeneutics', which Palmer terms 'translation', refers to the hermeneutic process of building a bridge between the world and the world of the translator. In this reading, hermeneutics always helps the reader to close the gap between the text and the reader. In a significant sense, this dimension of the meaning of 'hermeneutics' refers to a reader's attempt to capture the aspect of meaning that escapes the author, a text's autonomous dimension. As Ricouer put it, "the autonomy of the text already contains the possibility that what Gadamer calls the 'matter' of the text may escape from the finite intentional horizon of its author; in other words, thanks to writing, the 'world' of the text may explode the world of the author" (Ricoeur 101).

The scope of hermeneutics in research widened with the paradigm shift that took place in its historical trajectory. This change took place with the advent of Enlightenment the ideals of which paved the way for a renewal in the developments in the field of hermeneutics and its areas of interest. The Enlightenment thinkers attributed utmost importance to human reason in the place of faith that prevailed through medieval and reformation period. Enlightenment is referred to as "characterized by a rejection of superstition and mystery and an optimism concerning the power of human reason and scientific endeavor…The movement placed secular reason as the ultimate judge of all sorts of dogma or authority and attempted to overcome the control of the Catholic Church over human affairs" (Bunnin 210). Subsequently, hermeneutics dropped its garment of exegesis and put on a new mantle as a theory of interpretation itself. It implies mainly two changes: the first is that hermeneutics got secularised and religious texts were interpreted in the light of secular categories. The second change, more important than the first, is that secular texts also came to be included under its ambit and thereby led to it being seen more as a general theory of interpretation. Consequently, more research could be conducted both in the religious and secular fields of knowledge which enriched the quality of qualitative research to be undertaken in various disciplines.

A further significant shift could be observed in the nature of hermeneutics with the theories put forward by Friedrich Schleiermacher,

who is known as the father of modern hermeneutics. The most important contribution of Schleiermacher to the theory of hermeneutics is that he elevated its status from regional to a general, if not universal, level. "Thanks to Friedrich Schleiermacher, the father of modern hermeneutics, hermeneutics witnessed a Copernican revolution: from understanding a given text, hermeneutics shifted its focus to the understanding of understanding itself, thus leapfrogging from a variety of regional hermeneutics to a general hermeneutics" (Dorairaj 11). Hermeneutics, before Schleiermacher, had been confined to the interpretation of texts in various genres and different branches of knowledge. It was Schleiermacher who attempted and was successful in bringing together those regional hermeneutics like juridical hermeneutics, biblical hermeneutics, and philological hermeneutics under the same umbrella of general hermeneutics. Schleiermacher, in an attempt to provide hermeneutics universal appeal, turned the questions of interpretation from the explication of meaning of individual texts to the understanding of understanding itself. In *General Hermeneutics* he states, "since the art of speaking and the art of understanding stand in relation to each other, speaking being only the outer side of thinking, hermeneutics is a part of the art of thinking, and is therefore philosophical" (74). This philosophical orientation given to hermeneutics brought a sea change in reciprocal relationship between hermeneutics and other disciplines in the sense that the employment of strategies of interpretation in various areas of academic engagements could be made easy. The classification of hermeneutics into the psychological interpretation and grammatical interpretation was one of the notable contributions of Schleiermacher. He further speaks about two methods to follow in interpretations. Schleiermacher explains that "the divinatory method seeks to gain an immediate comprehension of the author as an individual. The comparative method proceeds by subsuming the author under a general type. It then tries to find his distinctive traits by comparing him with the others of the same general type" ("Grammatical and Technical Interpretation" 96). He immediately adds to the inseparability of these two approaches, "Since each method refers back to the other, two should never be separated" (96). He further develops the idea of inseparability of

divinatory and comparative methods in *Hermeneutics and Criticism: And Other Writings*. "Both may not be separated from each other. For divination only receives its certainty via confirmatory comparison because without this it can always be incredible. But the comparative method does not provide any unity. The universal and the particular must penetrate each other and this always only happens via divination" (93). His formulations of divinatory and comparative methods to come out of the "hermeneutical circle" can very well be applied to the academic research carried out in any discipline.

The concept of the *hermeneutical circle* is of paramount interest in the domain of hermeneutics *vis-à-vis* academic research. The interpretation of texts involves a circular movement from parts to the whole and *vice versa.* The very idea of the mutual complementarity and support existing between the whole and the parts of a text to understand and to interpret the meaning of a text explains the relationship existing between research and hermeneutics. Qualitative research draws heavily on the hermeneutic circle, i.e., acts of hermeneutic engagement with texts and the final moments of active syntheses between parts and whole. Any activity related to research presupposes an analytical strategy that involves the breaking down of the parts of the phenomenon in question before attempting a synthesis of them. Consequently, both the constituent elements of the phenomenon in question and the resultant idea derived from their combination do not lead to a circularity that arrests or limit meaning. Rather, it is positive and creative in the process of searching for the meaning of any text. That is why Ricoeur states that the hermeneutic circle 'is not a vicious circle, still less a mortal one; it is a living and stimulating circle" (*The Symbolism of Evil* 349).

Equally important is the concept of *hermeneutics of suspicion*. David Stewart explains, while discussing the hermeneutical project of Paul Ricoeur, that "the text presents us with a challenge to believe that the true meaning of the text emerges only through interpretation. Interpretation is occasioned by a gap between the real meaning of the text and its apparent meaning, and *in the act of interpretation suspicion plays a pivotal role*" (296 italics added). Every text is an invitation to believe what it purports to say while every interpretation is a challenge to view the declared

intentional content of the text with suspicion. Academic research, when understood as an investigation that starts with some preliminary notions about the phenomenon in question and ends with the validation or cancellation of those preliminary ideas, necessarily involves a suspicion as far as the researcher is concerned. The apparent meanings produced in the process of the analysis are subjected to scrutiny and are either accepted or rejected. This leads to the production of multiple layers of meaning possible. "Suspicion therefore opens up the text to a new reading, one which is even more powerful than our first reading and which correspondingly can evoke in us an even stronger response" (306).

It was Wilhelm Dilthey who popularised hermeneutics through his works after Schleiermacher who was his predecessor. His major contribution was that he tried to formulate an effective methodology that could be used by human sciences and this could be seen as the point where research and hermeneutics could meet. He wanted to develop an integral and effective method in humanities in the line of the methodology used by the natural sciences. Lawrence K. Schmidt writes about this attempt from the part of Dilthey: "He does not think that the positivistic methodology of the exact natural sciences can be used for the human sciences since the objects of the human sciences are essentially constituted by self-conscious human agents. On the other hand, idealistic theories in the human sciences lack the necessary empirical base for their conclusions" (29). This strongly felt need to combine the methodologies of human sciences and idealistic principles compelled him to come out with a unique methodology in which the subjective experiences of others could be re-enacted imaginatively and, at the same time, rendered publicly verifiable. This new methodology was termed by him as 'understanding' (*Verstehen*). It is different from explanation (*Erklären*) that constitutes the approach of the 'pure' sciences. "Such a method of interpretation reveals the possibility of an objective knowledge of human beings not accessible to empiricist inquiry and thus of a distinct methodology for the human sciences" (Audi 377).

Dilthey, in one of his prominent works *The Rise of Hermeneutics,* defines hermeneutics as "the theory of the rules of interpreting written monuments" (238), and proceeds further to explain how hermeneutics as a

systematic theoretical position evolved from the mere practice of exegesis. The art of interpretation or exegesis was rule-bound and required specific guidelines for its working. "And from conflict about these rules, from the struggle of various tendencies in the interpretation of fundamental works and the subsequent need to establish a basis for such rules, the science of hermeneutics itself came into being" (238). It should also be noted that he very rarely uses the term 'hermeneutics.' However, he was acutely aware of the philosophical nature of hermeneutics as pertaining to a broader sense of historical understanding. *The Rise of Hermeneutics* provides Dilthey's concept of hermeneutics and its various purposes. The main purpose of hermeneutics, apart from its philological interpretations, is "to preserve the universal validity of historical interpretation against the inroads of romantic caprice and skeptical subjectivity, and to give a theoretical justification for such validity, upon which all the certainty of historical knowledge is founded" (250). It is in this sense that Dilthey's theory of understanding is related to hermeneutics and that research in humanities along with disciplines of science gathers inspiration and strategies from it.

What makes Dilthey different from his predecessor is nothing but the foregrounding of the conception of the historical dimension of interpretation. While the latter attempts to analyse historical incidents in the light of dialectical analysis of general concepts, the former encourages a philosophical orientation in formulating judgments through which historical changes may be explained. According to Anthony C. Thiselton, three levels of historical understanding are postulated by Dilthey: The first level comprises the 'chronicler' whose interest lies in the narrative configuration of event. The next level is that of the 'pragmatic historian'. He is mostly interested in the political motivations that inform the affairs of the state. The final level is that of the 'universal historian' whose endeavours to reconstruct the whole of inner life. In this sense, Dilthey and his hermeneutic system can, without any hesitation, be corelated with various researches undertaken in different disciplines and discourses.

Any research activity is a systematic enquiry into the meaning of the phenomenon in question. What the researcher tries to delineate is the different ways in which s/he can understand and consequently

interpret phenomena. The hermeneutical project of Martin Heiddeger illustrates this idea. It was with the formulation of his concept of *Dasein* that hermeneutics assumed an existential phase. Heidegger conceived reality as essentially related to the existential experience of the world. He coined the term *Dasein* in his famous work *Being and Time* and stated: "The real is essentially accessible only as inner worldly beings. Every access to such beings is ontologically based on the fundamental constitution of Da-sein, on being-in-the-world" (188). In the fundamental distinction that Heidegger institutes between the *ontic* and the *ontological* realms of life, the former (the 'ontic') refers to the objective, physical reality and the latter (the 'ontological') refers to largely subjective frameworks of relationships that require the work of interpretation. Real research as an impassioned enquiry postulates the possibility and necessity of moving beyond the boundaries between subjective and objective standpoints to arrive at what is called real. This idea could very well be observed in Heidegger when Anthony C. Thiselton declares that Heidegger makes a sharp distinction between categorizations of science and existential characterizations of human life. The particularities of life cannot be exhausted with the mere description of it. Hence going beyond the subject-object relationship is needed (279). Truth or reality which is the ultimate aim of any academic investigation is, according to Heidegger, *deconcealment* or *unconealment* or *unhiddenness*. Human understanding can be considered valid only when he/she is ready to be subjected to the truth. Heidegger insists that man "...is in the truth only if, and only in so far as, he masters his nature, holds himself within the unhiddenness of beings, and comports himself to this unhiddenness" (*The Essence of Truth* 55).

Going further with the investigation into the nexus between research and hermeneutics, Heidegger's idea of interpretation can add a great deal to the domain of hermeneutics. Heidegger always emphasises that understanding presumes various possibilities of development and maintains the idea that this process of development is what can be called interpretation. "We shall call the development of understanding *interpretation*" (*Being and Time* 139). Research can also be understood not in any terms different from this. It becomes clearer when we analyse

Heidegger's words explaining this procedure of interpretation. "In interpretation understanding does not become something different, but rather itself. Interpretation is existentially based in understanding, and not the other way around. Interpretation is not the acknowledgement of what has been understood, but rather the development of possibilities projected in understanding" (*Being and Time* 139). Hermeneutics further gets entwined with research as this projection of possibilities is understood not as the present (the text), but as potentialities that may be discovered in various future historical circumstances. The orientation towards the future which characterises research can be observed in the *modus operandi* of hermeneutics too and this move towards the potentialities involved turns out to be one of the chief elements that binds research and hermeneutics together.

Leaving behind the various principles of hermeneutics and those theorists who have contributed substantially to its growth, one may condense the basic idea of hermeneutics as the recognition of the fact that meaning is multifaceted and no single idea, however powerful or effective it seems, can exhaust reality. The ultimate objective of any intellectual activity is to find out the different nuances and shades of meaning involved. Hermeneutics recognizes and promotes this way of looking at academic enterprises. All scholarly engagements will have to admit the inseparability of research and hermeneutics as two sides of the same coin. This is because they continue to influence and to contribute mutually for the analysis of any data in science and humanities. Research aims at interpretation of the data for which hermeneutics is inevitable while any hermeneutic activity leads to new areas of research. This reciprocity ultimately proves to be beneficial to the production and dissemination of knowledge in the field of academics.

## Works Consulted

1. Audi, Robert. ed. *The Cambridge Dictionary of Philosophy*. 2nd ed. Cambridge UP, 1999.
2. Bunnin, Nicholas, and Jiyuan Yu. *The Blackwell Dictionary of Western Philosophy.* Blackwell Publishing, 2004.
3. Dilthey, Wilhelm. "The Rise of Hermeneutics." *Wilhelm Dilthey: Hermeneutics and the Study of History.* Eds. Rudolf A. Makkreel and Frithjof Rodi. Vol.4.

Princeton UP, 1996, 235-250.

4. Dorairaj, A. Joseph. *Interventions: Essays in Philosophy and Literary Theory.* Folklore Resources and Research Centre, 2006.

5. Heidegger, Martin. *Being and Time.* Trans. Joan Stambaugh. State U of New York, 1996.

6. ---. *The Essence of Truth: On Plato's Cave Allegory and Theaetetus*. Trans. Ted Sadler. Continuum, 2002.

7. Holladay, Carl R. "Hermeneutics." *Harper's Bible Dictionary.* Ed. Paul J Achtemeier. Theological Publications in India, 1996, 383-384.

8. Mueller-Vollmer, Kurt. ed. Introduction. *The Hermeneutic Reader: Texts of the German Tradition form the Enlightenment to the Present*. Basil Blackwell, 1986.

9. Palmer, Richard. *Hermeneutics*, Northwestern U P, 1969.

10. Patte, Daniel. *What is Structural Exegesis?* Fortress P, 1979.

11. Ricoeur, Paul. "The Task of Hermeneutics." Trans. David Pellauer. *Philosophy Today* 17.2 (1973), 112-128.

12. ---. *The Symbolism of Evil*, trans. Emerson Buchanan. Harper and Row, 1967.

13. ---. "The Hermeneutical Function of Distanciation." *Philosophy Today*, 17 (Summer 1973), 129-41.

14. Schleiermacher, Friedrich. "General Hermeneutics." *The Hermeneutic Reader: Texts of the German Tradition form the Enlightenment to the Present.* Ed. Kurt Mueller-Vollmer. Basil Blackwell, 1986, 73-86.

15. ---. "Grammatical and Technical Interpretation." *The Hermeneutic Reader: Texts of the German Tradition form the Enlightenment to the Present.* Ed. Kurt Mueller-Vollmer. Basil Blackwell, 1986, 86-97.

16. ---. *Hermeneutics and Criticism: And Other Writings.* Trans and ed. Andrew Bowie. Cambridge UP, 1998.

17. Schmidt, Lawrence K. *Understanding Hermeneutics*. Acumen Publishing, 2006.

18. Stewart, David. "The Hermeneutics of Suspicion." *Literature and Theology* 3.3(1989): 296-307.

19. Thiselton, Anthony C. *New Horizons in Hermeneutics: The Theory and Practice of Transforming Biblical Reading.* Zondervan Publishing House, 1992.

*Email: sonyaugustine@kannuruniv.ac.in*

*Email: kunhammad1997@gmail.com*

# കലാചരിത്രജ്ഞാനത്തിന്റെ അതിരുകളിൽ കാണപ്പെടുന്നചിന്തയുടെ ചെറുരൂപങ്ങൾ: ഒരു ക്ലാസ് റൂം പരീക്ഷണത്തിന്റെ നോട്ടുകൾ

ഡോ. കവിത ബാലകൃഷ്ണൻ
സ്കൂൾ ഓഫ് ഫൈൻ ആർട്സ്, തൃശ്ശൂർ.

സംഗ്രഹം

കലാചരിത്രനിർമ്മാണത്തിലും ഇന്ത്യൻ കലാവിദ്യാഭ്യാസ സന്ദർഭത്തിലുള്ള അതിന്റെ ബോധനക്രമത്തിലും ആഴത്തിൽ വേരോടിയിട്ടുള്ള ഒന്നാണ് യൂറോ-അമേരിക്കൻ മേധാവിത്തം. ഇതിന്റെ ചില സ്വഭാവങ്ങൾ സ്പർശിച്ചു കൊണ്ട് ഈ ലേഖനം പരീക്ഷണാത്മകമായ ഒരു കലാചരിത്രബോധന ത്തിന്റെ ബദൽ സാദ്ധ്യതയെക്കുറിച്ച് ചർച്ചചെയ്യുന്നു.

**താക്കോൽവാക്കുകൾ:** കലാചരിത്രം, ചരിത്രജ്ഞാനം, ചിന്ത, ക്ലാസ്റൂം പരീക്ഷണങ്ങൾ, ഇന്ത്യൻ കലാചരിത്രം, ആർക്കൈവ് പഠനങ്ങൾ

കലയെ സംബന്ധിച്ച ആശയങ്ങളുടെയും അറിവുകളുടെയും ആധികാരികമായ ഒരു മേഖലയായിട്ടാണ് കലാചരിത്രമെന്ന വിജ്ഞാനശാഖ പൊതുവിൽ രൂപപ്പെട്ടിട്ടുള്ളത്. കാലഗണന, ശൈലീപരമായ തുടർച്ചകൾ, വിടർച്ചകൾ ഇവ വിശകലനം ചെയ്തുകൊണ്ടാണ് കലാവസ്തുക്കൾ ചരിത്രത്തിൽ രേഖപ്പെടുത്തുക. അങ്ങനെ കലാവസ്തുക്കൾക്കു കിട്ടുന്ന പരിഗണന, വ്യാഖ്യാനം, തുടങ്ങിയ പലതും അവയുടെ ജ്ഞാനവസ്തുക്കളെന്ന നിലയിലുള്ള ആധികാരികതയെ നിർണ്ണയിക്കുന്ന മറ്റു മാനദണ്ഡങ്ങളാണ്. ഇത്തരത്തിലുള്ള കലാചരിത്രനിർമ്മാണത്തിലും ഇന്ത്യൻ കലാവിദ്യാഭ്യാസ സന്ദർഭത്തിലെ അതിന്റെ ബോധനക്രമത്തിലും ആഴത്തിൽ വേരോടിയിട്ടുള്ള ഒന്നാണ് യൂറോ-അമേരിക്കൻ മേധാവിത്തം. ഇതിന്റെ ചില സ്വഭാവങ്ങൾ സ്പർശിച്ചുകൊണ്ട് ഈ ലേഖനം

പരീക്ഷണാത്മകമായ ഒരു കലാചരിത്രബോധനത്തിന്റെ ബദൽ സാദ്ധ്യതയെക്കുറിച്ച ചർച്ച ചെയ്യുന്നു.

## ഇന്ത്യൻ കലാചരിത്രജ്ഞാനത്തിന്റെ രൂപപ്പെടൽ

പത്തൊമ്പതാം നൂറ്റാണ്ടിൽ വികസിച്ച കൊളോണിയൽ പുരാവസ്തുജ്ഞാനവും 'ഇന്ത്യയുടെ ഭൂതകാലപുനർനിർമ്മാണ' താല്പര്യങ്ങളുമാണ് ഇന്ത്യയിൽ 'കലാചരിത്രം' എന്ന വിഷയത്തിന്റെ അടിത്തറ പാകിയത്. ഇന്ത്യയിലെ പുരാവസ്തുഗവേഷണ പദ്ധതിയുമായി ബന്ധപ്പെട്ട് സർവെയർ ആയി അവരോധിക്കപ്പെട്ട ബ്രിട്ടീഷ് ആർമി എഞ്ചിനീയർ ആയിരുന്ന അലക്സാണ്ടർ കണ്ണിങ്ഹാമും (Alexander Cunningham), ഇന്ത്യൻ വാസ്തുവിദ്യാ പാരമ്പര്യങ്ങൾ ഫോട്ടോഗ്രാഫ് ചെയ്തുകൊണ്ട് ഡോക്യുമെന്റേഷൻ നടത്തിയ ജെയിംസ് ഫെർഗുസനും (James Fergusson) ആണ് അതിൽ പ്രധാന പങ്കു വഹിച്ചത്. പിന്നീടിന്നോളം ഇന്ത്യക്കാരും യൂറോപ്യനുമായ ധാരാളം കലാചരിത്രകാരരും, അടിസ്ഥാന രാഷ്ട്രീയലക്ഷ്യങ്ങളിൽ തന്നെ വ്യത്യസ്തമായിരുന്ന അവരുടെ രീതിശാസ്ത്രങ്ങളും ഇന്ത്യയിൽ ഉണ്ടായിട്ടുണ്ട്. എല്ലാ വ്യത്യസ്തരീതിശാസ്ത്രങ്ങളിലും പൊതുവായി കാണാവുന്ന ചില സാങ്കേതികമാർഗ്ഗങ്ങൾ ഉണ്ട്. മറഞ്ഞിരിക്കുന്ന ഒന്നിനെ വസ്തുക്കളായും രൂപങ്ങളായും കണ്ടെത്തൽ, കണ്ടെത്തിയതിനെ നിരീക്ഷിക്കാനും വർഗ്ഗീകരിക്കാനും ശൈലീപരമായി തിരിച്ചറിയാനും കാലഗണന നടത്താനുമുള്ള പരിശ്രമങ്ങൾ, അങ്ങനെ കാലത്തിൽ രേഖപ്പെടുത്തിയ അറിവിനെ സംരക്ഷിച്ച് യുക്തിസഹമായി വിശകലനവും വ്യാഖ്യാനവും ചെയ്യൽ എന്നിങ്ങനെയാണ് പൊതുവേ കലാചരിത്രത്തിന്റെ രീതിശാസ്ത്രം വികസിച്ചത്. ഭൂതകാലത്തെ യുക്തിഭദ്രമായി പുനർനിർമ്മിക്കുക എന്ന പ്രവൃത്തി, കാലത്തെ സൂക്ഷ്മമായി വസ്തുലോകത്തിലൂടെ അറിയാനും ആ വിധത്തിൽ 'ഭാവി' എന്ന ആശയം രൂപപ്പെടുത്താൻ തന്നെയും പൊതുവിൽ സഹായകമാണ്. അതുകൊണ്ട് ഭൂതകാലത്തെ തിരിച്ചെടുക്കാനും വ്യക്തമാക്കാനും ശ്രമിക്കുമ്പോൾ പോലും (കലാ) ചരിത്രനിർമ്മാണം വളരെ കാലികമായ പ്രവൃത്തിയാണെന്ന് കാണണം.

ഇരുപതാം നൂറ്റാണ്ടിലെ ആധുനികകലയുടെ ചരിത്രം രേഖപ്പെട്ടിരിക്കുന്നത് ഏറെയും അച്ചടിമാസികകളിലൂടെയും ജേണലുകളിലൂടെയുമാണ്. അത് രീതിശാസ്ത്രപരമായ അക്കാദമിക് പ്രവർത്തനം എന്നതിനേക്കാൾ ആർട്ട് ഗാലറികളുടെയും മ്യൂസിയങ്ങളുടെയും കലാപ്രവർത്തനങ്ങൾക്കുള്ള ഒരു 'പിന്തുണ സാഹിത്യം' (Supportive Critical Writing) ആയിട്ടാണ് എടുക്കപ്പെടുന്നത്. പലപ്പോഴും അച്ചടിയാധുനികതയുടെ ചെറിയ ആനുകാലികതകളിൽ

മാത്രം നിലനിന്നതാണ് ആ എഴുത്തുകൾ. 'കലാനിരൂപണം' എന്ന പേരിൽ എടുക്കപ്പെട്ടുമെങ്കിലും സാക്ഷര-മാധ്യമ-ഭാവുകത്വത്തിൽ പുലർന്ന ഈ 'വിമർശകന്' കലാചരിത്രത്തിൽ ആധികാരികത കുറവാണ്. അയാൾ പലപ്പോഴും കലയിലെ വ്യക്തിവാദപരമായ കർത്തൃത്വാകാംക്ഷകളുടെ പ്രശ്നങ്ങളാണ് മുന്നോട്ടു വയ്ക്കുന്നത്. അയാളുടെ എഴുത്തിൽ വിഷയനിഷ്ഠമായ നിരീക്ഷണങ്ങൾ ധാരാളം കാണും. ഏറ്റവും മികച്ചതാകുമ്പോൾ ഒരു നിരൂപണം അതിന്റെ വാദഗതികളെ കണിശമായ യുക്തികൾ കൊണ്ട് ബന്ധിപ്പിക്കും. അപ്പോഴും രീതിശാസ്ത്രപരമായ പൊതുനിയമങ്ങളെക്കാൾ കലയോടുള്ള ഇഴക്കമേറിയ വ്യക്തിഗതമായ നിലപാടുകൾ കലാനിരൂപകനെ നയിക്കുകയും ചെയ്യും. ഒരു വിദഗ്ദ്ധ ജ്ഞാനമേഖലയെന്ന നിലയിൽ കലയെക്കുറിച്ച് അറിവുള്ള സമൂഹത്തോടെന്നതിനെക്കാൾ ഒരു സാംസ്കാരികപ്രയോഗ മേഖലയെന്നനിലയ്ക്ക് കലയെ കാണുന്ന പൊതുസമൂഹത്തോടാണ് താൻ ഇടപെടുന്നതെന്ന് പത്രങ്ങളിലും സാംസ്കാരിക പത്രികകളിലുമൊക്കെ എഴുതുന്ന ഒരു കലാനിരൂപകന് ബോദ്ധ്യവും കാണും. ബുദ്ധിജീവിതത്തിന്റെ ചെറിയ സൌഹൃദസദസ്സുകൾ ആണ് പലപ്പോഴും ആധുനികകലയെ പരിഗണിക്കുന്ന 'കലാവിമർശകനെ' നിലനിർത്തുന്നത്. ആനുകാലികങ്ങളുടെ ക്ഷണികത പോലെത്തന്നെ ഇത്തരം കലയെഴുത്തുകളും പെട്ടെന്നു മറവിയിൽ ആണ്ടുപോകാം.

ബറോഡ ഫൈൻ ആർട്സ് ഫാക്കൽറ്റിയിൽ നാല്പത്തഞ്ച് വർഷങ്ങളുടെ കലാചരിത്രാധ്യാപനം നടത്തിയിട്ടുള്ള പ്രൊഫ. രത്തൻ പരിമൂ 1997-ൽ ബോംബെയിലെ മോഹിൽ പരീഖ് സെന്റർ നടത്തിയ ഒരു കോൺഫറൻസിൽ അവതരിപ്പിച്ച പ്രബന്ധത്തിൽ ഇന്ത്യൻ ആധുനിക കലയുടെ കൂടെ വളർന്ന കലാനിരൂപണസാഹിത്യത്തിലെ പ്രമുഖമായ ശ്രമങ്ങളെ അവതരിപ്പിക്കുന്നതിനുള്ള പരിശ്രമം കാണാം. അങ്ങിങ്ങായി ചെറിയ ലേഖനങ്ങളായി പലതരം പത്രങ്ങളിലും ജേണലുകളിലും ചിതറിക്കിടക്കുന്ന പലരുടെ കലാനിരൂപണങ്ങളെ അത്തരത്തിൽ ഏകോപിപ്പിച്ച് പരിഗണിക്കാനുള്ള ശ്രമം ആദ്യത്തേതായിരുന്നു. ചാൾസ് ഫാബ്രി, രൂഡി വോൺ ലേയ്ഡൻ, മുൽക്ക് രാജ് ആനന്ദ്, റിച്ചാർഡ് ബർത്തലോമിയോ, എ. സ്വാമിനാഥൻ, കെ.സി.എസ്. പണിക്കർ, എ.എസ്. രാമൻ, പ്രണബ് രഞ്ചൻ റേ, ഗീത കപൂർ എന്നിങ്ങനെ ആ കണക്കെടുപ്പിൽ ഉൾപ്പെട്ടതെല്ലാം ഇംഗ്ലീഷിൽ മാത്രം കലാനിരൂപണം എഴുതിയവർ ആയിരുന്നു എന്നതും ശ്രദ്ധേയം. എന്നാൽ ആ പ്രബന്ധത്തുടക്കത്തിൽ തന്നെ ഡോ. പരിമൂ സ്വയം വിലയിരുത്തുന്നത് പാർശ്വവൽകൃതമായ ഒരു ചിത്രകാരനും കലാനിരൂപകനുമായിട്ടാണ് എന്നത് കൌതുകകരമാണ്.

1963 മുതൽ ബറോഡയിലെ എം.എസ്. യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപകനായി പ്രവർത്തിച്ചുകൊണ്ട് നിരന്തരമായ ശൈലീവിജ്ഞാനീയ (iconographical studies) രീതിശാസ്ത്രം കൊണ്ട് ഒരു കലാചരിത്ര വകുപ്പ് തന്നെ മെനഞ്ഞെടുത്ത ഒരു അദ്ധ്യാപകൻ ആയിരുന്ന അദ്ദേഹം. എങ്കിലും ആധുനികവും കാലികവുമായ കലയിലെ ഇടപെടലുകൾ അവ ഉയർത്തിയ പ്രശ്നപരിസരങ്ങളുടെ പേരിൽ ശ്രദ്ധിക്കപ്പെട്ടില്ല. ഇന്ത്യയിലെ ഇംഗ്ലീഷിൽ ഉണ്ടായ ആധുനിക കലാനിരൂപണ എഴുത്തുകൾ പൊതുവേ ആധുനിക ഇന്ത്യൻ നഗര സാഹചര്യങ്ങളിൽനിന്ന നോക്കിക്കണ്ടുകൊണ്ട് കലയെക്കുറിച്ചെഴുതാൻ തനതായ ഒരു വിചാരമാതൃക സൃഷ്ടിച്ചിട്ടുണ്ട്. എങ്കിൽപ്പോലും കലാചരിത്രനിർമ്മാണത്തിന്റെ ഒരു ആധികാരികത പരിഗണിക്കുമ്പോൾ, പെട്ടെന്ന മറവിയിൽ ആഴ്ന്ന ഈ പിന്നുണസാഹിത്യം, ഒരു 'പ്രശ്നപരിസരം' ആയിട്ടാണ് നിൽക്കുന്നത് എന്ന പരിമ്മ തുടക്കത്തിൽ തന്നെ ചൂണ്ടിക്കാട്ടുന്നുണ്ട്.

### ആധികാരികതയുടെ ഭാഷയെന്ത്

കലയെക്കുറിച്ചെഴുതാനൊക്കെ മലയാളമടക്കമുള്ള ഏതു പ്രാദേശിക ഭാഷയ്ക്കും പരിമിതികളുണ്ട് എന്നൊരു അപകർഷത, ഇന്ത്യൻ കലാചരിത്രത്തിലും വിമർശനത്തിലുമുള്ള 'ഭാഷ' എന്ന പ്രശ്നത്തെ പരിഗണിക്കുമ്പോൾ മാത്രം ഉയർന്നുവരുന്ന ഒന്നാണ്. കല എക്കാലത്തും അധികാരവുമായി ഏറെ ഇടപാടുകളുള്ള ഒരു കാര്യമായതിനാൽ, കലയെക്കുറിച്ചെഴുതാനുള്ള അധികാരവും ഓരോ ഭാഷയുടെയും അധികാരബന്ധം അനുസരിച്ചിരിക്കും. ലോകം മുഴവൻ സഞ്ചരിക്കുന്ന മലയാളിയെ സൃഷ്ടിച്ചത് ഇരുപതാംനൂറ്റാണ്ടിലെ കേരളത്തിന്റെ ജീവിതസാഹചര്യങ്ങളാണ്. എങ്കിൽ ലോകത്തെയും മാറ്റങ്ങളെയും ആവാഹിക്കാൻ കഴിയുന്ന ഒരു ഭാഷയായ മലയാളം കലയെക്കുറിച്ചെഴുതാനുള്ള അധികാരവും നേടിയെടുക്കുന്നുണ്ട് എന്നും കാണാവുന്നതാണ്.

യൂറോപ്പിലായാലും ഇന്ത്യയിലായാലും ആധികാരികമായ കലാചരിത്രം അധികവും എഴുതിയിട്ടുള്ളത് ഇംഗ്ലീഷ് ഭാഷയിലാണ്. അധികവും പറയുന്നതും പരിഗണിക്കുന്നതും പുകഴ്ത്തുന്നതുമായ കലാവ്യാപാരങ്ങളധികവും കേരളത്തിനും ഇന്ത്യയ്ക്ക് തന്നെയും വെളിയിലാണ്. കലാചരിത്രം എന്ന വിജ്ഞാനശാഖ വികസിക്കുന്നതിൽ ഇംഗ്ലീഷ് ഭാഷയുടെ ഈ മേധാവിത്തത്തിന്റെ കാരണം ആ ഭാഷയുടെ എന്തെങ്കിലും സഹജഗുണമല്ല. ഇന്ത്യയിൽ രൂപപ്പെട്ട കൊളോണിയൽ ആധുനികതയുടെ കൂടി ചരിത്രത്തിലാണ് ആ കാരണം കാണുക.

ഒരു രീതിശാസ്ത്രം രൂപപ്പെടുന്നതിലൂടെ ഒരു അറിവ്, അത് തുടരാനും

അനുസരിക്കാനുമുള്ളതാണെന്ന മട്ടിൽ വ്യവസ്ഥപ്പെടുകയാണ്. അങ്ങനെ യൊരു വ്യവസ്ഥപ്പെടുത്തൽ ആധികാരികതയുടെ കാര്യമാണ്. അവിടെയാണ് ശാസ്ത്രീയമായ രീതിശാസ്ത്രം ഭാഷാധികാരത്തിന്റെ കൂടി കാര്യമാകുന്നത്. ഒരു സമൂഹത്തിൽ നിലവിലുള്ള ഭാഷാധികാരം അതിന്റെ വരമൊഴിരൂപത്തി ലാണ് പൊതുവെ വെളിപ്പെടുക. അങ്ങനെ എഴുത്തധികാരവും മൂലധനാധികാ രവും ചേർന്നുവരുന്ന ഭാഷകൾ ഭാവനാത്മകവും ശാസ്ത്രീയവുമായ ശേഷികൾ സ്വരൂപിക്കുന്നു. അത് ഒരർത്ഥത്തിൽ കല എന്താണെന്നുള്ളതിന്റെ ബോധം നിർമ്മിക്കുന്നു.

അങ്ങനെ ഇന്ത്യയിൽ ഏറെയും സംസ്കൃതത്തിലുള്ള ശിൽപ്പശാസ്ത്രങ്ങളും, സാഹിത്യവും, പല യൂറോപ്യൻ ഭാഷകളിൽനിന്നും പരിഭാഷപ്പെട്ട് ഇംഗ്ലീഷ് ഭാഷയിലൂടെ ഇവിടെ പരിചയിച്ച ജ്ഞാനോദയസിദ്ധാന്തങ്ങളും ചേർന്ന് നിർമ്മിച്ച ചില അതീന്ദ്രിയമാതൃകകളുണ്ട്. പൊതുവിൽ ഇന്ത്യൻ കലയെ ചരിത്രപരമായി രേഖപ്പെടുത്താനുള്ള ശാസ്ത്രീയ രീതിശാസ്ത്രത്തിൽ, കണ്ടെ ത്തലും വിശദീകരിക്കലും വരെ സമ്മതമാണെങ്കിലും, വ്യാഖ്യാനപരിസരം വരുമ്പോൾ യൂറോപ്യൻ സാംസ്കാരിക മേധാവിത്തം കടന്നുവന്നിരുന്നു. അതിനെ പ്രതിരോധിച്ചുകൊണ്ട് കൊളോണിയൽ ഭരണത്തിന് കീഴിൽ ശാസ്ത്രീയമായി ഇന്ത്യയിൽ കണ്ടെത്തപ്പെട്ടു വന്ന വലിയൊരു കൂട്ടം പ്രാചീന മായ കലാവസ്തുക്കൾ എങ്ങനെ വ്യാഖ്യാനിക്കണം എന്നതിന് സ്വദേശിയായ ഒരു മാതൃക രൂപപ്പെടുത്തിയ അനവധി എഴുത്തുകാരിൽ പ്രമുഖൻ ആനന്ദ കുമാരസ്വാമിയാണ്. ഒരു വിശാല ഏഷ്യൻ സൗന്ദര്യബോധം നിർമ്മിക്കുക യായിരുന്നു കുമാരസ്വാമി. ശ്രീലങ്കയിലും തെക്കനേഷ്യൻ സംസ്കാരങ്ങളിലും ഒക്കെയുള്ള വ്യാപകമായ ബൗദ്ധകലയുടെ ഉദാഹരണങ്ങൾ ഉയർത്തി ക്കൊണ്ട് അതിനെല്ലാം ഉറവിടമായി നിന്ന മഹത്തായ ഭാരതത്തെക്കുറിച്ച് യൂറോപ്യൻ കലാചരിത്ര രീതിശാസ്ത്രങ്ങളോട് കുമാരസ്വാമി സംവാദമുയർത്തി. ഭാരതീയകല അടിസ്ഥാനപരമായി ആത്മീയഗുണമുള്ളതാണെന്നും, അത് കലയുടെ ഭൗതികഗുണങ്ങൾക്കപ്പുറം കാണുന്ന ഉൾക്കാഴ്ച കൊണ്ട് നിർണയി ക്കണമെന്നും കുമാരസ്വാമി കരുതി. ഇതെല്ലാം നടത്തുന്നത് സംസ്കൃതത്തിന്റെ ഇംഗ്ലീഷ് പരിഭാഷ കൊണ്ടും, ഇംഗ്ലീഷിൽത്തന്നെയുള്ള എഴുത്തു കൊണ്ടുമാണ്. മാത്രമല്ല, കുമാരസ്വാമിയടക്കമുള്ളവരുടെ സവിശേഷമായ ഈ 'ഇന്ത്യൻ കലാ വ്യാഖ്യാന വ്യവഹാരം' പല തരത്തിൽ ഇന്ത്യയിലെ കലാവിദ്യാഭ്യാസത്തിൽ പ്രതിഫലിച്ചു. സ്വദേശി പ്രസ്ഥാനം നെഞ്ചേറ്റിയ വലിയ പരിഷ്ക്കാരങ്ങൾ ഇ ബി ഹാവെൽ വഴി ഇവിടത്തെ ആർട്ട് സ്കൂളുകളുടെ രീതി അഴിച്ചുപണിതു.

ഇന്ത്യയ്ക്ക് ഇന്ത്യക്കാരുടേതായ കലാപാരമ്പര്യം ഉണ്ടെന്ന രാഷ്ട്രീയത്തോട് യോജിച്ചുകൊണ്ടാണ് ഹാവെൽ പ്രവർത്തിച്ചത്.

ഈ കൊളോണിയൽ ഗവേഷണങ്ങളും വ്യാഖ്യാനപരിശ്രമങ്ങളും അതിവിപുലമാണ്. സ്വാതന്ത്ര്യാനന്തരമാണ് ഈ അതീന്ദ്രിയമാതൃകകൾ വെല്ലുവിളിക്കപ്പെട്ടതും പലതരം കലാചരിത്രവീക്ഷണങ്ങൾ ശിഥില നിരൂപണങ്ങളായി രൂപപ്പെട്ടതും. പുതിയ രാഷ്ട്രനിർമ്മാണം, അതിലെ അധികാരരാഷ്ട്രീയം, വിപ്ലവങ്ങൾ, അടിയന്തിരാവസ്ഥകൾ, കമ്പോളവൽക്കരണം, തൊഴിൽ തേടിയും കല തെറ്റിയുമൊക്കെയുള്ള ആഗോളയാത്രകൾ തുടങ്ങിയ പലതരം രാഷ്ട്രീയ പ്രതിസന്ധികളുടെ കൂടി പ്രതിഫലനമായിട്ടാണ് കൊളോണിയൽ ആധുനികതയുടെ ഏകപക്ഷീയതയെ ആധുനിക കലാനിരൂപണങ്ങൾ കുറേയൊക്കെ പ്രതിരോധിച്ചത്. ഇന്ത്യയുടെ ആധുനിക കലാചരിത്രവീക്ഷണങ്ങളാകട്ടെ ഇംഗ്ലീഷിൽ മാത്രമല്ല, പല പ്രാദേശിക ഭാഷകളിലും ഹ്രസ്വജീവിതം ജീവിച്ച് മറവിയിലാണ്ട് പടർന്നു കിടക്കുന്നുണ്ട്. ഏഷ്യാ ആർട്ട് ആർക്കൈവ് (AAA), സഹപീഡിയ തുടങ്ങിയവയുടെ സംരംഭകത്വത്തിലാണ് പലതരം പത്രപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന വിപുലമായ ഇന്ത്യൻ കലാനിരൂപണമെഴുത്തുകളുടെ ആർക്കൈവൽ വീണ്ടെടുപ്പുകൾ ഇന്ന് നടന്നുവരുന്നത്.

അതുകൊണ്ട് ഇന്ത്യൻ കലാചരിത്രത്തിന്റെ ഈയൊരു വിജ്ഞാനമണ്ഡലത്തിൽ കേരളമെന്ന മേഖല എങ്ങനെ കാണപ്പെടുന്നു എന്നു നോക്കാതെ കേരളത്തിൽ നടക്കുന്ന കലാചരിത്രബോധനത്തിന് നിലനിൽക്കാനാകില്ല. കേരളീയ കലയെക്കുറിച്ച് ഇംഗ്ലീഷിലുള്ള കൊളോണിയൽ കലാചരിത്രവ്യവഹാര മണ്ഡലത്തിൽ പ്രധാനമായ ചിലത് സ്റ്റെല്ലാ ക്രംറിഷ് (Stella Kramrisch) എന്ന പണ്ഡിതയുടെ എഴുത്തുകളാണ്. കേരളത്തിലെ ദാരുശില്പങ്ങളെയും മ്യൂറലുകളെയും കുറിച്ചുള്ള പലതരം ആലോചനകൾ ഇക്കാലത്ത് വേറെയും നടന്നിട്ടുണ്ട്. ഇതിലെല്ലാം ഭാഷ ഇംഗ്ലീഷാണ്. ഇംഗ്ലീഷിലും സംസ്കൃതത്തിലുമുള്ള ഭാഷാധികാരങ്ങൾ മാത്രം ഉപജീവിക്കുകയാൽ ഇന്ത്യൻ കലയെക്കുറിച്ചുള്ള യൂറോപ്യൻ കലാചരിത്ര പരിശ്രമങ്ങൾ മാത്രമല്ല, ഇന്ത്യൻ പണ്ഡിതർ തന്നെ ഇന്ത്യൻ കലയെക്കുറിച്ച് ഉണ്ടാക്കിയ അതീന്ദ്രിയ വ്യാഖ്യാനങ്ങളാൽ നിർണയിക്കപ്പെട്ട അറിവും വളരെ ഏകപക്ഷീയമായിരുന്നു. അതായത് സമ്പത്തും അധികാരവും ഉള്ള ഇടങ്ങളിലെ കലയെ മാത്രമാണവ തങ്ങളുടെ കലാചരിത്രത്തിലേക്ക് പരിഗണിച്ചത്. ഇത് രണ്ടും മുഖ്യപ്രമാണമല്ലാത്ത അസംഖ്യം പ്രാദേശികതകൾക്കും, നാട്ടുസംസ്കൃതികൾക്കും സംസ്കൃതത്തിലും ഇംഗ്ലീഷിലും ഒരു കലാചരിത്രഭാഷയില്ലായിരുന്നു.

അതുകൊണ്ടുതന്നെ കലയെഴുത്തിന്റെ ചരിത്രത്തിൽ മലയാളം കടന്നു വരുന്നത് എപ്പോൾ എങ്ങനെ, എന്നൊരു ചോദ്യമുണ്ട്. .ഇവിടെ കലാചരിത്രം എന്ന ജ്ഞാനശാഖ എന്തുവിധത്തിലാണ് പ്രവർത്തിച്ചത്. കേരളത്തിൽ അത് മുഖ്യമായും ആധുനിക കലയുടെ രൂപീകരണവും പരിണാമങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. പക്ഷേ, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ദേശീയവാദപരമായി (Nationalist) രൂപപ്പെട്ടുകഴിഞ്ഞ കലാചരിത്രത്തിന്റെ വൈജ്ഞാനിക രംഗത്തെക്കുറിച്ചൊന്നും മലയാളത്തിൽ കലയെക്കുറിച്ചുള്ള ചിന്തകൾ അധികം അലോസരപ്പെടുന്നില്ല. കൊളോണിയൽ ആധുനിക തയും രവിവർമ്മയും തമ്മിലുള്ള ബന്ധമൊക്കെ എഴുത്തിൽ കടന്നുവരുന്നത് നൂറ്റാണ്ടൊടുവിലാണ്.

വൈദേശികമായ ഇംഗ്ലീഷ് കലാചരിത്ര സ്രോതസ്സുകൾ അധികവും യൂറോപ്യൻ കലയെക്കുറിച്ചുള്ളതാകയാൽ മലയാളത്തിലുള്ള അച്ചടിവ്യവ ഹാരത്തിൽ വളർന്ന കലയെഴുത്തിന്റെ ആദ്യ മാതൃകകളും അവിടെയാണ് കിടക്കുന്നത്. ഹാസ്യചിത്രങ്ങളെക്കുറിച്ചുള്ള ഡോ. എ ആർ പൊതുവാളിന്റെ ലേഖനവും മറ്റും അത്തരത്തിലുള്ള ഒറ്റപ്പെട്ട പരിശ്രമങ്ങളാണ്. ഇവിടെയാണ് 1930 ൽ ഉയർന്ന കേസരി ബാലകൃഷ്ണപിള്ളയുടെ നവലോകഭാവനകൾ പ്രസക്തമാകുന്നത്. ചിതറിക്കിടക്കുന്ന വൈദേശികവും ദേശീയവുമായ സ്രോ തസ്സുകളെ കൂട്ടിച്ചേർക്കാൻ കേസരി ചില പരിശ്രമങ്ങൾ നടത്തുന്നുണ്ട്.

'മനസ്സിലാവായ്ക' എന്ന പ്രശ്നം ഇന്നും മലയാളത്തിലുള്ള കലയെഴുത്തു മായി ബന്ധപ്പെട്ട് നമ്മൾ വ്യാപകമായി ഉയർത്തുന്നുണ്ട്. അത് ഭാഷാപരമായ ക്ലിഷ്ടത കൊണ്ടുള്ള മനസ്സിലാകായ്ക ആകാം. ഭാഷാപരമായ ക്ലിഷ്ടത വാക്കി ല്ലായ്മയോ പ്രയോഗപ്രശ്നമോ ആണെന്നതിനേക്കാൾ, പലപ്പോഴും അനുഭവ സംബന്ധമായ കലയുടെ ആവാസവ്യവസ്ഥയില്ലായ്മയാൽ വരുന്നതാകാം. ചിലപ്പോൾ വായനക്കാർക്ക് പരിചിതവും അപരിചിതവുമായ പല കാലങ്ങ ളിലെ കലയുടെ മൂല്യബോധങ്ങൾ ഒരാൾ എഴുതുന്ന കാര്യങ്ങളിൽ കലരു കയാൽ വരുന്ന മനസ്സിലാകായ്ക ആകാം. മലയാളത്തിലുള്ള കലയെഴുത്ത് പലപ്പോഴും ഉപജീവിക്കുന്ന ആധുനികത തങ്ങളുടെ ജീവിതപരിസരങ്ങളുമായി ബന്ധമില്ലാത്ത ഒരു 'വരത്തൻ' വ്യവഹാരമായി തോന്നുന്നതുകൊണ്ടാകാം. ഈ കാരണങ്ങളെല്ലാം ഏറിയും കുറഞ്ഞും ഇന്നും നിലവിലുണ്ട്.

ഈ വിധത്തിലെല്ലാം നോക്കുമ്പോൾ വായിച്ചുള്ള അറിവും, ആധികാ രികജ്ഞാനം പകരുന്ന ലേബലുകളുടെയും കാറ്റലോഗുകളുടെയും സഹായ ത്തോടെ മ്യൂസിയങ്ങളും ഗാലറികളും കണ്ടിട്ടുള്ള അറിവും ആണ് കലാചരിത്രം

എന്ന ജ്ഞാനവ്യവസ്ഥ നിർമ്മിക്കുന്നത്. അടിസ്ഥാനപരമായി കലാചരിത്രം വാക്കുകൾ കൊണ്ട് നിർമ്മിക്കുന്ന ഒരു 'തിയറി വിഷയം' ആകുന്നത് അങ്ങനെയാണ്. കലയെക്കുറിച്ചുള്ള ചരിത്രപരമായ അറിവ് ഏറിയകൂറും 'തിയറി' ആയിട്ട് ഒരു വഴിക്കും കലാകാരെന്ന നിലയ്ക്കുള്ള 'പ്രാക്റ്റിക്കൽ' ജീവിതം മറ്റൊരുവഴിക്കും പോകുകയാണ് പൊതുവേ അതിന്റെ തിക്തഫലമായി തോന്നിയിട്ടുള്ളത്. ഒരു വിമർശചിന്താപദ്ധതിയുടെ സങ്കേതമായി 'തിയറി' മനസ്സിലാക്കപ്പെടാൻ പ്രയാസമാകുന്നതും അതിന്റെ സാഹിതീയവും പുസ്തകകേന്ദ്രീതാവുമായ വാക്കധികാരം കാരണമാണ്. പരസ്പരം നിഷേധിക്കുന്ന വാക്കധികാരികളും(എഴുത്തുകാരും) ദൃശ്യാധികാരികളും (ചിത്ര-ശിൽപ്പകലാകാരന്മാർ) കലാചരിത്രമെന്ന വിജ്ഞാനശാഖയുടെ സാംസ്കാരികമായ വികാസത്തിന് ഒട്ടൊക്കെ വിഘാതമായിട്ടുണ്ട്. യഥാർത്ഥത്തിൽ കലയെക്കുറിച്ചുള്ള ഒരു വിജ്ഞാനവ്യവഹാരം എന്നത് രീതിശാസ്ത്രപരവും ശാസ്ത്രീയവുമായ ചിന്തയുടെ പ്രതിഫലനമായിരിക്കേ, അത് പുസ്തകങ്ങളിലൂടെ കലയ്ക്ക് നേടിക്കൊടുക്കുന്നത് സാംസ്കാരികമായ വലിയ അധികാരമാണ്. എന്നാൽ കലാചരിത്രം നിർമ്മിക്കുന്നത് പൂർണ്ണമായും പുസ്തകങ്ങളല്ല. കലയുടെ ഭൗതികശേഷി കൊണ്ട് അത് അനുഭൂതികളിലൂടെയും അനുഭവങ്ങളിലൂടെയും ബിംബവിനിമയത്തിലൂടെയും സ്വയം നിർമ്മിക്കുന്ന ചരിത്രബോധമുണ്ട്. ഒപ്പം തന്നെ യാത്രയിലൂടെയും മറ്റും സമൂഹം നേടുന്ന നേരിട്ടുള്ള കണ്ടറിവുകളും കലാചരിത്രജ്ഞാനത്തെ രൂപീകരിക്കുന്നുണ്ട്. വാക്കും വസ്തുവും കാഴ്ചയും കാഴ്ച്ചപ്പെടുത്തലും അതിനുള്ള വൈദഗ്ധ്യവും എല്ലാം കലാപരമായ ചിന്തയുടെ പല വഴികളാണ്. അവ ഒരേ പദവിമൂല്യം അർഹിക്കുന്നു. പക്ഷേ ഇരുപതാം നൂറ്റാണ്ടിലെ നമ്മുടെ ആർട്ട് സ്കൂളുകളിൽ കലാചരിത്രജ്ഞാനം പരസ്പരബന്ധിതമായ ചിന്തയായി ആവിഷ്കരിക്കപ്പെടാൻ അവസരങ്ങൾ ലഭിക്കാതെ 'വാക്കും' 'ചെയ്ത്തും' ആയി പലപ്പോഴും പിരിഞ്ഞുപോയിരുന്നു.

ഇരുപതാം നൂറ്റാണ്ടിൽ ആധുനിക കലയെ ഒരു യൂറോ-അമേരിക്കൻ, ഇന്ത്യൻ-ഇംഗ്ലീഷ് നിർമ്മിതി മാത്രമായി നമുക്കിടയിൽ ധരിപ്പിച്ചതിൽ, ഏറെക്കുറെ പുസ്തകോൻമുഖം മാത്രമായ കലാചരിത്രബോധത്തിന് പങ്കുണ്ട്. കലയുടെയും ചരിത്രനിർമ്മാണത്തിന്റെയും ഉടമസ്ഥാവകാശം പ്രാദേശികഭാഷയിലും പ്രാദേശിക സമൂഹങ്ങളിലും തീരെ ഇല്ലെന്ന ഇന്ത്യക്കാരന്റെ അപകർഷതാബോധം ഈ സാഹചര്യങ്ങളുടെ സൃഷ്ടിയാണ്. കല തേടി നഗരങ്ങളിൽ ചെന്നവർ ആണ് കലാചരിത്ര പുസ്തകത്തിൽ ഇടം നേടിയത്. കേരളത്തിലെ ഫൈൻ ആർട്സ് കോളേജുകളുടെ സിലബസ്സിൽ പോലും

ഈ പ്രശ്നം ഏറെക്കാലം വ്യാപിച്ച് കിടന്നു. കൂടുതൽ മാർക്കിനുള്ള പരീക്ഷ പാശ്ചാത്യ കലാചരിത്രവിഷയത്തിന് കൊടുത്തിരുന്നു. കേരളത്തിന്റെ കലാ ചരിത്രത്തിന് പൊതുവേയും, ആധുനിക കേരളത്തിന്റെ കലയ്ക്ക് തീരെയും ഒരു പ്രത്യേക ഇടം ഇല്ലായിരുന്നു. ചുരുക്കത്തിൽ സമകാലിക കലയിൽ എന്നപോലെത്തന്നെ, കലാചരിത്രം എന്ന വിജ്ഞാനമേഖലയിലും സാംസ്കാരികവും അക്കാദമികവുമായ യൂറോ-അമേരിക്കൻ മേധാവിത്തം ശക്തമാണ്. ഇതിനെ മറികടക്കുകയെന്നത് കലാചരിത്രത്തെ ഒരു ആധികാരികവിഷയം മാത്രമല്ല, പരീക്ഷണവിഷയം കൂടിയാക്കി പഠിക്കേണ്ടതും എഴുതേണ്ടതുമായ കാര്യമാക്കുന്നു.

### ചിന്തയുടെ ചെറുരൂപങ്ങൾ

ഇത്രയും ചിന്തകൾ മുന്നോട്ടുവെച്ചുകൊണ്ട് കലാചരിത്രവുമായി ബന്ധപ്പെട്ട ചില യാദൃച്ഛിക ക്ലാസ്റൂം പരീക്ഷണങ്ങൾ സമീപകാലത്ത് തൃശ്ശൂർ ഗവ.കോളേജ് ഓഫ് ഫൈൻ ആർട്സിൽ Toy Structures of Expanding art histories എന്ന പേരിൽ വികസിപ്പിച്ചു നോക്കുകയുണ്ടായി. മേധാവിത്തരൂപങ്ങൾ പുലർത്തുന്ന കലാചരിത്രപഠനം ഉയർത്തിയ ചില ചോദ്യങ്ങളും, അവ കൊണ്ട് വിദ്യാർത്ഥികൾക്ക് നിർമ്മിക്കാൻ കഴിഞ്ഞ ഏതാനും വിഷ്വൽ ഡോക്യുമെന്റ്കളുമാണ് പ്രദർശനത്തിൽ ഉള്ളത്. ഇത് മുഴുവനായി ചെയ്തു കഴിഞ്ഞ ഒന്നല്ല. അങ്ങനെയുള്ള ഒന്ന് ഒരുപക്ഷേ ഒരു വലിയ ആർക്കൈവ് ആയി വികസിക്കേണ്ടതാണ്. ആ വിധത്തിൽ ഒന്നിലേക്ക് വികസിക്കാവുന്ന പോലെ പണിഞ്ഞുനോക്കുന്ന മിനിയേച്ചർ ആശയങ്ങളാണ് ഈ ക്ലാസ് റൂം പരീക്ഷണത്തിൽ വികസിച്ചത്.

കലാചരിത്രമെന്നതിനെ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ വേറെ വിധത്തിൽ സ്വരൂപിക്കാമോ എന്ന അന്വേഷണമാണ് മൂന്നു വർഷം മുമ്പ് ഞാൻ വിദ്യാർഥികളുടെ മുന്നിൽ വച്ചത്. സ്വന്തം അനുഭൂതികളുടെ മൗലികമായ എന്തെങ്കിലും പ്രശ്നത്തിൽ വച്ച് 'കലാചരിത്രപര'മാകാവുന്ന ഒരു ചിന്ത നിർമ്മിക്കാമോ എന്നാണ് ചോദ്യം. സ്വന്തം ഉടൽ, വ്യക്തിത്വം, വീട്, വീട്ടുകാർ, വളർന്നുവന്ന ഭൂപ്രദേശം ഇവയുമായി അഭേദ്യമായി ബന്ധപ്പെടുത്തിക്കൊണ്ട് തങ്ങളുടെ വിധത്തിൽ വിദ്യാർത്ഥികൾ ഓരോരുത്തരും കലാചരിത്രമെന്ന ജ്ഞാനവ്യവസ്ഥയിലേയ്ക്ക് എന്തെങ്കിലും തരത്തിലുള്ള അറിവുകൾ നിർമ്മിക്കാൻ പ്രാപ്തരാകുമോ എന്ന ചോദ്യം കൂടിയായിരുന്നു അത്.

സാമ്പ്രദായികമായി കലാചരിത്രപുസ്തകത്തിൽ തങ്ങൾക്ക് ഏറെയും പരിചയമില്ലാത്ത പണ്ഡിതർ എഴുതുന്ന അറിവിനെ, ഏറെയും ഇംഗ്ലീഷിൽ,

മനസ്സിലാക്കാനുള്ള കഴിവുണ്ടാകണമെന്നാണ് പൊതുവേ ക്ലാസ്സിൽ പറയേണ്ടിവരുന്നത്. എന്നാൽ തങ്ങൾ തന്നെ ജ്ഞാനോൽപ്പാദകരാകുന്നതിന്റെ അനുഭവം വേറെയാണ്. അത് പണ്ഡിതോചിതമായ എഴുത്തുകൾ മനസ്സിലാകാൻ വിദ്യാർത്ഥികളെ നേരിട്ടല്ലെങ്കിലും ഒരു അനുഭവജ്ഞാനത്തിന്റെ വഴിയിൽ സഹായിച്ചേക്കും. വാക്കുകൾ കൊണ്ട് മാത്രമല്ല, വിഷ്വൽ കൊണ്ടും കേൾവി കൊണ്ടും എല്ലാം കലാവസ്തു മാത്രമല്ലാതെ കലാചരിത്രപരമായ അറിവ് കൂടി നിർമ്മിക്കാം എന്ന ഒരു ആശയം വിദ്യാർഥികളിൽ ചുരുക്കം ചിലരെ ആ വഴിക്ക് പരിശ്രമിക്കാൻ പ്രോത്സാഹിപ്പിച്ചു. ഇതൊരു ആർക്കൈവ് പ്രോജക്റ്റ് ആയിട്ടാണ് തുടങ്ങിയത്. കാരണം കലാചരിത്രത്തിന്റെ അക്കാദമിക് ജ്ഞാനം നിർമ്മിക്കാൻ വേണ്ടതായ പ്രാഥമിക സാമഗ്രികൾ ഡോക്യുമെന്റ് ചെയ്യുന്നതു ആർക്കൈവുകളിൽ ആണ് സംരക്ഷിക്കപ്പെടുന്നത്. അത് പ്രധാനമാണ്. എന്നാൽ 'ആർക്കൈവൽ ഗുണനിലവാരം' എന്നത് ഒരു സംരക്ഷണാർഹവസ്തുവിന്റെ സാങ്കേതിക ഗുണം ആയി പൊതുവേ കാണുന്ന ഒരു ലോകത്ത്, അങ്ങനെയൊരു ഗുണനിലവാരം ഒരു വസ്തുവിന് എപ്പോൾ കിട്ടുന്നു എന്നൊരു ആകാംക്ഷ നിറഞ്ഞ ചോദ്യം സ്വതന്ത്രമായ അന്വേഷണത്തിന്റെ മുന്നിൽ ചിലപ്പോൾ വിഘാതങ്ങൾ സൃഷ്ടിച്ചേക്കും. കണ്ടെടുക്കുന്ന ജ്ഞാനത്തെ വഹിക്കുന്ന വസ്തുവിന് 'ആർക്കൈവൽ ഗുണനിലവാരം' എന്ന പ്രസക്തിയുണ്ടെന്ന തിരിച്ചറിവ് വസ്തുവിൽ നൈസർഗ്ഗികമായി ഇരിക്കുന്നതല്ല. അതിനെ പൊതുമണ്ഡലത്തിലേക്ക് വെളിച്ചപ്പെടുത്തണം. അതിന്റെ സംവാദാത്മക ശേഷി എത്രയുണ്ടോ, അത്രയും കൊണ്ട് ലഭിക്കുന്ന ഒരു ഗുണനിലവാരമാണ് 'ആർക്കൈവൽ ക്വാളിറ്റി'. അപ്പോൾ അന്വേഷിച്ചു കണ്ടെത്തുന്ന കാര്യം ചർച്ചയ്ക്ക് വയ്ക്കാനുള്ളതുണ്ടോ എന്നേ തൽക്കാലം നോക്കാനുള്ളൂ. അങ്ങനെയൊരു തിരിച്ചറിവിൽ കലാചരിത്രചിന്ത വഴി എത്തണം. അതുവരെ കലയോ കലാചരിത്രമോ ആയി ബന്ധപ്പെടുത്താം എന്നുപോലും ചിന്തിക്കാതിരുന്ന പല വിഷയങ്ങളും സ്വന്തം ജീവിത പരിസരത്തുനിന്ന് അങ്ങനെ ഒരു ബന്ധത്തിലേയ്ക്ക് എടുക്കാം എന്നു തോന്നിയ ചുരുക്കം ചിലർ ഈ പരീക്ഷണത്തെ ഏറ്റെടുത്തു.

വിദ്യാർത്ഥികൾ എല്ലാവരും ഫോട്ടോഗ്രഫി, വീഡിയോഗ്രാഫി മുതലായവയിൽ ഏതെങ്കിലും വിധത്തിൽ വലിയ സാങ്കേതികപരിശീലനം കിട്ടിയവരല്ല. പക്ഷേ, ചില വിഷയങ്ങളിൽ അവർക്കുണ്ടായ ശക്തമായ ജീവിത താല്പര്യമാണ് അവരെ നയിച്ചത്. അങ്ങനെ ചിന്തയുടെ സ്വന്തം ജീവിതപരിസരത്തുനിന്നും അവർ നിർമ്മിച്ചതു പലതും വീഡിയോ ഡോക്യുമെന്റുകൾ ആയത് മനപ്പൂർവ്വമല്ല. അങ്ങനെ ആയിപ്പോയതാണ്.

ചെറിയച്ഛന്റെ ആലയിലെ ഇരുമ്പുകത്തി നിർമ്മാണം, വിഭിന്നമത സ്ഥരായ മാതാപിതാക്കൾ സ്വരൂപിച്ച കുടുംബജീവിതം, പാട്യം എന്ന തന്റെ നാട്ടിലെ വെട്ടുകല്ല് നിർമ്മാണം, കുരുത്തോലപ്പെരുന്നാളിന്റെ ഭാഗമായി പ്രാദേശികമായി ഉണ്ടാക്കുന്ന 'പഴുതാര' രൂപത്തിലുള്ള കൈയിൽക്കെട്ട് സാമഗ്രി, ഫോക്‌ലോർ വിജ്ഞാനീയത്തിന്റെ ഭാഗമായിപ്പോലും അപൂർവ്വമായി മാത്രം പഠിക്കപ്പെട്ടിട്ടുള്ള അനുഷ്ഠാനനൃത്തത്തെ തന്റെ സംഗീതതാല്പര്യം കൊണ്ട് പിൻതുടർന്നു പോയപ്പോൾ ബോധ്യപ്പെട്ട കലാത്മകത ഇതൊക്കെ ഈ പരീക്ഷണശാലയിൽ ചിന്തയുടെ ചെറുരൂപങ്ങളായി (Toy Structures of Thought) എടുത്ത് ഗവേഷണം ചെയ്യപ്പെട്ടു. കലാചരിത്രപരമായ ഒരു ശൂന്യത അനുഭവപ്പെട്ട നാട്ടിൻപുറത്തുനിന്നും ഒരാൾ താൻ കണ്ടെടുത്ത ചില 'നേരമ്പോക്കുകൾ' ഡോക്യുമെന്റ് ചെയ്തപ്പോൾ മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള 'പിടി കിട്ടായ്മ'കളിലേയ്ക്ക് ധ്വനിക്കുന്ന ഒരു രാഷ്ട്രീയ കവിതയുടെ രൂപവും ഇതിൽ ഉണ്ടായിവന്നു.

സംസ്കാരപഠനങ്ങൾ കൊണ്ടുപോലും സാധൂകരിക്കാൻ ഏറെ പണി പ്പെടേണ്ടി വരുന്ന ഇത്തരം വിഷയങ്ങളും കലാചരിത്രജ്ഞാനവും തമ്മിലെ ന്ത്? അതൊരു പ്രസക്തമായ ചോദ്യമാണ്. അതിന് തൽക്കാലം എനിക്കു തോന്നുന്ന ഒരു വിശദീകരണം പറയാം.

കലയുടെ സ്ഥാപനരൂപങ്ങളെ ഒഴിവാക്കാൻ ആകാത്തവിധം പലപ്പോഴും കലാകാരർക്ക് ഇന്ന് അതിൽ പ്രവർത്തിക്കേണ്ടിവരുന്നുണ്ട്. കലാവസ്തുവിലെ ചരിത്രസൗന്ദര്യബന്ധങ്ങൾ വായിക്കാൻ പലപ്പോഴും സമൂഹത്തിൽ പൊതുവെയും, എന്തിനധികം കലാചരിത്രകാരരുടെ കയ്യിൽ പോലും, അതിനു ഒത്ത ചിന്തയുടെ ഉപകരണങ്ങൾ കാണുക അപൂർവ്വ മാണ്. അതിന്റെ ഒരു കാരണം, സമകാലിക ജീവിതവുമായി സജീവമായി ബന്ധപ്പെടുന്ന വിഷയങ്ങൾ സംസ്കാരപഠനമായോ, നാടോടിവിജ്ഞാനീ യമായോ ഒരുപുറത്ത് അക്കാദമികമായി ഒതുങ്ങിനിൽക്കുന്നു. അവ ആർട്ട് അക്കാദമികളിലേയ്ക്ക് സജീവമായി എത്താൻ പൊതുവേ മാർഗ്ഗമില്ല. പുറം ലോകത്തെ, ആർട്ട് സ്കൂളുമായി ബന്ധിപ്പിക്കാൻ അതാതു കാലത്തെ വിദ്യാർ ഥികളെക്കാൾ ഉന്മേഷവും ആധികാരികതയുമുള്ള സ്രോതസ്സ് ഇല്ലെന്നു തന്നെ ഞാൻ കരുതുന്നു. പൊതുവായ സമൂഹത്തിൽ അവ രാഷ്ട്രീയജാഗ്രതയുടെ പത്രപ്രവർത്തനമോ നിരീക്ഷണമോ ആയി പല സാംസ്കാരികസംവാദങ്ങളും ശക്തിയാർജ്ജിച്ച് ചലനാത്മകമായി നിൽക്കുന്നുമുണ്ട്. ഇല്ലെന്നല്ല. പക്ഷേ, അപ്പോൾ അത്തരം വിഷയങ്ങൾ കലാചരിത്രജ്ഞാനഭാഷ കൂടിയായി

ജീവിതബന്ധത്തോടെ നേരിട്ട് മനസിലാക്കപ്പെടാറില്ല. കലയുടെ ഭാഷയിൽ സാധൂകരിക്കുന്ന പൊതുവായ സാംസ്കാരികചിന്തയുടെ സൂക്ഷ്മത വഹിക്കുന്നവ എന്ന നിലയ്ക്ക് കലാസൃഷ്ടികളും സാമൂഹികമായി മനസ്സിലാക്കപ്പെടാറില്ല. ഉദാഹരണത്തിന് നീതിയുടെ ചോദ്യങ്ങൾ മുഖ്യമായി മുന്നോട്ടുവയ്ക്കുന്ന കലാകാരർ പോലും ആ ചോദ്യങ്ങൾ ഇരിക്കുന്നത് കലയുടെ രൂപപരത (form, medium, technique) യിലും ഡിസ്‌പ്ലേ ഭാഷയിലും മാത്രമായി സ്വയം വിശദീകരിക്കുകയും മറ്റുള്ളവരാൽ അങ്ങനെ കലയുടെ ഒരു 'ഡിസിപ്ലിനറി' കാര്യമായി മാത്രം അവ വിലയിരുത്തപ്പെടുകയും ചെയ്യുന്നു.

കലയിൽ ഉയർത്തുന്ന നീതിയുടെ ചോദ്യങ്ങൾക്ക് ജീവിതവുമായി സജീവമായി ബന്ധപ്പെടുന്ന വിഷയങ്ങളിൽനിന്ന് ഭിന്നമല്ലാത്ത ഒരു അസ്തിത്വം വേണ്ടതുണ്ട്. അങ്ങനെ ഭിന്നമല്ലാത്ത ഒരു കലാചരിത്രജ്ഞാനത്തിന്റെ അഭാവത്തിൽ കലയിലെ നീതിചോദ്യങ്ങൾ എത്ര ശക്തമായി ഉയർത്തിയാലും അവ ഒറ്റപ്പെടുന്നു; കലാകാരനും. കോർപ്പറേറ്റ് സംരംഭകത്വത്തിന്റെ മാതൃകയിലുള്ള ആർട്ട് ഗാലറികൾ, ബിനാലെ സംഘാടനം, ആർട്ട് ഫെയറുകൾ തുടങ്ങിയവ ജീവിതവുമായി എളുപ്പത്തിൽ ബന്ധപ്പെടുത്തുന്ന ഒരു കലാചരിത്രത്തിന്റെ അഭാവത്തിൽ പ്രവർത്തിക്കുകയാലാണ് സംസ്കാരത്തിന്റെ മുഖ്യധാരയിൽ ഇപ്പൊഴും എത്തിപ്പറ്റുവാൻ പ്രയാസപ്പെടുന്നത്.

ഈ ക്ലാസ്റൂം പരീക്ഷണത്തിൽനിന്നും ഉണ്ടായി വന്നവയിൽനിന്നു ചില വർക്കുകളെ സംബന്ധിച്ച് നിർമ്മിക്കപ്പെട്ട അനുഭവക്കുറിപ്പുകൾ താഴെ ചേർക്കുന്നു. ഇത് ഈ പരീക്ഷണത്തുടർച്ചയുടെ ചില സ്പെസിമെനുകൾ മാത്രമാണ്.

'ആല'

ആതിര കെ അനു (CFA Painting Batch, 2016, പിന്നീട് ഹൈദരാബാദിൽ എസ്.എൻ. യൂണിവേഴ്സിറ്റിയിൽ മാസ്റ്റേഴ്സ് കോഴ്സ് ചെയ്തു) വിന്റെ വീഡിയോ അവരുടെ ചെറിയച്ഛന്റെ വൈദഗ്ധ്യത്തെ—ഉദാഹരണമായി അദ്ദേഹം ഒരു കത്തി ഉണ്ടാക്കുന്നത്—ഡോക്യുമെന്റ് ചെയ്യുന്നു. അവരുടെ കുടുംബത്തിൽ അദ്ദേഹം മാത്രമേ ഇന്നും ഇരുമ്പായുധങ്ങളും ഇരുമ്പു കൊണ്ടുള്ള ഗൃഹോപകരണങ്ങളും ഉണ്ടാക്കുക എന്ന പാരമ്പര്യവൈദഗ്ധ്യം പ്രയോജനപ്പെടുത്തി ജീവിക്കുന്നുള്ളൂ. ആധുനിക കേരളത്തിൽ ഒരു സ്കൂൾ വിദ്യാർഥിനിയായി വളരുമ്പോൾ തന്റെ കുടുംബത്തിന് ജാതി വഴിയിൽ കൈമാറിക്കിട്ടിയ പാരമ്പര്യവൈദഗ്ധ്യത്തിന്റെ വേരുകളുടെ ഒരു സജീവത വീട്ടിൽ ആതിര അനുഭവിച്ചിട്ടില്ലായിരുന്നു. ആധുനിക ജാതി വ്യക്തിത്വങ്ങൾ പലപ്പോഴും അതിലെ പരമ്പരാഗതവൈദഗ്ധ്യത്തെ നിർവ്വീര്യമാക്കാനുള്ള സാമൂഹ്യസമ്മർദ്ദത്തിലായിരുന്നു.







ഭരണകൂടപരമായ ഒരു സംവർഗ്ഗം എന്ന നിലയിലാകട്ടെ, ഔദ്യോഗികമായ ചോദ്യാവലികളിൽ ഒരു എഴുതിച്ചേർപ്പ് കോളം ആക്കി ഒരാളുടെ ജാതി അനുഭവത്തെ തികച്ചും സാങ്കേതികമാക്കുകയും ചെയ്യുന്നുണ്ട്. എന്നാലോ മറ്റൊരു പുറത്ത് സാമൂഹിക പരിസരങ്ങളിൽ ഇടയ്ക്കെങ്കിലും ജാതിപ്പേരു ചേർത്തുള്ള ചില വിളികൾ തന്റെ ചില മറവികളെ ഒരു കാരണവുമില്ലാതെ തിരിച്ചിട്ടുകൊണ്ട് ലജ്ജാകരമാക്കി മാറ്റി ഓർമ്മിപ്പിച്ചതും ആതിര ഈ ഡോക്യുമെന്റ് നിർമ്മിക്കുന്ന വേളയിലെ ക്ലാസ് റൂം അവതരണ സന്ദർഭങ്ങളിൽ പങ്കുവെച്ചിരുന്നു. ഇങ്ങനെയുള്ള ആധുനികകാലത്തെ ജാതിജീവിതത്തിന്റെ സങ്കീർണ്ണതയ്ക്കുള്ളിൽ നിന്നാണ് ഒരാൾ ‘ചെറിയച്ചന്റെ വൈദഗ്ധ്യത്തെ’ ഒരു അഭിമാനകരമായ പിൻതുടർച്ചയായി ചെന്നു നിന്ന് കാണാൻ ശ്രമിക്കുന്നത്.

പക്ഷേ, കോളനിയനുഭവം മുതൽ ആധുനിക മുതലാളിത്തത്തിന്റെ അനേകം രൂപങ്ങളിലൂടെ കടന്നുപോന്ന ഒരാൾക്ക് ഇന്ന് പെട്ടെന്ന് തന്റെ ചുറ്റുമുള്ള സമൂഹവുമായി സ്വന്തമായി നിർണ്ണയിച്ച ഒരു തുടർച്ചയിൽ ഇടപെടാൻ കഴിയുമോ? കഴിയുമെങ്കിൽ അത് സാങ്കേതികമോ നിർവ്വീര്യമോ ആക്കിയ ഒന്നാകില്ല. വസ്തുക്കൾക്ക് സാമൂഹികജീവിതവും അവയുടെ നിലവിൽവരവിൽ ഉള്ള അദ്ധ്വാനത്തിൽ അഭിമാനവും മൂല്യവും ഉണ്ട്. അവ ഒന്നിൽ കൽപ്പിക്കാൻ കഴിയുമ്പോൾ അത് സൌന്ദര്യവൽക്കരിച്ച, കലയായി വീണ്ടും മനസ്സിലാക്കപ്പെട്ട, ഒരു വൈദഗ്ധ്യത്തിന്റെ ഭാഗമാകാം. അങ്ങനെ ആ വൈദഗ്ധ്യം പുതിയ കാലത്തിൽ പുതിയ വഴിയിൽ പ്രയോജനപ്പെടുത്താവുന്ന ദൃശ്യഭാഷയാകാം.

ഇവിടെ ബിരുദത്തിനു പഠിക്കുമ്പോൾ സ്വതന്ത്രമായി യാത്ര ചെയ്യാനും വൈകാരിക ജീവിതപരിസരങ്ങളെ സംവദിക്കാൻ പെയിന്റിങ്ങിന്റെ ഒരു ഭാഷ സ്വരൂപിക്കാനും ഒരു പെൺ ജീവിതം കൊണ്ട് പ്രത്യേകം ശ്രമിക്കുകയായിരുന്നു ആതിര. അതിനിടയിൽ, ‘ആല’ എന്ന ഈ വർക്ക് ആതിര അവളുടെ വ്യക്തിജീവിതത്തിൽ നിന്നും ഊതിത്തെളിച്ചെടുക്കാൻ ശ്രമിച്ച ഒരു അഭിമാനത്തിന്റെ ഗൃഹപാഠം ആയി നിൽക്കുന്നു. പലരീതിയിൽ ഇന്ത്യയിൽ നിലനിന്ന വാർപ്പുകളുടെയും കരുപിടിപ്പിക്കൽ വിദ്യകളുടെയും (Casting & Moulding) തനിക്ക് കൂടി പങ്കുള്ള ഒരു തുടർച്ചയാണ് ആധുനിക കലാവിദ്യാഭ്യാസത്തിന്റെ ഭാഗമായി കോളേജിൽ പഠിക്കുന്നത് എന്ന കലാ ചരിത്രപരമായ തിരിച്ചറിവിന്റെ ഒരു അഭ്യാസപാഠം കൂടിയാണ് അത്. .

‘പഴുതാര’

ക്രിസ്റ്റോ ജോസ്, തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, കുന്ദംകുളം, അരണാട്ടുകര വടക്കാഞ്ചേരി, വേലൂർ തുടങ്ങിയ ഇടങ്ങളിലെ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലിരുന്ന പഴുതാര കെട്ടൽ എന്ന പേരിലുള്ള കൌതുകകരമായ ഒരു പ്രാദേശിക പതിവ് അല്ലെങ്കിൽ ഒരു ആചാരവസ്തുനിർമ്മാണമാണ് ഡോക്യുമെന്റ് ചെയ്യുന്നത്.

ഇത് പനയോല കൊണ്ടൊരു ബ്രേസ് ലെറ്റ് നിർമ്മാണമാണ്. അതീവ സൂക്ഷ്മമായി നെയ്ത് നിർമ്മിക്കുന്ന ഒന്നാണ്. ഒശാനപ്പെരുനാളിനു ക്രിസ്തുവിന്റെ സഹനത്തെ സൂചിപ്പിച്ച് പ്രതീകാത്മകമായി പള്ളിയിൽ നിന്നും ലഭിക്കുന്ന പരിശുദ്ധ ഓല വീട്ടിൽ കൊണ്ടുവന്ന് ബൈബിളിനു പുറകിൽ സൂക്ഷിച്ച്, ഉണങ്ങുമ്പോൾ വെള്ളത്തിലിട്ടു ഇണക്കിയെടുത്ത് നിർമ്മിക്കുന്ന ഈ ‘കൈയരഞ്ഞാണം’ കുട്ടികൾക്ക് ഭയം മാറാൻ കെട്ടിക്കൊടുക്കുന്നു





എന്നൊരു വിശ്വാസമുണ്ട്. അവരെ നരകത്തിലെ പഴുതാരയെ ഓർമ്മിപ്പിച്ച് ഭയപ്പെടുത്തുന്ന എന്നും വിശ്വാസമുണ്ട്. ഇങ്ങനെയൊരു പതിവ് ഇത് ആര് എന്നുതുടങ്ങി എന്നൊന്നും കൃത്യം അറിയില്ല. ആധുനിക ക്രിസ്തീയ മതാത്മക പതിവുകളിൽ 'അന്ധവിശ്വാസത്തിന്' സ്ഥാനമില്ല എന്ന കരുതുന്നവരുണ്ട്.

ഹിന്ദു ജീവിതരീതികളിലെ മാന്ത്രികവസ്തുക്കളുമായുള്ള ചില സർഗ്ഗാത്മക സഹവർത്തിത്വം ആകാം ഇങ്ങനെയൊരു പതിവ് ഇവർക്കിടയിൽ ഉണ്ടാകാനിടയായത്.

താനുൾപ്പെടുന്ന ഒരു ലോകത്ത് ഇങ്ങനെ വിരുദ്ധമെന്ന് തോന്നാവുന്ന വിചാരങ്ങളും പതിവുകളും തുടർന്നുവരുന്നതിലെ കൗതുകം മാത്രമല്ല, അതോടൊപ്പം ഒരു പുഴുവിനെ ഓർമ്മിപ്പിക്കുന്ന, കളിപ്പാട്ടം പോലുള്ള വിചിത്രവസ്തുവിന്റെ നിർമ്മാണസൂക്ഷ്മത കൂടി അതോടൊപ്പം പിറവികൊള്ളുകയാണ് എന്നതാണ് ക്രിസ്റ്റോയുടെ താല്പര്യം ഉണർത്തുന്നത്. ഓർമ്മകളും മതജീവിതവും വൈകാരികാനുഭവങ്ങളും കലർന്നുനിൽക്കുന്ന ഒരിടത്ത് രൂപം കൊള്ളുന്ന ആ 'നിർമ്മാണസൂക്ഷ്മത'യാണ് ആ ഇടത്തെ കലാചരിത്രപരം കൂടിയാക്കുന്നത്. അദൃശ്യമായ ക്രാഫ്റ്റുകളും അവയുടെ പ്രാദേശികവികാസങ്ങളും മുഖ്യധാരാ കലാചരിത്രത്തിന്റെ അതിരുകളിലാണുള്ളത്.

## മലവാഴി



സനീഷ് കെ.ആർ. (2017-ലെ പെയിന്റിംഗ് ബാച്ച്) സംഗീതത്തിന്റെയും വാദ്യത്തിന്റെയും ലോകത്ത് ഹരംകയറി ജീവിക്കുന്ന ഒരാളാണ്. കേരളത്തിൽ ഇന്നുവളരെ സജീവമായിട്ടുള്ള ജനപ്രിയമായ നാടൻപാട്ട് സംഘങ്ങളിൽ ചിലതിലൊക്കെ കൂട്ടുചേരുന്ന പാട്ടുകാരനുമാണ്. അങ്ങനെ പാടിവരുന്നതിനിടയിൽ ചില പാട്ടുകളുടെ തീക്ഷ്ണത വേറിട്ട് തോന്നുകയാൽ അതിന്റെ ഉദ്ഭവങ്ങൾ പിന്തുടർന്ന് എത്തിയത് 'മലവാഴിയാട്ട'ത്തിലാണ്.



പറയസമുദായത്തിന്റെ തൃശ്ശൂർ പാലക്കാട് ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന ആളുകളുടെ ജീവിതത്തിലെ ആരാധനാ മൂർത്തിയാണ് മലവാരത്തമ്മ. പറയകുടുംബങ്ങളിൽ തറപണിത് കുടിയിരുത്തുന്ന അമ്മദേവത. ജീവിച്ചിരിക്കുന്ന പ്രായം ചെന്ന സ്ത്രീയാണ് ഈ മൂർത്തിയുടെ പ്രതിരൂപം. പാട്ട് മാത്രമല്ല, ബന്ധപ്പെട്ട ഒരുകൂട്ടം കാര്യങ്ങൾ ഇതിലുണ്ട്. മൂർത്തിയെ ഉണ്ടാക്കുന്ന ശിൽപ്പികൾ ഇവരിലുണ്ട്. മലവാഴിയുടെ ശബ്ദം ഉയർത്തുന്ന ചെണ്ടയ്ക്ക് സമാനമായ 'മരം' എന്ന കൊട്ടുപകരണം ഉണ്ടാക്കാൻ കഴിയുന്നവരുണ്ട്. തറയൊരുക്കം, ആചാരത്തിനെല്ലാം പിറകിലുള്ള കഥകൾ, 'വട്ടമുടി' എന്ന ഉടുത്തൊരുക്കം, അമ്മദേവതയുമായുള്ള രസകരമായ ഒളിച്ചുകളി തുടങ്ങിയ നാടകീയരംഗങ്ങൾ അവതരിപ്പിക്കുന്ന 'മാണി' എന്ന വിദൂഷകസമാനമായ കഥാപാത്രം എന്നിങ്ങനെ പലതും ചേർന്ന ഒരു അനുഷ്ഠാനമാണ് മലവാഴിയാട്ടം.

ജാതിമുഖ്യർ ആയവരുടെ പൊതുസമൂഹം 'ചീത്തദൈവങ്ങൾ' എന്നു വിളിച്ച് മാറ്റിനിർത്തുന്ന ഈ ദേവതയ്ക്കും കരിംകുട്ടി, കുട്ടിച്ചാത്തൻ തുടങ്ങിയ അനുബന്ധക്കാർക്കും അവരുടെ സമുദായത്തിനും ചില ബ്രാഹ്മണിക് ദേവീക്ഷേത്രങ്ങളുടെ ഉത്സവങ്ങളിൽ ഒരു പ്രത്യേക അതിരിൽ സ്വയം പ്രതിഷ്ഠിച്ച് പങ്കുകൊള്ളാൻ ഇടംകൊടുക്കുകയാണ് പതിവ്. പക്ഷേ, അതിലേക്ക് എത്തുംവരെ ഈ അനുഷ്ഠാനങ്ങൾ അതിന്റെ സമുദായത്തിനുള്ളിൽ മാത്രം പങ്കുവയ്ക്കപ്പെടുന്ന, അത്യന്തം സംരക്ഷിതമായ ഒരു വികാരത്തിന്റെ കൂടി ഭാഗമാണ്. ഈ വികാരം പങ്കു വയ്ക്കുന്ന വാട്സപ്പ് ഗ്രൂപ്പിൽ കടന്നുചെല്ലാൻ സനീഷിന് അയാൾ ഈ സമുദായത്തിന് പുറത്തുള്ള ആളാകയാൽ അൽപ്പം പ്രയാസപ്പെടേണ്ടിവന്നു. സമുദായത്തിലെ മനുഷ്യർ ആധുനികജീവിതപരിസരങ്ങളിൽ

കാണപ്പെട്ടുമ്പോഴും ഏറെക്കുറെ ഒതുങ്ങിമാറിയ/മാറ്റപ്പെടാൻ കാരണമായ സാഹചര്യങ്ങളിൽ പെട്ടിരിക്കുന്നവർ തന്നെ. എന്നാൽ അവരിലും മലവാഴിയാട്ടത്തിന് വേണ്ട സാമഗ്രികൾ നിർമ്മിക്കുന്നതിൽ വളരെ സ്വച്ഛമായ പരീക്ഷണങ്ങൾ നടത്തുന്ന ആളുകളെ സനീഷ് കണ്ടുമുട്ടി.

ഇവരുടെ സജീവതയിൽ വളരെയധികം ഭ്രമിക്കുന്നു എന്നതാണ് സനീഷിനെ വളരെ വ്യത്യസ്തനായ ഒരു ഗവേഷകൻ ആക്കിയത്. അകന്നു നിന്നുള്ള നോട്ടമല്ല. തന്നെ ഇവർ അടുപ്പിച്ചില്ലെങ്കിലും, കലാകാരന്മാർ എന്ന നിലയിൽ ഇവരുടെ കഴിവുകളെ ബഹുമാനിച്ചുകൊണ്ട് സനീഷ് വീണ്ടും ചെന്ന് അവർക്കിടയിൽ ഇടംപിടിക്കുന്നു. ഈ ആട്ടത്തെ പരാമർശിക്കുന്ന അക്കാദമിക് വിവരങ്ങൾ നേടാൻ പുസ്തകങ്ങളൊക്കെ വായിച്ചു. പക്ഷേ, ആട്ടത്തെ കലയാക്കുന്നത് എന്ത് എന്നതാണ് സനീഷിനെ നയിച്ച ചോദ്യം. അതുകൊണ്ട് സൂക്ഷ്മമായ വിശദാംശങ്ങൾ ഇയാൾ കണ്ടെത്തുന്നു.

നാടകീയ ദൃശ്യ-ശ്രാവ്യ സാമഗ്രികൾ നിരന്തരം പരിഷ്കരിച്ച് നിർമ്മിക്കുന്ന ഒരു ഇടം എന്ന നിലയിൽ ഇത്തരം 'ആട്ട'ങ്ങൾ കലാ പാരമ്പര്യങ്ങളിൽ നേരിട്ട് പെടാൻ അർഹമാണ്. വീട്ടുപരിസരത്തെയും, ആരാധനാമൂർത്തിയെയും, ശബ്ദവീചികളെയും നിരന്തരം ഭാവനാത്മകമായി പുതിയ രീതിയിൽ ആവിഷ്കരിക്കുന്ന പ്രവൃത്തി എന്ന നിലയിൽ ഇത് കലാചരിത്രവുമായും നേരിട്ട് ബന്ധപ്പെടാം. പക്ഷേ, ദേവതാരാധനകളുടെയും ആദ്ധ്യാത്മിക അനുഭൂതികളുടെയും അനുഷ്ഠാനങ്ങളുടെയും ഭാഗമായതുകൊണ്ട് പൊതുവേ ഇവ പെട്ടെന്ന് തന്നെ നാടോടിവിജ്ഞാനീയം എന്ന നിലയിൽ ഭാഗംവച്ചു മാറിപ്പോകുകയാണ്.

ചരിത്രപരമായ വിവേചനങ്ങളാൽ മാത്രം ഒറ്റപ്പെട്ടും നിഗൂഢത സൂക്ഷിച്ചും മറ്റേതോ കാലത്തിലെ കാര്യമെന്നോർമ്മിപ്പിച്ചും കിടക്കുന്നെങ്കിലും ശബ്ദം ഭാവം അഭിനയം കഥനം വിനോദം എന്നിവ കൈകാര്യം ചെയ്യുന്ന പൊതുവായ കലാചരിത്ര സമൂഹസമ്പത്തുണ്ടെങ്കിൽ, അതിൽ ഈ 'ആട്ട'ത്തെ വരവു വയ്ക്കാവുന്നതല്ലേ എന്നൊരു ചോദ്യം സനീഷിന്റെ അന്വേഷണം ഉയർത്തുന്നു. ഇവരുടെ സംഗീതോപകരണമായ 'മരം' നിർമ്മിക്കാൻ പ്രത്യേകിച്ച് പ്രകാരങ്ങൾ ഒന്നുമില്ല. ഉപകരണം അതിന്റെ ഗോത്രത്തിന്റെ ജീവൻ ആയി മനസ്സിലാക്കപ്പെടുന്ന, തനതായ ആ ശബ്ദം പുറപ്പെടുവിക്കണം എന്നേയുള്ളൂ. ഏതൊരാൾക്കും താദാത്മ്യപ്പെടാവുന്ന ഒരു തരംഗദൈർഘ്യം പുറപ്പെടുവിക്കുന്നതിന്റെ പ്രശ്നമെന്ന നിലയിൽ അത് വളരെ വസ്തുനിഷ്ഠമായ ഒരു നിർബന്ധമാണ്. അതിനായി എന്ത് സാമഗ്രിയും ഉപയോഗിക്കാം. ആധുനികതയുടെ

ഭാഗമായി മാത്രം നമ്മൾ മനസ്സിലാക്കുന്ന തൽക്ഷണനിർമ്മാണ സ്വഭാവം (improvisation) വലിയ കാർക്കശ്യങ്ങൾ കൂടാതെ ഈ ആചാര ആട്ടത്തിലും കാണാമെന്ന ഒരു നിരീക്ഷണം സനീഷ് പങ്കുവയ്ക്കുന്നുണ്ട്.

'അൺടൈറ്റിൽഡ്'



ശരണ്യ വ്യത്യസ്ത മതസ്ഥരായ മാതാപിതാക്കളുടെ കുടുംബത്തിലെ മകളാണ്. അത്തരത്തിൽത്തന്നെയുള്ള മറ്റൊരു കുടുംബം തുടങ്ങിയിട്ടുള്ള ചേച്ചിയുമുണ്ട്. അമ്മയെയും ചേച്ചിയെയും കുറച്ച് ചോദ്യങ്ങളാൽ അഭിമുഖം ചെയ്യുകയാണ് ശരണ്യ. ഒപ്പം താഴെ കാണുന്ന ഒരു സ്ക്രിപ്റ്റ് ഉണ്ടായി വന്നു.

ഇതാ ഇവിടെ ഒരു 'ഭാര്യ'യുണ്ട്,ഒരു 'വിശ്വാസി'യും.

ഒരു ഭർത്താവുണ്ട്. ഒരു ക്രിസ്ത്യൻ സ്ത്രീയെ കല്യാണം കഴിച്ച് ബൈബിൾ ഏന്തിയ ഒരു ഹിന്ദു പുരുഷനാണ്.

അവർക്ക് ഇതാ ഇവിടെ ഇങ്ങനെ ഒരു മകളുണ്ട്.

മറ്റൊരിടത്ത് മറ്റൊരു അച്ഛനും മകളും ഉണ്ടായിരുന്നു. അയാൾ അവളെ വളരെയധികം സ്നേഹിച്ചു. അതിനാൽ കൊന്നുകളഞ്ഞു, അവളെ.

ദുരഭിമാനക്കൊലകളുടെ കാലത്ത് താൻ കണ്ടുമുട്ടുന്ന ആകാവുന്നത്ര വ്യതസ്ത-മതസ്ഥരായ ദമ്പതികളുമായും അവർ നിർമ്മിക്കുന്ന കുടുംബങ്ങളുമായും സംഭാഷണങ്ങളിൽ ഏർപ്പെടുകയാണ് പിന്നീട് ബറോഡ എം എസ് യൂണിവേഴ്സിറ്റിയിൽ മാസ്റ്റേഴ്സ് കോഴ്സ് ചെയ്ത ശരണ്യ.

ആ സംഭാഷണ പദ്ധതികളുടെ തുടക്കമാണ് ശരണ്യയുടെ വീഡിയോ കാണിക്കുന്നത്. തുടക്കം അമ്മയിൽനിന്നും ചേച്ചിയിൽനിന്നുമാണ്. സാമ്പ്രദായികബന്ധങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്ത ശരണ്യയുടെ തന്നെ അവസ്ഥയിൽനിന്നുമാണ് ഈ അന്വേഷണത്തിന്റെ ദിശാബോധം ഉണ്ടായിവരുന്നതും. അതുകൊണ്ടാണ്, അമ്മയും ചേച്ചിയുമായുള്ള സംഭാഷണവും അവരുമായുള്ള ശരണ്യയുടെ അടുപ്പത്തിന്റെ മാത്രമല്ല സംവാദാത്മകമായ ഒരു അകലത്തിന്റെയും സൂചനകൾ തരുന്നുണ്ട്. മതശാസനകളുടെ സങ്കുചിതത്വത്തെ കവിയുന്നതിലുള്ള തങ്ങളുടെ ശ്രമത്തെ സംബന്ധിച്ച് അഭിമാനികളാണ് അമ്മയും ചേച്ചിയും. പക്ഷേ, അവർ സ്വയം ചെന്നുപെടുന്ന വിരുദ്ധാവസ്ഥകളും ആകാംക്ഷകളും കൂടി കാണികൾക്ക് പെട്ടെന്ന് വായിച്ചെടുക്കാം താനും.

ശരണ്യ തന്റെ വ്യക്തിപരമായ ഒരു സവിശേഷസാഹചര്യത്തെ 'വിശ്വാസം' ദുരഭിമാനം' 'ഹിംസ' 'കരുണ' തുടങ്ങിയ പൊതുവായ സാമൂഹിക അനുഭവരാശികളുമായി ചേർത്തുവച്ച് പരിശോധിക്കുന്നു.

മനുഷ്യകുലത്തിന്റെ ദൃഢവും അഗാധവുമായ വ്യക്തിജീവചരിത്രങ്ങൾ കലാചരിത്രവുമായി അത്രമേൽ ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ, അത് അറിയുന്നതെങ്ങനെ എന്നാണ് ഇതുമായി ബന്ധപ്പെട്ട ചിന്ത. അത്തരം ഒരു ചർച്ചയിൽ മോനാ ഹാതുമിന്റെ 'Measures of Distance' എന്ന വീഡിയോ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുകയുമുണ്ടായി.

### ജൂൺ, ജൂലൈ മാസങ്ങളിലെ ഒരു വീഡിയോ ആർട്ട്

വിവേക് ദാസ് 'കലാകാരന്റെ കലാത്മകമായ മുഹൂർത്തങ്ങൾ' എന്ന പൊതുവായ ഒരു മാന്ത്രികധാരണയെ അയാളുടെ തന്നെ 'ജൂണിലെയും ജൂലൈയിലെയും' ആ ഗ്രാജുവേഷൻ കാലത്തെ ജീവിതത്തിലെ ചിലതെന്ന നിലയ്ക്ക് അവതരിപ്പിക്കുന്നു. ഇതൊരു 'അബ്സേഡ് ഡോക്യുമേന്റെഷൻ' ആയി അനുഭവപ്പെടായ്കയില്ല. പക്ഷേ, ഒഴിവാക്കാൻ ആകാത്ത വിധം ചില വിമർശസൂചനകൾ ഇതിലുണ്ട്. വെള്ളം എന്ന പദാർത്ഥം ആവിയാകുകയും തണുക്കുകയും വീണ്ടും വെള്ളം ആകുകയും ചെയ്യുന്ന ചാക്രികതയാണ് വീഡിയോയിൽ സംഭവിക്കുന്നത്. തന്റെ വാടക മുറിയിൽ സ്വകാര്യതയിൽ വിവേക് ഇതിനായി ക്രമീകരിച്ച സ്റ്റിൽ ലൈഫ് കൊണ്ട് ഒരു നാടകം അവതരിപ്പിക്കുന്നു.

ഡോക്യുമെന്റ് ചെയ്യപ്പെട്ട കലയെക്കാൾ, അങ്ങനെ ചെയ്യപ്പെടാത്ത കലാകാരജീവിതമുഹൂർത്തങ്ങൾ ധാരാളം കലാചരിത്രത്തിൽ ഉണ്ട്. വിവേകിനെ സംബന്ധിച്ച് കലാവിദ്യാഭ്യാസ കാലം അങ്ങനെയൊന്നായി അപ്പോൾ പരിഗണിക്കപ്പെട്ടു. പക്ഷേ രേഖപ്പെടുത്താൻ സാധ്യതയില്ലാതെ







പോയേക്കാവുന്ന കലാത്മകമായ അനുഭൂതിയുടെ മാന്ത്രികമുഹൂർത്തങ്ങളെ ഒരു മെറ്റഫർ ആയി കാണുന്ന ഇത്തരം ഒരു വീഡിയോയുടെ 'ചരിത്രവസ്തു പദവി' എന്താണ്?

ഒരു ചരിത്രചിന്ത ഉത്പാദിപ്പിക്കുന്നതിൽ 'ഡോക്യുമെന്റേഷന്റെ' പരിമിതികളെ സൂചിപ്പിക്കുകയാണ് വിവേക് എന്നു എനിക്ക് തോന്നി. അടിസ്ഥാനപരമായി എഴുതപ്പെട്ട ആധികാരിക അറിവ്, മനസിലാക്കലുകളുടെ

അനുവദനീയ രീതി ഒക്കെ പാലിച്ച് കലാചരിത്രവസ്തുവായി കണക്കിലെടുക്കുന്ന ഒരു കലാവസ്തുവിന്റെ പ്രയോജനത്തെ ചോദ്യംചെയ്യുന്ന, മറ്റൊരു ചരിത്രബോധം ഉൾക്കൊള്ളുന്ന, ലോകത്തെ പല കലാസൃഷ്ടികളുമുണ്ട്. ഒരു 'വീഡിയോ ആർട്ട്' എന്നു സ്വയം വിളിച്ച് നിൽക്കുന്ന വിവേകിന്റെ ഡോക്യുമെന്റ്, കലാചരിത്രമെന്നത് ആധികാരികമല്ലാത്ത കാര്യങ്ങളുടെ ഒരു മണ്ഡലമാകുന്നു എന്നു പ്രഖ്യാപിക്കും പോലെ തോന്നി.

നമ്മുടെ ജീവിതസജീവതയെ അതെത്ര അകലെനിന്നായാലും കണ്ടെത്തിക്കൊണ്ടുവന്നു 'കല' എന്ന സംവർഗ്ഗവുമായി നേരിട്ടു ബന്ധപ്പെടുത്തുന്ന കേന്ദ്രിതമായ പോയിന്റുകൾ (nodal points) കൊണ്ട് കലയുടെയും കലാചരിത്രമെഴുത്തിന്റെയും ഭാഷ സ്വരൂപിക്കുന്നതിനായി ഒരു രീതിശാസ്ത്രം വികസിപ്പിക്കുക എന്നതാണ് ഈ ക്ലാസ് റൂം പ്രോജക്ടിന്റെ ലക്ഷ്യമായത്. ദീർഘകാലം കൊണ്ടു മാത്രം വികസിപ്പിക്കാവുന്ന ഒരു ആര്ക്കൈവിന്റെ ആദിരൂപം മാത്രമാണ് ഉണ്ടായത്.

'Your sense of history may not be the same or similar as mine. But we share and include each other into a larger sense of tangible art history' എന്ന ജെയിംസ് എല്ക്കിൻസന്റെ ആശയമാണ് ഇതിലേക്ക് ആ ക്ലാസ്റൂമിനെ പ്രചോദിപ്പിച്ചത്.

## ആധാരസൂചി

1. Elkins, James, Stories of Art, Psychology Press, 2002

2. Parimoo, Ratan, 'Publications, Magazines, Journals, Polemics: Supportive Critical Writing from Charles Fabri to Geeta Kapur, Fifty Years of Indian Art, Collection of Seminar Proceedings, Mohile Parikh Center for the Visual Arts, 1997.

*balakrishnan.kavitha@gmail.com*

# ഫോക്‌ലോർഗവേഷണത്തിലെ പ്രതിസന്ധികൾ

കെ.എം. ഭരതൻ
പ്രൊഫസർ, പൈതൃകപഠനവിഭാഗം,
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല, തിരൂർ

**സംഗ്രഹം**

ഫോക്‌ലോർ ഗവേഷണം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ പ്രശ്നവൽക്കാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്. രണ്ടു വീക്ഷണകോണിൽ നിന്നാണ് പ്രധാനമായും ഈ വെല്ലുവിളികളെ നോക്കി കാണുന്നത്. 1 പൊതുവെ ഗവേഷണമെന്ന പ്രക്രിയയുടേയും അനുബന്ധ ജ്ഞാനവ്യവസ്ഥയുടേയും മണ്ഡലം. 2 ഫോക്‌ലോർ എന്ന പഠനവിഷയത്തിലും പഠനവസ്തുവിലും സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ പശ്ചാത്തലം. പരസ്പരം ബന്ധിതമായ രണ്ടു കാഴ്ചാസ്ഥാനങ്ങളായാണ് ഇവയെ സമീപിക്കുന്നത്.

**താക്കോൽവാക്കുകൾ**: ഗവേഷണം, ഭവശാസ്ത്രം, ജ്ഞാനശാസ്ത്രം, ബഹുവിഷയക സമീപനം, വിഷയാന്തരാള സമീപനം, അന്തർവൈജ്ഞാനിക സമീപനം, സ്ഥാനീകരണം, ദത്തം, മെറ്റാഡാറ്റ.

## 1. ഗവേഷണം

ലബോറട്ടറികൾ, സർവകലശാലകൾ, വ്യവസായ ശാലകൾ, മാധ്യമ സ്ഥാപനങ്ങൾ, വനാന്തരങ്ങൾ, സമുദ്രാന്തർസ്ഥലം, ബഹിരാകാശം തുടങ്ങി എത്രയോ ഇടങ്ങളിൽ ഇന്ന് ഗവേഷണം നടന്നുകൊണ്ടിരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ വ്യവസായമാണ് ഗവേഷണം. ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ രീതിയിൽ സമാഹരിക്കുകയും വർഗീകരിക്കുകയും ചെയ്തിരിക്കുന്ന വിവരങ്ങളെയും ദത്തങ്ങളെയും വിശകലനം ചെയ്ത് സാമാന്യവൽക്കരണം, തത്വരൂപീകരണം, സിദ്ധാന്ത രൂപീകരണം, അറിവിന്റെ നവീകരണം

എന്നിവയിലേക്കെത്തിച്ചേരുന്ന പ്രക്രിയകളുടെ ആകത്തുകയാണ് ഗവേഷണം. എല്ലാ ഗവേഷണങ്ങളും പുതിയ അറിവുകളെ ഉല്പാദിപ്പിക്കുകയോ നിലവിലെ അറിവുകളെ നവീകരിക്കുയോ ചെയ്യുന്നുണ്ട്. പുതിയ അറിവുകളിലേക്കെത്തു ന്നതിനോ, നിലനിൽക്കുന്ന അറിവിനെ പുതുക്കുന്നതിനോ എല്ലാ ഗവേഷണ ങ്ങൾക്കും ശാസ്ത്രീയവും യുക്ത്യധിഷ്ഠിത വുമായ ഒരു രീതിശാസ്ത്രം ഉണ്ടായിരിക്കും. പ്രശ്ന നിർണയനം, പൂർവപഠനം, പരികൽപ്പന രൂപീകരണം, പഠനലക്ഷ്യങ്ങ ളുടേയും പ്രസക്തിയുടേയും നിർണയനം, ദത്തസമാഹരണം, ദത്ത ക്രമീക രണം, വിശകലനം, ഇതിനാവശ്യമായ ശാസ്ത്രീയ മാർഗങ്ങൾ, ദത്തങ്ങളുടെ വ്യാഖ്യാനം തുടങ്ങിയവയെല്ലാം ഈ രീതിശാസ്ത്രത്തിന്റെ ഭാഗമാണ്.

എല്ലാ ഗവേഷണങ്ങൾക്കും ബാധകമായിട്ടുള്ള ചില പൊതുതത്വങ്ങൾ ഉണ്ട്. ഇത് ഭാഷാബോധംപോലെ എല്ലാ ഗവേഷണത്തെയും സംബന്ധിച്ച സാമാന്യഗവേഷണബോധമാണ്. ഈ ഗവേഷണബോധത്തിന്റെ പ്രത്യ ക്ഷീകരണം കൂടിയാണ് ഓരോ വിഷയത്തിലും നടക്കുന്ന ഗവേഷണങ്ങൾ. വിഷയത്തിനനുസരിച്ച് ഗവേഷണത്തിന്റെ രീതിശാസ്ത്രങ്ങൾ മാറി വരുന്നുണ്ട്. ഭാഷാബോധവും ഭാഷണവും പോലെയാണ് ഗവേഷണത്തിന്റെ പൊതു രീതിശാസ്ത്രവും ഓരോ വിഷയത്തിനും സവിശേഷമായുള്ള രീതിശാസ്ത്രവും. ഒരു ജ്ഞാനവിഷയത്തിനകത്ത് പൂർണമായും ഒരേതരത്തിലുള്ള പഠനരീ തിയാണുള്ളതെന്ന് ഇതുകൊണ്ടർഥമാക്കുന്നില്ല. വിഷയത്തിനകത്തുതന്നെ ഗവേഷണ വിഷയ ത്തിനനുസരിച്ച് പഠനരീതികൾ മാറിവരും. സമകാലഗവേ ഷണത്തിന്റെ പ്രായോഗികസൈദ്ധാന്തിക നിലകൾക്കനുസരിച്ചാണ് ഓരോ വിഷയത്തിലും ഗവേഷണത്തിന്റെ രീതിശാസ്ത്രം തീരുമാനിക്കപ്പെടുന്നത്.

യാഥാർഥ്യത്തെ—അതിന്റെ പൊരുളിനെ—തിരിച്ചറിയുന്നതിനുള്ള അന്വേഷണമാണ് ഗവേഷണം. എല്ലാ തത്വശാസ്ത്രങ്ങളും ദർശനങ്ങളും യാഥാർ ത്ഥ്യത്തിന്റെ നിലയെക്കുറിച്ച് പ്രതിപാദിക്കുന്നവയാണ്. അത്തരം ദർശനങ്ങ ളുടെ ശാഖയെയാണ് ഭവശാസ്ത്രം (ontology) എന്നുവിളിക്കുന്നത്. യഥാർത്ഥ മെന്ന് കരുതുന്ന സത്തയിലെ വസ്തുക്കൾ, ഘടകങ്ങൾ, അവയുടെ ക്രമം, പരസ്പരബന്ധം, അതങ്ങനെയായിരിക്കുന്നതിന്റെ നില തുടങ്ങിയ അമൂർത്താ ശയങ്ങളാണ് ഭവശാസ്ത്രത്തിന്റെ ഉള്ളടക്കം. വ്യക്തിയെന്ന നിലയിൽ പ്രകൃതി യിലും സമൂഹത്തിലുമുള്ള മനുഷ്യരുടെ നിലയാണതിൽ പ്രധാനം. ഇത്തരം യാഥാർഥ്യങ്ങളെക്കുറിച്ച് സ്വരൂപിക്കുന്ന ധാരണകൾ എന്താണെന്നും എങ്ങ നെയൊക്കെയാണെന്നും അന്വേഷിക്കുന്ന ശാഖയാണ് ജ്ഞാനശാസ്ത്രം (epistemology). ഭവശാസ്ത്രത്തിൽനിന്ന് ജ്ഞാനശാസ്ത്രത്തിലേക്കുള്ള

സഞ്ചാരമാണ് ഗവേഷണം. ഓരോ ഗവേഷണവും പ്രകൃതിയിലെയും സമൂഹത്തിലെയും മനുഷ്യരുടെ നിലയെ കൂടുതൽ വിശാലവും തെളിച്ചമുള്ളതുമായി മാറ്റിത്തീർക്കുകയാണ് ചെയ്യുന്നത്. ബഹുഗുണസ്വഭാവമുള്ള യാഥാർഥ്യങ്ങളെക്കുറിച്ച് കൂടുതൽ വിജ്ഞാനമാർജ്ജിക്കുന്നതിനുവേണ്ടി ലോകത്തെ അറിയാൻ ഉപയോഗിക്കുന്ന രീതി അഥവാ വഴിയാണ് രീതിശാസ്ത്രം.

ഭവശാസ്ത്രം | ജ്ഞാനശാസ്ത്രം

യാഥാർഥ്യം ⟶ എന്താണ് യഥാർഥം എന്നതിനെ സംബന്ധിച്ച ധാരണകൾ ⟶ എങ്ങനെ ധാരണകൾ രൂപപ്പെടുന്നു

അന്വേഷണവഴി രീതിശാസ്ത്രം

അറിവും യാഥാർഥ്യവും തമ്മിലുള്ള ബന്ധത്തെ അദിതാൾ ബെൻ-അരിയും ഗൈ എനോഷും വിശദീകരിക്കുന്നത് ഭൂപടത്തിന്റെ രൂപകത്തിലൂടെയാണ് (2020: 11-12) 'ഭൂപടം സ്വയം യാഥാർഥ്യമല്ല, യാഥാർഥ്യത്തിന്റെ പ്രതിനിധാനമാണ്. യാഥാർഥ്യത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയുടെ പ്രതിനിധാനമാണ് അറിവ്/വിജ്ഞാനം. നമ്മുടെ മുഴുവൻ അറിവിനെയും നമുക്കൊരു ഭൂപടമായി കരുതാം' (2020: 11-12). ഓരോ ഗവേഷണവും അതത് മേഖലയെക്കുറിച്ചുള്ള പുതിയ മനസ്സിലാക്കലുകളുടേയും ധാരണകളുടേയും അവതരണമാണ്.

### 1.2 അറിവിന്റെ ബഹുസ്വരത, ഗവേഷണത്തിന്റെയും

പ്രകൃതിയിലായാലും സമൂഹത്തിലായാലും നിലനിൽക്കുന്ന യാഥാർഥ്യങ്ങളെ അതിന്റെ പൂർണതയിൽ അറിയാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതിനർത്ഥം യാഥാർഥ്യത്തെക്കുറിച്ചുള്ള നമ്മുടെ അറിവുകൾ അപൂർണമാണെന്നാണ്. ഓരോ ഗവേഷണവും ഈ അറിവിനെ പൂർണതയോടടുപ്പിക്കാനും യാഥാർഥ്യത്തെ മറ്റൊരുരീതിയിൽക്കൂടി തിരിച്ചറിയാനും ഉള്ളതാണ്. കേരളത്തെക്കുറിച്ച് നമുക്ക് ഒരു ഭൂപടമല്ല, നിരവധി ഭൂപടങ്ങൾ സാധ്യമാണ്. കുന്നുകളെ അടയാളപ്പെടുത്തുന്നത്, വയലുകളെ അടയാളപ്പെടുത്തുന്നത്, ജലസ്രോതസ്സുകളെ അടയാളപ്പെടുത്തുന്നത്, ജനാധിവാസം, സസ്യവൈവിധ്യം, ജന്തുവൈവിധ്യം, ജാതി/മത സമൂഹം, വനഭൂമി, വിദ്യാലയങ്ങൾ, ഭാഷാഭേദം തുടങ്ങിയവയെ അടയാളപ്പെടുത്തുന്നത് എന്നിങ്ങനെ അതു നീണ്ടുപോകും. ഒരേ വിഷയത്തിൽ നിരവധി ഗവേഷണങ്ങൾ ആകാമെന്നും ഇവ യാഥാർഥ്യത്തെ സംബന്ധിച്ചുള്ള അറിവിന്റെ വ്യത്യസ്ത നിലകളെ ആവിഷ്കരിക്കുമെന്നും ഇതിലൂടെ വ്യക്തമാകുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ യാഥാർഥ്യം ഒന്നല്ല, പലതാണ്.

എത്രമേൽ വ്യത്യസ്തമായ ഗവേഷണങ്ങൾ സാധ്യമാണോ അത്രമേൽ വ്യത്യസ്തമായ അറിവുകളും പലമകളും യാഥാർഥ്യത്തിനു കൈവരുന്നു. ഈ അറിവുകളുടെയും പലമകളുടേയും സമഗ്രതയിലാണ് ഒരു യാഥാർഥ്യം പൂർണത കൈവരിക്കുന്നത്. അറിവിന്റെയും യാഥാർഥ്യത്തിന്റെയും ബഹുസ്വരതയ്ക്ക് സ്വീകാര്യതയുണ്ടാകുന്നതോടെ ഗവേഷണവും ബഹുസ്വരമായിത്തീർന്നിരിക്കുന്നു. സമീപനങ്ങൾ, സങ്കല്പനങ്ങൾ, സിദ്ധാന്തങ്ങൾ, പഠനരീതികൾ തുടങ്ങിയവയിലാണ് ഈ ബഹുസ്വരത ഏറ്റവും പ്രകടമായി കാണാൻ കഴിയുന്നത്.

ആധുനികശാസ്ത്രത്തിന്റെയും ഗവേഷണത്തിന്റെയും വഴി പോസിറ്റിവിസ്റ്റ് ജ്ഞാനശാസ്ത്രത്തിന്റെ വഴിയാണ്. പ്രത്യക്ഷത്തിൽ അളന്നു തിട്ടപ്പെടുത്താൻ കഴിയാവുന്നവയിൽ കേന്ദ്രീകരിക്കുകയും അങ്ങനെയല്ലാത്തവ യഥാർത്ഥത്തിൽ നിലനിൽക്കുന്നില്ലെന്ന് കരുതുകയുമാണത് ചെയ്യുന്നത്. ഇങ്ങനെ തിട്ടപ്പെടുത്തുന്നതിനായി ഓരോ വിഷയവും തങ്ങളുടെ പഠനമേഖലയെയും യുക്തികളെയും സങ്കല്പനങ്ങളെയും രീതിശാസ്ത്രങ്ങളെയും രൂപീകരിച്ചിരിക്കുന്നു. തങ്ങളുടേതുമാത്രമായ ഇത്തരം സവിശേഷനിർമ്മിതികൾക്കകത്താണ് ഓരോ വിഷയത്തിലും ആദ്യകാലത്ത് ഗവേഷണങ്ങൾ നടന്നു വന്നത്. ഇത്തരം ഗവേഷണങ്ങളുടെ കണ്ടെത്തലുകൾക്ക് പ്രയോഗശേഷി കൈവരുന്നതോടെ പ്രകൃതിയും സമൂഹവും പുനർനിർമ്മിക്കപ്പെടുന്നുണ്ട്. ഇങ്ങനെ കൂടുതൽ സങ്കീർണമായിത്തീർന്ന പ്രകൃതിയെയും സമൂഹത്തെയും അറിയാൻ പഴയ രീതിശാസ്ത്രങ്ങൾ അപര്യാപ്തമായിത്തീർന്നു. ആഗോളതാപനം, പരിസ്ഥിതി മലിനീകരണം, പ്രവാസം, പൊതുമണ്ഡലം തുടങ്ങിയവയെല്ലാം രൂപീകരിക്കപ്പെട്ടത് പല ജ്ഞാനമേഖലകളിലെ വ്യത്യസ്ത ഗവേഷണങ്ങളുടെ പ്രയോഗവല്ക്കരണത്തിലൂടെയാണ്. അതിനാൽ ആ മേഖലയുടെയോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു ഘടകത്തിന്റേയോ യാഥാർഥ്യത്തെ അഴിച്ചെടുക്കാൻ അതിന്റെ രൂപീകരണത്തിലേക്കുനയിച്ച എല്ലാ വൈജ്ഞാനികതയേയും പ്രയോജനപ്പെടുത്തേണ്ട തായി വരുന്നു. പ്രവാസത്തെക്കുറിച്ചു പൊതുവിലോ അതിന്റെ സമൂഹശാസ്ത്രം, സംസ്കാരം, സാഹിത്യം എന്നിവയെ വിശേഷിച്ചോ അറിയുന്നതിനുള്ള ഗവേഷണം സമൂഹശാസ്ത്രം, സംസ്കാരം, സാഹിത്യം എന്നീ വിഷയപരിധിയിൽ മാത്രം ഒതുങ്ങുന്നതല്ല. ധനതത്വശാസ്ത്രം, ചരിത്രം, രാഷ്ട്രതന്ത്രം തുടങ്ങിയ മേഖലകൾ അതിനന്യമല്ല. ചില പ്രത്യേക ചരിത്ര-രാഷ്ട്രീയ സന്ദർഭത്തിൽ പ്രത്യേക വിഷയങ്ങൾക്ക് പ്രാമുഖ്യം ഉണ്ടാവുകയും മറ്റു ചിലവ ദുർബലമാവുകയും മേൽക്കൈയുള്ള വിഷയങ്ങളുടെ പഠനരീതിശാസ്ത്രം സ്വീകരിക്കാൻ മറ്റു വിഷയങ്ങൾ നിർബന്ധിതമായിത്തീരുകയും

ചെയ്തു. ഇതിന്റെയെല്ലാം ഫലമായി ഗവേഷണത്തിൽ ബഹുവിഷകയവും അന്തർവൈജ്ഞാനികവുമായ പഠനങ്ങൾ ശക്തിപ്പെട്ടു.

### 1.3 മായുന്ന വിഷയാതിർത്തികൾ

ഒരു വിഷയത്തിന്റെ കള്ളിക്കുള്ളിൽ നിന്നുമാത്രമായി പഠിക്കാൻ കഴിയാത്ത വിധം പ്രകൃതിയുടെയും സമൂഹത്തിന്റെയും അനുഭവങ്ങൾ സങ്കീർണമായിരിക്കുന്നു. അതിനാൽ വ്യത്യസ്ത പഠനവിഷയങ്ങളുടെ വിജ്ഞാനങ്ങളെ കൂട്ടിച്ചേർത്ത് അതിനെ പഠിക്കാൻ പുതിയ ഗവേഷണങ്ങൾ നിർബന്ധിതമായിരിക്കുന്നു. ഒരു ഗവേഷണത്തിൽ വിവിധ വിഷയങ്ങളുടെ ചേർച്ച മൂന്നു വിധത്തിൽ വരാം. അതിനനുസരിച്ച് മൂന്നുതരം സമീപനങ്ങൾ ഗവേഷണത്തിൽ ഇന്ന് സജീവമായുണ്ട്. 1.ബഹുവിഷയകസമീപനം (Multidisciplinary approach) 2. വിഷയാന്തരാള സമീപനം ( Transdisciplinary approach) അന്തർവൈജ്ഞാനിക സമീപനം (Interdisciplinary approach) എന്നിവയാണവ (മാർഗരറ്റ് കുമാർ, സുപ്രിയ പട്ടനായക്, 2018: 38-41)

### 1.3.1 ബഹുവിഷയക സമീപനം

ബഹുവിഷയക സമീപനം ഒരു സംയുക്തസമീപനമാണ്. ഒരു ജ്ഞാനവിഷത്തിനു മാത്രമായി ഉത്തരം കണ്ടെത്താൻ കഴിയാത്ത ഗവേഷണപ്രശ്നത്തിൽ ഉൾപ്പെട്ടിട്ടുള്ള മറ്റു വിഷയങ്ങൾ ഏതൊക്കെയാണെന്ന് നിശ്ചയിക്കുകയും അതിന്റെകൂടി അന്വേഷണരീതികളെ പ്രയോജനപ്പെടുത്തുകയുമാണ് ഇതിൽ പിന്തുടരുന്നത്. എന്നാൽ അത്തരം അന്വേഷണത്തിൽ അതിൽ ഉൾപ്പെട്ടിട്ടുള്ള മറ്റു വിഷയങ്ങളുടെ തനിമയെ വേർതിരിച്ചറിയാൻ പാകത്തിൽ നിലനിർത്തിക്കൊണ്ടായിരിക്കും അതിനെ പ്രയോജനപ്പെടുത്തുക. അതുകൊണ്ടാണ് Choi & Pak ബഹുവിഷയകസമീപനത്തെ സലാഡിനോട് ഉപമിച്ചത്. സലാഡ് അതായിരിക്കെത്തന്നെ അതിലെ ഓരോ കഷണങ്ങൾക്കും തനിത്തനിയായിരിക്കാൻ കഴിയുന്നതുപോലെ ബഹുവിഷക സമീപനത്തിനും അങ്ങനെ ആയിരിക്കെത്തന്നെ അതിലോരോ വിഷയത്തിന്റെയും സ്വതന്ത്രത നിലനിർത്താനാകുന്നുണ്ട്. മനുഷ്യ വംശത്തിന്റെ ഉത്ഭവത്തെയും വ്യാപനത്തെയും കുറിച്ച നടക്കുന്ന വിപുലമായ ഗവേഷണ പ്രോജക്ടിൽ നരവംശശാസ്ത്രം, ജനിതക ശാസ്ത്രം, ചരിത്രപഠനം, ഫോക്‌ലോർ പഠനം, ഭാഷാപഠനം തുടങ്ങിയ വിഷയങ്ങൾക്ക് പലതും സംഭാവന ചെയ്യാനാകും. ഇതിൽ ഓരോ വിഷയവും തങ്ങളുടേതായ രീതിയിൽ അന്വേഷിക്കുകയും സ്വന്തമായ കണ്ടെത്തലുകളിലേക്ക് പോവുകയുമാണ് ചെയ്യുന്നത്.




### 1.3.2. വിഷയാന്തരാള സമീപനം

വ്യത്യസ്ത വിഷയങ്ങളുടെ സംയുക്തസമീപനം എന്നതിൽനിന്നും കുറേക്കൂടി മുന്നോട്ടു പോയി, വ്യത്യസ്ത ജ്ഞാനവിഷയങ്ങൾക്കിടയിൽ പരസ്പരം പങ്കുവെക്കപ്പെടുന്ന സൈദ്ധാന്തികധാരണകൾ രൂപപ്പെടുത്തിയുള്ള ഗവേഷണ രീതിയാണ് വിഷയാന്തരാള സമീപനം. ജീവശാസ്ത്രത്തിലെ പരിണാമവാദം സാമൂഹ്യശാസ്ത്ര മാനവികവിഷയങ്ങളിലെ സാംസ്കാരിക പരിണാമവാദമായി പങ്കുവെക്കപ്പെടുന്നത് ഇതിനൊരുദാഹരണമാണ്.

### 1.3.3 അന്തർവൈജ്ഞാനിക സമീപനം

ബഹുവിഷയക സമീപനം ഒരു സംയുക്തസമീപനമാണെങ്കിൽ അന്തർവൈജ്ഞാനിക സമീപനം ഒരു സമഗ്രാവബോധസമീപനമാണ്. ഓരോ വിഷയത്തിന്റെയും തനിത്തനിയായ അന്വേഷണാത്മകതയ്ക്കുപകരം ഗവേഷണത്തിനാധാരമായ പ്രശ്നത്തെ ഉൾക്കൊള്ളുന്നതും അതിനനുഗുണവും ഗവേഷണത്തിൽ അനുബന്ധമായ എല്ലാ വ്യത്യസ്ത ജ്ഞാനവിഷയങ്ങൾക്കും സ്വീകാര്യവുമായ ഒരു സമഗ്രാവബോധ സമീപനത്തിലേക്ക് എല്ലാ വിഷയങ്ങളെയും ഉദ്ഗ്രഥിച്ചു ചേർക്കുകയാണ് ചെയ്യുന്നത്. ഇതുവഴി ഓരോ വിഷയത്തിന്റെയും വേറിട്ടനില ഇല്ലാതാവുകയും അതൊരു സവിശേഷ ചേരുവ (സിന്തസിസ്) ആവുകയും ചെയ്യുന്നു. തുടക്കത്തിൽ സൂചിപ്പിച്ച ഭൂപടത്തിന്റെ ഉദാഹരണം കടമെടുത്താൽ, കേരളത്തെക്കുറിച്ചുള്ള ഒരു പഠനത്തിൽ സസ്യവൈവിധ്യങ്ങളുടെ ഭൂപടവും ജന്തുവൈവിധ്യങ്ങളുടെ ഭൂപടവും ജലസ്രോതസ്സുകളുടെ ഭൂപടവും ആരാധാനലയങ്ങളുടെ ഭൂപടവും സഞ്ചാരവഴികളുടെ ഭൂപടവും മനുഷ്യാധിവാസത്തിന്റെ ഭൂപടവും വെവ്വേറെ നിൽക്കുന്നതുപോലെയാണ് ബഹുവിഷയക പഠനം. എന്നാൽ ഈ വൈവിധ്യവിവരണങ്ങളെല്ലാം ഒരൊറ്റ ഭൂപടത്തിൽ രേഖപ്പെടുത്തി നൽകുന്നതുപോലെയാണ് അന്തർവൈജ്ഞാനിക പഠനം.

ഗവേഷണമേഖലയിൽ ജ്ഞാനവിഷയങ്ങളുടെ അതിരുകൾ

മാഞ്ഞുപോകുന്നതായും നിലവിലുണ്ടായിരുന്ന പലതരം ദ്വൈതാവസ്ഥകളെ സമകാല ഗവേഷണം മുറിച്ച് കടക്കുന്നതായും ഇന്ന് നമുക്ക് കാണാൻ കഴിയും. പ്രമാണപരം (Inductive) അനുമാനപരം (Deductive), ഏകകാലികം (Synchronic), ബഹുകാലികം (Diachronic) ആഭ്യന്തരം (emic), ബാഹ്യം (etic) എന്നിങ്ങനെയെല്ലാമുള്ള ദ്വൈതാവസ്ഥയ്ക്കപ്പുറത്തേക്ക് അന്തർവൈജ്ഞാനിക സമീപനങ്ങൾ സഞ്ചരിക്കുന്നതായി കാണാം. ഇത് ഗവേഷണത്തെ കൂടുതൽ ബഹുലവും ചലനാത്മകവും സംഘർഷാത്മകവുമാക്കി മാറ്റിത്തീർക്കുന്നുണ്ട്.




### 1.4 സമകാലിക ഗവേഷണവും ഫോക്‌ലോറും

എന്നാൽ ഗവേഷണരംഗത്തെ ഈ സമകാലികതയെ ഉൾക്കൊള്ളാനോ അഭിസംബോധന ചെയ്യാനോ ഫോക്‌ലോർ ഗവേഷണങ്ങൾക്ക് എത്രത്തോളം സാധിച്ചിട്ടുണ്ട് എന്ന ചോദ്യത്തിനുള്ള ഉത്തരം നിരാശാജനകമാണ്. ചുരുക്കം ചില അപവാദങ്ങളൊഴിച്ചാൽ പൊതുവെ ഇക്കാര്യങ്ങളിലൊന്നും യാതൊരുവിധ ഉത്കണ്ഠകളുമില്ലാത്തവയാണ് ഫോക്‌ലോർ ഗവേഷണങ്ങൾ. ഫോക്‌ലോറിലായാൽ പിഎച്ച്.ഡി. ഗവേഷണം താരതമ്യേന എളുപ്പത്തിൽ സാധിക്കുമെന്നൊരു വിശ്വാസം പോലും പല ഗവേഷകർക്കുമിടയിലുണ്ട്. അതിനെ ശരിവെക്കുന്ന രീതിയിൽ ഏതെങ്കിലുമൊരു ജനസമൂഹത്തിന്റെ ജീവിതവും സംസ്കാരവും എന്നപേരിൽ അവരുടെ ഫോക്‌ലോറുകളെ വർഗീകരിച്ച് വിവരിക്കുകയും ഉദാത്തവൽക്കരിക്കുകയും ചെയ്യുന്നവയാണ് മുഖ്യധാരാപ്രബന്ധങ്ങളിലേറെയും. വംശീയ പഠനരീതിയിൽ (Ethnographic Method) വിവരണം നിർവ്വഹിക്കുമ്പോഴും വിമർശനാത്മക വംശീയപഠനരീതി (Critical Ethnography), ആത്മവംശീയ പഠനരീതി (Auto Ethnography) എന്നീ രീതികളെപ്പറ്റിയുള്ള സൂചനകളൊന്നും പല പ്രബന്ധങ്ങളി ലുമില്ല.[3] ഫോക്‌ലോർ പഠനം നേരിടുന്ന ഒന്നാമത്തെ വെല്ലുവിളി അതിന് സമകാല ഗവേഷണ ധൈഷണികതയെ അഭിസംബോധന

ചെയ്യാൻ കഴിയുന്നില്ലെന്നതാണ്.

## 2. സ്ഥാനീകരണം

ഗവേഷണവിഷയം, സങ്കല്പനങ്ങൾ, സിദ്ധാന്തങ്ങൾ, പഠനരീതികൾ തുടങ്ങിയ വയുടെ തെരഞ്ഞെടുപ്പും നിർവ്വഹണവും സ്വാഭാവികമോ നിഷ്കളങ്കമോ ആയി സംഭവിക്കുന്നവയല്ല. അവ പ്രാഥമികമായും ഇതുവരെയുള്ള ജ്ഞാനത്തിന്റെ തുടർച്ചയോടും പ്രയോഗസാധ്യതകളോടും ബന്ധപ്പെട്ടിരിക്കുന്നു. അതിനർത്ഥം അതിൽ അധികാരവും രാഷ്ട്രീയവുംകൂടി അന്തർഭവിച്ചിരിക്കുന്നുവെന്നും പ്രത്യയശാസ്ത്രവിവക്ഷകൾ ഉള്ളടങ്ങിയിരിക്കുന്നുവെന്നും ആണ്. ഫോക്‌ലോർ പോലുള്ള ഒരു ജനപക്ഷ വിഷയത്തെ സംബന്ധിച്ച് അത്തരമൊരു ചർച്ചയ്ക്ക് വലിയ സാംഗത്യമുണ്ട്. എന്നാൽ അതിനെ അഭിമുഖീകരിക്കണമെങ്കിൽ ഗവേഷണത്തിന്റെ സമകാലികതയിലേക്ക് ഫോക്‌ലോർ പഠനം കണ്ണിചേർക്കപ്പെടേണ്ടതുണ്ട്. അതോടൊപ്പം സമകാല ഗവേഷണത്തിൽ ഫോക്‌ലോർ ഗവേഷണത്തെ സ്ഥാനീകരിക്കാനും ഫോക്‌ലോർ ഗവേഷണത്തിന്റെ അനുബന്ധഘടകങ്ങളെ സ്ഥാനീകരി ക്കാനും ഗവേഷകനു കഴിയേണ്ടതുണ്ട്.[4]

സമകാല ഗവേഷണത്തിൽ തന്റെ ഗവേഷണം എവിടെ നിൽക്കുന്നുവെന്ന തിരിച്ചറിവ് ഒരു ഗവേഷകന് ആദ്യം ഉണ്ടായിരിക്കണം. ആർക്കുവേണ്ടിയാണ് താൻ ഗവേഷണം നിർവ്വഹിക്കുന്നത് എന്നതിനെക്കുറിച്ചും ബോധ്യമുണ്ടാകണം. പഠനവിധേയമാക്കുന്നത് ജനതയ്ക്കുവേണ്ടിയാണോ? ദേശീയമോ അന്തർദേശീയമോ ആയോ വൈജ്ഞാനിക സമൂഹത്തിനു വേണ്ടിയാണോ അതല്ല ഗവേഷണത്തെ പ്രയോഗവും ഉൽപ്പന്നവുമാക്കി മാറ്റുന്ന ആഗോളകോർപ്പറേറ്റുകൾക്കോ ദേശരാഷ്ട്രത്തിനോ വേണ്ടിയാണോ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഒരു ഗവേഷകന് ആദ്യമേ ഉത്തരമുണ്ടായിരിക്കണം. ഗവേഷണങ്ങൾ പൊതുവെ സാർവലൗകികസത്യങ്ങളിലേക്കും സാമാന്യവൽക്കരണത്തിലേക്കുമാണ് ഒടുവിൽ എത്തിച്ചേരുന്നത്. ഇതാകട്ടെ പൊതുവെ ആഗോളവൽക്കരണത്തിന്റെ രാഷ്ട്രീയവുമായി പങ്കുചേരുന്നതുമാണ്. ചെറിയ സമൂഹങ്ങളുടെ പാരമ്പര്യത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും ഉള്ള അന്വേഷണത്തെ പ്രധാനമായി കരുതുന്ന ഫോക്‌ലോർ പോലുള്ള ഒരു വിഷയം ഇതേ ഗവേഷണ വഴിയാണോ പിന്തുടരേണ്ടത് ? അതിന് ബദൽ ഗവേഷണവഴികൾ ആവശ്യമാണോ ? ഇത്തരം ചോദ്യങ്ങളിൽനിന്ന് തന്റെ ഗവേഷണം സമകാലഗവേഷണത്തോട് എത്രമാത്രം ഇണങ്ങിയും പിണങ്ങിയും നിലകൊള്ളുന്നുവെന്ന് നിർണയിക്കാൻ ഗവേഷകനു കഴിയും.

## 2.1 ഗവേഷണത്തിന്റെ സ്ഥാനീകരണം

ഗവേഷണത്തിന്റെ സമകാല വൈജ്ഞാനികതയിലും അതിന്റെ പ്രത്യയശാസ്ത്ര നിലകളിലും തന്റെ ഗവേഷണം എവിടെ നിൽക്കുന്നുവെന്നു നിർണയിച്ചാലേ ഗവേഷകന് അതിനനുസരിച്ച് ഗവേഷണവിഷയത്തിനകത്തുള്ള തന്റെ നിലയെയും നിർണയിക്കാനാകൂ. ജ്ഞാനം, ജ്ഞാനിമം, ഗവേഷകൻ എന്നുള്ളത് ഗവേഷണത്തിലെ പ്രധാനപ്പെട്ടൊരു ത്രിത്വമാണ്. ഫോക്‌ലോറിൽ ജ്ഞാനിമം എന്നതിനൊപ്പം ആവേദകൻ എന്നൊരു ഘടകം കൂടി വരും.

അറിഞ്ഞതിൽനിന്നും അറിയാത്തതിലേക്കുള്ള പ്രയാണമാണ് ഗവേഷണം. പുതിയ അറിവിനെ ഗവേഷകൻ ഉല്പാദിപ്പിക്കുന്നത് ജ്ഞാനിമവുമായുള്ള വ്യവഹാരങ്ങളിലൂടെയാണ്. ഈ വ്യവഹാരത്തിന്റെ സ്വഭാവം നിശ്ചയിക്കുന്നത് അയാളുടെ ആർജ്ജിത ജ്ഞാനമാണ്. പഠനവിഷയത്തിന്റെ സമകാലവൈജ്ഞാനികതയിൽ ഏതുതരം വിജ്ഞാനത്തെയാണ് താൻ പ്രതിനിധാനം ചെയ്യുന്നത് എന്നതിനനുസരിച്ചായിരിക്കും ജ്ഞാനിമവുമായി ഗവേഷകൻ നടത്തുന്ന വ്യവഹാരം. ഇതായിരിക്കും അയാളുടെ ജ്ഞാനോത്പാദനത്തെയും നിർണയിക്കുന്നത്. ആത്മവംശീയതാ ഗവേഷകരിൽ Auto Ethnographic Researchers) പലരും ആവേദകരെ സഹഗവേഷകരെന്നാണ് സംബോധന ചെയ്യുന്നത്. ഇങ്ങനെ ഒരു ഗവേഷകൻ സ്വയം നടത്തുന്ന സ്ഥാനപ്പെടുത്ത ലാണ് അയാൾ പിന്തുടരുന്ന അറിവിന്റെ സ്വഭാവം, ജ്ഞാനിമത്തോടുള്ള ബന്ധം, ആവേദകനോടുള്ള ബന്ധം, ജ്ഞാനിമം ആവേദകർ എന്നിവരുമായുള്ള വ്യവഹാരം, അതുവഴി നിർമ്മിക്കപ്പെടുന്ന അറിവിന്റെ സ്വഭാവം എന്നിവയെ തീരുമാനിക്കുന്നത്.

## 2.2. അറിവിന്റെ സ്ഥാനീകരണം

താൻ പിന്തുടരുന്നതും ഉല്പാദിപ്പിക്കുന്നതുമായ അറിവിന്റെ സ്വഭാമെന്താണ്, ജ്ഞാനശാസ്ത്രത്തിൽ അതിന്റെ സ്ഥാനമെന്താണ് തുടങ്ങിയ ചോദ്യങ്ങൾ ഗവേഷകനും അറിവും തമ്മിലുള്ള ബന്ധത്തെ സ്ഥാനപ്പെടുത്തുന്നു. അതോടൊപ്പം അറിവും യാഥാർഥ്യവും തമ്മിലുള്ള പ്രതിനിധാനത്തിന്റെ സ്വഭാവമെന്തായിരിക്കുമെന്നുകൂടി തീരുമാനിക്കപ്പെടേണ്ടതുണ്ട്. ഫോക്‌ലോർ പോലൊരു വിഷയത്തിൽ അനുഭവകേന്ദ്രിതമായ തദ്ദേശീയ ജ്ഞാനത്തോടുള്ള സമീപനമെന്തായിരിക്കണം ? പോസിറ്റിവിസ്റ്റ് ജ്ഞാനശാസ്ത്രത്തിന്റെ യുക്തി യിലേക്ക് തദ്ദേശീയ ജ്ഞാനങ്ങളെ വിവർത്തനം ചെയ്യുമ്പോൾ തദ്ദേശീയ ജ്ഞാനസമൂഹത്തിന്റെ ബൗദ്ധിക സ്വത്തവകാശത്തെക്കുറിച്ച് ഗവേഷകനുണ്ടായിരിക്കേണ്ട ബോധ്യമെന്താണ് ? തുടങ്ങി അറിവിന്റെ

സ്ഥാനീകരണവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ ഫോക്‌ലോർ ഗവേഷണത്തിൽ ഉള്ളടങ്ങിയിട്ടുണ്ട്.

## 2.3. ദത്തങ്ങളുടെ സ്ഥാനീകരണം.

ഏതൊരു ഗവേഷണത്തിലും ദത്തം എന്താണെന്ന് തുടക്കത്തിലേ തീരുമാനിച്ചിരിക്കും. എന്നാൽ ഈ ദത്തവും ഗവേഷകനും തമ്മിലുള്ള ബന്ധം എന്താണ് ? ദത്തവും അറിവും തമ്മിൽ, ദത്തവും രീതിശാസ്ത്രവും തമ്മിൽ ഏതുതരം ബന്ധമാണുള്ളത് എന്നതിനനുസരിച്ചായിരിക്കും ഗവേഷണത്തിലെ ദത്തത്തിന്റെ സ്ഥാനപ്പെടൽ. സമകാല വൈജ്ഞാനികതയിൽനിന്ന് ദത്തത്തെ സ്ഥാനപ്പെടുത്താൻ കഴിയാതെ പോകുന്നതുകൊണ്ടാണ് പല ഫോക്‌ലോർ പഠനങ്ങളും ലിഖിത രൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഏതെ ങ്കിലുമൊരു ഫോക്‌ലോർ പാഠത്തെ മാത്രം മുൻനിർത്തി ഫോക്‌ലോർ ഗവേഷണത്തിനു തുനിയുന്നത്. എന്നാൽ ഗവേഷണത്തിലെ ദത്തങ്ങളുടെ സ്ഥാനം നിർണയിക്കപ്പെടുന്നതിനനുസരിച്ചാണ് ഫീൽഡ് വർക്കിന്റെ സ്വഭാവം, ദത്തത്തിന്റെ സ്വഭാവം എന്നിവ നിശ്ചയിക്കപ്പെടുന്നത്. ഒരു ദത്തം; അതിന്റെ സന്ദർഭം, ഭൂതകാലം, വർത്തമാനം, ആവേദകൻ, ഗവേഷകൻ, സങ്കല്പനങ്ങൾ, സിദ്ധാന്തങ്ങൾ, പുതിയ സന്ദർഭങ്ങൾ (മാധ്യമങ്ങൾ ഉൾപ്പെടെ) തുടങ്ങി പലതുമായും വ്യവഹാരത്തിലേർപ്പെടുന്നുണ്ട്. അത്തരമൊരു വ്യവഹാരത്തിൽ ഒരു ദത്തത്തോട് ആര് ? എന്ത് ? എവിടെ ? എങ്ങനെ ? സമാനദത്തങ്ങൾ ? പാഠഭേദങ്ങൾ? തുടങ്ങിയ നിരവധി ചോദ്യങ്ങൾ ചോദിക്കേണ്ടതായും ആവേദകന്റെയും ഗവേഷകന്റെയും മനോഭാവമുൾപ്പെടെ നിരവധി ഘടകങ്ങളെ ഈ വ്യവഹാരത്തിൽ പരിഗണിക്കേണ്ടതായും വരും. അതിനാൽ ദത്തം എന്നത് എഴുതപ്പെട്ട ഒരു പാഠം മാത്രമല്ല. അതിനനുബന്ധമായി വരാവുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരത്തെ പൂരിപ്പിക്കുന്ന മേൽ സൂചിപ്പിച്ച ഘടകങ്ങളെല്ലാംകൂടി ഉൾപ്പെട്ടതാണ്. ഇങ്ങനെ ഒരു വ്യവഹാരവിശകലനത്തിൽ ദത്തത്തെ സംബന്ധിച്ച വിവരങ്ങളെ പൂരിപ്പിക്കുന്ന ഘടകങ്ങളെയാണ് മെറ്റാ ഡാറ്റ എന്ന് പറയുന്നത്. ഇത്തരം മെറ്റാ ഡാറ്റകൾ കൂടി ഉൾപ്പെടെ ദത്ത സമാഹരണരീതിയും ഫീൽഡ് വർക്ക് രീതിയും തീരുമാനിക്കുന്നതും ദത്തത്തിന്റെ സ്ഥാനീകരണത്തിനനുസരിച്ചായിരിക്കും.

## 3. ഫോക്‌ലോർ വൈജ്ഞാനികതയുടെ പ്രതിസന്ധികൾ

ഫോക്‌ലോർ ഗവേഷണങ്ങളിൽ ഏറിയ കുറും സമകാല ഗവേഷണ വൈജ്ഞാനികതയ്ക്ക് പുറത്താണെന്നുള്ളതും ഗവേഷണത്തിന്റെ വ്യത്യസ്തനിലകളിലുള്ള

സ്ഥാനീകരണം വേണ്ടത്ര കൃത്യതയോടെ ഫോക്‌ലോർ ഗവേഷണങ്ങളിൽ നടക്കുന്നില്ലെന്നതുമാണ് ആ മേഖല ഇന്നു നേരിടുന്ന പ്രധാന വെല്ലുവിളി. ഇതിനുപുറമെ വിജ്ഞാന മേഖലയെന്ന നിലയിലും പഠനവസ്തുവെന്ന നിലയിലും ഫോക്‌ലോർ പല തരത്തിലുള്ള പ്രതിസന്ധികൾ നേരിടുന്നുണ്ട്.

### 3.1 ഫോക്‌ലോറിസ്റ്റിക്സും ഫോക്‌ലോർ പഠനവും

ഏതൊരു വിഷയത്തെയും നിശ്ചയിക്കുന്നത് അടിസ്ഥാനപരമായി മൂന്ന് ഘടകങ്ങളാണ്. അവ പഠനവസ്തു, പഠനലക്ഷ്യം, പഠനരീതി എന്നിവയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ എന്തിനെ ? എന്തിന് ? എങ്ങനെ പഠിക്കുന്നു ? എന്ന ചോദ്യമാണ് വിഷയത്തെ തീരുമാനിക്കുന്നത്. ഒരേ പഠനവസ്തു തന്നെ പല വിഷയങ്ങളുടെ ദത്തമായി വരാം. ഫോക്‌ലോർ പഠനത്തിൽ മാത്രമല്ല, നരവംശ ശാസ്ത്രം, സാഹിത്യ പഠനം, ചരിത്രപഠനം തുടങ്ങിയവയിലും ഫോക്‌ലോറുകൾ ഒരു പഠനവസ്തുവായി വരാം. എന്നാൽ ഫോക്‌ലോർ പഠനത്തിൽനിന്ന് വ്യത്യസ്തമായ പഠനലക്ഷ്യവും പഠനരീതിയുമാണവയ്ക്കുള്ളത്. ഒരു ഫോക് എന്ന നിലയ്ക്കുള്ള ജനതയുടെ ഏകീഭാവത്തെ കണ്ടെത്തലാണ് ഫോക്‌ലോർ പഠനത്തിന്റെ ലക്ഷ്യം. ഫിന്നിഷ് മെത്തേഡ് പോലെ അപൂർവം ചില പഠനരീതികളും സങ്കല്പനങ്ങളും സിദ്ധാന്തങ്ങളും വ്യവഹാരപഠനരീതിയും അന്തർവൈജ്ഞാനിക സമീപനവും മറ്റുമാണ് ഫോക്‌ലോർ പഠനത്തിൽ പ്രയോഗിച്ചുകാണുന്നത്. ഇത്തരത്തിൽ തനതായ പഠനലക്ഷ്യവും പഠനരീതിയുമുള്ള ഫോക്‌ലോർ പഠനത്തെ ഫോക്‌ലോറിസ്റ്റിക്സ് (Folkloristics) ആയും ചരിത്രം തുടങ്ങിയ പഠനവിഷയങ്ങളുടെ ഭാഗമായി ഫോക്‌ലോർ പഠനവസ്തുക്കൾ പഠിക്കപ്പെടുമ്പോൾ അതിനെ ഫോക്‌ലോർ പഠനങ്ങൾ (Folklore studies) ആയും വേർതിരിച്ചുകാണാനുള്ള ശ്രമം ഫോക്‌ലോറിസ്റ്റുകളുടെ ഭാഗത്തുനിന്നും ഉണ്ടായിവരുന്നുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ചതരത്തിൽ നിർവ്വചിക്കാവുന്ന പഠനലക്ഷ്യങ്ങളും പഠനരീതികളും ഉള്ള പഠനങ്ങൾ വളരെ കുറച്ചുമാത്രമേ ഉണ്ടായിട്ടുള്ളൂ. അലൻഡന്റസ്, എ.കെ.രാമാനുജൻ, രാഘവൻ പയ്യനാട് തുടങ്ങിയവരുടെ ഒറ്റപ്പെട്ട പഠനങ്ങൾ മാത്രമേ ഫോക്‌ലോറിസ്റ്റിക്സ് എന്ന ഗണത്തിലേക്ക് ഉദാഹരണമായി എടുത്തുകാണിക്കാനുള്ളൂ. സാഹിത്യം, ചരിത്രം, നരവംശശാസ്ത്രം, സംസ്കാരപഠനം, കലാപഠനം തുടങ്ങിയ വിഷയങ്ങളുടെ അന്വേഷണസരണി പിന്തുടരുന്നവയാണ് മിക്ക ഫോക്‌ലോർ പഠനങ്ങളും. ഫോക്‌ലോറിസ്റ്റിക്സിന്റെ ഗണത്തിൽ കരുതിപ്പോരുന്ന മിക്ക അക്കാദമിക് ഗവേഷണങ്ങളും ദത്തങ്ങളുടെ വിവരണങ്ങൾ മാത്രമാണ്.

ഫോക്‌ലോറിലെ ഒരു ഗവേഷകനെ സംബന്ധിച്ച് തന്റെ ഗവേഷണം ഫോക്‌ലോറിസ്റ്റിക്സിൽ ഉൾപ്പെടണമോ അതല്ല ഫോക്‌ലോർ പഠനത്തിൽ ഉൾപ്പെടണമോ എന്നുള്ളത് ഗവേഷണത്തിന്റെയും അറിവിന്റെയും സ്ഥാനീകരണപ്രശ്നം എന്നതുപോലെ ഫോക്‌ലോറിസ്റ്റിക്സ് എന്ന വിഷയത്തെ രൂപപ്പെടുത്തിയെടുക്കേണ്ടതിന്റെ പ്രശ്നവും കൂടിയാണ്. ജ്ഞാനവിഷയങ്ങളുടെ അതിരുകൾ മാഞ്ഞുപോവുകയും അന്വേഷണസരണിയിലെ ദ്വന്ദ്വമാതൃകകൾ സമീകരിക്കപ്പെടുകയും ചെയ്യുമ്പോൾ എന്തിനാണ് ഫോക്‌ലോറിസ്റ്റിക്സിനെ ഒരു സവിശേഷവിജ്ഞാനമേഖലയായി രൂപപ്പെടുത്തുന്നത് ? എന്ന ചോദ്യം ന്യായമായും ഉയർന്നുവരാം. അന്തർ വൈജ്ഞാനിക പഠനങ്ങൾ ഉണ്ടാവുക എന്നതിനർത്ഥം പ്രത്യേകപഠനവിഷയങ്ങൾ ഇല്ലാതാവുക എന്നല്ല. സ്വന്തം പഠനരീതികളുള്ള സ്വതന്ത്രവിഷയങ്ങൾ ഉണ്ടാകുമ്പോൾ മാത്രമേ അന്തർ വൈജ്ഞാനികപഠനവും സാധ്യമാവുകയുള്ളൂ. മറ്റു വിഷയങ്ങൾക്ക് ദത്തങ്ങളെ സംഭാവന ചെയ്യുന്ന വിഷയമെന്നല്ലാതെ ഒരു സ്വതന്ത്രവിഷയമായി മാറാൻ ഫോക്‌ലോറിന് വളരെയധികമൊന്നും കഴിഞ്ഞിട്ടില്ല. ജനതയുടെ സാംസ്കാരികമൂലധനം കൂടിയായ ഫോക്‌ലോറുകളെ പഠിക്കുന്ന വിഷയമെന്ന നിലയിൽ പുതിയ കാലത്ത് അതിന് വലിയ പ്രാധാന്യം കൈവരിക്കാൻ സാധിക്കും. സാംസ്കാരികമൂലധനത്തിന് പുതിയ രാഷ്ട്രീയാവേഗങ്ങൾ നിർമ്മിക്കാൻ സാധിക്കുമെന്ന് തിരിച്ചറിയുന്ന സന്ദർഭത്തിൽ പ്രത്യേകിച്ചും. വെറും ദത്തങ്ങൾ എന്ന നിലയ്ക്ക് ഇരുട്ടിൽ നിർത്തപ്പെടാതിരിക്കണമെങ്കിൽ ഫോക്‌ലോറിസ്റ്റിക്സ് എന്ന നിലയിലുള്ള പഠന ഗവേഷണങ്ങൾ ശക്തിപ്പെടേണ്ടിയിരിക്കുന്നു.

### 3.2 മാറുന്ന ഫോക് സങ്കല്പനം

പല ഫോക്‌ലോർ പഠനങ്ങളും പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്ന ജനതയെ നിഷ്കളങ്കവും നിരുപാധികവുമായ ഫോക് എന്ന നിലയിലാണ് സമീപിക്കുന്നത്. ആഗോളീകൃത ലോകത്ത് അത്തരം സംശുദ്ധ ഫോക് സങ്കല്പനത്തിന് യാതൊരു പ്രസക്തിയുമില്ലാതായിക്കഴിഞ്ഞിരിക്കുന്നു. ഗ്രാമീണർ/കൃഷീവലർ എന്നിങ്ങനെയുള്ള ഫോക് ധാരണകൾക്കും ഇളക്കം തട്ടിയിരിക്കുന്നു. തടാകത്തിലെ അലകളെപ്പോലെ ഒന്ന് മറ്റൊന്നിൽ വിലയം പ്രാപിക്കുന്ന മട്ടിൽ പരസ്പരബന്ധിതത്വത്തിലും പരസ്പരവിനിമയത്തിലും പ്രവർത്തിക്കുന്ന ഫോക്കുകളാണ് ഇന്നുള്ളത്. അതുകൊണ്ടുതന്നെ ഫോക്കിന്റെ സ്വത്വംഏകീഭാവം എന്നെല്ലാമുള്ളത് ഉറച്ച ശിലാഘടനയുള്ളതല്ലെന്നും ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് അടിപകരുന്ന സ്പെക്ട്രഘടനയിലുള്ളതാണെന്നും ഇന്ന് തെളിഞ്ഞു വരുന്നുണ്ട്. ഇതിനനുസരിച്ചുള്ള സമീപനം; ദത്തം, വിശകലനം,

സങ്കല്പനങ്ങളുടേയും സിദ്ധാന്തങ്ങളുടേയും രീതീശാസ്ത്രങ്ങളുടേയും തെരഞ്ഞെടുപ്പ് എന്നിവയിൽ പുലർത്താൻ ഗവേഷകന് കഴിയണം.

### 3.3 വർഗ്ഗീകരണത്തിലെ പ്രതിസന്ധികൾ

ഫോക്‌ലോറിൽ പ്രധാനമായും മൂന്നുതരം വർഗീകരണരീതികൾ നിലവിലുണ്ട്. 1. ദേശീവിഭാഗം (Native Category) 2.അക്കാദമിക് വിഭാഗം, 3. വിശകലന വിഭാഗം തച്ചോളിപ്പാട്ട് ഒരു ദേശീവിഭാഗമാണ്. വടക്കൻപാട്ട് എന്നത് മലയാളത്തിലെ അക്കാദമിക് കാറ്റഗറിയായി രൂപപ്പെടുകയും പിന്നീട് ദേശീവിഭാഗമെന്നിലയിൽ സ്വാംശീകരിക്കപ്പെടുകയും ചെയ്ത ഒന്നാണ്. വീരകഥാഗാനം (Ballad) എന്നത് ഒരു അക്കാദമിക് കാറ്റഗറിയാണ്. ബാലഡ്, കടംകഥ, പഴഞ്ചൊല്ല് തുടങ്ങിയവ വ്യത്യസ്ത ജനുസ്സുകളാണ്. ജാനുഷിക വർഗീകരണം പ്രധാനമായും ഘടന, ഉള്ളടക്കം എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇന്ന് ഫോക്‌ലോർ പഠനം കൂടുതലും ഘടനയെയും ഉള്ളടക്കത്തെയും മാത്രം അടിസ്ഥാനമാക്കിയുള്ളതല്ല. ലോറുകളുടെ സന്ദർഭം, ധർമ്മം, പാഠഭേദം, പാഠാന്തരത്വം തുടങ്ങിയ പലതും പഠനത്തിന്റെ അടിസ്ഥാനങ്ങളായി വരുമ്പോൾ അതിനെക്കൂടി ഉൾക്കൊള്ളാൻ കഴിയുന്ന പുതിയ വർഗീകരണത്തിലേക്കു പോകേ?ണ്ടി വരും. അങ്ങനെയാണ് വിശകലനവിഭാഗം (Analytical Category)എന്ന പുതിയ വർഗീകരണമുണ്ടാകുന്നത്. കാർഷിക ഫോക്‌ലോർ, നാഗരിക ഫോക്‌ലോർ, വംശീയ ഫോക്‌ലോർ, ഉർവരതാ ഫോക്‌ലോർ, ആനിമൽ ഫോക്‌ലോർ, പ്ലാന്റ് ലോർ തുടങ്ങിയ നിരവധി വിഭാഗങ്ങൾ ഉണ്ടാകുന്നത് ഇത്തരത്തിലാണ്. ജനതയുടെ ജീവിതത്തിലും സംസ്കാരത്തിലും ഉർവരതയെ സംബന്ധിക്കുന്ന ആശയങ്ങൾ എവിടെ എങ്ങനെ പ്രത്യക്ഷപ്പെടുന്നുവെന്നും അതിന്റെ മൂല്യമെന്താണെന്നും ഉള്ള പഠനത്തിൽ ഈ ആശയം ആവിഷ്ക്കരിക്കപ്പെടുന്ന ലോറുകളെയെല്ലാം ഒന്നിച്ചെടുക്കേണ്ടതായി വരും. പുതിയ ഫോക്‌ലോർ പഠനങ്ങളുടെ ലക്ഷ്യവും രീതിയും ഈ രീതിയിലാണ് മാറി വരുന്നത്. അപ്പോൾ ജാനുഷിക വർഗീകരണത്തിനുപകരം ഉർവരതാ ഫോക്‌ലോർ എന്ന വിശകലനവിഭാഗത്തെ പിന്തുടരുന്നതായിരിക്കും അഭികാമ്യം.

### 3.4. ഫോക് ജീവിതവും ലോറുകളും നേരിടുന്ന പ്രതിസന്ധികൾ

ഫോക് ജീവിതത്തിനു സംഭവിക്കുന്ന മാറ്റത്തിനനുസരിച്ച് ലോറുകളും മാറിക്കൊണ്ടിരിക്കുന്നുണ്ട്. ലോറുകളുടെ സന്ദർഭം, ധർമ്മം, ചേരുവ, മാധ്യമം, ഘടന, രൂപം തുടങ്ങിയവയെല്ലാം മാറിക്കൊണ്ടിരിക്കുന്നുണ്ട്. അനുഷ്ഠാനം അവതരണകലയും അവതരണകല അനുഷ്ഠാനവുമായി മാറാം. കടംകഥ

കഥാരൂപം കൈക്കൊള്ളാം. ഗുണപാഠകഥകളും അവതരണകലകളും ഉൾപ്പെടെയുള്ളവയുടെ സന്ദേശം മാറിവരാം. ഗ്രാമത്തിൽനിന്ന് നഗരത്തിലേക്കും നഗരത്തിൽനിന്ന് ഗ്രാമത്തിലേക്കും കാവുകളിൽനിന്ന് തിയേറ്ററുകളിലേയ്ക്കുമെല്ലാം സന്ദർഭങ്ങൾ മാറി വരാം. വൻകരകൾ സഞ്ചരിച്ചും പുതിയ സന്ദർഭങ്ങൾ തേടാം. വാമൊഴി എന്ന മാധ്യമത്തിൽനിന്ന് അച്ചടി-ഡിജിറ്റൽ-ദൃശ്യ മാധ്യമങ്ങളിലേക്കും വരാം. ഇങ്ങനെ മാറിക്കൊണ്ടിരിക്കുന്ന ഫോക്‌ലോറുകളെ എങ്ങനെ ഫോക്‌ലോർ പഠനത്തിലേയ്ക്കു കൊണ്ടുവരാമെന്നതാണ് ഫോക്‌ലോർ ഗവേഷകരുടെ മുമ്പിലുള്ള മറ്റൊരു പ്രതിസന്ധി. അതു കഴിയണമെങ്കിൽ ഇത്തരം മാറ്റങ്ങളുമായി മുഖാമുഖം നിൽക്കുന്ന പുതിയ സിദ്ധാന്തങ്ങളെയും സങ്കല്പനങ്ങളെയും പഠനരീതികളെയും കൂടി അവലംബിക്കേണ്ടി വരും.

ചുരുക്കം ചില പണ്ഡിതരെങ്കിലും ഫോക്‌ലോർ പഠനത്തിലെ ഇത്തരം പ്രതിസന്ധികളെ അഭിസംബോധന ചെയ്തിട്ടുണ്ട്. പുതിയ ഗവേഷണത്തിൽ ഈ പ്രതിസന്ധികളെ മറികടക്കടക്കണമെന്നുള്ളവർ ആദ്യം ചെയ്യേണ്ടത് ഫോക്‌ലോറിലെ ഗവേഷകരുടെ അനുഭവങ്ങളെയും അവർ മുന്നോട്ടുവെച്ച സംവാദങ്ങളെയും പരിചയപ്പെടുകയെന്നതാണ്. അതിന്റെകൂടി ബലത്തിൽ ഈ പ്രതിസന്ധികളെ മറികടക്കാൻ കൂട്ടായ ആലോചനകളിലൂടെയും ഇടപെടലുകളിലൂടെയും പുതിയ ഗവേഷകർക്ക് കഴിയേണ്ടതുണ്ട്. അപ്പോൾ മാത്രമേ സമകാലവൈജ്ഞാനികതയെ ഉൾക്കൊള്ളുന്ന ഭാവിയുടെ ജ്ഞാനശാസ്ത്രം കൂടിയാകാൻ ഫോക്‌ലോറിന് സാധിക്കുകയുള്ളൂ. അത്തരമൊരാലോചന ഈ പ്രബന്ധത്തിന്റെ വിഷയമല്ലാത്തതിനാൽ തൽക്കാലം അതിലേയ്ക്കു പ്രവേശിക്കുന്നില്ല.

## കുറിപ്പുകൾ

1. ഇവർക്കുമുമ്പ് ആൽഫ്രഡ് കോർസിബ്സികിയും ഇതേ രൂപകം ഉപയോഗിച്ചിട്ടുണ്ട്. ആദ്യമായി ഈ രൂപകം ഉപയോഗിച്ചത് എറിക് ടെമ്പ്ൾബെൽ (1933) ആണ്.
2. 'Every research act is an act of creating a new way of understanding and perceiving a new map of territory'
3. ഒരു ജനതയെ അവരിൽ ഒരാളായിനിന്ന് അവരുടെ കണ്ണിലൂടെ പഠിച്ച് അവതരിപ്പിക്കുന്ന രീതിയാണ് വംശീയപഠനരീതി. ഇതിൽ ഗവേഷകന്റെ നോട്ടസ്ഥാനമാണ് അതിനെ വിമർശനാത്മകവും ആത്മവംശീയവുമാക്കി മാറ്റിത്തീർക്കുന്നത്. അയാൾ പുറത്തുനിന്നുള്ള ഒരാളായി സ്വയം അടയാളപ്പെടുത്തുമ്പോൾ അത് എറ്റിക് വീക്ഷണവും ആ പഠനം വിമർശനാത്മക വംശീയ പഠനവുമാകുന്നു.

എന്നാൽ ഗവേഷകൻ തന്നെ അകത്തുനിന്നുള്ള ഒരാളായാണ് അടയാളപ്പെടുത്തുന്നതെങ്കിൽ അത് എമിക് വീക്ഷണവും ആ പഠനം ആത്മവംശീയ പഠനവുമാകുന്നു.

4. ഈ സ്ഥാനീകരണം ഒരുതരത്തിൽ അറിവിന്റെ ചരിത്രപരതകൂടിയാണ്. സ്വന്തം നിലയെ ഉദാഹരിച്ചുകൊണ്ട് മാർഗരറ്റ് കുമാറും സുപ്രിയ പട്ടനായകും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. 'The theoretical importance of how I positon myself in relation to my 'being' lies in articulating my historicity. By historicity I mean the backstory that led to certain events that resulted in the actuality of my being' (2018:20).

## ആധാരസൂചി

1. Adital Ben-Ari and Guy Enosh, 2020: Power and Knowledge Construction in Qualitative Research, Routeledge:London.
2. Alan Dundes (Ed.) 1965, The Study of Floklore, Englewood Cliffs, N.J.: Printce Hall
3. Earl Babbie, 2017: The Basics of Social Research, Cengage learning: Delhi
4. E.T. Bell 1933: The Magic of Numebrs, United Book Guild: London.
5. James A Holstein and Jaber F.Gubrium, (Ed.) 2012: Varieties of Narrative Analysis, Sage: London
6. Richard M. Dorson, (Ed) 1972: Folklore and Folklife: An Introduction, University of Chicago Press: Chicago
7. Walter J. Ong, 1982: Orality and Ltieracy, Routledge: London
8. Wayne C. Booth, Gregory G. Colomb & Joseph M. Williams, 1995 :
9. The Craft of Research, University of Chicago Press: London
10. Dan Ben Amos (Ed.) 1969: Folkore Genres, American Folklore Society.
11. ഇ.വി. രാമകൃഷ്ണൻ, 2020, അക്ഷരവും ആധുനികതയും, കേരള സാഹിത്യ അക്കാദമി: തൃശ്ശൂർ
12. കെ.എം. ഭരതൻ, 2003 : ഫോക്‌ലോർ സങ്കേതങ്ങളും സങ്കല്പനങ്ങളും എഫ്. എഫ്.എം.പബ്ലിക്കേഷൻസ്:പയ്യന്നൂർ
13. ചാത്തനാത്ത് അച്യുതനുണ്ണി 2011: ഗവേഷണം പ്രബന്ധരചനയുടെ തത്വങ്ങൾ, വള്ളത്തോൾ വിദ്യാപീഠം: ശുകപുരം
14. രാഘവൻ പയ്യനാട്, 1998 : ഫോക്‌ലോറിന് ഒരു പഠനപദ്ധതി, കേരള സാഹിത്യ അക്കാദമി: തൃശ്ശൂർ.

*drkmbharathan@gmail.com*

# അന്തർവൈജ്ഞാനികത

**ഡോ.ടി.എം. സോമലാൽ**
**അസി. പ്രൊഫസർ, മലയാളവിഭാഗം, പി.എം. ഗവ.കോളേജ്, ചാലക്കുടി.**

**സംഗ്രഹം**

ആധുനികവും ഉത്തരാധുനികവുമായ ലോകബോധങ്ങൾ തമ്മിലുള്ള സംഘർഷം ജ്ഞാനമേഖലയിലും കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി സജീവമാണ്.ഇതിന്റെ പശ്ചാത്തലത്തിൽ അന്തർവൈജ്ഞാനികത എന്ന ഉത്തരാധുനിക ജ്ഞാനസമ്പ്രദായത്തെ ചരിത്രപരമായി സ്ഥാനപ്പെടുത്താനും അതിന്റെ സവിശേഷതകൾ വിശദീകരിക്കാനുമാണ് ഇവിടെ ശ്രമിക്കുന്നത്. അറിവും അധികാരവും തമ്മിലുള്ള വിനിമയങ്ങളുടെ തലത്തിൽ എങ്ങനെയാണ് ആധുനിക അറിവുനിർമ്മാണ ക്രമത്തിന്റെയും അതിന്റെ വിമർശനസ്ഥാനങ്ങളുടെയും സ്വഭാവങ്ങൾ രൂപ പ്പെട്ടിരിക്കുന്നത് എന്ന് പരിശോധിക്കുന്നു.ഒരു ഗവേഷണസമീപനം എന്ന നിലയിൽ അന്തർവൈജ്ഞാനികതയുടെ സൈദ്ധാന്തിക മേഖലയും രീതിപദ്ധതികളും മനസ്സിലാക്കാൻ ശ്രമിക്കുന്നു.

**താക്കോൽവാക്കുകൾ:** അന്തർവൈജ്ഞാനികത, ബഹുവൈജ്ഞാനികത, അന്തർവിജ്ഞാനം, ശാ ഖാനിഷ്ഠത,വിഷയനിഷ്ഠത, വസ്തുനിഷ്ഠതാവാദം വ്യാഖ്യാനവാദം ,അപരവത്കരണം, ഘടനാവാദാനന്തരത, സംസ്കാരപഠനം, ശാഖാനി.

ഉത്തരാധുനികമായ ജ്ഞാനനിർമാണ സമീപനമാണ് അന്തർവൈജ്ഞാനികത. എന്നാൽ ഇതിനെ ആധുനികജ്ഞാനപദ്ധതിയുടെ അപരം എന്ന നിലയിൽ സങ്കല്പിച്ചാൽ അത് അതിവാദമാവുകയും ചെയ്യും. വിജ്ഞാനങ്ങൾ അഥവാ ഡിസിപ്ലിനുകൾക്ക് നിരപേക്ഷമല്ല അന്തർവൈജ്ഞാനികത. എന്നാൽ വിജ്ഞാനനിഷ്ഠ/ശാഖാനിഷ്ഠ അറിവുപദ്ധതിയോട് വിമർശനവും

അതിൽനിന്നുള്ള മുന്നോട്ടുപോക്കും ഇത് ഉൾക്കൊള്ളുന്നു. വിഷയാന്തരത, ശാഖാന്തരീയത, അന്തരാനുശീലനം, അന്തർവൈജ്ഞാനികത എന്നിങ്ങനെ പല മട്ടിൽ ഇന്റർഡിസിപ്ലിനാരിറ്റി എന്ന പദം മലയാളത്തിൽ തർജ്ജമ ചെയ്തു കാണാറുണ്ട്. വിജ്ഞാനശാഖകൾ മറികടന്നുകൊണ്ടുള്ള/അവയ്ക്കിടയിലുള്ള അറിവന്വേഷണം എന്ന് സാമാന്യമായി നിർവചനവും നൽകിക്കാണുന്നു. വാസ്തവത്തിൽ അന്തർവൈജ്ഞാനികത ഒരു നൂറ്റാണ്ടെങ്കിലുമായി സൈദ്ധാന്തിക, പ്രായോഗിക രൂപങ്ങളിൽ വികസിച്ചതും അതുവഴി രൂപീകരിക്കപ്പെട്ട വിപുലമായ അറിവുമേഖലകൾ സൃഷ്ടിച്ചിട്ടുള്ളതുമായ ഒന്നാണ്. അത് ഒരു സമീപനമെന്ന നിലയിലും സിദ്ധാന്തമെന്ന നിലയിലും ജ്ഞാനമേഖല എന്ന നിലയിലും വികാസം പ്രാപിച്ചുകഴിഞ്ഞിട്ടുണ്ട് എന്നർത്ഥം. അതുകൊണ്ട് അന്തർവൈജ്ഞാനികതയെ സാമാന്യമായി നിർവചിക്കുന്ന സമ്പ്രദായങ്ങൾ കാലത്തോട് നീതി പുലർത്തുന്നില്ല. സങ്കേതപരവും സൈദ്ധാന്തികവും പ്രായോഗികവുമായ അതിന്റെ വിശദരൂപത്തിലേക്ക് നമ്മുടെ പഠിതാക്കളുടെ ശ്രദ്ധ പതിയേണ്ടതായിട്ടുണ്ട്.

തൊണ്ണൂറുകളിൽ മലയാളവിമർശനരംഗത്ത് ഉത്തരാധുനികതയെ സംബന്ധിച്ച വാദപ്രതിവാദങ്ങളും ആശയരൂപീകരണങ്ങളും സജീവമാകുന്ന ഘട്ടത്തിലാണ് അന്തർവൈജ്ഞാനികതയും മലയാളത്തിൽ സ്ഥാനപ്പെടുന്നത് എന്നു കാണാം. ഇതിനൊരു പ്രധാന കാരണം അക്കാലത്ത് പരിചയപ്പെട്ടുത്തപ്പെട്ട സ്ത്രീവാദം, പരിസ്ഥിതിവാദം, സംസ്കാരപഠനം, തുടങ്ങി ഏത് ഉത്തരാധുനിക പദ്ധതിയുടെയും ജ്ഞാനസമീപനം അന്തർവൈജ്ഞാനികമായിരുന്നു എന്നതാണ്. എന്നാൽ ഈ ഘട്ടത്തിൽ അന്തർവൈജ്ഞാനികത കടന്നുവന്നപ്പോൾ പോലും അതിന്റെ സൈദ്ധാന്തികതയോ, രൂപപ്പെടലിന്റെ ചരിത്രബന്ധങ്ങളോ മലയാളത്തിൽ ചർച്ചചെയ്യപ്പെട്ടില്ല എന്നതൊരു വൈരുദ്ധ്യമാണ്. ഇംഗ്ലീഷിലെ സ്ഥിതി ഇതല്ല. നിരവധി പഠനഗ്രന്ഥങ്ങൾ അന്തർവൈജ്ഞാനികതയെക്കുറിച്ച് തൊണ്ണൂറുകളിലും രണ്ടായിരത്തിന്റെ ആദ്യ പതിറ്റാണ്ടിലും ലഭ്യമായി. മലയാളത്തിൽ ഇത്തരമൊരു വിപുലനം ഈ ആശയത്തിനു ലഭിക്കുന്നത് കഴിഞ്ഞ പതിറ്റാണ്ടുമുതലാണ്. ഇതിന്റെ ഭാഗമായി നിരവധി ലേഖനങ്ങൾ മലയാളത്തിൽ ഈ വിഷയത്തിൽ ഇന്ന് ലഭ്യമാണ്. എന്നാൽ ഗ്രന്ഥരൂപത്തിൽ ഇനിയും അന്തർവൈജ്ഞാനികത മലയാളത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടില്ല.

സാഹചര്യം ഇങ്ങനെയെങ്കിലും സമകാലിക ലോകസാഹചര്യത്തിലെന്നപോലെ നമ്മുടെ സാഹചര്യത്തിലും അന്തർവൈജ്ഞാനികത

അറിവുനിർമ്മാണത്തിന്റെ ആദർശരൂപമായി അംഗീകരിക്കപ്പെട്ടുവരുന്നുണ്ട്. ഭരണകൂടം അതിന്റെ വൈജ്ഞാനിക കാഴ്ചപ്പാടുകൾ രൂപീകരിക്കുമ്പോഴും, അതിന്റെ ഭാഗമായി സർവകലാശാലകൾ കോഴ്സുകൾ ക്രമപ്പെടുത്തുമ്പോഴും അവയെല്ലാം അന്തർവൈജ്ഞാനികതയെ മുൻനിർത്തിക്കൊണ്ടുള്ളതായി ത്തീരുന്നുണ്ട്. എന്താണ് അന്തർവൈജ്ഞാനികത? ആധുനിക അറിവുപദ്ധതി യിൽ നിന്നത് വ്യത്യാസപ്പെടുന്നതെങ്ങനെ? അതിന്റെ ചരിത്രവികാസ പ്രക്രിയ എങ്ങനെ? അതിന്റെ പ്രായോഗികരൂപങ്ങൾ ഏതു വിധമാണ് എന്നെല്ലാമുള്ള അന്വേഷണങ്ങൾ ഈ ഘട്ടത്തിൽ പ്രസക്തമാണ്. ഈ പഠനം ശ്രദ്ധിക്കു ന്നത് മേൽപ്പറഞ്ഞ മേഖലകളാണ്. അന്തർവൈജ്ഞാനികത കേവലമായ ഒരാശയമല്ല. ഉത്തരാധുനികതയുടെ പൊതുദാർശനികഭൂമികയിൽ നിന്നാണ് ഇതും വിപുലപ്പെടുന്നത്. അതുകൊണ്ട് അറിവിനെക്കുറിച്ച് ആധുനികതയും ഉത്തരാധുനികതയും പുലർത്തിയ ദർശനത്തിന്റെ വൈരുദ്ധ്യങ്ങളും സമന്വ യങ്ങളും കൂടി ഈ ചർച്ചയിൽ പ്രസക്തമാകുന്നു.

### ശാഖാനിഷ്ഠത: ശ്രേണീകരണവും മേൽക്കോയ്മയും

ആധുനികവിജ്ഞാനക്രമം ശാസ്ത്രോന്മുഖമായ ഒരു ക്രമമാണ്. വിജ്ഞാ നങ്ങളുടെ ശ്രേണീക്രമം പരിശോധിച്ചാൽ ഏറ്റവും മുകളിൽ വരുന്നത് 'ശുദ്ധ'ശാസ്ത്രവിഷയങ്ങളാണ്. ഏറ്റവും താഴെയാകട്ടെ മാനവികവിഷയങ്ങ ളും. ശാസ്ത്രത്തിന്റെ ആദർശത്തിലാണ് ഈ ക്രമം വാർക്കപ്പെട്ടിരിക്കുന്നത്. 'ശാസ്ത്രീയത'യിൽ പിന്നിലായിട്ടുള്ള മാനവികവിഷയങ്ങൾ പിന്നാക്കവിഷയ ങ്ങളായും കൃത്യതയും വ്യക്തതയും ഇല്ലാത്ത അറിവുകൾ നിർമ്മിക്കുന്ന മേഖ ലകളായും വകഞ്ഞുമാറ്റി നിർത്തപ്പെട്ടു. ശാസ്ത്രത്തെ അനുകരിക്കുക, സ്വയം ശാസ്ത്രമായിത്തീരുക എന്നതാണ് സാമൂഹിക മാനവിക വിഷയങ്ങൾക്ക് എത്തിപ്പിടിക്കാനുള്ള ആദർശമായി പ്രഖ്യാപിക്കപ്പെട്ടത്. പോസിറ്റിവിസ ത്തിന്റെ വക്താവായ അഗസ്തെ കോംതെ (Auguste Comte 1798-1857) സാമൂഹിക-മാനവികവിഷയങ്ങളെ ശാസ്ത്രീയമാക്കാനുള്ള ആഹ്വാനം നൽകി. "പ്രകൃതിശാസ്ത്രം എങ്ങനെയാണോ നിർമിക്കപ്പെട്ടിരിക്കുന്നത്, അതേ തത്വ ങ്ങൾ പ്രകാരം സാമൂഹിക ശാസ്ത്രവും നിർമിക്കാവുന്നതാണെ"ന്ന് കോംതെ കരുതി. ഇപ്രകാരം പ്രകൃതിശാസ്ത്രത്തിന്റെ അതേ തത്വങ്ങളാൽ നിർമിക്ക പ്പെടുന്ന സാമൂഹികശാസ്ത്രത്തിന് സമൂഹത്തെക്കുറിച്ചുള്ള വസ്തുനിഷ്ഠസത്യം നിർമിക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു: "അനുഭവൈക നിരീക്ഷണ മാർഗ്ഗങ്ങളിലൂടെ മാനവികതയുടെ കാര്യകാരണതത്വങ്ങൾ അലംഘനീയ നിയമങ്ങളിലൂടെ എഴുതപ്പെടും"[1] ഈ ആശയങ്ങൾ ജ്ഞാനമേഖലയിൽ

വികസിച്ചതിന്റെ ഫലമായിരുന്ന സാഹിത്യം അടക്കമുള്ളവയെ വിലകുറഞ്ഞ വിഷയങ്ങളായി ഗണിച്ചവരാനിടയാക്കിയത്. സാഹിത്യം ശാസ്ത്ര-സാമൂഹികശാസ്ത്രവിഷയങ്ങളുടെ ഉപാദാനമേഖലയായി മാറി. സാഹിത്യകൃതിയിലെ 'ഭാഷ' കണ്ടെത്തലും സാമൂഹികത കണ്ടെത്തലും ഗവേഷണലക്ഷ്യമായിത്തീർന്നു. ശേഖരണവർഗ്ഗീകരണങ്ങളും ക്രോഡീകരണവും. സാഹിത്യം ഒരു അർത്ഥനിർമാണരീതിയായി, കർതൃത്വമുള്ള ഒന്നായി, ശാസ്ത്രേതരമായ സാധ്യതകളുടെ മേഖലയായി ഗണിക്കപ്പെട്ടില്ല. "സാഹിത്യനിരൂപണത്തിന്റെ ഉപവിഭാഗമായി സാഹിത്യഗവേഷണത്തെ പാശ്ചാത്യർ വീക്ഷിക്കാൻ തുടങ്ങിയത് ഇരുപതാം ശതകത്തിലാണ്. അതുവരെ വൈജ്ഞാനിക മേഖലകളെ ഉദ്ദേശിച്ചുമാത്രമേ ഗവേഷണം എന്നു പറഞ്ഞിരുന്നുള്ളൂ. ആധുനികകാലത്ത് വേരുറച്ച ശാസ്ത്രബോധം ഈ രംഗത്തും വ്യാപിച്ചതിന്റെ ഫലമായി വസ്തുതകളെയും സത്യങ്ങളെയും പരമാവധി ശേഖരിക്കുകയും അവയെ അപഗ്രഥിക്കുകയും ചെയ്യുക പഠനരീതിയായി മാറി. അതിനു സ്വാഭാവികമായി ഗവേഷണമെന്ന പേരുവന്നു."[2] സാഹിത്യത്തിൽ സൈദ്ധാന്തിക പരിശോധനകൾക്ക് കൃത്യതയും വ്യക്തതയുമാർന്ന സംവേദനം സാധ്യമാകുന്നില്ല. അതിനാൽ ഇക്കാര്യത്തിൽ താരതമ്യേന മെച്ചമായ ഭാഷാശാസ്ത്രം സാഹിത്യപഠനത്തോട് എപ്പോഴും കൂട്ടിച്ചേർക്കപ്പെട്ടു. അങ്ങനെ വിജ്ഞാനശാഖ വ്യക്തിത്വം ഉറപ്പിച്ചു. പീറ്റർ ബാരി ഇത് ചൂണ്ടിക്കാട്ടുന്നുണ്ട്."[3]

രീതിശാസ്ത്രസമീപനങ്ങളിൽ തോതിന്റെ (quantity) ക്രമമാണ് മേൽക്കൈ നേടിയത്. സാംഖികമായി സ്ഥാപിക്കാൻ കഴിയുന്ന തെളിവുകളെയാണ് അളവു രീതിശാസ്ത്രം ഉപയോഗിക്കുന്നത്. ശാസ്ത്രമേഖലയിലെ ഉദാഹരണമെടുത്താൽ തന്മാത്രകളുടെ എണ്ണം, ഓസോൺപാളിയുടെ വലുപ്പം, സാഹിത്യപഠനത്തിൽ നോക്കിയാൽ ഒരു എഴുത്തുകാരിയുടെ/കാരന്റെ സമഗ്രമായ സംഭാവനകൾ(?), കൃതിയിലെ ചില പദങ്ങളുടെയോ, പ്രമേയങ്ങളുടെയോ അളവുകൾ, ആവർത്തനങ്ങൾ എന്നിവ ഇവയിൽപ്പെടും. എളുപ്പത്തിൽ അളവാക്കി മാറ്റാൻ കഴിയാത്തവയാണ് ഗുണാത്മകരീതിശാസ്ത്രം (qualitative methedology) കൈകാര്യം ചെയ്യുന്നത്. മാനവിക പഠനമേഖലയിൽ കാണാവുന്നത് ഗുണവാചികളാണ്. സ്നേഹം, സ്വാതന്ത്ര്യം, പ്രണയം—ഇവയിൽ അളവും കൃത്യതയുമല്ല മാനദണ്ഡം.

ഒരു സാഹിത്യകൃതിയിൽ പുരുഷാധിപത്യ പ്രവണതകൾ ചർച്ചചെയ്യുന്ന ഒരു ഗവേഷണം, ടിയാളുടെ കൃതികൾ നൂറുശതമാനവും പുരുഷാധിപത്യപരമാണ് എന്ന നിഗമനത്തിലെത്താം. എന്നാൽ ഏതെങ്കിലും ഒരു വാക്കോ

പ്രയോഗമോ കൊണ്ട് അളവിന്റെ ഊ ഭൂരിപക്ഷത്തെ നിർവീര്യമാക്കാൻ കഴിയാമെന്നിരിക്കേ 'സമഗ്രമായ' വിധി തീർപ്പുകൾ സത്യമാകുന്നില്ല. "മാന വികഗവേഷണം വസ്തുനിഷ്ഠ സത്യത്തിലല്ല ഊന്നുന്നത്. അത് അർത്ഥത്തിന്റെ പ്രവർത്തനത്തെക്കുറിച്ചാണ് അന്വേഷിക്കുന്നത്. സംഭവങ്ങളുടെ കാരണം കണ്ടെത്തുകയല്ല, വ്യാഖ്യാനങ്ങൾ സൃഷ്ടിക്കുകയാണ്. ആഖ്യാനാത്മകഭാവന (narrative imagination) ആണ് ചരിത്രത്തിന്റെയും സംസ്കാരത്തിന്റെ യുമെല്ലാം പ്രധാന സമീപനം."[4]

## ജ്ഞാനനിർമാണത്തിലെ 'ജാതിവ്യവസ്ഥ'

ഒരു വിജ്ഞാനം (discipline) സജാതീയ ഘടകങ്ങളുടെ സമൂഹമേഖലയാണ്. ഓരോ വിജ്ഞാനശാഖയ്ക്കും പ്രത്യേകമായൊരു പഠനമേഖലയുണ്ടായിരിക്കും. ഈ മേഖല താരതമ്യേന സ്വതന്ത്രമായിരിക്കുകയും ചെയ്യും. ഭൗതികശാസ്ത്ര ത്തിന് ഭൗതിക പ്രതിഭാസങ്ങൾ, ഭാഷയ്ക്ക് ഭാഷാ പ്രതിഭാസങ്ങൾ എന്നിങ്ങനെ. എന്നാൽ സാഹിത്യം പോലുള്ള മേഖലകൾക്ക് ഒരേ സ്വഭാവം പുലർത്തുന്ന താല്പര്യമേഖല വിഷയതലത്തിൽ സങ്കല്പിക്കാനാവില്ല. അവ നിരവധി യായ വിജ്ഞാനങ്ങളുടെയും അറിവുമേഖലയുടെയും കലർപ്പുരൂപങ്ങളാണ്. സാഹിത്യം ഒരേസമയം രാഷ്ട്രതന്ത്രവും നീതിശാസ്ത്രവും മനശ്ശാസ്ത്രവുമൊക്കെയാ യിത്തീരുന്നു. സാഹിത്യം ഏതെങ്കിലും ഒന്നിനെക്കുറിച്ചുള്ളതല്ല. എല്ലാറ്റിനെയും കുറിച്ചുള്ളതാണ്. അതുകൊണ്ട് സാഹിത്യത്തിന് വിജ്ഞാനപദവി ലഭിച്ചില്ല. ജൂലി തോംസൺ ക്ലെയിൻ ഈ സവിശേഷതയെ ചൂണ്ടിക്കാണിക്കുന്നുണ്ട്.[5]

വിപുലമായി നോക്കിയാൽ സാഹിത്യം മാത്രമല്ല ഏതൊരു പ്രതിഭാസ വും പ്രത്യേക വിഷയത്തിനകത്തല്ല സംഭവിക്കുന്നത്. നിത്യജീവിതത്തിലെ ഏതൊരു ആവിഷ്കാരവും ഏതെങ്കിലുമൊരു വിഷയത്തിനകത്ത് (in a discipline) പൂർണമാകുന്നതല്ല. എന്നാൽ ഒരു പ്രത്യേക വിഷയത്തിന്റെ വിഷയമായി (subject of a discipline) കല്പിക്കുന്നതിലൂടെ ആ പ്രതിഭാസ ത്തിന്റെ അർത്ഥമണ്ഡലം സംവരണം ചെയ്യപ്പെടുന്നു. ഇതിന്റെ ഭാഗമായി രൂപീകരിക്കപ്പെടുന്ന അറിവ് ഭാഗികവീക്ഷണ(Tunnel vision) ത്തോടെയു ള്ളതാകുന്നു. സിദ്ധാന്തപദ്ധതിയിലേക്കും ഈ ദോഷം കടന്നുവരുന്നു. സിദ്ധാ ന്തമാതൃകയെ ഒരു കൃതിയിലേക്ക് ആരോപിക്കുകയും അതിന്റെ പ്രതിഫലനം കണ്ടെത്തുകയുമാണ് സിദ്ധാന്തനിരൂപണത്തിന്റെ പൊതുരീതി. ഇവിടെ സാഹിത്യത്തിന്റെ പാഠവൈവിധ്യം ഏതെങ്കിലുമൊന്നിലേക്ക് ചുരുങ്ങുന്നു.

ഈ ഭാഗികവീക്ഷണം പരപ്പിൽ ഭാഗികമെങ്കിലും ആഴത്തിൽ ശ്രദ്ധിക്കു ന്ന ഒന്നാണ്. ഈ വീക്ഷണത്തിലൂടെ ആധുനികഘട്ടത്തിൽ അപഗ്രഥനാത്മക

വിജ്ഞാനത്തിൽ കുതിച്ചുചാട്ടങ്ങൾ തന്നെ ഉണ്ടായി. അർത്ഥങ്ങളെ സാകല്യത്തിൽ നിന്നും സംവാദങ്ങളിൽ നിന്നുമകറ്റി സവിശേഷവും സൂക്ഷ്മവുമായ മണ്ഡലത്തിൽ പ്രതിഷ്ഠിക്കുക, ആ മണ്ഡലം ആവുന്നത്ര സജാതീയമാക്കിയ ശേഷം അതിനെ ഒരു മേഖലയാക്കി വിജ്ഞാനശാഖയെ നിർവചിക്കുക, അതിന്റെ വിശേഷവൽക്കരണം നിർവഹിക്കുക എന്നതാണ് ആധുനിക അറിവുപദ്ധതിയുടെ രീതി.

അപരവൽക്കരണമാണ് ആധുനിക വിജ്ഞാനപദ്ധതിയുടെ മറ്റൊരു സ്വഭാവം. ഡിസിപ്ലിനുകൾ പ്രത്യേക മേഖലകളെ ഊന്നിനിൽക്കുക മാത്രമല്ല മറ്റുള്ളവയെ അന്യമെന്നു വിധിക്കുകയും ചെയ്യും. സർവ്വകലാശാലകളിലെ ഒറ്റതിരിഞ്ഞുനിൽക്കുന്ന വകുപ്പുകളെ (departments) ബി.ആർ. ക്ലാർക്ക് വിവരിക്കുന്നതിങ്ങനെയാണ്: "സാമൂഹ്യപഠന ഗോത്രത്തിലെ മനുഷ്യർ ഭൗതികവിജ്ഞാനികളുടെ പ്രദേശം വിരളമായേ സന്ദർശിക്കാറുള്ളൂ. അവരവിടെ ചെയ്യുന്നതെന്താണെന്നതിനെക്കുറിച്ച് യാതൊരു ഊഹവും ഇവർക്കില്ലതാനും. വിജ്ഞാനശാഖകൾ വേർതിരിക്കപ്പെട്ട ഭൂവിഭാഗങ്ങളായി നിലനിൽക്കുന്നു വ്യതിരിക്തങ്ങളായ ഉപസംസ്കാരങ്ങളോടെ"[6] പരസ്പരം അകന്നുനിൽക്കുന്ന വിജ്ഞാനവിഭാഗങ്ങളുടെ നില കാണുമ്പോൾ അവയെല്ലാം കൈകാര്യം ചെയ്യുന്നത് മനുഷ്യൻ എന്നും പ്രപഞ്ചമെന്നുമുള്ള സാകല്യരൂപങ്ങളെയാണ് എന്ന പ്രാഥമിക ധാരണതന്നെ കൈമോശം വന്നതായി കാണാൻ കഴിയും. ഒരേ പ്രതിഭാസമേഖലയെ (?) പ്രശ്നവൽക്കരിക്കുന്ന വിഭാഗങ്ങളിൽ തന്നെ വൈരുദ്ധ്യം ശക്തമാണ്. ക്ലാസിക് കലകളുടെ വിദഗ്ധന് ഫോക്‌ലോറിനെക്കുറിച്ച് ഒന്നും അറിയണമെന്നില്ല. ഭാഷാശാസ്ത്രജ്ഞൻ സാഹിത്യമേഖലയെക്കുറിച്ച് അജ്ഞനാകാം. "ആധുനികസമൂഹത്തിൽ വിഷയവിദഗ്ധരുടെ (professionals) ആവശ്യകത വളരെ വലുതാണ്. ഈ ആവശ്യകതയും അത് നൽകുന്ന സാമ്പത്തിക സാധ്യതയും വിജ്ഞാന ശാഖകൾക്കും വിശേഷവൽക്കരിക്കപ്പെട്ട അറിവുകൾക്കും പ്രാധാന്യം നൽകിക്കൊണ്ടിരിക്കുന്നു. ഡിസിപ്ലിനുകൾ അക്കാദമിക ബഹുമതികൾ നൽകി വിദഗ്ധരെ കൂടുതൽ പ്രസക്തരും പ്രശസ്തരുമാക്കിക്കൊണ്ടിരിക്കുന്നു."[7] ഇങ്ങനെ ഇത് വിപണി താല്പര്യം കൂടിയാണെന്ന് മനസ്സിലാക്കാം. മൈക്രോസ്കോപ്പ് ഈ പ്രക്രിയയുടെ രൂപകവും ഉപകരണവുമാണ് എന്നു കാണാം. പ്രതിഭാസങ്ങളുടെ സൂക്ഷ്മങ്ങളിലേക്ക് സഞ്ചരിക്കാനാവുന്നു, പ്രത്യേക വീക്ഷണസ്ഥാനത്തിനുമേൽ വൈദഗ്ദ്ധ്യവും ആധികാരികതയും നിർമ്മിക്കാനാവുന്നു എന്നിവയാണ് ഇതിന്റെ മേന്മകളായി ഉയർത്തി നിർത്തപ്പെട്ടത്. ഈ ജ്ഞാനമാതൃക നൽകിയ സംഭാവനയാണ്

ആധുനികതയുടെ സകല 'പുരോഗതി' കളും എന്നു കാണാം. എന്നാൽ സ്പെഷ്യലൈസേഷൻ ഗവേഷകരെ പ്രശ്നത്തിന്റെ വിശാല സന്ദർഭത്തിൽ നിന്ന് അടർത്തിമാറ്റിയാണ് ഇത് നിർവഹിക്കുന്നത്. "വിശേഷവൽക്കരണം വിദ്യാർത്ഥിയെ വിശാല സന്ദർഭത്തിൽനിന്നും അന്ധനാക്കുന്നു. ജീവിതത്തിലെ കൂടുതൽ വലുതും കൂടുതൽ പ്രധാനവും കൂടുതൽ പ്രായോഗികവുമായ പ്രശ്നങ്ങളിൽ നിന്നും ചോദ്യമുയർത്താതെയും ഉത്തരം പറയാതെയും മാറിനിൽക്കാൻ പ്രേരിപ്പിക്കുന്നു. മനുഷ്യരാശി നേരിടുന്ന സങ്കീർണ്ണ പ്രശ്നപരിസരത്തെ തരണം ചെയ്യാൻ അറിവിന്റെ വിശേഷവൽക്കരണം കൊണ്ട് മാത്രം കഴിയുന്നതല്ല"[8] - ഈ വിശേഷവൽക്കരണം തീർത്തും അപായകരമായ ഫലങ്ങളെ ഉല്പാദിപ്പിച്ചിട്ടുണ്ട് എന്ന് കാണാവുന്നതാണ്. അതിൽ ഏറ്റവും പ്രധാനമാണ് രണ്ടാംലോക മഹായുദ്ധത്തിനുവേണ്ടി ശാസ്ത്രത്തെ ഉപയോഗപ്പെടുത്തിയത്. ആണവവിജ്ഞാനത്തെ സാമൂഹിക വിജ്ഞാനവുമായി ചേർത്തുവച്ചില്ല. സാമ്പത്തിക ശാസ്ത്രത്തെ നീതിബോധവുമായി ചേർത്തുവച്ചില്ല. പ്രകൃതിയെ മനുഷ്യന്റെ ചൂഷണവസ്തുവായി കണ്ടു. മനുഷ്യനതിൽനിന്ന് വ്യത്യസ്തമല്ല എന്നു മനസ്സിലാക്കിയില്ല. ഇങ്ങനെ നോക്കുമ്പോൾ ഇതൊരു ജ്ഞാനക്രമം മാത്രമല്ല രാഷ്ട്രീയക്രമം കൂടിയതാണെന്നു മനസ്സിലാക്കാനും. ലോകോത്തരമായ ഒരു ജ്ഞാനിവർഗം വിജ്ഞാനങ്ങളുടെ രക്ഷാപദവിയിലുണ്ടാകും. ഇതാകട്ടെ ഏതാണ്ട് യൂറോ കേന്ദ്രിതവുമായിരിക്കും. അവർ സ്ഥാപനവൽക്കരണത്തിലൂടെ ഡിസിപ്ലിനുകൾക്ക് ആധികാരികത നൽകിക്കൊണ്ടിരിക്കുന്നു. പ്രതിശബ്ദങ്ങൾക്ക് ഈ ഘടനയിലേക്ക് പ്രവേശിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ, അവിടെ അടയാളപ്പെടാനാവുന്നില്ല. നിലനിൽക്കുന്ന അറിവിനെ വിമർശിക്കുമ്പോൾ വ്യവസ്ഥയെത്തന്നെയാണ് വിമർശിക്കുന്നത് എന്ന് വരികയാൽ വ്യവസ്ഥകളും അവയുടെ സംരക്ഷകരായ അധികാരിലോകവും അസ്വസ്ഥമാകാൻ തുടങ്ങുന്നു. അറിവ് അധികാരം തന്നെയാണ്.

## വിഷയനിഷ്ഠതയും നവീകരണ പരിശ്രമങ്ങളും

1. ബഹുവൈജ്ഞാനികത (multidisciplinarity)

ശാഖാനിഷ്ഠ അറിവുക്രമത്തിന്റെ ദാർശനികമോ നൈതികമോ ആയ പരിമിതികളെ മറികടക്കുന്നതിനല്ലെങ്കിലും ആധുനിക ഘട്ടത്തിൽ തന്നെ ശാഖാനിഷ്ഠ വിജ്ഞാനക്രമത്തിന് ചില പരിഷ്കാരങ്ങൾ നടപ്പാക്കി വന്നിട്ടുണ്ട്. അതിലൊന്നാണ് ബഹുവൈജ്ഞാനികത. ചില സങ്കീർണപ്രശ്നങ്ങളിൽ ഒരു വിജ്ഞാനശാഖകൊണ്ട് മാത്രം പരിഹാരം കാണാനാവില്ല. അങ്ങനെയുള്ള പ്രശ്നങ്ങളെ പരിഹരിക്കേണ്ടി വരുമ്പോൾ ഒന്നിലധികം വിജ്ഞാനശാഖകളുടെ

ആശയങ്ങളെ ചേർത്തുവച്ച് പ്രശ്നപരിഹാരം തേടുന്നു. ''ബഹുവൈജ്ഞാനികത ഒന്നിലധികം വിജ്ഞാനശാഖകളുടെ ഒന്നിനുശേഷം ഒന്ന് എന്ന രീതിയിലുള്ള ക്രമീകരണമാണ്" (Multidisciplinarity refers to the placing side by side of insights from two or more disciplines).[9] ഇവിടെ വിജ്ഞാന ശാഖകൾ തമ്മിലുള്ള ബന്ധം സാമീപ്യത്തിന്റെ (അടുത്തടുത്ത് ഇരിക്കലിന്റെ) മാത്രമാണ് (Here the relationship between the disciplines is merely one of proximity)' മാത്രമാണ്[10]

ഭാഗികവീക്ഷണങ്ങളുടെ സങ്കലിത രൂപം എന്നിതിനെ വിശേഷിപ്പി ക്കാം. നിരവധി ഗവേഷണപ്രശ്നങ്ങളെ കൂടുതൽ വിശദവും വിശാലവുമായി കാണാനും കൂടുതൽ മികച്ച പരിഹാരം നിർദേശിക്കാനും ഈ രീതി കൊണ്ട് കഴിയും. സാമ്പ്രദായിക സർവകലാശാലാ സംവിധാനം തന്നെ ഒരു ബഹു വൈജ്ഞാനിക സ്ഥാനമാണെന്ന് കാണാം. ഒറ്റതിരിഞ്ഞിരിക്കുന്നവയെങ്കിലും ഇവ കൂട്ടുചേർക്കപ്പെടാനുള്ള സാധ്യതയെ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാര ശേഷി വികസിപ്പിക്കുകയാണ് ബഹുവൈജ്ഞാനികത. ബഹുവൈജ്ഞാനിക തയിൽ ഒരു വിജ്ഞാനശാഖ ഉപയോഗിച്ച് നടത്തുന്ന വിശകലനത്തെക്കാൾ വൈദഗ്ധ്യം ഉണ്ട്. ഇതുകൂടാതെ വിജ്ഞാനശാഖകൾ തമ്മിൽ ഒരു പ്രശ്നപരി ഹാരസന്ദർഭത്തിൽ വ്യത്യസ്താഭിപ്രായങ്ങൾ ഉണ്ടാകാനും ഈ അഭിപ്രായ ങ്ങൾ പ്രശ്നപരിഹാരസംരംഭത്തെ സ്വാധീനിക്കാനും സാധ്യതയുണ്ട്. ഇത്രയും വിമർശനശേഷി ഏകവൈജ്ഞാനികതയിൽ നിന്നും ബഹുവൈജ്ഞാനികത യിലേക്കെത്തുമ്പോൾ കൈവരുന്നു. ഒരു വിജ്ഞാനശാഖ മാത്രമുപയോഗിച്ച് നിർമ്മിക്കുന്ന വിജ്ഞാനരീതിക്ക് അതിന്റെ വൈരുദ്ധ്യങ്ങളുടെ മണ്ഡലം കൂടി തുറന്നുകിട്ടാൻ ബഹുവൈജ്ഞാനികത സഹായിക്കുന്നു.

എന്നാൽ പരിമിതികൾ ബഹുവൈജ്ഞാനികതയെയും ബാധിക്കുന്നു ണ്ട്. പ്രധാനമായും ഒരു പരിമിതി, ഘടകവിജ്ഞാനങ്ങളുടെ ഉൾക്കാഴ്ചകളെ ചേർത്തുവയ്ക്കുക എന്നതിനുപരിയായ പ്രശ്നപരിഹാരശേഷി ബഹുവൈജ്ഞാ നികതയ്ക്ക് ഇല്ല എന്നതാണ്. അതായത്, ഒരു പ്രത്യേക പ്രശ്നം പരിഹരിക്കാൻ നിലവിലുള്ള വിജ്ഞാനശാഖകളുടെ സമാന്തര ഉദ്ഗ്രഥനം കൊണ്ട് സാധ്യമാ ണെങ്കിൽ ബഹുവൈജ്ഞാനികത ഫലം തരുന്നു. എന്നാൽ പ്രശ്നം ഇതിലൂടെ പരിഹൃതമാകുന്നില്ലെങ്കിൽ തുടർ പരിഹാരങ്ങളിലേക്കു നീങ്ങാൻ ബഹുവൈ ജ്ഞാനികത അശക്തമാണ്. വിജ്ഞാനശാഖകളുടെ ഉൾക്കാഴ്ചകളെ ഒരു പ്രത്യേക പ്രശ്നപരിഹാരത്തിനുവേണ്ടി സ്വീകരിക്കുന്നു, അടുക്കിവയ്ക്കുന്നു എന്ന തിനുപരിയായി അവയെ പരിഷ്കരിക്കുകയോ വിമർശിക്കുകയോ ചെയ്യുക

എന്നത് ബഹുവൈജ്ഞാനികതയുടെ താത്പര്യമേഖലയിൽപ്പെടുന്നില്ല. അതായത് ഘടകവിജ്ഞാനശാഖകൾ നിർമ്മിച്ചുവച്ചിട്ടുള്ള വിജ്ഞാനത്തെ ഉപയോഗിക്കുക എന്നല്ലാതെ വിമർശനാത്മക വിചിന്തനങ്ങളെ പിന്തുടരുക ഇതിന്റെ താല്പര്യമല്ല. അതുകൊണ്ടിവ അടിസ്ഥാനപരമായി ശാഖാനിഷ്ഠാന്വേഷണത്തിന്റെ വിപുലീകൃത രൂപം തന്നെയാണ്. അതിരുകളും സത്യവിശ്വാസങ്ങളും അതേപടി പാലിക്കപ്പെടുന്നു.

സങ്കീർണ്ണ പ്രശ്നങ്ങളിൽ ബഹുവൈജ്ഞാനികത പ്രതിസന്ധി നേരിടുന്നത് ശാസ്ത്രലോകത്ത് ഡി.എൻ.എ.യുടെ ഘടനാവിശ്ലേഷണഗവേഷണത്തിലൂടെ ഉദാഹരിക്കപ്പെട്ടിട്ടുണ്ട്. നിലവിലുണ്ടായിരുന്ന ഭൗതികശാസ്ത്രം, ജനറ്റിക്സ്, എക്സറേ ക്രിസ്റ്റലോഗ്രാഫി എന്നിവയുടെ ആശയങ്ങളെ ചേർത്തുവച്ച് ഡി.എൻ.എ.യുടെ ഘടനയെ വിശദീകരിക്കാൻ കഴിയുമായിരുന്നില്ല. ആ വിജ്ഞാനങ്ങളുടെ ഉൾക്കാഴ്ചകൾക്ക് വിരുദ്ധമായിരുന്നു ഡബിൾ ഹെലിക്കൽ ഘടന. ഒരു തെറ്റായ ഗവേഷണമാതൃകയായി ഗണിക്കപ്പെട്ട് ഡി.എൻ.എ. ഗവേഷണത്തിന് ധനസഹായം നിർത്തിവയ്ക്കപ്പെടുന്ന നിലവരെ ഉണ്ടായി. തുടർന്ന് ഘടകവിജ്ഞാനങ്ങളുടെ കാഴ്ചപ്പാടുകളെ വിമർശനാത്മകമായി പുതുക്കി അന്തർവൈജ്ഞാനിക ഉദ്ഗ്രഥനത്തിലൂടെയാണ് ഡി.എൻ.എ.യുടെ ഇന്നത്തെ ഘടനയെ ഗവേഷകർ വിശ്ലേഷിപ്പിച്ചത്. സാഹിത്യപഠനത്തിലാണെങ്കിൽ ചങ്ങമ്പുഴയുടെ തത്വശാസ്ത്രം ഇന്നതാണ് എന്ന കേസരിയുടെ അന്വേഷണം ബഹുവൈജ്ഞാനിക അന്വേഷണമാണ്. അതിനുപുറത്തുനിൽക്കുന്ന അനവധിയായ വൈരുദ്ധ്യങ്ങളെ അഭിസംബോധന ചെയ്യുമ്പോൾ ചങ്ങമ്പുഴയുടെ തത്വശാസ്ത്രം മാറിക്കൊണ്ടേയിരിക്കുന്നതായി കാണാം. സുനിശ്ചിതമായ കാര്യകാരണത്വം അട്ടിമറിക്കപ്പെടുന്നു. പ്രത്യേക വീക്ഷണത്തിനുള്ള ആത്യന്തികത റദ്ദാക്കപ്പെടുന്നു.

ബഹുവൈജ്ഞാനികതയെ ജൊ. മൊറാൻ ഘടകവിജ്ഞാനങ്ങളുടെ മിശ്രിത(mixuture) മായി പരിഗണിക്കുന്നു. അവ അതായിത്തന്നെ നിലനിൽക്കുന്നു, പരസ്പരം ലയിച്ച് പുതിയ ഒന്നായിത്തീരുന്ന സംയുക്തസ്വഭാവം കൈവരിക്കുന്നില്ല എന്ന് താത്പര്യം. അന്ധന്മാർ ആനയെ വിവരിക്കുന്ന നാടോടിക്കഥയെ റപ്കൊ എഫ് അലൻ വൈജ്ഞാനിക അറിവുനിർമ്മാണത്തോട് ചേർത്തുവയ്ക്കുന്നുണ്ട്. ആനയെ വിവരിക്കുന്നവർ ബഹുവൈജ്ഞാനിക അറിവു നിർമ്മാണത്തിൽ പങ്കുചേരുന്ന വിഷയവിദഗ്ധരാണ്. ആന തൂണുപോലെയാണെന്നും മുറം പോലെയാണെന്നും ചൂലുപോലെയാണെന്നും പറയുന്നത് ഓരോ വിജ്ഞാനത്തിന്റെയും പാർശ്വവീക്ഷണത്തിന്റെ ഫലമാണ്. ഇവർ

സംഘടിതമായി ഉല്പാദിപ്പിക്കുന്ന ജ്ഞാനം ആനയുടെ രൂപ സ്വഭാവങ്ങളെ പ്രതിനിധീകരിക്കുന്നുവെങ്കിലും ആനയെന്ന ജൈവരൂപത്തിന്റെ സമ്യക്കായ യോജനയായി, വിശദീകരണമായി, വിജ്ഞാന ഉൾക്കാഴ്ചകളുടെ സങ്കലനം മാറിത്തീരുന്നില്ല എന്നു സൂചിപ്പിക്കപ്പെടുന്നു.

### അന്തർവൈജ്ഞാനികത (Interdisciplinarity)

ആധുനിക അറിവുപദ്ധതിയിൽ നിന്നും ഗുണപരമായി (qualitatively) ത്തന്നെയുള്ള പരിണാമമമാണ് അന്തർവൈജ്ഞാനികത. അറിവ് വിഷയങ്ങൾക്കകത്തല്ല അവയ്ക്കിടയിൽ (inter) ആണ് സംഭവിക്കുന്നത് എന്ന സങ്കല്പനം സ്വീകരിച്ചുകൊണ്ട് വിഷയ(discipline)ത്തിന്റെ അതിർത്തിബോധങ്ങളെ (വിഷയങ്ങളെയല്ല) അത് ചോദ്യം ചെയ്യുകയും മറികടക്കുകയും ചെയ്യുന്നു. കലർപ്പും പടർപ്പുമാണ് അറിവിന്റെ സ്വഭാവം. അറിവിന് നിശ്ചിത ആവാസസ്ഥാനങ്ങളില്ല. വേർതിരിക്കപ്പെട്ട കള്ളികളിൽ അടുക്കും ചിട്ടയോടും കൂടി ക്രമീകരിച്ചിട്ടുള്ളതല്ല അറിവ്. അതിന് ക്രമമില്ല. ക്രമമില്ലായ്മയാണതിന്റെ ക്രമം. നാം കാണുന്ന ക്രമം ആരോപിതമാണ്, അറിവിന്റെ സ്വഭാവമല്ല. ഇന്റർഡിസിപ്ലിനാരിറ്റിയിലെ 'ഇന്റർ' എന്ന വാക്കിന് സാമ്പ്രദായിക വിജ്ഞാനങ്ങൾ വേറിട്ടുനിർത്തിയ അസ്തിത്വത്തെ മറികടന്ന് കൂടിക്കലരുകയും അതേസമയം തന്നെ വിജ്ഞാനശാഖകളായി അംഗീകാരം ലഭിച്ചിട്ടില്ലാത്ത അറിവുരൂപങ്ങൾ കൂടി ഉൾക്കൊള്ളുന്ന ക്രമരഹിതതലം എന്ന അർത്ഥപരിസരമാണ് ഉൾക്കൊള്ളേണ്ടത്.

1920 കളിലാണ് അന്തർവൈജ്ഞാനികത (interdisciplinarity) എന്ന പദം ശ്രദ്ധാർഹമാകുന്നത്. വൈജ്ഞാനിക വിഭജനങ്ങളെ മറികടക്കുന്ന ഗവേഷണങ്ങളെ വിളിക്കാൻ ഉള്ള ഒരു ചുരുക്കപ്പേരായി ഇത് ഈ ഘട്ടത്തിൽ ഉപയോഗിക്കപ്പെടുന്നു. ഇന്റർഡിസിപ്ലിനാരിറ്റി സ്റ്റഡീസ് ലെ 'ഇന്റർ' എന്ന പദം പോലെ സ്റ്റഡീസ് എന്ന പദവും മധ്യത്തിലുള്ള ഡിസിപ്ലിൻ എന്നതിന്റെ വിമർശനമാണെന്ന് വായിക്കാവുന്നതാണ്. സ്റ്റഡീസ് (ജൻഡർ സ്റ്റഡീസ്, ഫിലിം സ്റ്റഡീസ്, ലിറ്ററി സ്റ്റഡീസ്) കൃത്യമായി വിഭജിക്കപ്പെട്ട വിജ്ഞാനശാഖകളല്ല. ഡിസിപ്ലിനറി അതിർവരമ്പുകൾ മുറിച്ചുകടക്കുന്ന അറിവുമേഖലകളാണ്.

### ഇന്റർ ഡിസിപ്ലിനറി സ്റ്റഡീസ്

അന്തർവൈജ്ഞാനികപഠനത്തിൽ ഒരു വിജ്ഞാനശാഖയ്ക്ക് പരിഹരിക്കാൻ കഴിയാത്ത വലുതോ സങ്കീർണ്ണമോ, ആയ പ്രശ്നത്തെ അഭിമുഖീകരിക്കുകയും

പരിഹരിക്കുകയും ചെയ്യുന്നു. പ്രശ്നം, പരിഹാരം എന്നിങ്ങനെയുള്ള ലളിത യുക്തികൾ പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ചാണ് എന്നിവിടെ പ്രത്യേകം സൂചിപ്പിക്കുന്നു. ഇങ്ങനെ പ്രയുക്ത ഗവേഷണങ്ങളിൽ അന്തർവൈജ്ഞാനികത ഫലപ്രദമാകുന്നു. 'അന്തർവൈജ്ഞാനികപഠനം എന്നാൽ ഒരു വിജ്ഞാനശാഖയ്ക്ക് പരിഹരിക്കാൻ കഴിയാത്ത വലുതോ സങ്കീർണ്ണമോ ആയ പ്രശ്നത്തെ അഭിമുഖീകരിക്കുക, പ്രശ്നത്തിന് ഉത്തരം നൽകുക, പ്രശ്നം പരിഹരിക്കുക എന്നിങ്ങനെയുള്ള പ്രക്രിയയാകുന്നു. ഇവിടെ വിജ്ഞാനശാഖകളുടെ വീക്ഷണങ്ങളെയെല്ലാം സ്വീകരിക്കുകയും അവയുടെ ഉൾക്കാഴ്ചകളെ സംയോജിപ്പിച്ച് കൂടുതൽ മികച്ച ഒരു വീക്ഷണം രൂപപ്പെടുത്തുകയും ചെയ്യുന്നു."[11] ഇവിടെ പുതിയ ഒരുത്തരത്തിലേക്ക് എത്തിച്ചേരുക എന്നതുപോലെ തന്നെ പ്രധാനമാണ് ഒരു അന്വേഷണപ്രശ്നവും ഒരു വിജ്ഞാനശാഖയ്ക്കുള്ളിലല്ല എന്ന ബോധം പുലർത്തലും വിവിധ വിജ്ഞാനശാഖകളുടെ ഉൾക്കാഴ്ചകളെ സംയോജിപ്പിക്കലും എന്ന് മനസ്സിലാക്കേണ്ടതുണ്ട്. സാഹിത്യഗവേഷണത്തിൽ പരിഹാരനിർദ്ദേശത്തെക്കാൾ വിപുലനങ്ങളും സത്യത്തിന്റെ വിഭിന്ന ഭാവങ്ങളും സംവാദങ്ങളും അർത്ഥത്തിന്റെ വൈവിധ്യപൂർണമായ കൂടിച്ചേരലുകളും അവയിലൂടെ എത്തിച്ചേരാവുന്ന പുതുമകളും പ്രധാനമാകുന്നു.

### അന്തർവൈജ്ഞാനികതയും ബഹുവൈജ്ഞാനികതയും

അന്തർവൈജ്ഞാനികതയും ബഹുവൈജ്ഞാനികതയും പര്യായപദങ്ങളെപ്പോലെയാണ് പലപ്പോഴും പരിഗണിക്കുന്നത്. എന്നാൽ ഇവ രണ്ടും വ്യത്യസ്തമാണ്, രണ്ടു വീക്ഷണങ്ങളുടെ ഫലമാണ്. പ്രശ്നപരിഹാരത്തിൽ ഒന്നിലധികം വിജ്ഞാനശാഖകളെ ആശ്രയിക്കുന്ന, വിജ്ഞാനോല്പാദനത്തിനായി വിജ്ഞാനശാഖകളുടെ ഉൾക്കാഴ്ചകളെ ഒരുമിച്ചുചേർക്കുന്ന, വിഷയാധിഷ്ഠിതജ്ഞാനത്തെ(യും) ഉപയോഗപ്പെടുത്തുന്ന എന്നീ മൂന്നുതലങ്ങളിൽ അന്തർവൈജ്ഞാനിക, ബഹുവൈജ്ഞാനിക അന്വേഷണങ്ങൾ സമാനത പുലർത്തുന്നു. എന്നാൽ വിജ്ഞാനത്തിന്റെ ശാഖാവ്യക്തിത്വത്തിൽ ബഹുവൈജ്ഞാനികത വിശ്വസിക്കുമ്പോൾ അന്തർവൈജ്ഞാനികത ഇതിൽ ഒതുങ്ങിനിൽക്കുന്നില്ല. ആയതിനാൽ ശാഖാന്തരീയ (ബഹുശാഖാപരം എന്ന അർത്ഥത്തിലല്ല) വിജ്ഞാനഗമനങ്ങൾ ബഹുവിജ്ഞാന അന്വേഷണത്തിൽ സാധ്യമല്ല. അന്തർവൈജ്ഞാനികതയിൽ സാധ്യമാണ്. ഒരു പ്രശ്നത്തെ ബഹുവൈജ്ഞാനികമായി അന്വേഷിക്കുമ്പോൾ അന്വേഷണത്തിനെടുത്ത ഓരോ വിജ്ഞാനത്തിന്റെയും വീക്ഷണകോണിൽ നിന്ന് പ്രശ്നത്തെ കാണുക എന്നതാണ് അർത്ഥം. അന്തർവൈജ്ഞാനികാന്വേഷണത്തിന്റെ

ഫലമാകട്ടെ ഏതെങ്കിലും ചില വിജ്ഞാനങ്ങളുടെ പരിധിയിൽ ഒതുക്കി നിർത്താനാവില്ല. ഉദാഹരണമായി വൈലോപ്പിള്ളിയുടെ മാമ്പഴം എന്ന കവിതയുടെ പഠനമാതൃകകൾ പ്രസിദ്ധങ്ങളാണല്ലോ. എം.എൻ.വിജയൻ മനഃശാസ്ത്രവീക്ഷണത്തിലൂടെയാണ് മാമ്പഴത്തെ വിശദീകരിച്ചത്. സ്ത്രീവാദവീക്ഷണത്തിൽ ഉദാത്തവൽക്കരിക്കപ്പെട്ട മാതൃത്വത്തിന്റെ ഘോഷണമാകാം മാമ്പഴം. സാഹിത്യചരിത്രവിജ്ഞാനീയത്തിൽ അത് കന്നിക്കൊയ്ത്ത് പോലുള്ള റിയലിസ്റ്റ് കവിതകളുടെ നേർവിപരീതമായ കാല്പനികവിലാപ കവിതയാണ്. സാമൂഹ്യചരിത്രത്തിന്റെ കാഴ്ചപ്പാടിൽ സ്വന്തമായി ഒരു വീടും തൊടിയും അവിടെ ഒരമ്മയും പ്രത്യക്ഷപ്പെടുന്ന മധ്യവർഗ്ഗ സാമൂഹിക സന്ദർഭത്തിലാണതിന് വിനിമയമൂല്യം കൈവരുന്നത്. ഇങ്ങനെയുള്ള വിവിധ വിജ്ഞാനങ്ങളുടെ/ഉപവിജ്ഞാനങ്ങളുടെ കാഴ്ചപ്പാടുകളിൽ ഒന്നിൽ വച്ച് നാം ആ കവിതയെ വിലയിരുത്തുമ്പോൾ ഏക വിജ്ഞാനീയപഠനമെന്നും ഈ വിജ്ഞാനങ്ങളുടെ ഉൾക്കാഴ്ചകളെ കൂട്ടി വയ്ക്കുമ്പോൾ അത് ബഹുവൈജ്ഞാനിക പഠനമെന്നും പറയാം. എന്നാൽ ഈ വിജ്ഞാനങ്ങൾ മാമ്പഴത്തെക്കുറിച്ചുല്പാദിപ്പിച്ചിട്ടുള്ള അറിവുകളെ കേവലം ചേർത്തുവയ്ക്കുന്നതിനു പകരം അവയെ വിമർശനാത്മകമായി പരിഷ്കരിച്ചോ ഉദ്ഗ്രഥിച്ചോ ചില പുതിയ ഉത്തരങ്ങളിൽ/ഉത്തരത്തിൽ എത്തിച്ചേർക്കാൻ കഴിയുന്നുവെങ്കിൽ അതിനെ അന്തർവൈജ്ഞാനികം എന്നു പറയാം. അവിടെ ഘടകവിജ്ഞാനങ്ങളുടെ ഉൾക്കാഴ്ചകളെ സ്വീകരിക്കുന്നുണ്ട്, ആവശ്യമെങ്കിൽ വിമർശിക്കുന്നുണ്ട് പരിഷ്കരിക്കുന്നുണ്ട് പുതിയ ഒന്നിൽ എത്തിച്ചേരുന്നുണ്ട്. പുതിയ ഉത്തരമാകട്ടെ മനശ്ശാസ്ത്രം സാഹിത്യചരിത്രം മുതലായവയായി കൃത്യമായി വേർതിരിക്കാൻ കഴിയാത്ത ഒന്നായിരിക്കുകയും ചെയ്യും. കവിയുടെ വ്യക്തിത്വവും കവിതയും ചേർത്തുവച്ചുകൊണ്ടുള്ള അന്വേഷണം ഗവേഷണത്തിൽ സാധാരണ കാണുന്ന രീതിയാണ്. ഇടശ്ശേരി കവിയും കവിതയും, വൈലോപ്പിള്ളിയുടെ കവിവ്യക്തിത്വം എന്നിങ്ങനെ. ഈ ഗവേഷണ പ്രശ്നത്തിൽ നിരൂപണാത്മകമായ അന്വേഷണം നടത്താം. അല്ലെങ്കിൽ ജീവചരിത്രം പോലുള്ള മറ്റൊരു ഉപവിജ്ഞാനം സാഹിത്യവുമായി ചേർത്തുവച്ച് പഠിക്കാം. മനശ്ശാസ്ത്രവും ജീവചരിത്രവും ദർശനവും സാഹിത്യവും ചേർത്തുവച്ചുകൊണ്ട് ബഹുവൈജ്ഞാനിക രീതിയിൽ പഠിക്കാം. ഈ ഗവേഷണത്തെ ഒരന്തർവൈജ്ഞാനിക ഗവേഷണമാക്കി മാറ്റണമെങ്കിൽ കവിവ്യക്തിത്വം എന്നത് ഈ വിജ്ഞാനങ്ങൾക്കുള്ളിലല്ല, ഇടയിലുള്ള ഒരു വിഷയമാണ് എന്ന് മനസ്സിലാക്കുകയാണ് ആദ്യ പടി. അങ്ങനെ സങ്കല്പിച്ചാൽ പ്രത്യേക വിജ്ഞാനങ്ങൾ നൽകുന്ന പാഠങ്ങൾക്കൊപ്പം തത്വചിന്തയെന്നോ

ജീവചരിത്രമെന്നോ മനശ്ശാസ്ത്രമെന്നോ വേർതിരിക്കാൻ കഴിയാത്ത വസ്തുതകളെയും പാഠനിർമ്മിതിയിലേക്ക് ചേർക്കാൻ ഗവേഷകർക്കു കഴിയും. അതിലൂടെ ഘടകവിജ്ഞാനങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് രൂപപ്പെടുത്തുന്ന ഉത്തരങ്ങളിൽ നിന്ന് വ്യത്യസ്തമായ പുതിയ ചില ഉത്തരങ്ങളിലേക്ക് എത്താൻ അവർക്ക് കഴിഞ്ഞേക്കാം. ബഹുവൈജ്ഞാനികതയിൽ നിന്ന് വ്യത്യസ്തമായി അന്തർവൈജ്ഞാനിക ഗവേഷണത്തിന് താഴെപ്പറയുന്ന ഘട്ടങ്ങൾ കല്പിക്കുന്ന രീതി കാണാവുന്നതാണ്.

1. പ്രശ്നം നിർവചിക്കുക,
2. പ്രശ്നപരിഹാരത്തിന് ഏറ്റവും ഗുണകരമായ വിജ്ഞാനങ്ങളെ കണ്ടെടുക്കുക,
3. ഈ വിജ്ഞാനങ്ങളിൽ അവഗാഹം നേടുക,
4. വിജ്ഞാനങ്ങൾ നൽകുന്ന ഓരോ ഉൾക്കാഴ്ചയും ആസ്പദമാക്കി പ്രശ്നത്തെ വിശകലനം ചെയ്യുക,
5. വിവിധ വിജ്ഞാനങ്ങൾ തമ്മിൽത്തമ്മിലും ആഭ്യന്തരമായും പ്രശ്നസമീപനത്തിൽ കാണിക്കുന്ന സമാനതകളും വൈരുദ്ധ്യങ്ങളും കണ്ടെത്തുക,
6. ഈ പൊതുതലം ഉപയോഗിച്ച് അന്തർവിജ്ഞാനപരമായ ഉദ്ഗ്രഥനം നടത്തുക."[12]

സാഹിത്യഗവേഷണത്തിലെ അന്തർവൈജ്ഞാനികത എന്നത് രീതിശാസ്ത്രപരമായി കൂടുതൽ സ്വാച്ഛന്ദ്യത്തോടെ മനസ്സിലാക്കേണ്ടതാണ്. പാഠത്തിന്റെ പാർശ്വവീക്ഷണത്തിൽ ഒതുങ്ങാതെ, അതിന്റെ വൈവിധ്യവും പുതുമയും തേടിയുള്ള അന്വേഷണമാണ് അതെന്നു കാണാം. അതാകട്ടെ വിജ്ഞാനശാഖകൾ നിർമ്മിച്ചുവച്ച അറിവുകളുടെ കേവലപ്രയോഗങ്ങളല്ല, പുതിയവയ്ക്കു വേണ്ടിയുള്ള അന്വേഷണങ്ങൾ ആകേണ്ടതുണ്ട്.

### അന്തർവിജ്ഞാനങ്ങളുടെ നവ്യമേഖല

ഒന്നിലധികം വിജ്ഞാനങ്ങളെ ഉപയോഗപ്പെടുത്തുന്നതും എന്നാൽ അവയുടെ ശാഖാതിർത്തികളെ സംബന്ധിച്ച് കരുതൽ സൂക്ഷിക്കാത്തതുമായ നിരവധിയായ അന്തർവിജ്ഞാന (Interdisciplines) ങ്ങളാണ് ആധുനികാനന്തരഘട്ടത്തിൽ ലഭ്യമായിരിക്കുന്നത്. സംസ്കാരപഠനം, ഫോക്‌ലോർ എന്നിവ മാത്രമല്ല, സ്ത്രീവാദം, മനോവിജ്ഞാനീയം, നവമാർക്സിസം, പരിസ്ഥിതിപഠനം ഇവയെല്ലാം അന്തർവിജ്ഞാനങ്ങളാണ്. ഇവ പലതും ആധുനികഘട്ടത്തിൽ തന്നെ നിലനിന്നതും ഉത്തരാധുനികമായി

പുതുക്കപ്പെട്ടതുമാണ്. സംസ്കാരപഠനം എന്നത് ആധുനികഘട്ടത്തിൽ കലാവിഷ്കാരങ്ങളുടെയോ ചില സാമൂഹ്യാവിഷ്കാരങ്ങളുടെയോ പരിമിത മണ്ഡലത്തെ അഭിസംബോധന ചെയ്തിരുന്ന ഒന്നായിരുന്നെങ്കിൽ. റെയ്മണ്ട് വില്യംസിന്റെ 'സമഗ്രജീവിതശൈലി' എന്നതുപോലെയുള്ള പുതിയ ആശയങ്ങൾ സ്വീകരിച്ചുകൊണ്ട് പുതിയ സങ്കല്പനമായി അതിന്ന് രൂപം മാറി. എല്ലാ ആവിഷ്കാരങ്ങളും സാംസ്കാരിക നിർമ്മിതികളായി മനസ്സിലാക്കാമെന്നു വന്നു. "വിഷയങ്ങൾക്കിടയിൽ പരമ്പരാഗതമായി നിലനിന്ന അതിർവരമ്പുകൾ മാഞ്ഞുപോവുകയും ഒരു പുതിയ വ്യവഹാരം—ഒരു പുതിയ ജ്ഞാനവിഷയം —ആ വിഷയങ്ങളുടെ സ്ഥാനത്ത് വികസിച്ചുവരികയും ചെയ്യുമ്പോഴാണ് യഥാർത്ഥമായ വിഷയാന്തരത്വം സാക്ഷത്കരിക്കപ്പെടുന്നത്. ഈ അർത്ഥത്തിൽ സാഹിത്യത്തിന്റെയും ചരിത്രത്തിന്റെയും തത്വശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും മറ്റും യാന്ത്രികമായ സങ്കല്പനമല്ല സംസ്കാരപഠനം. മറിച്ച്, ഈ വ്യവഹാരങ്ങളുടെ സ്ഥാനത്ത് നിലവിൽ വരുന്ന ഒരു പുതിയ വ്യവഹാരരൂപമാണ്. കൃത്യമായ അതിരുകളോടുകൂടിയ പരമ്പരാഗത വിഷയങ്ങളുടെ വ്യാവഹാരികമായ അധീശത്വത്തെ നിരാകരിക്കുന്ന ഒരു പുതിയ വിജ്ഞാനമേഖലയാണ് സംസ്കാരപഠനം ഈ അർത്ഥത്തിൽ."[13]

ഫോക്‌ലോർ മേഖലയും ഉത്തരാധുനികമായി രൂപപ്പെട്ട ഒന്നല്ല. എന്നാൽ ഫോക്‌ലോറിന് മുഖ്യമായും പാരമ്പര്യസംരക്ഷണത്തിന്റെയും കൗതുകത്തിന്റെയും മൂല്യമണ്ഡലമാണ് കല്പിച്ചു നൽകിയിരുന്നത്. അതിനു വിജ്ഞാനശാഖാ വ്യക്തിത്വമുണ്ടായിരുന്നില്ല. ശാസ്ത്രതരവും അയുക്തികവുമായ മേഖലയായാണ് ഫോക്‌ലോർ ഗണിക്കപ്പെട്ടിരുന്നത്. ക്രമീകരിക്കപ്പെടാത്ത അറിവിന്റെ വൈവിധ്യപൂർണമായ ഇടമാണ് ഫോക്‌ലോറിന്റേത്. ആധുനിക അറിവുപദ്ധതികൾ പോലെ കണ്ടീഷൻ ചെയ്യപ്പെട്ടതല്ല. മുഖ്യധാരാ അറിവുകളുടെ വിമർശനസ്ഥാനങ്ങളോ ഇതര സാധ്യതകളോ മേഖലയോ ആയി ഫോക്‌ലോർ, വാമൊഴി, ഓർമ്മ തുടങ്ങിയവ പുതിയ കാലത്ത് ശ്രദ്ധ നേടുന്നു. ആവേദകരുടെ പങ്കാളിത്തത്തോടെ നടക്കുന്ന ഫോക്‌ലോർ അന്വേഷണങ്ങൾ ഗവേഷണത്തിന്റെ വസ്തുനിഷ്ഠ, കർതൃ-കർമ്മദ്വന്ദ്വ പദ്ധതിയുടെ ജ്ഞാനരീതിയിൽ നിന്ന് വ്യത്യസ്തവും പല വിതാനങ്ങളിൽ വിപരീതവുമാണ്. ഫോക്‌ലോറിന്റെ വിഷയാന്തരത്വത്തെ ഉൾക്കൊണ്ടുകൊണ്ടുതന്നെ അവയോടു സംവദിക്കുന്ന പുതിയ വിശകലന രീതിശാസ്ത്രങ്ങൾ ഫോക്‌ലോർ പഠനത്തെ വികസിപ്പിച്ച മറ്റൊരു പ്രേരകശക്തിയാണ്.

നവമാർക്സിസം, സ്ത്രീവാദം, നവമനോവിശ്ലേഷണം,

കോളനിയനന്തരവാദം, ഡയസ്പോറ, പരിസ്ഥിതിവാദം, നവചരിത്രവാദം എന്നിങ്ങനെ കഴിഞ്ഞ ഏതാനും ദശാബ്ദങ്ങൾക്കിടയിൽ രൂപപ്പെട്ട സിദ്ധാന്തങ്ങളെല്ലാം സ്വയം വിഷയാന്തരമായിരിക്കുന്നതോടൊപ്പം അന്തർവൈജ്ഞാനിക അറിവുരീതിയെ അടിസ്ഥാനമായി കാണുന്നവയുമാണ്. ചരിത്രവും സമ്പദ്ഘടന, സാഹിത്യം എന്നിവ തമ്മിലുള്ള ബന്ധത്തിന്റെ അന്തർവൈജ്ഞാനിക ഘടനയാണ് നവമാർക്സിസ്റ്റ് സാഹിത്യസിദ്ധാന്ത പരിസരം മുന്നോട്ടുവയ്ക്കുന്നത്. വിവിധ ആവിഷ്കാരങ്ങളിലെ പുരുഷാധിപത്യ മുദ്രകളുടെ തിരിച്ചറിയലിലൂടെത്തന്നെ സ്ത്രീവാദം അന്തർവൈജ്ഞാനികതയിലേക്ക് കടക്കുന്നു. സിമൺ ദി ബുവയുടെ സെക്കന്റ് സെക്സ് (1949) നിരവധി വിജ്ഞാനശാഖകളുടെ അതിർത്തികൾ മറികടന്നുള്ള അന്വേഷണമാണ്. ഇങ്ങനെ പുതിയതായി ഉദയം ചെയ്തതോ മുമ്പേ നിലനിന്നുവന്നതോ ആയ എല്ലാ പദ്ധതികളും ഉത്തരാധുനിക വിച്ഛേദനത്തിന് പാത്രമാകുന്നുണ്ട്. വിഷയാന്തരത്വം അതിൽ പ്രധാനമായതും അടിസ്ഥാനപരമായതുമായ ഒരു പ്രവണതയാണ്.

### അന്തർവൈജ്ഞാനികത: സൈദ്ധാന്തിക പശ്ചാത്തലം

ഘടനാവാദ-ഘടനാവാദാനന്തര ചിന്തകളാണ് ഉത്തരാധുനികതയുടെ എന്നപോലെ അന്തർവൈജ്ഞാനികതയുടെയും അടിത്തറ. എന്നാൽ ആധുനിക വിജ്ഞാന ക്രമത്തോടുള്ള വിമർശം അതിന്റെ ആവിഷ്കരണഘട്ടമായ പ്രബുദ്ധതാഘട്ടത്തിൽ തന്നെ രൂപപ്പെട്ടിരുന്നു എന്ന് കാണേണ്ടതാണ്. ഫ്രഡറിക് നീഷെ, ലുഡ്വിഗ് വിറ്റ്ഗൻ സ്റ്റൈൻ എന്നിവർ വിവിധ കാലഘട്ടങ്ങളിൽ ആധുനിക ജ്ഞാനപദ്ധതിയോട് കലഹിച്ചവരിൽ ചിലരാണ്. ആധുനിക ജ്ഞാനത്തിന്റെ അടിസ്ഥാനങ്ങളായ പോസിറ്റിവിസവും വസ്തുനിഷ്ഠതയും ഇവരിലൂടെ വിമർശനവിധേയമായി. വസ്തുനിഷ്ഠ യാഥാർത്ഥ്യം ആവിഷ്കരിക്കാനാകുമെന്ന പോസിറ്റിവിസ്റ്റുകളുടെ വാദത്തെ നീഷെ നിഷേധിക്കുന്നു. എല്ലാ ശാസ്ത്രീയവസ്തുതകളും എല്ലാക്കാലത്തും വ്യാഖ്യാനങ്ങൾ (Interpretations) മാത്രമാണ്. സൊസ്യൂറിന് ശേഷം ല്യോതാർ, ഫൂക്കോ, ദറിദ എന്നിവരിലൂടെ പോസിറ്റിവിസത്തോടും ആധുനികതയോട് പൊതുവെയുമുള്ള വിമർശനം കൂടുതൽ വിപുലപ്പെട്ടു. ല്യോതാർ (Lyotard) ആധുനിക സാമൂഹ്യസിദ്ധാന്തങ്ങളുടെ, കാലത്തിനും സന്ദർഭത്തിനും അതീതമായിട്ടുള്ള സിദ്ധാന്തങ്ങളും ബൃഹദാഖ്യാനങ്ങളും വിമർശനവിധേയമാക്കുന്നു. ബൃഹദാഖ്യാനങ്ങൾ സാർവലൗകികങ്ങളും വസ്തുനിഷ്ഠങ്ങളുമല്ല. മിഷേൽ ഫൂക്കോയും ആധുനികതയുടെ സമ്പൂർണ്ണ വിശദീകരണവാദത്തെ തള്ളി. ഫൂക്കോയുടെ സങ്കല്പനത്തിൽ അർത്ഥം കണ്ടുപിടിക്കപ്പെടുന്നതല്ല; നിർമിക്കപ്പെടുന്നതാണ്.

അറിവിന്റെ വ്യവഹാര നിഷ്ഠതയാണ് ഫൂക്കോ ഊന്നിപ്പറഞ്ഞത്. എല്ലാ സത്യവാദങ്ങളും (truth claims) ഒരേസമയം അധികാരത്തിന്റെ ഉല്പന്നവും ഉല്പാദകരുമാണ് എന്ന് ഫൂക്കോ സിദ്ധാന്തിക്കുന്നു. എല്ലാ അർത്ഥങ്ങളും സന്ദർഭനിഷ്ഠവും വ്യത്യാസങ്ങളെ (differences) ആസ്പദമാക്കിയുള്ളവയും ആണെങ്കിൽ എല്ലാ സാമൂഹ്യസിദ്ധാന്തങ്ങളും, അടിസ്ഥാന യാഥാർത്ഥ്യത്തെ കണ്ടെത്താനുള്ള അവയുടെ ശ്രമങ്ങളും ചോദ്യം ചെയ്യപ്പെടുന്നു എന്നതാണ് ദറിദയുടെ പക്ഷം.

വസ്തുനിഷ്ഠവാദത്തിൽ നിന്ന് വ്യാഖ്യാനവാദത്തിലേക്കുള്ള പരിണാമത്തിന് വിപുലമായ ഈ സൈദ്ധാന്തിക സമീക്ഷകൾ കാരണമായി. പഠിതാവ് പാഠ്യവസ്തു എന്ന ദ്വന്ദ്വത്തിന്റെ നിഷേധം, യാഥാർത്ഥ്യത്തിന്റെ പ്രതിഫലനമെന്ന നിലയിലുള്ള വീക്ഷണത്തിനു പകരം പ്രതിനിധാനവാദത്തിലേക്കുള്ള പരിണാമം, സമഗ്രത, സത്യം, സമ്പൂർണ്ണത എന്നിവയെ ആപേക്ഷികമായി മാത്രം സ്വീകരിക്കൽ, ഗുണാത്മക രീതികൾക്കു വന്ന പ്രാധാന്യം, സിദ്ധാന്തത്തിന്റെ തീർപ്പിനു പകരം ചർച്ചാധിഷ്ഠിത പദ്ധതികൾ, ഒറ്റ ഉത്തരത്തിനു പകരം അർത്ഥവ്യാഖ്യാനങ്ങളുടെ ബഹുസ്വരതയ്ക്കു വന്ന പ്രാധാന്യം എന്നിങ്ങനെ വിപുലമായ പരിണാമങ്ങളുടെ മേഖലയാണ് ജ്ഞാനമേഖലയിലെ ഉത്തരാധുനിക വിച്ഛേദം എന്നത്.

അന്തർവൈജ്ഞാനികതയെ സംബന്ധിച്ച് സവിശേഷ ശ്രദ്ധ നൽകേണ്ട സൈദ്ധാന്തികരിൽ ഒരാളാണ് റൊളാങ് ബാർത്ത്. റൊളാങ് ബാർത്തിന്റെ ആദ്യകാല ഗ്രന്ഥമായ മിഥോളജീസ് (1957) ഇത്തരത്തിൽ അന്തർവൈജ്ഞാനികതയ്ക്ക് പ്രായോഗിക രൂപം സൃഷ്ടിച്ച ആദ്യകാല മാതൃകകളിലൊന്നായി വിലയിരുത്തപ്പെടുന്നു. 1950 മുതൽ ഫ്രാൻസിലുണ്ടായ സാംസ്കാരിക മാറ്റങ്ങളെ ബാർത്ത് തന്റെ ഗ്രന്ഥത്തിൽ ചർച്ചയ്ക്കെടുക്കുന്നു. പരസ്യങ്ങൾ, കലാരൂപങ്ങൾ, ഗുസ്തിമത്സരങ്ങൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയവയെ സാംസ്കാരികമായി ഇതിൽ വിശകലനം ചെയ്യുന്നു. അന്തർവൈജ്ഞാനികത എന്നത് രീതിശാസ്ത്രപരമായി, ഒരു പ്രമേയത്തിനു ചുറ്റും നിരവധി വിജ്ഞാനങ്ങളെ അടുക്കുന്ന രീതിയല്ല എന്നും അത് പുതിയ ഒന്നിന്റെ നിർമ്മാണമാണ് എന്നും ബാർത്ത് അന്നുതന്നെ വ്യവച്ഛേദിച്ചു മനസ്സിലാക്കുന്നുണ്ട്. "ഭദ്രതയിൽ ലഭ്യമാകുന്ന പ്രശാന്തതയല്ല അന്തർവൈജ്ഞാനികത. ഫലപ്രദമായി ഇത് ആരംഭിക്കുന്നത് (നിയമാനുസാരിയായ ഇച്ഛയുടെ വിപരീതം എന്ന നിലയിൽ) പുതിയൊരു വസ്തുവിന്റെയും പുതിയൊരു ഭാഷയുടെയും ആവിഷ്കാരത്തിനായി പഴയ വിജ്ഞാനശാഖകളുടെ കെട്ടുറപ്പ്

തകരുമ്പോഴാണ്."[14]

അന്തർവൈജ്ഞാനികതയും കാലനിരപേക്ഷമല്ല. കാലത്തിന്റെ വിമോചകത്വം പോലെ അതിന്റെ അധികാരതാല്പര്യങ്ങളും അന്തർവൈജ്ഞാനികതയിലൂടെ തെളിയാം. വിജ്ഞാനവ്യവസ്ഥകളുടെ കൂടുതൽ ഫലപ്രദമായ ഉദ്ഗ്രഥനപ്രവണതയായും, ഐതിഹ്യങ്ങളും വിശ്വാസങ്ങളും ജ്ഞാനവ്യവസ്ഥയെ നിർണയിക്കുന്ന അയുക്തികവ്യവസ്ഥയായും, പഠനവകുപ്പുകൾ ഏകീകരിച്ച് ഒന്നാക്കി ചെലവു ചുരുക്കാനുള്ള മൂലധന അജണ്ടയുടെ ഭാഗമായും ഒക്കെ ഉത്തരാധുനികതയുടെ വിവിധ ആവിഷ്കാരങ്ങൾ എന്ന പോലെ അന്തർവൈജ്ഞാനികതയും രൂപം മാറാവുന്നതാണ്. നിലപാടുകളാണ് ഇവയ്ക്ക് നിറം നൽകുന്നത്.

## കുറിപ്പുകൾ

1. Comte considered it is possible to build social science based on the same principles as those in natural sciences, for example Physics and Chemistry. He further argued that if we used the same methods as the natural sciences, a 'positive science of society' could be achieved. Through empirical observations, immutable laws would illustrate that humanity was governed by cause and effect.'—Paley John, 2008:648
2. പ്രബോധചന്ദ്രൻ വി.ആർ., 1990: 783.
3. "ഭാഷയ്ക്കൊപ്പമല്ലാതെ സാഹിത്യം ഒരു അക്കാദമിക് വിഷയമാവുകയില്ലായിരുന്നു. 1894-ൽ ഓക്സ്ഫോർഡിൽ ഇംഗ്ലീഷ് കോഴ്സ് ഏർപ്പെടുത്തിയപ്പോൾ വലിയൊരു ഭാഗം ഭാഷാപഠനമായി ഉൾപ്പെടുത്തപ്പെട്ടു. ഇതിൽനിന്ന് ഇന്നും സാഹിത്യം സ്വാതന്ത്ര്യം പ്രാപിച്ചിട്ടില്ല." (Barry Peter, 2002:28)
4. Kundu Abhijith et. al., 2009:17
5. "സാഹിത്യം എല്ലാറ്റിനെയും കുറിച്ചുള്ളതാണ്. സ്നേഹം, ലൈംഗികത, സൗഹൃദം, കുടുംബബന്ധങ്ങൾ, പ്രായമാകൽ, വാർദ്ധക്യം, മരണം, സാമൂഹികവും ചരിത്രപരവുമായ മാറ്റങ്ങൾ, മതവിശ്വാസങ്ങൾ, ധൈഷണികാശയങ്ങൾ - അങ്ങനെയങ്ങനെ.... വിജ്ഞാനശാഖയുടെ ഇടുങ്ങിയ വൃത്തത്തിനകത്ത് സാഹിത്യത്തെ ഉൾക്കൊള്ളിക്കുക എന്നത് പ്രയാസമായിരുന്നു."—(Klein JT, 1996:137)
6. Becher Tony, 1989:29 as referred in Moran Joe, 2002:14.
7. 'The development was not simply organic consequence of advances in knowledge, but was also the product of institutional and societal factors, particularly the demand for specialists in a complex and technologically sophisticated society one of the key elements of this new society was the division of labour within an increasingly professionalized bureaucracy'—Moran Joe, 2002:13

8. Repko.F., 2008: 29
9. Repko A.F., 2008: 13
10. Klein J.T., 1990: 56
11. Repko A.F., 2008: 11
12. Repko A.F., 2008: xii-xvi
13. രവീന്ദ്രൻ പി.പി., 2013: 22
14. Barthes, Roland, 1977: 155

    'Interdisiciplinarity is not the calm of easy security; It begins effectively (as opposed to the mere expression of a pious wish)when the solidarity of the old disciplines breaks down in the interests of a new object and a new language.'

## ആധാരസൂചി

1. പ്രബോധചന്ദ്രൻ വി.ആർ., 1990, 'ഗവേഷണം' സർവവിജ്ഞാനകോശം (വാല്യം 9), രാമചന്ദ്രൻനായർ സി.ജി. (എഡി.), സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. രവീന്ദ്രൻ പി.പി., 2013, സംസ്കാരപഠനം: ഒരു ആമുഖം, എസ്.പി.സി.എസ്., കോട്ടയം.
3. Barthes Roland, 1977, Image-Music-Text, Fontana: London
4. Barry Peter, 2002, Beginning Theory, Manchester University Press: Manchester.
5. Becher Tony, 1989, Academic Tribes and Territories, Open University Press: Milton Keynes.
6. Klein JT, 1990, Interdisciplinarity, History, Theory and Practice, Wyne University Press : Wyne
7. ..........., 1996, Crossing boundaries: Knowledge, Disciplinarities and Interdisciplinarities, University Press: Virginia.
8. Kundu Abhijith et. al, 2009, The Humanities: Methodology and perspectives, Pearson: New Delhi.
9. Moran Joe, 2002, Interdisciplinarity, Routledge: London.
10. Paley John, 2008, 'Positivism', The Sage Encyclopedia of Qualitative research methods (Vol 2) Given Lisa M (Ed.) Sage: New Delhi.
11. Repko AF, 2008, Interdisciplinary Research, Sage : New Delhi.

*tmsomalal@gmail.com*

# ഗവേഷണപ്രബന്ധങ്ങളുടെ മൂല്യനിർണയം

ഡോ. രവിശങ്കർ എസ്. നായർ
ഭാഷാശാസ്ത്രവിഭാഗം, സെൻട്രൽ യൂണിവേഴ്സിറ്റി കേരള

## സംഗ്രഹം

വസ്തുനിഷ്ഠമായി ഗവേഷണ പ്രബന്ധങ്ങൾ മൂല്യനിർണയം ചെയ്യാനുള്ള ഒരു ചട്ടക്കൂട് ആവിഷ്കരിക്കാനുള്ള ശ്രമമാണ് ഈ പ്രബന്ധത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ഗവേഷണരീതിശാസ്ത്രത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ ഘടകങ്ങൾ, ഗവേഷണപ്രബന്ധങ്ങളുടെ വിലയിരുത്തലിന് ആഗോളതലത്തിൽ സർവകലാശാലകൾ ഉപയോഗിക്കുന്ന മാർഗനിർദേശങ്ങളും വിലയിരുത്തൽ രൂപരേഖകളും, ഗവേഷണപ്രബന്ധങ്ങളുടെ മൂല്യനിർണയത്തെക്കുറിച്ചുള്ള പഠനങ്ങൾ എന്നിവ ആധാരമാക്കിയാണ് ഈ ചട്ടക്കൂട് ആവിഷകരിച്ചിരിക്കുന്നത്. പൊതുവായ വിലയിരുത്തൽ, വിഷയ സംബന്ധിയായ വിലയിരുത്തൽ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായി മൂല്യനിർണയത്തിന്റെ വിവിധഘടകങ്ങൾ സൂക്ഷ്മമായി പരിശോധിച്ചിരിക്കുന്നു. പഠനത്തിന്റെ വൈജ്ഞാനികസംഭാവന, ബൗദ്ധികയത്നം, വിഷയസ്വീകരണം, ഗവേഷണ പ്രക്രിയയുടെ വിലയിരുത്തൽ, അവതരണം, പഠനഫലങ്ങൾ, പ്രബന്ധത്തിന്റെ വിവിധ ഭാഗങ്ങൾ എന്നിവ മൂല്യനിർണയത്തിനു വിധേയമാക്കാനുള്ള സൂചകങ്ങളോടൊപ്പം, ഇവയെല്ലാം കണക്കിലെടുത്തുകൊണ്ട് സമഗ്രമായ വിലയിരുത്തലിലേക്കെത്താനുള്ള ചട്ടക്കൂടും ആവിഷ്കരിച്ചിരിക്കുന്നു.

**താക്കോൽവാക്കുകൾ:** മൂല്യനിർണയം, പൊതുമാനദണ്ഡങ്ങൾ, വിഷയപരമായ മാനദണ്ഡങ്ങൾ, സമഗ്രമൂല്യനിർണയം, മൂല്യനിർണയ ചട്ടക്കൂട്

### ആമുഖം

മൂല്യനിർണയത്തിനു വിധേയമാകുന്ന ഏതു തരം പ്രകടനമാണെങ്കിലും, അവ എങ്ങനെ മൂല്യനിർണയം ചെയ്യപ്പെടും എന്നതിനെക്കുറിച്ച് വിദ്യാർഥിക്ക് വ്യക്തമായ ധാരണ ഉണ്ടെങ്കിൽ, തങ്ങളുടെ പ്രകടന നിലവാരം മെച്ചപ്പെടുത്താൻ അത് അവരെസഹായിക്കും എന്നാണ് മൂല്യനിർണയ സിദ്ധാന്തത്തിലെ ഒരു തത്വം. ഗവേഷണപ്രബന്ധങ്ങളുടെ കാര്യത്തിലും ഇത് ശരിയാണ്. മൂല്യനിർണയത്തിന്റെ വീക്ഷണത്തിലൂടെ സ്വന്തം പ്രബന്ധത്തെ വിലയിരുത്താനും ആവശ്യമായ മാറ്റങ്ങൾ വരുത്താനുംഗവേഷണത്തിന്റെ എല്ലാ ഘട്ടത്തിലും വിദ്യാർഥികൾക്കു കഴിയേണ്ടതാണ്. എന്നാൽ വിലയിരുത്തൽ എങ്ങനെ ആയിരിക്കും എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിൽ ചില പ്രശ്നങ്ങൾ ഉണ്ട്. നിലവിൽ നമ്മുടെ സർവകലാശാലകളിൽ ഡോക്ടറൽപ്രബന്ധങ്ങളുടെ വിലയിരുത്തലിന് സൂക്ഷ്മമായ മാനദണ്ഡങ്ങൾ ഉപയോഗിക്കുന്നില്ല എന്നതാണ് മുഖ്യപ്രശ്നം. വിലയിരുത്തലിന് മാർഗനിർദേശം നൽകാനായി സർവകലാശാലകൾ റൂബ്രിക്കുകളോ സ്കോറിങ് രൂപരേഖകളോ വിശദമായനിർദേശങ്ങളോ നൽകുന്നുമില്ല. വിലയിരുത്തലിന്റെ രീതികളും മാനദണ്ഡങ്ങളും പരിശോധകർക്ക് വിട്ടുനൽകുകയാണ്. മൂല്യനിർണയ റിപ്പോർട്ടുകൾ പരിശോധിച്ചാൽ, കൃത്യമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലുകളല്ല. അവയിൽ കൂടുതലും എന്നുകാണാം. കൂടുതൽ സൂക്ഷ്മായതും തെളിവിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നതുമായ മൂല്യനിർണയ പദ്ധതികൾ സർവകലാശാലകൾ ആവിഷ്കരിക്കുകയാണെങ്കിൽ മാത്രമേ ഗവേഷണപ്രബന്ധങ്ങളുടെ മൂല്യനിർണയംപ്രായോഗിക തലത്തിൽ ഫലപ്രദമാവുകയുള്ളൂ. പ്രബന്ധത്തെ സ്വയം വിലയിരുത്താനും, അന്തർദേശീയമായ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രബന്ധം സംവിധാനം ചെയ്യാനും സഹായിക്കുന്ന തരത്തിലുള്ള മൂല്യനിർണയ ചട്ടക്കൂട് സർവകലാശാലകൾതയ്യാറാക്കിയാൽ നമ്മുടെ ഗവേഷണനിലവാരം ഉയർത്താൻ അവ ഗണ്യമായി സഹായിക്കും എന്നതിൽ സംശയമില്ല. സാഹിത്യഗവേഷണ മേഖലയിലെ പ്രബന്ധങ്ങൾ വിലയിരുത്തനുള്ള വിശദമായ ഒരു മൂല്യനിർണയ രൂപരേഖ ആവിഷ്കരിക്കാനാണ്ഇവിടെ ശ്രമിക്കുന്നത്.

ഇത്തരമൊരു മൂല്യനിർണയ രൂപരേഖ തയ്യാറാക്കാനായി മൂന്നു തരത്തിലുള്ള പ്രഭവങ്ങളാണ് നമുക്ക് ലഭ്യമായിട്ടുള്ളത്.

- ഇതിൽ പ്രധാനമായത് ഗവേഷണരീതിശാസ്ത്രത്തെക്കുറിച്ചുള്ള സൈദ്ധാന്തികവും പ്രായോഗികവുമായ പഠനങ്ങളും

അവതരണങ്ങളുമാണ്. ഗവേഷണത്തിലെ വ്യത്യസ്ത ഘടകങ്ങളും പ്രക്രിയകളും ഇവയിൽ ചർച്ച ചെയ്തിരിക്കുന്നതു വിശകലനം ചെയ്താൽ അവയുടെ മൂല്യനിർണയപരമായ സാംഗത്യം നമുക്ക് മനസ്സിലാക്കാൻ കഴിയും. ഉദാഹരണമായി, ഗവേഷണ ചോദ്യങ്ങളെക്കുറിച്ചുള്ള ചർച്ചയിലൂടെ കടന്നുപോയാൽ, ഗവേഷണ ചോദ്യങ്ങളെ എങ്ങനെ വിലയിരുത്തും എന്നത് നമുക്ക് സങ്കല്പിക്കാനാകും. ഇത്തരത്തിൽ രീതിശാസ്ത്രത്തിൽ നിന്ന് ഉരുത്തിരിയുന്ന മൂല്യനിർണയപരമായ ആശയങ്ങളായിരിക്കണം മൂല്യനിർണയ രൂപരേഖയുടെ അടിസ്ഥാനം. [ (1) വിശദമായ ചർച്ചയ്ക്ക് രവിശങ്കർ എസ്. നായർ 2020 കാണുക]

- മറ്റൊരു പ്രഭവം, പ്രശസ്ത സർവകലാശാലകൾ ഡോക്ടറൽ പ്രബന്ധങ്ങൾ വിലയിരുത്താൻ പരിശോധകർക്കു നൽകുന്ന മാർഗനിർദേശങ്ങൾ, വിലയിരുത്തൽ രൂപരേഖകൾ എന്നിവയാണ്. പല സർവകലാശാലകളും ഗവേഷണപ്രബന്ധം വിലയിരുത്തുന്നവർക്കായി വിശദമായ മാർഗനിർദേശങ്ങൾ, സ്കോറിങ് റൂബ്രിക്കുകൾ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയിലൂടെ കടന്നുപോയാൽ പൊതുവായ പല ഘടകങ്ങളും മാനദണ്ഡങ്ങളും കണ്ടെത്താൻ കഴിയും. മാത്രവുമല്ല, ഗവേഷണപ്രബന്ധങ്ങളിൽ നിന്നു പ്രതീക്ഷിക്കപ്പെടുന്ന നിലവാരം, വിലയിരുത്തലിന്റെ പൊതുദർശനം എന്നിവയും ഇവയിൽ പ്രതിഫലിക്കുന്നുണ്ട്.
- മൂന്നാമത്തേത് ഡോക്ടറൽ പ്രബന്ധങ്ങളുടെ വിലയിരുത്തൽ റിപ്പോർട്ടുകളെക്കുറിച്ചു നടന്ന പഠനങ്ങളാണ്. പ്രബന്ധങ്ങൾ വിലയിരുത്തുന്നവർ സ്വീകരിക്കുന്ന മൂല്യനിർണയപരമായ അളവുകോലുകൾ, പ്രബന്ധത്തിൽ അവർ കണ്ടെത്തുന്ന പ്രധാന മേന്മകളും പോരായ്മകളും എന്നിവയെ ഇത്തരം പഠനങ്ങൾ വിമർശനപരമായി വിലയിരുത്തുന്നുണ്ട്.

ഇവയുടെ അടിസ്ഥാനത്തിൽ ഗവേഷണപ്രബന്ധത്തിന്റെ മൂല്യനിർണയത്തിൽ കണക്കിലെടുക്കേണ്ട ഘടകങ്ങൾ വിശകലനം ചെയ്യാൻ ശ്രമിക്കാം. ഡോക്ടറേറ്റ് ബിരുദത്തെക്കുറിച്ചും അവിടെ പ്രതീക്ഷിക്കുന്ന അക്കാദമിക നിലവാരത്തെക്കുറിച്ചുമുള്ളചില പൊതുസങ്കല്പനങ്ങൾ മൂല്യനിർണയത്തിന്റെ പശ്ചാത്തലമായി പ്രവർത്തിക്കുന്നുണ്ട്. അവയിൽനിന്ന് ആരംഭിക്കാം. ഒന്നാമതായി ഒരു സർവകലാശാലയിലെ നേരിട്ടുള്ള പഠനത്തിലൂടെ നേടാവുന്ന

ഏറ്റവും ഉയർന്ന ബിരുദമാണ് ഡോക്ടറേറ്റ്. സർവകലാശാലയുടെ ഏറ്റവും മികച്ച നേട്ടങ്ങളായിട്ടാണ് ഡോക്ടറൽ ഗവേഷണങ്ങളെ കണക്കാക്കേണ്ടത്. അതിനു ചേർന്ന ഗുണനിലവാരമാണ് ഡോക്ടറൽ പ്രബന്ധങ്ങളിൽ പ്രതീക്ഷിക്കപ്പെടുന്നത്. രണ്ടാമതായി ഡോക്ടറൽ ബിരുദം നേടിയ വ്യക്തി തന്റെ വിഷയത്തിലെ, തിരഞ്ഞെടുത്ത ഒരു സവിശേഷ മേഖലയിലെ, ഏറ്റവും മികച്ച വിജ്ഞാനം നേടിയ ആളാണ് എന്നാണ് ലോകമെമ്പാടും കണക്കാക്കപ്പെടുക. മൂന്നാമതായി, ഒരു ഗവേഷണ വിദ്യാർഥി സ്വതന്ത്രനിലയിൽ ചെയ്യുന്ന പഠനഫലമാണ് ഡോക്ടറൽ പ്രബന്ധം. അതിന്റെ നിലവാരം വിദ്യാർഥിയുടെ ബൗദ്ധികനൈപുണികളുടെയും പ്രവർത്തനശേഷിയുടെയും പ്രയത്നത്തിന്റെയും പ്രതിഫലനം കൂടിയാണ്. ഈ ധാരണകളുടെ അടിസ്ഥാനത്തിലായിരിക്കണം തന്റെ ഗവേഷണത്തിന്റെയുംഗവേഷണപ്രബന്ധത്തിന്റെയും ഗുണനിലവാരം എന്തായിരിക്കണം എന്ന് വിദ്യാർഥി സങ്കല്പിക്കേണ്ടത്.

### ഗവേഷണപ്രബന്ധങ്ങൾ വിലയിരുത്താൻ ഒരു രൂപരേഖ

ഗവേഷണപ്രബന്ധങ്ങളുടെ മൂല്യനിർണയത്തിൽ പൊതുമാനദണ്ഡങ്ങളും (ഏതു വിഷയത്തിലെയും ഡോക്ടറൽ പ്രബന്ധങ്ങളിൽ പ്രതീക്ഷിക്കുന്ന മാനദണ്ഡങ്ങൾ) വിഷയപരമായ മാനദണ്ഡങ്ങൾ (നിശ്ചിത വിഷയത്തിനു മാത്രം ബാധകമായമാനദണ്ഡങ്ങൾ) എന്നിവ അടങ്ങിയിരിക്കുന്നു. ഇവ വിശദമായി പരിശോധിക്കാം.

### 1. പൊതു മാനദണ്ഡങ്ങൾ

എല്ലാ വിഷയങ്ങളിലെയും ഗവേഷണപ്രബന്ധങ്ങളെ വിലയിരുത്താനായി സർവകലാശാലകൾ ചില പൊതുമാനദണ്ഡങ്ങൾ നിർദേശിക്കാറുണ്ട്. ഉദാഹരണമായി മെൽബൺ സർവകലാശാല നലകിയിരിക്കുന്ന പൊതുമാനദണ്ഡങ്ങൾ ഇവയാണ്. (2)

- The thesis demonstrates authority in the candidate's field and shows evidence of command of knowledge in relevant fields.
- It shows that the candidate has a thorough grasp of the appropriate methodological techniques and an awareness of their limitations.
- It makes a distinct contribution to knowledge.
- Its contribution to knowledge rests on originality of

approach and/or interpretation of the findings and, in some cases, the discovery of new facts.

- It demonstrates an ability to communicate research findings effectively in the professional arena and in an international context.
- It is a careful, rigorous and sustained piece of work demonstrating that a research 'apprenticeship' is complete and the holder is admitted to the community of scholars in the discipline.

നിർദിഷ്ട വിഷയമേഖലയിൽ സമഗ്രമായ അവഗാഹം, നിർദിഷ്ട വിഷയ മേഖലയിൽ നടന്ന പഠനങ്ങൾ, ഗവേഷണങ്ങൾ എന്നിവയെക്കുറിച്ചുള്ള സമഗ്രവും ആഴത്തിലുള്ളതുമായ ധാരണ, തികച്ചും സമകാലികമായ പൂർവ പഠനങ്ങളുടെ അവലോകനം, ആസൂത്രിതവും യുക്തിസഹവുമായ പ്രബന്ധ ഘടന, വ്യക്തമായ അവതരണശൈലി, ഫലപ്രദമായ വാദങ്ങൾ, സൂക്ഷ്മത, കൃത്യത എന്നിങ്ങനെ പല പൊതുവായ വിലയിരുത്തൽ മാനദണ്ഡങ്ങളും സർവകലാശാലകൾ ഉപയോഗിക്കുന്നുണ്ട്. ഇവയിൽ പൊതുവായുള്ളതും മുഖ്യമായുള്ളതും രണ്ടെണ്ണമാണ് എന്നു കാണാം.

- ഗവേഷണപ്രബന്ധം നിർദിഷ്ട വിജ്ഞാനത്തിന് മൗലികമായ സംഭാവന നൽകുന്നുണ്ടോ എന്നതാണ് ഗവേഷണത്തെ വില യിരുത്താനുള്ള ഏറ്റവും പ്രധാനവും, ഏറ്റവും വിശാലവുമായ അളവുകോൽ. (whether the research makes an original contribution to knowledge)
- നിർദിഷ്ട വിഷയമേഖലയിൽ ഗവേഷക/ൻ കൈവരിച്ചിട്ടുള്ള ജ്ഞാനം

പല സർവകലാശാലകളിലും ഉപയോഗിക്കുന്ന വിശാലമായ മറ്റൊരു മാനദണ്ഡം ഇവയോട് നമുക്ക് ചേർക്കാവുന്നതാണ്. ഇത് പ്രബന്ധത്തിൽ പ്രതിഫലിക്കുന്ന ബൗദ്ധികമായ യത്നമാണ്. ഏറ്റവും വിശാലമായ ഈ മൂന്ന് അളവുകോലുകൾ നമുക്ക് ആദ്യംചർച്ച ചെയ്യാം:

1.1 ഗവേഷണത്തിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന പുതിയ വിജ്ഞാനത്തെ നില വിലുള്ള വിജ്ഞാനത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുക എന്നതാണ് ഇവിടെ ചെയ്യേണ്ടത്. നിർദിഷ്ട ഗവേഷണത്തിലൂടെ പുതിയ വിജ്ഞാനം രൂപപ്പെട്ടിട്ടുണ്ടോ എന്നപരിശോധനയാണ് ഇവിടെ ആദ്യം നടക്കേണ്ടത്.

പുതിയ വിജ്ഞാനം എന്താണെന്ന് തിരിച്ചറിയാനും വിവരിക്കാനും പരീക്ഷകന് കഴിയേണ്ടതാണ്. ചില ഉദാഹരണങ്ങൾ നോക്കാം:

- "......ന്റെ കവിതയിലെ ദാർശനികധാരകളെക്കുറിച്ചുള്ള ഈ പ്രബന്ധം മുൻപഠനങ്ങളിലും നിരൂപണങ്ങളിലും നിന്നും വ്യത്യസ്തമായി ആശയവാദത്തിന്റേയോ ആത്മീയതയുടെയോ തത്വചിന്തയല്ല കവിയെ സ്വാധീനിച്ചതെന്നും, യാഥാർഥ്യവാദമാണ് അദ്ദേഹം ആവിഷ്കരിക്കുന്നതെന്നും വാദിച്ച് സ്ഥാപിച്ചിരിക്കുന്നു. ഈ കവിയെക്കുറിച്ചുള്ള തികച്ചും നൂതനമായ ഒരു വീക്ഷണമാണ് ഇതിലൂടെ ഈ പ്രബന്ധം അവതരിപ്പിച്ചിരിക്കുന്നത്."
- "വി.കെ.എന്നിന്റെ ഹാസ്യവും ജാതിവ്യവസ്ഥയുടെ സമൂഹശാസ്ത്രവും എന്ന പ്രബന്ധം ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായ സാമൂഹികബന്ധങ്ങൾ ഹാസ്യത്തിനു കാരണമാകുന്നതെങ്ങനെ എന്ന് വിശദീകരിക്കുന്നതിലൂടെ ഹാസ്യത്തിന്റെസ്വഭാവത്തെക്കുറിച്ചും കേരളീയമായ ഹാസ്യത്തെക്കുറിച്ചും പുതിയ വിജ്ഞാനം അവതരിപ്പിക്കുന്നു.സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുടെ ഹാസ്യത്തിന്റെ വ്യത്യസ്തകൾ കണ്ടെത്തുകയും അവയെ സാമൂഹ്യാവസ്ഥകളുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നതിലൂടെ ഹാസ്യത്തിന്റെ ഉദ്ഭവത്തെക്കുറിച്ച് പുതിയൊരു കാഴ്ച്ചപ്പാട് അവതരിപ്പിക്കുകയാണ് ഈ പ്രബന്ധം. ജാതിവ്യവസ്ഥയിലെ അധികാരക്രമത്തിൽ ആത്മനിന്ദയുളവാക്കുന്ന വിവേചനത്തിനുംഅപമാനവീകരണത്തിനും വിധേയമാക്കപ്പെടുന്നവരുടെ അടിച്ചമർത്തപ്പെട്ട വികാരങ്ങൾ ഹാസ്യമായി രൂപപ്പെടുന്നതിനെക്കുറിച്ചുള്ള വിശകലനത്തിലൂടെ ജാതിവ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ബലതന്ത്രങ്ങൾ അനാവരണം ചെയ്യാനും ഈപഠനത്തിനു കഴിയുന്നുണ്ട്."
- സംഭവകഥനവും ആഖ്യാനവും- .............. എന്ന നോവലിനെ ആസ്പദമാക്കി ഒരു പഠനം എന്ന പ്രബന്ധം ആഖ്യാനത്തെക്കുറിച്ച് പുതിയൊരു വീക്ഷണം രൂപപ്പെടുത്തുന്നു. സംഭവകഥനവും ആഖ്യാനവും തമ്മിലുള്ള വ്യത്യാസം ഭാവനെയെക്കാൾ, യാഥാർഥ്യത്തെ അവതരിപ്പിക്കുന്ന രീതിയുടേതാണെന്ന വാദമാണ് ഈ പ്രബന്ധം മുന്നോട്ടുവയ്ക്കുന്നത്. വാർത്താ ഫീച്ചറുകൾ കഥാഘടന അവലംബിക്കുമ്പോഴും, നോവലുകൾ വാർത്താഫീച്ചറുകളുടെ സംഭവകഥന ശൈലി അവലംബിക്കുമ്പോഴും, അവ തമ്മിലുള്ള

അതിർവരമ്പുകൾ ഇല്ലാതാകാത്തത് എന്തുകൊണ്ട് എന്ന അന്വേഷണത്തിലൂടെ നോവലിലെ ആഖ്യാനത്തിന്റെ ഘടനാപരമായ വിശേഷതകൾ കണ്ടെത്താൻ ഈ പ്രബന്ധത്തിനു കഴിഞ്ഞിരിക്കുന്നു.

നിലവിലുള്ള വിജ്ഞാനത്തെ തിരുത്തുകയോ വിപുലീകരിക്കുകയോ ചെയ്യുന്നതും ഈ വിലയിരുത്തലിൽ ഉൾപ്പെടുത്താവുന്നതാണ്. ഗവേഷണവിഷയം, ഗവേഷണരീതികൾ, വ്യാഖ്യാനനിഷ്ഠമായ സമീപനങ്ങൾ എന്നിവയിലെ തനിമയാണ് ഇവിടെപരിഗണിക്കാവുന്ന മറ്റൊരു ഘടകം.

## 1.2. നിർദിഷ്ട വിഷയമേഖലയിലെ ജ്ഞാനം

നിർദിഷ്ട വിഷയത്തിനുള്ളിൽ ഗവേഷണത്തിനു തിരഞ്ഞെടുത്തിരിക്കുന്ന മേഖലയിൽ സമഗ്രമായ ജ്ഞാനം എന്നത് ഗവേഷണ ബിരുദം നൽകുന്നതിനുള്ള ഒരു പ്രധാന അളവുകോലായി പല സർവകലാശാലകളും നിർദേശിച്ചുകാണാം. അതായത് പ്രബന്ധത്തിന്റെ മികവിനുപരിയായി, ആ വിഷയമേഖലയിലെ ജ്ഞാനവും വിലയിരുത്തേണ്ടതാണ്. ഗവേഷണബിരുദം നേടുന്ന വ്യക്തിക്ക് തന്റെ മേഖലയിൽ വിദഗ്ധജ്ഞാനം ഉണ്ട് എന്നാണ് കരുതപ്പെടുക. “രസസിദ്ധാന്തം വ്യാഖ്യാനവിജ്ഞാനീയത്തിന്റെ വീക്ഷണത്തിൽ” എന്ന വിഷയത്തിൽ ഗവേഷണപ്രബന്ധം സമർപ്പിക്കുന്ന ഒരു വിദ്യാർഥിക്ക് രസസിദ്ധാന്തത്തെക്കുറിച്ചും വ്യാഖ്യാനവിജ്ഞാനീയത്തെക്കുറിച്ചും സമഗ്രവും ആഴത്തിലുള്ളതുമായ അറിവ് ഉണ്ടായിരിക്കണംഎന്നത് നിസ്തർക്കമാണല്ലോ. സമൂഹശാസ്ത്രം പോലെയുള്ള മേഖലകളിൽ പൂർവപഠനങ്ങളുടെ അവലോകനം ഇത്തരമൊരു വിലയിരുത്തലിന് അടിസ്ഥാനമാക്കാറുണ്ട്. നിർദിഷ്ട മേഖലയിലെ മുഖ്യപഠനങ്ങളിലൂടെ കടന്നുപോവുകയും, അവക്രോഡീകരിക്കുകയും അവയുടെ ഗവേഷണരീതി, കണ്ടെത്തലുകൾ എന്നിവയെ വിമർശനാത്മകമായി വിലയിരുത്തുകയും ചെയ്യുന്നതിൽ വിദ്യാർഥി ആർജിച്ച അറിവ് പ്രതിഫലിക്കുന്നതായി കണക്കാക്കുന്നു. മലയാളത്തിന്റെ കാര്യമെടുത്താൽ പൂർവപഠനങ്ങളുടെ അവലോകനത്തിന് വളരെയൊന്നും പ്രാധാന്യമില്ല— പഠനങ്ങൾ വളരെ കുറവാണ് എന്നതുതന്നെയാണ് കാരണം. അതിനാൽ, പ്രബന്ധം ആകെത്തന്നെ അടിസ്ഥാനമാക്കിക്കൊണ്ട് വിഷയമേഖലയിലെ ജ്ഞാനം വിലയിരുത്തുകഎന്നതു മാത്രമേ ചെയ്യാൻ കഴിയൂ.

- നിർദിഷ്ട മേഖലയിലെ സിദ്ധാന്തങ്ങൾ, ആശയധാരകൾ എന്നിവ ഗവേഷക പരാമർശിക്കുന്നുണ്ടോ?/അല്ലെങ്കിൽ അവയെക്കുറിച്ചുള്ള അവബോധം പ്രബന്ധത്തിൽ നിഴലിക്കുന്നുണ്ടോ?

- നിർദിഷ്ടമേഖലയിലെ സമകാലികമായ കാഴ്ചപ്പാടുകൾ, പ്രവണതകൾ എന്നിവ കണക്കിലെടുത്തുകൊണ്ടാണോ പഠനം ആസൂത്രണം ചെയ്തിരിക്കുന്നത്?
- നിർദിഷ്ട വിഷയമേഖലയുടെ സവിശേഷതകൾ, പ്രശ്നങ്ങൾ എന്നിവ ഗവേഷകൻ കണക്കിലെടുത്തിട്ടുണ്ടോ?
- വിഷയമേഖലയിലെ ഏറ്റവും പ്രധാന പഠനങ്ങൾ, നിരൂപണങ്ങൾ, പുസ്തകങ്ങൾ എന്നിവ ഗവേഷകൻ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ?
- നിർദിഷ്ട വിഷയമേഖലയിലെ വിജ്ഞാനമണ്ഡലത്തിൽ പ്രബന്ധത്തെ സ്ഥാനപ്പെടുത്താനും, അവയുമായി താൻ ഉത്പാദിപ്പിക്കുന്ന പുതിയ വിജ്ഞാനത്തെ ബന്ധിപ്പിക്കാനും ഗവേഷകനു കഴിയുന്നുണ്ടോ?

### 1.3 ബൗദ്ധികശേഷികളുടെ വിശകലനം

ഗവേഷണത്തിൽ പ്രകടമാകുന്ന വിഷയപരമായ നൈപുണികളുടെ വിലയിരുത്തലിൽ നിന്നു വ്യത്യസ്തമായി ഗവേഷകരുടെ പൊതുവായ ബൗദ്ധികനൈപുണികളാണ് ഇവിടെ വിലയിരുത്തപ്പെടേണ്ടത്. ചിന്താശക്തി, യുക്തിപരമായ വിശകലനം, പ്രശ്നപരിഹരണം, മൗലികമായ സമീപനങ്ങൾ ആവിഷ്കരിക്കാനുള്ള കഴിവ് എന്നിവ വിലയിരുത്തപ്പെടണം. പ്രബന്ധത്തിന്റെ വിവിധ ഭാഗങ്ങൾ പരിശോധിച്ച്, ഇവയെ സാധൂകരിക്കുന്ന തെളിവുകൾ കണ്ടെത്തുകയും, വിദ്യാർഥി ഈ മേഖലകളിൽപ്രകടിപ്പിക്കുന്ന നിലവാരം വിലയിരുത്തുകയും വേണം. രണ്ടാമതായി,ഒരു ഡോക്ടറൽ പ്രബന്ധത്തിനനുയോജ്യമായ നിലവാരത്തിലുള്ള ബൗദ്ധികയത്നം വിദ്യാർഥി നടത്തിയിട്ടുണ്ടോ എന്നു വിലയിരുത്തേണ്ടതുണ്ട്. പൂർവപഠനങ്ങൾ കണ്ടെത്തൽ, വിവരശേഖരണം, സൈദ്ധാന്തിക അവലോകനം, വിശകലനം, വാദഗതികൾ ഉന്നയിക്കലും സ്ഥാപിക്കലും, പ്രബന്ധരചന എന്നിവയിൽ അടങ്ങിയിട്ടുള്ള ബൗദ്ധിക യത്നം എന്നിവ വിലയിരുത്താവുന്നതാണ്.

## 2. വിഷയപരമായ വിലയിരുത്തൽ

നിർദിഷ്ടവിഷയത്തിന്റെ വീക്ഷണത്തിൽ ഗവേഷണപ്രബന്ധത്തെ പൊതുവായി വിലയിരുത്തിക്കഴിഞ്ഞ് പ്രബന്ധത്തിന്റെ വിവിധഭാഗങ്ങളുടെ വിലയിരുത്തലും നടത്താം.

### 2.1 വിഷയസ്വീകരണം

- പ്രബന്ധവിഷയത്തിന്റെ തനിമ- നിലവിലുള്ള വിഷയമാതൃകകളുടെ

ആവർത്തനമാണോ, നൂതനമായ ഒരു വിഷയമാണോ?

- ഡോക്ടറൽ ഗവേഷണത്തിന് സാധ്യത നൽകുന്ന തരത്തിലുള്ള പ്രശ്നമാണോ പ്രബന്ധം ഉന്നയിക്കുന്നത്?
- സമകാലികമായ സാഹിത്യപഠന/സൈദ്ധാന്തിക സമീപനങ്ങളുടെ പശ്ചാത്തലത്തിൽ വിഷയം പ്രസക്തമാണോ?
- സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽ വിഷയം പ്രസക്തമാണോ?
- ഗവേഷണവിഷയത്തിന്റെ സാംഗത്യം, പശ്ചാത്തലം എന്നിവ വ്യക്തമായി വിശദീകരിക്കപ്പെടുന്നുണ്ടോ?

2.2. വ്യത്യസ്ത ഘടകങ്ങളുടെയും ഭാഗങ്ങളുടെയും വിലയിരുത്തൽ

2.2.1 പ്രബന്ധസംഗ്രഹം

പഠനം എന്ത്, എങ്ങനെ എന്നതും പഠനത്തിലൂടെ ഉത്പാദിപ്പിക്കപ്പെട്ട പുതിയ തിരിച്ചറിവുകൾ എന്ത് എന്നും പ്രബന്ധ സംഗ്രഹത്തിൽ നിന്ന് വ്യക്തമാണോ?

2.2.2 ശീർഷകം

- ഗവേഷണ വിഷയം/ ഗവേഷണവിഷയത്തിൽ അടങ്ങിയിരിക്കുന്ന പ്രശ്നം കൃത്യമായി പ്രതിഫലിക്കുന്നുണ്ടോ?
- തലക്കെട്ട് ആശയപരമായി/ വാക്യഘടനാപരമായി പൂർണമാണോ?
- ഗവേഷണത്തിലെ താക്കോൽവാക്കുകൾ ഉൾപ്പെടുന്നുണ്ടോ?
- തലക്കെട്ടിൽ മാറ്റം വരുത്തേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റം വരുത്തണം?

2.2.3 പശ്ചാത്തല അധ്യായങ്ങൾ

- ആദ്യ അധ്യായത്തിൽ പഠനപശ്ചാത്തലം വ്യക്തമായി വിവരിക്കപ്പെടുന്നുണ്ടോ?
- പഠനത്തിന്റെ ആവശ്യകത, പ്രസക്തി എന്നിവ സാധൂകരിക്കാൻ കഴിയുന്ന വിധത്തിൽ അവ ചർച്ച ചെയ്യപ്പെടുന്നുണ്ടോ?
- പഠന ലക്ഷ്യങ്ങൾ വ്യക്തമാണോ? ഗവേഷണ ചോദ്യങ്ങൾ/ വാദഗതികൾ ആയി അവ വിപുലീകരിക്കപ്പെടുന്നുണ്ടോ?
- നിർദിഷ്ട വിഷയത്തിന്റെ അതിരുകളും പോരായ്മകളും പ്രസക്തമാണെങ്കിൽ, അവ ചർച്ച ചെയ്യപ്പെടുന്നുണ്ടോ?

- പ്രധാന ആശയങ്ങൾ നിർവചിക്കപ്പെട്ടിട്ടുണ്ടോ? ആവശ്യമായ വിശദീകരണങ്ങൾ നൽകിയിട്ടുണ്ടോ?
- പൂർവപഠനങ്ങളുടെ ചർച്ച സമഗ്രമാണോ? അവയുമായി നിർദിഷ്ട വിഷയത്തെ ബന്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ?
- സൈദ്ധാന്തിക പശ്ചാത്തലം ഗവേഷണവിഷയവുമായി ബന്ധിപ്പിച്ച് ചർച്ച ചെയ്തിട്ടുണ്ടോ?
- പഠനത്തിനാവശ്യമായ ദ്വിതീയ പ്രഭവങ്ങൾ വ്യക്തമായി തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ടോ?
- പഠനത്തിൽ ഉപയോഗിച്ചിരിക്കുന്ന വ്യാഖ്യാന/വിശകലന പദ്ധതികൾ അവയിലെ വ്യത്യസ്ത ഘട്ടങ്ങൾ എന്നിവ വ്യക്തമായും സമഗ്രമായും ചർച്ച ചെയ്തിട്ടുണ്ടോ?
- പ്രബന്ധത്തിലെ അധ്യായവിഭജനത്തിന്റെ യുക്തി വ്യക്തമാണോ?

2.2.4 ഗവേഷണ ചോദ്യങ്ങൾ/വാദഗതികൾ/ ഗവേഷണ പ്രശ്നം

- ഗവേഷണ വിഷയത്തിനനുയോജ്യമായ എല്ലാ ഗവേഷണചോദ്യങ്ങളും കണ്ടെത്തിയിട്ടുണ്ടോ? ഏതൊക്കെ ചോദ്യങ്ങളാണ് കൂട്ടിച്ചേർക്കേണ്ടത്?
- ഏതെങ്കിലും ചോദ്യങ്ങൾ നീക്കം ചെയ്യേണ്ടതുണ്ടോ? എന്തുകൊണ്ട്?
- ഗവേഷണ ചോദ്യങ്ങൾ അനുയോജ്യമായ വിധത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ടോ?
- പ്രസ്താവിക്കപ്പെട്ടിട്ടുള്ള ഗവേഷണചോദ്യങ്ങൾ ഗവേഷണ സാധ്യമാണോ?
- പ്രസ്താവിക്കപ്പെട്ടിട്ടുള്ള ഗവേഷണ ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരങ്ങൾ നൽകുന്നുണ്ടോ?
- ഗവേഷക മുന്നോട്ടുവയ്ക്കുന്ന വാദഗതികൾ പഠനലക്ഷ്യം നേടാൻ അനുയോജ്യമാണോ?
- വാദഗതികൾ സ്ഥാപിക്കാൻ കഴിയുന്നുണ്ടോ?
- വാദഗതികളെ സാധൂകരിക്കുന്ന തെളിവുകൾ നൽകുന്നുണ്ടോ?
- വാദങ്ങൾ യുക്തിഭദ്രവും വസ്തുനിഷ്ഠവുമാണോ?
- ഗവേഷകയുടെ വാദങ്ങൾക്ക് സൈദ്ധാന്തികമായും നിർദിഷ്ടവിഷയത്തിലെ വിജ്ഞാന പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിലും പ്രസക്തിയുണ്ടോ?

- പഠനത്തിന്റെ ആധാരമായി പ്രസക്തമായ ഒരു ഗവേഷണ പ്രശ്നം തിരിച്ചറിയപ്പെട്ടിട്ടുണ്ടോ?
- സൈദ്ധാന്തികമായും രീതിശാസ്ത്രപരമായും ന്യായീകരിക്കാവുന്നതാണോ തിരഞ്ഞെടുത്തിരിക്കുന്ന ഗവേഷണ പ്രശ്നം?
- ഗവേഷണപ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ വാദങ്ങൾ ഗവേഷക മുന്നോട്ടുവയ്ക്കുന്നുണ്ടോ?

## 2.2.5 വിശകലനം / വ്യാഖ്യാനം

- സാഹിത്യപാഠത്തിന്റെ സമഗ്രമായ വിശകലനത്തിന്റെ അടിത്തറയിലാണോ പഠനം നിർവഹിച്ചിരിക്കുന്നത്?
- സാഹിത്യപാഠത്തിന്റെ വ്യാഖ്യാനങ്ങളിൽ ഗവേഷകയുടെ സാഹിത്യാസ്വാദന ശേഷി, സാഹിത്യപാഠങ്ങളുമായുള്ള വിപുലമായ പരിചയം എന്നിവ വ്യക്തമാകുന്നുണ്ടോ?
- പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്ന സിദ്ധാന്തം/സിദ്ധാന്തങ്ങൾ വിഷയത്തിന് അനുയോജ്യമാണോ?
- വിശകലനങ്ങളിലൂടെയും വ്യാഖ്യാനങ്ങളിലൂടെയും പുതിയ വിജ്ഞാനം രൂപപ്പെടുത്താൻ കഴിയുന്നുണ്ടോ?
- ഗവേഷക വ്യക്തമായ തിരിച്ചറിവുകളിലേക്ക് എത്തിച്ചേരുകയും അവ വിശദീകരിക്കുകയും ചെയ്യുന്നുണ്ടോ?
- വിശകലനപരമായ അധ്യായങ്ങൾക്ക് യുക്തിപരമായ ക്രമം ഉണ്ടോ?

## 2.2.6 നിഗമനങ്ങൾ

- വിശകലനങ്ങൾ ക്രോഡീകരിച്ച് വ്യക്തമായ നിഗമനങ്ങൾ രൂപീകരിച്ചിട്ടുണ്ടോ?
- നിഗമനങ്ങൾ പഠനലക്ഷ്യങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാണോ?
- നിഗമനങ്ങൾ വിശദീകരിച്ച് വിഷയത്തിന്റെ സൈദ്ധാന്തിക പശ്ചാത്തലത്തോട് ബന്ധപ്പെടുത്തിയിട്ടുണ്ടോ?

## 2.2.7 പ്രബന്ധഭാഷയും അവതരണ ശൈലിയും

- പ്രബന്ധത്തിന് വ്യക്തമായ ചട്ടക്കൂട് ഉണ്ടോ? വിവിധ ഭാഗങ്ങൾ ചിട്ടയായും പരസ്പരബന്ധത്തോടെയും അവതരിപ്പിക്കപ്പെട്ടിട്ടുണ്ടോ?
- അക്കാദമിക ഭാഷയ്ക്ക് ചേരുന്ന കൃത്യത, വസ്തുനിഷ്ഠത, ആശയവ്യക്തത എന്നിവ പുലർത്തുന്നുണ്ടോ?
- ഭാഷയ്ക്ക് സംയുക്തി (cohesion) വിചാരയുക്തി (coherence) എന്നീ

## പ്രബന്ധത്തിന്റെ സമഗ്രമൂല്യനിർണയത്തിനുള്ള ചട്ടക്കൂട്

| | | | | | |
|---|---|---|---|---|---|
| ഡോക്ടറൽ പ്രബന്ധങ്ങളിൽ പ്രതീക്ഷിക്കപ്പെടുന്ന നിലവാരം പുലർത്തുന്നുണ്ടോ? | വിഷയസ്വീകരണം ഉണ്ട്/ഇല്ല | വിഷയപരമായ ധാരണകൾ ഉണ്ട്/ ഇല്ല | രീതിശാസ്ത്രം/പഠന പദ്ധതി ഉണ്ട്/ ഇല്ല | അവതരണം ഉണ്ട്/ ഇല്ല | നിഗമനങ്ങൾ ഉണ്ട്/ഇല്ല |
| ഡോക്ടറൽ പ്രബന്ധങ്ങളിൽ പ്രതീക്ഷിക്കപ്പെടുന്ന ബൗദ്ധികയത്നം | വിഷയസ്വീകരണം ഉണ്ട്/ ഇല്ല | വിഷയപരമായ ധാരണകൾ ഉണ്ട്/ ഇല്ല | രീതിശാസ്ത്രം/പഠനപദ്ധതി ഉണ്ട്/ഇല്ല | അവതരണം ഉണ്ട്/ ഇല്ല | നിഗമനങ്ങൾ ഉണ്ട്/ഇല്ല |
| പഠനത്തിലൂടെ രൂപപ്പെട്ട പുതിയ വിജ്ഞാനം എതു വിഭാഗത്തിൽ ഉൾപ്പെടുന്നു? | വിവരങ്ങൾ/വസ്തുതകൾ | നിലവിലുള്ള വിജ്ഞാനത്തിന്റെ വിപുലീകരണം | ഗണ്യമായ പുതിയ വ്യാഖ്യാനങ്ങൾ | മൗലികമായ പുതിയ വ്യാഖ്യാനം | സിദ്ധാന്തീകരണം |
| പഠനത്തിലെ ഏറ്റവും മികച്ച ഘടകങ്ങൾ | 1 | 2 | 3 | 4 | 5 |
| പഠനത്തിന്റെ പ്രധാന പോരായ്മകൾ | 1 | 2 | 3 | 4 | 5 |
| പ്രബന്ധത്തിന്റെ പൊതുവായ വിലയിരുത്തൽ | അസാധരണമായ വിധത്തിൽ മികച്ചത്/മൗലികം | ശ്രദ്ധേയമായ സംഭാവന | കൂടുതലും ഗുണപരമായ സംഭാവന | സ്വീകാര്യമായത് | അസ്വീകാര്യം |

ഗുണങ്ങളുണ്ടോ? [സംയുക്തി, വിചാരയുക്തി എന്നീ ആശയങ്ങളുടെ വിശദീകരണത്തിനായി രവിശങ്കർ എസ്. നായർ 2020 കാണുക-(3)]

- അധ്യായങ്ങളുടെ ഉപഭാഗങ്ങളുടെ വേർതിരിവ് യുക്തിസഹമാണോ?
- ചിട്ടയായ പരാമർശശൈലി പിന്തുടരുന്നുണ്ടോ?
- പ്രഭവങ്ങൾക്ക് കൃത്യമായ കടപ്പാട് രേഖപ്പെടുത്തിയിട്ടുണ്ടോ?
- ദ്വിതീയപ്രഭവങ്ങൾ അവധാനതയോടെ ഉപയോഗിക്കപ്പെട്ടിട്ടുണ്ടോ?
- പ്രഭവങ്ങൾ പൊതുവെ സമകാലികമാണോ?

## ഗവേഷണ പ്രബന്ധങ്ങളിൽ പരിശോധകർ കണ്ടെത്തുന്ന പ്രധാന പ്രശ്നങ്ങൾ

- പൊതുവായ വിലയിരുത്തൽ
- മൗലികമായ സംഭാവന കുറവ്
- പുതിയ തിരിച്ചറിവുകൾ/കണ്ടെത്തലുകൾ ഇല്ല
- ഡോക്ടറൽ പ്രബന്ധത്തിനു വേണ്ട ഗൗരവം ഇല്ല
- കാലികസ്വഭാവമില്ല/ കാലഹരണപ്പെട്ട മാതൃക
- കൂടുതലും വിവരണാത്മകം; വിശകലന സ്വഭാവം കുറവ്
- ഡോക്ടറൽ പ്രബന്ധത്തിനു ചേരുന്ന നിലയിലുള്ള ബൗദ്ധിക യത്നത്തിനുള്ള തെളിവുകളില്ല

## അറിവും ധാരണകളും

- നിർദിഷ്ട മേഖലയിലെ വിജ്ഞാനത്തെക്കുറിച്ച് അപര്യാപ്തമായ ധാരണ
- സൈദ്ധാന്തിക പശ്ചാത്തലത്തെക്കുറിച്ച് അപര്യാപ്തമായ ധാരണ
- അനുയോജ്യമല്ലാത്ത സിദ്ധാന്തത്തിന്റെ പ്രയോഗം
- തിരഞ്ഞെടുത്തിരിക്കുന്ന സിദ്ധാന്തം വേണ്ടവിധം ഗ്രഹിക്കാതിരിക്കുക
- സാഹിത്യപാഠത്തിന്റെ സ്വഭാവം വേണ്ടവിധം ഗ്രഹിക്കാതിരിക്കുക
- നിർദിഷ്ട വിഷയത്തിൽ കാലികമായ സമീപനങ്ങൾ ഗ്രഹിക്കാതിരിക്കുക

## വിഷയസ്വീകരണം

- മുൻപു നടന്നിട്ടുള്ള പഠനങ്ങളുടെ വിഷയത്തിന്റെ ആവർത്തനം
- സൈദ്ധാന്തിക വീക്ഷണത്തിൽ പ്രാധാന്യമില്ല
- വിഷയം വ്യക്തമായും കൃത്യമായും പ്രസ്താവിക്കപ്പെടുന്നില്ല
- വിഷയത്തിന് ചേരാത്ത ഗവേഷണ പ്രശ്നങ്ങൾ/ ഗവേഷണ ചോദ്യങ്ങൾ

## സ്രോതസ്സുകൾ

- ദ്വിതീയ സ്രോതസ്സുകൾ വേണ്ടത്ര ഉപയോഗിക്കാൻ കഴിയാതിരിക്കുക

- പരകീയപ്രഭവങ്ങൾ കൂടുതൽ
- പൂർവപഠനങ്ങളെക്കുറിച്ച് അപര്യാപ്തമായ ധാരണ
- തിരഞ്ഞെടുത്തിരിക്കുന്ന സിദ്ധാന്തത്തെക്കുറിച്ച് അവ്യക്തമായ ധാരണ

വിശകലന പ്രക്രിയകൾ/രീതിശാസ്ത്രം

- സാഹിത്യപാഠം വ്യാഖ്യാനിക്കുന്നതിലെ പോരായ്മകൾ/ അപര്യാപ്തതകൾ
- പരിമിതമായ വ്യാഖ്യാനശേഷി
- തിരഞ്ഞെടുത്തിരിക്കുന്ന സാഹിത്യപാഠത്തെ നിർദിഷ്ട സമൂഹവുമായും കാലവുമായും ബന്ധപ്പെടുത്തി വായിക്കുന്നതിലെ പോരായ്മകൾ
- കൃത്യമായ വാദഗതികൾ അവതരിപ്പിക്കുന്നില്ല
- വാദഗതികൾ അവ്യക്തമോ ദുർബലമോ
- വാദഗതികൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല
- വിശകലനത്തെ അടിസ്ഥാനമാക്കി കൃത്യമായ തിരിച്ചറിവുകളിലേക്ക് എത്തിച്ചേരുന്നില്ല
- തെളിവുകളുടെ അഭാവം
- സിദ്ധാന്തങ്ങൾ പ്രയോഗിക്കുന്നതിലെ പോരായ്മകൾ

അവതരണം

- ചിട്ടയില്ലാത്ത അവതരണം
- ഗവേഷണത്തിന്റെ ലക്ഷ്യം/സാധ്യതകൾ/ പശ്ചാത്തലം/പ്രസക്തി എന്നിവ അവതരിപ്പിക്കുന്നതിലെ പോരായ്മകൾ
- ദുർഗ്രഹാവതരണം (Obfuscation): വാദഗതികൾ വായനക്കാർക്ക് കൃത്യമായി മനസ്സിലാക്കാൻ പ്രയാസം
- ആശയങ്ങൾ വ്യക്തമായി വേർതിരിക്കാതെയുള്ള അവതരണം
- വ്യത്യസ്ത അധ്യായങ്ങൾ/ ഭാഗങ്ങൾ എന്നിവയ്ക്ക് പരസ്പരബന്ധം ഇല്ലാതിരിക്കുക
- കൃത്യമായ കീഴ് വഴക്കങ്ങൾ പാലിക്കാതെയുള്ള സൈറ്റേഷൻ, റഫറൻസുകൾ എന്നിവ
- ആശയങ്ങളുടെ കുറവ് ഭാഷപരമായ സങ്കേതങ്ങൾ കൊണ്ട് നികത്താൻ ശ്രമിക്കുക
- അനാവശ്യമായ ആവർത്തനങ്ങൾ
- ആവശ്യത്തിലധികമുള്ള ഉദ്ധരണികൾ
- ദ്വിതീയപ്രഭവങ്ങളിലെ ആശയങ്ങൾ വേണ്ടവിധം സംഗ്രഹിക്കാൻ

കഴിയാതിരിക്കുക

ഒരു ഗവേഷണപ്രബന്ധത്തെ മികച്ചതാക്കുന്ന ഗുണവിശേഷതകളും, അതുപോലെ മോശമാണെന്ന വിലയിരുത്താൻ കാരണമായ ഗുണവിശേഷതകളും ഗവേഷണരീതിശാസ്ത്രത്തിലെ വിദഗ്ധർ ക്രോഡീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഗവേഷണപ്രബന്ധങ്ങളെ വിലയിരുത്താനുള്ള ഒരു മാർഗസൂചകമായി അവയും ഉപയോഗിക്കാം. ഇത്തരത്തിലുള്ള ഒരു പട്ടിക ചില ഗവേഷകർ തയ്യാറാക്കിയത് (4) സാഹിത്യഗവേഷണത്തിന് പ്രസക്തമല്ലാത്ത ചിലത് ഒഴിവാക്കിക്കൊണ്ട് ചുവടെ ചേർക്കുന്നു .

### മികച്ച ഗവേഷണപ്രബന്ധത്തിന്റെ ലക്ഷണങ്ങൾ

- ശീർഷകം പഠനവിഷയത്തിന്റെ കേന്ദ്രാശയം/വാദഗതി വ്യക്തമായി പ്രതിഫലിപ്പിക്കുന്നു.
- വളരെ പ്രസക്തവും കാമ്പുള്ളതുമായ ഒരു പ്രശ്നം പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നു.
- ഗവേഷണ ലക്ഷ്യങ്ങൾ ആദ്യം തന്നെ പ്രസ്താവിച്ചിട്ടുണ്ട്.
- നിലവിലുള്ള വിജ്ഞാനത്തെ ഗണ്യമായി വികസിപ്പിക്കുന്നു.
- വ്യക്തമായ ദിശാബോധത്തോടെ ചിട്ടയോടുകൂടിയ അന്വേഷണമാണ്.
- സൂക്ഷ്മതയോടെ ആസൂത്രണം ചെയ്തതും നിർവഹിപ്പെട്ടതുമായ പഠനമാണ്: ഓരോ ഭാഗവും മുൻപുള്ളതിൽ നിന്ന് കൃത്യമായി വികസിക്കുന്നു; അതായത്,വ്യത്യസ്ത ഭാഗങ്ങളെ ഏകോപിപ്പിക്കുന്ന സൂക്ഷ്മഘടനയുണ്ട്.
- അധ്യായങ്ങൾ, ഭാഗങ്ങൾ, ഖണ്ഡികകൾ എന്നിവയെ പ്രബന്ധത്തിന്റെ ലക്ഷ്യങ്ങൾ, വാദഗതികൾ, പൊതുവായ ദിശ എന്നിയുമായി ബന്ധിപ്പിക്കുന്ന സൂചനകളിലൂടെ വായനക്കാരെ നയിക്കുന്നു.
- പൂർവപഠനങ്ങളുടെ അവലോകനം വിമർശനാത്മകവും മൂല്യനിർണയത്തിൽ അധിഷ്ഠിതവുമാണ്; നിർദിഷ്ട പഠനം എന്തിന് നിർവഹിക്കണം എന്നും എങ്ങനെ നിർവഹിക്കണമെന്നുമുള്ളതിന്റെ യുക്തി പൂർവപഠനാവലോകനത്തിൽ നിന്ന് വ്യക്തമാകുന്നു.
- രീതിപദ്ധതികൾ തിരഞ്ഞെടുത്തിരിക്കുന്നതിന്റെ യുക്തി വ്യക്തമായി ചർച്ച ചെയ്തിരിക്കുന്നു.
- ഗവേഷണ രൂപരേഖ പഠനത്തിന് അനുയോജ്യമാണ്; ഗവേഷണചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ സഹായിക്കുന്നതാണ്.
- ഗവേഷണത്തിലെ പ്രക്രിയകൾ സൂക്ഷ്മമായി വിവരിച്ചിരിക്കുന്നു.

- വ്യത്യസ്ത തരത്തിലുള്ള തെളിവുകൾ മുന്നോട്ടു വയ്ക്കുന്നതിലൂടെ സന്തുലിതമായ വാദഗതികൾ അവതരിപ്പിക്കുന്നു.
- പ്രശ്നത്തെ ആഴത്തിൽ മനസ്സിലാക്കുന്ന തരത്തിലുള്ള മികച്ച വിശകലന ശേഷികൾ പ്രദർശിപ്പിക്കുന്നു; തെളിവുകളുടെ ഒരു ശൃംഖല അവതരിപ്പിക്കുന്നു.
- ചർച്ചകൾ നിയന്ത്രിത സ്വഭാവം പുലർത്തുന്നു; ഭാവനാത്മകമല്ല.
- പ്രധാന ആശയങ്ങൾ വ്യക്തമായി നിർവചിച്ച് പാഠത്തിലുടനീളം ഉപയോഗിച്ചിരിക്കുന്നു.
- ലിഖിതമായ ആവിഷ്കാരം ചാരുതയുള്ളതും സൂക്ഷ്മവും ഒതുക്കമുള്ളതുമാണ്.
- ചിട്ടയായ പ്രൂഫ് വായനയും തെറ്റുതിരുത്തലും നടന്നിട്ടുള്ളതിന്റെ തെളിവുണ്ട്.

**മോശം ഗവേഷണപ്രബന്ധത്തിന്റെ ലക്ഷണങ്ങൾ**

- പഠനലക്ഷ്യങ്ങളും പഠനപദ്ധതിയും പ്രസ്താവിക്കപ്പെട്ടിട്ടില്ല.
- ഗവേഷണ ചോദ്യങ്ങൾ അപ്രസക്തമോ ഉത്തരം ചോദ്യത്തിൽനിന്നു തന്നെ വ്യക്തമാകുന്നവയോ ആണ്. (വിജയകരമായ പരിസമാപ്തിക്കു സാധ്യതയില്ല)
- പ്രബന്ധത്തിന്റെ മുഖ്യലക്ഷ്യം അല്ലെങ്കിൽ വാദം അവ്യക്തമാണ്.
- പഠനത്തിന് വ്യക്തമായ അതിരുകൾ ഇല്ല.
- അതീവ ലളിതമായ നിരീക്ഷണങ്ങളും സാമാന്യവല്ക്കരണവും
- പ്രബന്ധത്തിന്റെ ലക്ഷ്യം അപ്രായോഗികമായ വിധത്തിൽ വിപുലമാണ്.
- പൂർവപഠനങ്ങളേക്കുറിച്ചുള്ള ധാരണ പരിമിതമാണ്. (പ്രസക്തമായ മുഖ്യപഠനങ്ങളെക്കുറിച്ച് ഗവേഷകന് ധാരണയില്ല; പ്രാമാണികമല്ലാത്ത, അല്ലെങ്കിൽ ഇപ്പോൾ പ്രാമാണികമല്ലാത്ത പഴയ പഠനങ്ങൾ ഉപയോഗിച്ചിരിക്കുന്നു)
- പൂർവപഠനങ്ങളുടെ അവതരണം വ്യഖ്യാനാത്മകമല്ല; വിശകലനങ്ങളോ വ്യക്തമായ വാദങ്ങളോ ഉരുത്തിരിയുന്നില്ല.
- പഠനത്തിന് ആധാരമാക്കിയിരിക്കുന്ന ഗവേഷണങ്ങൾക്ക് പഠനത്തിന്റെ കേന്ദ്ര സങ്കല്പനങ്ങളുമായി ബന്ധമില്ല.
- സൈദ്ധാന്തിക വീക്ഷണം, ആശയപരമായ ചട്ടക്കൂട് എന്നിവ വ്യക്തമാക്കപ്പെടുന്നില്ല; തിരഞ്ഞെടുത്തിരിക്കുന്ന സൈദ്ധാന്തിക സമീപനത്തിന്റെ യുക്തി വ്യക്തമാക്കിയിട്ടില്ല, അല്ലെങ്കിൽ വേണ്ടത്ര വികസിപ്പിച്ചിട്ടില്ല.
- ഉപയോഗിച്ചിരിക്കുന്ന സൈദ്ധാന്തക സമീപനം എങ്ങനെ രീതിശാസ്ത്

സമീപനങ്ങളുമായി പൊരുത്തപ്പെടുന്നു എന്നതിനെക്കുറിച്ച് ധാരണയില്ല.

- സിദ്ധാന്തത്തിന്റെ അവതരണം സൂക്ഷ്മമല്ല; വേണ്ടത്ര ആഴമില്ല, വായനക്കാരെ ബോധ്യപ്പെടുത്തനുള്ള ശക്തിയില്ല. (മൂലപഠനങ്ങളെയല്ല, പാഠപുസ്തക സ്വഭാവമുള്ള രചനകളെയാണ് ആധാരമാക്കിയിരിക്കുന്നത്.)
- വാദഗതികൾ സഹജമായി ദുർബലമാണ്.
- ആഴത്തിലുള്ള വിശകലനങ്ങൾ കുറവാണ്; ദീർഘമായി അവതരിപ്പിച്ചിരിക്കുന്ന ദത്തങ്ങൾ വഴി ഈ കുറവ് നികത്താൻ ശ്രമിക്കുന്നു.
- തെളിവില്ലാത്തതും സാധൂകരിക്കാനാകാത്തതുമായ അതിവിശാലമായ നിഗമനങ്ങൾ.
- താക്കോൽ വാക്കുകൾ നിർവചിച്ചിട്ടില്ല, അല്ലെങ്കിൽ നിർവചനം കൃത്യമല്ല.
- വാദഗതികളുടെ അവതരണത്തെ ബാധിക്കുന്ന വിധത്തിലുള്ള മോശമായ ലിഖിത അവതരണം.
- അക്ഷരത്തെറ്റുകൾ, വികലമായ റെഫറൻസ് ശൈലി.
- അനാവശ്യമായി നീണ്ട വാക്യങ്ങളും വാക്കുകളിലെ ധാരാളിത്തവും; ആശയങ്ങളുടെയും പാഠഭാഗങ്ങളുടെയും അനാവശ്യമായ ആവർത്തനം.
- ഗവേഷണത്തെയും പ്രബന്ധത്തെയുംകുറിച്ചുള്ള സ്വയംവിലയിരുത്തലിന്റെ അഭാവം.

## ആധാരസൂചി

1. രവിശങ്കർ എസ്. നായർ (2021), 'സാഹിത്യഗവേഷണം–സിദ്ധാന്തവും പ്രയോഗവും', കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. David Evans, Paul Gruba, Justin Zobel (2014) *How to Write a Better Thesis*, Springer, P1-2)
3. രവിശങ്കർ എസ്. നായർ (2020), 'ഭാഷയും ഭാഷാശാസ്ത്രവും', കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
4. David Evans, Paul Gruba, Justin Zobel (2014) *How to Write a Better Thesis, Springer*, P 153-154.

*ravisankarnair101@gmail.com*

# ഗവേഷണം: ഫോക്‌ലോർപഠനം, സംസ്കാരപഠനം

അജു കെ. നാരായണൻ
അസോസിയറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം

## സംഗ്രഹം

ഫോക്‌ലോർമേഖലയെ മുൻനിർത്തി ഗവേഷണം എന്ത്? എന്തിന്? എങ്ങനെ? എന്നു വിശദീകരിക്കാനുള്ള ശ്രമമാണിത്. ഗവേഷണപ്രക്രിയയുടെ അക്കാദമികവും സാമൂഹികവുമായ മാനങ്ങൾ ഇവിടെ ചർച്ച ചെയ്യുന്നു. ഫോക്‌ലോർപഠനത്തിനായി വിവിധ കാലങ്ങളിൽ ഉപയോഗിക്കപ്പെട്ട രീതിശാസ്ത്രങ്ങൾ മനസ്സിലാക്കാനായി ഫോക്‌ലോർപഠനത്തിന്റെ ലഘുചരിത്രം സംക്ഷേപിച്ചിരിക്കുന്നു. കേരളത്തിലെ/മലയാളത്തിലെ ഫോക്‌ലോർഗവേഷണം നേരിടുന്ന വെല്ലുവിളികളിലേക്ക് വിരൽചൂണ്ടുകയും ഫോക്‌ലോർപഠനത്തെ എങ്ങനെ സമകാലികമാക്കാം എന്നു പര്യാലോചിക്കുകയും ചെയ്യുന്നു. ഫോക്‌ലോറുകളെ വിവരിക്കാനും വ്യാഖ്യാനിക്കാനും വിമർശിക്കാനുമുള്ള സാധ്യതകൾ തുറന്നുതരുന്ന ജ്ഞാനമേഖലയെന്ന എന്ന നിലയിൽ സമകാലികസംസ്കാരപഠനത്തിന്റെ അടിസ്ഥാനസമീക്ഷകൾ ക്രോഡീകരിക്കുന്നു (ഈ വിഷയത്തെ മുൻനിർത്തി നടത്തിയ വെബിനാർ പ്രഭാഷണത്തിന്റെ ലേഖനരൂപം).

**താക്കോൽവാക്കുകൾ:** ഗവേഷണം, ഫോക്‌ലോർപഠനം, സംസ്കാരപഠനം, അറിവ് /ജ്ഞാനം, കർത്തൃത്വം, മിത്ത്, മാർക്സിസം, ഘടനാവാദം, ഘടനാവാദാനന്തരം, ആധുനികത, ഉത്തരാധുനികത, സ്ത്രീവാദം, പ്രകടനാത്മകത, കാല്പനികദേശീയത, കീഴാളപഠനം, ദലിത്പഠനം, കോളനിയനന്തരവാദം, ജനസംസ്കാരപഠനം

### ഗവേഷണം എന്ന ജ്ഞാനോല്പാദനപ്രക്രിയ

ഗവേഷണത്തിലൂടെയാണ് നാം പുതിയ അറിവുകളെ ഉല്പാദിപ്പിക്കുന്നത്. സമൂഹത്തെ പ്രചലിതമാക്കുന്ന ക്രിയാവിശേഷമാണ് ഗവേഷണം. മനുഷ്യ വംശം ഇന്നിങ്ങനെ ആയിത്തീർന്നത് നിരവധി ഗവേഷണചിന്തകളുടെ ഫലമാ യിട്ടാണെന്ന കാര്യത്തിൽ രണ്ടുപക്ഷമുണ്ടാവില്ല. വർത്തമാന കാലത്ത്/ ലോകത്ത് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുക യെന്നത് സാമൂഹ്യബോധ്യമുള്ള അക്കാദമിക്കുകളുടെ കർത്തവ്യമാകുന്നു. പ്രശ്നങ്ങളിൽ ഇടപെട്ടും സന്ദേഹമുയർത്തിയും സംവാദങ്ങളിൽ ഏർപ്പെട്ടുമൊ ക്കെയാണ് നാമിവിടെ എത്തിച്ചേർന്നത്. ഈ 'എത്തിച്ചേരൽ/ആയിത്തീരൽ' ഒരു പര്യവസാനസത്തയല്ല. ഇനിയും മുന്നോട്ടു പോകേണ്ടതായുണ്ട്. നാം ഇതിനോടകം ഉല്പാദിപ്പിച്ച അറിവുകൾക്കകത്തും നിരവധി വിള്ളലുകളുണ്ടെന്ന് സൂക്ഷ്മദർശനത്തിൽ വ്യക്തമാകും. അവ പരിഹരിക്കുകയെന്ന ഉദ്ദേശ്യവും പ്രധാനമാണ്.

നിരവധി ഗവേഷണാത്മകനീക്കങ്ങളിലൂടെയും അന്വേഷണപദ്ധതി കളിലൂടെയുമാണ് നാം നമ്മെത്തന്നെ പരിഷ്ക്കരിച്ചത്. ഭാവിയെക്കുറിച്ചുള്ള ഉപദർശനം കൂടിയാണ് ഗവേഷണം എന്നു പറയുന്നത് അതിനാലാണ്. ഭാഷാസാഹിത്യമണ്ഡലത്തിൽ നടക്കുന്ന ഗവേഷണത്തിന്റെ സ്വഭാവമല്ല ശാസ്ത്രമേഖലയിലെ ഗവേഷണത്തിന്റേത്. സാമൂഹ്യശാസ്ത്രമേഖലയിൽ നടക്കുന്ന ഗവേഷണം മറ്റൊരു തരത്തിലാണ്. ഗവേഷണപഠനത്തിന്റെ ആശയാവലികളും രൂപാവലികളും ഇങ്ങനെ മാറുന്നുണ്ടെങ്കിലും എല്ലാത്തരം ഗവേഷണപ്രക്രിയയും ഒരു കാര്യത്തെയാണ് ഉന്നം വെയ്ക്കുന്നത്. ജ്ഞാനോ ല്പാദനം (production of knowledge) എന്ന പരമമായ ലക്ഷ്യമാണത്. സമകാലികവും വിമോചനാത്മകവുമായ അറിവുകളുടെ ഉല്പാദനവും അവതര ണവും വിതരണവുമാണ് ഗവേഷണപഠനത്തിലൂടെ സാക്ഷാത്ക്കരിക്കേണ്ടത്.

കേവലപഠനങ്ങളിൽനിന്ന് തീർത്തും വ്യത്യസ്തമാണ് ഗവേഷണപഠനം. നിലവിലുള്ള അറിവുകളുടെ സ്വാംശീകരണം മാത്രമാണ് കേവലപഠനങ്ങൾ. മുമ്പ് പലരാൽ ഉല്പാദിപ്പിക്കപ്പെട്ട വിജ്ഞാനങ്ങളുടെ ആർജ്ജനം മാത്രമാണ വിടെ നടക്കുന്നത്. പഠിതാവിന് ഇവിടെ പാസ്സീവായ കർത്തൃസ്ഥാനമേയുള്ളൂ വെന്ന് താത്ത്വികമായി പറയാം. എന്നാൽ ഗവേഷണപഠനം, നിലനിൽക്കുന്ന ജ്ഞാനത്തെ അഭിസംബോധന ചെയ്യുന്നതോടൊപ്പം പ്രസ്തുത ജ്ഞാനത്തെ ത്തന്നെ സന്ദേഹബുദ്ധ്യാ സമീപിക്കുകയും അതിനെ അപനിർമ്മിക്കുകയും പ്രശ്നവൽക്കരിക്കുകയും ചെയ്യുന്നു. ഗവേഷക/ൻ, ഗവേഷണപ്രശ്നത്തിലേക്ക്

(research problem) എത്തിച്ചേരുന്നത് ഇപ്രകാരമാണ്. പ്രശ്നാഭിമുഖീകരണം, വിവരണം, വ്യാഖ്യാനം, വിമർശം, നിഗമനം/ഉപദർശനം എന്നിവ ഗവേഷണപഠനത്തിൽ ഉള്ളടങ്ങണം. തികഞ്ഞ രീതിശാസ്ത്രഭദ്രതയോടെയും സൈദ്ധാന്തികമായ അടിത്തറയോടെയും നടത്തുന്ന അന്വേഷണമാണ് കാലികവും നാണയമുള്ളതുമായ വിജ്ഞാനത്തെ ഉല്പാദിപ്പിക്കുകയും പുനരുല്പാദിപ്പിക്കുകയും ചെയ്യുന്നത്. അറിവ് അറിവായിത്തീരുന്നത് അതിന് കാലികമായ ഇടപെടൽശേഷിയുള്ളപ്പോൾ മാത്രമാണ്. ഉല്പാദിപ്പിക്കപ്പെടുന്ന അറിവ് വിമോചനാത്മകവും പുരോഗമനപരവുമാണോ എന്ന ചോദ്യവും പ്രസക്തമാണ്. മനുഷ്യസമൂഹത്തെ പിന്നോട്ടടിക്കുന്ന വിവരങ്ങൾക്ക് വിജ്ഞാന പദവി നല്കാനാവില്ല. ഇവിടെയാണ് ജനാധിപത്യം, സമഭാവന, മാനവികത, സമത്വം, സാകല്യബോധം തുടങ്ങിയ മൂല്യങ്ങൾ ഗവേഷണപ്രക്രിയയിൽ സുപ്രധാനമായിത്തീരുന്നത്. ഗവേഷണം സാമൂഹികവൃത്തിയാണെന്നും രാഷ്ട്രീയപ്രവർത്തനമാണെന്നും സൂചിപ്പിക്കപ്പെടുന്നതിന്റെ സാംഗത്യമിതാണ്. ഈവക ബോധ്യങ്ങളോടെ റിസർച്ചിനെ സമീപിക്കുമ്പോൾ ഗവേഷകന്/ ഗവേഷകയ്ക്ക് ആക്ടീവായ കർതൃസ്ഥാനം കൈവരുകയും ചെയ്യും.

### ഫോക്‌ലോർപഠനത്തിന്റെ നാൾവഴികൾ

യൂറോപ്യൻ നവോത്ഥാനത്തിന്റെ ഭാഗമായാണ ഫോക്‌ലോർപഠനം സമാരംഭിക്കുന്നത്. ആധുനികത (modernityയിലേക്കു ചുവടുവെച്ച മനുഷ്യസമൂഹം ഉപേക്ഷിച്ചുതുടങ്ങിയ/ഉപേക്ഷിച്ച നാട്ടറിവുരൂപങ്ങളോടു ചിലർക്കു തോന്നിയ 'ഗൃഹാതുരത'യാണു ഫോക്‌ലോർപഠനത്തിനു തുടക്കം കുറിച്ചത്. ഈ മനോഭാവം ഫോക്‌ലോറുകളെ ശേഖരിച്ചുവെയ്ക്കുന്നതിലേക്ക് ക്രമേണ എത്തിപ്പെട്ടു. മ്യൂസിയംപീസ് എന്ന നിലയിൽ ഫോക്‌ലോർവസ്തുതകൾ ശേഖരിക്കപ്പെട്ടു തുടങ്ങി. പ്രധാനമായും വാമൊഴിയിനങ്ങളാണ് ആദ്യകാലത്തു ശേഖരിക്കപ്പെട്ടത്. കാല്പനികദേശീയതയുടെ (romantic nationality) കാലരാശികൂടിയായിരുന്നു അത്.

ദേശീയത (nationality) ഊട്ടിയുറപ്പിക്കാൻ ഫോക്‌ലോറുകൾ സഹായകമാവുമെന്ന് ജർമ്മൻ തത്ത്വജ്ഞാനിയും റൊമാന്റിക് നാഷണലിസ്റ്റ് സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവുമായ ഹെർഡർ നിരീക്ഷിച്ചു. ജർമ്മൻദേശീയത ഊട്ടിയുറപ്പിക്കാനായി അഡോൾഫ് ഹിറ്റ്ലർ ഫോക്‌ലോറുകളെ ഉപയോഗപ്പെടുത്തുകയുമുണ്ടായി. ഗൃഹാതുരത, ദേശീയതാനിർമ്മാണം എന്നിവയുടെ ഫലമായി ഫോക്‌ലോർ ഒരു സവിശേഷ പഠനവിഷയമായി രൂപാന്തരപ്പെട്ടു.

രീതിശാസ്ത്രഭദ്രതയുള്ള പഠനപദ്ധതിയെന്ന നിലയിൽ ഫോക്‌ലോർപഠനം മാറിത്തീരുന്നത് ഗ്രിം സഹോദരന്മാരിലൂടെയാണ്. നാടോടിക്കഥകളുടെ 'ur form' കണ്ടെത്താൻ അവർ ശ്രമിച്ചു. കഥകളുടെ ഉല്പത്തിദേശം, ഉല്പത്തികാലം, പൂർവരൂപം എന്നിവയിലായിരുന്നു ശ്രദ്ധ. ഏതാണ്ട് ഇതേ രീതിയിലാണു തിയഡോർ ബെൻഫേയുടെ പഠനങ്ങളും മുന്നേറിയത്. യൂറോപ്പിൽ പ്രചാരത്തിലുള്ള പഞ്ചതന്ത്രം കഥകളുടെ ഉല്പത്തി അദ്ദേഹം അന്വേഷിക്കുകയുണ്ടായി. ഭാരതമാണ് പഞ്ചതന്ത്രം കഥകളുടെ മൂലദേശമെന്നും അവ പേർഷ്യയിലൂടെ യൂറോപ്പിൽ എത്തിച്ചേർന്നുവെന്നും 'ഇന്ത്യാനിസ്റ്റിക് തിയറി'യിലൂടെ ബെൻഫേ നിരീക്ഷിച്ചു.

ജർമ്മൻപണ്ഡിതനായ മാക്സ് മുള്ളർ മിത്തിന്റെ/പുരാവൃത്തത്തിന്റെ ഉല്പത്തിയാണ് അന്വേഷിച്ചത്. 'ഭാഷയ്ക്കുണ്ടാകുന്ന രോഗം' മൂലമാണ് (disease of language) മിത്ത് ജനിക്കുന്നതെന്ന് അദ്ദേഹം വാദിച്ചു. പൂർവകാലത്തിന്റെ അപരിഷ്കൃതമായ ഭാഷാവിളയാട്ടമായി മിത്തിനെ നോക്കിക്കാണുകയും ഒരിക്കൽ ലളിതഘടനയും സ്വരൂപവുമുണ്ടായിരുന്ന മിത്ത് പിന്നീട് സങ്കീർണ്ണമായിത്തീരുന്നത് ഭാഷയ്ക്കുണ്ടാവുന്ന വ്യതിയാനം/പരിണാമം മൂലമാണെന്നും സമർത്ഥിക്കുകയുണ്ടായി. ഒരു ആലങ്കാരിക ഭാഷാഖണ്ഡത്തിന് മറ്റൊരു സ്ഥല-കാലത്തിൽ പുതിയ അർത്ഥങ്ങൾ സംജാതമാകുന്നതോടെ പുതുവ്യാഖ്യാനങ്ങളും ഉണ്ടായിവന്നേക്കാം. മിത്തിന് സങ്കീർണഘടന കൈവരുന്നത് ഇപ്രകാരമാണെന്ന് മുള്ളർ നിരീക്ഷിക്കുന്നു. അത് പുരാവൃത്താഖ്യാനത്തിന്റെ ഭാഷാഘടനയിലേക്കുള്ള നോട്ടമായിരുന്നു.

നരവംശപണ്ഡിതനും ധർമ്മപരതാവാദി (functionalist) യുമായ ബ്രോനിസ്‌ലോവ് മലിനോവ്സ്കി 'മിത്ത് ഇൻ പ്രിമിറ്റീവ് സൈക്കോളജി' എന്ന തന്റെ പഠനത്തിൽ, പുരാവൃത്തം, ഐതിഹ്യം എന്നിവയ്ക്കു സമൂഹത്തിലുള്ള പങ്കിനെപ്പറ്റി അന്വേഷിക്കുന്നുണ്ട്. ട്രോബിയന്റ് ദ്വീപുനിവാസികളുടെ ജീവിതത്തെ അധികരിച്ചു നടത്തിയ പഠനത്തിൽ പുരാവൃത്തത്തെപ്പറ്റി ഇങ്ങനെ എഴുതുന്നു: പുരാവൃത്തങ്ങൾ സത്യമാണെന്നു ജനത വിശ്വസിക്കുക മാത്രമല്ല അതു പവിത്രമാണെന്നു കരുതുകയും ചെയ്യുന്നു. അനുഷ്ഠാനങ്ങളുടെ അവതരണവുമായി ബന്ധപ്പെട്ടാണ് മിക്കവാറും മിത്തുകൾ പറയപ്പെടുന്നത്. എന്നാൽ അനുഷ്ഠാനങ്ങളുടെ സാധുത നിലച്ചുപോയാലും മിത്തുകൾ നിലനിന്നേക്കാം. പുരാവൃത്തങ്ങൾ ഒരു ജനതയുടെ വിശ്വാസസഞ്ചയത്തെ പ്രകടിപ്പിക്കുകയും ദൃഢീകരിക്കുകയും പ്രതീകവൽക്കരിക്കുകയും ചെയ്യുന്നു. അത് ധാർമ്മികത ഉറപ്പുവരുത്തുന്നു, സംരക്ഷിക്കുന്നു. മനുഷ്യപരിഷ്ക്കാരത്തിന്റെ

നിർണ്ണായകഘടകമായ പുരാവൃത്തം വെറുമൊരു നിരുപയോഗകഥയല്ല, മറിച്ച് ഒരു സജീവബലമാണ്.

ആൻഡ്രൂ ലാങ്ങും ഡബ്ലിയു.ജെ. കോക്സും മിത്ത് ജനിക്കുന്നത് അനുഷ്ഠാനങ്ങളിൽ നിന്നാണ് എന്നഭിപ്രായമുള്ളവരാണ്. ആദിമസമൂഹങ്ങളുടെ പ്രകൃത്യാരാധനയുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഭാഷാഖ്യാനമാണ് മിത്ത് എന്ന ലാങ്ങിന്റെ നിരീക്ഷണവും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട deep true nature ആണ് പുരാവൃത്തമെന്നുള്ള ജെയിംസ് ഫ്രേസറുടെ നിരീക്ഷണവും ശ്രദ്ധേയമാണ്. മാക്സ് മുള്ളറും ആൻഡ്രൂ ലാങ്ങും ജെയിംസ് ഫ്രേസറും മാനവിക വിചാരമാതൃകയിൽനിന്നുകൊണ്ട് പുരാവൃത്തങ്ങളെ യുക്തീകരിക്കാനുള്ള ശ്രമമാണ് നടത്തിയതെന്നു പൊതുവേ വിലയിരുത്തപ്പെടുന്നു. ഫിൻലാന്റിലെ നാടോടി ഇതിഹാസമായ കലേവാലയുടെ മൂലരൂപവും മൂലദേശവും ഉല്പത്തികാലവും കണ്ടുപിടിക്കാനാണു ജൂലിയസ് ക്രോണും കാർലേ ക്രോണും ശ്രമിച്ചത്. ഇതിനായി അവർ ഫിന്നിഷ് മെത്തേഡ് ആവിഷ്ക്കരിച്ചു. ചുരുക്കത്തിൽ ഇവരെല്ലാംതന്നെ ചെയ്തത് ഒരു കാര്യമാണ്: ഫോക്‌ലോറിന്റെ ഉല്പത്തി അന്വേഷിക്കുക! ഫോക്‌ലോർപഠനത്തിന്റെ ഒന്നാം ഘട്ടം ഉല്പത്തി അന്വേഷണങ്ങളാണെന്നു സാമാന്യമായി പറയാം.

ഘടനാവാദത്തിന്റെ സൈദ്ധാന്തികമായ ധാരകളെ ഉപയോഗപ്പെടുത്തുന്നതാണു ഫോക്‌ലോർ പഠനത്തിന്റെ അടുത്ത ഘട്ടം. റഷ്യൻ ഫോക്‌ലോറിസ്റ്റായ വ്ളാദിമിർ പ്രോപ്പിൽനിന്ന് ഇതാരംഭിക്കുന്നു. റഷ്യൻ നാടോടിക്കഥയായ സ്കാസ്കിയുടെ ഘടനാപരമായ അപഗ്രഥനത്തിനാണ് അദ്ദേഹം ശ്രമിച്ചത്. മുപ്പത്തിയൊന്നു ധർമ്മപരമായ ഏകകങ്ങൾ (functional units) കൊണ്ടാണ് എല്ലാ നാടോടിക്കഥകളും ആഖ്യാനം ചെയ്യപ്പെടുന്നതെന്നും ഒരു അഗാധഘടന (deep structure) യിൽനിന്ന് അനേകം കഥകൾ ജന്മം കൊള്ളുന്നുവെന്നും പ്രോപ്പ് അഭിപ്രായപ്പെട്ടു. ഭാഷാശാസ്ത്രത്തിലെ ചില നിരീക്ഷണങ്ങളെ മുൻനിർത്തി പ്രോപ്പ് നടത്തിയ കഥാപഗ്രഥനത്തിനു വമ്പിച്ച ശ്രദ്ധയും പ്രചാരവും ലഭിക്കുകയുണ്ടായി.

പ്രശസ്ത നരവംശശാസ്ത്രജ്ഞനും ഫോക്‌ലോറിസ്റ്റുമായ ലെവിസ്ട്രേ ാസ്, മിത്തിന്റെ അടിസ്ഥാന ഘടനയിലാണ് ശ്രദ്ധവെച്ചത്. സങ്കീർണ്ണമായ ഭാഷാവബോധങ്ങളെന്നപോലെ സാമൂഹ്യനിർമ്മിതിയുമായി ബന്ധപ്പെട്ട പല ഘടകങ്ങളും മിത്തിൽ ഉൾച്ചേർന്നിരിക്കുന്നുവെന്ന് അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. പഴമ, ഗൃഹാതുരത എന്നിവയുമായി ബന്ധപ്പെട്ടു മാത്രം മിത്തുകളെ നോക്കിക്കണ്ട മുൻപഠനങ്ങളിൽനിന്നുള്ള വലിയ വിച്ഛേദമായിരുന്നു അവ.

സ്ട്രോസിനെ സംബന്ധിച്ചിടത്തോളം മിത്ത് ഒരു സവിശേഷഭാഷയെയാണ് സൂചിപ്പിക്കുന്നത്. മനുഷ്യസംസ്കാരചരിത്രത്തിലെ പുരാതനമായ ഒരു ഘട്ടത്തിലാവാം പുരാവൃത്തങ്ങൾ രൂപപ്പെട്ടതെന്നും അന്നവയ്ക്ക് ഒരു ലളിതഘടനയാവാം ഉണ്ടായിരുന്നിരിക്കുകയെന്നും നിരീക്ഷിച്ചു. എല്ലാ മിത്തുകളിലും അടിസ്ഥാനപരമായ ഒരു വൈരുദ്ധ്യത്തിന്റെ സമീകരണം കാണാമെന്നും സ്ട്രോസ് പ്രതിപാദിക്കുന്നുണ്ട്.

മിത്തിനുള്ളിലെ കഥയ്ക്കാണ് ലെവി സ്ട്രോസ് ഏറെ പ്രാധാന്യം കല്പിച്ചത്. അപഗ്രഥനത്തിനായി അദ്ദേഹം പുരാവൃത്തത്തെ ഏകകങ്ങളാക്കി. ഏകകങ്ങൾ (units) വേറിട്ടല്ല, സംഘാതമായാവും നിലകൊള്ളുക. ഇത്തരം സംഘാതങ്ങൾ തമ്മിലുള്ള ബന്ധമാണ് മിത്തിനെ സൃഷ്ടിക്കുന്നത്. ഏകകങ്ങളെ തിരശ്ചീനതലത്തിലും ലംബതലത്തിലും ബന്ധിപ്പിച്ചുകൊണ്ടാണ് ലെവിസ്ട്രോസ് പുരാവൃത്തവിശകലനം നടത്തിയത്. എല്ലാ മിത്തുകളിലും മൂന്നു പ്രക്രിയകൾ നടക്കുന്നുണ്ടെന്നു സ്ട്രോസ് വാദിച്ചു. ഒന്ന്: സമീകരണമില്ലാത്ത രണ്ടു വൈരുദ്ധ്യങ്ങൾ. രണ്ട്: വൈരുദ്ധ്യങ്ങളും അതിന്റെ സമീകരണവും. മൂന്ന്: വൈരുദ്ധ്യങ്ങളുടെ ഓരോ ധ്രുവവും ഇതര ഘടകവുമായി വൈരുദ്ധ്യത്തിലായിരിക്കുകയും അവയോരോന്നും സമീകരിക്കപ്പെടുകയും ചെയ്യുന്നു. ഈ വൈരുദ്ധ്യങ്ങളിലൂടെയും സമീകരണങ്ങളിലൂടെയുമുള്ള അന്വേഷണം പുരാവൃത്തത്തിന്റെ അടിസ്ഥാന വൈരുദ്ധ്യത്തിലേക്ക് നമ്മെ നയിക്കുന്നുവെന്നാണ് സ്ട്രോസിയൻ പക്ഷം.

ആധുനികീകരണത്തോടെയും ശാസ്ത്രവികാസത്തോടെയും ആവിർഭവിച്ച 'ജ്ഞാനോദയമാനവികത'യ്ക്കുള്ളിൽ വന്യതയുടെ (savage) ഘടകങ്ങൾ നിലനിൽക്കുന്നുണ്ടെന്ന ഫ്രോയ്ഡിയൻ വാദത്തെ ഇതിനോടു ചേർത്തുവെയ്ക്കാവുന്നതാണ്. Civilization and its Discontents എന്ന കൃതിയിൽ, ആധുനികസമൂഹം മിത്തുകളെ കണ്ണടച്ചു നിരാകരിക്കുന്നതിന്റെ അപകടസാധ്യതകളെപ്പറ്റി ഫ്രോയ്ഡ് സൂചിപ്പിക്കുന്നുണ്ട്. ഘടനാവാദപഠനങ്ങൾ പൊതുവേ മിത്തിന്റെ ആന്തരികഘടനയിലാണ് ശ്രദ്ധ പതിപ്പിച്ചതെന്നു കാണാം. ആയതിനാൽത്തന്നെ മിത്തിന്റെ ഉപരിഘടനകളെയും അതിന്റെ പൊരുളുകളെയും കാര്യമായി പരിഗണിക്കാൻ കഴിഞ്ഞില്ല.

മിൽമേൻ പാരിയും ശിഷ്യനായ ആൽബർട്ട് ബേറ്റ്സ് ലോർഡും ചേർന്ന് ആവിഷ്ക്കരിച്ച കെട്ടുമുറസിദ്ധാന്തം (theory of oral formula) കഥാഗാനങ്ങൾ പാടപ്പെടുന്നതിന്റെ ഘടനാവാദപരമായ വിശദീകരണമാണ്. പിന്നീടു വന്ന അമേരിക്കൻ പണ്ഡിതനായ അലൻ ഡൻഡസും കഥകളുടെ

ഘടനാപഗ്രഥനമാണ നടത്തിയത്. ആറ് അടിസ്ഥാന മോട്ടീഫീമുകളാലാണ് കഥ നെയ്യപ്പെടുന്നതെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. എല്ലാം സാർവലൗകിക മാണെന്ന ആധുനികതാവാദപരമായ ആശയാവലിതന്നെയാണ ഇത്തരം ഘടനാവാദപഠനങ്ങളുടെ ആത്യന്തിക ഉള്ളടക്കം.

ഫോക്‌ലോർപഠനത്തിന്റെ അടുത്ത ഘട്ടം ഇതിൽനിന്നു വളരെ വിഭിന്നമാണ്. എല്ലാ ഫോക്‌ലോറുകളുടെയും വിചാരമാതൃക/രൂപമാതൃക (paradigm) ഒന്നാണെന്നു പറയുകയല്ല, മറിച്ച് ഏതേതെല്ലാം തരങ്ങളിലും തലങ്ങളിലുമാണ് അവയ്ക്ക് അനന്യത കൈവരുന്നത് എന്നു കണ്ടെത്തുകയാണി വിടെ. ഫോക്‌ലോറിന്റെ സാമാന്യതയിലല്ല, സവിശേഷതയിൽ ശ്രദ്ധയൂന്നുന്ന പഠനങ്ങളാണവ. ഉപരിഘടനകളെ പരിഗണിച്ചുതുടങ്ങിയെന്നു ചുരുക്കം. ഒരേ അഗാധഘടനയിൽ നിലകൊള്ളുമ്പോഴും എന്തുകൊണ്ട് ഉപരിഘടനകൾ വ്യതിരിക്തങ്ങളാവുന്നുവെന്നു പരിശോധിക്കപ്പെട്ടു. കാളി-ദാരികമിത്തിൽനിന്ന് ഉരുവം കൊള്ളുന്നതാണ മുടിയേറ്റ്, മുടിയെടുപ്പ് എന്നീ അനുഷ്ഠാനങ്ങളെങ്കിലും അവയുടെ വിഭിന്നതകളിൽ ശ്രദ്ധവെയ്ക്കുന്നതാകുന്നു പുതിയസമീപനം. ഘടനാ വാദാനന്തരം (post structural) എന്നു വിശേഷിപ്പിക്കാവുന്ന രീതിയാണിത്. ഫോക്കിന്റെ സ്വത്വത്തെ സംബന്ധിച്ചും പുതിയ ധാരണകൾ രൂപപ്പെട്ടു. ഫോക്കും ലോറും തമ്മിലുള്ള ബന്ധംതന്നെ പുനരാലോചനയ്ക്കു വിധേയമായി. വിവിധ ജ്ഞാനവിഷയങ്ങൾ (ചരിത്രം, സംഗീതം, നരവംശശാസ്ത്രം, ഭാഷാ ശാസ്ത്രം, ആഖ്യാനവിജ്ഞാനം, ചിഹ്നവിജ്ഞാനം, വംശീയപഠനം, മനശ്ശാസ്ത്രം, മനോവിശകലനം, തത്ത്വചിന്ത തുടങ്ങിയവ) മുന്നോട്ടുവെച്ച നിരവധിയായ സങ്കല്പനങ്ങളെയും ജ്ഞാനിമങ്ങളെയും ഫോക്‌ലോർപഠനത്തിനായി ഉപയോഗപ്പെടുത്തുകയെന്ന ബഹുവിജ്ഞാനീയവും (multi-disciplinary) അന്തർവൈജ്ഞാനികവുമായ (inter disciplinary) രീതിശാസ്ത്രമാണ സമകാലിക ഫോക്‌ലോർപഠനത്തിനും അവലംബിക്കുന്നത്.

നാടൻകലകളടക്കമുള്ള ഫോക്‌ലോർവസ്തുതകളെ എങ്ങനെ സമീ ക്കണമെന്ന ചോദ്യം സുപ്രധാനമാണ്. സമകാലികസന്ദർഭത്തിൽ ഈ ചോദ്യം കൂടുതൽ പ്രസക്തമാവുന്നത് കേരളത്തിലെ ഫോക്‌ലോർഗവേഷണം പരമ്പരാഗതവഴികളെ ഉപേക്ഷിക്കാൻ ഇനിയും വിമുഖത കാട്ടുന്നുവെന്നതി നാലാണ്. ഫോക്‌ലോറിനെ സംബന്ധിച്ച കാല്പനികാഭിമുഖ്യങ്ങളും താല്പ ര്യങ്ങളും നാമിനിയും കൈവെടിഞ്ഞിട്ടില്ല. പാരമ്പര്യ (tradition) ത്തോടും ഭൂതകാല (past) ത്തോടും ഫോക്‌ലോറിനു ബന്ധമുണ്ടെങ്കിലും അതു വർത്ത മാനകാലത്തോടും ഭാവിയോടും ചില സംവേദനങ്ങൾ നടത്തുന്നുണ്ട്. ഇത്തരം

സംവേദനങ്ങളിലാണ് പഠിതാക്കൾ ശ്രദ്ധയൂന്നേണ്ടത്. ഫോക്‌ലോറിനെ സംസ്കാരശൃംഖലയുടെ (cultural circuit) ഭാഗമായി വിശദീകരിക്കാനും വ്യാഖ്യാനിക്കാനും കഴിയണം. പഴയ മട്ടിലുള്ള പഠനങ്ങൾ ഫോക്‌ലോറിനെ ഭൂതകാലത്തിന്റെ തിരുശേഷിപ്പുകളായി വാഴ്ത്തിപ്പാടുകയും ഫോക്‌ലോറിന്റെ ഭൂമിക സംശുദ്ധവും അചാല്യവുമാണെന്ന തറവാടിത്തഘോഷണം മുഴക്കുകയുമാണ്.

കേരളത്തിൽ ഇന്നു നടക്കുന്ന ഒട്ടുമിക്ക ഫോക്‌ലോർഗവേഷണത്തിന്റെയും പരാധീനതകളിലൊന്ന് അത് ദത്തങ്ങളുടെ കേവലക്രോഡീകരണം മാത്രമായി ചുരുങ്ങിപ്പോകുന്നുവെന്നതാണ്. ഫീൽഡ് വർക്കിലൂടെ ലഭിച്ച ഡേറ്റയുടെ അവതരണം മാത്രമാകുന്ന ഗവേഷണപ്രബന്ധം. നാട്ടറിവുകളുടെ ശേഖരണവും അവതരണവും ഫോക്‌ലോർപഠനത്തിൽ ഒഴിവാക്കാനാകാത്തതാണ്. എന്നാൽ നാട്ടറിവുകളുടെ അവതരണംകൊണ്ടുമാത്രം പുതിയ ജ്ഞാനോല്പാദനം സാധ്യമാവില്ല. ഒരു നാടോടിനാടകക്കാരൻ മുഖത്തെഴുതാൻ ചിരട്ടരക്കരി ഉപയോഗിക്കുന്നുവെന്ന്, മണ്ഡലവൃത്തി (field work) യിലൂടെ ലഭിച്ച അറിവായി ഒരു പ്രബന്ധത്തിൽ രേഖപ്പെടുത്താം. പക്ഷേ ഇതോടൊപ്പം പഠിതാവ് സ്വയമൊരു ചോദ്യമുന്നയിക്കണം: So what? അതുകൊണ്ടെന്ത്? ഓണക്കാലത്തു കുട്ടനാട്ടിലെ ജനത വള്ളംകളിയിൽ അവരവരുടേതായ രീതിയിൽ പങ്കെടുക്കുന്നു: So what? ഈ ചോദ്യത്തോടു വൈജ്ഞാനികമായി പ്രതികരിക്കാനുള്ള കടമ ഫോക്‌ലോർപഠിതാവിനുണ്ട്. ദത്തം (data) എന്നത് നാട്ടാരുടെ അറിവാണ്. അതിനെ മുൻനിർത്തി ഗവേഷക/ൻ പുതിയ അറിവുകൾ എങ്ങനെ നെയ്തെടുക്കുന്നുവെന്നതാണ് പ്രധാനം. ദത്താപഗ്രഥനത്തിന് പഠിതാവിനെ സഹായിക്കുന്ന സാമഗ്രികളാണ് (tools) സിദ്ധാന്തങ്ങളും താക്കോൽസങ്കല്പനങ്ങളും. രീതിശാസ്ത്രഭദ്രതയോടെ ഇക്കാര്യം നിർവഹിക്കപ്പെടുക വഴിയാണ് മേന്മയുള്ള പ്രബന്ധം സംരചിക്കപ്പെടുക. ഏതുതരം സിദ്ധാന്തങ്ങളും സങ്കല്പനങ്ങളുമാണ് പ്രയോഗിക്കപ്പെടുകയെന്നതും സുപ്രധാനമാണ്. ഇവിടെയാണ് സമകാലികസംസ്കാരപഠനത്തിന്റെ (Contemporary Cultural Studies) സിദ്ധാന്തങ്ങൾ ഗവേഷകർക്ക് വഴികാട്ടിയാവുന്നത്. സിദ്ധാന്തങ്ങളുടെ അന്ധമായ പ്രയോഗമല്ല, കാലികമായ അറിവുല്പാദനത്തിനു സഹായിക്കുന്ന സൈദ്ധാന്തികസമീക്ഷകളുടെ ഏകോപനവും പ്രയോഗവുമാണ് മുഖ്യം.

എല്ലാ അറിവുരൂപങ്ങളെയുമെന്നപോലെ ഫോക്‌ലോർരൂപങ്ങളെയും നിർണയിക്കുന്നതിൽ ജാതി, മതം, വർഗം, വംശം, ലിംഗം, ദേശം തുടങ്ങിയ

സംവർഗങ്ങൾ പങ്കു വഹിക്കുന്നുവെന്ന തിരിച്ചറിവ് ഗവേഷകർക്കുണ്ടാകണം. സമകാലികസംസ്കാരപഠനം തുറന്നുതരുന്ന ജ്ഞാനവഴികളെ കഴിയുന്നത്ര പ്ര യോജനപ്പെടുത്തിക്കൊണ്ട് അറിവുരൂപങ്ങളെ വിമർശബുദ്ധ്യാ സമീപിക്കണം. നാട്ടറിവുരൂപങ്ങളുടെ (അതു തെയ്യമോ പഴഞ്ചൊല്ലോ ആദിവാസിനൃത്തമോ തോറ്റംപാട്ടോ ആകട്ടെ) എല്ലാക്കാലത്തെയും അർത്ഥം പറയാനല്ല, സന്ദ ർഭാനുസൃതം പൊരുൾ തിരിക്കാനാണ് ശ്രമിക്കേണ്ടത്. പൂർത്തീകരിക്കപ്പെട്ട/ അടഞ്ഞ അർത്ഥമല്ല 'പൊരുൾ'. സന്ദർഭമനുസരിച്ചു മാറുന്നതാണത്. സിഗ്നി ഫിക്കേഷൻ (Signification) എന്ന് ഈ പ്രക്രിയയെ വിളിക്കാം. ഇങ്ങനെ വരുമ്പോൾ ഫോക്ലോർവ്യാഖ്യാനങ്ങൾ അടഞ്ഞ വ്യവസ്ഥയാകില്ല. പകരം, ജ്ഞാനസാധ്യതകളുടെ ജനാലകൾ തുറന്നിടലായിത്തീരും.

## സംസ്കാരപഠനം

'കൾച്ചറൽ സ്റ്റഡീസ്' എന്നതിന്റെ മലയാളഭാഷാന്തരങ്ങളാണ് സംസ്കാരപ ഠനം, സാംസ്കാരികപഠനം, സംസ്കാരവിമർശം, സാംസ്കാരികവിമർശം എന്നി വയെങ്കിലും സംസ്കാരപഠനം എന്ന പ്രയോഗത്തിനാണ് ഏറെ സ്വീകാര്യത ലഭിച്ചത്. ഈ പഠനമേഖലയെ പ്രാഥമികമായി പരിചയപ്പെടുത്തിയ ചില മലയാളഗ്രന്ഥങ്ങളുടെ ശീർഷകങ്ങൾ (സംസ്കാരപഠനം ഒരാമുഖം, സംസ്കാര പഠനം: ചരിത്രം, സിദ്ധാന്തം, പ്രയോഗം തുടങ്ങിയവ) ഈ പ്രയോഗത്തിന്റെ സ്ഥാനപ്പെടലിന് കാരണമായിട്ടുണ്ടാവാം.

കേരളത്തിന്റെ ഭാഷാസാഹിത്യപഠനമണ്ഡലത്തിൽ സംസ്കാരപഠനം എന്ന വിഷയം ഇന്നു കരിക്കുലത്തിന്റെയും സിലബസിന്റെയും ഭാഗമായി ത്തീർന്നിട്ടുണ്ടെങ്കിലും സംസ്കാരപഠനം എന്ന സമസ്തപദത്തിന്റെ വിവക്ഷ പഠിതാക്കളിൽ ആശയക്കുഴപ്പം സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു. സംസ്കാരത്തെ കുറിച്ചുള്ള ഏതു പഠനത്തെയും സംസ്കാരപഠനമായി കരുതുന്നവരുണ്ട്. യഥാർ ത്ഥത്തിൽ, സംസ്കാരത്തെ കുറിച്ചുള്ള പഠനമല്ല സംസ്കാരപഠനം. ഏതിനെയും സാംസ്കാരികമായി നോക്കിക്കാണുന്ന, സംസ്കാരമെന്ന നിലയിൽ അവയെ വിവരിക്കാനും വ്യാഖ്യാനിക്കാനും ശ്രമിക്കുന്ന പഠനമാണ് സംസ്കാരപഠനം. തികഞ്ഞ വിമർശബുദ്ധിയോടെ കാര്യങ്ങളെ നോക്കിക്കാണാനും സൈദ്ധാ ന്തിക സംബുദ്ധിയോടെ അവയെ വ്യാഖ്യാനിക്കാനുമുള്ള രീതിശാസ്ത്രമാണത്. നാളിതുവരെ 'സംസ്കാരം' എന്നു പേർവിളിക്കപ്പെട്ട/എണ്ണപ്പെട്ട ഇനങ്ങളുടെ കേവല പഠനമല്ലത്. ആയതിനാൽത്തന്നെ, ഏതുവിഷയത്തെയും നോക്കി ക്കാണാനും (അതു ഭാഷയോ സാഹിത്യമോ സിനിമയോ സംഗീതമോ നൃത്തമോ ഫോക്ലോറോ കോവിഡോ ലോക്ഡൌണോ കെ.റെയിലോ

ആവട്ടെ) സവിശേഷരീതിയിൽ അപഗ്രഥിക്കാനും പ്രേരിപ്പിക്കുന്ന രാഷ്ട്രീയജാഗ്രതകൂടിയാണത്. 'സംസ്കാരപഠനം' എന്ന തർജ്ജമയിൽ അതിന്റെ രാഷ്ട്രീയ ഉന്നം നഷ്ടമായി എന്നു ചില പണ്ഡിതർ പരിതപിച്ചിട്ടുണ്ടെങ്കിലും ജനപ്രിയമായിത്തീർന്ന പ്രയോഗമെന്ന നിലയിൽ ഇവിടെ സംസ്കാരപഠനം എന്നുതന്നെ ഉപയോഗിക്കുന്നു.

ഭാഷ, കല, സാഹിത്യം, സമൂഹം, ശാസ്ത്രം തുടങ്ങിയ വിഷയങ്ങൾക്കു കൂടി ബാധകമാണ് സംസ്കാരപഠനം എന്നു സൂചിപ്പിച്ചുവല്ലോ. എന്തിനെയും അപനിർമ്മിക്കാനും പ്രശ്നവൽക്കരിക്കാനും സഹായിക്കുന്ന പരിപ്രേക്ഷ്യമാണത്. 1960-കളോടുകൂടി ഇംഗ്ലണ്ടിൽ രൂപീകൃതമായ സംസ്കാരപഠനത്തിന്റെ ആശയാവലിയെത്തുടർന്ന് ബർമിങ്ഹാം സർവകലാശാലയിൽ Centre For Contemporary Cultural Studies എന്ന സ്ഥാപനം സംസ്ഥാപിതമാവുന്നു. റിച്ചാർഡ് ഹൊഗാർട്ട്, സ്റ്റുവർട്ട് ഹോൾ തുടങ്ങിയ പണ്ഡിതരാണ് അതിന് നേതൃത്വം നൽകിയത്. ഇങ്ങനെയൊരു പഠനവിഭാഗം ആരംഭിച്ചതിന്റെ പിന്നിലുള്ള സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ കാരണം വളരെ പ്രധാനമാണ്.

മാർക്സിയനും ബ്രിട്ടീഷ് സംസ്കാരപഠിതാവുമായ റെയ്മണ്ട് വില്യംസ് 1950-ൽ 'കൾച്ചർ ആൻഡ് സൊസൈറ്റി' എന്നൊരു പുസ്തകം പ്രസിദ്ധീകരിക്കുകയുണ്ടായി. സംസ്കാരപഠനം എന്ന വിജ്ഞാനശാഖയുടെ അടിത്തറ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ച ഗ്രന്ഥമാണിത്. അതുപോലെ, റിച്ചാർഡ് ഹൊഗാർട്ട് രചിച്ച 'യൂസസ് ഓഫ് ലിറ്ററസി', ഇ.പി. തോംസൺ രചിച്ച 'മേക്കിങ് ഓഫ് ഇംഗ്ലീഷ് വർക്കിംഗ് ക്ലാസ്സ്' എന്നീ പുസ്തകങ്ങളും. ഇവ അക്കാദമിക് വിഷയങ്ങൾ അവതരിപ്പിക്കാനായി എഴുതപ്പെട്ടവയല്ല. മറിച്ച്, അക്കാലത്തെ ഇംഗ്ലണ്ടിലും പൊതുവെ യൂറോപ്പിലും കാണുന്ന ചില സാമൂഹ്യാവസ്ഥകളെയും രാഷ്ട്രീയവിഷയങ്ങളെയും അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി എഴുതപ്പെട്ടതാണ്. രണ്ടാം ലോകമഹായുദ്ധാനന്തരം അവിടുത്തെ ഇടതുപക്ഷത്തിനേറ്റ തിരിച്ചടിയിൽനിന്ന് ചില പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, ബ്രിട്ടീഷ്സംസ്കാരത്തെ മാർക്സിയൻപക്ഷത്തു നിന്നുകൊണ്ട് പുനർനിർവ്വചിക്കാൻ ശ്രമിക്കുകയായിരുന്നു ഈ പണ്ഡിതർ. സ്റ്റുവർട്ട് ഹാൾ തുടങ്ങിയ പണ്ഡിതർ ഈ ധാരയിലേക്ക് പങ്കു ചേരുകയുണ്ടായി. ക്രമേണ സംസ്കാരപഠനവിചാരങ്ങൾക്ക് ഒരു അക്കാദമിക് മുഖം കൈവന്നു.

ബർമിങ്ഹാം യൂണിവേഴ്സിറ്റിയിൽ ഒരു ഡിപാർട്ട്മെന്റ് ആരംഭിക്കുന്നതിനു മുമ്പേ സംസ്കാരപഠനത്തിന്റെ ആശയപ്രപഞ്ചം രൂപപ്പെട്ടിരുന്നു.

സംസ്കാരപഠനത്തിനു ബീജാവാപം നല്കിയവർ വെറും സർവകലാശാലാ പണ്ഡിതർ മാത്രമായിരുന്നില്ല. അവരിൽ പലരും സാമൂഹ്യപ്രവർത്തകരും തൊഴിലാളിവർഗ്ഗപ്രശ്നങ്ങളിൽ നിരന്തരം ഇടപെടുന്നവരുമായിരുന്നു. അടിസ്ഥാനവർഗ്ഗങ്ങൾക്കിടയിൽ നടന്നിരുന്ന സാക്ഷരതാപ്രവർത്തനങ്ങളിലും വയോജനവിദ്യാഭ്യാസ പ്രവർത്തനങ്ങളിലും പുനരധിവാസപ്രവർത്തനങ്ങളിലും അവർ ഏർപ്പെട്ടു. ടെലിവിഷൻ എന്ന പുതുമാധ്യമത്തിലൂടെ സംപ്രേഷണം ചെയ്യപ്പെട്ട ജനപ്രിയസാംസ്കാരികോല്പന്നങ്ങൾ സമൂഹത്തിൽ വരുത്തുന്ന പരിവർത്തനങ്ങളെയും അവർ സശ്രദ്ധം വീക്ഷിച്ചു. തൊഴിലാളിവർഗ്ഗവും മറ്റുള്ളവരും തമ്മിലുള്ള അകലം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരു സോഷ്യലിസ്റ്റ് സമൂഹത്തെ എങ്ങനെ രൂപപ്പെടുത്തിയെടുക്കാമെന്ന് അവർ ആലോചിച്ചു. ഇതിന്റെയെല്ലാം പ്രതിഫലനമാണ് സംസ്കാരപഠനം എന്ന ജ്ഞാനോദയം. ഇംഗ്ലണ്ടിലെ തൊഴിലാളിവർഗപ്രസ്ഥാനത്തിന്റെ കനലുകളിൽനിന്നാണ് സംസ്കാരപഠനം പിറവികൊണ്ടതെന്ന് ടോം സ്റ്റീലിനെപ്പോലുള്ള ചരിത്രപണ്ഡിതർ നിരീക്ഷിക്കുന്നുണ്ട്.

എന്താണ് സംസ്കാരം എന്ന ചോദ്യം സംസ്കാരപഠനം ഉന്നയിക്കുന്നു. സംസ്കാരം എന്നത് വരേണ്യമായതാണ് എന്നാണ് പൊതുവെയുള്ള ബോധ്യം. ഈ ബോധം രൂപപ്പെട്ടതെങ്ങനെ എന്ന ഉപചോദ്യവും ഇവിടെ ഉയർന്നുവരുന്നു. കേരളസംസ്കാരം എന്നു കേൾക്കുമ്പോൾ കഥകളിയടക്കമുള്ള വരേണ്യബിംബങ്ങൾ മനസ്സിൽ തെളിഞ്ഞുവരുകയും പുലയരുടെ കമ്പുകളിയും ആദിവാസിനൃത്തവും മാപ്പിളപ്പാട്ടും തെളിയാതെ വരുന്നതും എന്തുകൊണ്ടാണെന്ന തീർത്തും ജനാധിപത്യപരവും മാനവികവുമായ ചോദ്യമാണ് സംസ്കാരപഠനം ഉയർത്തുന്നത്. വരേണ്യമൂല്യസങ്കല്പനങ്ങളും ഉന്നതകുലജാതരുടെ ലാവണ്യബോധങ്ങളും അധികാരമുള്ളവരുടെ ജീവിതസങ്കല്പനങ്ങളുമാണ് കൾച്ചർ എന്ന നിലയിൽ ചരിത്രത്തിൽ നിലയുറപ്പിച്ചത്. ഈ ധാരണയെ ഊട്ടിയുറപ്പിക്കുകയാണ് 'Culture is extra ordinary' എന്ന മാത്യു അർനോൾഡിന്റെ നിർവചനം. നിഘണ്ടുക്കളും ഏതാണ്ടിതേ മാതൃകയിലാണ് സംസ്കാരമെന്ന പദത്തിന് അർത്ഥം നല്കിപ്പോന്നതും. ഈ 'സംസ്കാര'നിർമ്മിതിയിൽ തൊഴിലാളികൾക്കും ദലിതർക്കും കറുത്തവർക്കും ട്രാൻസ്ജെൻഡേഴ്സിനും നാട്ടുകലകൾക്കും ജനപ്രിയസാഹിത്യത്തിനുമൊന്നും ഇടമില്ല. ഈ നിർമ്മിതിയോടുള്ള പ്രതികരണമെന്ന നിലയിലാണ് റെയ്മണ്ട് വില്യംസ് 'Culture is Ordinary' എന്നൊരു പ്രതി നിർവചനം അവതരിപ്പിക്കുന്നത്. ഇങ്ങനെ വരുന്നതോടെ സർവവും സംസ്കാരഭൂമികയ്ക്ക്

അകത്തായി. എല്ലാ പ്രവൃത്തികളും സാംസ്കാരികവൃത്തികളുമായി. Culture is a whole way of life എന്നും നിബന്ധിക്കപ്പെട്ടു.

കൾച്ചറൽ സ്റ്റഡീസ് എന്നത് ഒരു പഠനശാഖയുടെ പേരായി സൂചിപ്പിക്കപ്പെടുന്നുണ്ടെങ്കിലും അതൊരു പ്രയോഗരീതികൂടിയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. രീതിശാസ്ത്രം (methodology) എന്ന നിലയിൽ അതിനെ കരുതുന്നതാണ് ഏറെ അഭികാമ്യം. മറ്റു രീതിശാസ്ത്രങ്ങളിൽനിന്ന് ഭിന്നമായി സംസ്കാരപഠനരീതിശാസ്ത്രത്തിന് ചില തുറവികളുണ്ട്. ഇത് അന്തർ വൈജ്ഞാനികമാകുന്നു. നിരവധി സിദ്ധാന്തസമുച്ചയങ്ങളുടെ ഒരു കുടക്കീഴായി ഇന്ന് കൾച്ചറൽ സ്റ്റഡീസ് വികസിച്ചിരിക്കുന്നു. സംസ്കാരപഠനത്തെ ഒരു അടഞ്ഞ വ്യവസ്ഥയായിട്ടല്ല മനസ്സിലാക്കേണ്ടത്. വില്യംസ്, തോംസൺ, ഹൊഗാർട്ട്, ഹാൾ എന്നിവരിൽ തീരുന്നതല്ല, പല മട്ടിൽ തുടരുന്ന ഒരു ജ്ഞാനപദ്ധതിയാണ് കൾച്ചറൽ സ്റ്റഡീസ്. വിവിധ കാലങ്ങളിൽ, വിവിധ പണ്ഡിതരിലൂടെ ആവിഷ്കൃതമായ വിവിധ സൈദ്ധാന്തികസമീക്ഷകൾ സംസ്കാരപഠനം ഉപയോഗപ്പെടുത്തുന്നുണ്ട്. വ്യത്യസ്തങ്ങളായ സൈദ്ധന്തിക/ജ്ഞാനസരിത്തുകൾ സംസ്കാരപഠനമെന്ന തുരുത്തിൽ വന്നുചേരുകയാണ്.

### സംസ്കാരപഠനത്തിലെ ജ്ഞാനധാരകൾ

സ്വിസ് ഭാഷാശാസ്ത്രജ്ഞനായ ഫെർണന്റ് ഡി സൊസ്യൂറിൽ നിന്നാണ് ഘടനാവാദത്തിന്റെ ആശയങ്ങൾ മുളപൊട്ടുന്നത്. അതുവരെ നിലനിന്നിരുന്ന ധാരണകളിൽനിന്ന് വലിയൊരു വിച്ഛേദം സൊസൂറിന്റെ നിരീക്ഷണങ്ങളിലുണ്ട്. ഭാഷയെ ഒരു ചിഹ്നവ്യവസ്ഥയായി അദ്ദേഹം നോക്കിക്കാണുന്നു. ഭാഷ എന്നത് ഭാഷകർ തമ്മിലുള്ള ഒരു പരസ്പരബോധത്തിൽനിന്നു വരുന്ന ഒരു സംവദനസംഭവമാണെന്ന് അദ്ദേഹം പറയുന്നു. നാം അന്യോന്യം ഉണ്ടാക്കിയെടുത്ത ഒരു ധാരണയാണത്. വാക്കുകൾക്ക് കല്പിക്കപ്പെടുന്ന അർത്ഥം ആരോപിതമാണെന്നും സ്വേച്ഛാനുസാരിയാണെന്നും അദ്ദേഹം പറയുന്നു. ഒരു ട്രാഫിക് സിഗ്നൽ സങ്കല്പിക്കുക. അവിടെ ചുവപ്പ് ലൈറ്റ് കാണുമ്പോൾ വണ്ടി നിർത്തുന്നത് ചുവപ്പിന് വണ്ടി നിർത്തുകയെന്ന സ്വകീയ അർത്ഥമുള്ളതുകൊണ്ടല്ല. ചുവപ്പു ലൈറ്റ് കാണുമ്പോൾ വണ്ടി നിർത്തുകയെന്ന ധാരണ ട്രാഫിക് സിസ്റ്റം രൂപപ്പെടുത്തിയതു കൊണ്ടുമാത്രമാണ്. ഭാഷയും പ്രവർത്തനക്ഷമമാകുന്നത് ഇങ്ങനെയാണ്. ഭാഷയിലെ വാക്കുകളെല്ലാംതന്നെ സൂചകങ്ങളാണെന്നും അവ സൂചിതങ്ങളിലേക്കു നമ്മെ നയിക്കുന്നുവെന്നും സൊസ്യൂർ പറയുന്നു.

1940-50 കളിലെത്തുമ്പോഴക്കും സൊസ്യൂർ മുന്നോട്ടുവെച്ച ഭാഷയെ

മുൻനിർത്തിയുള്ള വിചാരധാരകൾ പിന്നീട്ട മറ്റ വിഷയങ്ങളിലേക്കും പരക്കു ന്നുണ്ട്. അത് നരവംശശാസ്ത്രത്തിലും നാടോടിവിജ്ഞാനത്തിലും പ്രയോഗിക്ക പ്പെട്ടുന്നു. മറ്റ സാമൂഹ്യശാസ്ത്രവിഷയങ്ങളിലും സൊസ്യൂറിയൻ ഭാഷാദർശനം പഴയകാല ചിന്തകളെ പുനർനിർണയിച്ചു. കാലം പുരോഗമിക്കവേ സൊസ്യൂ റിയൻ ഭാഷാദർശനത്തെ പിൻപറ്റിക്കൊണ്ടും അതേസമയം അതിനെ വിമർശിച്ചുകൊണ്ടും പുതിയ പഠിതാക്കൾ രംഗത്തുവരുകയുണ്ടായി - റൊളാങ് ബാർത്ത്, ഴാക് ദറിദ, ലക്കാൻ തുടങ്ങിയവർ. ഒരുപക്ഷേ ആധുനികതയ്ക്കു ശേഷം കടന്നു വന്ന ഇക്കൂട്ടർ പോസ്റ്റ് സ്ട്രക്ചറൽ എന്നോ ഘടനാവാദാനന്തരം എന്നോ വിളിക്കാവുന്ന ചിന്താപദ്ധതി രൂപപ്പെടുത്തുകയായിരുന്നു. ഭാഷയുടെ ഘടനാപരതയെ ലോകത്തെ മൊത്തം കാണാനുള്ള കണ്ണാടിയായി അവരോ ധിക്കുന്നു ഈ പുതിയ ചിന്തകർ. ഇങ്ങനെയാവുന്നതോടെ സാഹിത്യവും ഭാഷ തന്നെയാണ് എന്നു വരുന്നു. അതായത് ഭാഷയെ മുൻനിർത്തി മുമ്പ് സൂചിപ്പിച്ച പല കാര്യങ്ങളും സാഹിത്യത്തിനും ബാധകമാണ് എന്നു സാരം. സാഹിത്യത്തിന് പുറത്തുള്ള കാര്യങ്ങളെ മനസിലാക്കാനും പോസ്റ്റ് സ്ട്രക്ച്ചറൽ അവബോധം ഉപയോഗിക്കാമെന്നും വന്നു.

ഭാഷോന്മുഖത (linguistic turn) യാണ് കൾച്ചറൽ സ്റ്റഡീസിന്റെ ഒരു പരിപ്രേക്ഷ്യം എന്നു പറയാം. മറ്റൊന്ന് സാംസ്കാരികാഭിമുഖ്യം (cultural turn) ആണ്. ഇവയ്ക്കു സമാന്തരമായി, പല കാലത്തായി, പല സ്ഥലങ്ങളിൽ നിന്നായി വ്യത്യസ്തമായ ചില ആശയധാരകൾ കൂടി കൾച്ചറൽ സ്റ്റഡീസി ലേക്ക് വന്നു ചേരുന്നുണ്ട്. റഷ്യയിലെ മോസ്കോ ലിംഗ്വിസ്റ്റിക് സർക്കിളിന്റെ ഭാഗമായ റോമൻ യാക്കോബ്സനെ പോലുള്ളവരുടെ ചിന്താധാര ഇതിൽ പ്രധാനമാണ്. കൊളോണിയൽ ആധുനികതയുടെ പ്രത്യേകിച്ച് യൂറോപ്യൻ ആധുനികതയുടെ പ്രധാനപ്പെട്ട മൂന്ന് സൈദ്ധാന്തികരാണ് ഫ്രോയ്ഡ്, നീഷെ, കാറൽമാക്സ് എന്നിവർ. മാർക്സ് മുന്നോട്ടുവെച്ച ക്ലാസിക്കൽ മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ ഭാഗമാണ് അടിത്തറ - മേൽപ്പുര (base-super structure) വാദം. സമൂഹമെന്ന അടിത്തറയ്ക്കു മേൽ കെട്ടിപ്പണിയുന്ന മേൽപ്പുരകളാണ് സാഹിത്യാദികലകൾ. മേൽപ്പുരയെ സ്വാധീനിക്കുന്നത് അടി ത്തറയാണെന്നും അതാകട്ടെ സമ്പദ് വ്യവസ്ഥ, ഉല്പാദനവിതരണസമ്പ്രദായം എന്നിവയ്ക്കനുസരിച്ച് ചലിച്ചുകൊണ്ടിരിക്കുന്നുവെന്നും സൈദ്ധാന്തികമായി വിശദീകരിക്കപ്പെട്ടു. ഈ വാദപ്രകാരം മേൽപ്പുരയ്ക്ക് സ്വകീയമായ സ്വാതന്ത്ര്യ മില്ല. ഇതിനോട് നവമാർക്സിയനായ അന്റോണിയോ ഗ്രാംഷി കലഹിക്കുന്നു. അടിത്തറ മേൽപ്പുരയെ സ്വാധീനിക്കുന്നതുപോലെ മേൽപ്പുരയും അടിത്തറയെ

സ്വാധീനിക്കാമെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. മേൽപ്പുരയ്ക്ക് സ്വകീയമായ നിലനിൽപ്പുണ്ട് എന്നുവന്നു. കലയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഒരു സ്വകീയത ഉണ്ടെന്നാണ് ഇതിനർത്ഥം. ഈ നവമാർക്സിയൻ ചിന്താഗതിയും കൾച്ചറൽ സ്റ്റഡീസിലേക്ക് ഒഴുകിയെത്തി.

ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ട് സ്കൂളിൽനിന്നുള്ള ചിന്തകൾ സംസ്കാരപഠനം പിൻപറ്റുന്നുണ്ട്. സംസ്കാരവ്യവസായം (culture industry) എന്ന താക്കോൽ സങ്കല്പനം ഇതിൽ പ്രധാനമാണ്. വ്യവസായവൽക്കരണം, കച്ചവടതന്ത്രങ്ങൾ, പുതിയ സാമ്പത്തിക നയങ്ങൾ, മുതലാളിത്തം എന്നിവയെല്ലാം എങ്ങനെയാണ് സംസ്കാരത്തെ വിൽപനച്ചരക്കാക്കി മാറ്റുന്നതെന്ന് ഇവിടെ അന്വേഷിക്കപ്പെടുന്നു. പൈതൃകം (heritage) വിൽപനമൂല്യമുള്ള പൈതൃകവ്യവസായം (heritage industry) ആയി മാറുന്നതിന്റെ രാഷ്ട്രീയ യുക്തികൾ ചർച്ചാവിഷയമായിത്തീരുന്നു.

ഇംഗ്ലണ്ടിൽ ആരംഭിച്ച് യൂറോപ്പിലെ പല പ്രവശ്യകളിലേക്ക് പടരുകയും ചെയ്ത കൾച്ചറൽ സ്റ്റഡീസ് എന്ന ജ്ഞാനസംരംഭം അമേരിക്കയിലും എത്തുന്നുണ്ട്. പോപ്പുലർ കൾച്ചറൽ സ്റ്റഡീസ് അഥവാ ജനപ്രിയസംസ്കാരം എന്ന നിലയിലാണ് അവിടെ അതിനു വേരോട്ടമുണ്ടായത്. പാശ്ചാത്യ ആധുനികത മനുഷ്യനെ കേന്ദ്രസ്ഥാനത്ത് അവരോധിക്കുകയും മാനവികതാവാദം മുന്നോട്ടുവെയ്ക്കുകയും ചെയ്തിട്ടുണ്ട്. പരികല്പിതമായ മനുഷ്യൻ ആരെന്ന് ആരാഞ്ഞാൽ നാം കണ്ടെത്തുന്ന ഉത്തരം 'വെള്ളക്കാരനായ പുരുഷൻ' എന്നാവും. ആധുനികത സമ്മാനിച്ച മനുഷ്യസങ്കല്പത്തിന് വർണവും ലിംഗവും മതവുമെല്ലാമുണ്ടായിരുന്നുവെന്ന് സാരം. വെളുത്തവർ, മഞ്ഞനിറമുള്ളവർ, ചുവന്ന നിറമുള്ളവർ, കറുത്തവർ എന്നിങ്ങനെയുള്ള മനുഷ്യസങ്കല്പം പാശ്ചാത്യ ആധുനികത ഉല്പാദിപ്പിച്ചതായി കാണാം. വെളുത്തവർ സംസ്കാരസമ്പന്നരാണെന്നും മഞ്ഞനിറക്കാർ സാംസ്കാരികശേഷി കുറഞ്ഞവരാണെന്നും ചുവന്ന നിറക്കാർ സംസ്കാരഹീനരാണെന്നും കറുത്തവർഗക്കാർ സാംസ്കാരികഭൂമികയിലേക്ക് ഒരിക്കലും കടന്നുവരാൻ കഴിയാത്ത ഹീനജന്മങ്ങളാണെന്നുമുള്ള ധാരണ ദാർശനികമായി ആഖ്യാനം ചെയ്യപ്പെട്ടു. വെളുത്തവരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കേണ്ട ബാധ്യത കറുത്ത വർഗക്കാർക്കുണ്ടെന്ന ധാരണകൂടി പ്രക്ഷേപിക്കപ്പെട്ടു. ആധുനികതയിലെ പ്രധാന ദാർശനികനായ ഇമ്മാനുവൽ കാന്റും ഈ ആശയാവലി പിൻപറ്റുന്നതു കാണാം. യൂറോപ്യൻ ആധുനികത മുന്നോട്ടുവെച്ച ഈ മനുഷ്യസങ്കല്പം പിന്നീട് ചോദ്യം ചെയ്യപ്പെടുന്നുണ്ട്.

ഇതുമായി ചേർത്തുവെച്ചുകൊണ്ട് പോസ്റ്റ് കൊളോണിയലിസം എന്ന വിമർശധാരയെ മനസ്സിലാക്കാനാവും.

ആഫ്രിക്ക, ഇന്ത്യയടക്കമുള്ള മൂന്നാംലോക/കോളനിരാജ്യങ്ങൾ എന്നിവിടങ്ങളിൽനിന്ന് കൊളോണിയലിസത്തിനെതിരെ ഉയർന്നുവന്ന വാദഗതികളാണ് പോസ്റ്റ് കൊളോണിയലിസമായി വികസിച്ചത്. ആധുനികതയുടെ വിമർശനം എന്ന നിലയിൽ രൂപംകൊണ്ട ഈ ബദൽചിന്തകൾ സംസ്കാരപഠനത്തിലേക്കും കടന്നുവന്നു. പാശ്ചാത്യസംസ്കാരം എല്ലാക്കാലവും പുരുഷനു മാത്രം പ്രാധാന്യം നൽകിപ്പോരുന്നുവെന്ന യാഥാർത്ഥ്യത്തെ തുറന്നുകാട്ടിക്കൊണ്ട് സ്ത്രീകളുടെ അവകാശത്തെയും സ്ത്രീസ്വത്വത്തെയും മുഖ്യധാരാസംവാദത്തിലേക്ക് ആനയിച്ച ഫെമിനിസത്തിന്റെ കൺവഴികളും കാഴ്ച്ചവട്ടങ്ങളും സംസ്കാരപഠനത്തിൽ പ്രധാനമായിത്തീർന്നു. ലിംഗപദവി എന്നതു ജൈവികമല്ലെന്നും സാമൂഹ്യമായി നിർവചിക്കപ്പെടുന്നതാണെന്നും പ്രകടനാത്മകത (performativity) യിലൂടെയാണ് ലിംഗകർത്തൃത്വങ്ങൾ രൂപപ്പെടുന്നതെന്നും മറ്റുമുള്ള ജൂഡിത് ബർട്ട്ലറുടെ നിരീക്ഷണങ്ങൾ സംസ്കാരപഠനമേഖലയിലെ തിളക്കമുള്ള സൈദ്ധാന്തികനിലകളാണ്. പുരുഷനോട്ടമാണ് സിനിമ നടത്തുന്നതെന്നും ആണിനുവേണ്ടിയുള്ള ദൃശ്യഹർഷമാണ് ചലച്ചിത്രം ഉല്പാദിപ്പിക്കുന്നതെന്നുമുള്ള ലോറ മുൾവേയുടെ ചിന്തകളും ഇതിനോട് ചേർത്തുവെയ്ക്കാം.

ആധുനികതാവിമർശനത്തിലെ മറ്റൊരു പ്രധാന ചർച്ചാവിഷയം ആധുനികത മുന്നോട്ടുവെച്ച വികസനസങ്കല്പമാണ്. ആധുനികത പ്രകൃതിയെ അപരവൽക്കരിക്കുകയാണ് ചെയ്തത്. ആയതിനാൽത്തന്നെ ആധുനികതാവിമർശനം പ്രകൃതിയെ വീണ്ടെടുക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിച്ചുകൊണ്ടേയിരിക്കും. പ്രകൃതിയുടെ ഭാഗമാണ് മനുഷ്യൻ. മനുഷ്യന്റെ കേവല പശ്ചാത്തലമല്ല പ്രകൃതി. നവീനമായ ഈ പ്രകൃതിദർശനത്തിൽനിന്ന് ഉടലെടുക്കുന്ന ഇക്കോ ക്രിട്ടിസിസം എന്ന ആശയധാരയും കൾച്ചറൽ സ്റ്റഡീസിലേക്കെത്തുന്നുണ്ട്. വെള്ളക്കാരന്റെ വരേണ്യ വംശീയബോധത്തിനെതിരെ ഉരുവംകൊണ്ട black aesthetics, കറുപ്പിന്റെ ശക്തിയും അഴകും എടുത്തു കാട്ടി. ഇതുമായി ബന്ധപ്പെട്ടു കിടക്കുന്ന കീഴാള പഠനവും (Subaltern Studies) ഇന്ത്യയിലെ ജാതിവ്യവസ്ഥയോടുള്ള പ്രതികരണമെന്നനിലയിൽ രൂപപ്പെടുകയും ഒരു ബദൽ വൈജ്ഞാനികധാരയായി മാറിത്തീരുകയും ചെയ്ത ദലിത് പഠനവും (Dalit Studies) സ്വാഭാവികമായും കൾച്ചറൽ സ്റ്റഡീസിന്റെയും ഭാഗമായിത്തീർന്നു.

ഇങ്ങനെ വിവിധ വൈജ്ഞാനികധാരകളിൽനിന്നും രാഷ്ട്രീയനീക്കങ്ങളിൽനിന്നും വിവിധ കാലങ്ങളിൽ, വിവിധ സ്ഥലങ്ങളിൽനിന്ന് വന്നുചേർന്നതും വന്നുചേരുന്നതുമായ നോട്ടപ്പാടുകളുടെ സംഘാതത്തെയാണ് സംസ്കാരപഠനം എന്നു വിളിക്കുന്നത്. അതുകൊണ്ടുതന്നെ കൾച്ചറൽ സ്റ്റഡീസ് എന്നത് ഇന്റർ ഡിസിപ്ലിനറി ആണ്. അപനിർമ്മാണത്തിന്റെ, ചിഹ്നവിജ്ഞാനീയത്തിന്റെ, ഇക്കോ ക്രിട്ടിസിസത്തിന്റെ, സബാൾട്ടേൺ സ്റ്റഡീസിന്റെ, പോപ്പുലർ കൾച്ചറിന്റെ, സ്ത്രീവാദത്തിന്റെയുമൊക്കെ ആശയങ്ങളും പരികല്പനകളും ഇവിടെ കലർന്നൊഴുകുന്നുണ്ട്.

മൂന്നാം ലോകരാജ്യങ്ങളിലെ സംസ്കാരപഠനം മറ്റൊരു സുപ്രധാന കാര്യം കൂടി അവതരിപ്പിക്കുന്നുണ്ട്. സംസ്കാരം എന്നത് നിലനിൽക്കുന്നത് മാത്രമല്ല, ഉണ്ടാക്കിയെടുക്കേണ്ടതു കൂടിയാണ് എന്ന വാദമാണത്. പ്രാദേശികചരിത്രപഠനം എന്ന വിജ്ഞാനശാഖയുടെ സമീപനങ്ങൾ ഇതോടെ കൂടുതൽ അർത്ഥവത്തായിത്തീരുന്നുണ്ട്. History from high എന്ന പരമ്പരാഗത ചരിത്രവീക്ഷണഗതിക്കു പകരം History from below എന്ന നിലപാട് ഇവിടെ സ്വീകരിക്കപ്പെടുന്നു. നാട്ടറിവിന്റെ വിവിധ കൈവഴികൾ ഉപയോഗിച്ചുകൊണ്ട് ജനകീയചരിത്രം നിർമ്മിക്കാനുള്ള പരിശ്രമമാണത്. മുഖ്യധാരാചരിത്രം ചരിത്രരചനയ്ക്കായി അവലംബിക്കുന്ന ചില സ്രോതസ്സുകളുണ്ട്. പുരാവസ്തുക്കൾ, പുരാരേഖകൾ, വരമൊഴിസാഹിത്യരചനകൾ എന്നിവയാണവ. പുരാവസ്തുക്കൾ അവശേഷിപ്പിക്കാനോ പുരാരേഖകളിൽ ഇടം നേടാനോ സാഹിത്യമണ്ഡലത്തിൽ കടന്നുചെല്ലാനോ കഴിയാത്ത ബഹുഭൂരിപക്ഷം ജനതയ്ക്ക് ചരിത്രമില്ലാതെ വരുന്നു. ചരിത്രത്തിനു പുറത്തായവരുടെ ചരിത്രം സംരചിക്കാൻ പുതിയ അവലംബങ്ങളും സ്രോതസ്സും ആവശ്യമാണ്. ഈ വിടവാണ് പ്രാദേശികചരിത്രപഠനവും വാമൊഴിചരിത്രപഠനവും ഒരു പരിധിവരെ ഫോക്‌ലോർപഠനവും പൂരിപ്പിക്കാൻ ശ്രമിക്കുന്നത്.

ഇത്തരം അറിവടയാളങ്ങളെ മുൻനിർത്തി ഒരു കവിതയെ, ഒരു ചിത്രത്തെ, ഒരു സിനിമയെ വിവരിക്കാനും വ്യാഖ്യാനിക്കാനും അപനിർമിക്കാനും കഴിയുമോ എന്നതാണ് പ്രധാനം. സാധ്യമെങ്കിൽ അതിനെ സംസ്കാരപഠനപ്രയോഗമായി (cultural studies practice) മനസ്സിലാക്കാം. ഈ പഠനപ്രയോഗത്തിന്റെ പ്രത്യേകത പാഠ്യവസ്തുവിനെ നാം രാഷ്ട്രീയവൽക്കരിക്കുന്നു എന്നതാണ്. ഒരു പാഠം സംവഹിക്കുന്ന നിരവധിയായ ഘടകങ്ങളെ പുനഃപരിശോധിക്കുകയും അവയെ അങ്ങനെയാക്കി നിലനിർത്തുന്ന സാമൂഹികബന്ധങ്ങളെയും അധികാരപ്രയോഗങ്ങളെയും തുറന്നു കാട്ടുകയുമാണ്

'രാഷ്ട്രീയവൽക്കരിക്കുക' എന്നതിന്റെ ലളിതമായ അർത്ഥം. പാഠത്തിന്റെ പോയറ്റിക്സും പൊളിറ്റിക്സും തുറന്നുകാട്ടാനുള്ള പരിശ്രമമാണ് സംസ്കാരപഠനമെന്നു പറയാം. മലയാളപഠനമണ്ഡലത്തിൽ സംസ്കാരപഠനമെന്ന സംജ്ഞ നാം പ്രയോഗിച്ചു തുടങ്ങിയിട്ട് വളരെക്കാലമായില്ലെങ്കിലും 1983-ൽ പുറത്തിറങ്ങിയ 'കലാവിമർശം: മാർക്സിസ്റ്റ് മാനദണ്ഡം' എന്ന പുസ്തകം സംസ്കാരപഠനപരമായ നിരീക്ഷണങ്ങളാണ് അവതരിപ്പിച്ചത്.

സംസ്കാരപഠനം തുറന്നുതരുന്ന ജ്ഞാനവെളിച്ചത്തെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഫോക്‌ലോറുകളെ വിവരിക്കാനും വ്യാഖ്യാനിക്കാനും വിമർശിക്കാനും ഗവേഷകർക്കാവണം. ഇങ്ങനെ വരുന്നതോടെ ഗവേഷണോദ്യമം ജനസംസ്കാരപഠനമായി (Folk Cultural Studies) വികസിക്കും.

## ഗ്രന്ഥസൂചി


1. Handoo, Jawaharlal & Anna-Leena Siikala, 1999, *Folklore and Discourse*, Zooni Publications, Mysore.
2. Handoo, Lalitha & Ruth . B. Bottigheimer,1999, *Folklore and Gender,*Zooni Publications, Mysore.
3. Adorno, T.W., 1991, The Culture Industry: Selected Essays on Mass Culture (ed.), J.M. Bernstein. London: Routledge.
4. Althusser, Louis,"Ideology and Ideological State Apparatuses." Trans. Brewster, Ben. Lenin and Philosophy and Other Essays. New York: Monthly Review Press, 1971. 121-76.
5. Baldwin, E., 2004, Introducing Cultural Studies, New York: Pearson/ Prentice Hall.
6. Barker, M. & Beezer, A., 1992, Reading into Cultural Studies, London: Routledge.
7. Ben-Amos, Dan, 1992, *Folk Lore, Cultural Performances and Popular Entertainments* (Edited by Richard Bouman), Oxford University Press.
8. Benjamin, W., 1968, Illuminations, New York: Schocken Books.
9. Bennett T., L. Grossberg, and M. Morris., 2005, New Keywords: A Revised Vocabulary of Culture and Society, Malden, MA: Blackwell.
10. Brantlinger, P., 1990, Crusoe's Footsteps: Cultural Studies in Britain and America, New York: Routledge.
11. Butler, Judith. Gender Trouble: Feminism and the Subversion of Identity. New York: Routledge, 1990.

12. Chaney, D., 1994, The Cultural Turn: Scene Setting Essays on Contemporary Cultural Theory, London: Routledge.

13. Collins, R. et al. (eds.), 1986, Media Culture and Society: A Critical Reader, London: Sage.

14. Collins, J., 1989, Uncommon Cultures: Popular Culture and Post-modernism, London: Routledge.

15. Davies, I., 1995, Cultural Studies and Beyond: Fragments of Empire, London: Routledge.

16. Dorson, Richard, M., 1972, *Folklore and Folklife*, University of Chicago Press, Chicago Oxford University Press.

17. Dundes, Alan, 1965, *The Study of Folklore*, Pretence Hall.

18. Dundes, Alan, 1975, *Analytical Essays in Folklore*, The Hauge, Mauton.

19. Dundes, Alan, 1980, *TInterpreting Folklore*, Indiana University Press, Bloomingtong.

20. During, S. (ed.), 1993, The Cultural Studies Reader, London: Routledge.

21. During, S., 2005, Cultural Studies: A Critical Introduction, London; New York: Routledge.

22. Eagleton, Terry. The Idea of Culture. Malden, MA: Blackwell Publishing, 2000.

23. Easthope, A., 1991, Literary into Cultural Studies, London: Routledge.

24. Gramsci,A., 1985, Selection from Cultural Writings, London: Lawrence and Wishart.

25. Grossberg, L. et al. (eds.), 1992, Cultural Studies, London: Routledge.

26. Hall S., 1997, Representation: Cultural Representations and Signifying Practices, London: Sage.

27. Hoggart, R., 1970, "Contemporary Cultural Studies: An Approach to the Study of Literature and Society." in Contemporary Criticism, Stratford-upon-Avon Studies, 12. London: Edward Arnold.

28. Jenks, C., 1993, Culture, London: Routledge.

29. Loomba, A., 2005, Colonialism/Postcolonialism, London; New York: Routledge.

30. Sardar, Z. & Van Loon, B., 1999, Introducing Cultural Studies, Cambridge, UK: Icon.

31. Storey, J. (ed.), 1994, Cultural Theory and Popular Culture: A Reader, Hemel Hempstead: Harvester Wheatsheaf.

32. Williams, R., 1958, Culture and Society: 1780-1950, London: Chatto and Windus.

33. Williams, R., 1975, Television: Technology and Cultural Form, New York: Schocken Books.

34. Williams,R.,1976, Keywords:A Vocabulary of Culture and Society, New York: Oxford University Press.

35. അജു കെ. നാരായണൻ, 2020, ചുട്ടെഴുത്തുകൾ, സാഹിത്യപ്രവർത്തകസഹകരണ സംഘം, കോട്ടയം

36. അജു കെ. നാരായണൻ, 2012, ഫോക്‌ലോർ:പാഠങ്ങൾ, പഠനങ്ങൾ, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം

37. അജു കെ. നാരായണൻ, ചെറി ജേക്കബ് കെ., 2012, പലവക: സംസ്കാരപഠനങ്ങൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

38. അജു കെ. നാരായണൻ, ചെറി ജേക്കബ് കെ., 2016,സിനിമ മുതൽ സിനിമവരെ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

39. ഒരു സംഘം ലേഖകർ, 2007, സംസ്കാരപഠനം, ചരിത്രം, സിദ്ധാന്തം, പ്രയോഗം, മലയാളപഠനസംഘം, കാലടി.

40. ഭക്തവത്സല റെഡ്ഡി, എൻ, ഡോ., (എഡി) 2004, ഫോക്‌ലോർപഠനം: സിദ്ധാന്തതലം, കറന്റ് ബുക്സ്, കോട്ടയം.

41. രവീന്ദ്രൻ, പി.പി., 2002, സംസ്കാരപഠനം: ഒരാമുഖം, കോട്ടയം, ഡി.സി.ബുക്സ്.

42. രാഘവൻ പയ്യനാട്,1999, ഫോക്‌ലോർ സങ്കേതങ്ങളും സങ്കല്പനങ്ങളും, ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ്, പയ്യന്നൂർ.

43. രാഘവൻ പയ്യനാട്, 1997, ഫോക്‌ലോർ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

44. രാമചന്ദ്രൻ, ടി.കെ. (എഡി.), 2012, കലാവിമർശം മാർക്സിസ്റ്റ് മാനദണ്ഡം, തിരുവനന്തപുരം, ചിന്ത.

45. സ്കറിയാ സക്കറിയാ, 2001 മെയ്-ജൂൺ, സമകാലികസംസ് കാരപഠനത്തിന് ഒരു മുഖവുര, മതവും ചിന്തയും, ആലുവ, പൊന്തി ഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്.

46. ഷാജി ജേക്കബ്, 2009, ജനപ്രിയസംസ്കാരം: ചരിത്രവും സിദ്ധാന്തവും, കോഴിക്കോട്, മാതൃഭൂമി ബുക്സ്.

47. യേശുദാസൻ, ടി.എം., 2011, ബലിയാടുകളുടെ വംശാവലി, തിരുവനന്തപുരം, പ്രഭാത് ബുക്സ്.

*ajuknarayanan@gmail.com*

# മൂലപാഠത്തിന്റെ പഠനം: സംസ്കൃതഗവേഷണത്തിലെ സാധ്യതകൾ

ഡോ. കെ .മുത്തുലക്ഷ്മി
പ്രൊഫസ്സർ, വേദാന്തവിഭാഗം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

സംഗ്രഹം

സംസ്കൃതവിജ്ഞാനവുമായി ബന്ധപ്പെട്ട മൂലപാഠങ്ങളുടെ വായനയേയും അവയെ ആസ്പദമാക്കിയുള്ള ഗവേഷണത്തേയും എങ്ങനെ സർഗ്ഗാത്മകമാക്കാം എന്ന് ആലോചിക്കുന്ന ലേഖനമാണ് ഇത്. പാഠത്തിന്റെ സ്വരൂപത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ, മുഖ്യമായ പാഠത്തിന്റെ വായനക്കൊപ്പം വേർതിരിഞ്ഞുവരുന്ന ഉപപാഠങ്ങൾ, അവയിലെ ഭാഷാപ്രയോഗങ്ങളുടെ പ്രസക്തി എന്നിവയുടെ പ്രാധാന്യം ഇതിൽ ചർച്ച ചെയ്യപ്പെടുന്നു.

**താക്കോൽ വാക്കുകൾ:** അനുബന്ധചതുഷ്ടയം, സംബന്ധം, ആവൃത്തി, ഇച്ഛ, വിവിദിഷ, ഉപപാഠം.

സംസ്കൃതവിജ്ഞാനവുമായി ബന്ധപ്പെട്ട ഗവേഷണത്തിന്റെ ഒരു സവിശേഷത, അത് കാലപരമായും ദേശപരമായും വൈജ്ഞാനികമായും വലുതായ വ്യാപ്തി അതിനുണ്ട് എന്നതാണ്. സംസ്കൃതഗവേഷണത്തെ, കാതലായ അംശങ്ങളിൽ ഊന്നിക്കൊണ്ടുതന്നെ അന്തർവൈജ്ഞാനികമായി മുന്നോട്ട് കൊണ്ടുപോകാനുള്ള സാധ്യതകൾ ഏറെയാണ്. അവ ഉപയോഗിക്കപ്പെടുന്നുമുണ്ട്. ഒപ്പം തന്നെ സംസ്കൃതഭാഷയിൽ രചിക്കപ്പെട്ട മൂലപാഠത്തെത്തന്നെ ശ്രദ്ധാകേന്ദ്രമാക്കിക്കൊണ്ട്, ഗവേഷണം നടത്താനുള്ള സാധ്യതകളും ഏറെയാണ്. സംസ്കൃതപാഠത്തിൽ ഊന്നിക്കൊണ്ടുള്ള ഗവേഷണത്തിൽ സ്വീകരിക്കാവുന്ന ചില സമീപനങ്ങളെക്കുറിച്ചുള്ള ആലോചനകളാണ് ഈ പ്രബന്ധത്തിൽ

നടത്തുന്നത്.

## പാഠത്തെക്കുറിച്ചുള്ള പരികല്പനകൾ

പല അടരുകളിലായാണ് പാഠം നിലനിൽക്കുന്നത്. ഭാഷയുടേയും ഘടനയുടേയും ആഖ്യാനത്തിന്റേയും അടരുകൾ. നൂറ്റാണ്ടുകൾ മുൻപ് എഴുതപ്പെട്ട ഗ്രന്ഥങ്ങൾ നാം ഇന്ന് വായിക്കുമ്പോൾ എങ്ങനെയാണ് അവയുമായി ബന്ധം സ്ഥാപിക്കുക? നമുക്കറിയാം, ഒരു പാഠത്തിന് പല വായനകളിലൂടെ ഉരുത്തിരിയുന്നത് പല ജീവിതങ്ങളാണ്. സംസ്കൃതവിജ്ഞാനത്തെ സംബന്ധിച്ചിടത്തോളം, പാഠത്തിന് വലുതായ പ്രാധാന്യമുണ്ട്. വ്യാഖ്യാനങ്ങളിലൂടെയും പുനരാഖ്യാനങ്ങളിലൂടെയും വിവർത്തനങ്ങളിലൂടെയും എങ്ങനെയാണ് പാഠസ്വരൂപം വ്യത്യസ്തമാകുന്നത്, വ്യത്യസ്തധർമ്മങ്ങൾ അവ എങ്ങനെയാണ് നിർവ്വഹിക്കുന്നത് എന്നത് വളരെ ശ്രദ്ധയോടെ നാം അന്വേഷിക്കേണ്ട വിഷയമാണ്. പാഠം എന്ന ഉപാദാനത്തെ പൂർണ്ണമായ അർത്ഥത്തിൽ മനസ്സിലാക്കാൻ സംസ്കൃതവിജ്ഞാനത്തിലെ പാഠസങ്കല്പം എന്താണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. Textual history അഥവാ പാഠചരിത്രം എന്നത് കുറേ പുസ്തകങ്ങളുടേയും രചയിതാക്കളുടേയും പട്ടികയല്ല. എന്താണ് പാഠം എന്ന സങ്കല്പനത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ, ഒരോരോ കാലത്തിലും അവ നിർവ്വഹിച്ച മാറിയ ധർമ്മങ്ങൾ എന്താണ് എന്ന ചിന്തയാണ് അത്തരം പഠനത്തെ നിർണ്ണയിക്കേണ്ടത്. പാഠം എന്താണ് എന്നതിന് ചില ഏകകങ്ങൾ സംസ്കൃതവിജ്ഞാനത്തിൽ പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

അനുബന്ധചതുഷ്ടയം എന്ന് സാങ്കേതികഭാഷയിൽ പറയുന്ന, പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്ന നാല് ഘടകങ്ങളുടെ സാംഗത്യം ഈ സന്ദർഭത്തിൽ മനസ്സിലാക്കേണ്ടതാണ്. പാഠങ്ങളുടെ വിശാലമായ പശ്ചാത്തലത്തിൽ ഒരു പാഠം എവിടെ നിൽക്കുന്നു, ആ പശ്ചാത്തലം എന്താണ് എന്നതിനെ അനുബന്ധചതുഷ്ടയം സൂചിപ്പിക്കുന്നു. അധികാരി, വിഷയം, സംബന്ധം, പ്രയോജനം എന്നിവയാണ് നാല് അനുബന്ധങ്ങൾ. ഇവയിൽ അധികാരി, വിഷയം, പ്രയോജനം എന്നിവ യഥാക്രമം പഠിതാവ്, വിഷയം, പ്രയോജനം എന്നിവയെ സൂചിപ്പിക്കുന്നു. ഇവയിൽ സംബന്ധം എന്ന ഘടകം വ്യത്യസ്ത ഘടകങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. പഠിതാവും പാഠവും തമ്മിൽ, പാഠവും പ്രയോജനവും തമ്മിൽ,പഠിതാവും പ്രയോജനവും തമ്മിലൊക്കെയുള്ള സംബന്ധമാണ് ഒരു കൃതിയെ പാഠമാക്കി മാറ്റുന്നത്. കുമരിലഭട്ടൻ എന്ന ദാർശനികൻ (സി.ഇ.എട്ടാം നൂറ്റാണ്ട്) തന്റെ മീമാംസാശ്ലോകവാർത്തികം എന്ന കൃതിയിൽ ഈ പരസ്പരബന്ധത്തിന്റെ പ്രാധാന്യം എടുത്തുപറയുന്നുണ്ട്.

സിദ്ധാർത്ഥം ജ്ഞാതസംബന്ധം
ശ്രോതും ശ്രോതാ പ്രവർത്തതേ
ശാസ്ത്രാദൌ തേന വക്തവ്യ:
സംബന്ധഃ സപ്രയോജനഃ[1]

(വ്യക്തമായ പ്രയോജനമുള്ള, അതുമായുള്ള ബന്ധം സുവ്യക്തമായ ശാസ്ത്രത്തെയാണ് പഠിതാക്കൾ പഠിക്കാൻ ആഗ്രഹിക്കുക. അതുകൊണ്ട്, ശാസ്ത്രത്തിന്റെ തുടക്കത്തിൽ അതിന്റെ സംബന്ധം വ്യക്തമാക്കേണ്ടതുണ്ട്).

സംബന്ധം പലവിധത്തിൽ ആകാം. പഠിതാവും വിഷയവും തമ്മിൽ( ഗ്രാഹ്യ-ഗ്രാഹകഭാവം), വിഷയവും പ്രയോജനവും തമ്മിൽ( ബോധ്യ-ബോധകഭാവം), പഠിതാവും പ്രയോജനവും തമ്മിൽ ( പ്രാപ്യ-പ്രാപകഭാവം) എന്നിങ്ങനെ. പുസ്തകവും വിഷയവും തമ്മിലുള്ള പ്രതിപാദ്യ-പ്രതിപാദകഭാവം സൂചിപ്പിക്കുന്നത്, ഉദ്ദിഷ്ടമായ വിഷയം സംവേദനം ചെയ്യാൻ ആ പാഠം ശക്തമാണ് എന്നാണ്.

ഈ അനുബന്ധചതുഷ്ടയത്തിന് പലതരത്തിൽ മാറ്റം വരാം. ഗ്രന്ഥം വിവർത്തനം ചെയ്യപ്പെടുമ്പോൾ, വ്യാഖ്യാനങ്ങൾ രചിക്കപ്പെടുമ്പോൾ, കാലം മാറുമ്പോൾ ഒക്കെ. അനുബന്ധചതുഷ്ടയത്തിൽ ഉൾപ്പെട്ട സംബന്ധം എന്ന ഘടകം എങ്ങനെ പ്രവർത്തിക്കുന്നു എന്നത് ഒരു പാഠത്തിന്റെ പഠനത്തിൽ ഏറെ പ്രധാനമാണ്. ഒരു പുസ്തകം പഠിക്കാൻ തുടങ്ങുമ്പോൾ , ആ പുസ്തകവും നാമും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ വേണം ആ പുസ്തകത്തെ സമീപിക്കാൻ എന്ന ആശയമാണ് അനുബന്ധചതുഷ്ടയം മുന്നോട്ട് വെക്കുന്നത്. ഇക്കാര്യം മനസ്സിലുണ്ടാകുന്നത്, നമ്മുടെ സമീപനത്തെക്കുറിച്ച് നമുക്ക് തന്നെ കൃത്യമായ വ്യക്തതയുണ്ടാകാൻ സഹായകമാകും. ഒരു പുസ്തകത്തിൽ, അത് എഴുതപ്പെടുന്ന കാലത്ത് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സംബന്ധങ്ങൾ മാറിയ കാലത്ത് മാറിയ രീതിയിലാകും മനസ്സിലാക്കപ്പെടേണ്ടത്. എങ്കിൽ, ആ മാറ്റംതന്നെ അന്വേഷണവിഷയമാകാവുന്നതാണ്.

ഉദാഹരണത്തിന്, ചെവി തന്നിതു കേൾപ്പിനെല്ലാരും എന്നും സ്വർല്ലോകത്തിന്നു പൊയ്ക്കോൾവിനെല്ലാരും എന്നും പൂന്താനം ജ്ഞാനപ്പാനയിൽ പറയുമ്പോൾ അവിടെ അധികാരി എല്ലാരും എന്ന സംവർഗ്ഗമാണെന്നത് സ്പഷ്ടമാണല്ലോ. എന്താണ്, എങ്ങനെയാണ് ഈ അധികാരിഭേദം സംഭവിക്കുന്നത് എന്നത് ജ്ഞാനത്തിന്റെ രൂപപ്പെടലിലും വിതരണത്തിലും സംഭവിക്കുന്ന വ്യതിയാനത്തെത്തന്നെയാണ് സൂചിപ്പിക്കുന്നത്.

## പാഠത്തിനപ്പുറം

പാഠമാണ് അറിവിന്റെ പ്രധാനപ്പെട്ട ഉപാദാനം എന്ന് വരികിൽ, അതിന്റെ പഠനത്തിൽനിന്ന് ലഭ്യമാകുന്ന അറിവ് പരിമിതമായിപ്പോവുകില്ലേ എന്ന സംശയം സംഗതം തന്നെയാണ്. പ്രയുക്തശാസ്ത്രമായ ആയുർവ്വേദത്തിൽ ഇത്തരം സംശയങ്ങൾ അഭിസംബോധന ചെയ്യപ്പെടുന്നുണ്ട്. ചരകസംഹിതയിലെ പ്രസക്തമായ ഒരു ഭാഗം ഇങ്ങനെയാണ് –

ബീജമിവ കർഷകസ്യ സൂത്രം ബുദ്ധിമതാം അൽപ്പമപി അനൽപ്പജ്ഞാനായ ഭവതി.[2] (കർഷകന്റെ കയ്യിലെ വിത്ത് പോലെ, ശാസ്ത്രം അൽപ്പമെങ്കിലും അനൽപ്പമായ ജ്ഞാനത്തിന് ഉതകുന്നു)

കർഷകന്റെ കയ്യിൽക്കിട്ടിയ വിത്ത് പോലെയാണ് ശാസ്ത്രം എന്ന് പറയുമ്പോൾ, ശാസ്ത്രത്തെ/പാഠത്തെ കരുതലും ശ്രദ്ധയും കൊടുത്ത് വളർത്തേണ്ടുന്ന ഉത്തരവാദിത്തം പഠിതാവിന്റെയാണെന്ന് വരുന്നു. ആയുർവ്വേദം പോലെയുള്ള പ്രയുക്തശാസ്ത്രമാകുമ്പോൾ രോഗത്തിന്റെയും ചികിത്സയുടേയും ഓരോ സന്ദർഭവും വ്യത്യസ്തമായിരിക്കും. എല്ലാ സന്ദർഭങ്ങളേയും ശാസ്ത്രത്തിൽ വർണ്ണിക്കുക സാധ്യമല്ല. പക്ഷെ ബുദ്ധിമാനായ ചികിത്സക/ൻ ശാസ്ത്രത്തെ ഉദാഹരണമാത്രമാക്കി കണ്ടുകൊണ്ട്, അൽപ്പമായ ശാസ്ത്രസന്ദർഭത്തെ അനൽപ്പമായ ജ്ഞാനത്തിലേക്കുള്ള മാർഗ്ഗമായി ഉപയോഗപ്പെടുത്തുന്നു എന്നാണ് ഇവിടുത്തെ താത്പര്യാർത്ഥം.

## ഉപപാഠങ്ങളുടെ പ്രാധാന്യം

ഓരോ പാഠത്തിനും താത്പര്യാർത്ഥം ഉണ്ടാകും. അതിന്റെ സ്ഥാപനത്തിനായി പല ഉപപാഠങ്ങളും രൂപം കൊണ്ടിട്ടുണ്ടാകും. താത്പര്യാർത്ഥം വിവേചിച്ചെടുക്കാനായി ശ്രദ്ധിക്കുമ്പോൾ ഉപപാഠങ്ങളുടെ പ്രാധാന്യം വേണ്ടത്ര മനസ്സിലാക്കപ്പെടാതെ പോകുന്നുമുണ്ടാകാം. ഉപപാഠം എന്ന ചരടിൽ പിടിച്ച് പാഠത്തിലൂടെ നടത്തുന്ന അന്വേഷണം പലപ്പോഴും ക്രിയാത്മകമായിത്തീരുന്നു. പാഠത്തിന്റെ പല അടരുകൾ അനാവരണം ചെയ്യപ്പെടുന്നു. ചില ഉദാഹരണങ്ങളിലൂടെ ഇക്കാര്യം വ്യക്തമാക്കാം.

ശങ്കരാചാര്യർ രചിച്ച കൃതികളിൽ വായിച്ചെടുക്കാവുന്ന ഒരു ഉപപാഠം ബോധനരീതിയുമായി ബന്ധപ്പെട്ടതാണ്. ഉപദേശസാഹസ്രി എന്ന കൃതിയിൽ ശങ്കരാചാര്യർ പറയുന്നു[3]-

> *ശിഷ്യന് വിഷയം മനസ്സിലായില്ല എങ്കിൽ അത്, ഗുരു, സൂചനകളെക്കൊണ്ട് മനസ്സിലാക്കണം. വേർതിരിച്ചറിവില്ലായ്ക, ലോകനിരീക്ഷണത്തിന്റെ കുറവ്, ജാത്യഭിമാനം, അശ്രദ്ധ തുടങ്ങി പലതുമാകാം*

> *അതിന്റെ കാരണം. അതും ഗുരു മനസ്സിലാക്കണം. ആ കാരണ ത്തെ കണ്ടറിഞ്ഞ്, ഉചിതമായ, അഹിംസാപരമായ മാർഗ്ഗത്തിലൂ ടെ പ്രത്യേകമായ കാരണത്തെയാണ് ഗുരു അകറ്റേണ്ടത്.*

ശിഷ്യർക്ക് മനസ്സിലാകാത്തതിന്റെ പല കാരണങ്ങളെക്കുറിച്ച് ഇന്ന് ആലോചിക്കുമ്പോൾ, അധ്യാപകർ വിഷയം സംവേദനം ചെയ്യുന്നതിലെ പോരായ്മകളും അവയിൽ ഉൾപ്പെട്ടുകൂടേ എന്നും തോന്നാറുണ്ട്.

വേദാന്തസൂത്രത്തിൽ മൂന്നാമത്തെ സൂത്രം വ്യാഖ്യാനിച്ചുകൊണ്ട് ശങ്കരൻ ഇങ്ങനെ പറയുന്നു-[4]

> ഓരോ ശാസ്ത്രവും ഓരോ വ്യക്തികൾ ആവിഷ്കരിക്കുന്നു. പാണിനി വ്യാകരണശാസ്ത്രം ആവിഷ്കരിച്ചതുപോലെ. പക്ഷെ, പാണിനിക്കറിയുന്നതിന്റെ ഒരംശം മാത്രമായിരിക്കും പുറമേക്ക് ആവിഷ്കരിക്കപ്പെട്ടിട്ടുണ്ടാവുക. അദ്ദേഹത്തിന്റെ അറിവ് ആവിഷ്കരിക്കപ്പെട്ടതിനേക്കാൾ അധികമായിരിക്കും എന്നത് ലോകവിദിതമാണ്.

നമുക്കറിയുന്നതിന്റെ ഒരംശം മാത്രമേ നമ്മിലൂടെ ആവിഷ്കരിക്കപ്പെടുന്നുള്ളൂ എന്ന തത്ത്വമാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. അറിഞ്ഞതിൽ പാതി പറയാതെ പോയി എന്ന ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ വരികളെ ഓർമ്മിപ്പിക്കുന്നതാണ് ശങ്കരാചാര്യരുടെ മേൽപ്പറഞ്ഞ വരികൾ.

ആവൃത്തി (ആവർത്തനം)എന്ന പഠനപ്രക്രിയയുടെ പ്രാധാന്യം ശങ്കരാചാര്യർ ചൂണ്ടിക്കാണിക്കുന്നത് ഇങ്ങനെ:[5]

> പഠിതാക്കൾക്കുള്ള ബുദ്ധിശക്തി വ്യത്യസ്തമായിരിക്കും.(വിചിത്രപ്രജ്ഞത്വാത് പ്രതിപത്തൃണാം) ശാസ്ത്രപാഠത്തിന്റെ ആവൃത്തി (ആവർത്തനം) പ്രയോജനകരമാകുന്നത്, ഓരോ തവണ ആവർത്തിക്കുമ്പോഴും പഠിതാവിന്റെ ഉള്ളിലുള്ള സംശയമോ തെറ്റായ ധാരണയോ അംശാംശമായി ക്രമേണ നീങ്ങിപ്പോകുന്നു എന്നതിനാലാണ്. (ഏകേന അവധാനേന ഏകം അംശം അപോഹതി അപരേണ അപരം ഇതി യുജ്യതേ തത്ര ക്രമവതീ പ്രതിപത്തി:) തത്തു പൂർവ്വരൂപമേവ ആത്മപ്രതിപത്തേ:-

പൂർണ്ണമായ ജ്ഞാനത്തിലേക്കെത്തുന്നതിന്റെ പൂർവ്വരൂപമാണ് അത്. പക്ഷെ ആവൃത്തിയുടെ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുമ്പോൾ, ഒന്ന് ശ്രദ്ധിക്കേണ്ടതാണ്-ശാസ്ത്രത്തിന്റെ താത്പര്യത്തിൽനിന്ന് ശ്രദ്ധ മാറി, ആവൃത്തിയിൽത്തന്നെ (ആവർത്തനത്തിൽത്തന്നെ) ശ്രദ്ധ കേന്ദ്രീകരിക്കാൻ പാടുള്ളതല്ല.

സംസ്കൃതത്തിലെ ദാർശനികകൃതികളുടെ സൂക്ഷ്മമായ വായനയിൽ നമ്മുടെ ശ്രദ്ധയിലേക്ക് കടന്നുവരുന്ന മറ്റൊരു ഉപപാഠമാണ് ഇച്ഛ എന്ന സങ്കല്പനത്തിന്റേത്. വൈശേഷികദർശനത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന ഗുണങ്ങളിൽ ഒന്നാണ് ഇച്ഛ. ഇച്ഛയെ സൂചിപ്പിക്കുന്ന സൻ എന്ന പ്രത്യയം പലതായ ധാതുക്കളോട് ചേർത്താൽ എന്തിനുള്ള ഇച്ഛ എന്നതിന് വ്യക്തമാക്കപ്പെടുന്നു. ഒരു പാഠത്തിന്റെ വരികളിലൂടെ സൂക്ഷ്മതയോടെ സഞ്ചരിക്കുമ്പോൾ, ആ പാഠം രൂപപ്പെട്ട, മുന്നോട്ട് പോകുന്ന വഴികളെ നിർണ്ണയിക്കുന്ന സ്ഥാനങ്ങളിലൊക്കെ ഇച്ഛ പ്രവർത്തിക്കുന്നുണ്ടെന്ന് കാണാം. പതിനാറാം നൂറ്റാണ്ടിൽ, തർക്കസംഗ്രഹം എന്ന കൃതി രചിച്ച അന്നംഭട്ടന്റെ വാക്കുകളിൽ, ചികീർഷിതമായ ഗ്രന്ഥത്തിന്റെ തടസ്സം കൂടാതെയുള്ള പരിസമാപ്തിക്ക് വേണ്ടി മംഗളാചരണം നടത്തുന്നു എന്നാണ്. ചികീർഷ എന്ന വാക്കിന് കർത്തും ഇച്ഛാ ചെയ്യാനുള്ള ആഗ്രഹം എന്നാണ് സാമാന്യമായ അർത്ഥമെങ്കിലും പ്രവൃത്തിഹേതു*:* ഇച്ഛാ ചികീർഷാ – പ്രവൃത്തിക്ക് ഹേതുവായ ഇച്ഛ എന്നാണ് സവിശേഷമായ അർത്ഥം. തർക്കസംഗ്രഹം എന്ന കൃതി അന്നംഭട്ടന്റെ ചികീർഷയിൽനിന്ന് ഉടലെടുത്തതാണെന്ന് താത്പര്യം. പ്രതിപിപാദയിഷ (പ്രതിപാദനം ചെയ്യാനുള്ള ആഗ്രഹം), ചിഖ്യാപയിഷ ( ഖ്യാപനം ചെയ്യാനുള്ള, അറിയിക്കാനുള്ള ആഗ്രഹം), വ്യാചിഖ്യാസ (വ്യാഖ്യാനം ചെയ്യാനുള്ള ആഗ്രഹം) എന്നീ പദങ്ങൾ ഗ്രന്ഥങ്ങളുടെ ആരംഭത്തിൽ കാണപ്പെടുന്നത് നാം ശ്രദ്ധിക്കാതെ പോകരുത്. ആ പദങ്ങൾ ആ ഗ്രന്ഥങ്ങൾ രൂപപ്പെടുന്ന ദശാസന്ധികളെ സൂചിപ്പിക്കുന്നു. ഈ പദങ്ങൾ ഗ്രന്ഥകാരന്റെ/വക്താവിന്റെ കാഴ്ച്ചപ്പാടിൽ നിന്നുകൊണ്ട് സംസാരിക്കുമ്പോൾ, മറ്റ് ചില പദങ്ങൾ പഠിതാവിന്റെ/ശ്രോതാവിന്റെ കാഴ്ച്ചപ്പാടിൽനിന്നുള്ള ഇച്ഛയെ സൂചിപ്പിക്കുന്നു.

വേദാന്തസൂത്രത്തിലെ ആദ്യത്തെ സൂത്രമായ അഥാതോ ബ്രഹ്മജിജ്ഞാസാ[6] (ഇനി നമുക്ക് ബ്രഹ്മത്തെ അറിയാൻ ആഗ്രഹിക്കാം) എന്ന സൂത്രത്തിലെ ജിജ്ഞാസ എന്ന പദത്തെ ദാർശനികമായ വലിയ ഒരു മാനത്തിലാണ് ശങ്കരാചാര്യർ വ്യാഖ്യാനിക്കുന്നത്. സൻ എന്ന പദം കൊണ്ട് സൂചിപ്പിക്കുന്ന ഇച്ഛയുടെ കർമ്മം അവഗതിയിൽ പര്യവസാനിക്കുന്ന ജ്ഞാനമാണെന്ന് ശങ്കരൻ പറയുന്നു. ശങ്കരന്റെ ബ്രഹ്മസൂത്രഭാഷ്യത്തിന് ഭാമതി എന്ന വ്യാഖ്യാനം എഴുതിയ വാചസ്പതിമിശ്രൻ ഒരുപടികൂടി കടന്ന് പറയുന്നത്, പഠിതാവിന്റെ സംശയത്തെയും ശാസ്ത്രത്തിനുള്ള പ്രയോജനത്തെയുമാണ് ജിജ്ഞാസ എന്ന പദം സൂചിപ്പിക്കുന്നത് എന്നാണ്. വിവിദിഷ എന്ന വാക്കും ജിജ്ഞാസയുടെ അതേ അർത്ഥത്തെ സൂചിപ്പിക്കുന്നു. ആത്മജ്ഞാനം

കൈവരിക്കുന്നതിന്റെ ഭാഗമായി, വിവിദിഷന്തി ( അറിയാൻ ആഗ്രഹിക്കുന്നു), വിജിജ്ഞാസസ്വ (അറിയാൻ ആഗ്രഹിക്കൂ) എന്നീ ക്രിയാപദങ്ങളുടെ പ്രാധാന്യവും വളരെ വലുതാണ്.

വക്താവിന്റെ ഇച്ഛയും ശ്രോതാവിന്റെ ഇച്ഛയും തമ്മിൽ കലരുമ്പോഴാണ് ശാസ്ത്രവ്യവഹാരം സഫലമാകുന്നത്. അറിയാനും അറിയിക്കാനുമുള്ള ഇച്ഛകൾ തമ്മിൽ കലരുമ്പോളുണ്ടാകുന്ന സർഗ്ഗാത്മകമായ അനുഭവം പലതരം തുടരന്വേഷണങ്ങൾക്കും ആധാരമായി മാറുന്നു. ദാർശനികവ്യവഹാരങ്ങളെ, അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങളെ സർഗ്ഗാത്മകമാക്കി മാറ്റുന്നത്, അവയെ മുന്നോട്ട് കൊണ്ടുപോകുന്ന ഇച്ഛ എന്ന ഘടകത്തെ വേർതിരിച്ചെടുത്ത് മനസ്സിലാക്കുമ്പോഴാണ്.

നട്ടുവളർത്തുന്ന ചെടിക്ക് വെള്ളമൊഴിക്കുമ്പോൾ, അരികത്തായി തനിയെ വളർന്നുവരുന്ന മറ്റൊരു അരുമച്ചെടിയെ പൊടുന്നനെ ഒരു ദിവസം കാണുമ്പോഴുണ്ടാകുന്ന അദ്ഭുതം കലർന്ന സന്തോഷമാണ്, പാഠത്തിന്റെ പ്രഖ്യാപിതമായ താത്പര്യത്തിൽ മാത്രം ശ്രദ്ധിച്ച് വായിച്ചുപോകെ, പൊടുന്നനെ ഒരു ഉപപാഠം നമ്മുടെ വായനയിലേക്ക് വന്നെത്തുമ്പോൾ ഉണ്ടാകുന്നത്. ഗവേഷണത്തിലെ ആനന്ദസന്ദർഭമാണ് അത്. അത് കണ്ടെത്തുന്നത് ഗവേഷണത്തിലെ സർഗ്ഗാത്മകമായ തലത്തിലാണ്.

### ഭാഷയുടെ വഴിയെ

സംസ്കൃതത്തിൽ എഴുതപ്പെട്ട മൂലപാഠങ്ങളിലെ സവിശേഷമായ/ സാങ്കേതികമായ പദങ്ങളുടെ അർത്ഥം, നിരുക്തി, വ്യാകരണസവിശേഷത, അവയുടെ പ്രയോഗം എന്നിവയിലെല്ലാം ശ്രദ്ധ നൽകേണ്ടത് ആവശ്യമാണ്. ഉദാഹരണത്തിന് മുൻപ് പരാമർശിച്ച വിവിദിഷന്തി, വിജിജ്ഞാസസ്വ എന്നീ പദങ്ങൾ തന്നെ എടുക്കാം. വിവിദിഷന്തി എന്ന വാക്കിന് അറിയാൻ ആഗ്രഹിക്കുന്നു എന്നാണ് പ്രാഥമികമായ അർത്ഥം. അതായത് വിവിദിഷയെ ചെയ്യുന്നു എന്നർത്ഥം. മലയാളഭാഷയിൽ രണ്ട് വാക്കുകളിൽ( അറിയാൻ ആഗ്രഹിക്കുന്നു) പ്രതിപാദിക്കുന്ന ഒരു അർത്ഥം ഇവിടെ ഒറ്റ വാക്കിൽ പറയുന്നു വരുമ്പോൾ, വലുതായ അർത്ഥവ്യത്യാസം ഉണ്ടാകുന്നുണ്ട്. അറിയാനുള്ള ആഗ്രഹം ഒരു ക്രിയയായി, പ്രവൃത്തിയായി മാറുന്നു എന്നതാണ് അത്. അറിയാനുള്ള ആഗ്രഹം ഒരു സാധന തന്നെയായി മാറുന്ന അവസ്ഥ. അതുപോലെ തന്നെയാണ് വിജിജ്ഞാസസ്വ (അറിയാൻ ആഗ്രഹിക്കൂ) എന്ന പദവും.

എത്ര ചിട്ടപ്പെടുത്തപ്പെട്ടതായാപ്പോലും പാഠം വായിച്ചുതീരുന്നില്ല എന്നതാണ് പാഠം തരുന്ന സന്തോഷങ്ങളിലൊന്ന്.

വിഷയത്തിനുള്ളിൽനിന്നുതന്നെ അന്തർവൈജ്ഞാനികപഠനത്തിലേക്ക് പോകാനുള്ള ജൈവമായ പടവുകൾ ഒരുക്കിത്തരുന്നതും മൂലപാഠത്തിന്റെ ശ്രദ്ധാപൂർവ്വമായ പഠനമാണ്.

ചരകൻ എഴുതിയ ചരകസംഹിതയിൽ, ആ ഗ്രന്ഥപാഠം എഴുതുമ്പോൾ താൻ സ്വീകരിച്ച ഒരു സമീപനത്തെക്കുറിച്ച് ചരകൻ പറയുന്നത് ഇങ്ങനെയാണ്:

*ന ഹി വിസ്തരസ്യ പ്രമാണമസ്തി, ന ചാപ്യതിസംക്ഷേപോ/*
*ൽപ്പബുദ്ധീനാം സാമർത്ഥ്യായ ഉപകല്പതേ, തസ്മാത്, അനതി*
*സംക്ഷേപേണ അനതിവിസ്തരേണ ച ഉപദിഷ്ടാ:. ഏതാവന്തോ*
*ഹ്യലമൽപ്പബുദ്ധീനാം വ്യവഹാരായ, ബുദ്ധിമതാംച സ്വാലക്ഷണ്യാ*
*നുമാനയുക്തികുശലാനാമനുക്താർത്ഥജ്ഞാനായേതി.*[7]

(പാഠം ഒരുപാട് വിസ്തരിച്ചെഴുതുന്നതിന് സമ്മതി ഇല്ല. വളരെ ചുരുക്കി എഴുതിയാൽ അൽപ്പബുദ്ധികൾക്ക് ഉപകാരപ്പെട്ടുകയും ഇല്ല. അതുകൊണ്ട്, വല്ലാതെ ചുരുക്കാതെയും, വല്ലാതെ വിസ്തരിക്കാതെയും ഉപദേശിക്കപ്പെട്ടിരിക്കുന്ന ഈ പാഠം അൽപ്പബുദ്ധികൾക്ക് പ്രയോഗിക്കുന്നതിനും, അനുമാനയുക്തികുശലരായ ബുദ്ധിശാലികൾക്ക് പറയാത്ത അർത്ഥത്തെക്കൂടി മനസ്സിലാക്കുന്നതിനും മതിയാകുന്നതാണ്.)

## കുറിപ്പുകൾ

1. കുമരിലഭട്ടൻ, മീമാംസാശ്ലോകവർത്തികം, 1.17
2. ചരകസംഹിത, വിമാനസ്ഥാനം, രോഗഭിഷഗ്ജിതീയം
3. ഉപദേശസാഹസ്രി, 1.4.
4. ബ്രഹ്മസൂത്രം, 1.1.3
5. ബ്രഹ്മസൂത്രം, 4.1.
6. ബ്രഹ്മസൂത്രം, 1.1.
7. ചരകസംഹിത, സൂത്രസ്ഥാനം,4.20

## ആധാരസൂചി

1. ഉപദേശസാഹസ്രി, ശങ്കരാചാര്യർ,ശ്രീ രാമകൃഷ്ണ മഠം, മൈലാപ്പൂർ, മദ്രാസ്, 1941.
2. ചരകസംഹിത, ചൌഖാംബ സുരഭാരതി പ്രകാശൻ, ന്യൂ ദെൽഹി, 2022
3. ബ്രഹ്മസൂത്രശാങ്കരഭാഷ്യം, മോത്തിലാൽ ബനാർസിദാസ്സ്, ന്യൂ ദില്ലി, 1980
4. മീമാംസാശ്ലോകവാർത്തികം, കുമരിലഭട്ടൻ, ചൌഖാംബാ സംസ്കൃതപ്രതിഷ്ഠാനം ദില്ലി, 2009.
5. തർക്കസംഗ്രഹം, (എഡി.), ഖേം രാജ് ശ്രീ കൃഷ്ണദാസ്, ബോംബെ, 1969.

*muthulakshmiiyer@rediffmail.com*

# അപരവത്കരണത്തിന്റെ വംശാവലികൾ: ഭാഷയിലും വിദ്യാഭ്യാസരംഗത്തും പെരുകുന്ന അധീശത്വത്തിന്റെ വിമർശവിശകലനം

ഡോ. അജയ് എസ്. ശേഖർ

കൊല്ലുന്നവനില്ല ശരണ്യത
മറ്റെല്ലാവിധ നന്മയുമാർന്നീടിലും
—നാരായണഗുരു

ദൈവത്തെ പിശാചായും പിശാചെ ദൈവമായും
വർണിക്കും ബ്രാഹ്മണന്റെ വൈഭവം ഭയങ്കരം
—സഹോദരൻ അയ്യപ്പൻ

**സംഗ്രഹം**

നമ്മുടെ സാംസ്കാരിക പരിസരത്തെ അധീശവ്യവഹാരങ്ങളെയും ആഖ്യാനങ്ങളെയും ചരിത്രപരമായി അപഗ്രഥിക്കുകയും അവയിലെ പ്രത്യയശാസ്ത്ര താൽപര്യങ്ങളുടെ വിമർശവിശകലനം നിർവ്വഹിക്കുകയും ചെയ്യുന്ന പഠനം .

**താക്കോൽവാക്കുകൾ:** ജാതിഹിന്ദുത്വം, സാമ്പത്തികനിർണയ വാദം, മൃഗവത്കരണം, തേരവാദം, അപരവല്ക്കരണം, പ്രതിനിധാനഹിംസ, ആഖ്യാനാത്മകഹിംസ, അസുരവത്കരണം, അപമാനവീകരണം

## ഭാഷയുടെ പുരാശേഖരത്തിൽ

ചരിത്രം ആലേഖനം ചെയ്യപ്പെട്ടുകിടക്കുകയാണോ എന്ന അന്വേഷണം ഉയരുന്നു. കടന്നുവന്ന ചരിത്രഘട്ടങ്ങളും സാമൂഹ്യ സാംസ്കാരികമാറ്റങ്ങളും ചലനങ്ങളും വാക്കുകളിലും പ്രയോഗങ്ങളിലും അടയാളപ്പെടുന്നതായി

വിശകലനങ്ങൾ വെളിവാക്കുന്നു. അടയാള വ്യവസ്ഥ എന്ന നിലയിൽ പദസഞ്ചയവും മൊഴിവഴക്കങ്ങളും കാലത്തെയും ലോകബോധങ്ങളെയും സംവഹിക്കുന്നു. ജനജീവിതത്തിന്റെ സൂക്ഷ്മാംശങ്ങളും ആശയലോകങ്ങളുടെ സംഘട്ടനങ്ങളും ആധിപത്യത്തിന്റേയും അധീശത്വത്തിന്റേയും അപരവൽക്കരണത്തിന്റേയും മായാത്ത അടയാളങ്ങളും ഭാഷയുടെ അടിത്തട്ടിൽ ഊറിക്കിടക്കുന്നു. ഊറിയടിയുന്നതാണ് സംസ്കാരമെന്ന് സംസ്കാരപഠനത്തിൽ സാമാന്യമായി പറയാറുണ്ട്. സമൂഹത്തിന്റെ അടിത്തട്ടിലൂറുന്നതത്രേ കലാചാരവഴക്കങ്ങൾ. കേരളഭാഷയുടെ അടിത്തട്ടിലുള്ള തമിഴ് തായ്മൊഴിയും പാലി, പ്രാകൃത പദസമ്പത്തും ഭാഷയുടെ രൂപീകരണ ചരിത്രത്തിലെ നിർണായക സാംസ്കാരിക അടിത്തറകളെ സൂചിപ്പിക്കുന്നു. പദങ്ങളെയും പദരൂപീകരണത്തെയും ആശയ ചരിത്രങ്ങളെയും പ്രദേശ ചരിതങ്ങളെയും സ്ഥലനാമങ്ങളെയും ചെറു ചരിത്രങ്ങളെയും ഉപസംസ്കാരങ്ങളെയും കുറിച്ചുള്ള ജ്ഞാനാധികാര, ജൈവാധികാര വ്യവഹാര വിമർശമുള്ള ഗാഢമായ പഠനങ്ങൾ ബഹുസ്വരമായും ബഹുവിഷയപരമായും വിഷയാന്തരമായും വിഷയപരിവർത്തനപരമായും വർത്തമാനത്തിൽ വികസിക്കുകയാണ്.

അപരയിടങ്ങളും വ്യതിരിക്തമായ പ്രദേശങ്ങളും ദേശങ്ങളും സംസ്കാരങ്ങളും ബഹുരൂപികളായ പലമയുടെ തിണകളായ ഹെറ്ററോറ്റോപിയകളായും ലോകത്തിനകത്തെ മറുലോകങ്ങളായും വെളിവാക്കപ്പെട്ട് താത്വിക വിശകലനങ്ങളിൽ അടയാളപ്പെടുത്തപ്പെടുന്നു (ഫൂക്കോ 1970 ആമുഖം). പ്രാതിനിധ്യവും പ്രതിനിധാനവും പോലെ വ്യതിരിക്തതതയുടെ രാഷ്ട്രീയം കൂടിയാണ് ജനായത്തം. പരമാധികാരമെന്ന സോവറിൻ പവറും അതു വിഴുങ്ങുന്ന വെറും മനുഷ്യജീവിതങ്ങളും വംശഹത്യയുടെ ഓർമകളും വിദ്യാഭ്യാസപരവും ബോധനപരവുമായ പുരാരേഖാലയമായി വർത്തമാനത്തിൽ ഭാവിക്കുവേണ്ടി വീണ്ടെടുക്കപ്പെടുകയാണ് (അഗമ്പൻ 1998: 18-36). പുതു ലോക സമുദായത്തെയും ഭാവിസമൂഹത്തെയും കുറിച്ചുള്ള താത്വികസംവാദങ്ങൾ വിപുലമാകുന്നു (നാൻസി 1991: 57-84). മാനവ കേന്ദ്രിതത്വത്തെയും യൂറോ കേന്ദ്രിതത്വത്തെയും വിമർശവിചാരം ചെയ്യുന്ന പുതുസമുദായ ഭാവനകൾ വിപുലമായ പ്രചഞ്ചചരിത്രത്തെയും ഭൂമിയുടെ ഭാവിയേയും കണക്കിലെടുത്താണ് വികസ്വരമാകുന്നത് (അഗമ്പൻ 1993). സ്ഥലത്തെയും കാലത്തെയും ജൈവപരിസ്ഥിതിയേയും സാംസ്കാരികപര്യാവരണങ്ങളെയും ചരിത്രത്തെയും നരവംശശാസ്ത്രത്തെയും പുരാവസ്തുവിജ്ഞാനീയത്തെയും ഭാഷയേയും മുൻനിറുത്തിയുള്ള ബഹുവിഷയപഠനങ്ങളിൽ കേരളത്തിൽ പ്രൊഫസർ എ.

അയ്യപ്പനും മറ്റും വിഷയാന്തരമായി വികസിപ്പിച്ച മാതൃക സമഗ്രക്രമീകരണ സന്ദർഭങ്ങളിൽ ഏറെ കാലിക പ്രസക്തമായിരിക്കുന്നു (അയ്യപ്പൻ 1960; 1982; 2018). ജ്ഞാനസിദ്ധാന്തത്തെ തന്നെ വിമോചനാത്മകമായും ജനായത്തപരമായും മാറ്റിമറിക്കുന്ന കാലികമായും ഭാവിയേക്കരുതിയും പുതുക്കുന്ന ചലനങ്ങൾ ജനതയുടേയും സമൂഹത്തിന്റേയും അതിജീവനത്തിന് ആവശ്യമായി വരുന്നു. സമഗ്രാധിപത്യ രാഷ്ട്രീയസന്ദർഭത്തിലും സംസ്കാര ദേശീയവാദത്തിന്റേയും അധീശ സാമാന്യബോധത്തിന്റേയും സാഹചര്യങ്ങളിലും ഇത്തരം വിമർശാത്മകമായ വീണ്ടെടുപ്പുകളും സമഗ്ര അന്വേഷണങ്ങളും നൈതിക വിശകലനങ്ങളും അതിജീവനത്തെയും പ്രതിരോധത്തെയും പ്രാതിനിധ്യത്തെയും സംബന്ധിച്ച് ഏറെ നിർണായകമായി വന്നിരിക്കുന്നു. പ്രാതിനിധ്യവും പ്രതിനിധാനവും അധീശത്തത്തിലമരുകയും പ്രതിനിധാന ഹിംസകളും ഭൗതികമായ ഹിംസകളും ഹിംസാകാമനകളും വംശഹത്യാകാമനകളും അപരവൽക്കരണ ആഖ്യാനങ്ങളും വരെ പെരുകുകയും ചെയ്യുന്ന വർത്തമാന ഇന്ത്യയിലും ജാതിക്കൊലകളും പീഡനങ്ങളും മതസ്പർധയും തിരികെവരുന്ന കേരളത്തിലും ഇത്തരം അക്കാദമിക വിമർശ പഠനങ്ങൾ ജ്ഞാനസിദ്ധാന്തതലത്തിലും സാമൂഹ്യ-രാഷ്ട്രീയതലത്തിലും വിദ്യാഭ്യാസപരമായും അനിവാര്യമാകുന്നു. സംസ്കാരദേശീയവാദത്തിന്റെ ബോധനപദ്ധതിയായ നവദേശീയ വിദ്യാഭ്യാസ നയം കേരളത്തിലും തെന്നിന്ത്യയിലും ഒരു പുതു ജ്ഞാനജാഗ്രതയെയും സാമൂഹ്യ കൂട്ടായ്മയേയും സാഹോദര്യഭാവനയേയും ആവശ്യപ്പെടുന്നു.

### അപരനിഷേധത്തിന്റെ ആത്മവാദം: മാബലിയെ അഹങ്കാരിയാക്കി ചവിട്ടിത്താഴ്ത്തുന്നു

അപരവൽക്കരണത്തിന്റെ വംശാവലികൾ പരിശോധിക്കുമ്പോൾ കേരളഭാഷയിൽ ഏറ്റവും വ്യാപകമായി ഉപയോഗിക്കുന്ന വാക്കുകളാണ് ഹീനം, മ്ലേച്ഛം, ശൂന്യം എന്നിവ. ചരിത്രപരമായി കേരളസംസ്കാരത്തിന്റെ അടിത്തറയായ അശോകൻ പ്രബുദ്ധതയെ അപരവൽക്കരിക്കാൻ പിൽക്കാല ഹൈന്ദവ മധ്യകാലഘട്ടത്തിൽ തികഞ്ഞ വരേണ്യ പൗരോഹിത്യ പണ്ഡിത ഭാഷയായ സംസ്കൃത്തിലാണീ പദങ്ങൾ മെനഞ്ഞിരിക്കുന്നത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ആദിമ അശോകൻ ബുദ്ധിസത്തിന്റെ ഭാഷയായ പാലിയിൽ നിന്നല്ല ഈ പ്രയോഗങ്ങൾ. മധ്യകാലത്തിന്റെ തുടക്കത്തിൽ പ്രമാദമായ മഹായാനത്തിന്റേയും ബ്രാഹ്മണമതത്തിന്റേയും പൊതുഭാഷയായ സംസ്കൃത്തിൽ നിന്ന് നേരിട്ട് യാതൊരു രൂപപരിണാമങ്ങളുമില്ലാതെയാണ് ഈ വാക്കുകൾ എടുത്തിരിക്കുന്നതെന്നു കാണാം. അതു തന്നെ ആധുനിക കാലത്താണ്

ഭാഷാമാനകീകരണവും പദകോശനിർമ്മിതികളും ബോധനപാഠപുസ്തക രൂപീകരണവും എല്ലാം നടന്ന ഘട്ടത്തിലാണ് ഈ വാക്കുകൾക്ക് ഇത്രമാത്രം പ്രചാരവും മാധ്യമഭാഷയിലൂടെ കാനോനീകരണവും കിട്ടിയിരിക്കുന്നത്. ദൈവഹീനം, ദൈവശൂന്യം എന്നിങ്ങനെയുള്ള ആദിമ ബുദ്ധിസമായ തേരവാദത്തിനെതിരായ ബ്രാഹ്മണിക ആക്ഷേപങ്ങളും ആരോപണങ്ങളുമാണീ വാക്കുകൾക്കു ജന്മം കൊടുത്തത്. മഹായാനം മധ്യകാലത്തിന്റെ തുടക്കത്തിൽ തന്നെ ബുദ്ധനെയും ബോധിസത്വരൂപങ്ങളെയും ദൈവദേവതാഗണങ്ങളാക്കി മാറ്റി സമാനമായ ആസ്തിക ഭക്തിയിലേക്കു കടന്നിരുന്നു (ശേഖർ 2018: 68-89).

ബ്രാഹ്മണ്യത്തെയും അതിന്റെ ആധാരമായ വേദങ്ങളെയും അതിന്റെ നിർമ്മിതിയായ ചാതുർവർണ്യത്തെയും അവയുടെ അഴുകിയ രൂപമായ ജാതിയേയും വിമർശിച്ചു തള്ളിക്കളഞ്ഞ ഗോദമബുദ്ധൻ ദൈവത്തെയും ആത്മാവിനേയും കുറിച്ച് ആരാഞ്ഞില്ല, മറിച്ച് മനുഷ്യരുടേയും ലോകത്തിന്റേയും പ്രശ്നങ്ങളായിരുന്നു അദ്ദേഹത്തിനു പ്രധാനം. ദുരിത സങ്കടങ്ങളെ നൈതികവും ധാർമികവുമായ ജീവിത ക്രമീകരണത്തിലൂടെ നേരിടാനദ്ദേഹം വഴികാണിച്ചു (ഓംവെത് 2005: 6-26). മനുഷ്യചിന്തയേയും വാക്കിനേയും പ്രവൃത്തിയേയും മാറ്റുന്ന പഞ്ചശീലങ്ങളും അട്ടമാഗ്ഗങ്ങളുമാണതിനു കരണീയം. ബുദ്ധിസവും ജൈനിസവും ദൈവകേന്ദ്രിതമായിരുന്നില്ല. പാലിയിലെ ധമ്മ എന്ന നീതിയും ധാർമിക ജീവിത ചര്യയുമായിരുന്നു പരമപ്രധാനം. സത്യത്തിനും നീതിക്കും പ്രാധാന്യം വന്നാൽ പരമാധികാരിയായ ദൈവത്തിനും ദൈവമന്ത്രങ്ങൾക്കും അതിനുടയോരായ ബ്രാഹ്മണ പൗരോഹിത്യത്തിനും ഇടിവാകും. അതിനാൽ ധമ്മനീതിയാധാരമുള്ള ബുദ്ധിസത്തെയും ജൈനിസത്തെയും ദൈവഹീനവും ശൂന്യവും ആയി ബ്രാഹ്മണ്യം വ്യവഹരിച്ചു. ഹീനയാനം എന്ന പ്രയോഗം തേരവാദത്തിനെതിരായി ബ്രാഹ്മണിസവും സമാന വരേണ്യചിന്തയിൽ വളർന്ന ലിബറൽ ബുദ്ധമതമായ മഹായാനവും നടപ്പിലാക്കിയതാണ്. ദൈവനിഷേധികളായ ശൂന്യരേയും ഹീനരേയും ആർക്കും എളുപ്പത്തിൽ ഓടിക്കാനും നാടുകടത്താനും തല്ലാനും കൊല്ലാനും സാഹചര്യമൊരുക്കുക കൂടിയായിരുന്നു ഈ അപരവൽക്കരണ പ്രയോഗങ്ങളും വ്യവഹാരങ്ങളും. ആടിനെ പട്ടിയാക്കുകയും പട്ടിയെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലുകയും ചെയ്യുന്നതാണ് വ്യവഹാര ആഖ്യാന ലീലകളിലൂടെ തരപ്പെടുത്തുന്നത്. പ്രതിനിധാന ഹിംസ ഭൗതിക ഹിംസയിലേക്കും വംശഹത്യയിലേക്കും നയിക്കുന്നു. അതുകൊണ്ട് പ്രതിനിധാനങ്ങളുടെ വിമർശം അനിവാര്യമാണ്. നിരീശ്വരവാദികളെയും യുക്തിചിന്തകരെയും സത്യനീതി ബോധകരേയും പൻസാരേയും കൽബുർഗിയും ധബോൽക്കറും

ഗൗരീലങ്കേഷുമടക്കം വധിക്കാനും വർത്തമാനത്തിൽ ദൈവവാദികൾക്കും ബ്രഹ്മവാദികൾക്കും സമഗ്രാധികാരികളായ ആത്മവാദികൾക്കും കഴിയുന്നു എന്നതാണിതിന്റെ സമകാലിക തുടർച്ച.

**ഉന്മൂലനത്തിന്റെ യുക്തീകരണവ്യവഹാരങ്ങളും രാക്ഷസീകരണാഖ്യാനങ്ങളും**

വംശഹത്യയുടേയും കൊടിയ ഭൗതിക ഹിംസയുടേയും മുന്നോടിയാണ് അപരവൽക്കരണ വ്യവഹാരങ്ങൾ. പ്രതിനിധാനപരമായ ആഖ്യാനാത്മക ഹിംസയാണത്. അതു ഭൗതിക ഹിംസയുടെ മുന്നോടിയാണ് (ശേഖർ 2008: 36-69). അശോകന്റെ കാലം മുതൽ പ്രബുദ്ധമായിരുന്ന മൗര്യവംശത്തെ ചതിയിലൂടെ ഇല്ലാതാക്കിയ ബ്രാഹ്മണ പടയാളി പാരമ്പര്യമുള്ള സുംഗവംശവും പിന്നെ, ഗുപ്തഘട്ടവുമൊക്കെയാണ് ബ്രാഹ്മണ്യത്തെ ഇന്ത്യയിലെമ്പാടും സ്ഥാപിച്ചത്. അശോക മൗര്യരുടെ പിതാമഹനും ജൈനനുമായിരുന്ന ചന്ദ്ര ഗുപ്ത മൗര്യരുടെ കാലത്തുതന്നെ അമാത്യ ഉദ്യോഗസ്ഥപ്രഭുവായി സമർഥനും കൗശലക്കാരനുമായ ചതുരൻ ചാണക്യ ബ്രാഹ്മണൻ മൗര്യസാമ്രാജ്യത്തിലേക്കു നുഴഞ്ഞുകയറിയിരുന്നു. സുംഗനിലൂടെ അധികാരം ചതിയിൽ പിടിച്ചത് ഈ കൗടില്യവിഷവിത്താണ്. കൊലയെ സാധൂകരിക്കാൻ മനുസ്മൃതിയടക്കമുള്ള സ്മൃതിശ്രുതികളും പൗരോഹിത്യപടയാളിയാണത്തം പടച്ചുണ്ടാക്കിയതായി അംബേദ്കറടക്കം വിശദീകരിക്കുന്നു (അംബേദ്കർ 2002: 68-112). പലപ്പോഴും കൊലചെയ്യപ്പെട്ടവർ അഹങ്കാരികളും അധികാരപ്രമത്തരുമായി ചിത്രീകരിക്കപ്പെടുന്നു. മഹാബലി മുതൽ രാവണൻ വരെ അങ്ങനെയാണല്ലോ.

അസുരവൽക്കരണം അപരവൽക്കരണത്തിന്റെ മറ്റൊരു വിളനിലമാണ്. മനുഷ്യപദവിക്കു പുറത്താക്കുകയാണീ വംശഹത്യാവഴി. മഹാബലിയെ ഒരു രാക്ഷസനാക്കി എളുപ്പത്തിൽ വൈഷ്ണവബ്രാഹ്മണിസത്തിന്റെ അവതാരമായ വാമനൻ കാലടിയിൽ ചവിട്ടിത്താഴ്ത്തിക്കളഞ്ഞു. അമിതമായി വാക്കു പാലിക്കുന്ന ദാനധർമിയായ ഒരഹങ്കാരിയായിരുന്നത്രേ ബലി. ഒരു അസുരന് അഥവാ ബൗദ്ധന് അത്രയും അഹങ്കാരമോ... അദ്ദേഹത്തെ ആ നൈതിക നിഷ്ഠ തന്നെ ദുരുപയോഗം ചെയ്തു ചതിയിൽ ബലിയാക്കിയേ വൈഷ്ണവ ബ്രാഹ്മണ്യം അടങ്ങിയുള്ളു. ഇന്ന് മാബലി അഥവാ മാവേലി തന്നെ വാമനനോ എന്ന മട്ടിലായിരിക്കുന്നു വ്യവഹാരങ്ങൾ. ദേശീയവാദ നേതാവ് തന്നെ രണ്ടു വർഷം മുമ്പു നടത്തിയ പ്രസ്താവം ഓണം വാമനജയന്തിയാണ് എന്നായിരുന്നു. ഓണത്തെ മനുഷ്യരെ അസുരവൽക്കരിച്ചു നിഗ്രഹിക്കുന്ന, തലചവിട്ടിത്താഴ്ത്തുന്ന വൈഷ്ണവ വാമനന്മാരുടെ തിരുനാളാക്കുന്ന രഹസ്യപരിപാടി കേരളത്തിൽ തന്നെ പല ക്ഷേത്ര സങ്കേതങ്ങളിലും ഇതിനകം നടപ്പാക്കി കഴിഞ്ഞിരിക്കുന്നു.

മാവേലിയുടെ ഇരിപ്പിടമെന്നറിയപ്പെടുന്ന പിലാവിൻ ചോട്ടിൽ തേരവാദ ശൈലിയിലുള്ള സിംഹാസനമുള്ള തിരുകാൽക്കരയായ ബുദ്ധപാദമുണ്ടായിരുന്ന ഇന്നത്തെ തൃക്കാക്കരയുടെ വാമന വൈതാളികാവസ്ഥയിങ്ങനെയാണ് പരിണമിച്ചുവന്നത്. സിംഹാസനം, സ്തൂപം, കാലടിപ്പാട്, ബോധിവൃക്ഷം, ഗജോത്തമ ശില്പം, ധമ്മസിംഹ രൂപം, കുട, കുംഭം, പടിപ്പുര എന്നിങ്ങനെയുള്ള അടയാളങ്ങളിലൂടെയാണ് അശോകൻ തന്റെ മാതൃകാപുരുഷനായ ഗോതമരെ അടയാളപ്പെടുത്തിയിരുന്നത്. പാലിയിലെ ഗോതമയെന്ന കോതയുടെ പേരിൽ തന്നെ നിരവധി സ്ഥലനാമങ്ങളാണ് കേരളത്തിലും തമിളകത്തുമായുള്ളത്.

നിരവധി ബ്രാഹ്മണപണ്ഡിതർ കയറി വഴിമാറ്റിയെടുത്ത മഹായാനത്തിലൂടെയാണ് മനുഷ്യരൂപത്തിലുള്ള ആലങ്കാരിക ശില്പങ്ങളും ബോധിസത്വരൂപങ്ങളും ഇത്രയും പ്രമാദമായതും ഹൈന്ദവ ദേവീദേവഗണങ്ങളുമായി ഒന്നായി പോയതും. രാവണനെയും അസുരപ്പടയെയും നിഗ്രഹിക്കുന്നതും ആഖ്യാനത്തിലൂടെ രാവണനെ പെണ്ണുപിടിയനും തോന്നിവാസക്കാരനും അക്രമിയുമാക്കി മാറ്റിക്കൊണ്ടാണ്. യഥാർഥത്തിൽ തന്റെ സഹോദരിയെ ക്രൂരമായി അപമാനിച്ച രാമന്റെ പത്നിയായ സീതയോട് രാവണൻ അതിക്രമം പ്രവർത്തിച്ചില്ല. ലങ്കയെ രാക്ഷസരാജ്യമാക്കുന്നത് അത് അശോക മകളായ സംഘമിത്തയുടെ കാലം മുതൽ ബൗദ്ധമായതുകൊണ്ടാണ്. മധ്യകാല തുടക്കത്തിൽ നടന്ന ചോളാക്രമണമാണ് ലങ്കയെ താൽക്കാലികമായി ഹൈന്ദവമാക്കിയത്. ഏതാനും ദശകത്തിനുള്ളിൽ ബുദ്ധിസം അവിടെ തിരികെവന്നു. പക്ഷേ ലങ്കാവിജയം പുരാണപാരായണമായി മാറിയിരുന്നു. രാമായണമാവാരത പട്ടത്താനങ്ങളിലൂടെയാണ് കേരളത്തെ മധ്യകാലത്ത് മാവാരതപട്ടന്മാരും ചട്ടന്മാരും ചാത്തിരൻമാരും കൂടി സ്മൃതിശ്രുതിപുരാണ പാരായണങ്ങളിലൂടെ ഹിന്ദുവൽക്കരിച്ചതെന്ന് ഇളംകുളം തന്നെ എഴുതിയിരിക്കുന്നു. സ്മൃതിശ്രുതികളേക്കാൾ സാധാരണക്കാരെ സ്വാധീനിക്കുന്നതാണ് കാമഭോഗഭക്തി ആഖ്യാനങ്ങളായ പുരാണങ്ങളും ഇതിഹാസകാവ്യങ്ങളും. പ്രദേശത്തെ പേരുമാറ്റങ്ങളിലൂടെ രാമവൽക്കരിക്കാനും ഹൈന്ദവീകരിക്കാനും പുരാണാഖ്യാനങ്ങൾ ഉപയോഗിക്കപ്പെടുന്നു. ചവരിമലയെ ശബരിമലയാക്കി രാമവൽക്കരിച്ചത് ഉദാഹരണമാണ്. ചവരിമാനുകൾ മേഞ്ഞ സംഘസാഹിത്യ പരാമർശമുള്ള ചവരിമലയെ ശബരിയുടെ മലയാക്കി രാമവൽക്കരിക്കുന്നു. ഒളിഞ്ഞിരുന്ന ബാലിയെ കൊന്ന രാമനെ ഗാന്ധിജിയുടെ സത്യബോധമായി ആസ്ഥാന വാഗ്വിലാസക്കാർ ഗുരുവും സഹോദരനും ജീവിച്ച കേരളത്തിൽ

സ്ഥാപിക്കുന്നു. മദനമോഹന മാളവ്യ 1929-ൽ തിരുനക്കര ശ്രമിച്ച് പരാജയപ്പെട്ടതാണ് കേരളത്തെ രാമമന്ത്രം വിളിപ്പിക്കാനുള്ള പൂതി. അഭിനവ മാവാരതപട്ടത്താനവും ഗീതാഗിരിശിബിരവും നടത്തിയാണ് കേരളത്തിൽ 2018-ലെ ഭരണഘടനാ അട്ടിമറി നടത്തിയ ശബരിമല ക്ഷുദ്രലഹളയുടെ പശ്ചാത്തലം നവ നയകോവിദരായ മാവാരതപണ്ഡിതരും പുരാണപാരായണ മുൻഷിമാരും ഗീതാഗിരിക്കാരും കൂടി പരോക്ഷമായി നടപ്പാക്കിയെടുത്തത്. ഛായാഗ്രഹണി ഓഫാക്കി സ്വന്തം കാറുകത്തിക്കലും ചട്ടകപ്പടയെ കൊണ്ട് സ്വന്തം പേരുപലകയിൽ കരിയോയിൽ പൂശലും തലയോട്ടി വരപ്പിക്കലും വരെ അരങ്ങേറി. സുകുമാരക്കുറുപ്പ് ചിരിക്കുന്ന പരിവാര ഭീഷണിയാണിങ്ങനെ പ്രതിനിധാനം ചെയ്യപ്പെട്ടത്. അതിന്റെ സമ്മർദ്ദപരിസരത്ത് അവർണനായ കേരള മുഖ്യമന്ത്രിയെ തന്നെ തെരുവിൽ ഛായാഗ്രഹണിയിൽ തൊഴിലുറപ്പുകാരിയായ മലയാളി കുലീന സ്ത്രീ ശ്രീമതി മണിപ്പിള്ളയെ ഉപയോഗിച്ച് ജാതിത്തെറി വിളിപ്പിച്ച് ഏതാനും ദിവസത്തിനുള്ളിൽ കേരള നിയമസഭയിൽ ഇന്ത്യൻ ജനായത്ത ഭരണഘടനയെ അട്ടിമറിക്കുന്ന സാമ്പത്തിക സംവരണം രാഷ്ട്രരാമാനം പാസാക്കിയെടുത്തു. ചരിത്രത്തിനോ നീതിക്കോ സ്ഥിതിവിവരകണക്കുകൾക്കോ നിരക്കുന്നതുമായിരുന്നില്ല ഈ അമിത പ്രാതിനിധ്യ കാര്യപരിപാടി.

## ജനായത്ത അട്ടിമറികളും പ്രതിവിപ്ലവങ്ങളും ക്ഷുദ്രലഹളകളുടെ ഗുണഭോക്താക്കളും

1958-ലെ ഒന്നാം ഭരണപരിഷ്കാര കമ്മീഷനിലൂടെയും പിന്നെ ജോസഫ് കമ്മീഷനിലൂടെയും കേരളത്തിൽ തുടങ്ങിവച്ച സാമ്പത്തിക നിർണയനവാദം അതിന്റെ ഉപജ്ഞാതാക്കളായ പരമപുരോഹിതരും പിതാക്കന്മാരും പോയെങ്കിലും പുത്രന്മാരും പുത്രിമാരും കൂടി ഘോരഘോരം പണിപ്പെട്ടു നടപ്പാക്കിയെടുത്തു. ഇന്ത്യൻ ഭരണഘടനയും ജനായത്തവും സാമൂഹ്യനീതിയും ആവിയാക്കപ്പെട്ടെങ്കിലെന്ത് അമിത പ്രാതിനിധ്യവും കുത്തകയും സമഗ്രാധിപത്യപരമായി പെരുക്കാനായല്ലോ. ഷായും മോദിയും കേന്ദ്രത്തിൽ തിരഞ്ഞെടുപ്പു തുറുപ്പായി സാമ്പത്തികസംവരണം നടപ്പാക്കുന്നതിനും മൂന്നു മാസം മുമ്പായിരുന്നു ഇത്. സാമൂഹ്യനീതിക്കായി വാദിച്ചവരെയെല്ലാം തികച്ചും കൗടില്യകൗശലമാർന്ന സവർണലാവണസഖ്യങ്ങളിലൂടെ തിണ്ണമിടുക്കിൽ തൊഴിലിടങ്ങളിൽ കുതികാൽ വെട്ടിയൊതുക്കിയും നാവുമുറിച്ചു നാടുകടത്തിയുമായിരുന്നു ഈ ഭരണഘടനാ അട്ടിമറിയും പ്രതിവിപ്ലവവും അമിത പ്രാതിനിധ്യ കുത്തക വാഴിച്ചയും തഞ്ചത്തിൽ തരപ്പെടുത്തിയത്. നീതിക്കുവേണ്ടി

നിലകൊണ്ട ഗവേഷകരേയും ബിരുദാനന്തര വിദ്യാർഥികളെയും വെട്ടിനീക്കി വീട്ടിലിരുത്തി. അധ്യാപകരെയും അക്കാദമിക്കുകളെയും സ്ഥലംമാറ്റിയും നാട്ടു കടത്തി മൂകരാക്കി. അപരവൽക്കരണത്തിന്റെ ആഖ്യാനങ്ങളും വ്യക്തിഹത്യാ വ്യവഹാരങ്ങളുമാണ് സത്യത്തിനും നീതിക്കും വേണ്ടി സംസാരിക്കുകയും എഴുതുകയും ചെയ്യുന്നവർക്കെതിരേ തൽസ്ഥിതി സഖ്യങ്ങളും അമിതാധികാര വൃത്തങ്ങളും കേരളത്തിൽ ഭരണഘടനാസ്ഥാപനങ്ങളെ കുത്തകവൽക്ക രിച്ചു കൊണ്ടു നടത്തുന്നത്. ജാതിഹിന്ദു കുത്തകയ്ക്കെതിരേ ശബ്ദിക്കുന്നവരെ വെട്ടിനീക്കാൻ മാവേലിയെന്ന പ്രബുദ്ധനായ അശോകതുല്യനായ ധമ്മ ചക്രവർത്തിക്കെതിരേ നടത്തിയ കുൽസിത കൗടില്യമാർന്ന ഏഷണിയും അപവാദപ്രയോഗവും അപരവൽക്കരണവും തന്നെയാണിന്നും വൈദിക വർണാശ്രമധർമമെന്ന സനാതനധർമ്മത്തിന്റെ അഭിനവ വാമനാവതാ രങ്ങൾ ഉപയോഗിക്കുന്നത്. പുരാണങ്ങളും ഗീതയും കാവ്യേതിഹാസങ്ങളു മാണതിന്റെ ആഖ്യാന ബലതന്ത്രം. ഈ ചാണക്യ ഏഷണി തന്ത്രങ്ങളിൽ കുത്തക സംരക്ഷണം കാട്ടി മോഹിപ്പിച്ച് ഒപ്പം കൂട്ടുന്ന ചില ന്യൂനപക്ഷവരേ ണ്യരറിയുന്നില്ല സ്വന്തം ശവക്കുഴി തോണ്ടാനാണ് തങ്ങളെ ജാതിഹിന്ദുമന്യർ കൂടെ കൂട്ടി സ്വന്തം സഹോദരങ്ങളെ വെട്ടിനീക്കാനായുധമാക്കുന്നതെന്ന്. ഇന്ത്യൻ ഭരണഘടന നിലനിന്നാലേ ന്യൂനപക്ഷാവകാശങ്ങളും പൗരാവ കാശങ്ങളും മനുഷ്യാവകാശങ്ങളും പോലും അവശേഷിക്കൂ എന്ന വസ്തുത ചിന്താശേഷിയില്ലാത്ത ഈ സവർണഭൈമീകാമുകർ ഇനിയും തിരിച്ചറിഞ്ഞി ട്ടില്ല. ഒന്നാം നൂറ്റാണ്ടിലെ ഇല്ലാത്ത ബ്രാഹ്മണ പിതൃപാരമ്പര്യത്തിലാണു പലരും അഭിരമിക്കുന്നത്. നീതിനിയമവ്യവസ്ഥയുടെ പ്രാഥമികത ആധുനിക ജനായത്തസമൂഹത്തിൽ എന്താണെന്നവർ ന്യൂനപക്ഷങ്ങളായിട്ടു പോലും മനസ്സിലാക്കിയിട്ടില്ല. അഥവാ തൽക്കാലത്തെ സവർണ കുത്തക വർദ്ധി പ്പിക്കാനുള്ള ആക്രാന്തത്തിൽ അവർ സത്യവും നീതിയും മറക്കുന്നു. അവർ ചെയ്യുന്നതെന്തെന്നവരറിയുന്നില്ല. അവരോടു പൊറുക്കേണമേ എന്നു ക്രിസ്തു കുരിശിൽ പറഞ്ഞതാണു നാമോർക്കുക.

### മൃഗവൽക്കരണത്തിന്റെ വംശാവലി: മഹിഷാസുരനെ വധിച്ചേ തീരൂ

മനുഷ്യരെ ഒന്നിച്ചില്ലായ്മ ചെയ്യാൻ മൃഗവൽക്കരണമാണ് മറ്റൊരു എളുപ്പവഴി. പശുക്കൾക്കും കന്നാലികൾക്കും പശുത്വം പോലെ മനുഷ്യരുടെ ജാതി മനു ഷ്യത്വമാണെന്നു ഗുരു പറഞ്ഞതാരും കേൾക്കാൻ വഴിയില്ല. കേട്ടാലും കേട്ട ഭാവമില്ല. അതല്ല രാമായണ മാവാരതങ്ങളാണല്ലോ ഇവിടെ റേഡിയോ, ടിവി, സർവകലാശാലകൾ എന്നിങ്ങനെയുള്ള മാധ്യമ, അക്കാദമിക ലോകത്തു

ചെകിടിപ്പിക്കും പോലെ ചർവിതചർവണം ചെയ്യുന്നത്. കേട്ടിരുന്നെങ്കിൽ പിന്നേയും എട്ടാം നൂറ്റാണ്ടിനു ശേഷമുണ്ടായ കേരള ബ്രാഹ്മണ പാരമ്പര്യവുമായി, ചിരപുരാതന തറവാടിത്തരവുമായി ശബരിമലയിലെ മേൽശാന്തി നിയമനത്തിൽ കോഴയുമായി വന്നു ഭരണഘടനയെയും ജനങ്ങളെയും വീണ്ടും അവഹേളിക്കുമായിരുന്നില്ലല്ലോ. പശുവിനെയും ഭാഷയെയും പ്രദേശത്തെയും ആരാധിച്ചാചരിക്കുന്നവരെ മനുഷ്യർ എന്നു പറയാമോ എന്നതും ഒരു പ്രശ്നമാണ്. ബാലാരിഷ്ടത മാറാത്ത ചില സാമൂഹ്യവിഭാഗങ്ങളെക്കുറിച്ച് ഗുരു പറഞ്ഞതാണിവിടെ ഓർമ വരുന്നത്. മഹിഷാസുരൻ എന്ന ആഖ്യാന നിർമിതിയിൽ ഇതു രണ്ടും കാണാം. അസുരനും മൃഗവുമാണയാൾ. അയാളുടെ മാനവികതയും വ്യക്തിപദവിയും എല്ലാം പ്രശ്നത്തിലാണ്. അയാളേ കൊന്നേ തീരൂ. ദുർഗ തികഞ്ഞ ഹൈന്ദവദേവിയാകുന്നത് മഹിഷാസുരനേയും ദാരികാസുരനേയും ഇതര മൃഗവൽക്കരിച്ച അസുരവൽക്കരിച്ച അപരസ്വത്വങ്ങളെ അഥവാ യുക്തിയുക്തമായി നീതിക്കുവേണ്ടിയുള്ള ചോദ്യങ്ങളുയർത്തിയ ചെറുത്തുനിന്ന മനുഷ്യരെ മുഖംനോക്കാതെ കൊല്ലുന്നതിലൂടെയാണ്. മഹിഷാസുരമർദ്ദിനിയുടെ ശാക്തേയമായ ഒരു മാതരദേശീയത അഥവാ വന്ദേമാതര ദേശീയതയിലാണ് ബങ്കിംചന്ദ്രോ ചതോപാധ്യായയുടേയും ഓരബിന്ദോയുടേയും സവർക്കറുടേയും എല്ലാം മാതൃകേന്ദ്രിതമായ വംഗദേശീയതയും വീരഭാവനയും ദേശകാമനയും ദേശീയഭാവനയും വിജയവൈജയന്തി പാറിക്കുന്നത്. ബ്രാഹ്മണരോടു മൽസരിക്കുന്ന മതപരിവർത്തനം നടത്തുന്ന അബ്രാഹ്മണരുടെ മലബാർ ഭ്രാന്താലയമാണെന്ന ബിബേകാനന്ദോയുടെ സാഹിത്യ സർവസ്വത്തിലെ പ്രസ്താവവും ഓർമിക്കാവുന്നതാണ്. നവഹിന്ദുത്വത്തെ സ്ഥാപിക്കുന്ന രണശൂരമായ സംസ്കാരദേശീയവാദമാണ് അമലേന്ദുമിശ്രമുതൽ ജ്യോതിർമയ ശർമയും ക്രിസ്റ്റോഫ് ജാഫ്രലോട്ടും ജെ. രഘുവും വരെ ബിബേകാനന്ദോയിൽ കാണുന്നത്.

മ്ലേച്ഛനായ അഥവാ ബൗദ്ധനായ മൃഗത്തെ വധിക്കുന്നതിലൂടെയാണ് ഹിന്ദുഭഗവതി തികഞ്ഞ ഭവതിയാകുന്നത്. തന്നെ മരംചാടിയെന്നും കപിയെന്നും വിളിച്ച സ്വദേശാഭിമാനിപ്പിള്ളയെ മൂലൂർ വിളിച്ചത് കുഭഗേ എന്നായിരുന്നു. മാനവികതയെ ചോദ്യംചെയ്യുന്ന സ്വഭാവം മലയാളി കുലീനതയ്ക്കു നേരത്തെയുണ്ടായിരുന്നതാണെന്നു സൂചിതം. വാലന്റെ കലാശമായാണ് കറുപ്പൻമാഷുടെ കവിതയെ പിള്ള വിസ്തരിച്ചത്. ദലിതരുടെ പൊതുവിദ്യാലയ പ്രവേശത്തെ കുറിച്ചുള്ള അഭിവന്ദ്യപിള്ളയുടെ മൃഗതാരതമ്യം മഹിഷാസുര സങ്കൽപ്പത്തെ പോലും ലജ്ജിപ്പിക്കുന്നതായതിനാൽ തൽക്കാലം വിടാം.

ബാലാരിഷ്ടത വിടാത്ത സാമൂഹ്യവിഭാഗത്തെ കുറിച്ചുള്ള ഗുരുവിന്റെ പരാമർശം പാഠ്യപദ്ധതിയിലേക്കു വരേണ്ടതുണ്ട്. രാമനെയും കൃഷ്ണനെയും ശിവനെയും കുറിച്ചുള്ള വിമർശ ചരിത്രപ്രസ്താവങ്ങളും കൊല്ലുന്നവൻ എത്ര കേമനായാലും വെറും മൃഗസമാനൻ എന്ന പ്രാഥമിക തിരിച്ചറിവും കുട്ടികളും യുവാക്കളും നന്നായി പഠിച്ചു വളരേണ്ടതുണ്ട്. പകരം മാവാരതവും ഗീതയും കാവ്യേതിഹാസ കാൽപ്പനിക ഭ്രതാഭിരതികളുമായാൽ രാമരാജ്യം ഉത്തരേന്ത്യയെ പോലെ നമ്മെയും തെന്നിന്ത്യയേയും വിഴുങ്ങുമെന്നതിൽ സംശയമില്ല.

മധ്യകാലാന്ത്യത്തോടെ യഥാർഥ മ്ലേച്ഛരായ ബൗദ്ധരെ ഇങ്ങനെ പ്രതിനിധാന ഭൗതിക ഹിംസകളിലൂടെ അപരവൽക്കരിച്ച് അസുരവൽക്കരിച്ചു വംശഹത്യ ചെയ്തുതീർത്തു. പിന്നെയുള്ള അപരം പതിനാലാം നൂറ്റാണ്ടോടെ ബ്രാഹ്മണ്യത്തിന്റെ അപരമായി മാറിയ മുസ്ലീങ്ങളാണ്. ആ മ്ലേച്ഛനെ മൂർഛിപ്പിക്കുന്ന വന്ദേമാതര ദേശീയതയാണ് ദുർഗാ മാതാവ്. മാതാവിനു വേണ്ടി കൊല്ലാനും പിതാവു പറഞ്ഞാൽ മാതാവിനെ തന്നെ കൊല്ലാനും കൊടാലി രാമനായ വൈഷ്ണവ അവതാരം മുന്തിയ മതമാതൃകയും പകരുന്നു. പുതു മ്ലേച്ഛരായ മുസൽമാന്മാരെ മഹിഷാസുരനെ എന്നപോലെ ഉറക്കത്തിൽ വധിച്ചു കൊണ്ടേയിരിക്കണം ഭഗവതി. ആദിബൗദ്ധരെ കാലപുരിക്കയച്ചു കഴിഞ്ഞുവല്ലോ.

1874-ൽ കേരളനവോത്ഥാനത്തെ അഭ്രുതപൂർവമായ തരത്തിൽ അടിത്തട്ടിൽ നിന്നും പ്രാദേശികമായി നയിച്ച് നീതിക്കുവേണ്ടി പോരാടി കൊല്ലം കച്ചേരിയിലേക്കു കേസുവാദിക്കാൻ പോയ ആറാട്ടുപുഴയെ തന്റെ തണ്ടുവള്ളത്തിൽ രാത്രിയിൽ ഉറങ്ങിക്കിടക്കവേ ചതിയിൽ വകവരുത്തിയത് കാളീഭക്തരായ സവർണർ അയച്ച ചില വാടകക്കൊലയാളികളായിരുന്നു. കുരുതിയും പൊങ്ങിലിടിയും ദാരികനിഗ്രഹ പ്രഹസനങ്ങളും നടത്തിയാണ് മഹാമായയുടെ കാവുകളെ ഇവർ മധ്യകാലത്തോടെ കാളീക്ഷേത്രങ്ങളാക്കി മാറ്റിയത്. കേരളത്തിലെ ബ്രാഹ്മണ്യത്തിന്റെ കാണക്കാരും പടയാളികളുമായിരുന്നു അവർ. സൈനിക, ലൈംഗികസേവനങ്ങൾക്കായി ബ്രാഹ്മണ്യം അവരെ വർണാശ്രമപദ്ധതിയിലേക്കു നാലാം വർണമായ ശൂദ്രരായി ചേർത്തു. ക്ഷുദ്രം എന്ന സംസ്കൃതപദത്തിൽ നിന്നാണ് ബ്രാഹ്മണ പൗരോഹിത്യ ആൺകോയ്മ ശൂദ്രം എന്ന അപര പദം നിർമിച്ചത്. വംഗദേശത്തു തുടങ്ങിയ ഈ അപര മൂർഛയുടെ അതിദേശീയത കലിംഗ, തെലുങ്കാനകളിലൂടെ തമിളകത്തേക്കും ചേരനാട്ടിലേക്കും മധ്യകാലത്തു പടർന്നു. ഭാഷയിലെ പദകോശ നിർമിതി ആധുനിക കാലത്തു നടത്തിയ ഗുണ്ടർട്ടു സായിപ്പ് ശൂദ്രൻ എന്ന പദത്തിനു

കൊടുത്ത അർഥം തികച്ചും അർഥഗർഭവും ചരിത്രവിമർശം കലർന്നതുമാണെന്നു കാണാം. ഊരാച്ചേരി ഗുരുക്കന്മാരുടെ പ്രാചീന പ്രബുദ്ധത ഗുണ്ടർട്ടിലേക്കും പടരുന്നതായി കാണാം. നമുക്കു സന്യാസം തന്ന യൂറോപ്യരെ കുറിച്ചുള്ള ഗുരുവിന്റെ 1914 ലെ പ്രസ്താവം പരസ്പരപൂരകവും കൂടിയായി അനുഭവപ്പെടാം.

## മ്ലേച്ഛനും മേത്തനും മാപ്പിളയും തുലുക്കനും മറ്റും

മ്ലേച്ഛനെന്ന ബ്രാഹ്മണ നിർമിതമായ ബൗദ്ധസൂചകത്തിൽ നിന്നാണ് തിരുവിതാംകൂറിലെ മേത്തനുണ്ടായതെന്നു വാദമുണ്ട്. മേത്തൻമണി തിരുവനന്തപുരത്ത് പദ്മതീർഥക്കുളത്തിനു തെക്കായി നിൽക്കുന്നു. മുട്ടനാട്ടുകളാൽ മണിക്കണക്കിന് ഇടിക്കപ്പെടുന്ന മേത്തനായ ടിപ്പുവിന്റെ പരിഹാസരൂപമാണത്. മേത്തൻ കയറാത്ത നാടായി തിരുവിതാംകൂറിനെ പടയാളി-പൗരോഹിത്യ സഖ്യശക്തികൾ പലപ്പോഴും വാഴ്ത്താറുണ്ട്. എന്നാൽ 1680 ൽ ഉണ്ടായ മുകിലപ്പടയെ കുറിച്ചവർ ഓർക്കുന്നില്ല. മുഗളനാണ് മുകിലൻ. മുഗൾ സർദാർ തിരുവനന്തപുരം പിടിച്ചിരുന്നു. ഉമയമ്മറാണിയുടെ കാലത്ത് വേണാടായിരുന്ന കാലത്താണിതെന്നതാണ് ചരിത്രം. അന്നു തിരുവിതാംകൂർ ആയിട്ടില്ല എന്ന യുക്തിവാദത്തിനുന്നയിക്കാം. എന്നാലും മുകിലവാഴ്ച്ചയുടെ അവശിഷ്ടമായ നിരവധി സ്ഥലങ്ങൾ ഇന്നും അവശേഷിക്കുന്നു പുകിലത്തറ, കഞ്ഞിക്കുഴി, കുതിരക്കുഴി എന്നിവ മുകിലപ്പടയുമായി ബന്ധപ്പെട്ട സ്ഥലനാമങ്ങളാണ്. മണക്കാടിനടുത്ത് മുകില കൂടാരമായിരുന്ന മുകിലത്തറ. അതു വാമൊഴിയിൽ പുകിലത്തറയായി. മുഗളപ്പട്ടാളത്തിന്റെ കുതിരപ്പന്തിയും കഞ്ഞിപ്പുരയും കുതിരക്കുഴിയും കഞ്ഞിക്കുഴിയുമായി അറിയപ്പെട്ടു. മുഗളൻ മുകിലനാകുന്ന പോലെ തുർക്കിക്കാരനാണ് തുലുക്കനായി മാറുന്നത്. യവനൻ ജോനകനാകുന്നു. മുസ്ലീങ്ങളെയും വൈദേശികർ എന്ന രീതിയിൽ ജോനകർ എന്നു പറയാറുണ്ട്. മൃഗ, ജീവി താരതമ്യം ഇവിടേയും സൂചിതമാണ്. ഒരുതരം ചുവന്ന ഉറുമ്പുകളെയും തിരുവിതാം കൂറിൽ ജോനകനുറുമ്പ് എന്നു പറയുന്നു. കൊച്ചിയിൽ കാക്കാമാർ എന്ന പ്രയോഗത്തിലും പക്ഷിസൂചന പ്രകടമാണ്. അടുത്തകാലം വരെ ഈഴവരെ ചിലന്തിയെന്നും മരംകേറിയെന്നും വ്യാപകമായി ജാതിഹിന്ദുക്കളും സവർണപാരമ്പര്യം അവകാശപ്പെടുന്ന ചില ന്യൂനപക്ഷവരേണ്യരും വിളിച്ചു പോന്നിരുന്നു. ടി.കെ. മാധവനും സി. കേശവനുമെല്ലാം ഇതു രേഖപ്പെടുത്തിയിട്ടുണ്ട്. തിരു-കൊച്ചി മുഖ്യമന്ത്രിയായ സി. കേശവനെയാണ് അധ്യാപകനായിരുന്ന കാലത്ത് ജാതിഹിന്ദു വിദ്യാർഥികൾ കൊട്ടിസാറെന്നും ചിലന്തിസാറെന്നും വിളിച്ചത്. (അ) ശോക പാരമ്പര്യത്തെ തന്നെ അധിക്ഷേപിച്ചാണ് മണിപ്പിള്ള എന്ന കുലീന വനിത പിണറായി വിജയനെ തെരുവിൽ

റിക്കോഡിൽ ജാതിത്തെറി വിളിച്ചത്.

മെത്ത എന്ന പാലി പദത്തിന് മേധ എന്ന സംസ്കൃത പദത്തിനു തുല്യമായ അർഥമാണുള്ളത്. അനുകമ്പ നിറഞ്ഞ ജ്ഞാനലോക അവബോധത്തെയും ബുദ്ധിശക്തിയേയും ഏകാഗ്രതയേയും സൂചിപ്പിക്കുന്ന പദമാണിത്. സൂര്യനു തുല്യം പ്രകാശിക്കുന്നതാണ് ചരാചരാവബോധവും പ്രപഞ്ചസ്നേഹവുമെന്ന് ഗോതമൻ കരണീയ മെത്ത സുത്തത്തിൽ കാവ്യാത്മകമായി സൂചിപ്പിച്ചു ബോധനം ചെയ്യുന്നു. താരതമ്യങ്ങളിലൂടെയാണ് ലോകോത്തരനായ ആ വൈദ്യരുടെ താത്വികമായ ധമ്മശാസന. ബോധമുള്ളവൻ അഥവാ മെത്തയുള്ളവൻ എന്ന അർഥത്തിൽ മെത്തൻ എന്ന പാലിമൂലത്തിലുണ്ടായ ബൗദ്ധബന്ധമുള്ള തമിഴ് പദത്തെ സംസ്കൃത-മ്ലേച്ഛവുമായി ബന്ധിപ്പിച്ച് ക്രമേണ അപരവൽക്കരണം നടപ്പാക്കിയെടുത്തതുമാകാം. മൈത്രി എന്ന സംസ്കൃതപദത്തിനു തുല്യമായ പദമായും പാലിയിൽ മെത്ത അഥവാ മേത്ത കടന്നുവരുന്നു. മേത്ത, കരുണ, മുദിത്ത, ഉപേഖ എന്നിവ അടിസ്ഥാന മാനവിക ധാമ്മിക ഗുണങ്ങളായി ബുദ്ധൻ ഉപദേശിക്കുന്നു. ധ്യാനാത്മകമായ മേത്ത അഥവാ മൈത്രീബോധം ഉള്ളവനെയും മേത്തൻ എന്നു തമിളകത്തു വ്യവഹരിച്ചിരിക്കാം. ബൗദ്ധൻ എന്ന അർഥത്തിൽ അതിനെ നേരേ മ്ലേച്ഛനുമായും വക്രീകരിച്ചു ബന്ധിപ്പിക്കാനും ചീത്തപറയുന്ന വാക്കാക്കി മാറ്റാനുമുള്ള സാധ്യത ഉണ്ട്. അംബേദ്കർ വിശദീകരിച്ച പോലെ നാരായണഗുരു തന്റെ രചനകളിലെല്ലാം വികസിപ്പിക്കുന്നതുപോലെ സാഹോദര്യവും സമുദായഭാവനയും അനുകമ്പയെന്ന കരുണയും ബുദ്ധന്റെ അടിസ്ഥാന ആശയമായ മൈത്രിയിൽ അടിയുറച്ചതാണ് (ശേഖർ 2015: 58-112). സമതയുടേയും കരുണയുടേയും അനിത്യചിന്തയുടേയും ദർശനത്തിൽ നിന്നാണ് അംബേദ്കർ തന്റെ ജനായത്ത സങ്കല്പത്തെ വികസ്വരമാക്കുന്നത് (അംബേദ്കർ 1952; 1986: 2002). അനുകമ്പയുടെ നീതിശാസ്ത്രമായി ഗുരുവിന്റെ അരുളുകളെയും ജീവിത പ്രവൃത്തിയേയും വായിക്കാറുണ്ട് (ശേഖർ 2016). സാഹോദര്യത്തിന്റെ മനുഷ്യരൂപമായി ബുദ്ധനെയും ക്രിസ്തുവിനെയും പ്രവാചകനെയും ഗുരു അവതരിപ്പിക്കുന്നത് അനുകമ്പാദശകത്തിലാണ്. ബൗദ്ധച്ചി എന്ന പ്രയോഗം ഖസാക്കടക്കമുള്ള കൃതികളിൽ ജാതിഹിന്ദു കഥാപാത്രങ്ങൾ അപരഭീതിയോടെ ഉപയോഗിക്കുന്നു. മേത്തച്ചി എന്ന പ്രയോഗവും അപരവൽക്കരണപരമായി തന്നെ ഉപയോഗിക്കപ്പെടുന്നു. അമ്പടീ അവളൊരു മേത്തച്ചി എന്ന് ചിലർ പ്രയോഗിക്കും. വ്യതിരിക്തമായ വസ്ത്രശൈലികൾ നാടാർ കലാപത്തിലെന്ന പോലെ എക്കാലത്തും ജാത്യാധീശത്വത്തെ പ്രകോപിപ്പിച്ചുപോന്നു. പത്തിയുരു നടന്ന

അച്ചിപ്പുടവ സമരവും കാർത്തികപ്പള്ളി കരുനാഗപ്പള്ളി താലൂക്കുകളിൽ ആറാട്ടുപുഴ നടത്തിയ ഏത്താപ്പ സമരവും മൂക്കുത്തി സമരങ്ങളും ഓർക്കാം. ജാത്യാചാര വസ്ത്രശൈലിയെ നങ്ങേലി ലംഘിച്ചതാണ് അവരുടെ രക്ത സാക്ഷിത്തത്തിലേക്കു നയിച്ചത്. അതൊരു കെട്ടുകഥയാണെന്നും പ്രശ്നം നങ്ങേലിക്ക് മുലക്കരം കൊടുക്കാൻ പണമില്ലാഞ്ഞതാണെന്നും പ്രശ്നം സാമ്പത്തികമാണെന്നുമാണ് സാമ്പത്തിക സംവരണം നടപ്പാക്കിയെടുത്ത 2018 നവമ്പറിനു ശേഷം പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മുഖപത്രമായ ജനപഥം 2019 ജനുവരി ലക്കത്തിൽ അന്നത്തെ മുഖ്യമന്ത്രിയുടെ ജൻഡർ ഉപദേശകയായ സാമൂഹ്യശാസ്ത്രജ്ഞ എഴുതിയത്.

തന്റെ പിതാവിന്റെ സ്ഥലമായിരുന്ന കായംകുളം കിഴക്കേ കമ്പോള ത്തിലൂടെ ടി.കെ. മാധവന് ചെരിപ്പിട്ടു നടക്കാൻ ജാതിബോധത്താൽ പ്രേ രിതരായിരുന്ന ചില മുസൽമാൻമാർ തന്നെ തടസ്സമുണ്ടാക്കി. കായംകുളം കായലിൽ നടന്ന ആറാട്ടുപുഴയുടെ ചതിക്കൊലയിലും ഇത്തരം ചില വാടക ക്കൊലയാളികളെയാണ് അധീശത്തം ഉപയോഗിച്ചത്. കോതയുടെ സ്വന്ത രാജ്യമായതിനാൽ കോതായമെന്നറിയപ്പെട്ടിരുന്ന പ്രാചീന കോട്ടയത്തെ മധ്യകാലം വരെ പ്രബുദ്ധനായ ജനനായകനായിരുന്ന പേരകത്തുശ്ശേരി തണ്ടാരെ തെക്കുംകൂർ രാജാധികാര കേന്ദ്രങ്ങൾ പതിനാറാം നൂറ്റാണ്ടോടെ വകവരുത്തിയതും മുസ്ലീം പടജനങ്ങളെ ചതി ഉപയോഗിച്ചാണ്. മുസ്ലീങ്ങ ളെയും ഈഴവരെയും വിഭജിപ്പിച്ച് ഭരിക്കുക എന്ന ഹൈന്ദവ ബ്രാഹ്മണിക തന്ത്രമാണീ ചതികളിലെല്ലാം പതിയിരിക്കുന്നത്.ആല്യമ്മൂട്ടിൽ ചാന്നാരുടെ ആനയുടേയും കാറിന്റേയും ചരിതങ്ങളും പ്രശസ്തമാണല്ലോ. മധ്യകാലം വരെ വമ്പിച്ച വിഹാരമായിരുന്ന കണ്ടിയൂരമ്പല വഴികളിലെത്തുമ്പോൾ ചാന്നാർ ആനപ്പുറത്തുനിന്നും കാറിൽനിന്നും ഇറങ്ങി തീണ്ടാപ്പാടകലത്തിൽ തോട്ടും പാടവും നീന്തിക്കരയേറി വരണം. ശൂദ്രനായ പാപ്പാനും ഡ്രൈവറും തീണ്ടലില്ലാതെ ആനയേയും കാറിനേയും ഓടിച്ച് തന്നെ അമ്പലവഴികൾ കടക്കും. ഗുരുവിന്റെ കാറോടിച്ചുപോന്ന ഡ്രൈവറുടെ ലൈസൻസു റദ്ദാക്കിയ ചരിത്രവും ഓർക്കാം. അദ്ദേഹത്തിന്റെ റിക്ഷാവണ്ടിയും വൈക്കത്തെ ജാതി ക്കോമരങ്ങളായ കാണക്കാർ തടഞ്ഞിരുന്നു. ജാതിയെ അതിലംഘിക്കുന്ന ചാലകത ബ്രാഹ്മണിക ലോകത്ത് വിഭ്രാന്തി പരത്തുന്നു. ശ്രീലങ്കയും മ്യാൻമാറും തായ്‌ലന്റും പോലെ തേരവാദ ബൗദ്ധരാജ്യങ്ങളിലെ ബൗദ്ധവനിതകളെ പോലെ മാന്യമായി ഉടൽ മൂടുന്ന വെള്ളവസ്ത്രം അഥവാ കാച്ച ധരിക്കുന്ന കേരളത്തിലെ മുസ്ലീം സ്ത്രീകളെയും അവരെ പോലെ കൈനീളമുള്ള വസ്ത്രമിടുന്ന

അവർണസ്ത്രീകളെയും ആൺകോയ്മയും ജാതിഹിന്ദു സമൂഹവും മേത്തച്ചി എന്നു കളിയാക്കുന്ന സമ്പ്രദായവും കേട്ടിട്ടുണ്ട്. മതപരിവർത്തനം ചെയ്ത നാടാർ സ്ത്രീകൾ കുപ്പായം ധരിച്ചപ്പോൾ അവരെ കുപ്പായക്കാരിയെന്നും വിളിച്ചു പോന്നു. ചട്ടക്കാരി എന്ന വാക്കുതന്നെ നിഷേധാർഥത്തിലാണ് പ്രയോഗിച്ചു പോന്നിരുന്നത്. ചട്ടവും ചാത്തിരവും നൈതികചര്യകളും ബ്രാഹ്മണ്യത്തിനസഹിഷ്ണുതയുണർത്തുന്നതാണ്. ബൗദ്ധരുടെ നൈതിക സഭ്യതയോടുള്ള പാഷണ്ഡമായ അസഹിഷ്ണുതയാണിതിലെല്ലാം തെളിയുന്നത്.

വലിയ വക്രീകരണങ്ങളില്ലാതെ നിലനിൽക്കുന്ന ഒരു വാക്കാണ് മാപ്പിള. മലബാറിൽ മുസ്ലീങ്ങളെയും കൊച്ചി തിരുവിതാംകൂർ ഭാഗത്ത് ക്രൈസ്തവരേയുമാണ് മാപ്പിള സൂചിപ്പിക്കുന്നത്. രണ്ടുപേരും ജാതിവർണ വ്യവസ്ഥ വ്യാപകമായി സ്ഥാപിക്കപ്പെട്ടുന്ന മധ്യകാലം വരെ ബൗദ്ധമാർഗത്തിൽ തുടർന്നവരാണെന്നു വ്യക്തം. പുത്തരുടെ മാർഗത്തിൽ നടന്ന പിള്ളകളാണവർ. പുതിയ മാപ്പിള എന്ന പുതിയാപ്ല പ്രയോഗത്തിലും പുത്തരുടെ പുതുമാർഗത്തിലേക്കു വന്നവനെന്ന സൂചനയുണ്ട്. പിന്നീടതു നവവരന്മാരേയും പുതുമുസൽമാൻമാരേയും പുത്തൻകൂറ്റുകാരേയും സൂചിപ്പിക്കാനും ഉപയോഗിക്കപ്പെട്ടു. പിന്നെ ബ്രാഹ്മണ്യത്തിനു മേൽക്കൈയ്യും അധീശത്തവും ലഭിച്ചപ്പോൾ അവസരവാദികളും അധികാര സേവക്കാരുമായ പലരും ബ്രാഹ്മണ്യത്തിന്റെ നല്ലപിള്ളകളാകാൻ ശ്രമിച്ചു. മാഗപ്പിള്ള എന്ന പാലിബന്ധമുള്ള പ്രയോഗത്തിൽ നിന്നാവാം മാപ്പിളയുടെ ഉൽഭവം. രണ്ടുപേരേയും അതായത് മുസ്ലീങ്ങളെയും ക്രൈസ്തവരേയും ബൗദ്ധരെന്നും പരമ്പരാഗതമായി കേരളത്തിലുടനീളം വ്യവഹരിച്ചു പോരുന്നുണ്ട്. പതിനെട്ടാം നൂറ്റാണ്ടിൽ വന്നേരിനാട്ടിൽ വെള്ളയിൽ നമ്പൂതിരി എഴുതിയ വെള്ളയുടെ ചരിത്രത്തിൽ ഹൈദരാലി പൊന്നാനി വാതുക്കൽ എഴുന്നള്ളിയപ്പോൾ ബൗദ്ധർ വന്നെതിരേറ്റു എന്നു പ്രയോഗിച്ചിരിക്കുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ പൊന്നാനി, ഏറനാടൻ മാപ്പിളമാരായ മുസ്ലീങ്ങളെയാണവിടെ വെള്ളയിൽ നമ്പൂതിരി ഉദ്ദേശിക്കുന്നത് (നമ്പൂതിരി 2017). തെക്കൻ കേരളത്തിലെ ക്രൈസ്തവരുടെ ഒരു ചരിത്രപുസ്തകം ബൗദ്ധചരിത്രം എന്നാണറിയപ്പെടുന്നത്.

### പഞ്ഞവാദിയും പന്നവാദിയും വട്ടന്മാരും പൊട്ടന്മാരും

പന്ന, പഞ്ഞ തുടങ്ങിയ മലയാളപദങ്ങളും പാലി ബന്ധങ്ങളുള്ളവയാണ്. പല പ്രാകൃതഭാഷകളിലും അവയിൽ വേരുള്ള ഹിന്ദി പോലുള്ള ആധുനിക ഇന്ത്യൻ ഭാഷകളിലും പന്ന എന്നാൽ രത്നമാണ്. ത്രിരത്ന സൂചനയുള്ള പദമാണിത്. ഇതിനെ മലയാളത്തിൽ ഏറ്റവും മോശമെന്നാക്കിയിരിക്കുന്നു, വെറും പന്നയും

പന്നനും മറ്റും. സംസ്കൃതത്തിലെ പ്രജ്ഞയുമായും ബന്ധമുള്ള പദമാണിത്. ബുദ്ധിയും ബോധവുമുള്ള അഥവാ പുത്തിയും പോതവുമുള്ള പുത്തരുടെ അനുഗാമികളായ പൗത്തരെ (തമിഴകത്ത് ഇപ്പോഴും ഇങ്ങനെ പ്രയോഗിക്കപ്പെടുന്നു) അഥവാ ബൗദ്ധരെ മോശക്കാരാക്കാനായാണീ വാക്കുകളെയെല്ലാം ഇകഴ്ത്തി അപരവൽക്കരിച്ച് ഇല്ലാതാക്കുന്നത്. ബൗദ്ധരുടെ വംശഹത്യയിലേക്കു നയിച്ച അധീശ ബ്രാഹ്മണിക വ്യവഹാര ഭാഷയുടെ അടയാളങ്ങളാണീ വാക്കുകൾ. അയ്യോ പൊത്തോ എന്നു വിളിച്ചിരുന്ന തെക്കൻ കേരളത്തിൽ അയ്യോ എന്ന പദം തന്നെ അശുഭമാക്കി വിലക്കി. അയ്യപ്പോ എന്നാക്കി. അയ്യനും അപ്പനും അച്ചനും പുത്തരു തന്നെയാണന്നവരറിയുന്നില്ല (ശേഖർ: 2018: 13-56). തെറിയും അതുപോലെ തന്നെ. ഇന്ത്യയിലെ ആദ്യത്തെ വ്യക്തിത്വമുള്ള പെണ്ണെഴുത്തായി സൂസി താരുവും കെ. ലളിതയും വിമൻ റൈറ്റിങ് ഇൻ ഇന്ത്യയിൽ തിരിച്ചറിയുന്ന തേരികളുടെ പാട്ടുകളായ തേരീഗാഥകളെ കടകവിരുദ്ധമായ വചനഹിംസയുടെ തെറിപ്പാട്ടുകളിലൂടെ ആഭാസവൽക്കരിച്ച ക്ഷുദ്രകോമരങ്ങളെ മുൻനിർത്തി കാവുതീണ്ടിയാണല്ലോ ജനങ്ങളെ അക്ഷരവും നീതിയും പഠിപ്പിച്ച കന്യകാവുകളെ മാനഭംഗം ചെയ്തു ദേവദാസികളും തേവരച്ചികളുമാക്കി മാറ്റിയത്. ഇന്നും ക്രൈസ്തവ ബോധകർക്കെതിരേ നിലനിൽക്കുന്ന തെറിക്കഥകളും ക്രൂരമായ തമാശകളും ശ്രദ്ധേയമാണ്. ബോധകരെ അപരവൽക്കരിക്കാനും ജനമനസ്സിൽ ഇകഴ്ത്താനും വെറുപ്പും പകയും സൃഷ്ടിക്കാനും ഇത്തരം നാരദാഖ്യാനങ്ങൾക്കു നിഷ്പ്രയാസം കഴിയും. വടക്കേയിന്ത്യയിലും ഒഡീഷയിലുമടക്കം പലയിടങ്ങളിലും ക്രൈസ്തവ മിഷനറിമാർക്കെതിരായ കൊടിയ ഹിംസ നടത്താൻ പരിസരമൊരുക്കിയത് ഇത്തരം കാമനാഖ്യാനങ്ങളാണ്. കൊലയെയും യുദ്ധത്തെയും വീരത്വവും സ്വധർമവുമാക്കുന്ന പുരാണപാരായണ പട്ടത്താനങ്ങളുടേയും ഗീതാഗിരിയുടേയും ഹൈന്ദവേതിഹാസ പര്യാവരണമാണ് 2018-ലെ ശബരിമല ക്ഷുദ്രലഹളയിലേക്കും ഭരണഘടനാ അട്ടിമറികളിലേക്കും നയിച്ചത്. 1920-കളിൽ തന്നെ താങ്കളുടെ കൃഷ്ണൻ ഒരു പരമ്പര കൊലയാളിയും കൂടെയല്ലേ എന്നു ഗാന്ധിജിയോടു മുഖാമുഖം ചോദിച്ച പാരമ്പര്യമാണ് കേരളത്തിനുള്ളത്. രാമരാജ്യത്തേക്കാൾ മെച്ചം രാമൻ രാക്ഷസീകരിച്ച പത്തുതലകളുമറുത്തു കൊന്ന രാവണരുടെ രാജ്യമാണെന്നു ജയ് വിളിച്ച നാടാണ് കേരളം. ഓണത്തെ വാമനദിനമാക്കുന്നവർ മറന്നുകൂടാത്ത ചരിത്രമാണിത്. മാളവ്യയാകട്ടെ ഗാന്ധിജിയാകട്ടെ വൈഷ്ണവബ്രാഹ്മണിസത്തെ കേരളത്തിൽ രാമജപത്തിലൂടെ സ്ഥാപിക്കാൻ നോക്കിയപ്പോഴൊക്കെ സഹോദരനാണീ ചോദ്യമുയർത്തിപ്പോന്നത് (ശേഖർ: 2012).

പ്രജ്ഞ എന്ന സംസ്കൃതത്തിനു തുല്യമായ പാലി പദങ്ങളാണ് പന്യയും പഞ്ഞ്യയും മറ്റും. ബോധോദയ സൂചനയുള്ള ഇത്തരം ധാർമ്മിക പദാവലികളെയാണ് ഏറ്റവും മോശം, കെട്ടത്, രണ്ടാം തരം എന്നിങ്ങനെ മലയാള ഭാഷയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. പഞ്ഞക്കാരും പഞ്ഞവാദികളും പിച്ചക്കാരും തെണ്ടികളും അലഞ്ഞുതിരിയുന്നവരും വട്ടന്മാരും മണ്ടൻമാരും പൊട്ടന്മാരും എല്ലാം ബൗദ്ധരെ അപരവൽക്കരിക്കാനായി ജാതിഹിന്ദുത്വം ഉപയോഗിച്ചു പോന്ന വാക്കുകളാണ്. പുത്തനെ തന്നെ പൊട്ടനും വട്ടമെന്ന സ്തൂപവുമായി ബന്ധമുള്ള വട്ടനും മണ്ടയിലൊന്നുമില്ലാത്തവൻ എന്ന നിലയിൽ മണ്ടനുമാക്കുകയാണുണ്ടായത്. ചില മൃഗവൽക്കരണ വ്യവഹാരങ്ങളിൽ പുത്തനെ പോത്തനാക്കി മഹിഷാസുരവൽക്കരണം തന്നെ നടത്തിയിരിക്കുന്നു. വ്യവഹാരത്തിന്റെ അധികാരത്തെ കുറിച്ച് ഫൂക്കോയുടെ നിരീക്ഷണങ്ങൾ ശരിവക്കുന്ന പ്രകരണങ്ങളാണിവ (ഫൂക്കോ 1970: 8-36). വർത്തമാനകാല അധീശ വ്യവഹാരങ്ങളെയും വംശീയ വംശഹത്യാ കാമനകളെയും വിമർശവിശകലനം ചെയ്യാനും ചെറുക്കാനും അപരവൽക്കരണത്തിന്റെ ഈ വ്യവഹാരവിശകലനങ്ങൾ സഹായകമായേക്കാം.

### പഞ്ഞക്കർക്കിടകവും വർഷാവാസത്തിലെ രാമായണപാരായണവും

കർക്കിടകമെങ്ങനെ പഞ്ഞമാസമായി എന്ന ചോദ്യം ലളിതമായി നിർധാരണം ചെയ്യാനാവില്ല. കാരണം നിലവിലിരിക്കുന്ന മുഖ്യധാരാ ആചരണ വ്യവഹാരങ്ങളിൽ അതു രാമനുമായി സംബന്ധിപ്പിച്ചിരിക്കുന്നു. രാമനപ്പുറത്തേക്കു കേരളമുണ്ടോ എന്നു കടന്നുചിന്തിക്കുന്നവരെ വട്ടന്മാരും മണ്ടൻമാരും പോത്തന്മാരുമാക്കുകയും ചയ്യും. നങ്ങേലിയുടെ കഥപറച്ചിലുകാരെ കുറിച്ച് ഇരുപത്തെട്ടു തികയാത്ത വരേണ്യ ചരിത്രാധിനായകർ എഴുതുന്നുമുണ്ട്. കർക്കിടകത്തെ പഞ്ഞമാക്കുന്ന പണവും ആഹാരവുമില്ലാത്ത അവസ്ഥയാണ് പഞ്ഞക്കർക്കിടകം എന്ന പ്രയോഗം ഇന്നു പൊതുവേ സൂചിപ്പിക്കുന്നത്. കർക്കിടകത്തിൽ കാർഷികകൂലിവേലകളില്ല എന്നയുക്തിക്ക് 1950 നു പിന്നോട്ടായുസ്സില്ല. ഊഴിയം അടിമത്തത്തിലും കാർഷിക ആജീവിനാന്ത അടിമത്തത്തിലും കൂലി പോയിട്ട് വേല പോലുമില്ലായിരുന്നു അതുവരെ. ഇന്ത്യൻ നിർമാണ ഘടന നിലവിൽ വന്നതിനു ശേഷമാണ് നാമമാത്രമായ് പൗരത്വവും തൊഴിൽ, സേവന വ്യവസ്ഥകളും തൊഴിൽ നിയമങ്ങളും നിയമസാധ്യതയും സാക്ഷരതയും ഉരുത്തിരിഞ്ഞത്. കേരളത്തിലാണെങ്കിൽ ആറാട്ടുപുഴയും അയ്യൻകാളിയും കുറുമ്പൻ ദൈവത്താനുമെല്ലാം നയിച്ച വമ്പിച്ച കാർഷിക കലാപങ്ങളും പണിമുടക്കങ്ങളും തുടർന്ന് കമ്യൂണിസ്റ്റു പാർട്ടിയുടെ

കർഷകത്തൊഴിലാളി സമരങ്ങളുമാണ് കൂലിവേലയെക്കുറിച്ചുള്ള ധാരണകൾ തിരുത്തിയത്. എഴുപതു വർഷത്തെ സാമൂഹ്യനീതി സംവിധാനത്തിലൂടെ ആയിരത്താണ്ടുകളുടെ പുറന്തള്ളലിനെ ഏതാണ്ട് സംബോധന ചെയ്തു കരകയറാനായുകയായിരുന്നു നാം. അതും വഴിയിൽ തന്നെ തകർക്കപ്പെടുകയാണ്. കുത്തക സാമൂഹ്യവിഭാഗങ്ങളുടെ അമിതപ്രാതിനിധ്യം കൂടി സാമ്പത്തിക സംവരണത്തിലൂടെ ഉറപ്പാക്കിയ സ്ഥിതിക്ക് പുറംതള്ളലും പ്രാന്തീകരണവും ഇരട്ടിക്കുകയാണ്.

അടിസ്ഥാന അധ്വാന ജനതയിൽ നിന്നും വരുന്ന അതിഥി തൊഴിലാളികൾ മുതൽ അതിഥി അധ്യാപകർ വരെ ആത്മഹത്യയിൽ അഭയം തേടുന്ന ഈ കോവിഡ് കാലവും നിരവധി സാമൂഹ്യ രാഷ്ട്രീയ ദുരന്തങ്ങളാണ് നമ്മുടെ മുന്നിലേക്കു തട്ടിയിട്ടിരിക്കുന്നത്. വേനലിൽ മൂർഛിച്ച വൈറസ് വർഷത്തിലും നമ്മെ കശക്കുന്നു. മനുഷ്യശരീരത്തേയും മനസ്സിനേയും കയറിബാധിക്കുന്ന പഴകിയ വർണ-ജാതി വൈറസുകൾ പുതുകാലത്തും പെരുകുകയാണ്. ചെറിയ കുട്ടികൾ തന്നെ അവയുടെ ഇരയായി ആത്മഹത്യ ചെയ്യുകയാണ്. പല മലയാള കുലീനരുടേയും പരമ മോഹമായ മൂലധനവ്യവസ്ഥയുടെ പറുദീസ ആയ അമേരിക്കയിൽ കറുത്തവർ തെരുവിൽ അരുംകൊലചെയ്യപ്പെടുകയാണ്. ഇന്ത്യയിൽ ദലിതരുടേയും ന്യൂനപക്ഷങ്ങളുടേയും ജീവനും വിലയില്ലാത്ത അവസ്ഥയിലേക്ക് വംശഹത്യാപരമായ സമഗ്രാധിപത്യം പെരുകിക്കഴിഞ്ഞു. വർണാശ്രമധർമത്തിന്റെ സനാതന വൈദികവൈറസാണു പടരുന്നത്. നമ്മുടെ മനുവുമായി താരതമ്യം ചെയ്താൽ അവരുടെ ഹിറ്റ്ലർ വെറും പാവമെന്ന സഹോദരന്റെ 1940 കളിലെ പ്രസ്താവം നാമോർക്കാം. ജോർജ് ഫ്ളോയിഡെന്ന കറുത്ത വംശജന്റെ കൊലയ്ക്ക് അവിടെ നിയമവ്യവസ്ഥ ഒരു വർഷത്തിനുള്ളിൽ ഉചിതമായ ശിക്ഷകൊടുത്തു. ഇവിടെ കെവിൻ ജോസഫിന്റേയും മധുവിന്റേയും അനീഷിന്റേയും ആതിരയുടേയും കൊലകളിൽ നീതിയുണ്ടായിട്ടില്ല.

കർക്കിടകത്തെയും കേരളത്തിന്റെ പ്രാചീനസംസ്കാരത്തെയും കുറിച്ചുള്ള ചില കുറിപ്പുകളും വിശകലനങ്ങളും 2018 ലെ പുത്തൻകേരളത്തിലും 2020 ൽ ഒരു ഓൺലൈൻ മാധ്യമലേഖനത്തിലും എഴുതിയിരുന്നു. ആ ആശയങ്ങൾ പലതും ഇവിടേയും വിശകലനം ചെയ്യുകയാണ്. കർക്കിടകം പണിയെടുക്കുന്ന ജനങ്ങളെ സംബന്ധിച്ച് ദുരിതാധ്വാനങ്ങൾ ഏറ്റുന്നതാണ്. എന്നാൽ വേനലിൽ വരണ്ട ഭൂമിയേയും ജീവജാലങ്ങളെയും കുളിർപ്പിച്ചു തളിർപ്പിക്കുന്ന, ഭൂഗർഭജല ഉറവിടങ്ങൾ നിറയ്ക്കുന്ന വർഷത്തെ പഞ്ഞവാദിയാക്കുന്നത് ന്യായമുള്ളതല്ല.

മഴയില്ലെങ്കിൽ ജീവനില്ല എന്ന് കുറലിനെ ഉപജീവിച്ച് കൊണ്ട് നാരായണ ഗുരു വാൻചിറപ്പെന്ന വർഷവർണനയിൽ എഴുതി. പശ്ചിമ ഘട്ടത്തിലെ മഴക്കാലമാണ് കേരളത്തെ നിലനിർത്തുന്ന തണ്ണീരും തണവും സമശീതോഷ്ണ കാലാവസ്ഥയും തരുന്നത്. കോതയെന്ന നാട്ടു മൊഴിവഴക്കത്തിൽ വിളിക്കുന്ന ഗോതമരുടെ പ്രതീത്യസമുദ്പാദ വാദത്തിലൂടെ ഈ പരസ്പര ബന്ധുത്വത്തെ മൈത്രീപൂർണമായി വിശദീകരിക്കാനാവും. കോതമംഗലവും തിരുക്കോതമംഗലവും കോതനല്ലൂരും കോതകുളങ്ങരയും കേരളത്തിൽ നിരവധി. കോതായവും കോത്താഴവുമായിരുന്നു മധ്യകാല സൈനികവൽക്കരണം വരെ ഇന്നത്തെ കോട്ടയം. കോതയുടെ അയം അഥവാ കുളമായിരുന്നു അത്. തിരുഗോതമപുരം എന്നായിരുന്നു അവിടുത്തെ ഇന്നു കൃഷ്ണക്ഷേത്രമായിരിക്കുന്ന വിഹാരം നിൽക്കുന്ന സ്ഥലത്തിനു പേര്. പല ചേരരാജാക്കളും കോതയെന്ന പേര് രാജവംശനാമം ആയിയുപയോഗിച്ചു. വമ്പിച്ച ഹൈന്ദവീകരണവും സൈനികവൽക്കരണവും നടന്ന മധ്യകാലത്തോടെ ദേവവാണിയായി അവതരിപ്പിക്കപ്പെട്ട ഗീർവാണം പ്രമാദമായപ്പോൾ കോത രണശൂരമായ ഗോദയാക്കപ്പെട്ടു. ഗോദവർമ്മന്മാരുണ്ടായതിങ്ങനെ. ഏതായാലും കോതയാണ് പ്രതീത്യ സമുദ്പാദത്തിലൂടെ ജലത്തെയും ജീവനെയും മഴയെയും മൈത്രീബോധത്തോടെ പരസ്പര ബന്ധിതമെന്നു വിശദീകരിച്ചത്. മഴക്കാടുകളും പുൽമേടുകളും ചോലവനങ്ങളുമില്ലെങ്കിൽ മഴയുമില്ല ജലവുമില്ല ജീവനുമില്ല. ഒന്നിനു വരുന്ന കോട്ടം അതുമായി ബന്ധപ്പെട്ടുനിൽക്കുന്ന മറ്റതിനേയും ബാധിക്കുന്നു. കാരുണികമായ ലോകത്തെ ആദ്യ കാര്യകാരണ ചിന്തയാണീ പ്രതീത്യ സമുദ്പാദം. ഗുരു വള്ളുവരെ ഉപജീവിച്ച് പറഞ്ഞതുമിതു തന്നെ, മഴയില്ലെങ്കിൽ ഭൂമിയിൽ ജീവിനില്ല.

### നാവുമുറിച്ചു നാടുകടത്തി നാമം പോലും അവശേഷിപ്പിക്കാതാക്കുന്ന അധീശത്വം

ഇടുക്കി രാജകുമാരി സർക്കാർ ഹയർ സെക്കൻഡറി പള്ളിക്കൂടത്തിൽ പഠിപ്പിക്കുന്ന 2009-10 കാലത്താണ് ഇടുക്കിയിലെ പഴയ നൂൽമഴയുടേയും ഇരച്ചും മൂകമായും വരുന്ന ചാരനിറമാർന്ന അവർണഛായയുള്ള ഇടവപ്പാതിയുടേയും ആരവങ്ങളും അനുരണനങ്ങളും നേരിട്ടു കാണുന്നത്. ചക്രമുടിയിലും ബോധിമേട്ടിലും ആനയിറങ്കലിലും മതികെട്ടാനിലും ശാന്തൻപാറയിലും ചാഞ്ഞുപെയ്യുന്ന ചാരനിറമാർന്ന മഴ. അശോകകാലത്ത് ധമ്മചക്കമുണ്ടായിരുന്ന (സംസ്കൃതത്തിൽ ധർമ്മചക്രം) പള്ളിവാസലിനു മുകളിലുള്ള ചക്കമുടിയെ ചൊക്കമുടിയാക്കി മാറ്റിയിരിക്കുന്നു. പള്ളിയെ പുള്ളിയും പിള്ളിയും വള്ളിയും ഉള്ളിയുമാക്കുന്ന

പോലെ. പഴമക്കാർക്കവിടെ മഴയുടെ പലതരം ക്രമനമ്പരുകൾ ഓർമയുണ്ടായിരുന്നു. ഇന്ന് ഉടുമ്പൻചോല താലൂക്കിൽ വേനലിൽ കുടിവെള്ളം വറ്റുന്ന അവസ്ഥയായി എന്നതു യാഥാർഥ്യം. ദിവസങ്ങൾ മഴതോരാത്ത നാടായിരുന്നു ഏലവും തേയിലയും കുരുമുളകും വിളഞ്ഞ ആനമലകളിലെ ഏലമലക്കാടുകൾ. ആനമുടിയും അൻപരശൻമുടിയും ചക്രമുടിയും ബോധിമേടുകളും ബോധിമലനിരകളും ബോധിനായകന്മാരും പ്രതീകവൽക്കരിക്കുന്നത് പ്രബുദ്ധതയുടെ മായാത്ത സംസ്കാരത്തെയാണല്ലോ. രാക്കഞ്ഞി കുടിക്കാൻ അന്തിക്ക് ഇരുട്ടിലും മഴയത്തും വാടകമുറിയിൽ നിന്നും തപ്പിത്തടഞ്ഞു നടന്നു മുരളീമാധവച്ചേട്ടന്റെ ചായക്കടയിലേക്കു പോകുമ്പോൾ കിടുകിടെ വിറയ്ക്കുന്ന തണുപ്പ് ഇപ്പോഴും നട്ടെല്ലിനെ പുളപ്പിക്കുന്നു. കോട്ടയത്തു നിന്നും ഗവേഷണ ബിരുദവുമായി ഏതാണ്ടു നൂറ്റമ്പതു കിലോമീറ്റർ പല ബസ്സുകൾ മാറിക്കയറി സ്കൂളിലേക്കുള്ള മാർഗം അടിമാലി, വെള്ളത്തൂവൽ, പൊൻമുടി, രാജാക്കാട് വഴി താണ്ടുമ്പോൾ പലപ്പോഴും പെരുമഴയും മലയിടിച്ചിലും ഉരുൾപൊട്ടലും പല മലകളിലായി മാറിമാറി നടക്കും. ബസ്സിന്റെ ഷട്ടറിട്ടിരിക്കുന്നതിനാൽ പുറത്തുനടക്കുന്നതൊന്നും കാണേണ്ടതില്ല, എന്നാൽ പ്രാണവായു കിട്ടാതെ നാം കുപ്പിയിലിട്ട പരൽമീൻ പോലെ വീർപ്പുമുട്ടും. ബോധത്തിലും അബോധത്തിലും ആ കാലവും ദൂരവും മാറിമാറി ഇന്നും താണ്ടുന്നു. പിന്നീടതു പോലെ മഴയുടെ കഠിനഭാവം കണ്ടത് 2010-11 കാലത്ത് കാസർകോട് സർക്കാർ കോളേജിൽ പഠിപ്പിക്കുന്ന കാലത്താണ്. തുളുനാട്ടിലെ ഇടവപ്പാതിയും ചളിവെള്ളവും ചെങ്കൽവഴികളും എൻഡോസൾഫാൻ പോലെ തന്നെ കരളലിയിപ്പിക്കുന്നതാണ്. മലപ്പുറത്തെ തിരുനാവായിൽ കാലടി സർവകലാശാലാ പ്രാദേശിക കേന്ദ്രത്തിൽ പഠിപ്പിച്ച മൂന്നു വർഷങ്ങളിലും മഴയും വെയിലും മാറിമാറി എടുത്തലക്കി കശക്കിക്കളഞ്ഞു ചെറുജീവിതത്തെ. ആയുസ്സമാരോഗ്യവും കാർന്നുതിന്നുന്ന നാവുമുറിച്ചുള്ള നാടുകടത്തലുകൾ. ഗവേഷണ വിദ്യാഭ്യാസത്തിലൂടെ നേടിയ അറിവുകൾ എഴുതി പ്രസിദ്ധീകരിച്ചു ജനതയെ ഉണർത്തുന്നു എന്നതായിരുന്നു നാടുകടത്തലുകളുടെ പിന്നിലുണ്ടായിരുന്ന കൗടില്യ വൈക്ലബ്യം. എഴുത്തിലും ചരിത്രത്തിലും അവർണരാക്കപ്പെട്ട പൂർവബൗദ്ധർ വീണ്ടും കടന്നു കയറുന്നത് ബ്രാഹ്മണ്യത്തിനും അവരുടെ പാദജർക്കും സഹിക്കാനാവില്ല. ക്ഷുദ്രതയിലൂടെയാണ് ബ്രാഹ്മണ്യം പ്രവർത്തിക്കുന്നത്. ന്യൂനപക്ഷവരേണ്യതയും ബോധമുള്ള ബഹുജന ചിന്തകരെ വെട്ടിനീക്കാൻ കൂട്ടുനിൽക്കുന്നു. ജനായത്തത്തിന്റെ അടിത്തറയായ രാഷ്ട്രീയപ്രാതിനിധ്യത്തിനെതിരായ കൊതിക്കെറുവും സവർണ-സിറിയൻ അച്ചുതണ്ടിനെ തികഞ്ഞ ഭരണഘടനാവിരുദ്ധരാക്കുന്നു.

ഇരിക്കുന്ന കമ്പാണു മുറിക്കുന്നതെന്നവരറിയുന്നില്ല. വിപുലമായ ജനനീതിക്കു വേണ്ടി സംസാരിക്കുന്നവർ മാബലിയെ പോലെ അഹങ്കാരികളും ചവിട്ടിത്താഴ്ത്തപ്പെടേണ്ടവരുമാണ്. അധീശ സാമാന്യബോധത്തിലും വരേണ്യ സമവായത്തിലും. സ്വന്തം കാര്യം കാണാനറിയാത്തവർ ഭരണഘടനയെയും സാമൂഹ്യ നീതിയെയും കുറിച്ചു സംസാരിക്കുന്നു എന്നതാണ് പൊതുവായ ആക്ഷേപം. അപരവൽക്കരണവും വ്യക്തിഹത്യയും അധീശ ആഖ്യാന വ്യവഹാരങ്ങളിലൂടെ ഹിംസാത്മകമായി ഇന്നും അരങ്ങേറുകയാണ്. ഹിന്ദു പുരാണങ്ങളിലെ കുരങ്ങന്മാരെയും കരടികളെയും പക്ഷിമൃഗരൂപികളെയും കുറിച്ചുള്ള ഇളംകുളത്തിന്റെ 'കുരങ്ങുപട്ടടകൾ' എന്ന ഉപന്യാസമാണ് മാവാരതപട്ടത്താനങ്ങൾക്കും ഗീതാഗിരിപ്രഭാഷണങ്ങൾക്കും പകരം വിദ്യാർഥികൾ കേൾക്കേണ്ടത്. കൊല്ലാനരങ്ങൊരുക്കുകയും കൊല്ലാൻ പഠിപ്പിക്കുകയും അതിനെ സ്വധർമമായി വ്യാഖ്യാനിക്കുകയും ചെയ്യുന്ന പാഠങ്ങൾ തികഞ്ഞ പ്രതിനിധാന ഹിംസകളിലേക്കും വംശഹത്യകളിലേക്കും മാത്രമേ നയിക്കൂ. പകരം ബുദ്ധനും ഗുരുവും അംബേദ്കറും സഹോദരനും കറുപ്പനും അപ്പച്ചനും മൂലൂരുമെല്ലാമടങ്ങുന്ന ബഹുജനവിമോചകരായ ചിന്തകരെയും എഴുത്തുകാരെയും കവികളെയും അവരുടെ പാഠങ്ങളെയും കുറിച്ചുള്ള ജനായത്തപരമായ സംവാദങ്ങളും ചർച്ചകളും കേരളത്തിലെങ്കിലും വിദ്യാഭ്യാസ രംഗത്തുയരട്ടെ. മനുഷ്യരെ മൃഗവൽക്കരിച്ചും രാക്ഷസീകരിച്ചും ഒളിയമ്പെയ്തും കഴുത്തറുത്തും കൊല്ലുന്നവനൊന്നും എത്രസമർഥനായ മറവനായാലും കേമനായാലും വാങ്മയ വീരനായാലും ദൈവം പോയിട്ട് മനുഷ്യൻ പോലുമാകുന്നില്ല എന്ന ഗുരുവാക്യമെങ്കിലും മറക്കാതിരിക്ക.

### കൊല്ലുന്നവനില്ല ശരണ്യത... മൃഗതുല്യരായ നായകവീരദൈവങ്ങളും കുരങ്ങുപട്ടടകളും

രാമബാണത്തെ പേടിക്കുന്ന ദലിതബാലകനെ നമുക്കു വിജയന്റെ തലമുറകളിൽ കാണാം. കാരണം അക്ഷരം പഠിച്ച ശൂദ്രനെ മര്യാദാപുരുഷോത്തമൻ കഴുത്തറുത്തു കളഞ്ഞു. രാമാദികളുടെ കാലത്തുകൂടി ശൂദ്രാദികൾക്കു സന്യസിക്കാനും പഠിക്കാനും വകയുണ്ടായിരുന്നില്ല എന്ന് 1914-ൽ പറഞ്ഞതു ഗുരുവാണ്. മനുഷ്യനെ അപമാനവീകരിക്കാനും മർദ്ദിക്കാനും ജാതിസമൂഹത്തിൽ പല ലാവണവഴികളും തിണ്ണമിടുക്കുകളുമുണ്ട്. ഇഞ്ചിഞ്ചായി കൊല്ലുന്നതും ഹിംസതന്നെ. നാട്ടുകടത്തിയും സ്ഥലംമാറ്റിയും തൊഴിലുമുടക്കിയും അപവാദപ്രചരണം നടത്തിയും എട്ടും പൊട്ടും തിരിയാത്ത പിള്ളങ്ങളെ ദുരുപയോഗം ചെയ്തു പടയ്ക്കുന്ന കള്ളപ്പരാതികളിലൂടെയും സ്ഥാപനഹിംസകളിലൂടെയും

ധീരരായ വിമർശബോധമുള്ള എഴുത്തുകാരെ അല്പാല്പമായി ഇല്ലാതാക്കാം. സത്യത്തിനും നീതിക്കും വേണ്ടി സംസാരിക്കുന്നവരുടെ കുതികാലുവെട്ടാൻ അതിനാകാത്ത അസൂയാലുക്കളുടെ പടതന്നെയുണ്ടാകും.

കാലാവസ്ഥയിലും വെള്ളത്തിലുമുള്ള മാറ്റങ്ങളും മനുഷ്യരുടെ ആരോഗ്യത്തെയും ശരീരബലത്തെയും കാര്യമായി ബാധിക്കുന്നു. ഭക്ഷണം മുതൽ ചിന്തവരെ അധീശത്തത്തിന്റെ ദമനക്രിയാതന്ത്രങ്ങൾ തികഞ്ഞ അമിത പ്രാതിനിധ്യ കുത്തകകൾ തീർക്കുകയാണ്. നീതിബോധവും അക്ഷര സംസ്കാരവുമായി ലോകസഞ്ചാരം നടത്തിയ നമ്മുടെ പൂർവികരായ ബോധകർ പോലും വർഷകാലത്ത് ഉചിതമായ ഒരു താവളം കണ്ടെത്തി അവിടെ സ്ഥിരവാസമാക്കി പഠനവിചിന്തനത്തിലായിരുന്നു എന്നു നാം തിരിച്ചറിയുന്നില്ല. പ്രബുദ്ധതയുടെ ഓർമകളെല്ലാം രാമമന്ത്രണങ്ങളിലൂടെ മായ്ക്കപ്പെട്ടിരിക്കുന്നു. സഹോദരന്റെ 'ഗാന്ധിസന്ദേശം' എന്ന കവിത ഏറ്റവും പ്രസക്തമാകുന്ന അപരവൽക്കരണ മുഹൂർത്തമാണിത്. കൊല്ലുന്നവൻ മൃഗത്തിനു തുല്യനും സമർഥനായ മറവനുമെന്ന ഗുരുവിന്റെ പരാമർശങ്ങളും കേരളമോർത്താൽ മതിയാവും. ഗുരുവും സഹോദരനും അവരുടെ ചരിത്ര വിമർശം കലർന്ന പദ്യഗദ്യങ്ങളും സംഭാഷണങ്ങളുമാകട്ടെ പുണ്യപുരാണേതിഹാസകാവ്യങ്ങൾക്കു പകരം കേരളത്തിന്റെ നവ ദേശീയ വിദ്യാഭ്യാസ നയകാലത്തെ പാഠ്യപദ്ധതി. മൂലൂരും കറുപ്പനും അപ്പച്ചനും കൂടുതൽ പാഠപുസ്തകങ്ങളിലേക്കു വരട്ടെ. കുറുമ്പൻ ദൈവത്താനും ചോതി ചാത്തനും വരേണ്ടതുണ്ട്. നങ്ങേലിയും ദളവാക്കുളം സമരധീരരും ആറാട്ടുപുഴയും കുട്ടികൾ പഠിക്കേണ്ടതുണ്ട്. നാടാർ കലാപത്തെക്കുറിച്ചുള്ള പാഠഭാഗം കേന്ദ്ര സിലബസുകളിൽ നിന്നും സാമ്പത്തിക സംവരണം പാസാക്കിയ സമയത്തു തന്നെ പിൻവലിച്ചിരുന്നു. അതും കേരളം പഠിപ്പിക്കുകയും ചർച്ചയാക്കുകയും വേണം. അയ്യാവൈകുണ്ഠരും പാമ്പാട്ടി ചിത്തരും ചാത്തനാരും വള്ളുവരുമടങ്ങുന്ന തമിഴ് പ്രാചീന, മധ്യകാല സംഘ സാഹിത്യവും കേരളമക്കൾ പഠിക്കണം. വടക്കേയിന്ത്യൻ ഹിന്ദിയേയോ പ്രദേശബന്ധമില്ലാത്ത സംസ്കൃതത്തെയോ അപേക്ഷിച്ച് തൊട്ടടുത്തുള്ള തായ്മൊഴിയാണ് ലോകത്തിനെന്തെങ്കിലും സംഭാവന ചെയ്യേണ്ടുന്ന കേരള വിദ്യാർഥികൾ പഠിക്കേണ്ടത്. കേരള ഭാഷയുടെ അടിത്തട്ടിലുള്ള പാലിയും അവരങ്ങനെ പഠിച്ചുകൊള്ളും. അതിനെ വിലക്കുന്ന ബ്രാഹ്മണിക ഹൈന്ദവ സംസ്കൃതാധീശത്തം അവസാനിക്കുമാറാകട്ടെ.

**ഭാഷയും വരേണ്യതയും അപരവൽക്കരണവും പുറന്തള്ളലും**

ആധുനികവും പ്രാചീനവുമായ പ്രബുദ്ധതയെ പുറത്തുനിർത്തി തമസ്കരിച്ച

മായിച്ച് മധ്യകാല മണിപ്രവാള പുരാണകാവ്യകേളികളാടുകയാണ് കുലീനമായ മുൻഷിത്തം. ഭക്തിയുടെയും ഭോഗത്തിന്റെയും കാമത്തിന്റെയും കൊടിയയുദ്ധ ഹിംസയുടെയും വീരസ്യവും വമ്പും പെരുക്കുകയായി. രാമരാജ്യം സമാഗതവു മായി. ശംബൂകനെയെന്ന പോലെ ആത്മാരമണൻമാർ ചണ്ഡാളകോടികളുടെ കഴുത്തറുക്കുകയായി. തെരുവുകളിൽ. രാമമന്ത്രം വിളിപ്പിച്ച് തെരുവിൽ തല്ലി ക്കൊല നാട്ടുനടപ്പായി വരുന്നു. രാമനേയും ലജ്ജിപ്പിക്കുന്ന മണിപ്രവാളത്തെ തോല്പിക്കുന്ന മണിമണിപോലുള്ള മണിപ്പിള്ളമാരുടെ തെരുവിലെ ജാതിത്തെ റിവിളിയും സാമൂഹ്യ മാധ്യമങ്ങളിലും വ്യാപിക്കുകയാണ്. ഗുരുവിന്റേയും കറുപ്പൻ മാഷുടേയും ഭാഷയിൽ പറഞ്ഞാൽ ബാലാരിഷ്ടത മാറാത്ത പുള്ളങ്ങളുടെ അല്പത്തരങ്ങൾ ചരിത്രമായി രാജ്യാന്തര പ്രസാധകരെ കൊണ്ട് അച്ചടിപ്പിച്ചു വിൽക്കുകയാണ്.

അശോകൻ പ്രബുദ്ധതയുടെ നാഗരിക കാലത്തിനു ശേഷം മധ്യകാ ലത്തോടെ നാട്ടുനടപ്പാക്കിയ മണിപ്രവാള ജാതി-ജന്മിത്ത ഹൈന്ദവകാല ത്തുണ്ടായ മൊഴിവഴക്കങ്ങളാണ് മലയാളഭാഷയെ നയിക്കുന്നത്. കാരണം അതു സന്ദേശകാവ്യക്കാരും അച്ചീചരിതക്കാരുമായ മലയാളന്മാരുടെ വരേണ്യഭാഷയല്ലോ. വരേണ്യത അഥവാ ബ്രാഹ്മണിക ആൺകോയ്മ എന്ന ഇന്ത്യനധീശത്തം ഭാഷയെ വിധേയമാക്കിയെടുക്കുന്നു. ഇന്ത്യനധീശത്തമെ ന്നും ഇന്ത്യൻ പ്രത്യയശാസ്ത്രമെന്നും വിളിക്കപ്പെടുന്ന ജാതിഹിന്ദു അധീശ സംസ്കാരത്തെ കുറിച്ചുള്ള വിമർശ പഠനങ്ങളാണ് ഇന്ന് അക്കാദമിക, മാധ്യമ രംഗത്താവശ്യം. പശു, ഭാഷാ മാതാവാദത്തേക്കാളും പ്രസക്തം മനുഷ്യരെ രക്ഷിക്കുന്ന കൊലയ്ക്കെതിരായ നിലപാടാണ്. കൊല്ലുന്ന ദൈവത്തെയോ രാജാവിനെയോ നേതാവിനെയോ മൃഗമെന്നു തന്നെ പറഞ്ഞു തള്ളേണ്ടതുണ്ട്. പുതുഗവേഷകരുടെ ശ്രദ്ധ മാതൃസ്നേഹപരമായ മനഃശാസ്ത്ര അഭിരതികളുടെ തലത്തിൽ നിന്നും സാമൂഹ്യചരിത്ര യാഥാർഥ്യ തലങ്ങളിലേക്കു കടക്കേണ്ട തുണ്ട്. അതിലൂടെ മാത്രമേ നവ ദേശീയവിദ്യാഭ്യാസനയത്തിന്റെ കേന്ദ്രീകൃത അധീശ പദ്ധതിയെ ചെറുക്കാനാവൂ. മാതൃഭാഷാവാദങ്ങളെ തഴുകിയുണർത്തി പ്രാദേശിക ഭാഷകളെ കയ്യിലെടുത്ത് ഭരണഘടനാ സാധുതയില്ലാത്ത രാഷ്ട്ര ഭാഷാപദവി കൊടുത്ത് ഹിന്ദിയും സംസ്കൃതവും പരോക്ഷമായി പുനസ്ഥാപി ക്കുന്ന രഹസ്യ അജണ്ടയാണീ നവ ദേശീയ നയപദ്ധതി. ജാതിഭാരതത്തിൽ ആധുനികതയുടെ നിർവാഹകത്വമുള്ള ആംഗലഭാഷയേയും തമിഴ പോലുള്ള തെന്നിന്ത്യൻ പ്രാചീന ഭാഷാസംസ്കാരങ്ങളെയും ക്രമേണ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒതുക്കി ഇല്ലായ്മ ചെയ്യുക എന്ന പദ്ധതിയാണ് 2020-ലെ ദേശീയ

വിദ്യാഭ്യാസ നയം വിഭാവനം ചെയ്യുന്നത്. ഇതിനായി മാതൃഭാഷാസ്നേഹികളെ തൽക്കാലം ഉപയോഗിക്കയാണ്. വ്യാജമായ ജാതിജന്മി ദുരഭിമാനത്തിന്റെ ഞരമ്പുകളിൽ ചോര തിളപ്പിച്ച് കൊലകളിലേക്കും അപരഭീതിയുടെ സമഗ്രാധിപത്യത്തിലേക്കും നയിക്കുകയാണ്. ആത്യന്തികമായി പഴയ അധീശഭാഷയായ ഗീർവാണത്തിലേക്കാണ് നിഷ്കാമകർമങ്ങൾ വഴിമരുന്നിടുന്നത്. യോഗയും സംസ്കൃതവും പള്ളിക്കൂട തലത്തിൽ തന്നെ പ്രമാണാധാരങ്ങളാക്കി കഴിഞ്ഞു. സംസ്കാരഭാഷാ ഹിംസയുടേയും ജ്ഞാനിമഹിംസയുടേയും വംശഹത്യാകാമനയുടേയും ഈ സന്ദർഭത്തിൽ തെന്നിന്ത്യയും പൂർവ പശ്ചിമ ഇന്ത്യകളും പ്രാന്തങ്ങളും സാഹോദര്യസമഭാവനയോടെ ഉണരേണ്ടതുണ്ട്. അമിത പ്രാതിനിധ്യ അട്ടിമറിയിലൂടെ റദ്ദാക്കപ്പെട്ട ഇന്ത്യൻ നിർമാണഘടനയെ വീണ്ടെടുത്തു മാത്രമേ ജനായത്ത ഇന്ത്യയെ സംരക്ഷിക്കാനാവൂ. പ്രാതിനിധ്യമില്ലാതെ ജനായത്തമില്ല, അമിത പ്രാതിനിധ്യം ജനായത്തത്തെ കെടുത്തി സമഗ്രാധിപത്യത്തെ പുനസ്ഥാപിക്കുന്നു. ജാതിഹിന്ദുത്വത്തിന്റെ പുനസ്ഥാപന കുത്തക ആധുനിക ജനായത്ത ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അന്ത്യമാകുന്നു. ആക്രാമകവും സൈനികവും സായുധവുമായ ഈ ജനായത്ത അട്ടിമറിയും കുത്തകാധികാര രഹസ്യപദ്ധതിയും ജനത ഒന്നായി ചെറുത്തേ തീരൂ. തെന്നിന്ത്യക്കു തന്നെയാണതിന്റെ നിർവാഹകത്തവും സാധ്യതയും.

കേരളഭാഷയുടെ വേരുകളെ തേടുകയാണു നാം ചെയ്യേണ്ടത്. കേരളഭാഷയുടെ ഉറവിടങ്ങളും വേരുകളും പഴന്തമിഴിലേക്കും ചങ്കസംസ്കാരത്തിലേക്കും സാഹിത്യത്തിലേക്കും നീണ്ടതാണ്. ഓരങ്ങളിലും ആഴങ്ങളിലും സമതലത്തുമുള്ള, സത്യത്തേയും നീതിയേയും മാനിക്കുന്ന, വരേണ്യ ആൺകോയ്മക്കും അതിന്റെ ദാസ്യത്തിനും വഴങ്ങാത്ത, പ്രബുദ്ധ നാഗരികരായ ജനതകളുടെ ഭാഷണങ്ങളും കൂടി മലയാളത്തിലേക്കു വരുമ്പോൾ മാത്രമേ അതു വളരൂ, മാനവികവും ജനായത്തപരവുമായി മാറൂ. കേവലം കയ്യൂക്കേറിയ മലയാളന്മാരുടെ ഭാഷയിൽ നിന്നും കേരളഭാഷയിലേക്കതു ജനായത്തപരമായി ബഹുജനോന്മുഖമായി വികസിക്കട്ടെ. മായാനത്തിലും ബ്രാഹ്മണിസത്തിലും കൂടി പ്രമാദമായ സംസ്കൃതാഭിനിവേശങ്ങളെ വിട്ട് തായ്മൊഴിയുടെ തായ് വേരുകളിലേക്കു നാം താണനിലത്തിലേക്കു നീരോട്ടം പോലെ ഭൂമിയെ തൊടട്ടെ. പാലൈ നിലത്തെ മറവ കാലിക്കവർച്ചയുടെ, തീവെട്ടിക്കൊള്ളയുടെ ഒളിഞ്ഞുനിന്നുള്ള പിന്നിലൂടെയുള്ള ഒളിയമ്പിന്റേയും കോടാലിയുടേയും ക്രൂരതകളും ചതികളും ക്ഷുദ്രദാസ്യത്തിന്റെ അലർച്ചകളും കൊലച്ചിരികളും ഇന്നും നാഗരികതയ്ക്കു നിത്യഭീഷണിയായി അലയടിക്കുകയാണ്. മാനവികതയ്ക്കും നീതിക്കും

സാഹോദര്യത്തിനും ജനായത്തത്തിനും നിരക്കാത്ത ഹിംസാദാസ്യ പാരമ്പര്യമാണത്. ജനനേതാവായിരുന്ന ദാനധർമിയായ പ്രബുദ്ധനായ ചക്രവർത്തി മാബലിയെ ചവിട്ടിത്താഴ്ത്തിയ ചതിയുടെ കുടില സംസ്കാരമാണത്. ബ്രാഹ്മണ്യത്തിന്റെ മാനസിക-ലൈംഗിക കോളനിവൽക്കരണത്തിന്റെ ക്ഷുദ്രമായ ചരിത്രമാലിന്യം. ആ വാമനാദർശം നാം വെടിയുകയും മാബലിയുടെ സമതയുടേയും കരുണയുടേയും മൈത്രിയുടേയും രാജ്യം ഫൂലേ ചമൽക്കാരം ചെയ്തപോലെ സ്നേഹത്തിന്റെ ക്രിസ്തുരാജ്യമായി നാമറിയുകയും ചെയ്യേണ്ടതുണ്ട്. ഗുരുവിന്റെ അനുകമ്പാദശകവും മഹാകാരുണികമായി മൊഴിയടയാളപ്പെടുത്തുന്നത് ക്രിസ്തുവിന്റെയും പ്രവാചകന്റെയും ബുദ്ധന്റെയും രാജ്യമായി കേരളവും ഭാരതവും ലോകവും മാറട്ടെ എന്ന നൈതിക ബഹുസ്വരദർശനമാണ്. ജാതിയും അതിനെ സാധൂകരിക്കുന്ന മതവും ഉന്മൂലനം ചെയ്യപ്പെട്ടാൽ മാത്രമേ സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും പുലരൂ എന്ന് ഭരണഘടനാശില്പിയായ അംബേദ്കർ തന്നെ നമ്മെ ഓർമിപ്പിച്ചു. പാഷണ്ഡത ആധുനികനാഗരികതയ്ക്കും ജനായത്തത്തിനും നിതാന്ത ഭീഷണിയാണ്. പക്ഷേ പ്രബുദ്ധതയെ വിട്ടു പാഷണ്ഡതയെ പുൽകാനാണ് നമ്മുടെ വരേണ്യകുലീനസോദരങ്ങളുടെയും അവരുടെ സമ്മർദ്ദത്തിലമർന്ന സാധുക്കളുടെയും ശീലം. നിലവിലിരിക്കുന്ന മാധ്യമ അക്കാദമിക അധീശ സമവായവും സാംസ്കാരികബലതന്ത്രങ്ങളും മാറിയാൽ മാത്രമേ ജനായത്ത വിരുദ്ധതയെ ചെറുക്കാനാവൂ. ഭാഷാപരവും സാംസ്കാരികവുമായ വിമർശ വിശകലനങ്ങളുടെ പ്രസക്തിയിവിടെയാണ്. നമ്മുടെ മൊഴിവഴക്കങ്ങളെയും മാധ്യമ ഭാഷയേയും നാം നിരന്തരം വിമർശാത്മകമായി അപനിർമിക്കേണ്ടതുണ്ട്. ബഹുവിഷയപരവും വിഷയാന്തരവും വിഷയപരിവർത്തനപരവുമായ പുതുഗവേഷണ പദ്ധതികളും പഠനങ്ങളും വായനകളും എഴുത്തുകളും വികസിക്കേണ്ടതുണ്ട്. ബഹുവിഷയങ്ങളിലും ഭാഷകളിലുമുള്ള അവഗാഹവും പുതു വിദ്യാർഥിലോകം വികസിപ്പിക്കേണ്ടതുണ്ട്. അല്ലെങ്കിൽ സങ്കുചിത ഭാഷാമാതൃവാദവും പ്രാദേശിക സ്വത്വവാദവും സംസ്കാര ദേശീയവാദവും നമ്മേയും വിടാതെ പിടികൂടും. അധീശ വ്യവഹാരങ്ങളുടെയും ആഖ്യാനങ്ങളുടെയും വിമർശ വിശകലനത്തിലൂടെ നാം ചെറുത്തുനിൽപ്പിനെ സജീവമാക്കാനിടയാകട്ടെ.

### പഞ്ഞവാദവും രാമവാദവും

പഞ്ഞക്കർക്കിടകം എന്ന പ്രയോഗം നാം പലപ്പോഴും ആധുനിക കാലത്ത് നിരന്തരം ഒരവമതിപ്പ പോലെ കേൾക്കാറുണ്ട്. ആകാശവാണിയിലും മറ്റു മലയാള മാധ്യമങ്ങളിലുമാണിതിന്റെ അതിപ്രസരം. രാമായണ

മാസാചരണവും അങ്ങനെ തന്നെ. മലയാള കുലീനരുടെയും സവർണ്ണരുടെ യും അമിത പ്രാതിനിധ്യമുള്ള രംഗങ്ങളാണിവ. അക്കാദമിക രംഗത്തേയും സ്ഥിതി ഇതുതന്നെ. അന്നവസ്ത്രാദികളുടെ മുട്ടമാത്രമല്ല സാംസ്കാരികവും ബൗദ്ധികവുമായ സൂചനകൾ കൂടി പഞ്ഞയിലുണ്ട്. പഞ്ഞകാലം സാമ്പത്തിക പിന്നാക്കാവസ്ഥ ഉണ്ടാക്കുന്ന പട്ടിണിമാത്രമായിരുന്നില്ല. ഭോഗാത്മകമായ ജാതിഹിന്ദുത്വത്തിൽ പട്ടിണിയായി കാണുന്നത് ധാർമിക ജീവിതചര്യ പുലർത്തുന്ന സംഘ സംസ്കാരമുള്ള ജനതയ്ക്ക് കൂടുതൽ തത്വചിന്താപരവും നൈതിക ജീവിതരീതിയുമാണ്. വ്രതനിഷ്ഠയുടെയും ശീലഗുണങ്ങളുടെയും കാലവും കൂടിയായിരുന്നു പഞ്ഞകാലം. പഞ്ഞത്തം, പഞ്ഞത്തരം, പഞ്ഞവാദി തുടങ്ങിയ പ്രയോഗങ്ങളും ഇന്നു കേരളഭാഷയിൽ മോശമായി അഥവാ നെഗറ്റീവായി ഉപയോഗിക്കപ്പെടുന്നു. ശൂന്യവും ഹീനവും മ്ലേച്ഛവും പോലെ ബൗദ്ധരെ അപരവൽക്കരിക്കാനുപയോഗിച്ച വാക്കാണ് പഞ്ഞ എന്ന പന്ഹ്യ എന്ന പാലി പദത്തിന്റെ വക്രീകൃത ആക്ഷേപരൂപം. മേത്ത അഥവാ മേധ (ധിഷണ എന്നു ചമക്രിതം) എന്ന പാലി പദവും സമാനമായ വക്രീകരണവും പരിഹാസവും നേരിട്ടു. മേത്തനും മ്ലേച്ഛനുമാക്കപ്പെട്ടു. ബൗദ്ധരോടുള്ള പകയാണ് മുസ്ലീങ്ങളോടും, കാരണം ബഹുഭൂരിപക്ഷവും ഇസ്ലാം കടന്നു വന്ന എട്ടാം നൂറ്റാണ്ടിനു മുമ്പു ബൗദ്ധരായിരുന്നു.

പന്ന എന്ന പ്രയോഗത്തിലും മലയാളത്തിൽ തീയത് അഥവാ ചീത്ത എന്ന മട്ടിലും പാലിയിലെ പന്ഹ്യ സമകാലികമായി പ്രയോഗിച്ചു വരുന്നു. പാലിയിൽ അതൊരു നിർണായക ജീവിത പ്രശ്നത്തെയോ പ്രധാന താത്വിക ചോദ്യത്തെയോ കുറിക്കുന്നു. തത്വത്തിൽ അത് ജീവിത പ്രശ്നവും അർഥത്തെ കുറിച്ചുള്ള നിരന്തര നിർണായക ചോദ്യവുമാണ്. ഉപവാസവും ധ്യാനവും പകരുന്ന പ്രധാനപ്പെട്ട മികവായ പന്യ അഥവാ പന്ഹ്യ എന്ന പാലി വാക്കിനെയും കൂടി ഭാഷാപരമായി കൂടുതലാഴത്തിൽ സൂചിപ്പിക്കുന്നു പഞ്ഞ എന്ന വാക്ക്. ചമക്രിതത്തിലെ പ്രജ്ഞ അഥവാ വിമർശബോധത്തിനു തുല്യമാണ് പാലിയിലെ പന്ഹ്യ. ജീവിത സാരമായ പ്രശ്നത്തിൽ നിന്നും തീർത്തും മോശം, അഥവാ മ്ലേച്ഛം എന്നതിലേക്കു വന്നിരിക്കുന്നു ആധുനിക മലയാളത്തിൽ പഞ്ഞത്തിന്റെ അർഥം, സാമ്പത്തിക നിർണയനവാദത്തിന്റെ വരേണ്യവംശാവലിയിൽ അതു പട്ടിണിയിലേക്കും ചുരുക്കപ്പെട്ടിരിക്കുന്നു. എട്ടുലക്ഷവും അഞ്ചേക്കർ ഭൂമിയും പരിധിയാക്കുന്ന ജാതിഹിന്ദു പട്ടിണിവാദം ഇന്നിന്ത്യയെ വിഴുങ്ങിക്കഴിഞ്ഞു. സാമ്പത്തിക സംവരണം ദേവസ്വം ബോഡിൽ പാസാക്കിയതോടെയാണല്ലോ ഇന്ത്യൻ ഭരണഘടന

റദ്ദാക്കപ്പെട്ടത്. തുടർന്ന് ഫെഡറലിസവും പൗരത്വവും ഭീഷണിയിലായി ഓരോരോന്നോരോന്നായി. ഭിക്കുവിൽ നിന്നും പിച്ചക്കാരനിലേക്കുള്ള അപചയം പോലെയാണ് പഞ്ഞയുടെ പതനവും. ചുരുക്കത്തിൽ ജാതിഹിന്ദു സനാതന വ്യവസ്ഥയിൽ പ്രജ്ഞയുള്ളവൻ പന്നനും മേധയുള്ളവൻ മേത്തനും മ്ലേച്ഛനുമാകുന്നു. അവനെ മൂർഛിപ്പിച്ചേ തീരൂ. കാരണം സത്യത്തിനും നീതിക്കും വേണ്ടിയുള്ള ചോദ്യങ്ങളൊന്നും പാടില്ലതന്നെ.

പഞ്ഞ അഥവാ പന്യയുടെ (പ്രജ്ഞയുടെ) വികാസം മഴക്കാലത്തെ ധ്യാനമനനങ്ങളിലായിരുന്നു ബൗദ്ധരായിരുന്ന നമ്മുടെ പൂർവീകർ നിർവഹിച്ചത്. കാരണം ലോകസഞ്ചാരത്തിനും ധമ്മബോധനത്തിനും വമ്പിച്ച കാർഷിക പണികൾക്കും കോരിച്ചൊരിഞ്ഞ മഴ തടസ്സമാണ്. വർഷകാലത്തായിരുന്നു പ്രബുദ്ധമായ വാർഷികധ്യാനവും ഉപവാസ പരിശീലനവും ഏതാണ്ടു ബുദ്ധന്റെ കാലമായ ബി.സി. ആറാം നൂറ്റാണ്ടുമുതൽ സി.ഇ. പതിനഞ്ചാം നൂറ്റാണ്ടു വരെ ഏറിയും കുറഞ്ഞും നീണ്ട ബൗദ്ധകാലത്ത് കേരളമടക്കമുള്ള തെക്കൻ ഇന്ത്യയിൽ നടന്നത്. പ്രബുദ്ധമായ വർഷാവാസത്തെ ആണ് മധ്യകാലത്തോടെ അമരകോശത്തിൽ ബോധിവൃക്ഷത്തെ വെട്ടി ആത്മാരമണനും രാക്ഷസാന്തകനുമായ രാമനെ സ്ഥാപിച്ചു കൊണ്ട് രാമായണ മാവാരത പാരായണ മാസമാക്കി മാറ്റിയത്. മാവാരത പട്ടത്താനങ്ങളിലൂടെയാണ് ബ്രാഹ്മണ്യത്തിന്റെ നല്ലപിള്ള ചമഞ്ഞുകൊണ്ട് മാവാരത പട്ടന്മാർ എന്ന പഴയ ദൈവശാസ്ത്രികളായ പ്രഫസർമാർ കേരളത്തിലെ പ്രബുദ്ധമായ വിഹാരങ്ങളായ ബൗദ്ധപള്ളികളെയും അശോകകാലത്തു ഭിക്കുനികൾ തുടങ്ങിയ ഓഷധിത്തോപ്പുകളായ കാവുകളെയും കാമവും ഭോഗവും ഹിംസയും സ്ഥാപിക്കപ്പെട്ട ഹിന്ദുക്ഷേത്രങ്ങളാക്കിയതെന്ന് കേരള സർവകലാശാല പ്രസിദ്ധീകരിച്ച ചരിത്രലേഖനങ്ങളിൽ ഇളംകുളം വിശദീകരിച്ചിട്ടുണ്ട്. മഹാമായയുടെ പേരിലായിരുന്ന കാവുകളെ കാളിയുടേതാക്കി കുരുതി നാട്ടുനടപ്പാക്കി. ഹൈന്ദവീകരണം നടന്നതും മഴക്കാലത്തു തന്നെയെന്നാണ് ഇതു വ്യക്തമാക്കുന്നത്. ഇന്നത്തെ രീതിയിലുള്ള പരിവാര പാദജ ശൈലിയിലുള്ള രാമായണ മാസാചരണ പരിപാടിക്ക് കഷ്ടിച്ച് മൂപ്പതു വർഷത്തെ പ്രായമേ ഉള്ളൂ എന്ന് ദേശീയവാദകക്ഷിയുടെ നേതാവു തന്നെ കേരളത്തിൽ അടുത്തിടെ വ്യക്തമാക്കിയിട്ടുണ്ട്. ഇന്ന് ആകാശവാണിയും ദൂരദർശനും സ്വകാര്യ മാധ്യമങ്ങളും വരെ രാമായണ മാവാരത കാര്യപരിപാടികൾ നടത്താൻ അഹമഹമിഹയാ മൽസരിക്കയാണ്. ആദിവാസി രാമായണങ്ങൾ മുതൽ അടുത്തിടെ മുസ്ലീങ്ങളെ അനുകരിച്ച് ഗൂഢമായി നിർമിക്കപ്പെട്ട മാപ്പിളരാമായാണം വരെയുള്ള

കാര്യപരിപാടികൾ തകൃതിയായി ആടി അക്കാദമികൾ വരെ ബഹുജനങ്ങ ളുടെ നികുതിപ്പണം ഉപയോഗിച്ച് മാവാരതപട്ടത്താന പരിപാടികൾ നടത്തു കയാണ്. വിമർശമെന്ന ലേബലിൽ യഥാർഥത്തിൽ ഹിന്ദുത്വത്തിന്റെ ഹിംസാ ത്മകമായ പ്രതിനിധാന ഹിംസകളായ കാവ്യേതിഹാസ പുരാണങ്ങൾക്ക് പരോക്ഷമായ പാഠബലം പകരലാണ് ഫലത്തിൽ രാമായണ-മാവാരത വായ്ത്താരി. ചെകിടിച്ച മാവാരത ഗീർവാണം പരിസര മലിനീകരണം മാത്രമല്ല കൊലപാതക സംസ്കാരമായ ജാതിഹിന്ദുത്വത്തിന്റെ കുറുങ്കുഴലൂത്തുമായി അക്കാദമിക ദമിത ലോകത്തും സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു. ആഴ്ച്ചപ്പതിപ്പു സംസ്കാരവും ഈ ബ്രാഹ്മണികമായ ക്ഷുദ്രവേലയിലാണ്. 1904 മുതൽ ആന്ധ്ര ത്തു നിന്നും തന്ത്രിമാരെ വരുത്തി, കഴിഞ്ഞ നൂറുവർഷത്തെ ബ്രാഹ്മണിക ക്ഷുദ്ര കർമപരിപാടികളിലൂടെയാണല്ലോ ചവരിമാനുകൾ മേഞ്ഞ സംഘസാഹിത്യ പ്രശസ്തമായ ചവരിമലയെ അഥവാ സവരിമലയെ ശബരിമലയാക്കി രാമവൽ ക്കരിച്ചത്. രാമനും സീതയും വന്നുകുളിച്ചുപോയ കുളങ്ങളും തൊടികളുമായി കേരള മണ്ണിനെ മാധ്യമ അക്കാദമിക വേലയിലൂടെ ക്രമേണ മാറ്റിയെടുക്കുക യാണ് ക്ഷുദ്ര സാവർണ്യം. പഞ്ചപാണ്ഡവരുടെ പട്ടുക്കകളാക്കി കേരളത്തിന്റെ ഓരോ മുക്കും മൂലയും മാറ്റുന്നതിൽ സാഹിത്യ കോവിദന്മാരായ മലയാള കുലീനകുമാരന്മാരും പണ്ഡിതമന്യന്മാരും വിദുഷികളും മൽസരിക്കയാണ്. ഇളംകുളത്തിന്റെ ശിഷ്യരായി വന്നു കളംപിടിച്ച് ഗുരുവിനെ ഗളഛേദം ചെയ്ത ആസ്ഥാന ചരിത്ര, സാഹിത്യ അധിനായകരും വളഞ്ഞവാലിൽ കുത്തിമറി ഞ്ഞുള്ള, ഇളിച്ചും ചിരിച്ചുമുള്ള ആർപ്പും കുരയും കുരവയുമാണ്. ഈ ആക്രാന്ദവും ആക്രോശവും കണ്ട് ഗാന്ധിജിയേ പോലെ ഹേ റാം എന്നു വിളിച്ചു പോകു ന്നവരുമുണ്ട്. ആഫ്രിക്കയിലദ്ദേഹത്തിന്റെ പ്രതിമകൾ പ്രതിസന്ധിയിലുമാണ്. സി. അയ്യപ്പന്റെ സ്മാരകം എന്ന കഥയും നാം ഓർത്തു പോകാം. രാമാദികളുടെ കാലത്തെ ശംബൂകന്റെ ഗതിയേക്കുറിച്ചാവും കേരളത്തെ ജാതിയിരുട്ടിൽ നിന്നും കരയേറ്റിയ ഗുരു പറയുക.

ഇത്തരം കൊട്ടുമ്പിരിക്കൊണ്ട രാമവൽക്കരണ വൈഷ്ണവവൽക്കരണ കർമപരിപാടികളുടെ തികച്ചും സനാതന വൈദിക വർണാശ്രമധർമ സംസ്കാര ദേശീയവാദകാലത്താണ് വർഷാവാസത്തിന്റെ പ്രബുദ്ധമായ വേരുകളെ നാം തിരഞ്ഞു തേടുന്നത്. അതു ബുദ്ധകാലത്തു തുടങ്ങിയ തേരവാദ ഭിക്കു, ഭിക്കുനിമാരുടെ വിദ്യാഭ്യാസ പരിപാടിയായ വസ്സയിലേക്കു ചെന്നെത്തു ന്നു. വസ്സ, അഥവാ ബസ്സ അഥവാ ബർസ ആധുനിക ഹിന്ദി ഭാഷയുടെ ലോക ബോധത്തിലും മൺസൂണിനെ കുറിക്കാൻ ഉപയോഗിക്കുന്നു. മൗസം എന്ന

അറേബ്യൻ പേർഷ്യൻ പദത്തിൽ നിന്നാണ് യൂറോപ്യർ പോലും മൺസൂൺ എന്ന പദം നിജമാക്കിയത്. മൺസൂണിന്റെ നിർമിതിയാണ് തെക്കനേഷ്യ മുഴുവൻ. വർഷവും പ്രബുദ്ധതയും ഭൗമശാസ്ത്രപരമായും കാലാവസ്ഥാപരമായും കൂടി ബന്ധപ്പെട്ടിരിക്കുന്നു. സിന്ധുമഹാസാഗര സംസ്കാര വാണിജ്യപാതകളും ജലത്താൽ ബന്ധപ്പെട്ടിരിക്കുന്നു. ചലിക്കുന്ന കാറ്റും വെള്ളവും അനുനിമിഷം വളർന്നു മറയുന്ന സസ്യങ്ങളുമുള്ളിടത്താണ് പുത്തരുടെ സാന്നിധ്യം എന്നു പ്രബുദ്ധമായ പഴമൊഴി. അനിത്യവാദത്തിന്റെ ചിന്തയും ചാക്രികമായ ചലന ത്തിലാധാരമാണ്. അടുത്തിടെ 2020 ആദ്യത്തിൽ ഇടുക്കിയിലെ ചെല്ലാർ കോവിലിൽ നിന്നും കിട്ടിയ ചിത്രക്കോറലുകളുള്ള കാർണീലിയൻ ബീഡുകൾ സൂചിപ്പിക്കുന്നത് സൈന്ധവകാലം മുതലുള്ള കേരളത്തിന്റെ ലോകബന്ധങ്ങ ളാണ്. ഇടുക്കി ജലാശയത്തിനടിയിൽ മുങ്ങിപ്പോകുന്ന അയ്യപ്പൻകോവിലിൽ അശോകൻ ഗജോത്തമ, സിംഹശില്പങ്ങൾ എല്ലാ പ്രാചീന അമ്പലങ്ങളുടെ വട്ടങ്ങളിലേയും പോലെ ഇന്നും ദൃശ്യമാണ്. അശോകകാലത്ത് കേരള ആഗോളത തികച്ചും രാജ്യാന്തരമായി. മധ്യകാലത്തോടെ ബ്രാഹ്മണിക ജാതിഹിന്ദുത്വം ജലയാനങ്ങളെ വിലക്കി അതിനെ കിണറ്റിലെ തവളപോലെ ഇരുട്ടിലേക്കു നയിച്ചു. സവർണതയുടെ തിണ്ണമിടുക്കും ലാവണപ്രേമവും പിതൃ ത്വാധിപത്യ ഉദ്ധാരകഭാവവും അവിടെ തുടങ്ങുന്നു. ഈ ക്ഷുദ്രമായ ജാതിഹിന്ദു നടുനായകത്തം ഇന്നു വംശഹത്യാപരമായ രണ്ടാം വരവിലാണ്.

തേരവാദ സംഘങ്ങൾക്കു മൂന്നു ദിവസത്തിലധികം ഒരിടത്തു പാർക്കാനും തിപിടക പഠനപാരായണങ്ങൾക്കും മാനസിക ശുദ്ധീകരണമായ ഉൾനോട്ട മായ വിപസ്സന ധ്യാനത്തിനുമുള്ള അവസരമാണ് മൂന്നു മാസത്തെ പേമാരിയായ മൺസൂൺ നല്കിപ്പോന്നത്. ഇന്നും നമുക്കു വായിക്കാനും എഴുതാനും വിചിന്ത നത്തിനും ഏറെ സുഖപ്രമായ കാലാവസ്ഥ വർഷം തന്നെ. ഒരു വർഷം കഴി ഞ്ഞല്ലോ ഇനി ദലിതരുടെ ദേവാലയ പ്രവേശമാകാമല്ലോ എന്ന ഗുരുവാക്യവും നാമോർത്തു പോകും. ഒരു മഴയെയും അനീതിയെയും അസമത്വത്തെയും അറിഞ്ഞുള്ള സ്വന്തം കരച്ചിലിനേയുമാണദ്ദേഹം വർഷപ്രയോഗത്തിലൂടെ ചരിത്രമൂർത്തമായ അനശ്വര കവിതയാക്കിയത്. കൊല്ലുന്നവനില്ല ശരണ്യത യെന്നും, മൃഗത്തിനു തുല്യനവൻ എന്നും അദ്ദേഹം ഈ അസമത്തം നിർമിച്ച അധീശ രൂപത്തെ കുറിച്ച് ധീരമായി കവിതയിൽ പറഞ്ഞു. ഗുണകർമങ്ങൾ സ്ഥായിയല്ല എന്നും അതുകൊണ്ടു വർണം എന്നൊന്നില്ല എന്നും സിദ്ധാ ന്തിച്ചു. മനുഷ്യരുടെ ജാതി മനുഷ്യത്തമാണെന്നും തെളിച്ചുപറഞ്ഞു. കൂടുതൽ വ്യക്തമായി 1914-ൽ രാമാദികളുടെ കാലത്തെങ്കിൽ ശംബൂകന്റെ ഗതിയാവും

നമുക്കുണ്ടാവുക, കാരണം സ്മൃതികൾ നോക്കി ഭരിക്കുന്നവരല്ലേ ഹിന്ദുക്കൾ എന്നും ഗുരു അസന്ദിഗ്ധമായി പ്രസ്താവിച്ചു.

ചവരിമലയെ ശബരിമലയാക്കിയും കരവൈയൂരിനെ ഗുരുവായൂരാക്കിയും പള്ളിപ്പേരുകളെ പിള്ളിവൽക്കരിച്ചും അനുദിനം കേരളത്തിന്റെ രാമവൽക്കരണവും ഹൈന്ദവീകരണവും തുടരുകയാണ്. അശോക കാലം മുതൽ പ്രബുദ്ധമായ കേരളത്തിലെ നൈതികമായ തേരവാദ യുക്തിചിന്താപാരമ്പര്യത്തെ ദൈവകേന്ദ്രിതമായ രാമായണരാജ്യമാക്കാൻ കിണഞ്ഞു പരിശ്രമിക്കുന്ന ശക്തികൾ തന്നെയാണ് വർഷാവാസത്തെ രാമായണ പാരായണ പട്ടത്താനങ്ങളാക്കി കൊണ്ടാടുന്നത്. കോവിഡ് ഭീഷണിയിലൂടെ വലിയ ലോക്ഡൗൺ നേരിടുന്ന കേരളത്തിൽ രാമായണ കൊണ്ടാട്ടങ്ങളും പട്ടത്താനങ്ങളും മാധ്യമങ്ങൾ വഴി കുലങ്കഷമാക്കാനാവാം പരിവാര പദ്ധതി. അതിനു ചൂട്ടുപിടിച്ചു കൊടുക്കുന്നത് നമ്മുടെ മുഖ്യധാരാ ജാതിഹിന്ദു മാധ്യമ-അക്കാദമിക സമവായവും ഹൈന്ദവ സാമാന്യബോധവുമാണ്. ബഹുജനങ്ങളുടെ നികുതിപ്പണം കൊണ്ട് ഭരണഘടനാപരമായി നിർമിക്കുന്ന സ്ഥാപനങ്ങളിൽ കയറി സാമൂഹ്യനീതിയെയും സ്വാഭാവികനീതിയെയും കേരളചരിത്രത്തെയും ഇന്ത്യാചരിത്രത്തെ തന്നെയും അട്ടിമറിച്ച് മൈഥോളജിയിലൂടെയും ഫിക്ഷനിലൂടെയും ഒരു ജാതിഹിന്ദു സമവായവും സാംസ്കാരിക സാമാന്യബോധവും നിർമിക്കലാണ് ക്ഷുദ്രശക്തികളുടെ കാര്യപരിപാടി. സാമൂഹ്യ നീതിക്കുവേണ്ടിയും ഇന്ത്യൻ ഭരണഘടനയ്ക്കു വേണ്ടിയും നിലകൊള്ളുന്നവരെ തിണ്ണമിടുക്കും ചതിയുമുപയോഗിച്ച് വ്യക്തിഹത്യയിലൂടെയും വ്യവഹാരക്കുരുക്കിലൂടെയും വെട്ടി നീക്കിയും നാടുകടത്തിയുമാണ് ഈ ജാതിഹിന്ദു സമവായവും ഹൈന്ദവ സാമാന്യബോധവും വരേണ്യത നാട്ടുനടപ്പാക്കിയെടുക്കുന്നത്. നീതിക്കും നിയമത്തിനുമെതിരായ ഈ ഹൈന്ദവ ബ്രാഹ്മണിക പദ്ധതിയെ തിരിച്ചറിയാൻ ഇതിന്റെ കോടാലിക്കൈകളാകുന്ന പല ദലിതരും ന്യൂനപക്ഷങ്ങളും ഇതര പിന്നാക്ക വിഭാഗങ്ങളും സ്ത്രീകളും, നീതിയും സത്യവും പുലരാനാഗ്രഹിക്കുന്ന എല്ലാവരും പരിശ്രമിക്കട്ടെ. വൈകിയെങ്കിലും ബഹുജനങ്ങൾ സത്യമറിയട്ടേ. സഹോദരങ്ങളെ തമ്മിലടിപ്പിച്ചു ചോരകുടിക്കുന്ന വിഭജന ഭരണ പ്രത്യയശാസ്ത്രമാണ് ഹിന്ദുത്വത്തിന്റെ ആധാരമായ ചാതുർവർണ്ണ അധീശത്തത്തിന്റെ നയതന്ത്രവും ക്രിയാതന്ത്രവും. ഓരോരുത്തർക്കെതിരായ പ്രത്യേക അപരവൽക്കരണ വ്യവഹാരങ്ങളുണർത്തി ക്രമേണ ഓരോരുത്തരെയാക്കി വേർതിരിച്ച് അവർ മനുഷ്യത്തത്തിനും പൗരത്തത്തിനും പുറത്താക്കി നിഗ്രഹിക്കുന്നു. രാക്ഷസവൽക്കരണവും മൃഗവൽക്കരണവും പെരുക്കുന്ന പാഠങ്ങളാണ് രാമായണ, മാവാരത

പട്ടത്താനങ്ങൾ. അപരവൽക്കരണത്തിന്റേയും അപമാനവീകരണത്തിന്റേയും അധീശ സ്മൃതിശ്രുതിപുരാണകാവ്യേതിഹാസങ്ങള അംബേദ്കറും ഫൂലേയും ഗുരുവും സഹോദരനും പുതുകാലത്തെ നീതിബോധമുള്ള വിമർശ ചിന്തകരു മെല്ലാം തിരിച്ചറിഞ്ഞു മുന്നറിയിപ്പ് തന്നപോലെ മാനവരാശിക്കു ഭീഷണിയായി മനസ്സിലാക്കി, പരിപൂർണമായും തിരസ്കരിച്ച് മാനവികവും നൈതികവുമായ സംഘസാഹിത്യവും സംസ്കാരവും നമുക്കു വായിക്കാം, പുത്തനായി പഠിക്കാം ചർച്ചചെയ്യാം, കാര്യങ്ങളെ മാറ്റാം. ഗുരുവിന്റെ തിരുക്കുറൽ മൊഴിമാറ്റത്തി ലൂടെ നമുക്കു പാഠങ്ങൾ തുടങ്ങാം. പാഠ്യപദ്ധതികൾ പരിഷ്കരിക്കപ്പെടട്ടെ, മാധ്യമ, അക്കാദമിക സംസ്കാരങ്ങൾ കാലത്തിനും സത്യത്തിനും നീതിക്കും ചേരുന്ന രീതിയിൽ മാറട്ടെ. മാറ്റമതുകളീ നീങ്കളേത്താൻ. പഴകിയ ചട്ടങ്ങളിലും കുറുകിയഴുകിയ നൂലിലും കാലത്തെയളക്കാനോ പിടിച്ചുനിർത്താനോ ആവില്ല. സത്യം പറയുന്നവരെ മൂകരാക്കിയും സാമൂഹ്യ നീതിക്കായി എഴുതുന്നവരെ നാടുകടത്തിയും ചരിത്രപരമായ കള്ളങ്ങളാവർത്തിച്ച് ഒരു പുതുസമൂഹത്തെ യും രാഷ്ട്രത്തെയും ലോകത്തെയും ആർക്കും നിർമിക്കാനാവില്ല. നമ്മുടെ യഥാർഥ ചരിത്രം പുതുവിദ്യാർഥികൾ പഠിക്കട്ടേ, അറിയട്ടേ. പ്രബുദ്ധതയുടെ സമതയും കരുണയും നിറഞ്ഞ അരുളുള്ള ജീവിതവഴി നമ്മുടെ സാംസ്കാരിക അടിത്തറയായി തിരിച്ചറിയപ്പെടട്ടെ. മഴക്കാലത്തെ സമരത്തിന്റെയും അതിജീ വനത്തിന്റെയും വിമർശ പഠനത്തിന്റെയും വിശകലനത്തിന്റെയും നീതിബോധ ത്തിന്റെയും അതിജീവനമാക്കി നമുക്കു മാറ്റാം. അമിതാധികാര കുത്തകയെയും അമിതപ്രാതിനിധ്യത്തിന്റെ സമഗ്രാധികാരരതിയെയും നമുക്കു ജനായത്ത പ്രാതിനിധ്യ നിയമനീതി വ്യവസ്ഥയെ പുനസ്ഥാപിച്ച് വീണ്ടെടുക്കേണ്ടതുണ്ട്. ചരിത്രപരമായ തെറ്റുകൾ തിരുത്തുകയാണ് മുന്നോട്ടുള്ള വഴി. നിരന്തരം ആവർ ത്തിക്കുന്ന വെള്ളപ്പൊക്കങ്ങളിൽ നിന്നും വരൾച്ചയിൽ നിന്നും മഹാമാരിയിൽ നിന്നും നാം പാഠങ്ങൾ പഠിക്കേണ്ടതുണ്ട്. നിതാന്ത മഹാമാരിയും മാറാവ്യാ ധിയുമായ ജാതിയേയും അതിന്റെ കൊല്ലുന്ന മതാധാരത്തെയും വിദ്യാഭ്യാസ മാധ്യമരംഗത്ത് കൂട്ടതലായി വിമർശ വിശകലനം ചെയ്യേണ്ടതുണ്ട്. മാറ്റമാണ് ലോകത്തിന്റെ കാതൽ. സത്യത്തെയും നീതിയേയും യാഥാർഥ്യത്തെയും ചരിത്രത്തെയും സംബോധന ചെയ്തുമാത്രമേ ഇനി സമൂഹത്തിനു മുന്നോട്ടു പോകാനാവൂ. പശുവും പ്രദേശവും ഭാഷയും മാതാവാകുന്ന മൗലികവാദങ്ങ ളും സങ്കുചിത സാമ്പത്തികമാത്ര വരേണ്യ സ്വത്വവാദവും കേവലശുദ്ധമായ ലാവണ്യ സനാതനവാദങ്ങളും സംസ്കാരദേശീയവാദത്തിലേക്കും സമഗ്രാധിപ ത്യത്തിലേക്കും മാത്രമേ സമൂഹത്തെ കുപ്പകുത്തിക്കൂ എന്നു വ്യക്തമായി വരുന്നു.

## ആധാരസൂചി

1. Agamben, Georgio. *The Coming Community*. University of Minnesota Press, 1993.

2. Agamben, Georgio. *Homo sacer: Sovereign power and bare life*. Trans. Daniel Heller-Roazen. Redwood City, Calif.: Stanford University Press,1998.

3. Aiyyappan, A. *The Story of Buddhism: With Special Reference to South India*. Madras: Madras Government Museum, 1960.

4. Aiyyappan, A. *The Personality of Kerala*, Tvm: University of Kerala, 1982.

5. Aiyyappan, A.. *Ayudha Pazhamayum Narolpatiyum*. Calicut: Matrubhumi, 2018.

6. Ambedkar, B R. *Buddha and his Dhamma*. Bombay: S C P, 1957.

7. Ambedkar, B. R. 1986. *Complete works*. Bombay: Government of Maharashtra.

8. Ambedkar, B. R. 2002. *The essential writings of B. R. Ambedkar*. Ed. Valerian Rodriguez. Oxford UP.

9. Foucault, Michel. *The Order of Things: An Archaeology of the Human Sciences.* London: Tavistock, 1970.

10. Nancy, Jean Luc. *Inoperative Community*. Minneapolis: U of Minnesota P, 1991.

11. Nambudiri, N M. *Vellayute Charitram*. NBS, 2017.

12. Omvedt, Gail. *Buddhism in India: Challenging Brahmanism and Caste.* Sage, 2005.

13. Sekher, Ajay. *Dr B R Ambedkar*. SPCS, 2015.

14. Sekher, Ajay. *Nanuguruvinte Atmasahodaryavum Matetara Bahuswara Darsanavum: Anukampayute Neetisastram.* Mytri, 2016.

15. Sekher, Ajay. *Putan Keralam: Kerala Samskaratinte Bauddha Adithara*. Kerala Bhasha Institute, 2018.

16. Sekher, Ajay. *Sahodaran Ayyappan: Towards a Democratic Future; Life and Select Works*. Other, 2012.

17. Sekher, Ajay. *Representing the Margin: Caste and Gender in Indian Fiction*. Kalpaz/ Gyan, 2008.

*ajaysekher@gmail.com*

*www.ajaysekher.net*

# മലയാളപ്പച്ച

malayala pachcha

**മലയാളം - ഇംഗ്ലീഷ്**
**അർദ്ധവാർഷിക റിസേർച്ച് ജേണൽ**

മലയാളവിഭാഗം
കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്
പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

ISBN 978-0-02-454292-2

VOLUME 01
NUMBER 13
AUGUST, 2021

Printed, published and edited by Head of the Post Graduate Department of Malayalam,
KKTM Govt. College, Pullut, Kodungallur, Kerala. Ph. 9497760864